Government Arts & Science College

# RESEARCH JOURNAL

Vol.10 • Issue 1 • January 2020

# സംസ്കാര പാഠങ്ങൾ

## Texts on Culture

Editor

**Dr. Stalin Das Padinhare Purakkal**

**Government Arts & Science College**
**Kozhikode – 18**

**Govt. Arts & Science College**
**RESEARCH JOURNAL**
(Bi- annual)
Vol 10 Issue 1 January 2020
ISSN: 2277-4246
Peer Reviewed

**Advisory Board**
Dr. K. N. Panikkar
Dr. T. P. Kunhikannan
Dr. C. R. Rajagopalan
Dr. P.S. Radhakrishnan
Dr. M. R. Raghava Varier
Dr. T. B. Venugopala Panikkar
Dr. George Onakkoor

**Editorial Board**
Dr. Moncy Mathew
Dr. Haneesh P.
Dr. Narayanan
A. P. Saleeja
Lukumanul Hakeem

**Managing Editor**
Dr. Edakkotte Shaji

**Editor**
Dr. Stalin Das Padinhare Purakkal

This Publication is funded by a generous grant from The Parent and Teachers Association -2019-2020, GASC, Kozhikode
Reg. No. DI.49489/2007

---

©All rights reserved. No parts of this publication may be reproduced, stored in a retrieval system or transmitted in any form or by any means, electronics, mechanical, photocopying, recording or otherwise, without prior permission of the authors. The authors are responsible for the views expressed in their articles.

---

Book layout & Cover Design: Bina, Calicut University
Published by Dr. Edakkotte Shaji, Principal, Govt. Arts & Science College, Kozhikode.

# Contents

ഗൾഫ് ഡയസ്പോറയിൽ മലയാളം: വിജയഗാഥയെ കുറിച്ചുള്ള ഓർമ്മക്കുറിപ്പുകൾ 13
*V. Muzafer Ahamed*

Situating the Catgory of Urban 34
*Sanil. M. Neelakandan*

Mathematics Education in Pre-Colonial Kerala: Historical Roots 60
*Sreejith. E*

നോവൽ സിനിമ രാഷ്ട്രീയം : ഇരുപതാം നൂറ്റാണ്ടിലെ പ്രവണതകൾ 79
*S. Gopu*

Actor's Age and the production of Multiple Masculinities in the context of Malayalam Cinema 118
*Shibu. B.*

കവിരാമായണ സമരം: നവോത്ഥാന മൂല്യങ്ങളുടെ സാഹിത്യ പ്രയോഗങ്ങൾ 142
*Sunil V. V.*

Silencing the Voices of Dissent: Religious Censorship and the Narrow Line between Blasphemy and Artistic Freedom 159
*Smrithi M. Venugopal & Sheron K. P. R.*

ആറ്റൂർ കവിതകൾ: ബൃഹദ് വീക്ഷണത്തിൽ തെളിയുന്ന സാംസ്കാരിക രാഷ്ട്രീയം 171
*Rafiq Ibrahim*

Gendered Sexuality: Trajectory of Western Feminism 188
*Ragi. K. R.*

ദലിത് ഭാവനയുടെ വിമർശനാത്മക എത്നോഗ്രഫി 213
*Tholil Suresh*

മലബാറിലെ ഫോക് പാരമ്പര്യവും ദർശനവും:
ദലിത് സാമൂഹിക വീക്ഷണത്തിൽ 220
*Ravi K. P.*

മാറുമറയ്ക്കൽ സമരത്തിലെ സ്വത്വ
രാഷ്ട്രീയപാഠങ്ങൾ 227
*Beena K.*

പാട്ടബാക്കി : പാഠവും സംവേദന തലങ്ങളും 234
*Sobhitha Joy*

കുടുംബ നിർമ്മിതിയും നവോത്ഥാനകാല കഥകളും 245
*Nimmi. A. P.*

ഭാഷയുടെ പരിമിതികളും സാധ്യതകളും : മേതിൽ
ഭാഷയെ മുൻനിർത്തി ചില പര്യാലോചനകൾ 253
*Abdu Samad K. T.*

സദാചാരത്തിന്റെ പെൺനോട്ടങ്ങൾ 262
*Deepa C. K.*

നീലക്കുയിലിലെ ജാതിയും ജീവിതവും : കേരളീയ
നവോത്ഥാനത്തിന്റെ ശീർഷാസനങ്ങൾ 268
*Stalin Das*

**Reviews**

കേരളം/മലയാളം : ജൂതർ ഉയർത്തുന്ന ചോദ്യങ്ങൾ 282
*Sajeev. P. V.*

'ഛപ്പർ' നോവലിലെ ദളിത് ബോധം 286
*Ida Manuel*

# മുഖക്കുറിപ്പ്

കോഴിക്കോട് ഗവ. ആർട്സ് & സയൻസ് കോളേജ് പ്രസിദ്ധീകരിച്ചു വരുന്ന റിസർച്ച് ജേർണലിന്റെ പത്താമത് വോള്യമാണ് സംസ്കാര പാഠങ്ങൾ. സംസ്കാരപഠനത്തിന്റെ വിശാലമായ പശ്ചാത്തലത്തിൽ വിവിധങ്ങളായ മാനവിക വിഷയസന്ദർഭങ്ങളെ അന്തർവൈജ്ഞാനിക സ്വഭാവത്തോടെ സമീപിക്കുന്ന ഗവേഷണ പഠനങ്ങളുടെ ഈ സമാഹാരം സംസ്കാര പഠനത്തിന്റെ പുതുതുറസ്സുകളെ വെളിപ്പെടുത്തുന്നുണ്ട്. സമകാലിക അക്കാദമിക ലോകത്തിന്റെ ധൈഷണികമുദ്രകൾ പതിഞ്ഞ സംസ്കാര പാഠങ്ങൾ വായനകൾക്കായി സമർപ്പിക്കുന്നു.

ഡോ. എടക്കോട്ട് ഷാജി
പ്രിൻസിപ്പാൾ

ഗവ. ആർട്സ് & സയൻസ്
കോളേജ്, കോഴിക്കോട്
05-03-2021

# ആമുഖം

സംസ്കാര പഠനത്തിന്റെ അതിബൃഹത്തായ ജ്ഞാന പരിസരത്തുനിന്നുകൊണ്ട് ഭാഷ, സാഹിത്യം, ചരിത്രം, കല, സാമൂഹിക ശാസ്ത്രം, ചലച്ചിത്ര പഠനം, തിയറ്റർ സ്റ്റഡീസ്, ഫോക് ലോറിസ്റ്റിക്സ് തുടങ്ങിയ വ്യത്യസ്തവും അന്തർവൈജ്ഞാനിക സ്വഭാവമുള്ളതുമായ ജ്ഞാനമണ്ഡലങ്ങളിൽ നടക്കുന്ന അന്വേഷണങ്ങളുടെ പരിച്ഛേദമാണ് കോഴിക്കോട് ഗവ. ആർട്സ് & സയൻസ് കോളേജ് പ്രസിദ്ധീകരിക്കുന്ന പുതിയ പതിപ്പിന്റെ ഉള്ളടക്കം.

നവോത്ഥാനം, ജാത്യാധികാരം, സ്ത്രീവാദം, മതം മുതലായ വിവിധങ്ങളായ പരികല്പനകളിലേക്ക് സാമ്പ്രദായിക വഴികളുപേക്ഷിച്ച് പുതുവഴികൾ വെട്ടുന്ന പഠനങ്ങളാണ് സംസ്കാര പാഠങ്ങൾ എന്ന പേരിലുള്ള ഈ പതിപ്പിന്റെ സവിശേഷത.

സാഹിത്യമായും ഭാഷയായും കലയായും സിനിമയായും നാടോടിവിജ്ഞാനീയമായും വേറിട്ട് തിരിച്ചറിയുകയും മനസ്സിലാക്കുകയും ചെയ്തിരുന്ന ജ്ഞാനമണ്ഡലങ്ങളെ സംസ്കാരപഠനത്തിന്റെ അറിവുകൾ കേന്ദ്രമാക്കി ഏകോപനം ചെയ്യുന്ന പഠനങ്ങളിലേക്ക് കേരളത്തിലെ ഗവേഷകർ നീങ്ങിത്തുടങ്ങുന്നത് തൊണ്ണൂറുകളിലാണ്. നമ്മുടെ സർവ്വകലാശാലകളിൽ സംസ്കാരപഠനം ഒരു പാഠ്യവിഷയമായി സ്വീകരിക്കപ്പെടുന്നത് അക്കാലത്താണ്. സാഹിത്യപഠനങ്ങൾക്കും നിരൂപണങ്ങൾക്കും ജ്ഞാനശാസ്ത്രപരമായുണ്ടായിരുന്ന മുൻകൈ പുതിയനൂറ്റാണ്ടിന്റെ തുടക്കത്തോടെ ചോദ്യം ചെയ്യപ്പെടുന്നുണ്ട്. അതുവരെ കേരളീയ ധൈഷണിക ലോകം പ്രവേശിച്ചിട്ടില്ലാത്ത അന്വേഷണങ്ങളിലേക്കും സംവാദങ്ങളിലേക്കും മലയാളികളായ ഗവേഷകർ പ്രവേശിച്ചു തുടങ്ങുന്നത് ഇക്കാലത്താണ്. ചരിത്രവും കലകളും ജാതിബന്ധങ്ങളും ലിംഗപദവിയും പരിസ്ഥിതിയും ദേശീയതയും രാഷ്ട്രസങ്കല്പവും സിനിമയും മാധ്യമപഠനവുമെല്ലാം സംസ്കാരപഠനത്തിന്റെ കാഴ്ച്ചപ്പാടിൽ സാഹിത്യത്തിന്റെയും ഭാഷാപഠനത്തിന്റേയും അപ്രമാദിത്വത്തെ മറികടന്ന് പഠിക്കപ്പെട്ടു തുടങ്ങി. കലകളുടെയും സാഹിത്യത്തിന്റെയും സാംസ്കാരിക രൂപങ്ങളുടെയും രാഷ്ട്രീയം പുതിയ അന്വേഷണങ്ങളുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നായി സ്ഥാനപ്പെട്ടു. സാമൂഹികവും സാംസ്കാരികവുമായ ബലങ്ങളെ

നമ്മുടെ ആവിഷ്കാരങ്ങളും ചരിത്രവും രേഖപ്പെടുത്തിയത് പുതിയ വെളിച്ചത്തിൽ വായിക്കപ്പെട്ടു തുടങ്ങി.

സംസ്കാരപഠനം സാധ്യമാക്കിയ പുതിയ വഴികളുപയോഗിച്ച് ഭാഷ, ഗണിതം, ചരിത്രം, സിനിമ, സാഹിത്യം, നാടകം, നവോത്ഥാനം, രാഷ്ട്രീയം നഗരവല്ക്കരണം, മതം, ചിത്രകല, ജാതി തുടങ്ങിയ പഠനമേഖലകളെ അടിസ്ഥാനമാക്കി എഴുതപ്പെട്ട പതിനേഴ് പ്രബന്ധങ്ങളും രണ്ട് പുസ്തക നിരൂപണങ്ങളും ഉൾപ്പെടുന്ന ഈ സമാഹാരം സമകാലിക കേരളത്തിൽ സംസ്കാരപഠന മേഖലയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അന്വേഷണങ്ങളെ ചേർത്തു വെക്കുന്നു.

ജാതിബന്ധങ്ങൾ കേരളീയ സാംസ്കാരിക വ്യവഹാരങ്ങളിൽ പ്രവർത്തിച്ചതിന്റെ അടയാളങ്ങൾ വിശകലനം ചെയ്യുന്ന നാലു പ്രബന്ധങ്ങൾ സമാഹാരത്തിലുണ്ട്.

മലയാള സാഹിത്യലോകത്ത് നിലനിന്നിരുന്ന ജാത്യാടിസ്ഥാനത്തിലുള്ള വരേണ്യവാദങ്ങൾക്കെതിരെയുള്ള ആദ്യത്തെ ചെറുത്തു നില്പ് എന്ന നിലയിൽ മൂലൂരിന്റെ കവിരാമായണത്തിന്റെ പ്രാധാന്യത്തെ സ്ഥാപിക്കുകയാണ്. നവോത്ഥാനമൂല്യങ്ങളുടെ സാഹിത്യ പ്രയോഗങ്ങൾ എന്ന പഠനത്തിൽ സുനിൽ വി. വി. നവോത്ഥാനാശയങ്ങൾക്ക് മലയാള സാഹിത്യത്തിൽ ലഭിച്ച ആദ്യ പ്രവേശമായി കവിരാമായണം മാറുന്നതെങ്ങനെയെന്ന് പ്രബന്ധം വിശകലനം ചെയ്യുന്നു.

മലബാറിലെ ഫോക് പാരമ്പര്യവും ദർശനവും: ദലിത് സാമൂഹിക വീക്ഷണത്തിൽ എന്ന പ്രബന്ധത്തിൽ രവി. കെ. പി. അടിച്ചമർത്തപ്പെട്ട ദലിത് ജനതയുടെ സർഗ്ഗാത്മക ആവിഷ്കാരങ്ങൾ ജാത്യാധികാരത്തോടുള്ള പോരാട്ടവും പ്രതിഷേധവുമായി സംഘാടനം ചെയ്യപ്പെട്ടതിന്റെ ചരിത്ര സാഹചര്യങ്ങൾ അന്വേഷിക്കുകയാണ്.

കേരളീയ നവോത്ഥാനവും കൊളോണിയൻ ആധുനികതയും ജാതിവിരുദ്ധതയിലൂന്നിയ സാമൂഹിക സംഘർഷമായി മാത്രം സ്ഥാനപ്പെടുത്തിയ മാറുമറയ്ക്കൽ സമരത്തിന്റെ സ്ത്രീപക്ഷ നിലപാടാണ് മാറുമറയ്ക്കൽ സമരത്തിലെ സ്വത്വരാഷ്ട്രീയ പാഠങ്ങൾ' എന്ന പ്രബന്ധത്തിലൂടെ ചർച്ചക്കെടുക്കുന്നത്.

കേരളീയ നവോത്ഥാനമൂല്യങ്ങൾ സാക്ഷാത്ക്കരിച്ച ചല ച്ചിത്രപാഠമായി വിലയിരുത്തപ്പെട്ട നീലക്കുയിൽ ജാതിശ്രേണീകര ണം, ആണത്താധികാരം, മാതൃകാസവർണ്ണകുടുംബം തുടങ്ങിയ നിഷേധാത്മക മൂല്യങ്ങളെ പുനരുല്പാദിപ്പിക്കുന്നതെങ്ങനെയെന്ന് നീലക്കുയിലിലെ ജാതിയും ജീവിതവും : കേരളീയ നവോത്ഥാന ത്തിന്റെ ശീർഷാസനങ്ങൾ എന്ന പഠനത്തിൽ സ്റ്റാലിൻ ദാസ് അവ ലോകനം ചെയ്യുന്നു.

ദലിത് ഭാവനയുടെ വിമർശനാത്മക എത്നോഗ്രാഫി യെന്ന ലേഖനം ഇന്ത്യൻ ദലിത് ചിത്രകലയിലെ ശ്രദ്ധേയനായ സവീന്ദർ സവർക്കറുടെ ചിത്രലോകത്തിന്റെ പ്രതിരോധ രാഷ്ട്രീയ സ്വഭാവത്തെ നിരീക്ഷിക്കുന്നതാണ്. ദലിത് കലയുടെ സൗന്ദര്യാ ത്മകവും രാഷ്ട്രീയപരവുമായ വ്യതിരിക്ത ദർശനങ്ങളെ സവീന്ദർ സവർക്കറുടെ ചിത്രങ്ങളെ മുൻനിർത്തി വിശകലനം ചെയ്യുന്ന പ്രബന്ധം രചിച്ചിരിക്കുന്നത് ചിത്രകാരൻ കൂടിയായ തോലിൽ സുരേഷാണ്.

കൊളോണിയൽ ആധുനികത പരിചയപ്പെടുത്തിയ ജീവി തമൂല്യങ്ങളും നവോത്ഥാന പ്രസ്ഥാനങ്ങൾ സൃഷ്ടിച്ചെടുത്ത രാഷ്ട്രീയ ബോധ്യങ്ങളും സാമൂഹിക ഘടനയുടെ അടിക്കല്ലായ കുടുംബ സംവിധാനത്തിന്റെ അലകും പിടിയും മാറ്റിപ്പണിഞ്ഞ തിന്റെ അടയാളങ്ങൾ നവോത്ഥാനകാല മലയാള ചെറുകഥകളിൽ നിന്ന് കണ്ടെടുക്കുകയാണ് നിമ്മി. എ. പി. യുടെ കുടുംബ നിർമ്മി തിയും നവോത്ഥാനകാല കഥകളും എന്ന പ്രബന്ധം.

മലയാള സിനിമയിലെ നായക മാതൃകകളെ മുൻനിർത്തി അഭിനേതാക്കളുടെ ശാരീരിക പ്രായം അവരവതരിപ്പിക്കുന്ന കഥാ പാത്രങ്ങളുടെ സ്വീകാര്യതയുടെ നിർണ്ണായക ഘടകങ്ങളിൽ ഒന്നാ യിത്തീരുന്നതിന്റെ യുക്തികൾ വിശകലനം ചെയ്യുകയാണ് ഷിബു ബി. Actors' Age and the Production of Multiple Masculinities in the Context of Malayalam Cinema എന്ന പഠനത്തിൽ.

പരിക്ഷീണമായിക്കഴിഞ്ഞിരുന്ന കേരളീയ ഫ്യൂഡൽ ക്രമ ത്തിൽ നിന്ന് നാഗരികവും ആധുനികവുമായ ജീവിതത്തിലേക്കുള്ള മലയാളിയുടെ ചരിത്രപരമായ സംക്രമണത്തെ പാട്ടബാക്കി നാടകം അടയാളപ്പെടുത്തുന്നതിനെ വിശദീകരിക്കുന്ന പ്രബന്ധ മാണ് ശോഭിത ജോയ് എഴുതിയ പാട്ടബാക്കി - പാഠവും സംവേദ നതലങ്ങളും.

ദേശാതിർത്തികൾക്കപ്പുറം സാംസ്കാരിക വിനിമയോപാധി എന്ന നിലയിൽ ഗൾഫ് നാടുകളിൽ മലയാളം നേടിയ മുന്നേറ്റത്തിന്റെ നാൾവഴിവേരുകളെ അന്വേഷിക്കുകയാണ് ഗൾഫ് ഡയസ് പോറയിൽ മലയാളം: വിജയഗാഥയെക്കുറിച്ചുള്ള ഓർമ്മക്കുറിപ്പുകൾ എന്ന പ്രബന്ധത്തിൽ സഞ്ചാര സാഹിത്യകാരനും പ്രവാസപഠിതാവുമായ വി. മൂസഫർ അഹമ്മദ്.

കേരളഗണിതം ജ്ഞാനശാസ്ത്രശാഖയെന്ന രീതിയിൽ നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള ഒന്നാണ്. കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് എന്ന് പിൽക്കാലത്ത് പ്രസിദ്ധമായ ഗണിത സംസ്കാരത്തിന്റെ ധൈഷണിക സംഭാവനകളുടെ ചരിത്ര ഘട്ടങ്ങൾ അന്വേഷിക്കുന്ന പഠനമാണ് ഇ. ശ്രീജിത്ത് നിർവ്വഹിച്ച Mathematics Education in Pre-Colonial Kerala : Historical Roots.

സ്ത്രീവാദം ഒരു സൈദ്ധാന്തിക സമീപനമെന്ന നിലയിൽ ലിംഗപദവീബന്ധങ്ങൾ, ലൈംഗികത തുടങ്ങിയ സങ്കല്പനങ്ങളെ സ്വാംശീകരിച്ചതിന്റെ വിവിധ ഘട്ടങ്ങൾ പടിഞ്ഞാറൻ സ്ത്രീവാദത്തിന്റെ പശ്ചാത്തലത്തിൽ അവലോകനം ചെയ്യുകയാണ് രാഗി. കെ. ആർ. Gendered Sexuality: Trajectory of Western Feminism എന്ന പ്രബന്ധത്തിൽ.

സ്മൃതി എം. വേണുഗോപാൽ, ഷെറോൺ കെ. പി. ആർ. എന്നിവർ ചേർന്നെഴുതിയ Silencing the Voices of Dissent : Religious Censorhsip and the narrow line between Blasphemy and Artistic freedom എന്ന പ്രബന്ധം അച്ചടിയെന്ന സാങ്കേതിക വിദ്യയും സർഗ്ഗാത്മക സാഹിത്യ വൃത്തിയും മതാധിഷ്ഠിത ലോകക്രമത്തിനും മൂല്യസങ്കല്പങ്ങൾക്കും വെല്ലുവിളിയായിത്തീർന്നതിന്റെ ക്രമികമായ വികാസ ഘട്ടങ്ങളെ അനാവരണം ചെയ്യുന്നു.

കലാ സാഹിത്യരംഗങ്ങളിലെ സുപ്രധാന മാതൃകകൾ എന്ന നിലയിൽ മലയാള നോവലും സിനിമയും കേരളീയ രാഷ്ട്രീയ സാഹചര്യങ്ങളെ ആവിഷ്ക്കരിച്ചതിന്റെ ചരിത്രഘട്ടങ്ങൾ കഴിഞ്ഞ നൂറ്റാണ്ടിന്റെ സാംസ്കാരിക-രാഷ്ട്രീയ സന്ദർഭങ്ങൾ മുൻനിർത്തി വിശകലനം ചെയ്യുന്ന പ്രബന്ധമാണ് എസ്. ഗോപുവിന്റെ നോവൽ സിനിമ രാഷ്ട്രീയം : ഇരുപതാം നൂറ്റാണ്ടിലെ പ്രവണതകൾ'.

ആധുനിക മലയാള കവിതയിൽ സംഭവിച്ച സാംസ്കാരികവും ഭാവുകത്വപരവുമായ വിച്ഛേദങ്ങളുടെ അടിത്തറയിൽ നിന്നുകൊണ്ട് ആറ്റൂർ കവിതകളുടെ രാഷ്ട്രീയ പരിണാമങ്ങളെ പരിശോധിക്കുകയാണ് റഫീഖ് ഇബ്രാഹീം, ആറ്റൂർ കവിതകൾ : ബൃഹദ് വീക്ഷണത്തിൽ തെളിയുന്ന സാംസ്കാരിക രാഷ്ട്രീയം എന്ന പ്രബന്ധത്തിൽ.

ലൈംഗിക സ്വാതന്ത്ര്യവും വിമതലൈംഗികതയും കേന്ദ്ര പ്രമേയമായ സംഗീത ശ്രീനിവാസന്റെ ആസിഡ് എന്ന നോവലിലെ അടിസ്ഥാനപ്പെടുത്തിയുള്ള ദീപ സി. കെ. യുടെ 'സദാചാരത്തിന്റെ പെൺനോട്ടങ്ങൾ' എന്ന പഠനം ലിംഗപദവീബന്ധങ്ങളുടെ പുരോഗമനാഖ്യാനങ്ങളിൽപ്പോലും സംഭവിക്കുന്ന നിഷേധാത്മക പ്രവണതകളെ ചർച്ചക്കെടുക്കുന്നു.

ഭാഷ സൂക്ഷ്മവും സാന്ദ്രവുമായ ഒരനുഭവമായി മാറുന്ന മേതിൽ രാധാകൃഷ്ണന്റെ ഭാഷയുടെ സൗന്ദര്യരഹസ്യങ്ങളെയും ഘടനാപരമായ അസാധാരണത്വങ്ങളെയും പഠിക്കുന്ന പ്രബന്ധമാണ് അബ്ദു സമദ് കെ. ടി. യുടെ ഭാഷയുടെ പരിമിതികളും സാധ്യതകളും : മേതിൽ ഭാഷയെ മുൻനിർത്തിയുള്ള ചില പര്യാലോചനകൾ.

സാമൂഹികപഠന മേഖലയിൽ നഗരവും നഗരവൽക്കരണവുമായി ബന്ധപ്പെട്ട് പുതിയ സൈദ്ധാന്തിക സംവാദമണ്ഡലങ്ങൾ രൂപപ്പെടുന്നതിനെ നിരീക്ഷിക്കുന്ന പ്രബന്ധമാണ് സനിൽ. എം. നീലകണ്ഠന്റെ Situating the Category of Urban. ജെൻഡർ, മാർക്സിസം, വംശീയത തുടങ്ങിയ പരികല്പനകളെ ആധാരമാക്കി നഗരസങ്കല്പനത്തെയും നഗരവൽക്കരണത്തെയും പ്രബന്ധം അപഗ്രഥിക്കുന്നു.

പുസ്തക നിരൂപണത്തിൽ രണ്ടു കൃതികളെ മുൻനിർത്തിയുള്ള നിരീക്ഷണങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സംസ്കാരപഠിതാവും ഗവേഷകനുമായ സ്കറിയ സക്കറിയ എഡിറ്റ് ചെയ്ത കാർകുഴലി കേരളത്തിലെ ജൂതർക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന പെൺപാട്ടുകളുടെ സമാഹാരമാണ്. കാർകുഴലി യുടെ പ്രസിദ്ധീകരണത്തിലൂടെ കേരളീയ ജൂതരുടെ സാംസ്കാരിക ജീവിതത്തിലേക്കു തുറക്കുന്ന പുതിയ വഴികളെ പരിചയപ്പെടുത്തുന്നു സജീവ്. പി. വി.

അറിവധികാരം ഉത്തരേന്ത്യൻ സാഹചര്യങ്ങളിലെ ദലിത് ജീവിതങ്ങൾക്കു നൽകിയ പുതുലോകാനുഭവങ്ങളെ ആവിഷ്കരിക്കുന്ന ജയപ്രകാശ് കർദമിന്റെ 'ഛപ്പർ' നോവലിലെ ദലിത് അവബോധത്തെ കേന്ദ്രീകരിച്ചാണ് ഐഡ മാനുവൽ പുസ്തക നിരൂപണം നിർവ്വഹിച്ചിരിക്കുന്നത്.

റിസർച്ച് ജേണലിന്റെ പത്താമത്തെ വോള്യമാണ് അല്പം വൈകി ഇപ്പോൾ പുറത്തിറങ്ങുന്നത്. 2019-20 വർഷത്തെ ജേണൽ ഒരു വർഷത്തോളം വൈകാനുണ്ടായ സാഹചര്യത്തിന്റെ വിശദീകരണങ്ങൾ കോവിഡ് അനുഭവങ്ങളുടെ വെളിച്ചത്തിൽ അപ്രസക്തമാണെന്നു കരുതുന്നു.

ഒരു സർക്കാർ കോളേജിന്റെ പരിമിതികൾക്കകത്തു നിന്നുകൊണ്ട് റിസർച്ച് ജേണൽപോലുള്ള ഗൗരവസ്വഭാവമുള്ള അക്കാദമിക ഉദ്യമം പൂർത്തീകരിക്കുകയെന്നത് ശ്രമകരമായ ഒന്നാണ്. പ്രതിബന്ധങ്ങൾ തരണം ചെയ്ത് ജേണൽ യാഥാർത്ഥ്യമാക്കാൻ സഹായിച്ച കോളേജ് പ്രിൻസിപ്പാൾ, പി. ടി. എ., സഹപ്രവർത്തകർ, പ്രബന്ധങ്ങൾ റിവ്യൂ ചെയ്ത അക്കാദമിക രംഗത്തെ ശ്രദ്ധേയർ, പ്രബന്ധ രചയിതാക്കൾ എന്നിവർക്കെല്ലാമുള്ള സ്നേഹവും കടപ്പാടും അറിയിക്കുന്നു, അക്കാദമിക ലോകത്തിന്റെ വിലയിരുത്തലുകൾക്കായി 'സംസ്കാര പാഠങ്ങൾ' സമർപ്പിക്കുന്നു.

കോഴിക്കോട് — എഡിറ്റർ
05. 03. 2021 — ഡോ. സ്റ്റാലിൻ ദാസ് പടിഞ്ഞാറെ പുരക്കൽ

# ഗൾഫ് ഡയസ്പോറയിൽ മലയാളം : വിജയഗാഥയെക്കുറിച്ചുള്ള ഓർമ്മക്കുറിപ്പുകൾ

**വി. മുസഫർ അഹമ്മദ്**

***Abstract***: *എഴുപതിലേറെ വർഷം ചരിത്രമുള്ള മലയാളിയുടെ ഗൾഫ് ഡയസ്പോറ അനുഭവങ്ങളെ മുൻനിർത്തി, മലയാളികളുടെ മാതൃഭാഷ ഗൾഫ് ഡയസ്പോറയിൽ അതിജീവിക്കുന്നതിന്റെയും വികാസം പ്രാപിക്കുന്നതിന്റെയും വിശകലനമാണ് പ്രബന്ധം നിർവ്വഹിക്കുന്നത്. ഔദ്യോഗിക സന്ദർഭങ്ങളിലും രാഷ്ട്രീയ സാംസ്കാരിക മേഖലകളിലും മലയാളഭാഷ ഒഴിവാക്കാനാവാത്ത സാംസ്കാരിക സാന്നിധ്യമായി മാറിയതിന്റെ അടയാളങ്ങൾ ഗൾഫ് നാടുകളിൽ ഉടനീളം കാണാം. ദേശാതിർത്തികൾക്കപ്പുറം സാംസ്കാരിക വിനിമയോപാധി എന്ന നിലയിൽ മലയാളം നേടിയ വിജയത്തിന്റെ ചരിത്രപരമായ വേരുകളിൽ ഊന്നിയുള്ള അന്വേഷണമാണ് ഇവിടെ.*

***Keywords***: *പ്രവാസം, ബഹുഭാഷകസ്വഭാവം, പ്രതിനിധാനം, ദേശസ്വത്വം*

2010 ലെ കൊടിയ വേനൽക്കാലത്ത് (ജൂലൈ 12) സൗദി അറേബ്യയിലെ മക്കയുടെ ഉൾപ്രദേശമായ അറഫയിലൂടെ സഞ്ചരിക്കുമ്പോഴാണ് ഒരു സൈൻ ബോർഡ് ശ്രദ്ധയിൽപ്പെട്ടത്. അനുഗ്രഹത്തിന്റെ പർവ്വതം എന്നറിയപ്പെടുന്ന ജബൽ റഹ്മയെ ചൂണ്ടിക്കാണിക്കുന്ന സൈൻ ബോർഡിൽ ഏഴു ഭാഷകളിൽ പർവ്വതത്തിന്റെ പേര് എഴുതിയിട്ടുണ്ട്. ഇംഗ്ലീഷ്, ഫ്രഞ്ച്, മലയാളം, ബംഗാളി, ഇന്തോനേഷ്യൻ, ഉറുദു, അറബി ഭാഷകളാണ് സൈൻ ബോർഡിലുള്ളത്. ആ ബോർഡിൽ മൂന്നാമതായി അൽറഹ്മ പർവ്വതം എന്ന് മലയാളത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രതിവർഷം ലക്ഷക്കണക്കിന് തീർഥാടകർ പ്രവഹിക്കുന്ന സ്ഥലമാണ് മക്കയും അറഫയും തൊട്ടടുത്ത മിനയും അടങ്ങിയ പ്രദേശങ്ങൾ. ലോകം മുഴുവനും സമ്മേളിക്കുന്ന സ്ഥലമായി ഹജ്ജ് തീർഥാടന വേളയിൽ മക്കയും മിനയും അറഫയും മാറും. അങ്ങിനെ ലോകം തന്നെ സംഗമിക്കുന്ന പ്രദേശത്ത് മുഹമ്മദ് പ്രവാചകൻ അദ്ദേഹത്തിന്റെ അവസാന ഉദ്ബോധന പ്രസംഗം നടത്തിയ സ്ഥലമായി മുസ്‌ലിം വിശ്വാസി

കൾ കരുതുന്ന പർവതത്തിന്റെ പേര് മലയാളത്തിലും എഴുതി വെച്ചിരിക്കുന്നു. ഗൾഫിൽ മലയാളം എങ്ങിനെ അതിജീവിക്കുന്നു എന്നതിന് ഇതിൽപരം മറ്റൊരു ഉദാഹരണം ആവശ്യമില്ല എന്നാണ് തോന്നുന്നത്. സൗദി അറേബ്യ സർക്കാർ ഔദ്യോഗികമായി സ്ഥാപിച്ചിരിക്കുന്ന ബോർഡുകളിൽ ഒന്നാണിത്. അത്തരമൊരു ബോർഡിൽ മലയാളം സ്ഥാനം പിടിച്ചിരിക്കുന്നുവെന്നത് ഗൾഫ്-മലയാളി കുടിയേറ്റത്തിനൊപ്പം മലയാളം എന്ന ഭാഷ എങ്ങിനെ നിലനിൽക്കുന്നു, അതിജീവിക്കുന്നു എന്ന് കൃത്യമായും കാണിക്കാൻ പോന്നതാണ്.

പിന്നീട് 2018ൽ ഈ പ്രദേശങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ കൂടുതൽ മലയാള ബോർഡുകൾ കാണാനായി. ജബലുറഹ്മ ആശുപത്രി, നമീറ മസ്ജിദ് എന്നിവയായിരുന്നു ആ ബോർഡുകൾ. സൗദി സർക്കാർ സ്ഥാപിച്ചതു തന്നെയാണ് ഈ ബോർഡുകളും. സൗദിയിലെ വിവിധ നഗരങ്ങളിൽ കടകളുടേയും സ്ഥാപനങ്ങളുടേയും പേരുകൾ ബോർഡുകളിൽ മലയാളത്തിലും രേഖപ്പെടുത്തിയിരിക്കുന്നത് കാണാം.

സൗദി തലസ്ഥാനമായ റിയാദിലൂടെ 2010ൽ സഞ്ചരിക്കുമ്പോൾ ഒരു ട്രാഫിക്ക് പോസ്റ്റിനോട് ചേർന്ന് ഒരു ബോർഡ് കാണുകയുണ്ടായി. അത് പൂർണ്ണമായും മലയാളത്തിലായിരുന്നു. അതിൽ ഇങ്ങിനെ എഴുതി വെച്ചിരുന്നു: ശ്രദ്ധിക്കുക!!! 500 റിയാൽ പിഴ. വാഹനമോടിക്കുന്നതിന്റെ ഇടയിൽ മൊബൈൽ ഫോണുപയോഗിച്ചാൽ ട്രാഫിക്ക് പോലീസിന്റെ ഈ മുന്നറിയിപ്പ് മലയാളത്തിൽ തന്നെ എഴുതിവെച്ചിരിക്കുന്നു.

2016ൽ യു. എ. ഇയിലെ ഷാർജയിൽ നടക്കുന്ന അന്താരാഷ്ട്ര പുസ്തകോൽസവത്തിൽ പങ്കെടുക്കാൻ പോയപ്പോഴും ഗൾഫിൽ അതിജീവിക്കുന്ന മലയാള ഭാഷയുടെ കരുത്ത് നേരിൽ കാണാനായി. ഷാർജ സർക്കാർ നടത്തുന്ന പുസ്തക മേളയിൽ ഏറ്റവും കൂടുതൽ പ്രസാധകർ പങ്കെടുക്കുന്ന ഭാഷകളിലൊന്ന് മലയാളമാണ്. എന്നു മാത്രമല്ല ഈ മേളയുടെ പ്രധാന സഹകാരി പ്രസാധകർ കോട്ടയം ഡി. സി. ബുക്ക്സുമാണ്. മേളയുടെ ഭാഗമായി നടക്കുന്ന സാംസ്ക്കാരിക പ്രഭാഷണങ്ങളിലും സംവാദങ്ങളിലും പങ്കെടുക്കാൻ പ്രതിവർഷം ഷാർജ സർക്കാരിന്റെ ക്ഷണപ്രകാരം പുസ്തക മേളയിൽ അതിഥികളായി പങ്കെടുക്കുന്ന മലയാളി എഴുത്തുകാരുടെ എണ്ണം അൻപതോളം വരും. മലയാളം എന്ന ഭാഷ ഗൾഫിൽ ഔദ്യോഗികമായി തന്നെ അതിജീവിക്കുന്നതിന്റെ മറ്റൊരു പ്രധാന

ഉദാഹരണമാണ് ഷാർജ അന്താരാഷ്ട്ര പുസ്തകോൽസവത്തിന്റെ അനുഭവം.

ഖത്തർ തലസ്ഥാനമായ ദോഹയിൽ 2019 ജൂലൈയിൽ നടന്ന എം. എഫ്. ഹുസൈന്റെ ചിത്രപ്രദർശനത്തിൽ (ഖത്തർ സർക്കാർ നിയന്ത്രണത്തിലുള്ള ഖത്തർ ഫൗണ്ടേഷനാണ് ഈ പരിപാടിയുടെ സംഘാടകർ) പ്രദർശന ബ്രോഷറിൽ മൂന്നു ഭാഷകളാണ് ഇടം പിടിച്ചിരുന്നത്. അറബിക്, ഇംഗ്ലീഷ്, മലയാളം എന്നിവയായിരുന്നു ആ ഭാഷകൾ. ആ പ്രദർശനം കാണാനായി ദോഹയിൽ പേയപ്പോഴാണ് ഞാൻ മലയാളത്തിന്റെ സാന്നിധ്യം ബ്രോഷറിൽ നേരിട്ടു കണ്ടത്. പ്രദർശനത്തിലുണ്ടായിരുന്ന ചിത്രങ്ങളുടെ അടിക്കുറിപ്പുകളിലും മലയാള ഭാഷ കാണാമായിരുന്നു. സാംസ്ക്കാരിക വിനിമയത്തിൽ മലയാള ഭാഷ ഗൾഫിൽ നേടിയ വിജയത്തിന്റെ/അതിജീവനത്തിന്റെ വലിയ ഉദാഹരണമായി തന്നെ ഈ സംഭവത്തേയും കാണാം.

ഈ ഉദാഹരണങ്ങൾ 70 വർഷത്തിലേറെ പഴക്കമുള്ള മലയാളി-ഗൾഫ് ബന്ധത്തിൽ മലയാളികളുടെ മാതൃഭാഷയായ മലയാളം എങ്ങിനെ ഈ ഡയസ്പോറയിൽ ഔദ്യോഗികമായി തന്നെ അതിജീവിക്കുന്നു എന്നു കാണിക്കാനുള്ള ഏറ്റവും സുതാര്യമായ തെളിവുകളാണ്. ഇവയെല്ലാം നേരിട്ട് അനുഭവിച്ചറിഞ്ഞിട്ടുള്ളതുമാണ്. കുടിയേറ്റ സമൂഹങ്ങൾ പൊതുവിൽ അനുഭവിക്കുന്ന വലിയ പ്രശ്നങ്ങളിലൊന്ന് തങ്ങളുടെ മാതൃഭാഷാ നഷ്ടമാണ്. എന്നാൽ ഗൾഫിലേക്കുള്ള മലയാളിയുടെ കുടിയേറ്റത്തിന്റെ ഒഴുക്ക് നോക്കുമ്പോൾ, ആ കുടിയേറ്റത്തിനൊപ്പം തങ്ങളുടെ മാതൃഭാഷ മുറുകെ പിടിക്കാനും ഗൾഫിലെ ഭരണാധികാരികൾക്ക് ആ ഭാഷയുടേയും മലയാളിയുടേയും പ്രാധാന്യം എളുപ്പം മനസ്സിലാക്കിപ്പിക്കാനും കേരള കുടിയേറ്റസമൂഹത്തിന് കഴിഞ്ഞതിന്റെ ഏറ്റവും ശോഭയാർന്ന മൂന്ന് ഉദാഹരണങ്ങളാണ് മുകളിൽ ചൂണ്ടിക്കാണിച്ചത്. ഇവയൊന്നും താൽക്കാലികമായി പ്രദർശനപരമായ ആവശ്യങ്ങൾക്കു വേണ്ടി ഉണ്ടായിട്ടുള്ളതല്ലെന്നതു തന്നെയാണ് ഡയസ്പോറയിലെ മാതൃഭാഷയുടെ വിജയത്തിന്റെ ഏറ്റവും വലിയ സാക്ഷ്യം.

ഇതോടൊപ്പം തന്നെ ചേർത്തുവെക്കേണ്ട മറ്റൊരു വലിയ ഉദാഹരണം സൗദി അറേബ്യേയിലെ ജിദ്ദയിൽ നിന്നും 1999 ഏപ്രിൽ 16ന് പ്രസിദ്ധീകരണമാരംഭിച്ച 'മലയാളം ന്യൂസ്' എന്ന ദിനപത്രമാണ്. അറബികളുടെ ഉടമസ്ഥതയിലാണ് ഈ പത്രം. മിഡിലീസ്റ്റിലെ ഏറ്റവും വലിയ പ്രസാധനാലയമായ സൗദി റിസേർച്ച് ആന്റ് പബ്ലിക്കേഷൻ കമ്പനിയുടെ ഉടമസ്ഥതയിൽ (അറബ് ന്യൂസ് എന്ന

മിഡിലീസ്റ്റിൽ ഏറ്റവും പ്രചാരമുള്ള ഇംഗ്ലീഷ് പത്രം ഇറക്കുന്നത് ഇവരാണ്. ഈ സ്ഥാപനം സൗദി രാജകുടുംബത്തിന്റെ ഉടമസ്ഥത യിലുള്ളതാണ്) ഉള്ള ഈ പത്രം ഇപ്പോഴും പ്രസിദ്ധീകരണം തുട രുന്നു. മലയാള ഭാഷ, ആ ഭാഷയിൽ പത്രം വായിക്കുന്നവരുടെ എ ണ്ണം എന്നിവ കണക്കിലെടുത്താണ് മലയാളത്തിലൊരു ദിനപത്രം പ്രസിദ്ധീകരിക്കാൻ ഈ കമ്പനി തീരുമാനിച്ചത്. മലയാള ഭാഷ ഗൾഫിൽ നേടിയ വിജയത്തിന്റെ കഥകളിൽ ഒരു പ്രധാന അധ്യാ യമാണ് ഈ പത്രം. പിന്നീട് ഗൾഫിൽ വിവിധ മലയാള പത്രങ്ങൾ തങ്ങളുടെ എഡിഷനുകൾ ആരംഭിക്കുകയുമുണ്ടായി. കേരളത്തി ലെ പോലെയുള്ള, രാവിലെ പത്ര വായനയിലൂടെ ആരംഭിക്കുന്ന പ്രഭാതങ്ങൾ ഗൾഫിലും സാധ്യമായത് മലയാളിയുടേയും മലയാള ഭാഷയുടേയും വിജയമായി തന്നെ കാണാം.

യു. എ. ഇ സർക്കാരിന്റെ വിവിധ അറിയിപ്പുകളിലും ലഘുലേഖകളിലും ടെലികമ്മ്യൂണിക്കേഷൻ റിമോട്ട് മെസേ ജിങ്ങിലും മലയാളം പ്രഥമ ഗണനീയമായ സ്ഥാനമാണ് വഹി ക്കുന്നത്. പല രംഗങ്ങളിലും മലയാളം മൂന്നാമത്തേയോ നാലാമ ത്തെയോ ഭാഷയായി പരിഗണിക്കപ്പെടുന്നു. നൂറിലധികം രാജ്യങ്ങ ളിൽ നിന്നുള്ളവർ ജോലി ചെയ്യുന്ന ഗൾഫിൽ മൂന്നു കോടി ജന ങ്ങളുള്ള കേരളം എന്ന ഇന്ത്യൻ സംസ്ഥാനത്തിന്റെ മാതൃഭാഷക്ക് എങ്ങിനെ ഇത്തരമൊരു അതിജീവിനം സാധ്യമായി?

ഈ അനുഭവങ്ങളുടേയും വസ്തുതകളുടേയും പശ്ചാത്തല ത്തിൽ ഗൾഫിലെ മലയാളഭാഷാ സാന്നിധ്യത്തിന്റെ വിവിധ അടരു കൾ പരിശോധിക്കാനും ഭാഷാ ചരിത്രത്തിലെ ഗൾഫ് മലയാളത്തി ന്റെ പ്രാധാന്യം വ്യക്തമാക്കാനുമാണ് ഈ പ്രബന്ധം ശ്രമിക്കുന്ന ത്.

**കത്തെഴുത്ത് സംരക്ഷിച്ച മലയാളം**

1960 കളുടെ അവസാനത്തോടെയാണ് കേരളീയർ തൊഴിൽ തേടിയുള്ള ഗൾഫ് യാത്രകൾ സംഘടിതമായി ആരംഭിക്കുന്നത്. (അതിനു മുമ്പേ ബഹ്റൈനിലേക്ക് മലയാളി കുടിയേറ്റങ്ങളുണ്ടാ യിട്ടുണ്ട്) ആയിരത്തി തൊള്ളായിരത്തി എഴുപതുകളിലും ആയി രത്തി തൊള്ളായിരത്തി എൺപതുകളിലും ഇത് അങ്ങേയറ്റം ശ ക്തിപ്പെട്ടു. ഗൾഫ്ബൂം എന്ന് ഈ പ്രതിഭാസം വിളിക്കപ്പെട്ടു. കേര ളത്തിൽ തൊഴിലവസരങ്ങൾ കുറഞ്ഞതും ഗൾഫിലെ ജോലി കൂടു തൽ മെച്ചപ്പെട്ട വേതനം നൽകുന്നുവെന്നതുമാണ് അക്കാലത്തെ മ ലയാളി യുവതയെ ഗൾഫിലേക്ക് ആകർഷിച്ചത്. ആദ്യ ഘട്ടത്തി

ലെ യാത്രകൾ ഏറെക്കുറെ പുരുഷൻമാർ ഒറ്റക്കായിരുന്നുവെന്ന് കാണാം. നഴ്സുമാരും അധ്യാപികമാരുമായി ആദ്യം ഗൾഫിലേക്ക് പോയ മലയാളി സ്ത്രീകളും ഒറ്റക്കാണ് അവിടെ ജീവിതം തുടങ്ങുന്നത്. അതിനാൽ തന്നെ കുടുംബങ്ങളുമായുള്ള മലയാളിയുടെ ഗൾഫിലെ ജീവിതം ആരംഭിക്കുന്നത് ആയിരത്തി തൊള്ളായിരത്തി എൺപതുകളുടെ ഒടുവിലാണ്. എന്നാൽ ഇന്നും ഗൾഫിൽ 'ബാച്ചിലർ' ജീവിതം നയിക്കുന്നവർ തന്നെയാണ് ഭൂരിഭാഗം എന്നും കാണാം.

ആദ്യകാല ഗൾഫ് കുടിയേറ്റക്കാർ എങ്ങിനെയാണ് മലയാള ഭാഷയുമായുള്ള ബന്ധം പുലർത്തിയത്? അവരിൽ വലിയൊരു വിഭാഗം സാധാരണ ജോലികൾ ചെയ്യാൻ സന്നദ്ധരായി ഗൾഫിൽ എത്തിയവരായിരുന്നു. അവരിൽ പലരും കഷ്ടിച്ച് മലയാളം എഴുതാനും വായിക്കാനും മാത്രം അറിയുന്നവരായിരുന്നു. ചിലർ മലയാളത്തിൽ നിരക്ഷരർ ആയിരുന്നു എന്നു തന്നെ പറയാം. ഇവർ കത്തുകൾ എഴുതുന്നതിലൂടെയാണ് ആദ്യകാലത്ത് മലയാളവുമായുള്ള ബന്ധം നില നിർത്തിയത്. നാട്ടിലെ കാര്യങ്ങൾ, കുടുംബത്തിന്റെ വിവരങ്ങൾ എന്നിവ അറിയാൻ കത്തുകളെ മാത്രം ആശ്രയിക്കാനേ ഇവർക്ക് നിവൃത്തിയുണ്ടായിരുന്നുള്ളൂ. കേരളത്തിൽ തന്നെ കഴിഞ്ഞിരുന്ന പ്രവാസികളുടെ കുടുംബിനികളും അർധസാക്ഷരരോ നിരക്ഷരരോ ആയിരുന്നു. ഇങ്ങിനെയുള്ളവർക്കു വേണ്ടി കത്തുകളെഴുതിക്കൊടുക്കുന്നവർ തന്നെ അക്കാലത്ത് മലബാർ പ്രദേശങ്ങളിലുണ്ടായിരുന്നുവെന്ന് യു. എ. ഇയിൽ ജോലി ചെയ്തിരുന്ന ചെറുകഥാകൃത്ത് ശിഹാബുദ്ദീൻ പൊയ്ത്തും കടവ് പറയുന്നുണ്ട്. കത്തുകളിലൂടെ എങ്ങിനെയാണ് അക്കാലത്തെ ഗൾഫ് പ്രവാസികൾ തങ്ങളെത്തന്നെ ആവിഷ്ക്കരിച്ചത്, തങ്ങളുടെ ഭാഷയുമായി അടുത്തു നിന്നത് എന്നീ കാര്യങ്ങൾ അദ്ദേഹം തന്റെ മറുജീവിതം എന്ന പുസ്തകത്തിൽ എഴുതുന്നു, ''ഓർമ്മകളുടെ സ്തംഭനം മരണമാണ്. മനസ്സ് നാട്ടിലും ശരീരം മറ്റൊരിടത്തും മറന്നുവെച്ചുള്ള പ്രവാസത്തിന്റെ നിലനിൽപ്പ് സമരം'' (ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്, 2017: 81). ഈ നില നിൽപ്പ് സമരത്തിൽ മലയാള ഭാഷയുമായുള്ള ബന്ധമാണ് പ്രവാസികളെ ഏറ്റവും കൂടുതലായി സഹായിച്ചതെന്നും അദ്ദേഹം നിരീക്ഷിക്കുന്നു. ഗൾഫിലെത്തിയ അർധസാക്ഷരരും നിരക്ഷരരും മലയാള ഭാഷ പഠിക്കാൻ തുടങ്ങിയതാണ് സത്യത്തിൽ മലയാളത്തിലെ ആരുമറിയാത്ത സാക്ഷരതാ പ്രവർത്തനമെന്ന് വി. അബൂബക്കർ ബാവു ഹാജി പൊന്നാനി എഴുതുന്നു. (വി. അബൂബക്കർ ബാവു ഹാജി, 2006: 36) സാക്ഷരരായവർ നിരക്ഷർക്ക് മലയാളം പഠിപ്പിക്കുന്നതും നവസാക്ഷരർ കുടുംബ

ത്തിലേക്കും സുഹൃത്തുക്കൾക്കും കത്തെഴുതുന്നതും അന്ന് പതിവ് കാഴ്ച്ചയായിരുന്നു, മലയാളം വളർന്നതിന്റെ ചരിത്രം രേഖപ്പെടുത്താത്ത കഥ അദ്ദേഹം ആത്മകഥാപരമായ തന്റെ പുസ്തകത്തിൽ തുടർന്നെഴുതുന്നു. അതേ സമയം ആയിരത്തി തൊള്ളായിരത്തി എഴുപതുകളുടെ ആദ്യ പാതി പിന്നിട്ടതോടെ കാസറ്റ് കത്തുകളും മലയാളികൾ വിനിമയം ചെയ്യാൻ തുടങ്ങി. ഭാഷയുടെ ശബ്ദവും ഉച്ചാരണവും വികാരവും പകരുന്നവയായിരുന്നു ഇത്തരം കാസറ്റ് കത്തുകളെന്ന് ആദ്യകാല ഗൾഫ് പ്രവാസികളിൽ ഒരാളായ ഇബ്രാഹിം ഹാജി തിരൂർ ഈ പ്രബന്ധകാരന് അനുവദിച്ച അഭിമുഖത്തിൽ പറഞ്ഞു.

അദ്ദേഹത്തിന്റെ വാക്കുകൾ ഇങ്ങിനെയാണ്: എഴുതാനും വായിക്കാനും വേണ്ട പോലെ അറിയാത്തവരാണ് കാസറ്റ് കത്തുകളെ ആദ്യം ഉപയോഗപ്പെടുത്തിയത്. എന്നാൽ പിന്നീട് എഴുതാനും വായിക്കാനും അറിയുന്നവരും കാസറ്റ് കത്തുകളെ ആശ്രയിക്കാൻ തുടങ്ങി. അതിന്റെ കാരണം വളരെ ലളിതമാണ്. ഏറ്റവും ഇഷ്ടപ്പെട്ടവരുടെ വാക്കുകൾ കേൾക്കാം എന്നതു തന്നെ. അന്ന് ടെലഫോൺ സൗകര്യം തീർത്തും കുറവായിരുന്നു. കത്തുകളിലെ അക്ഷരങ്ങളിലൂടെ വീട്ടിലെ കാര്യങ്ങൾ അറിയാമായിരുന്നുവെങ്കിലും ഒച്ച (ശബ്ദം) കേൾക്കാൻ കഴിയുക എന്നത് വലിയ സന്തോഷം നൽകിയിരുന്നു. അന്ന് ജപ്പാൻ കമ്പനിയായ നാഷണൽ പാനസോണിക്കിന്റെ ടേപ്പ്റിക്കോർഡറുകൾ എല്ലാവരും അവധിക്കു വരുമ്പോൾ നാട്ടിലേക്ക് കൊണ്ടു വന്നു. ഭാര്യമാർക്കും വീട്ടുകാർക്കും നൽകി. റിക്കോർഡ് ചെയ്യാൻ കാസറ്റുകളും. നാട്ടിൽ നിന്നും വരുന്ന കാസറ്റ് കത്തുകൾക്ക് മറുപടിയും മിക്കവരും കാസറ്റിലാക്കി നാട്ടിലേക്കയച്ചു. 'ഒച്ച'യോടെ മലയാളം അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിച്ചു എന്നു പറയാം.

മലയാള ഭാഷയുടെ അതിജീവന ഭൂപടത്തിൽ അടയാളപ്പെടുത്തേണ്ടതാണ് കത്തുകളുടെ ഈ കാലം. സത്യത്തിൽ മലയാള ഭാഷ ഗൾഫിൽ അതിജീവിച്ചതിന്റെ ചരിത്രം ആരംഭിക്കുന്നത് കത്തുകളുടെ ഇനിയും ആരും പഠിക്കാനോ രേഖപ്പെടുത്താനോ ശ്രമിച്ചിട്ടില്ലാത്ത ഈ ചരിത്രത്തിലൂടെയാണ്. മലയാളഭാഷാചരിത്രത്തിൽ അധികമൊന്നും അടയാളപ്പെടുത്തിയിട്ടില്ലാത്ത ഒരു അധ്യായം കൂടിയാണിത്.

ഇതോടൊപ്പം ഗൾഫിൽ ജീവിച്ച മലബാറിൽ നിന്നുള്ള മുസ്ലിങ്ങൾ അറബി മലയാളം എന്ന ലിപിയിൽ കത്തുകളെഴുതിയിരുന്നു എന്ന രസകരമായ വസ്തുത കൂടി ഉണ്ട്. മദ്രസ പഠനമാണ്

ഇതിനുള്ള കാരണം. അവിടെ നിന്നും പഠിച്ച അറബി മലയാളം (മലയാളം അറബി ലിപിയിലെഴുതുന്ന രീതിയെയാണ് അറബി മലയാളം എന്നു വിളിക്കുന്നത്). ഈ രീതി പത്താം നൂറ്റാണ്ടു മുതലെ മലബാറിലുണ്ടെന്ന നിരീക്ഷണമുണ്ട് (ഒ. ആബു, 1970: 16–17). മലയാള ലിപി അറിയാത്തതോ, മലയാളത്തിന് പൊതുവായ ലിപി ഇല്ലാത്തതോ കാരണമാണ് കേരള മുസ്‌ലിങ്ങൾ അറബി ലിപിയിൽ മലയാള മൊഴി എഴുതിയത്. മലയാള ഭാഷക്ക് തനതായ ഒരു എഴുത്തുലിപി രൂപപ്പെട്ട പത്തൊമ്പതാംനൂറ്റാണ്ടിനു ശേഷം അറബിയിലേയും മലയാളത്തിലേയും പദങ്ങൾ ഒരേ സമയം എഴുതേണ്ടി വന്ന മലയാള മുസ്‌ലിമിന് രണ്ടു ഭാഷയും ഒരു പോലെ വഴങ്ങുന്ന ഒരു ലിപിയുടെ ആവശ്യം അറബി മലയാളത്തെ കൂടുതൽ അനിവാര്യമാക്കിത്തീർത്തു. (ഡോ. ജമീൽ അഹ്മദ്, 2020: 35, 37) ഇത്തരത്തിൽ മലബാർ മുസ്‌ലിങ്ങളെ സംബന്ധിച്ച് ആയിരത്തി തൊള്ളായിരത്തി എഴുപതുകളിലും എൺപതുകളിലും അറബി മലയാളത്തുടർച്ചയുണ്ടായിരുന്നു. മദ്രസാ പഠനം തന്നെയായിരുന്നു അതിന്റെ പ്രധാന കാരണം. അക്കാലത്ത് സ്ത്രീകൾക്ക് സ്കൂൾ വിദ്യാഭ്യാസം ലഭിക്കാനുള്ള അവസരങ്ങൾ കുറവായിരുന്നു. അതിനാൽ മദ്രസയിൽ നിന്നും ലഭിക്കുന്ന അറബി മലയാള സാക്ഷരതയിലാണ് അവർ കത്തുകളെഴുതിയത്. അവർക്ക് മലയാളമറിയാത്തതിനാൽ ഭർത്താക്കൻമാർക്കും അറബി മലയാളത്തിൽ മറുപടിക്കത്തുകൾ എഴുതേണ്ടിയും വന്നു. ഇത് മലയാള ഭാഷാ ചരിത്രത്തിൽ അധികം വെളിച്ചം വീശാത്ത മറ്റൊരു ഏടാണ്. ഇത്തരത്തിലുള്ള ദമ്പതികൾ തങ്ങളുടെ ലിപി സംബന്ധമായ പ്രയാസങ്ങൾ തരണം ചെയ്യാൻ കൂടി വേണ്ടിയാണ് കാസറ്റ് കത്തുകളെ ആശ്രയിച്ചത്. എന്നാൽ പതുക്കെ പതുക്കെ ഗൾഫ് കുടിയേറ്റം വിദ്യാഭ്യാസം ഏറ്റവും പ്രധാനപ്പെട്ട കാര്യമാണെന്ന് മനസ്സിലാക്കുകയും ഏറ്റവും കൂടുതൽ നിക്ഷേപം വളർന്നു വരുന്ന തലമുറയുടെ വിദ്യാഭ്യാസത്തിനു വേണ്ടി ഉപയോഗിക്കുകയും ചെയ്തതിന് ഇന്നത്തെ കേരളം സാക്ഷിയാണ്.

**സംഘടനാ കൂട്ടായ്മകൾ**

മലയാളികളുടെ ഗൾഫിലെ സംഘടനാ-കൂട്ടായ്മാ പ്രവർത്തനങ്ങളാണ് മലയാളത്തെ അതിജീവിപ്പിച്ചു നിർത്തിയതെന്ന് സൗദി അറേബ്യയിൽ 35 വർഷത്തോളം പ്രവാസിയായി ജീവിക്കുകയും സാംസ്ക്കാരിക പ്രവർത്തനങ്ങളിൽ മുൻനിരയിൽ പ്രവർത്തിക്കുകയും ചെയ്ത ഗോപിനാഥൻ നെടുങ്ങാടി ഒരഭിമുഖത്തിൽ ഈ ലേഖകനോട് പറഞ്ഞു. മലയാളി ഗൾഫ് പ്രവാസത്തിന്റെ തുട

ക്കം മുതലേ സംഘടനാ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. മിക്കവാറും കേരളത്തിൽ പ്രവർത്തിക്കുന്ന രാഷ്ട്രീയ-മത-സാംസ്ക്കാരിക-സാമുദായിക സംഘടനകളുടെ ശാഖകൾ എന്ന നിലയിലാണ് ഗൾഫ് സംഘടനകൾ എക്കാലത്തും പ്രവർത്തിച്ചു വന്നിട്ടുള്ളത്. ഇന്ത്യൻ അസോസിയേഷനുകൾ, മലയാളി സമാജങ്ങൾ എന്നിവയുടെ രൂപത്തിലാണ് ഇവ മുഖ്യമായും പ്രവർത്തിച്ചത്. 1947ൽ (ഇന്ത്യ സ്വതന്ത്രയാകുന്ന വേളയിൽ) ബഹ്റൈനിലാണ് ആദ്യമായി മലയാളികളുടെ കൂട്ടായ്മ രൂപപ്പെടുന്നത്. ബഹ്റൈൻ കേരളീയ സമാജം എന്ന പേരിൽ. ബഹ്റൈനിൽ ജോലിക്കെത്തിയ മലയാളി നഴ്സുമാരാണ് ഈ കൂട്ടായ്മക്ക് നേതൃത്വം നൽകുന്നത്. മലയാളിയുടെ ഗൾഫ് കുടിയേറ്റം നാമമാത്രമായി തുടങ്ങിയ നാല്പതുകളുടെ ഒടുവിൽ തന്നെ കൂട്ടായ്മകളുടെ സംസ്ക്കാരത്തിന് മലയാളികൾ തുടക്കം കുറിച്ചിരുന്നു എന്നർഥം.

ഗൾഫ് പോലെ സംഘടനാ-രാഷ്ട്രീയ പ്രവർത്തനങ്ങൾ പൂർണ്ണമായും വിലക്കപ്പെട്ട ഒരിടത്ത് മലയാളികൾ എങ്ങിനെയാണ് തങ്ങളുടെ സംഘടനാ പ്രവർത്തനങ്ങൾ നടത്തിയത്. ഗൾഫിലെ മലയാളി സംഘടനകളെക്കുറിച്ച് വിശദമായി പഠിച്ചെഴുതിയ ഒരു ലേഖനം ഇക്കാര്യത്തിലേക്ക് വെളിച്ചം വീശുന്നു. 'people to one another. By being connected politically to the issues of the homeland, a new political space is construed into which they clandestinely bring ideologies and political doctrines that are otherwise considered sensitive, challenging, subversive, or threatening to the local dynasties. Strangely enough, most of the political expressions, ranging from informal gatherings with political undertones on specific occasions to less open demonstrations, are not official or apparent and at the same time do not invite unfriendly and intolerant reactions from the host state. The labour unrest of 2006 in Dubai in which Malayalee networks had a greater role to play was the only exception, wherein the authorities noticed the content and assertiveness of expatriate politics. Massive open demonstrations raised many eyebrows and the UAE Government became concerned with their popularity. This was particularly significant as it happened in a country where all

sorts of political organisations remain illegal and evidence of political associations of any sort can end up in imprisonment or immediate deportation for activists' (Ed: Illias M. H., 2015: 309).

ഗൾഫിലെ രാജവാഴ്ച്ചക്ക് ഒരു വിധത്തിലുമുള്ള അലോസര മുണ്ടാകാത്ത രീതിയിലാണ് മലയാളി സംഘടനകൾ പ്രവർത്തന ങ്ങൾ നടത്തി വന്നതെന്ന് ഈ ഉദ്ധരിച്ച പഠനത്തിൽ നിന്നും വ്യക്ത മാണ്. രാഷ്ട്രീയ-മനുഷ്യാവകാശ പ്രശ്നങ്ങളിൽ മൗനം പാലിച്ചു കൊണ്ടുള്ളതായിരുന്നു മലയാളിയുടെ സംഘടനാ പ്രവർത്തനം എന്നർഥം. മലയാളിയുടെ ഗൾഫ് കുടിയേറ്റത്തിന്റെ ചരിത്രത്തിൽ ഒരിക്കൽ മാത്രം (2006ൽ) നിസ്സാരമായ കൂലിക്ക് തൊഴിലെടുക്കു കയും ഒരുവിധ അവകാശങ്ങളും ജീവിത സൗകര്യങ്ങളും ലഭിക്കാ തിരിക്കുകയും ചെയ്തതിനെത്തുടർന്ന് ദുബായിൽ തൊഴിലാളി കൾ സമരവുമായി തെരുവിലിറങ്ങിയ സന്ദർഭത്തെക്കുറിച്ചാണ് ലേഖനം ചൂണ്ടിക്കാട്ടുന്നത്. യു. എ. ഇ സർക്കാരിനെ ഞെട്ടിച്ചു ക ളഞ്ഞതായിരുന്നു ഈ തൊഴിലാളി സമരം. സർക്കാർ ഒരിക്കലും ഇത്തരമൊരു നീക്കം പ്രതീക്ഷിച്ചിരുന്നില്ല. ലോക മാധ്യമങ്ങളുടെ ശ്രദ്ധ പിടിച്ചെടുത്ത ഈ സംഭവത്തിനു പിറകിൽ മലയാളികളുടെ സംഘടനാ ബോധത്തിലൂന്നിയ പ്രവർത്തനം നിർണ്ണായകമായ പ ങ്കുവഹിച്ചെന്ന് ഇല്യാസ് ലേഖനത്തിൽ വ്യക്തമാക്കുന്നു. രാഷ്ട്രീയ സംഘടനകളായല്ല, സാംസ്ക്കാരിക സംഘടനകളായാണ് ഭൂരിഭാ ഗം മലയാളി സംഘടനകളും പ്രവർത്തിച്ചു വന്നത്. അതിനാൽ ഭാഷയെ നില നിർത്തുക, ഭാഷയുടെ അതിജീവനത്തിൽ ശ്രദ്ധ പ തിപ്പിക്കുക എന്നതായി മലയാളി സംഘടനകളുടെ ഊന്നൽ. മല യാളം ഗൾഫിൽ അതിജീവിച്ചതിനു പിന്നിൽ ഇത്തരത്തിലൊരു ഘടകം കൂടി പ്രവർത്തിച്ചതായി ഇന്ന് അതിന്റെ ചരിത്രത്തിലേക്ക് നോക്കിയാൽ മനസ്സിലാകും. മിക്ക സംഘടനകളും സാഹിത്യ കൂ ട്ടായ്മകൾക്ക് മുൻഗണന നൽകി. അത്തരം സംഘടനകളെല്ലാം പ ല തരത്തിലുള്ള മലയാള പ്രസിദ്ധീകരണങ്ങളും പുറത്തിറക്കി. ഇ തെല്ലാം മലയാള ഭാഷയുടെ ഡയസ്പോറയിലെ അതിജീവനത്തി ന് സഹായകരമായി മാറി. രാഷ്ട്രീയ നേതാക്കളേക്കാൾ കൂടുതൽ എഴുത്തുകാരും മറ്റുമായ സാംസ്ക്കാരിക നേതാക്കളെയാണ് ഗൾ ഫിലെ വിവിധ സംഘടനകൾ അതിഥികളായി കൊണ്ടു പോയതെ ന്ന് കാണാം. ഇത് ഭാഷാ സംരക്ഷണത്തിന് ഗൾഫ് മലയാളികൾ നൽകിയ പ്രാധാന്യത്തെ വിളിച്ചോതുന്നതു തന്നെയാണ്. ഇല്യാസി ന്റെ അതേ ലേഖനത്തിൽ (പേജ് -315) ഇങ്ങിനെക്കൂടി കാണാം 'As

a complete departure from clear institutionally protected relations, Malayalee politics in the Gulf often tend to remain either as covertly operated political associations or as formal social, cultural or community organisations with unrevealed and subtle political agendas. The perceptions of Malayalee expatriates in the Gulf states are generally influenced by a sense of alienation, which is deeply rooted in their relationships with the nationals. Malayalee organisations also stress this alienation that results ultimately in a form of 'imagined politics' that offers an escape from the political realities in the host country and drifts away from the politi-cal constraints of the state. The feeling of cultural suspicion is another issue faced by the Malayalee expatriates. " Nationals in many of the Gulf states clearly have begun to view the large South Asian workforce as a threat to the cultural identity of their nation: " The south Asian community's pattern of huge earnings and low spending has become a major cause of displeasure for the GCC states.' തങ്ങൾ ജീവിക്കുന്ന ഗൾഫ് രാജ്യത്തെ രാഷ്ട്രീയ യാഥാർഥ്യങ്ങളോട് മുഖം തിരിച്ചു നിന്നു കൊണ്ട് 'ഇമാജിൻഡ് പൊളിറ്റിക്ക്സിൽ' ജീവിക്കുമ്പോൾ നടത്തുന്ന സംഘടനാ-കൂട്ടായ്മ പ്രവർത്തനങ്ങൾ തങ്ങളുടെ സ്വന്തം വേരുകളിലേക്കും ഭാഷയിലേക്കുമുള്ള യാത്രയായി മാറി. ഗൾഫിൽ മലയാളം അതിജീവിച്ചതിന്റെ യഥാർഥ കാരണം ഇതിലൂടെ വെളിപ്പെടുന്നുണ്ട്.

2006 ലെ തൊഴിലാളി സമരം യു. എ. ഇ സർക്കാരുമായുള്ള നേരിട്ടുള്ള ഏറ്റുമുട്ടലായതു പോലെയുള്ള ഒരു സംഭവം മലയാളിയുടെ സാംസ്ക്കാരിക പ്രവർത്തന രംഗത്തുമുണ്ടായി. 1992 മെയ് 28 ന് ഷാർജ ഇന്ത്യൻ അസോസിയേഷൻ വേദിയിൽ കേരള ആർട്ട് ലവേഴ്സ് അസോസിയേഷൻ (കല) അവതരിപ്പിച്ച നാടകം 'ശവംതീനി ഉറുമ്പുകളാ'ണ് പ്രശ്നത്തിൽ കുടുങ്ങിയത്. പ്രവാചക/ദൈവനിന്ദ ആരോപിക്കപ്പെട്ട നാടകാവതരണവുമായി ബന്ധപ്പെട്ട് ഷാർജ സർക്കാർ അണിയറ പ്രവർത്തകർക്കെതിരെ കേസെടുത്തു. പത്തു പേർ ആറു വർഷം തടവിനും പിന്നീട് നാടുകടത്തലിനും ശിക്ഷിക്കപ്പെട്ടു. ഷാർജ ഇന്ത്യൻ അസോസിയേഷൻ പ്രസിഡന്റ് ടി. കെ. എ. നായരും ശിക്ഷിക്കപ്പെട്ടു. നാടകം ഹിന്ദിയിൽ നിന്നും മൊഴി

മാറ്റിയതിന്റെ പേരിൽ പ്രശസ്ത നാടകകൃത്ത് വയലാ വാസുദേവൻ പിള്ളയും ശിക്ഷിക്കപ്പെട്ടു. എന്നാൽ അദ്ദേഹം കേരളത്തിലായിരുന്നതിനാൽ (അന്ന് യു. എ. ഇ- ഇന്ത്യ കുറ്റവാളികൈമാറ്റക്കരാർ ഇല്ലാതിരുന്നതിനാലും) അദ്ദേഹം ശിക്ഷയിൽ നിന്നും ഒഴിവായി. എന്നാൽ വിധിന്യായത്തിൽ അദ്ദേഹത്തെ അസാന്നിധ്യത്തിൽ ശിക്ഷിക്കുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മലയാളികളുടെ സംഘടനാ പ്രവർത്തനത്തിൽ ഗൾഫ് ഭരണകൂടവുമായി നേരിട്ട് ഏറ്റുമുട്ടുന്ന രണ്ടു സംഭവങ്ങളുമുണ്ടായത് യു. എ. ഇ.യിലാണ്. ഇത്തരത്തിലുള്ള സംഭവങ്ങൾ മറ്റു ഗൾഫ് രാജ്യങ്ങളിൽ നിന്നൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. 30-35 ലക്ഷം മലയാളികൾ ജീവിക്കുന്ന ഗൾഫിൽ ഈ രണ്ടു ഏറ്റുമുട്ടലുകളിൽ കാര്യങ്ങൾ നിന്നുവെന്നത് മലയാളി സമൂഹം എങ്ങിനെ ‘ ഇമാജിൻഡ് പൊളിറ്റിക്ക്സിൽ‘ ഗൾഫിൽ ജീവിച്ചു എന്നതിനു കൂടിയുള്ള ഉദാഹരണമാണ്.

ഇതോടൊപ്പം മലയാള ഭാഷയിലേക്ക് ഗൾഫുകാർ കൊണ്ടുവന്ന ഒരു അനുസരണാ വാക്കിനെക്കുറിച്ചുള്ള നിരീക്ഷണവും പ്രസക്തമാവുമെന്ന് തോന്നുന്നു. ദീർഘകാലം ഗൾഫ് പ്രവാസിയായിരുന്ന കെ. ഗോവിന്ദന്റെ കഥകളെക്കുറിച്ച് കുന്നംകുളത്ത് 2020 ജനുവരി 16ന് നടന്ന ചർച്ചയിൽ ഗൾഫുകാർ മലയാള ഭാഷയിൽ വരുത്തിയ ‘ചീത്ത സ്വാധീനത്തെക്കുറിച്ച്’ നിരൂപകൻ ഇ. പി. രാജഗോപാലൻ ഇങ്ങിനെ നിരീക്ഷിക്കുന്നു. ‘ഒ. കെ എന്ന ഇംഗ്ലീഷ് പ്രയോഗം ഒരു മലയാള വാക്ക് എന്ന മട്ടിൽ പരിവർത്തിപ്പിച്ചതിൽ ഗൾഫ് മലയാളിക്ക് കൃത്യമായ പങ്കുണ്ട്. ചോദ്യം ചെയ്യാതെ അനുസരിക്കുക എന്നതിനെയാണ് ഒ. കെ എന്ന പ്രയോഗം പ്രതിനിധീകരിക്കുന്നത്. ഭാഷാപരമായ ഒരു ഗൾഫ് അനുസരണ രീതിയെയാണ് ഈ പ്രയോഗം ഉൾവഹിക്കുന്നത്. അത് കേരളത്തിലും നടപ്പിലായി. ഒ. കെ ഒരു മലയാളപദം എന്ന നിലയിൽ തന്നെ ഇന്ന് കേരളത്തിലും ഉപയോഗിക്കുന്നു.’ ഇതേ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ദീർഘകാലം യു. എ. ഇയിൽ പ്രവാസിയായിരുന്ന എഴുത്തുകാരൻ അഷ്റഫ് പേങ്ങാട്ടയിൽ ഇങ്ങിനെ പറയുന്നു. ‘മലയാളികൾ ഗൾഫിൽ സ്ഥിരമായി ഉപയോഗിക്കുന്ന അറബിവാക്ക് തനാസിൽ ആണ്. അതിനർഥം മോചനം/റിലീസ് എന്നാണ്. ഒരു സ്പോൺസറുടെ കീഴിൽ നിന്നും ജോലി മാറി മറ്റൊരു സ്പോൺസറുടെ കീഴിലേക്ക് പോകുന്നതിനെയാണ് മോചനം എന്നു വിളിക്കുന്നത്. സത്യത്തിലിത് ട്രാൻസ്ഫർ ആണ്. തനാസിൽ എന്ന വാക്ക് അടിമക്കച്ചവടവുമായി (ഒരു ഉടമയിൽ നിന്നും മറ്റൊരു ഉടമയിലേക്ക് അടിമയെ മാറ്റുന്നതു സംബന്ധിച്ചുള്ളതാണ് ഈ വാക്ക്) ബന്ധപ്പെട്ടതാണ്. അതേ വാക്ക് ഇന്നും ഗൾഫിൽ ഒരു മാറ്റവുമില്ലാതെ തുട

രുന്നു. പലപ്പോഴും ഒരു മലയാള വാക്ക് എന്ന നിലയിൽ തന്നെ ഉപയോഗിക്കുന്നു.' ഏകാധിപത്യ രാജ്യങ്ങളിലെ ഭാഷയുമായി ബന്ധപ്പെട്ട രണ്ടു പ്രധാന നിരീക്ഷണങ്ങളാണിവ.

മലയാളത്തിന്റെ അതിജീവിനത്തിലേക്കു തന്നെ തിരിച്ചു വരികയാണെങ്കിൽ അതിൽ പ്രധാനപ്പെട്ട ഒരു നീക്കം ഗൾഫിലെ സ്കൂൾ പാഠ്യപദ്ധതിയിൽ മലയാളം ഉൾപ്പെടുത്തിയതാണ്. സൗദി അറേബ്യയിലാണ് ഇതിനുള്ള നീക്കം ആദ്യം നടന്നത്, നടപ്പിലാക്കിയതും. ഇതിനെക്കുറിച്ച് സൗദിയിലെ പ്രമുഖ മലയാളി മാധ്യമ പ്രവർത്തകൻ മുസാഫിർ ഒരു ഇന്റർവ്യൂവിൽ പറഞ്ഞു. 1980 കളുടെ ഒടുവിൽ മലയാളിയായ ജോർജ് ജോസഫ് അംബാസഡറായി വന്നപ്പോഴാണ് ഇതിനുള്ള സാഹചര്യമുണ്ടായത്. മലയാളം സിലബസിൽ ഉൾപ്പെടുത്തിയതിനു പിന്നിൽ കേരളീയ കൂട്ടായ്മകളുടെ ശ്രമം ഉണ്ടായിരുന്നു. ഇന്ത്യൻ സ്കൂൾ ഭരണസമിതിയിൽ മലയാളികൾ അംഗമായി വന്നതും ഇതിനനുകൂലമായ സാഹചര്യമുണ്ടാക്കി. സൗദി അറേബ്യയിൽ ഇന്ത്യൻ എംബസിയുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചിരുന്ന ഇന്ത്യൻ സ്കൂളുകളിൽ മലയാളി കൂട്ടായ്മകളുടെ ശ്രമവും സമ്മർദവും മൂലം മലയാളം സിലബസിൽ ഉൾപ്പെടുത്തി. അതു വരേക്കും ഹിന്ദി, ഉറുദു, സംസ്കൃതം എന്നീ ഇന്ത്യൻ ഭാഷകൾ മാത്രമേ സിലബസിൽ ഉണ്ടായിരുന്നുള്ളൂ. സൗദി മാതൃക പിന്തുടർന്ന് മറ്റു ഗൾഫ് രാജ്യങ്ങളിലും മലയാളം സിലബസിന്റെ ഭാഗമായി. എന്നാൽ സ്വകാര്യ സംരംഭകർ നടത്തുന്ന ഇന്ത്യൻ സ്കൂളുകളിൽ എല്ലായിടത്തും മലയാളം പാഠഭാഗമായിരുന്നില്ല. ഒപ്പം തന്നെ ദൽഹി, ബാംഗ്ലൂർ, ഡെറാഡൂൺ തുടങ്ങിയ ഇടങ്ങളിൽ നടത്തുന്ന സ്കൂളുകളുടെ ഗൾഫിലെ ശാഖകളിലും മലയാളം പാഠഭാഗമായില്ല. പുറമെ പൂർണ്ണമായും ബ്രിട്ടീഷ്/അമേരിക്കൻ കരിക്കുലം പിന്തുടരുന്ന സ്കൂളുകളിലും മലയാളം സ്വാഭാവികമായും പുറത്തായി. ഇത്തരം സ്കൂളുകളിൽ മക്കളെ അയച്ചിരുന്നത് മേൽത്തട്ടിലുള്ള മലയാളികൾ മാത്രമായിരുന്നു. ആയിരത്തി തൊള്ളായിരത്തി എൺപതുകളിൽ മലയാളികളിൽ ഒരു ചെറിയ ശതമാനം മാത്രം ഗൾഫിൽ കുടുംബജീവിതം ആരംഭിക്കുകയും അത്തരം കുടുംബങ്ങളിലെ കുട്ടികൾ ഗൾഫ് സ്കൂളുകളിൽ പഠിക്കാൻ തുടങ്ങുകയും ചെയ്തു. ഇക്കാലത്തും തുടർന്നുള്ള വർഷങ്ങളിലും ഇപ്പോഴും മലയാളം പഠിക്കുന്ന വിദ്യാർഥികളും പഠിക്കാത്ത വിദ്യാർഥികളുമുണ്ടായി. ഈ പ്രശ്നത്തെ മലയാളി സമൂഹം മറികടന്നത് തങ്ങളുടെ സംഘടനാ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തി വന്ന സാംസ്കാരിക പരിപാടികളിലൂടെയും മലയാള ഭാഷാ പഠന ക്ലാസുകളിലൂടെയുമായിരുന്നു. എന്നിരുന്നാലും ഒട്ടും മലയാളമറിയാത്ത പു

തുതലമുറ മറ്റേതൊരു ഡയസ്പോറയിലുമെന്ന പോലെ മലയാളി ഗൾഫ് ഡയസ്പോറയിലുമുണ്ട് എന്നത് വസ്തുതയാണ്. എന്നാൽ അത് തുലോം കുറവാണെന്നതാണ് മലയാള ഭാഷ ഗൾഫിൽ അതിജീവിച്ചതിന്റെ മുഖ്യകാരണം. അതോടൊപ്പം ഗൾഫിൽ മറ്റു രാജ്യങ്ങളെപ്പോലെ ഒരിക്കലും മലയാളികൾക്ക് സ്ഥിര പൗരത്വം ലഭിക്കില്ല എന്നതിനാലും ഒരിക്കൽ കേരളത്തിലേക്കു മടങ്ങുക എന്നത് അനിവാര്യമാണ് എന്നതിനാലും മലയാളി കുടുംബങ്ങൾക്ക് തങ്ങളുടെ മാതൃഭാഷ പൂർണ്ണമായും കയ്യൊഴിയുക സാധ്യവുമായിരുന്നില്ല. അതും ഗൾഫിലെ മലയാള ഭാഷയുടെ അതിജീവനത്തെ അനിവാര്യമാക്കിയതിൽ പ്രധാന പങ്കുവഹിക്കുന്നു. മറ്റിടങ്ങളിൽ അമേരിക്കയിലും യൂറോപ്പിലും മലയാളികൾക്ക് പൗരത്വം ലഭിക്കുന്നു എന്നത് മലയാളം അവർക്ക് അനിവാര്യമല്ലാതാക്കുന്നുണ്ട്.

**പുതുനൂറ്റാണ്ട് – പുതുടെക്നോളജി – ശക്തമായ മലയാളം**

പുതിയ നൂറ്റാണ്ട് ടെക്നോളജിയുടെ കാലമാണെന്നും പല ഭാഷകളും ഇതോടെ മൃതമാകുമെന്നുമുള്ള വിശ്വാസം ലോകമെങ്ങും വ്യാപിച്ച കാലത്ത് ടെക്നോളജി ഗൾഫിൽ മലയാളത്തെ കൂടുതൽ ശക്തവും സമ്പന്നവും സർഗാത്മകമാക്കുകയാണുണ്ടായത്. ഇന്റർനെറ്റ് നൽകിയ സാധ്യത ഉപയോഗപ്പെടുത്തി എല്ലാ ആകുലതകളേയും പിന്തള്ളി ഡിജിറ്റൽ മലയാളം അതിശക്തമായ മുന്നേറ്റം നടത്തി. അതിനെക്കുറിച്ച് ഗൾഫ് മലയാളത്തിന് ഏറ്റവും ശ്രദ്ധേയമായ സംഭാവനകൾ നൽകിയ എഴുത്തുകാരൻ ബെന്യാമിൻ പറയുന്നു. രണ്ടായിരത്തിന്റെ തുടക്കത്തിൽ കംപ്യൂട്ടർ വ്യാപകമായതോടെ പ്രാദേശിക ഭാഷകൾ എല്ലാം മരിക്കാൻ പോകുന്നു എന്നും ഇനി ഇംഗ്ലീഷ് മാത്രമേ നില നിൽക്കുകയുള്ളൂവെന്നും വ്യാപകമായ ഒരു പ്രചാരണമുണ്ടായി. എന്നാൽ ആ ഭീതിയെ അകറ്റിയതിൽ മുന്നിൽ നിന്നത് കുടിയേറ്റക്കാരായിരുന്നുവെന്നതാണ് വാസ്തവം. സർക്കാരിന്റെ ഭാഷാസ്ഥാപനങ്ങൾ എന്തു ചെയ്യണമെന്നറിയാതെ ഇരുട്ടിൽ തപ്പിക്കളിച്ചപ്പോൾ മലയാളത്തെ കമ്പ്യൂട്ടറിന് അനുയോജ്യമാക്കിത്തീർത്തത് വിദേശരാജ്യങ്ങളിൽ പണിയെടുത്തിരുന്ന ഒരു കൂട്ടം ചെറുപ്പക്കാരായിരുന്നു. മംഗ്ലീഷ് ടൈപ്പിംഗ് രീതി, യൂണിക്കോഡ് ഫോണ്ടുകളുടെ വികസിപ്പിക്കൽ, മലയാളം കീ ബോർഡുകളുടേയും പല തരം പ്രോഗ്രാമുകളുടേയും രൂപപ്പെടുത്തൽ അങ്ങിനെയുള്ള കാര്യങ്ങൾ.

ഭാഷ മരിക്കുമെന്ന വിലാപം നീങ്ങിപ്പോവുകയും ഭാഷയുടെ വ്യാപനം ഒരു യാഥാർഥ്യമായിത്തീരുകയും ചെയ്ത ഒരു കാലമാണിത്. മുൻകാലങ്ങളിൽ ഭാഷയിൽ നിന്ന് അന്നം തേടിയിരുന്നവർ

മാത്രമാണ് ഭാഷയിൽ വ്യവഹരിച്ചിരുന്നതെങ്കിൽ ഇപ്പോൾ എല്ലാ വിഭാഗം ജനങ്ങളും ഭാഷ വ്യാപകമായി ഉപയോഗിക്കുന്നു (ബെന്യാമിൻ : 74-76) കത്തെഴുത്തിലൂടെ 70-80കളിൽ ഗൾഫ് പ്രവാസി മലയാളികൾ ഭാഷയുമായുള്ള അടുപ്പം നില നിർത്തിയതു പോലെ പുതുനൂറ്റാണ്ടിലെ ടെക്ക്നോളജി മലയാളത്തെ കൂടുതൽ സർഗാത്മകമാക്കി.

ബ്ലോഗുകളിലൂടെയാണ് ഈ സർഗ സംഭാവനകൾ ആദ്യം കടന്നുവന്നത്. 2006ൽ ആദ്യത്തെ മലയാള കവിതാ ബ്ലോഗ്, 'അച്ചടി മലയാളം നാടുകടത്തിയ കവിതകളുമായി കുഴൂർ വിൽസൺ യു. എ. ഇ.യിൽ രംഗത്തു വരുമ്പോൾ അതൊരു പുതുമലയാള കാവ്യപ്രസ്ഥാനമായി മാറുമെന്ന് ആരും ആദ്യം കരുതിയില്ല. എന്നാൽ പിന്നീട് നിരവധി ബ്ലോഗുകളിൽ കവിതകളും കഥകളും പ്രകാശിക്കപ്പെട്ടു. കേരളത്തിലെ അച്ചടി പ്രസിദ്ധീകരണങ്ങളിൽ ഗൾഫിലുള്ള എഴുത്തുകാർക്ക് അവസരം ലഭിക്കാത്തതിലുള്ള പ്രതിഷേധമാണ് 'അച്ചടി മലയാളം നാടുകടത്തിയ കവിതകൾ' എന്ന പേരിൽ തന്നെ ബ്ലോഗ് തുടങ്ങാൻ കാരണമെന്ന് കുഴൂർ വിൽസൻ ഈ പ്രബന്ധകാരനുമായുള്ള സംഭാഷണത്തിൽ വ്യക്തമാക്കി. അച്ചടി മലയാളവും ഡിജിറ്റൽ മലയാളവും മുഖാമുഖം നിന്ന പ്രധാന മുഹൂർത്തങ്ങളിലൊന്ന് കൂടിയായിരുന്നു ഈ ബ്ലോഗിന്റെ പിറവിയെന്ന് ഇന്ന് മലയാളം ബ്ലോഗിന്റെ ചരിത്രം അന്വേഷിക്കുമ്പോൾ മനസ്സിലാക്കാം.

കുഴൂർ വിൽസൻ തന്റെ കവിതയേയും ഗൾഫ് പ്രവാസത്തേയും പ്രവാസത്തിലെ മലയാളത്തേയും തന്റെ വിവർത്തനം എന്ന കവിതയിൽ ഇങ്ങിനെ ആവിഷ്ക്കരിച്ചു:

'ഈന്തപ്പനകൾ ചോദിച്ചു
തുറിച്ചു നോക്കുന്നതെന്തിന്
വിവർത്തന ശേഷമുള്ള
തെങ്ങുകളാണ് ഞങ്ങൾ
മറന്നുവോ' (https: //vishakham. blogspot. com/)

അച്ചടി മാധ്യമങ്ങളിൽ നിന്നും ബ്ലോഗെഴുത്തിനുള്ള ഏറ്റവും പ്രധാനപ്പെട്ട വ്യത്യാസത്തെക്കുറിച്ച് ബെന്യാമിൻ എഴുതുന്നു. നമുക്കേവർക്കും അറിയാവുന്നതുപോലെ ബ്ലോഗിന്റെ സ്വഭാവം തികച്ചും വ്യത്യസ്തമാണ്. ഉടനടിയാണ് ഇവിടെ പ്രതികരണം. ഉരുളയ്ക്ക് ഉപ്പേരി പോലെ അടിയ്ക്കു തിരിച്ചടിപോലെ. വെട്ടൊന്ന്

മുറി രണ്ടാണ് ഇതിന്റെ സ്വഭാവം. ഒഴുകിവരുന്ന ഈ പ്രതികരണങ്ങളെ പ്രതിരോധിച്ചു നിർത്താൻ ഒരു പത്രാധിപന്റെ പരിച നമുക്കില്ല. ആരും എന്തഭിപ്രായവും കേറി പറഞ്ഞുകളയും. എന്തു ചോദ്യവും ചോദിച്ചുകളയും. തലമുതിർന്ന എന്ന 'തലക്കനത്തെ' ആരും ഇവിടെ വകവയ്ക്കുന്നില്ല. ഒഴിഞ്ഞു മാറാൻ സാധിക്കുന്നതിനു മുൻപേ ഈ അഭിപ്രായങ്ങൾ നാട്ടുകാർ വായിച്ചുകഴിയും: (http://manalezhutthu.blogspot.com/ 2007)

ഗൾഫിലേക്ക് കുടിയേറിയ ആദ്യ തലമുറ കത്തെഴുത്തിലൂടെ തങ്ങളുടെ ഭാഷയെ സ്വകാര്യ തലത്തിൽ ആവിഷ്ക്കരിക്കുകയായിരുന്നു. രണ്ടാം തലമുറയാകട്ടെ ബ്ലോഗെഴുത്തിലൂടെ മാതൃഭാഷയെ പൊതു വിനിമയ-സംവാദ തലത്തിലേക്കുയർത്തുകയായിരുന്നു. അച്ചടി മാധ്യമങ്ങളിൽ നിന്നും വിഭിന്നമായി ബ്ലോഗ് വായിക്കുന്ന ആർക്കും തങ്ങളുടെ അഭിപ്രായങ്ങൾ, പ്രതികരണങ്ങൾ അതാത് ബ്ലോഗുകളിൽ തന്നെ രേഖപ്പെടുത്താനുള്ള സൗകര്യം വന്നത് മലയാളത്തിൽ തന്നെ പ്രതികരിക്കാനുള്ള അവസരങ്ങളുണ്ടാക്കി. ബ്ലോഗെഴുത്തിന്റെ ആദ്യത്തിൽ പലരും ഇംഗ്ലീഷ് ലിപി ഉപയോഗിച്ച് മലയാളത്തിൽ എഴുതാനാണ് ശ്രമിച്ചിരുന്നത്, എന്നാൽ പിന്നീട് അതുമാറി എല്ലാവരും മലയാളത്തിൽ തന്നെ എഴുതാനും തുടങ്ങി. സംവാദാത്മകമായ ഒരു മലയാളത്തിന്റെ ജീവതത്തിലേക്ക് ഗൾഫ് മലയാളം പ്രവേശിച്ചു. അത് ഏകമുഖമായ ഭാഷയുടെ സ്വഭാവത്തെ പാടെ ഒഴിവാക്കി. സംവാദാത്മകത കൂടുതൽ പേരെ ഭാഷയുടെ ഉപയോഗത്തിലേക്കാകർഷിച്ചു. നാം ഭാഷകളുടെ വിനിമയത്തെക്കുറിച്ച് പറയുമ്പോഴും, ഓൺ ലൈൻ പഠനത്തെക്കുറിച്ചു പറയുമ്പോഴുമുള്ള ഡിജിറ്റൽ ഡിവൈഡ് തീർച്ചയായും ബ്ലോഗുകളുടെ കാര്യത്തിലുമുണ്ട്. ഏറ്റവും താഴെത്തട്ടിലുള്ള ഗൾഫ് മലയാളിത്തൊഴിലാളിക്ക് ഡിജിറ്റൽ മലയാളത്തിലെ പൗരത്വം ലഭിച്ചില്ല എന്ന പ്രശ്നം നിലനിന്നിരുന്നു.

വളരെ ജനപ്രീതി നേടിയ സജീവ് എടത്താടന്റെ (വിശാല മനസ്ക്കൻ എന്ന് ബ്ലോഗ് നാമം) 'കൊടകരപുരാണം' ബ്ലോഗിനെക്കുറിച്ച് അദ്ദേഹം പറയുന്നത് നോക്കുക മൂന്നാം ക്ലാസിൽ പഠിക്കുമ്പോൾ ഗൾഫിലുള്ള അളിയന് വീട്ടുകാരുടെ നിർബന്ധത്തിന് വഴങ്ങി കത്തെഴുതുമായിരുന്നു. വീട്ടുകാർ പറഞ്ഞു തരുന്ന കാര്യങ്ങളാണ് എഴുതുന്നത്. സ്കൂളിലെ പാഠഭാഗത്തിലല്ലാത്ത ഒരു കാര്യം എഴുതുന്നത് ആദ്യമായി ഈ കത്തുകളിലൂടെയാണ്. 1999ൽ ബ്ലോഗെഴുത്ത് തുടങ്ങിയപ്പോൾ ആ കത്തെഴുത്തിന്റെ മറ്റൊരു രൂപത്തിലേക്ക് പ്രവേശിച്ചതായി എനിക്കു തോന്നി. മറ്റു പലരുടേയും ബ്ലോ

ഗുകൾ വായിക്കുകയാണ് ആദ്യമൊക്കെ ചെയ്തത്. കേരള. കോം എന്ന സൈറ്റിലെ ഗസ്റ്റ് ബുക്ക് വഴിയാണ് ഞാൻ ബ്ലോഗർ ആയത്. സാഹിത്യ ഭാഷയിൽ എഴുതാൻ ശ്രമിച്ചു. പക്ഷെ ശരിയായില്ല. അതിനാൽ എന്റെ നാടായ കൊടകരയിൽ മതിൽപ്പുറത്തോ നാട്ടുവഴി വക്കിലോ നിന്ന് സംസാരിക്കുന്ന ഭാഷയിൽ എഴുതാം എന്നു തന്നെ തീരുമാനിച്ചു അങ്ങിനെ എഴുതി (അഭിമുഖം : സജീവ് എടത്താടൻ/ അഖിൽ ശിവാനന്ദ് (https://www.mathrubhumi.combooksinterview/ sajeev-edathadan-kodakarapuranam-the-sampoorna-kodakarapuranam-visalamanaskan-1. 3804171)

എഴുത്തിന്റെ ഈ സ്വാതന്ത്ര്യമാണ് മലയാളികളെ ആകർഷിച്ചത്. ഗൾഫിൽ മാത്രം നിരവധി ബ്ലോഗർമാരുണ്ടായിരുന്നുവെന്നത് രണ്ടാം തലമുറ കുടിയേറ്റക്കാർ എങ്ങിനെ മാതൃഭാഷയെ പരിഗണിച്ചുവെന്നതിനുള്ള ഉദാഹരണം കൂടിയാണ്. രാപ്പനി (കവി ടി. പി. അനിൽകുമാർ (http://raappani. blogspot. com/?m=1) പൊട്ടക്കലം (ജ്യോനവൻ എന്ന പേരിൽ ബ്ലോഗ് ചെയ്തിരുന്ന നവീൻ ജോർജ്-ഇദ്ദേഹം കുവൈത്തിൽ കാർ അപകടത്തിൽ മരിച്ചു) (http://pottakkal am. blogspot. com/?m=1), അജ്ഞാതനായി എഴുതിയ അനോണി ആന്റണി, (http://anonyantony. blogspot. com/?m=1) തറവാടി എന്ന പേരിൽ ബ്ലോഗ് ചെയ്ത നിഷാദ് കരിപ്പള്ളി (http: //tharavadi. blogspot. com/?m=1), സിമിയുടെ ബ്ലോഗ് എന്ന പേരിൽ ബ്ലോഗ് ചെയ്ത സിമി നസ്രത്ത് (http: //simynazareth. blogspot. com/?m=1), സ്വയം ബ്ലോഗം എന്ന പേരിൽ ബ്ലോഗ് ചെയ്ത രാം മോഹൻ പാലിയത്ത് (http: //valippukal. blogspot. com/?m=1) എന്നിവർ ഗൾഫ് ബ്ലോഗ് മലയാളത്തിന് കാര്യമായ സംഭാവനകൾ അർപ്പിച്ചവരാണ്. ആദ്യ ഘട്ടത്തിൽ ബ്ലോഗെഴുത്തിൽ സ്ത്രീകൾ കുറവായിരുന്നുവെങ്കിലും പിന്നീട് വർധനവുണ്ടായി. പുരുഷ മലയാളവും സ്ത്രീ മലയാളവും അവയുടെ ആവിഷ്ക്കാര ഭേദങ്ങളും ആൺ/പെൺ ബ്ലോഗെഴുത്തിലൂടെ പുതിയ സംവാദ മണ്ഡലങ്ങൾ തുറന്നിടുകയും ചെയ്തു. ഇതെല്ലാം മലയാളത്തിന്റെ ശക്തിയായി തന്നെ വികസിക്കുകയാണുണ്ടായത്. നിരവധി മലയാളം ബ്ലോഗുകളിൽ നിന്നും പ്രതിനിധാനത്തിനു വേണ്ടി ചില ബ്ലോഗുകളെ തിരഞ്ഞെടുക്കുകയാണ് ഇവിടെ ചെയ്തിട്ടുള്ളത്. ഭാഷ എഴുത്തു മാധ്യമമായി ആർക്കും ഉപയോഗിക്കാമെന്ന, നാട്ടുമൊഴിയുടേയും തുറന്നെഴുത്തിന്റേയും വ്യാ

കരണത്തിലൂടെ ഭാഷ വളർച്ചയുടെ മറ്റൊരു പടവു കയറുകയാണെന്നും ഗൾഫ് ബ്ലോഗുകൾ പരിശോധിക്കുമ്പോൾ മനസ്സിലാക്കും.

മലയാളിയെ സംബന്ധിച്ച് ഗൾഫിൽ എൺപതുകൾ മുതലേ സ്വന്തം പ്രസിദ്ധീകരണങ്ങൾ നടത്തുന്ന രീതിയുണ്ട്. ഗൾഫ് വോയ്സ് മുതൽക്കുള്ള പ്രസിദ്ധീകരണ ചരിത്രം. ഏതാണ്ട് അതേ കാലത്ത് എൺപതുകളുടെ അവസാനത്തിൽ ആദ്യ ഗൾഫ് മലയാള റേഡിയോ സ്റ്റേഷനും (റേഡിയോ ഏഷ്യ) നിലവിൽ വന്നിരുന്നു. ഇതെല്ലാം ഉണ്ടാക്കിയെടുത്ത മലയാളാന്തരീക്ഷത്തെ ബ്ലോഗുകൾ അങ്ങേയറ്റം സജീവമാക്കി. ഗൾഫിലെ മലയാളിയുടെ അക്ഷരജീവിതത്തിന്റെ നിരവധി ഉദാഹരണങ്ങളിലൊന്നായി ബ്ലോഗുകളും മാറി.

പിന്നീട് ന്യൂമീഡിയയുടെ എല്ലാ വാതിലുകളും മലയാളികൾ ഉപയോഗിക്കുന്നു. ഫേസ്ബുക്ക് മുതൽ വാട്ട്സാപ്പ് വരെ. അവിടെയെല്ലാം ഇതിനായി രൂപപ്പെടുത്തിയ മലയാളം കംപ്യൂട്ടിംഗ് തന്നെ ഉപയോഗപ്പെടുത്തുകയാണ് മലയാളികൾ. സ്വന്തം ഭാഷയിൽ എഴുതുകയും നാട്ടിലും മറ്റിടങ്ങളിലുള്ളവരുമായി ആശയ വിനിമയം നടത്തുകയും ചെയ്യുന്ന പ്രവണത മലയാളികളിൽ കൂടുതൽ ശക്തിപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെയാണ് ഒരു ഭാഷ എന്ന നിലയിൽ മലയാളത്തിന്റേത് ഗൾഫ് ഡയസ്പോറയിൽ ഒരു വിജയ ഗാഥയാണെന്ന് പറയാൻ കഴിയുന്നത്.

## എവിടെയെല്ലാം മലയാളി, അവിടെയെല്ലാം മലയാളം

കേരളത്തിനു പുറത്തു കഴിയുന്ന മലയാളികൾക്കിടയിൽ മലയാളഭാഷയുമായുള്ള ബന്ധം ശക്തിപ്പെടുത്താൻ കേരള സർക്കാരിനു കീഴിലുള്ള മലയാളം മിഷൻ ' എവിടെയെല്ലാം മലയാളി, അവിടെയെല്ലാം മലയാളം' എന്ന ശീർഷകത്തിൽ ഭാഷാ പഠനത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കുകയാണ്. കോവിഡ് കാലത്ത് ഓൺ ലൈനിൽ ക്ലാസുകൾ നടക്കുന്നുണ്ട്. യു. എ. ഇയിലെ അബുദാബിയിലെ മലയാളം മിഷൻ മേഖല കോ-ഓർഡിനേറ്റർ സഫറുള്ള പാലപ്പെട്ടി ഈ പഠനത്തിനാവശ്യമായ വിവരങ്ങളുമായി ബന്ധപ്പെട്ട് നൽകിയ അഭിമുഖത്തിൽ ഇങ്ങിനെ പറഞ്ഞു. അബുദാബിയിലെ വിവിധ മേഖലകളിൽ 31 സെന്ററുകളിലായി 1200 കുട്ടികൾ പദ്ധതിയുടെ ഭാഗമായി മലയാളം പഠിക്കുന്നു. ലോകത്ത് 28 രാജ്യങ്ങളിലായി അരലക്ഷത്തോളം കുട്ടികൾ പദ്ധതിയുടെ ഭാഗമായി മാതൃഭാഷാ പഠനം നടത്തുന്നുണ്ട്. സാധാരണ ക്ലാസ് മുറ സമ്പ്രദായത്തിൽ പഠനം മുന്നോട്ടു പോകുമ്പോഴാണ് കോവിഡ്-19 വ

ന്നത്. ഇതോടെ അടച്ചിട്ട ലോകത്ത് തുറന്നിട്ട പ്രവർത്തനങ്ങൾ എന്ന ആശയം മുൻനിർത്തി പ്രവർത്തനങ്ങൾ മറ്റൊരു രീതിയിലേക്കു മാറ്റി. ഓൺലൈനായി ക്ലാസുകളും ഇൻർആക്ഷനുകളും എന്നതാണ് ഇപ്പോഴത്തെ രീതി. ഇത് വളരെ വിജയകരമായി മുന്നോട്ടു പോകുന്നുണ്ട്. കത്തെഴുത്ത്, ചിത്ര രചന, പാചകം, സംഗീതാലാപനം തുടങ്ങിയ പരിപാടികൾ കൂടി ഉൾപ്പെടുത്തി സൂമിലുള്ള ഇന്റർ ആക്ടീവ് സെഷനുകളാണ് നടക്കുന്നത്. വലിയ സ്വീകാര്യതയുണ്ടിതിന്. കുട്ടികൾ മടുപ്പിൽ നിന്നും മോചിതരായിരിക്കുന്നത് ഈ പരിപാടിയിലൂടെയാണ്: ഇത്തരത്തിൽ ലോകമെങ്ങുമുള്ള പുതുതലമുറ മലയാളികൾക്ക് മാതൃഭാഷ എത്തിക്കാനുള്ള ശ്രമം ഏറ്റവും കൂടുതൽ വിജയവും ലക്ഷ്യവും കണ്ടെത്തുന്നതും ഗൾഫിലാണ്.

കേരളത്തിൽ ഔദ്യോഗിക ഭാഷ മലയാളമാക്കാൻ പ്രക്ഷോഭങ്ങൾ നടന്നു. തത്വത്തിൽ അക്കാര്യം അംഗീകരിക്കപ്പെട്ടു. ഇപ്പോൾ പി. എസ്. സി ചോദ്യങ്ങൾ മലയാളത്തിലാക്കണമെന്നുള്ള പ്രക്ഷോഭം നടക്കുന്നു. അതിന് കൃത്യമായ ഉത്തരം നൽകാൻ കഴിയാതെ സർക്കാർ നിൽക്കുന്നു. അതേ സർക്കാർ തന്നെ പ്രവാസി മലയാളികളെ മലയാളം പഠിപ്പിക്കാൻ പദ്ധതി നടപ്പിലാക്കുകയും ചെയ്യുന്നു. മലയാളം കേരളത്തിൽ അവഗണിക്കപ്പെടുകയും പ്രവാസലോകത്ത് കൂടുതൽ ചേർത്തു നിർത്തപ്പെടുകയും ചെയ്യുന്നുവെന്ന വിമർശനത്തെ ഈ ഉദാഹരണവും കൂടുതൽ ശക്തിപ്പെടുത്തുന്നു.

**ഗൾഫ് മലയാളം നിഘണ്ടു**

വിവിധ മലയാളങ്ങളുണ്ട്. മാനക മലയാളത്തിനുള്ളിൽ പ്രവർത്തിക്കുന്നതും അതിന് പുറത്ത് പ്രവർത്തിക്കുന്നതും. വാമൊഴിയുടെ നിരവധി വകഭേദങ്ങൾ. കണ്ണൂർ ജില്ലയിലെ ചില ഭാഗങ്ങളിലും കാസർകോട് ജില്ലയിലെ നീലേശ്വരത്തും മാത്രമായി ഉപയോഗത്തിലുള്ള മലയാള വാക്കുകളുടെ ഒരു നിഘണ്ടു 'പൊഞ്ഞാറ്' എന്ന ശീർഷകത്തിൽ (എഡി: അംബികാസുതൻ മാങ്ങാട്, 2004) പ്രസിദ്ധീകൃതമായിട്ടുണ്ട്. 2000ത്തോളം വാക്കുകൾ ആണ് ഈ നിഘണ്ടുവിലുള്ളത്. ഒരു പക്ഷെ ഇന്ത്യയിലെ തന്നെ ആദ്യ നാട്ടുഭാഷാ നിഘണ്ടുവായിരിക്കുമിതെന്ന് അംബികാസുതൻ മാങ്ങാട് ഇതു സംബന്ധിച്ചുള്ള വിശദീകരണം ചോദിച്ചപ്പോൾ പറയുകയുണ്ടായി. ഒരു ഭാഷയുടെ തന്നെ നിരവധി വകഭേദങ്ങളെ നമുക്കു മുന്നിൽ വെച്ചു തരുന്ന പ്രവർത്തനമായി പൊഞ്ഞാറ് നിഘണ്ടുവിനെ കാണാം. അതായത് ഒരു മലയാളമല്ല, നിരവധി മലയാളങ്ങളുണ്ടെന്നർഥം. ഇത് ഔദ്യോഗികമായി തന്നെ അംഗീകരിക്കപ്പെട്ടു. മലയാളത്തിലെ അംഗീകാരമുള്ള നിഘണ്ടുവായ ശബ്ദതാരാ

വലിയിൽ ഇപ്പോൾ പൊഞ്ഞാറിലുള്ള 200 വാക്കുകൾ കൂടി ചേർത്തിട്ടുണ്ട്. പൊഞ്ഞാറ് എന്ന വാക്കിന് മാനക മലയാളത്തിൽ ഗൃഹാതുരത്വം എന്നാണർഥം. ഇത്തരത്തിൽ നിരവധി മലയാളങ്ങളുടെ നിഘണ്ടുക്കൾ ഇറങ്ങുകയും അവ ഘട്ടം ഘട്ടമായി ശബ്ദതാരാവലിയുടെ ഭാഗമായി മാറുകയും ചെയ്യുമ്പോഴാണ് മലയാള ഭാഷയുടെ വൈവിധ്യവും വൈപുല്യവും ശരിക്കും തിരിച്ചറിയാൻ കഴിയൂക.

കേരളത്തിലെ പൊഴിയൂർ മുതൽ അഞ്ചു തെങ്ങുവരെയുള്ള തീരദേശത്തെ സംസാര ഭാഷ നിഘണ്ടുവും (ഡി. അനിൽകുമാർ, 2019) ഇറങ്ങിയിട്ടുണ്ട്. കവി കൂടിയായ ഡി. അനിൽകുമാർ സമാഹരിച്ച ഈ നിഘണ്ടുവിൽ 1200 ഓളം വാക്കുകൾ ശേഖരിച്ചിട്ടുണ്ട്. ഈ വാക്കുകളും മാനക മലയാളത്തിന് പുറത്തുള്ളവയാണ്.

മലയാളഭാഷയുടെ ചരിത്രം എടുത്താൽ ഇന്ന് മാനക മലയാളത്തിൽ ഉപയോഗിക്കപ്പെടുന്ന നിരവധി വാക്കുകൾ സംസ്കൃതം, പ്രാകൃതം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, മറാഠി, പേർസ്യൻ, അറബി, ഹീബ്രു, സുറിയാനി, ഗ്രീക്ക്, ലത്തീൻ, പോർത്തുഗീസ് എന്നീ ഭാഷകളിൽ നിന്ന് പല കാലങ്ങളിലായി മലയാളം സ്വീകരിച്ചതാണ്. ഈ ഭാഷകളുമായുള്ള ബന്ധം കേരളക്കരയിലേക്ക് ഈ ഭാഷകളിലുള്ള നാട്ടിൽ നിന്നുള്ളവരുടെ വരവിനും മലയാളിയുടെ അതാത് നാട്ടിലേക്കുള്ള പോക്കിനും കൊളോണിയൽ ഭരണകാലത്തെ ഭാഷാ അധികാര പ്രയോഗത്തിനുമെല്ലാം ബന്ധമുണ്ട്. മുലപ്പാൽ എന്നതിന് മലയാളത്തിൽ ഉപയോഗിക്കുന്ന അമ്മിഞ്ഞ എന്ന പദം പോലും പോർത്തുഗീസ് ഭാഷയിൽ നിന്നുള്ളതാണെന്ന് പറയുമ്പോൾ മലയാളം പുറത്തു നിന്നും സ്വീകരിച്ച വാക്കുകളുടെ വൈപുല്യം മനസ്സിലാക്കാവുന്നതേയുള്ളൂ. ഇതു സംബന്ധിച്ച് വിശദമായ പഠനം ഡോ. പി. എം. ജോസഫ് നടത്തിയിട്ടുണ്ട് (ഡോ. പി. ജോസഫ്, 1984) 540 പേജുള്ള ഈ പുസ്കം മലയാളത്തിലെ വാക്കുകളുടെ ആദാനപ്രദാന ചരിത്രത്തിലേക്ക് വിശദമായി വെളിച്ചം വീശുന്നു. ഈ ആദാനപ്രദാന പ്രക്രിയയിലൂടെയാണ് മലയാള ഭാഷ വികസിച്ചതെന്നും ഈ പുസ്തകം തെളിവുകളുടെ പിൻബലത്തോടെ സ്ഥാപിച്ചുറപ്പിക്കുന്നു.

ഭാഷയുടെ വളർച്ചയുടെ സ്രോതസ്സുകൾ അന്വേഷിക്കുന്ന രീതിയെക്കുറിച്ച് പുസ്തകത്തിന്റെ ആമുഖത്തിൽ നിന്ന്, 'ഇംഗ്ലീഷ് ഭാഷയിൽ പ്രസിദ്ധീകൃതമായ നിഘണ്ടുക്കളിൽ നിസ്സാരപദങ്ങളുടെ പോലും പ്രഭവത്തെപ്പറ്റി സൂചിപ്പിക്കുന്നുണ്ട്. നമ്മുടെ ഭാഷകളിൽ നിന്നും പോയിട്ടുള്ളതും നാം ശ്രദ്ധിക്കാതിരുന്നതുമായ പദ

ങ്ങൾ അവിടെ കാണുമ്പോഴാണ് നാം വിസ്മയിച്ചു പോകുന്നത്' (പേജ്-6).

ഇന്ന് മലയാളം പോലുള്ള ഒരു ഭാഷയെക്കുറിച്ചാലോചിക്കുമ്പോൾ അത് നേടിയ വളർച്ചയുടെ പല വഴികളെക്കുറിച്ചും പഠിക്കുകയും അത് രേഖപ്പെടുത്തപ്പെടുകയും വേണം. ഒരു മലയാളമല്ല, പല മലയാളങ്ങളാണുള്ളതെന്ന സങ്കൽപ്പത്തോടെ (ഭാഷയെക്കുറിച്ചുള്ള ശുദ്ധിവാദത്തിൽ നിന്ന് മോചിതമായി, ഭാഷയിൽ വന്നു ലയിച്ചു ചേർന്ന വാക്കുകളേയും സംസ്ക്കാരങ്ങളേയും കണ്ടെത്തി, അത് കലർപ്പല്ല, ലയനമാണ് എന്ന് തിരിച്ചറിയുകയാണ് പ്രധാനമായും വേണ്ടത്).

ഇത്തരമൊരു സാഹചര്യത്തിൽ ഒരിക്കൽ അറബികൾ കേരളത്തിൽ വരികയും അവരിൽ നിന്ന് പല വാക്കുകളും (ഉദാഹരണത്തിന് നക്കൽ (കരട്-ഡ്രാഫ്റ്റ് എന്ന അർഥത്തിൽ മാനക മലയാളത്തിൽ ഉപയോഗിക്കുന്ന വാക്ക് മൈതാനം, മുൻഷി, നാരങ്ങ തുടങ്ങി നിത്യജീവിതത്തിൽ മലയാളി ഉപയോഗിക്കുന്ന നിരവധി വാക്കുകളുടെ നിഷ്പത്തി അറബിയിൽ നിന്നാണ്) മലയാളം സ്വീകരിക്കുകയും മലയാളമാക്കി മാറ്റുകയും ചെയ്തു. പിന്നീട് തൊഴിൽ കുടിയേറ്റത്തിന്റെ ഭാഗമായി ലക്ഷക്കണക്കിനു മലയാളികൾ അറബ് നാടുകളിൽ എത്തി. അവർ അവരുടെ ജീവിതാനുഭവങ്ങൾ കൂടി ചേർത്ത് പുതിയ നിരവധി മലയാള പദങ്ങളുണ്ടാക്കി. ഗൾഫിലെ നിത്യജീവിതത്തിൽ അവരത് ഉപയോഗിക്കുന്നുമുണ്ട്. അത് പൊതു മലയാളനിഘണ്ടുവിന്റെ ഭാഗമാക്കേണ്ടതുമാണ്. പൊഞ്ഞാറിലെ 200 വാക്കുകൾ ശബ്ദതാരാവലിയിൽ ചേർക്കപ്പെട്ടതുപോലെ ഗൾഫ് മലയാളവും ചേർക്കപ്പെടണം. അതിനായി ആദ്യമുണ്ടാകേണ്ടത് ഗൾഫ് മലയാളം നിഘണ്ടുവാണ്. ഗൾഫിലെ വിവിധ രാജ്യങ്ങളിലൂടെ 2010-2012 കാലത്ത് സഞ്ചരിക്കുമ്പോൾ കേട്ട മൂന്നു വാക്കുകൾ ഇവിടെ പങ്കുവെക്കുന്നു.

1. മെമ്മറി സ്റ്റിക്ക്-ഓർമ്മത്തണ്ട്
2. മൊബൈൽ ഫോൺ- കൈ ഫോൺ
3. മൊബൈൽ ഫോൺ വൈബ്രേഷൻ മോഡിൽ ആക്കുന്നതിന്- തരിപ്പിലിടുക

ഇത്തരത്തിൽ നിരവധി വാക്കുകൾ ഓരോ കാലത്തും, ഓരോ തലമുറയിലും ഗൾഫ് മലയാളികളിൽ നിന്നുമുണ്ടായിട്ടുണ്ട്. അതു സംബന്ധിച്ച് ഭാഷാ ഗവേഷകരുടെ പഠനങ്ങളൊന്നും തന്നെ

യുണ്ടായിട്ടില്ല. ഗൾഫിലെ സംഘടനകൾ പല തരത്തിലുള്ള പ്രസിദ്ധീകരണങ്ങൾ ഇറക്കിയിട്ടുണ്ടെങ്കിലും അവിടെ മാത്രം പ്രചാരത്തിലും വിനിമയത്തിലുമുള്ള മലയാള വാക്കുകളും പ്രയോഗങ്ങളും സമാഹരിക്കപ്പെട്ടിട്ടില്ല. അത്തരമൊരു നിഘണ്ടു (അച്ചടി ആകണമെന്നില്ല, ഡിജിറ്റൽ-ഓൺ ലൈൻ ഫോർമാറ്റിലായാലും മതി) പുറത്തു വരുമ്പോൾ മാത്രമേ മലയാളത്തിന് ഗൾഫ് മലയാളി നൽകിയ സംഭാവനകൾ തിരിച്ചറിയാൻ കഴിയൂ. അത്തരം ശ്രമങ്ങൾ തുടങ്ങേണ്ടതും സാക്ഷാത്ക്കരിക്കേണ്ടതും ഗൾഫ് ഡയസ്പോറയിൽ ഇന്നും മലയാളത്തെ കാത്തു സൂക്ഷിക്കുന്ന മലയാളി പ്രവാസികൾ തന്നെയാണ്.

## References


അബു ഒ., *അറബി-മലയാള സാഹിത്യചരിത്രം,* സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, 1970.

അംബികാസുതൻ മാങ്ങാട്, *പൊഞ്ഞാറ് നിഘണ്ടു*, കാഞ്ഞങ്ങാട് നെഹ്റു കോളേജ് പബ്ലിഷിംഗ് കമ്മിറ്റി, 2004.

അനിൽകുമാർ ഡി, *കടപ്പെറപാസ*, പ്രാവ്ദ ബുക്സ്, കൊല്ലം 2019.

ജമീൽ അഹമ്മദ്, *ഒരു ലിപിയുടെ സാംസ്ക്കാരിക വിവക്ഷകൾ,* മാധ്യമം ആഴ്ചപ്പതിപ്പ്, 2020, നവംബർ 9.

ജോസഫ് പി. *മലയാളത്തിലെ പരകീയ പദങ്ങൾ*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1984

ബെന്യാമിൻ, *അപ്ഗ്രേഡ് ചെയ്യപ്പെടുന്ന മലയാളം/കുടിയേറ്റം പ്രവാസത്തിന്റെ മലയാളി വഴികൾ*; ഡി. സി. ബുക്സ്.

ശിഹാബുദ്ധീൻ പൊയ്ത്തുംകടവ്, *മറുജീവിതം,* ഗ്രീൻബുക്സ്, തൃശൂർ, 2017

ഷാർജ പൊന്നാനി വെൽഫെയർ അസോസിയേഷൻ, *മണലാരണ്യത്തിലെ നാൽപ്പതു വർഷം*, 2006

Illias M. H., Midle east. *Contexualisting community*, Ed: German & Kasbarian Edinburgh University press - 2015

# SITUATING THE CATEGORY OF URBAN

**Sanil M. Neelakandan**

***Abstract***: *This paper attempts to revisit the category of the urban through the lens of urban sociology. History of the category of the urban is much explored in the field of sociology in general and urban sociology in particular. It explores the epistemological underpinnings of the category of the urban via sociological and social theoretical articulations across the globe. At the same time, such an endeavor to trace the genealogy of the notion of urban is not reduced to any sort of foundational exercise. Broadly, it reflects on various categories and theoretical approaches that have enriched the understanding of the category of urban. Thus, the paper provides an open-ended space to generate reflexivity in relation to the debates on the category of urban.*

***Keywords***: Urbanization, Migration, Capitalism, Modernization

The observation of Iyyer was further strengthened by travelogues of different periods. Ma Huan, the 14th century Chinese Traveler, writes that in the method of calculations, they (people of Calicut) do not use a calculating plate, for calculating, they use only two hands and two feet and the twenty digits on them; and they do not make slightest mistake (this is) very extra ordinary(Ma.Huan,Ying-Yai Sheng-lan,1970). Peter Della Velle, an Italian traveler, in his 'Letters' (1622-3), gives a description about the arithmetic learning of the children. He writes: *The boys learned arithmetic in a strange manner. They were four, and having taken the same lesson before the master, to get that same by heart and repeat likewise their former lessons and not forget them, one of them sung musically with continued tone*. Alexander Walker, a military officer under the East India Company opines that the *Hindoos never made use of experiments, and it is extra ordinary that without this aid, they showed difficult and hidden branches of mathematical astronomy, and Algebra*[2]**.** Samuel Mateer, In his Land of Charity depicts the village school teachers of Kerala as extra ordinary brilliant in their computational abilities. Autobiographies of different categories, tell us that the curriculum of their village schools was overloaded with mathematical education (Samuel Mateer,2017:102). Melapathur Narayanabhattathiri, in his short poem on Cochin, illustrates people loitering in the town were proficient in mathematics with sound knowledge in formulas and computations prescribed in *Lilavati*, a mathematical text written in Sanskrit language.

It is generally believed that the Kerala Mathematics has its origin from the 14th century CE and its glory died out by the end of 16th century. However, historical enquiries reveal that the root of mathematics in this region lies in the period of

early Tamil anthologies. Thiruvalluavar considers letters and numbers similar to two eyes of human beings. Mathematics had a prominent place in the curriculum of Sangam age. Along with the philosophical woks like Kakaipatiniyam, mathematical text called Erambam was also taught in Thinnappally, the village schools. As a pre requisite to the study of higher level astronomy and astrology, primary knowledge in mathematics was essential. We also learn that Tamil people had a fair knowledge in the calculations with fractional numbers. These aspects are to be examined against the background of the Vedic influences in Tamil countries and their involvement in trade with countries like Greece and Rome.

B.V. Subbrayappa, in his small treatise titled Numenrals and Eclipses in Indian Epigraphy remarked thus: In the manifold scientific heritage of India, the sidhantic or mathematical astrology, noted for its computational attainment, has distinct position. It continued with unabated rigor up to the end of the 19$^{th}$ century marked by extensive treatises and enlarged by associated mathematic, algebraic, trigonometrically and geometrical achievements. The concept of decimal place system originated in India around 4$^{th}$ century AD and became the foundation source of Indian mathematical astronomy much earlier than it did elsewhere in the ancient period (B.V.Subbarayappa, 2013:5).

It is interesting to note that the ancient Indian mathematical tradition was perpetuated successfully in Kerala than elsewhere. It appeared in peninsular India through Arya Brahmans during their southward movement which started around 6$^{th}$ century CE. All the best commentaries on Aryabhatiyam appeared in Malayalam speaking area. By the close of the 8$^{th}$ century CE, a drastic change in social, political

and cultural area had been taken place in the geographical area now designated as Kerala. In search of fertile, cultivable lands and pastoral areas and other opportunities, giant Brahmin bands from the Gangetic basin migrated to extreme south through western coast of South India (Konkan coast). They entered Kerala through Karnataka with new cultural tradition that was entirely distinct from the existing socio-cultural system. Traditional sources mention 32 Brahmin settlements from Payyanur in the north to Niranam in the south. Subsidiary villages were also grown up subsequently. All these developments ultimately resulted in the formation of a new administrative system under a lineage claiming heritage of ancient ceras with their capital at Mahodayapuram. About these new settlers, Prof. MGS Narayanan makes the following observation:

'*With their well organized community life in semi-autonomous temeple centered villages and their common leadership, their Kanarese-prakrit-sanskrit languages, their superior agricultural technologies and their willingness to befriend and exploit the indigenous population, they became formidable force in Kerala politics capable of reshaping everything according to their choice (M.G.S.Narayanan, 2013:16)* .

Brahmin settlements and adjunct political system, patronized both the Saivism and the Vaishnavism. This resulted in the building up of different categories of temples across the state. These temples were known as *Mukkalvattam*. Along with some prominent temples, there started educational institutions called Salais. Contemporary inscriptional evidences indicate that similar institutions flourished all over south India under different names and forms like Gahatika, Mata, Agrahara and the like. They served as great residential college and provided

facilities for the study of religious literature as well as secular subjects. Parthivapuram copperplate of Ay ruler Karunanthadukkan (866 CE) speaks of the entire activities of Salais including curricular aspects. Although it does not mention mathematics as a separate branch of study, it can be inferred that it was part of the philosophical works which constituted their curriculum[3]. We have a contemporary astronomical work Laghubhaskariyavakya, composed in Saka year 791 which corresponds to 869 AD, by Sankaranarayana, the court astrologer of Sthanuravi, the second of Cera ruler. It was a summary and simplification of Bhaskara's (544 CE) work for the instruction of children or less intelligent people. As a mathematical genius, Sanakaranarayana thinks that it was his duty to enlighten the weaker students in the discipline. The main object of this work was to deal systematically with the modes of operandi for determining the position of planets using the principle of arithmetical calculations enunciated by Aryabhatta. The progress of astronomy at the Cera capital under the patronage of Sthanuravi is highlighted by the references to the *Rasicakra* marked by a *Yantravalaya*, evidently a part of the observatory which king Ravi Varma had established there. The popularity of the science in the kingdom as a whole is indicated by the statement of the position of Jupiter in most of the temple inscriptions. They also mention the date, month, week-day, asterism etc. Such data help the calculation, and sometimes the correction, of a given date (M.G.S.Narayanan:391). It was already known that Jupiter moves about 30.5 degree in the course of a year. For example, Tali inscription of the Cochin state records that it was issued in the 17$^{th}$regnal year of king Kota Ravi and at that time Jupiter was in Mithunamrasi. Kali era is also referred to in it.

Temple inscriptions provide ample evidences of the people's interest in number games. When they wanted to indicate the regnal year of a king, instead of giving it as such, it was written in a split manner. For example year 36 was written as 30+6 or 32 +4. Certain inscriptions were recorded in Kali days also. For example, Parthivapuram copperplate was issued on the 1249087 th day of Kaliyuga. It was the 15th day of the 9$^{th}$regnal year of the king. Kollam era, which came in to existence in 825 CE, was already popular in Kerala by that time. People of the period had a clear idea about the complex calculations involved in the conversion of Kaliday in to Kollam Era. Unlike other part of India, majority of the inscriptions in Kerala were not issued by the ruling authorities. They were resolutions of village assemblies or temple committees and prepared by local scholars. Since many of them address the Karala-s or Sudra-s, it can be assumed that even the common people had some amount of knowledge in astronomical mathematics. Sources are slender to trace the popular education during the first part of the medieval period.

Letter-numeral games like *Katapyati* and *Bhutasankya* were also popular in the early medieval phase. These were used to make Kalivakyas, i.e., chronograms expressing the days or years in terms of Kali era. Katapyadi was a technique to convert numerals in to meaningful words or verses for easier calculation. It was an advanced version of Aryabhatta's word-numeral system. This system provides an opportunity to assign more than one letter to one numeral and nullify certain other letters as valueless and thereby flexible in framing meaningful worlds. With this, big number of years and dates were easily accommodated in the literary verse or in inscription. For example, in kandiyurmattam inscription of Kota Varma, the date of issue was mentioned in Kalivakya as

*VishamamPunyamekam*. Melpathur Narayana Bhattathiri, in his famous Narayaniyam, records the completion date as *Ayurarogyasoukhyam*. According to the rule of Katapayadi, it is the 1712210th day of Kali year. This can be converted to exact Kali era by dividing it with 365 ¼ and we get the Kali year as 4687 plus 9 months. From this, 3926 is to be subtracted as it was the starting point of Kollam era. At the end of the calculations, we know that the work was finished on 9th months after 1 Metam, 761. ME. It corresponds to the month Vrischikam or Danu, 1587 CE.[4]

We have also *Bhutasankya* Tradition since the time of Sankaranarayaniyam. In it, quite different from *Katapayadi*, the words are given numerical value. The numbers are expressed by name of things, beings, ideas and so on. This system of numeral notation has been, of course, invented in order to facilitate the composition of metrical handbooks of astronomy and so forth (George Buhler,1980:103). We know that most of the works of the ancient period were composed in verse form and if the same word is repeated for the same number in the text part, it would be monotonous and less attractive to the readers and students. Thus the ancient scholars used different words, but meaningful, for denoting the same number. Synonymous words were also given the same value. Sankaranarayana, in his Vivarana (Laghubhaskariya Vaghya), on the request of King Sthanuravi, explains the solar eclipse of the time with the help of Bhutasankya. It is thus:

*'Angartwambaranadavedamanudiryanedinangane'*

This statement, according to the rule of Bhutasankhya, can be elaborated in this manner: Angam =6 , Ritu=6, Ambram= 0, Nandas=9, Veda=4, Manu=14. When put

together, we get the number 6609414. The common practice of reading these kinds of chronograms is from right to left (Anganamvamtogati rule). Thus Kalidina for the day of eclipse is 4149066. When converted to Kollam Era, it is 25th mithunam, 41 ME. This corresponds to 16th June, 866. Prof. Elamkulam Kunjan Pillai, who inaugurated the scientific historical research in Kerala, based on an inscription of Amoghavarsha, recovered from Dharward district, proved that the calculated date as intact (N.Sam (Ed.),2005:405-6).

*Katapayadi* or *Bhutasankhya* system was widely used in Kerala until recently. It was an integral part of Pre- colonial Village curriculum and was known as *Paralpperu*. They were not only used to form chronograms, but to remember fractions, ratio between area of circle and diameter and the like. They were formulated in verses called Karikas. For example, the cantos denoting the ratio between area of circle and diameter was thus:

*Narmajyenavattathe,*
*pperukkasarlangavum,*
*KizhichalSukshmamamVittam,*
*Vattathinnumarichumam*

Much has been written about the higher level mathematics developed in Kerala during the period between 14th and 17th century. The subject was monopolized by the hegemonic Brahmins and books concerned were composed in Sanskrit language alone. By around 16th century CE, there had been an unprecedented interest in Sanskrit among the people of Kerala. Consequently Village schools called *Kutippallikkudams* started to give over emphasis to Sanskrit language education. Proficiency in Devabhasha instilled them

more self confidence and self respect. It accelerated the Sanskritization process in Kerala. With these developments, there was a growing tendency among the native scholars to get all sorts of knowledge, hitherto concealed in Sanskrit, in to common tongue. Regional political authorities called Swarupams and prominent feudal families patronized literary activities and this period produced large number of original or retold versions of high quality works in different areas. About this aspect, Alexander Walker remarked thus:

'*It has been long practice in Malabar to translate the Sanskrit works into the common tongue, and transcribe them in to vernacular characters. By this means, knowledge has been more generally diffused among the inhabitants; it is less confined to any order or class, and people are better acquainted with mysteries and dogmas of their religion. This spirit of enquiry and of liberty has most probably been affected by the Sudras who compose the great body of population, and who were ion procession of principal authority and property in the country*'[5]**.** For example, *Yuktibhasha* of Jyeshtadeva, which deals with rationales (yukti) in mathematics and astronomy, is written in vernacular prose. It becomes the first scientific literature in Malayalam. It is understood that the vernacular mathematics was the continuation of the old Sanskrit tradition. It cannot be studied in isolation. In this time mathematics permeated every realm of life but it was never been as original as it was in the medieval period. It became rather a recreational activity than a subject of intellectual deliberations. This period also failed to produce any one of the mathematician having the capacity of Sankaranarayana, Madhava, Nilakanta or Achyuthappisharoti.

Literacy and computation skill of the people of pre-colonial period is to be analyzed against the background of Kerala's role in the Indian ocean trade network. Malabar, along with Coromandel and Celon, linked the trade from Red Sea and the Persian Gulf to the Chinese coast. Medieval trade flourished in different levels like that of local markets, long distance overland trade and long distance overseas trade. Trade necessitated the transformation of economic structure with enlarged agrarian settlements, emphasis on the cultivation of spices and other cash crops, growth of markets and towns, development of new ports and harbors and the like. Economic life of the Kerala during this period was depended on her commercial contacts with foreign countries.[6] Certainly, an effective trade system demanded people with basic language skills, advanced mathematical knowledge, standard measuring techniques and accounting. Ma Huan writes:

'*If a treasure ship goes to Calicut, they first of all take the silk embroideries and open -work silk and other such goods which have been brought there and discuss the price of them one by one and once the price has been fixed, they write out an agreement stating the amount of price and this agreement is retained by these persons'* (Ma Huan, 1970).

We also understand that the numerical skill was not only required to the trading communities, but one and all involved in that network including producers, local merchants or middlemen. Thus we have different kinds of mathematics as *PonKanankku* (related to the Gold), *Nelkkanakku* (measurement of paddy or rice), *Pakkukanakku* (regarding aricunut) and Tatikkanakku (timber), *Palisakkanakku* (calculation of Interest) and so on. Since all these were related to everyday life, in village schools syllabus, they found a

prominent place. Teachers made use of texts like *Kanakkadhikaram* or *Kanakkuchodyam* or *Kanakkusarm* to elaborate fundamental concepts and. All these vernacular works made use of Lilavati as source book and it is evident from their colophon parts. Curriculum of any given time is the embodiment of the dominant socio-political ideology and cultural perspectives. No wonder, a society based on agriculture and trade, wanted to frame an education with over emphasis on basic arithmetic, advanced level computations and knowledge in metrics. Before the spread of modern education, fractions were written in letter symbols and expressed in words like onnu (1), ara (½), Kal (1/4), arakkal (1/4), Makani (1/16), Arama Arakani (1/32) Kani Munthiri (1/64) and so on. As per this practice, 1/3 was pronounced as '*kaloruma arama arkkani keezharayil moonukakani munthiri immiezhu'*. Many autobiographies and other observations depict traditional Kerala society as conservative or benighted one.

Every village had a hereditary astrologer. Astrological knowledge was used in every important event like birth, death, marriage, christening, to give first solid food, to travel, to take medicine, planting tree, sowing seed, for tonsure and so on. It was believed that the human fortune is determined or controlled by stars and the position on planets. It was quite impossible to avail professional astrologer in every situation. To tackle this, basic astrology was made mandatory in the school curriculum. Even in 1817, when the queen of Travancore decided to open state sponsored schools, Jyothisha (astrology) was suggested as core subject besides Malayalam and mathematics. Among the three sections of astrology, the first two, Ganita and Samhita were taught in the ordinary class room. Since the third section, the Hora, was the sustenance of

the astrologer- cum- teacher, it was not dealt during the schools hours.

As part of astrology, students were taught to find out *Nakshatras* (stars) and *Thithis*. They were also trained in *Chandravakyas*. Before the adoption of Babylonian calendar, or solar Zodiac, Indian had been using certain groups of stars or asterisms called *Nakshatras* to mark the path of moon from day to night. The *Nakshatra*s give very roughly the right position of the moon by indicating its proximity to the stars and constellations. The difference of longitude of moon and sun determines the Thithi. When the difference lies between 0 Degree to 12 Degree, it is the first Thithi and called Pradhipadha. If it is between 12 Degree and 24 degree, it is Dwitiya. It goes on like. The *Nakshatra* and *Thithis* were believed to determine every Hindu ritual, fast, feast or festivals. Vakyas are also called as *Girnasreyadi* and tell us the distance of moon, which travels through *rasichakra*, from the Metam rasi. Vakya-s were different for different days and students had to memorize total 248 vakyas in this category. As a text books of astrology in the class room, *Kaladipakam Balasankaram* and *Muhurtapadavi Balasankram* deserve special mention. The suffix *Balasankaram* indicates their pedagogic nature.

*Jya*, a specialized computational aspect in trigonometry was also taught in the class room. The concept of Jya and its computation is well explained in the fourth chapter of the *Sadratnamala*, a classic work on astronomy by Sankaravarman of Katathanadu (1774-1839). The string tying the two ends of the bow is called *Jya* (or rope) in Sanskrit. *Jyaardha* is the half of this length. Ancient Indian people knew the exact value of Jya for angle 30, 45, 60 and 90 degree. There were also *Koti Jya* and *Utkarma Jya* in this category and

closely related to the modern trigonometric function of Sine and Cosine. *Koti Jya* has the meaning of 'cusp' (point) and specifically the curved end of a bow. In trigonometry, it came to denote the complement of an arc to 90 degree. *UtkarmaJya* means inverted chord. The tabular values of *UtkarmaJya* are derived from the tabular value of *Jya* by subtracting the elements from the radius in the reverse order[7]**.** Learning of *Jya* was necessary not only in mathematical science or astronomy but in everyday life situations like sharing the land property, Architecture or in sculpture.

One of the significant contributions of this period was that the complex mathematical and geometrical themes were made attractive through life related or storytelling method. Highlighting the mathematical skills of the people of Kerala, Bartholomaeus Ziegenbalg, of Danish-Halles Mission (1682-1719) had written a book titled *Malabar Arithmetic*.[8] Mathematical problems were formulated in verse form called Karikas. These karakas were capable of stimulating aesthetic, imaginative and other intellectual faculties of the students. Here is an example:

Muppathu parthalppilmulacha nal/ panamuttilninnoru pallithan/canuyarcha karerinanoru / nalvilralkkumirnginan/ perthurantukoluyarathi/lullorumarathitai-pesukethrnal kareriyatutha-varatuchollitir

(a lizard tries to climb up a palm tree of 32 feet . Its pace of climbing is 1 chan up and 4 viral down. How many days will it take to reach the top of a tree? One *viral* is equal to the length of 8 row rice and a *chan c*omprises 4 virals)

Another example from geometry was thus: two monkeys perching on the top of a palm tree of 100mtrs height,

both want to drink water from the stream 200 mtrs away. The first monkey got down through the trunk of the tree itself and reached the stream. The second jumped diagonally to the stream. If so, to what height he might have jumped additionally to get the stream directly?.

Prof. C. K. Musad, in his *Prachina Ganitham Malayalathil*, gives a number of mathematical riddles circulated in Kerala. An example is given here to show how they were life centered. After a quarrel with her husband, a lady walks away from him. She walks one *yojana* per day. Seven days later husband sets out in search of her. He walks one and half *yojana* per day. When will (on which day) the husband meet his wife?[9] Apart from these, there were puzzles having sexual connotations. An example from Kanakkuchodhyam is given here:

> Pathumorarumvayassullorumankathanutalpulkuvan
> pathumonpathumettumanchupanamnalkanamenkilo/
> pathumancumorncumevamatulllamankayeventukil/
> pathiyotukanakkinethirakaanamuntukanakkare ?

(If one has to pay 24 panam for getting a girl aged 16 to concubine, what amount is to be paid for a girl of 20).

A look into the contemporary philosophical trends will answer why past generation attached supreme importance to language and mathematics in their curriculum. The influential trend in the education of the time was somewhat similar to the modern Formal Discipline Theory. According to it, human mind is composed of different faculties and can be strengthened through rigorous training given to each of them. Language, logic or mathematics etc., were the disciplines suggested to mould different faculties of the mind. They

believed that training in language and mathematics- arithmetic, geometry, algebra, and trigonometry – would improve the ability of reasoning. It was expected that the experiences gathered through the learning of such classical subjects would automatically transferred to real life situations. Ancient people educated their children for the future, not for the present. It had long term objectives than the immediate.

Village schools of Kerala had played a vital role in the spread of mathematics in laymen's life. Pre- colonial society in Kerala, as elsewhere in India, consisted of stratified caste hierarchy maintained by traditional customs and general agreements. *Varnasramadharma* or asymmetric caste privileges were strictly enforced. However, the social formation in Kerala had a distinct history because of various internal and external factors. The availability of water in plenty made it possible for every household to have its own source of water and therefore the so called 'polluted sections' could live in the neighborhood of pure sections without polluting the most important sources of water. This co- existence led to some kind of reciprocal relation between different social classes and castes. Certainly these elopements had its own impact in their educational system also. In the elementary level of learning, the concept of pollution was not strictly observed. This is understood from certain autobiographies. Students of different castes were never been put in the same class. However, teacher made separate arrangements to receive and instruct lower sections within the same school compound. Teachers belonged to upper castes hesitated to touch the students of lower strata due to the fear of pollution and hence while punishments mete out, the stick was thrown at them. It was known as *Erinjadikkal*.[10] Yet he was ready to impart knowledge. In historical poem '*Keralam'*, Kodungallur Kunjikkuttan

Tampuran states that, in the learning of Amaram (Sanskrit lexicon) and Ganitam (Mathematics), there was no such caste distinction. In the traditional Gurukula, attached to his own family, lower caste students were admitted without much discriminations. Girls were also allowed to attend the village schools up to the attainment of puberty.

Village schools of Kerala were single teacher institutions. Comparative poverty of indigenous schools made it impossible for the school master to provide assistance for himself by appointment of additional teachers.(John Mathai,1993:39) To overcome this shortage, the teacher employed senior students as monitors to teach specific lessons for the beginners. They closely resembled the modern teacher trainees. These students-cum teachers were popularly known as *Chattampies*. In English records this system was referred to as Monitorial system or Madras system of Education. In fact this was the instructional strategy that saved England from the shameful illiteracy rate among the children of industrial workers and peasants during the first half of the $19^{th}$ century. Dr. Andrew Bell, former Chaplain of Madras Presidency, was the instrumental figure behind the introduction of Madras system in England.[11]

About the indigenous method of teaching, Alexander Walker remarked thus: The pupils are the monitors of each other, and the characters are traced with rod, or the finger on the sand. Reading and writing are acquired at the same time and by the same process (Alexander Walker:258-64). Such a learning method strengthened their memory of complex grammatical rules and mathematics. Scholars like Howard Gardner opines that, instead of a ‘single structure of intelligence’, there are different and independent intelligences

like linguistic, logical-mathematical, body-kinesthetic, musical, intra-personal or inter-personal[12]**.** Either of them is superior or inferior. Some people excel in some areas and others in another. However, in traditional Kerala society, people with linguistic and mathematical intelligences were honored with extreme respect. It reveals the fact that intelligence is nothing but a culturally defined concept. With the introduction of modern education, there was a divide between language and mathematics. Content of studies and method of instructions were also drastically changed. All these ultimately resulted in the decline of the glory of indigenous mathematics.

## Notes

1. S. Subrahmanya Iyyer, 'Manakkanakku', *Bhashaposhini*, Tulam issue, Kottayam, 1896
2. Alexander Walker, *Walker of Bowland Papers*, National Library, Scotland, Edinburgh. For the full text which deals with village education of Malabar, see, Dharampal, *The Beautiful Trees*, Annexture-C, pp.258-264
3. For the full text of Parthivapuram Copper plates, see, *Travancore Archaeological Series*, No. 1. Vol.I, Trivandrum, 1908.
4. For details regarding the calculation and conversion of Kalidina Sankhya to Kollam Era, see, Changampuzha Krishna Pillai, *Panchanga Ganitam*, Kannur, 2013.
5. Alexander Walker, *Walker of Bowland Papers*, National Library, Scotland, Edinburgh. For the full text which deals with village education of Malabar, see, Dharampal, *The Beautiful Trees*, Annexture-C, pp.258-264
6. M. R. Raghava Varier, 'Trade Relation between Kerala and China, A.D 900 to 1500', *in Kerala Archaeological Series*, 2010, Chapter VI. For discussion on the nature and the growth of trade in Medieval Kerala, see, M. Vijyalakshmi, *Trade and Trade Centers in Kerala*, unpublished Ph. D Thesis, University of Calicut, also in K. N. Ganesh, 'Trade Network and the

Process of production in Medieval Kerala', in *Reflections on Pre-Modern Kerala*, Trissur, 2016.

7. For details, see, Nagarajan, L.V, *Sine of an Angle-by Hindu Mathematics*, https//lvnaga,wordpress.com

8. For details, see, Albrecht Frenz, 'The Protestant Mission in South India: Gundert Work in Kerala', *Tapasam*, Vol. VII, issue 3 and 4/January and April, pp. 167-197

9. C. K. Musad, *Pracheena Ganitam Malayalathil,* State language Institute, Trivandrum, 1980. This is an excellent work on the vernacular mathematics in Kerala.

10. See, C. Kesavan*, Jeevithasamaram*, (1968), Kottayam, 2011, p. 62 and also, P. K. Madhavan, *Deshabhimani T. K. Madhavan,* (1937), Kottayam, 2014, pp. 39-40

11. For more about Monitorial System, see, Sreejith. E, Education in Kerala: Past and Present (Mal.), SPCS, Kottayam , 2016

12. Concept of Multiple Intelligences is popularized by Howard Gardner, neurologist-cum-educationalist from the Harvard University. His major works are *Frames of Mind: The theory of Multiple Intelligences*, Fontana Press, 1983 and the *Intelligence Reframed: Multiple Intelligences for 21st Century*, 1999

## References

Alexander Walker, *Walker of Bowland Papers*, National Library, Scottland, Edinburgh.

George Buhler, *Indian Paleography*, (1904) New Delhi, 1980.

John Mathai, *Village Government in British India*, (1915), New Delhi, (reprint), 1993.

Narayanan M G S., *Perumals of Kerala*, Trissur, 2013.

Sam N.(Ed.), Elamkulam, *Sthanuraviyute Kalam*, *in selected Works*, Trivandrum, 2005

Subbarayappa B. V., *Numerals and Edipses in Indian Epigraphy*, ICHR, New Delhi, 2013

# നോവൽ സിനിമ രാഷ്ട്രീയം: ഇരുപതാം നൂറ്റാണ്ടിലെ പ്രവണതകൾ

**S. Gopu**

***Abstract:*** *മനുഷ്യന്റെ രാഷ്ട്രീയജീവിതവും സാംസ്കാരിക ബോധ്യങ്ങളും പരസ്പരപൂരകമായാണ് വർത്തിക്കുന്നത്. മാന വരാശിയുടെ ചരിത്രത്തെ നിർണ്ണയിക്കുന്ന വിധത്തിൽ ഇവ തമ്മിൽ ഇടപെടുകയും സങ്കല്പങ്ങളെ മാറ്റിപ്പണിയുകയും ചെയ്യുന്നു. സംസ്കാരത്തിന്റെ നിർമ്മിതികളെന്ന നിലയിൽ കലയും സാഹിത്യവും രാഷ്ട്രീയജീവിതത്തിൽ ഇടപെടു ന്നുണ്ട്. രാഷ്ട്രീയം, അവയുടെ പ്രമേയതലത്തിൽ സന്നിവേശി ക്കുകയും ചെയ്യുന്നു. ഇത്തരമൊരു ചിന്താപരിസരം കലയി ലെയും സാഹിത്യത്തിലെയും രാഷ്ട്രീയാവിഷ്കാരങ്ങളുടെ പഠനത്തെ പ്രസക്തമാക്കുന്നു. കേരളത്തിലെ കലാസാഹിത്യ രംഗങ്ങളിലെ ശ്രദ്ധേയരൂപങ്ങളെന്ന നിലയിൽ, മലയാള സിനി മയിലെയും നോവലിലെയും രാഷ്ട്രീയാവിഷ്കാരങ്ങളുടെ വിശകലനമാണ് ഈ പ്രബന്ധം. രാഷ്ട്രീയം എന്ന ഒരു പ്രമേയഘടകത്തിന് രണ്ടു മാധ്യമങ്ങൾ ഒരേ കാലത്ത് എങ്ങനെ ആവിഷ്കാരം നൽകി എന്ന പരിശോധനയാണ് നിർവ്വഹിക്കുന്നത്.*

***Keywords:*** *ചലച്ചിത്രാഖ്യാനം, ദൃശ്യരൂപണം, പ്രമേയപരിചര ണം, വിരുദ്ധജോഡി, സമാനജോഡി, സമാന്തരജോഡി, കച്ച വടസിനിമ, മധ്യവർത്തിസിനിമ, സമാന്തരസിനിമ, രാഷ്ട്രീയ സിനിമ.*

ഏറ്റവും ജനപ്രിയമായ സാഹിത്യരൂപമാണ് നോവൽ. സിനിമ യാകട്ടെ ആധുനിക കാലഘട്ടത്തിലെ ഏറ്റവും ജനകീയമായ കലാ മാധ്യമവും. ജനപ്രിയതയുടെ കാര്യത്തിൽ നോവലിനും ചലച്ചിത്ര ത്തിനുമുള്ള സമാനത പഠനത്തിന് നവീനമായ സാധ്യതകൾ നൽകുന്നു. വാക്കിന്റെ വിന്യാസങ്ങളിലൂടെ രൂപമെടുക്കുന്ന ഭാഷ യുടെ സാധ്യതകളാണ് നോവലിന്റെ ആഖ്യാനത്തെ നിർണ്ണയിക്കു ന്നത്. ചലച്ചിത്രാഖ്യാനത്തിന്റെ അടിസ്ഥാനം ദൃശ്യങ്ങളാണ്. ആഖ്യാനപരമായ ഈ വ്യത്യാസം നിലനിൽക്കുമ്പോഴും ആവി ഷ്കാരത്തിന്റെ സാധ്യതകളിൽ നോവലും സിനിമയും ചില സമാ നതകൾ പുലർത്തുന്നുണ്ട്. ആഖ്യാനത്തിന്റെ സ്ഥലപരവും കാലപ രവുമായ അംശങ്ങളിൽ ഈ രണ്ടു മാധ്യമങ്ങൾക്കുമുള്ള സാധ്യത കൾ അപാരമാണ്. അനുഭവതലം സൃഷ്ടിക്കുന്നതിനും പാത്രസൃ ഷ്ടിയിലും ഏതു തലത്തിലുമുള്ള പരിണാമത്തിന്റെ ആവിഷ്കാര

ത്തിലും മറ്റ് കലാ/സാഹിത്യരൂപങ്ങൾക്ക് അന്യമായ സാധ്യതകൾ നോവലിനും സിനിമക്കും സ്വന്തമാണ്. സാഹിത്യത്തിനും സിനിമക്കും വ്യത്യസ്ത മാധ്യമങ്ങൾ എന്ന നിലയിലുള്ള വ്യതിരിക്തതകൾ നോവലിനെയും സിനിമയെയും അടിസ്ഥാനപരമായി വേർതിരിച്ചു നിർത്തുന്നുമുണ്ട്. രാഷ്ട്രീയപ്രമേയത്തിന്റെ ആവിഷ്കാരത്തിന് ഏറെ സ്വീകരിക്കപ്പെട്ട മാധ്യമങ്ങൾ എന്ന നിലയിലും നോവലിനെയും സിനിമയെയും മുൻനിർത്തിയുള്ള പഠനം പ്രസക്തമാണ്. മലയാള സിനിമയുടെ പിറവിക്കു ശേഷം രചിക്കപ്പെട്ട രാഷ്ട്രീയ നോവലുകളെയാണ് രാഷ്ട്രീയ സിനിമകളുമായുള്ള താരതമ്യത്തിൽ പരിഗണിക്കുന്നത്. സിനിമയാക്കപ്പെട്ട നോവലുകളുടെയും അവയുടെ ചലച്ചിത്രരൂപങ്ങളുടെയും പഠനമല്ല ഇത്. മറിച്ച് 'രാഷ്ട്രീയം' എന്ന പ്രമേയഘടകത്തിന് ഈ രണ്ട് മാധ്യമങ്ങളും നൽകിയ പരിചരണത്തെയും ആവിഷ്കാരത്തെയും അതിന്റെ ക്രമികമായ വികാസപരിണാമങ്ങളെയും സമാന്തരമായി വിലയിരുത്തുന്നു. സമാനവും വിരുദ്ധവും സമാന്തരവുമായ മുഖങ്ങൾ കണ്ടെത്തുന്നു.

**1. ജോഡിപഠനം**

കലയുടെയും സാഹിത്യത്തിന്റെയും വ്യത്യസ്തരൂപങ്ങളെല്ലാം തന്നെ സർഗാത്മകതയുടെ വെളിപ്പെടലുകളാണ്. ഇവയോരോന്നും പരസ്പരബന്ധമില്ലാത്ത ഒറ്റപ്പെട്ട ഭൂഖണ്ഡങ്ങളല്ല. ആഖ്യാനതലത്തിൽ ഓരോന്നിനും വ്യതിരിക്തസ്വത്വം നിലനിൽക്കുന്നുണ്ട്. പ്രമേയ തലത്തിലേക്കെത്തുമ്പോൾ വ്യതിരിക്തതയുടെ അതിർത്തിരേഖകൾ നേർത്തില്ലാതാകുന്നു. മനുഷ്യജീവിതത്തിന്റെ ആവിഷ്കാരവൈവിധ്യങ്ങൾ എന്ന നിലയിൽ ഒന്നായിത്തീരുകയും പലതായി നിലനിൽക്കുകയും ചെയ്യുന്നു. കലയുടെയും സാഹിത്യത്തിന്റേയും വിഭിന്നരൂപങ്ങൾ ജീവിതത്തിൽ ഇടപെടുന്നതുപോലെ, മാറുന്ന രാഷ്ട്രീയകാലവും മൂല്യസങ്കല്പങ്ങളും അവയുടെ പ്രമേയ/ആഖ്യാന ധാരണകളിലും പരിണാമങ്ങൾ വരുത്തുന്നുണ്ട്. സമീപനവ്യതിയാനങ്ങൾ എല്ലാ മാധ്യമങ്ങളിലും ഒരേകാലത്ത് ഉണ്ടായിക്കൊള്ളണം എന്നില്ല. എന്നാൽ ഒരു മാധ്യമത്തിനും ഇതിൽ നിന്ന് ഒഴിഞ്ഞു നിൽക്കുക സാധ്യവുമല്ല. അതിനാൽ പ്രമേയതലത്തിൽ മാത്രമല്ല ആഖ്യാനസമീപനങ്ങളിലും വ്യത്യസ്ത മാധ്യമങ്ങൾക്ക് സമാനതകൾ കണ്ടെത്താനാവും. ഇതോടൊപ്പം സ്വത്വപരമായ വ്യതിരിക്തതകൾ നിലനിൽക്കുന്നുമുണ്ട്. അതുകൊണ്ടുതന്നെ ഒരു പ്രമേയഘടകത്തിന്റെ ആവിഷ്കാരം വ്യത്യസ്ത മാധ്യമങ്ങളിൽ വ്യത്യസ്ത കാലങ്ങളിൽ എങ്ങനെയൊക്കെ നില

കൊള്ളുന്നു എന്നന്വേഷിക്കുന്നത് കൗതുകകരമാണ്. മാധ്യമങ്ങളുടെ ശക്തി ദൗർബല്യങ്ങളെയും അവയ്ക്ക് രാഷ്ട്രീയ കാലവുമായുള്ള പാരസ്പര്യത്തെയും അടയാളപ്പെടുത്താൻ ഇത് സഹായകമാകും.

മലയാളിയുടെ സാംസ്കാരിക ജീവിതത്തിൽ ശക്തമായ സ്വാധീനമുള്ള മാധ്യമങ്ങൾ എന്ന നിലയിലാണ് നോവലിനെയും സിനിമയെയും വിശകലന വിധേയമാക്കുന്നത്. മലയാള സിനിമയിലും നോവലിലും പ്രമേയ/ആഖ്യാന തലങ്ങളിലുണ്ടായ പരിണാമങ്ങളുടെയും നമ്മുടെ രാഷ്ട്രീയ കാലത്തിനു സംഭവിച്ച വ്യതിയാനങ്ങളുടെയും പശ്ചാത്തലത്തിൽ ഇരുപതാംനൂറ്റാണ്ടിലെ രാഷ്ട്രീയ നോവലിനെയും സിനിമയെയും വിശകലനാത്മകമായി വിലയിരുത്തുന്ന ഈ പ്രബന്ധം വികാസപരിണാമങ്ങളുടെ വിവിധദശകളിലായി അവ പുലർത്തുന്ന സമാനതയും വൈരുദ്ധ്യവും സമാന്തരസ്വഭാവവും വെളിപ്പെടുത്തുന്നു. മലയാളത്തിൽ സിനിമ പിറവിയെടുത്ത 1928 മുതൽ 1999 വരെയുള്ള കാലത്തുണ്ടായ രാഷ്ട്രീയനോവലുകളും സിനിമകളുമാണ് വിശകലത്തിനു വിധേയമാകുന്നത്. ഇരുപതാംനൂറ്റാണ്ടിന്റെ ഭൂരിഭാഗം വരുന്ന ഈ രാഷ്ട്രീയകാലത്തെ 1928 മുതൽ 1969 വരെ, 1970 മുതൽ 1999 വരെ എന്നിങ്ങനെ രണ്ടായി വിഭജിച്ചുകൊണ്ടാണ് പഠനം നടത്തുന്നത്. ജനതയുടെ ജീവിതാബോധത്തിൽ വന്നമാറ്റവും രാഷ്ട്രീയരംഗത്തെ വ്യതിയാനങ്ങളും നോവലിലും സിനിമയിലുമുണ്ടായ മാധ്യമപരമായ പരിണാമങ്ങളുമാണ് കാലവിഭജനത്തിന് അടിസ്ഥാനം. രാഷ്ട്രീയാവിഷ്കാരങ്ങളുടെ പ്രമേയപരിചരണം/ആഖ്യാനം എന്നിവയ്ക്ക് മാധ്യമത്തിന്റെ പൊതുസ്വഭാവവുമായുള്ള ബന്ധം, കാലിക രാഷ്ട്രീയവുമായുള്ള പാരസ്പര്യം, രാഷ്ട്രീയ ലക്ഷ്യം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ മലയാളത്തിലെ രാഷ്ട്രീയ നോവലുകളെയും സിനിമകളെയും വിശകലനം ചെയ്യുമ്പോൾ രാഷ്ട്രീയപ്രമേയത്തിന്റെ ആവിഷ്കാരത്തിൽ ഈ മാധ്യമങ്ങൾ സമാനമായും വിരുദ്ധമായും സമാന്തരമായും നിലകൊള്ളുന്നതായി മനസ്സിലാക്കാം. ഇത് സൂക്ഷ്മമായി സാക്ഷ്യപ്പെടുത്തുന്നതിന് മൂന്നുതരം 'നോവൽ-സിനിമ' ജോഡികളെ വിശകലന വിധേയമാക്കുന്നു.

**1. 1. വിരുദ്ധ ജോഡി**

**തലയോട്/തകഴി/നോവൽ/1948**

**പുന്നപ്രവയലാർ/ എം. കുഞ്ചാക്കോ/സിനിമ/1967**

1928 മുതൽ 1969 വരെയുള്ള കാലത്ത് പ്രമേയപരിചരണത്തിലും ആഖ്യാനസമീപനത്തിലും മാധ്യമത്തിന്റെ പൊതുസ്വഭാവവുമായുള്ള പാരസ്പര്യത്തിലും രാഷ്ട്രീയലക്ഷ്യങ്ങളിലും രാഷ്ട്രീയനോവലും സിനിമയും എതിർദിശയിലായിരുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്ന 'വിരുദ്ധജോഡി'യാണ് 'തലയോടും' 'പുന്നപ്രവയലാറും'. തിരുവിതാംകൂറിൽ ദിവാൻ ഭരണത്തിനെതിരായി നടന്ന പോരാട്ടങ്ങളിലും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രത്തിലും ഏറെ പ്രാധാന്യത്തോടെ എടുത്തു പറയേണ്ട 1946ലെ പുന്നപ്രവയലാർ സമരമാണ് 'തലയോടി'ന്റെയും 'പുന്നപ്രവയലാറി'ന്റെയും പ്രമേയതലത്തെ രൂപപ്പെടുത്തിയിരിക്കുന്നത്. സമരത്തോട് പെട്ടെന്നുള്ള പ്രതികരണം എന്ന നിലയിൽ രചിച്ച നോവലാണ് 'തലയോട്'. എന്നാൽ പുന്നപ്രവയലാർ സമരത്തിനും ഇരുപത്തിയൊന്ന് വർഷത്തിനുശേഷം ചരിത്രത്തിന്റെ പുനരാഖ്യാനം എന്ന നിലയിൽ നിർമ്മിക്കപ്പെട്ട സിനിമയാണ് 'പുന്നപ്രവയലാർ'. 1928 മുതൽ 1969 വരെയുള്ള കാലത്ത് മലയാളത്തിലെ നോവലും സിനിമയും പുലർത്തുന്ന വിരുദ്ധഗതിയുടെ വ്യത്യസ്ത തലങ്ങളെ അടയാളപ്പെടുത്താൻ ഇവയുടെ താരതമ്യപഠനം സഹായകമാകുന്നു.

**1. 1. 1 പ്രമേയപരിചരണം**

കൃത്യമായ രാഷ്ട്രീയപക്ഷമുള്ള എഴുത്തുകാരനിൽ പുന്നപ്രവയലാർ സംഭവം സൃഷ്ടിച്ച തീക്ഷ്ണമായ രോഷത്തിന്റെ സർഗാത്മകസാക്ഷ്യമാണ് 'തലയോട്' എന്ന നോവൽ. അധികാരത്തിന്റെ ക്രൗര്യത്തോടുപൊരുതി നൂറുകണക്കിനാളുകൾ മരിച്ചുവീണ സമരഭൂമിയാണ് നോവലിലെ കണ്ടനാർ. പുന്നപ്രയുടെയും വയലാറിന്റെയുമൊക്കെ പ്രതിനിധാനമാണ് കണ്ടനാറിലൂടെ സാധ്യമാകുന്നത്. കണ്ടനാറിലെ നരനായാട്ടിന് നേതൃത്വം കൊടുത്തത് മേജർ രാജശേഖരനാണ്. കൊടിയ പീഢനങ്ങൾക്കിടയിൽ ചിതറിവീഴുന്ന ചോരത്തുള്ളികളിലും മുറിഞ്ഞുപോകുന്ന നിലവിളികളിലും അഭിരമിക്കുന്ന അയാൾ അക്രമാസക്തമായ അധികാരത്തിന്റെ കറുത്ത അടയാളമാണ്. ചോരക്കൊതിയാർന്ന അധികാരരൂപങ്ങൾക്കു ചുറ്റും പെരുകി വരുന്ന അമർഷത്തിന്റെ ഇരമ്പം 'തലയോടി'ലുണ്ട്. എത്ര അടിച്ചമർത്തിയാലും അടങ്ങാനാവാത്ത

വിധം തുടരുന്ന ചെറുത്തുനിൽപ്പിന്റെ രൂപമാതൃകകൾ കണ്ടനാറിലെ തൊഴിലാളി വിപ്ലവത്തിലെ നായകനായിരുന്ന സുബ്രഹ്മണ്യനിലൂടെ, പോരാട്ടത്തിന്റെ തുടർച്ചയിലെ ശക്തിദുർഗമായ ശ്രീകുമാറിലൂടെ, വിദ്യാർത്ഥി നേതാവായ ബാലചന്ദ്രനിലെത്തുന്നു. ഭരണകൂട ധാർഷ്ട്യത്തിന്റെ ഇരകളും ശേഷിപ്പുകളുമായവർ രുഗ്ണമായ വ്യവസ്ഥയ്ക്കു മുകളിലൂടെ സർവ്വതും തകർത്തെറിഞ്ഞ് കുതിച്ചു പായാൻ സംഘടിത ശക്തിയാർജ്ജിക്കുന്നുണ്ടെന്ന് 'തലയോട്' മുന്നറിയിപ്പു നൽകുന്നു. വ്യവസ്ഥാപിതമായ അധികാരത്തിന്റെ അക്രമാസക്തി, ജനതയുടെ വർഗപരമായ പ്രതിരോധം, അടിച്ചമർത്തൽ, പ്രത്യാശ, ഇതെല്ലാം ഒന്നിക്കുന്ന രാഷ്ട്രീയ ദർശനമാണ് 'തലയോടി'ന്റെ പ്രമേയതലത്തിലുള്ളത്. ഇത്തരം ഗൗരവപൂർണമായ സോദ്ദേശ്യ പ്രമേയപരിചരണം നോവലിന്റെ രാഷ്ട്രീയം പ്രഖ്യാപിക്കുന്നു.

'തലയോടി'ന്റെ പ്രമേയതലത്തിന് നിരവധി അടരുകളുണ്ട്. കണ്ടനാറിലെ നരനായാട്ടിന്റെ ക്രൗര്യത്തെകുറിച്ചുള്ള ഓർമ്മപ്പെടുത്തലുകൾ, അടിസ്ഥാനവർഗത്തിന്റെ പോരാട്ടവീര്യം അധികാരസ്ഥലികളിൽ സൃഷ്ടിച്ച ഭീതി, കാലികമായ 'രാഷ്ട്രീയനാടകങ്ങളെ' ലക്ഷ്യം വയ്ക്കുന്ന കൂർത്ത പരിഹാസം, യുവാക്കളുടെ നവവിപ്ലവം, മേജർ രാജശേഖരനിൽ നിന്ന് ബാലചന്ദ്രനിലേക്ക് വികസിക്കുന്ന കഥയിലൂടെ ആവിഷ്കൃതമാകുന്ന വർഗപരമായ തിരിച്ചടി, ഇവയോരോന്നും കൃത്യമായ രാഷ്ട്രീയ ലക്ഷ്യങ്ങളോടെയാണ് നോവലിസ്റ്റ് നിർമ്മിച്ചെടുത്തിരിക്കുന്നത്.

പട്ടാള വാഴ്ചയുടെ ഓർമ്മകളെ, പോരാട്ടവീര്യത്തെ ജ്വലിപ്പിച്ചുനിർത്തുന്ന ഊർജ്ജസ്രോതസ്സായാണ് നോവൽ സമീപിക്കുന്നത്. അതിനുതകും വിധം വൈകാരികമായിത്തന്നെ ഞെട്ടിപ്പിക്കുന്ന ചില സന്ദർഭങ്ങൾ വിവരിക്കുന്നു. "അടുത്ത ദിവസം മുതൽ ആ വൃദ്ധനെ ശവംചുടാനും, ശവം കുഴിച്ചുമൂടാനും മറ്റുമുള്ള ജോലിക്കു പിടിച്ചു നിർത്തി, നിരന്നു നിരന്നു കിടക്കുന്ന ശവത്തിനെ ഓരോന്നിനെയും എടുത്തുമാറ്റിയ കൂട്ടത്തിൽ ആ പാവം, അയാളുടെ മകനെയും കണ്ടെത്തിയത്രേ. അപ്പോൾ മകനു ശ്വാസമുണ്ടായിരുന്നു എന്നും പറയപ്പെടുന്നു. ഏതായാലും വൃദ്ധൻ മകനെ കെട്ടിപ്പിടിച്ചു ചുംബിച്ചുപോയി. അതിന് വൃദ്ധന് ഒരു ശിക്ഷ അനുഭവിക്കേണ്ടിവന്നു. നെഞ്ചിനുള്ളിൽ നിന്നും പറിഞ്ഞു പുറത്തു വന്നു പറിഞ്ഞുപോകാതെ നിന്ന ഒരു മൃദുത്വമുള്ള മാംസക്കഷ്ണം,

വളരെ കുറച്ചേയുള്ളൂ- ആ വൃദ്ധനെ കൊണ്ടു തീറ്റിച്ചുവെന്നു ജോസഫ് എന്ന പട്ടാളക്കാരൻ വീരവാദം പറയുന്നത് കേട്ടു. ”

ഇതിനോട് ചേർത്ത് നിർത്താവുന്ന വിധത്തിലാണ് അടിസ്ഥാനവർഗ്ഗത്തിന്റെ ചെറുത്തുനിൽപ് സൃഷ്ടിച്ച ഭീതിയെ ആവിഷ്കരിക്കുന്നത്. അതിക്രമങ്ങൾക്കു ശേഷവും കണ്ടനാറിൽ തമ്പടിക്കുന്ന പട്ടാളക്കാരെ ഈ ഭീതി വേട്ടയാടുന്നുണ്ട്. വെടിവച്ച് കോച്ചിപ്പോയതാണ് അവരുടെ വിരലുകൾ. എന്നിട്ടും അണമുറിയാതെ നിന്ന തൊഴിലാളികളുടെ ആത്മവീര്യത്തെ അവർ നേരിട്ട് കണ്ടറിഞ്ഞതാണ്. അതുകൊണ്ടു തന്നെ സമരവീര്യത്തിന്റെ ഉറവകൾ ഇല്ലാതായെന്ന് വിശ്വസിക്കാൻ അവർക്കാവുന്നില്ല. “പട്ടാളക്കാർ രാത്രിയിൽ നിലത്ത് ഉറങ്ങാൻ കിടക്കുമ്പോൾ, ആ മുദ്രാവാക്യങ്ങൾ ഭൂഗർഭത്തിൽ ഇരമ്പുന്നതു കേൾക്കാം. അന്നു മരിച്ചവന്റെ - മണ്ണിനടിയിൽ പോയവന്റെ-അല്ല, ജീവിച്ചിരിക്കുന്നവന്റെ അലർച്ചയാണത്! ഇതൊരിക്കലും അവസാനിക്കുകയില്ല. ഭൂമിക്കടിയിൽ പലതും നടന്നു കൊണ്ടിരിക്കുകയാണ്. ”

ഇങ്ങനെ, മുറിപ്പെടുത്തുന്ന ഓർമ്മകളുടെയും ആവേശം കൊള്ളിക്കുന്ന സമരവീര്യത്തിന്റെയും ഭരണകൂടത്തെ ബാധിച്ച കൊടുംഭീതിയുടെയും പശ്ചാത്തലത്തിലാണ് മേജർ രാജശേഖരനെയും ബാലചന്ദ്രനെയും ശ്രീകുമാറിനെയും കേന്ദ്രമാക്കുന്ന കഥാംശം വികസിക്കുന്നത്. കണ്ടനാറിലെ തൊഴിലാളി വിപ്ലവത്തിന്റെ നായകനായിരുന്ന സുബ്രഹ്മണ്യന്റെ തലയോടും കൈപ്പത്തികളും മേജർ രാജശേഖരൻ തന്റെ വീട്ടിലെ സ്വീകരണമുറിയിൽ ആണിയടിച്ചു തൂക്കിയിട്ടുണ്ട്. നരവേട്ടയെയും അടിച്ചമർത്തലിനെയും അയാൾ തന്റെ ഔദ്യോഗിക ജീവിതത്തിലെ അഭിമാനകരമായ നിമിഷങ്ങളായി കരുതി. കമ്മ്യൂണിസ്റ്റുകാരനായ ശ്രീകുമാർ യുവാക്കളുടെ നവവിപ്ലവത്തിന്റെ നായകനാണ്. കണ്ടനാറിന്റെ സ്മരണകൾ ജ്വലിച്ചുനിൽക്കുന്ന അയാളുടെ പ്രസംഗങ്ങൾ കർഷകരെയും തൊഴിലാളികളെയും ആവേശം കൊള്ളിക്കുന്നു. പ്രജാപരിഷത്തിന്റെ ഭാഗമായി നിന്നും അല്ലാതെയും അടിസ്ഥാനവർഗത്തിന്റെ അവകാശങ്ങൾക്കായി അയാൾ പൊരുതി. വീണ്ടും സമരത്തിന്റെയും പീഡനത്തിന്റെയും ദിനങ്ങൾ വന്നു. ശ്രീകുമാർ രക്തസാക്ഷിയായി. അയാളുടെ തലയോടും മേജർ രാജശേഖരന്റെ ഭിത്തിയിൽ തൂങ്ങി. പക്ഷേ, സുബ്രഹ്മണ്യന്റെ തലയോട് കണ്ടുവളർന്ന, ശ്രീകുമാറിൽ നിന്നു പ്രചോദനം ഉൾക്കൊണ്ട ബാലചന്ദ്രൻ, മേജർ രാജശേഖരന്റെ മകൻ വിപ്ലവത്തിന്റെ മുന്നണിപോരാളിയായി മാറുന്നു. വിദ്യാർത്ഥികളുടെ നേതാവായി തിരഞ്ഞെടുക്കപ്പെ

ടുന്നു. അവൻ അച്ഛനോടു പറയുന്നു. "നാളെ അച്ഛന് മൂന്നാമതൊരു തലയോടുകൂടി ഇവിടെ വയ്ക്കാം. അതിനുള്ള ആണി ഒരു വാരിയെല്ലായിരിക്കുന്നത് നന്നായിരിക്കും. " ഇരയുടെ തലയോട് സൂക്ഷിക്കുന്ന അച്ഛൻ, അതേ തലയോടിൽ നിന്ന് വിപ്ലവത്തിന്റെ ആവേശം ഉൾക്കൊണ്ട മകൻ, അവനു പിന്നിൽ ഇരമ്പിയാർക്കുന്ന ഇന്നലെയുടെ ശേഷിപ്പുകൾ, ഇരകൾ. കൃത്യമായ രാഷ്ട്രീയവിവക്ഷകളുള്ള ഈ പരിണാമമാണ് തലയോടിന്റെ പ്രമേയപരിചരണത്തിന് സോദ്ദേശ്യത നൽകുന്ന പ്രധാനഘടകം.

1928 മുതൽ 1969 വരെയുള്ള കാലത്ത് മലയാളനോവലിന്റെ പൊതുസ്വഭാവത്തെ നിർണയിച്ച സോദ്ദേശ്യ രാഷ്ട്രീയനോവലുകളുടെ പ്രമേയപരിചരണരീതിയെ തലയോട് പൂർണമായും ഉൾക്കൊള്ളുന്നു. കൃത്യമായ രാഷ്ട്രീയലക്ഷ്യത്തോടെ സന്ദർഭങ്ങളെ രൂപപ്പെടുത്തുക, വ്യവസ്ഥയെ വിമർശിക്കുക, വിപ്ലവാഭിമുഖ്യം പുലർത്തുക തുടങ്ങിയ രാഷ്ട്രീയ സ്വഭാവങ്ങളെയെല്ലാം നിലനിർത്തിക്കൊണ്ടാണ് 'തലയോട്' പ്രമേയത്തെ പരിചരിക്കുന്നത്, അവതരിപ്പിക്കുന്നത്.

'പുന്നപ്രവയലാർ' എന്ന സിനിമയുടെ പ്രമേയപരിചരണം ഇതിൽ നിന്നു തികച്ചും വ്യത്യസ്തമാണ്. 1967-ൽ വെള്ളിത്തിരയിൽ പുനർജനിച്ച പുന്നപ്രവയലാർ സമരത്തെ രൂപപ്പെടുത്തിയത് രാഷ്ട്രീയവിവക്ഷകളല്ല; വാണിജ്യതാത്പര്യങ്ങളാണ്. കേരളത്തിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനം വിമോചനസമരത്തിനുശേഷം ഊർജ്ജം വീണ്ടെടുത്ത 1967-ൽ, ഇ. എം. എസിന്റെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റുകാർ (സപ്തകക്ഷിമുന്നണി) ഭരണത്തിൽ തിരിച്ചെത്തി നാലുമാസങ്ങൾക്കുശേഷം ജൂലൈ 12ന് 'പുന്നപ്രവയലാർ' റിലീസായി എന്നത് വെറും യാദൃച്ഛികതയാവാനിടയില്ല. സിനിമാവിപണിയിൽ കുഞ്ചാക്കോ നടത്തിയ ആദ്യ രാഷ്ട്രീയപരീക്ഷണമായിരുന്നു പുന്നപ്രവയലാർ. വിപണനതന്ത്രങ്ങൾ ചലച്ചിത്രത്തിന്റെ രാഷ്ട്രീയമായ ഏകാഗ്രതയെ നഷ്ടപ്പെടുത്തുന്നുണ്ട്. വയലാറിലെ തൊഴിലാളി വിപ്ലവത്തിന്റെ ആവിഷ്കാരത്തിന് ഗൗരവം കുറഞ്ഞുപോയത് പ്രമേയപരിചരണത്തിൽ വന്ന പാളിച്ചകളാലാണ്.

ഒരു പ്രത്യേക രാഷ്ട്രീയസമരത്തെ അടിസ്ഥാനമാക്കി മലയാളത്തിലുണ്ടായ ആദ്യസിനിമയാണ് 'പുന്നപ്രവയലാർ'. എന്നിട്ടും നായകൻ, നായിക, വില്ലൻ, പ്രണയം, കുടുംബം തുടങ്ങിയവയുടെയൊക്കെ സമ്മിശ്രരൂപമായ അന്നത്തെ കച്ചവട സിനിമയുടെ

സ്വഭാവമാണ് ഈ ചലച്ചിത്രത്തിനുള്ളത്. ഉത്തരവാദഭരണത്തിനായി തിരുവിതാംകൂറിൽ നടന്ന മുന്നേറ്റങ്ങളുടെ സ്റ്റോക്ക് ഷോട്ടുകൾ (stock shots) കാണിച്ചുകൊണ്ട് വികാരപരമായ കമന്ററിയോടെ ആരംഭിക്കുന്ന സിനിമ പുന്നപ്രവയലാർ സമരത്തിന്റെ ആവിഷ്കാരം എന്ന ഭാവത്തിലാണ് മുന്നേറുന്നത്. പ്രഭാകരനെന്ന വിപ്ലവകാരിയാണ് ചലച്ചിത്രത്തിന്റെ കേന്ദ്രം. രാഷ്ട്രീയ പ്രവർത്തനത്തിലേർപ്പെട്ടതിന്റെ പേരിൽ കോളേജിൽ നിന്നു പുറത്താക്കപ്പെട്ട പ്രഭാകരൻ നാട്ടിലെത്തി പല മേഖലകളിലേയും തൊഴിലാളികളെ സംഘടിപ്പിക്കുന്നു. തൊഴിലാളികളായ നീലാണ്ടനും ചെല്ലമ്മയും ബഷീറുമൊക്കെ അയാളുടെ സഹപ്രവർത്തകരാണ്. ഇവരെ കേന്ദ്രീകരിച്ചാണ് തൊഴിലാളി വർഗ്ഗത്തിന്റെ സംഘടിതശേഷിയുടെ വളർച്ചയും സമരങ്ങളും ആവിഷ്കൃതമായിരിക്കുന്നത്. ദിവാൻ ഭരണത്തിന് ഒത്താശപാടുന്ന ജന്മിത്തത്തിന്റെയും മുതലാളിത്തത്തിന്റെയും ആവിഷ്കാരം യഥാക്രമം മാളികവീടിലൂടെയും കയർഫാക്ടറി ഉടമ അച്യുതനിലൂടെയും സാധ്യമാകുന്നു. ആത്മബോധമാർജ്ജിക്കാത്ത ഇടത്തരക്കാരെയാണ് പ്രഭാകരന്റെ അച്ഛൻ കൊച്ചുനാണു പ്രതിനിധാനം ചെയ്യുന്നത്. യൂണിയൻ പ്രവർത്തനങ്ങളും ജന്മിത്തത്തിന്റെ പ്രതികാരനടപടികളും തൊഴിലാളികളുടെ ചെറുത്തുനിൽപ്പും വയലാറിലെ വെടിവയ്പും ചിത്രത്തിലുണ്ടെങ്കിലും കുടുംബബന്ധങ്ങളും പ്രണയവും തമാശകളും പരിചരണത്തിൽ അതിനെല്ലാം മുകളിൽ നിൽക്കുന്നു. തീക്ഷ്ണമായ സമരത്തിന്റെ ആവിഷ്കാരത്തിനുവേണ്ട സൂക്ഷ്മതയും ഏകാഗ്രതയും നഷ്ടപ്പെടുന്നു.

പ്രഭാകരനും (പ്രേംനസീർ) ചെല്ലമ്മയും (ഷീല) തമ്മിലുള്ള പ്രണയത്തിന് ചലച്ചിത്രകാരൻ അമിതമായ ശ്രദ്ധനൽകിയിരിക്കുന്നു. കൃത്യമായ ഇടവേളകളിൽ ചലച്ചിത്രത്തിന്റെ പ്രമേയതലത്തിൽ പ്രണയം ഇടപെടുന്നുണ്ട്. കച്ചവടസിനിമയ്ക്കു യോജിച്ച വിധത്തിൽ തന്നെ പ്രണയരംഗങ്ങൾ തയ്യാർ ചെയ്തിരിക്കുന്നു. പ്രഭാകരനും ചെല്ലമ്മയും തമ്മിലുള്ള മധുരതരമായ സംഭാഷണം, ചെല്ലമ്മയെ കളിയാക്കുന്ന കൂട്ടുകാരികൾ, ചെല്ലമ്മയെ സ്നേഹിക്കുന്ന മുറച്ചെറുക്കന്റെ തമാശകലർന്ന സങ്കടം, അവനുണ്ടാക്കുന്ന പ്രശ്നങ്ങൾ, പ്രഭാകരന്റെ അച്ഛന്റെ രൂക്ഷമായ എതിർപ്പ്, വീട്ടിൽ നിന്ന് ഇറക്കിവിടുമ്പോൾ പ്രഭാകരൻ ചെല്ലമ്മയുടെ വീട്ടിൽ താമസിക്കാനെത്തുന്ന തരത്തിലുള്ള വികാസം, ചെല്ലമ്മയുടെ ആഹ്ലാദസൂചകമായ പ്രണയഗാനം (അങ്ങേക്കരയിങ്ങേക്കര, അത്തപ്പൂത്തോണി തുഴഞ്ഞുവന്നിന്നലെ വന്നൂ.., ഒരു പൂ തന്നൂ,

അവനൊരു ചുവന്നപൂ തന്നു) ഇതെല്ലാം തന്നെ നസീർ-ഷീല ജോഡികൾ അനശ്വരമാക്കിയ നിരവധി പ്രണയ സിനിമകളുടെ ഭാവപരമായ ആവർത്തനമാണ് സൃഷ്ടിക്കുന്നത്.

കോമഡിക്ക് അന്നത്തെ ഏതു കച്ചവട സിനിമയിലും ലഭിക്കുന്ന പ്രാധാന്യം തന്നെ പുന്നപ്രവയലാറും നൽകിയിരിക്കുന്നു. ഗൗരവപൂർണ്ണമായ രാഷ്ട്രീയ പ്രാധാന്യമുള്ള വിഷയങ്ങൾപോലും പ്രേക്ഷകരെ ചിരിപ്പിക്കുന്ന അന്തസാരശൂന്യമായ തമാശയായാണ് കൈകാര്യം ചെയ്തിരിക്കുന്നത്. കർഷകത്തൊഴിലാളി സംഘടനകൾ ശക്തമാവുന്ന കാലത്ത് തൊഴിലാളികൾക്കിടയിൽ പ്രവർത്തനം നടത്തി ജന്മിത്തത്തോടു വിധേയത്വമുള്ള ബദൽ സംഘടന രൂപീകരിക്കാൻ വ്യാപകമായ ശ്രമങ്ങൾ നടന്നിരുന്നു. വർഗ്ഗ ബോധമാർജ്ജിച്ച തൊഴിലാളികൾ ഈ ചതിയിൽ വീണതുമില്ല. തികഞ്ഞ ഗൗരവം അർഹിക്കുന്ന ഈ രാഷ്ട്രീയ സന്ദർഭത്തെ പി. കെ. വിലാസിനിയമ്മയും (അടൂർ പങ്കജം) ഗോപാൽജിയും (അടൂർഭാസി) ചേർന്നു സൃഷ്ടിക്കുന്ന കോമാളിത്തങ്ങളായാണ് ചലച്ചിത്രം അവതരിപ്പിക്കുന്നത്.

ബന്ധങ്ങളുടെ വൈകാരികമായ പരിചരണം ചിത്രത്തിൽ രാഷ്ട്രീയാവിഷ്കാരത്തിനാവശ്യമായ വർഗപരമായ വിവക്ഷകളെ മറച്ചുകൊണ്ടു മുന്നിൽ നിൽക്കുന്നു. പുന്നപ്രയിലെയും വയലാറിലെയും സമരഭൂമിയിൽ വ്യക്തികൾക്ക് ഊഹാതീതമായ പീഢനവും സഹനങ്ങളും അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. സ്വാതന്ത്ര്യത്തിനും അവകാശങ്ങൾക്കും വേണ്ടിയുള്ള പോരാട്ടത്തിന്റെ ഭാഗമെന്ന നിലയിലാണ് അവയെ നോക്കികാണേണ്ടത്. 'പുന്നപ്രവയലാർ' എന്ന സിനിമയാകട്ടെ വിശാലമായ രാഷ്ട്രീയപശ്ചാലത്തെയും അത് വയലാർ എന്ന ഗ്രാമത്തിൽ സൃഷ്ടിച്ച ചലനങ്ങളെയും പാർശ്വവത്കരിച്ചുകൊണ്ട് വ്യക്തികളുടെ സഹനത്തിന്റെ വൈകാരികതയെ മുൻനിർത്തി കഥ മെനയുന്നു. നായകനെയും നായികയെയും കേന്ദ്രമാക്കുന്ന സ്വന്തബന്ധങ്ങളുടെ ചുറ്റുവട്ടത്ത് രാഷ്ട്രീയ ചലനങ്ങളെ തളച്ചിട്ടിരിക്കുന്നു. വിപ്ലവകാരിയായ പ്രഭാകരൻ അനുഭവിക്കുന്ന സംഘർഷങ്ങളിൽ പ്രധാനം അയാളുടെ അച്ഛനിൽ നിന്നുള്ള എതിർപ്പും അനുജത്തിയുടെ ജോലി നഷ്ടപ്പെടുത്തുമെന്ന ഭീഷണിയുമാണ്. സുഹൃത്തിന്റെ ചതി എന്ന നിലയിലാണ് പ്രഭാകരന്റെ അറസ്റ്റ് ചിത്രീകരിക്കുന്നത്. പ്രഭാകരനെ അറസ്റ്റുചെയ്തതിനു ശേഷം ചെല്ലമ്മയുടെ ദുഃഖം മറ്റൊരു ഗാനത്തിനു വിഷയമാകുന്നു. നായികയായ ചെല്ലമ്മ ബലാൽസംഗം ചെയ്യപ്പെടുകയും അവളുടെ വീട് അഗ്നിക്കിരയാവുകയും ചെയ്യുന്നതോടെ

യാണ് വാരിക്കുന്തങ്ങൾ ആയുധമാക്കി പോരാട്ടം സജീവമാകുന്നത്. മാലതിയെ അച്ചുതൻ മുതലാളി മാനഭംഗപ്പെടുത്തിയതിനു ശേഷമാണ് കൊച്ചുനാണു കൊടിപിടിക്കുന്നത്. പ്രതികാരം ചെയ്യാനിറങ്ങിപുറപ്പെട്ട ചെല്ലമ്മയുടെ മുറച്ചെറുക്കന്റെ സാന്നിദ്ധ്യം മാളിക വീടന്റെ നിർദ്ദേശപ്രകാരം നടക്കുന്ന ആക്രമണങ്ങളിൽ ഉടനീളമുണ്ട്. ഇങ്ങനെ 'പുന്നപ്രവയലാറി'ലെ സംഭവഗതികളോരോന്നിനെയും വ്യക്തിബന്ധങ്ങളാൽ പരസ്പരം ബന്ധിപ്പിച്ചു നിർത്തിയിരിക്കുന്നു. അറുപതുകളിലെ കച്ചവടസിനിമയുടെ വാർപ്പുമാതൃകയിലാണ് ഇത് നിർവ്വഹിക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ ചലച്ചിത്രത്തിലെ സംഘർഷങ്ങൾക്ക് വർഗ്ഗസംഘട്ടനത്തിന്റെ സ്വഭാവം നഷ്ടപ്പെടുന്നു.

'തലയോടും' 'പുന്നപ്രവയലാറും' പ്രമേയപരിചരണത്തിൽ പുലർത്തുന്ന വൈരുദ്ധ്യം അവയുടെ ലക്ഷ്യവുമായും കാലവുമായും മാധ്യമസ്വഭാവുമായും ബന്ധപ്പെട്ടു നിൽക്കുന്നു. 'തലയോട്' പുന്നപ്രവയലാർ സമരത്തിന്റെ തൊട്ടടുത്തവർഷം എഴുതപ്പെട്ട നോവലാണ്. എഴുത്തുകാരൻ നടത്തുന്ന രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമാണത്. രാഷ്ട്രീയകാലത്തിൽ ഇടപെടാൻ അയാൾ ലക്ഷ്യമിടുന്നുണ്ട്. 'തലയോടി'ലെ വീര്യമുണർത്തുന്ന ഓർമ്മകളും പൊള്ളിക്കുന്ന വിമർശനവും വിപ്ലവാഭിമുഖ്യവും അതെഴുതപ്പെട്ട കാലത്തിന്റെ രാഷ്ട്രീയ ലക്ഷ്യത്തോട് കണ്ണിചേർന്നു നിൽക്കുന്നു. സിനിമയാകട്ടെ പുന്നപ്രവയലാർസമരത്തിനും ഇരുപത്തിയൊന്നു വർഷങ്ങൾക്ക് ശേഷമാണ് പുറത്തിറങ്ങുന്നത്. 'തലയോടി'നെ സ്വാധീനിച്ച രാഷ്ട്രീയസാഹചര്യം അന്നു നിലവിലില്ല. 1957-ൽ തന്നെ കമ്മ്യൂണിസ്റ്റുകാർ കേരളത്തിൽ അധികാരത്തിലെത്തി. ചിത്രം പുറത്തിറങ്ങുമ്പോൾ ഇ. എം. എസ്സാണ് മുഖ്യമന്ത്രി. ഇത്തരമൊരു രാഷ്ട്രീയകാലത്തിൽ ചരിത്രത്തിന്റെ പുനരാഖ്യാനമാണ് സിനിമയ്ക്ക് നിർവഹിക്കാനുണ്ടായിരുന്നത്. ചരിത്രപുനരാഖ്യാനത്തിനും രാഷ്ട്രീയ ഇടപെടൽ സാധ്യമാക്കാനാവും. പക്ഷേ 'പുന്നപ്രവയലാർ' എന്ന ചലച്ചിത്രം അതിന് ശ്രമിക്കുന്നില്ല. കാരണം സിനിമാ വിപണിയെത്തന്നെ നിയന്ത്രിച്ചിരുന്ന വൻബാനറാണ് സിനിമ ഒരുക്കിയത്. ചരിത്രത്തിലെ ധീരോജ്ജ്വലമായ സമരത്തെ വിപണിയുടെ തൊങ്ങലുകൾ അണിയിച്ച് പരുവപ്പെടുത്താൻ അവർ ശ്രമിക്കുക സ്വാഭാവികം. അതുകൊണ്ടുതന്നെ വിപണന വിജയത്തിനുതകുന്ന 'ചേരുവ'കളിലൊന്നായാണ് ചലച്ചിത്രകാരൻ പുന്നപ്രവയലാർ സമരത്തെ സമീപിച്ചത്.

**1. 1. 2. ആഖ്യാനതലം**

മലയാള നോവലിന്റെ പ്രമേയ/ആഖ്യാനതലങ്ങളെ സമൂല മായി മാറ്റിപ്പണിയുകയും നൂതനമായ നോവൽബോധത്തെ സൃഷ്ടിച്ചെടുക്കുകയും ചെയ്ത സോദ്ദേശ്യ നോവൽധാരയിലെ ശ്രദ്ധേയമായ രചനയാണ് 'തലയോട്'. 1928 മുതൽ 1969 വരെ യുള്ള കാലത്തെ നോവലിന്റെ പൊതുസ്വഭാവത്തെത്തന്നെ നിർണ്ണ യിക്കാനുതകുന്നവിധത്തിൽ ആവിഷ്കാരത്തിന്റെ വ്യത്യസ്തതല ങ്ങളെ രാഷ്ട്രീയമായി പുനർനിർവചിക്കുന്നതാണ് 'തലയോടി' ന്റെയും ആഖ്യാനതലം. വിവരണങ്ങളിൽ, ബിംബങ്ങളുടെയും പ്രതീകങ്ങളുടെയും ഉപയോഗത്തിൽ, സംഭാഷണ രചനയിൽ എല്ലാം ഇത് പ്രകടമാണ്.

രാഷ്ട്രീയ നിലപാടുകളുടെ ചൂടും ചൂരുമുള്ള വിവരണങ്ങ ളാണ് 'തലയോടി'ന്റെ ആഖ്യാന ഗതിയെ നിർണയിക്കുന്നത്. മർദ്ദി തരുടെ ദൈന്യവും വ്യവസ്ഥയെ പൊളിച്ചെഴുതാൻ വെമ്പുന്ന രോഷവും മോചനത്തിന്റെ സ്വപ്നവും അനുഭവിച്ചറിയാവുന്ന പൊള്ളിക്കുന്ന വാചകങ്ങൾ 'തലയോടി'ൽ ഉടനീളമുണ്ട്.

പ്രതീകത്തിന്റെ കരുത്തുറ്റ-രാഷ്ട്രീയ ഉപയോഗമാണ് നോവലിൽ 'കമ്മ്യൂണിസ്റ്റുകാരന്റെ തലയോടി'ലൂടെ സാധ്യമാകു ന്നത്. കണ്ടനാറിലെ നരനായാട്ടിന് നേതൃത്വം കൊടുത്ത മേജർ രാജശേഖരൻ തന്റെ വിജയപ്രതീകമായി ഭിത്തിയിൽ ആണിയടിച്ച് ചങ്ങലയിട്ട് തൂക്കിയിരിക്കുന്ന തലയോട് ആഖ്യാനഗതിയിലുടനീളം അടിച്ചമർത്തപ്പെട്ട വിപ്ലവമുന്നേറ്റത്തിന്റെയും കിരാത പീഢനങ്ങളു ടെയും പ്രതീകമായി നിലകൊള്ളുന്നു. കണ്ടനാറിലെ തൊഴി ലാളിവിപ്ലവത്തിലെ നായകനായിരുന്ന സുബ്രഹ്മണ്യന്റേതാണ് ആദ്യം ഭിത്തിയിൽ കാണുന്ന തലയോട്. പിന്നീട് ആ തലയോടിന ടുത്തു തന്നെ കമ്മ്യൂണിസ്റ്റ് നേതാവായ ശ്രീകുമാറിന്റെ തലയോടും പ്രത്യക്ഷപ്പെടുന്നു. നോവലിന്റെ അവസാനത്തിൽ യുവതലമുറ ആവേശപൂർവം നെഞ്ചേറ്റുന്ന രക്തസാക്ഷിത്വത്തിന്റെ അടയാളങ്ങ ളായി ഈ തലയോടുകൾ പരിണമിക്കുന്നതിന് രാജശേഖരൻ സാക്ഷിയാവേണ്ടി വരുന്നു. വിദ്യാർത്ഥി നേതാവായി തിരഞ്ഞെടു ക്കപ്പെട്ട ശേഷം രാജശേഖരന്റെ മകൻ, വിപ്ലവകാരിയായ ബാലച ന്ദ്രൻ പ്രഖ്യാപിക്കുന്നു. "ബഹുജനവിപ്ലവത്തിന്റെ ആദ്യത്തെ നേതാവിന്റെ തലയോടു സൂക്ഷിച്ചിട്ടുള്ള വീട്ടിൽ ജനിച്ച് അതിന്റെ പല്ലിളിയിൽ നിന്ന് പ്രേരണ ലഭിച്ച ഞാൻ എന്റെ ജീവിതത്തെ ആ

മഹാവിപ്ലവത്തിനു സമർപ്പിക്കുന്നു. " കേശവദേവിന്റെ 'ഉലക്ക'യിൽ കൊച്ചയ്യപ്പനെ അടിച്ചുകൊന്ന ഉലക്കയ്ക്ക് സമാനമായ രാഷ്ട്രീയ പ്രതീകമാണ് 'തലയോടി'ലെ കമ്മ്യൂണിസ്റ്റുകാരന്റെ തലയോട്. ഉലക്ക സൂക്ഷിക്കുന്നത് ഇരയായ ഉണ്ണൂലിയാണെങ്കിൽ തലയോട് സൂക്ഷിക്കുന്നത് വേട്ടക്കാരനായ രാജശേഖരനാണ്. ഇടം രണ്ടാണെങ്കിലും ഈ പ്രതീകങ്ങൾ നിർവഹിക്കുന്ന രാഷ്ട്രീയ ദൗത്യം ഒന്നാണ്. വർഗപരമായി വിഭിന്നതലത്തിൽ നിൽക്കുന്ന കുട്ടനോടും ഗോപാലനോടും (ഉലക്ക) ബാലചന്ദ്രനെ ചേർത്തു നിർത്തുന്നത് അവരിലെ ആവേശത്തെ ത്വരിപ്പിക്കുന്ന രാഷ്ട്രീയ അടയാളത്തിന്റെ സമാനതയാണ്.

കഥാപാത്രസങ്കല്പനങ്ങളെ തലയോടും രാഷ്ട്രീയമായി പുനർനിർവചിക്കുന്നു. നോവലിലെ കഥാപാത്രങ്ങളെല്ലാം രാഷ്ട്രീയ പ്രതിനിധാനങ്ങളാണ്. സവിശേഷ വ്യക്തിത്വം എന്ന നിലയിലേക്ക് ഒരു കഥാപാത്രവും വികസിക്കുന്നില്ല. പാത്രസ്വഭാവത്തിനും വികാസത്തിനും സംഭാഷണത്തിനെന്നപോലെതന്നെ കൃത്യമായ രാഷ്ട്രീയ ഉദ്ദേശ്യങ്ങളുണ്ട്. രാജശേഖരന്റെ ക്രൗര്യം, നളിനിയുടെ നിസ്സഹായത, ബാലചന്ദ്രന്റെ ധിക്കാരം, ശ്രീകുമാറിന്റെ വീര്യം, ഈ കഥാപാത്രങ്ങളുടെ വികാസ പരിണാമങ്ങൾ ഇതെല്ലാംതന്നെ വ്യക്തിയുടെ സവിശേഷതകളെയെന്നതിലുപരി രാഷ്ട്രീയ വ്യാഖ്യാനങ്ങളെയാണ് ഉൽപ്പാദിപ്പിക്കുന്നത്. 'തലയോടി'ന്റെ ആഖ്യാന ഘടനയും രാഷ്ട്രീയമായ ഉപയോഗത്തിന് അനുഗുണമായാണ് തയ്യാർ ചെയ്തിരിക്കുന്നത്. കഥാഗതിക്ക് ക്രമികമായ വികാസമില്ല. ഈ ക്രമരാഹിത്യം രാഷ്ട്രീയാവിഷ്കാരത്തിന് കൂടുതൽ സ്വാതന്ത്ര്യം നൽകുന്നു. കഥാഗതിയുടെ നൈരന്തര്യത്തിന്റെ ബാധ്യതകളിൽനിന്ന് സ്വതന്ത്രനാകുന്ന നോവലിസ്റ്റ് എഴുത്തിന്റെ രാഷ്ട്രീയദൗത്യങ്ങളെ സ്വയം ഏറ്റെടുക്കുന്നു. ആഖ്യാനഘടനയുടെ രാഷ്ട്രീയ ഉപയോഗമാണിത്.

ആഖ്യാനഘടന, കഥാപാത്രം, സംഭാഷണം, വിവരണം, പ്രതീകങ്ങൾ എന്നിങ്ങനെ ആഖ്യാനത്തിന്റെ സമസ്തഘടകങ്ങളെയും രാഷ്ട്രീയമായി ഉപയോഗിച്ചുകൊണ്ട് മലയാളനോവലിൽ അതുവരെ നിലനിന്നിരുന്ന ആഖ്യാനബോധ്യങ്ങളെ പൊളിച്ചെഴുതുന്നതിൽ 'തലയോടി'ന്റെ ആഖ്യാനതലവും നിർണായക പങ്കുവഹിക്കുന്നു.

'പുന്നപ്രവയലാർ' എന്ന ചലച്ചിത്രത്തിന്റെ ആഖ്യാനതലത്തിൽ ഇതിനുവിരുദ്ധമായ പ്രവണതകളാണ് കാണുന്നത്. മാധ്യമ

ത്തിൽ നിലനിന്നിരുന്ന ആഖ്യാന ബോധ്യങ്ങളെ പൊളിച്ചെഴുതാൻ ഈ ചലച്ചിത്രം ശ്രമിക്കുന്നില്ല. ഇക്കാലത്ത് മലയാള സിനിമ കലാ രൂപം എന്ന നിലയിൽ ഏറെ വളർന്നിരുന്നില്ല. വിപണി സജീവമാവുകയും ചെയ്തു. രാഷ്ട്രീയ പ്രമേയങ്ങൾ നോവൽ സങ്കല്പങ്ങളെ മാറ്റിമറിച്ചെങ്കിലും ചലച്ചിത്രത്തെ സംബന്ധിക്കുന്ന ധാരണകളിൽ ഇളക്കം സൃഷ്ടിച്ചില്ല. കഥപറച്ചിലിന്റെ ഘടനയിലോ, ദൃശ്യങ്ങളുടെ രൂപണത്തിലോ, ദൃശ്യങ്ങളുടെ സങ്കലനത്തിലോ വേറിട്ടൊരു രീതി ആവശ്യമാണെന്ന തോന്നൽ രാഷ്ട്രീയചലച്ചിത്രങ്ങളുടെ സംവിധായകർക്കും ഉണ്ടായില്ല. അതുകൊണ്ടു തന്നെ വിപണി രൂപപ്പെടുത്തിയ ജനപ്രിയ ചട്ടക്കൂടിൽ നിന്നുകൊണ്ടാണ് ആഖ്യാനം നിർവഹിക്കപ്പെട്ടത്. രാഷ്ട്രീയനോവലിൽ ആഖ്യാനതലത്തിനു സംഭവിച്ച പരിണാമത്തിന്റെ വിരുദ്ധഗതിയിലുള്ള ആഖ്യാനസമീപനത്തിന്റെ നേർക്കാഴ്ചയാണ് 'പുന്നപ്രവയലാർ'. നൂതനമായ ആഖ്യാനത്തെ സൃഷ്ടിക്കാനല്ല, നിലനിൽക്കുന്നതിനെ ഒരുതരത്തിലും മറിക്കടക്കാതിരിക്കാനാണ് ചലച്ചിത്രകാരൻ ശ്രമിക്കുന്നത്.

പല ഷോട്ടുകളായി തിരിച്ച് ക്യാമറയിലേക്ക് പകർത്തിയ നാടകം പോലെയായിരുന്നു ഇക്കാലത്തെ സിനിമ. ഭൂരിഭാഗം ഷോട്ടുകളും മിഡ്ഷോട്ടുകൾ ആയിരുന്നു. ഒരു മിഡ്ഷോട്ടിൽ നടീനടന്മാർ നിരന്നു നിൽക്കുകയോ ഇരിക്കുകയോ ചെയ്യുന്നു. പ്രൊസീനിയം രംഗവേദിയിലെന്നപോലെ ഫ്രെയിമിൽ അവർ പെരുമാറുന്നു. സംഭാഷണത്തിൽ തികഞ്ഞ നാടകീയതയുണ്ടാകും. നീണ്ട സംഭാഷണങ്ങൾക്കൊപ്പം നാടകവേദിയെ അനുസ്മരിപ്പിക്കുന്ന ചലനങ്ങളും കാണാം. മിഡ്ഷോട്ടുകൾക്കിടക്ക് ക്ലോസ്ഷോട്ടുകൾ ഇൻസേർട്ട് ചെയ്യുന്നു. (ക്ലോസ്, മീഡിയം ക്ലോസ് ഷോട്ടുകളാണ് അധികമായി ഉപയോഗിക്കുന്നത്). അറുപതുകളോടെ ചലനങ്ങളെ ഇത്തരം ഷോട്ടുകളിൽ വ്യാപകമായി ഉപയോഗിക്കുന്നതുകാണാം. പാനിങ്, ട്രാക്കിങ്, സൂം തുടങ്ങിയവ പലരീതിയിൽ ഉപയോഗിക്കുന്നു. ഈ ചലനങ്ങളാണ് സീനുകളുടെ നാടകസ്വഭാവത്തെ അല്പമെങ്കിലും അകറ്റുന്നത്. മിഡ്ഷോട്ടുകളെയും, ക്ലോസ് ഷോട്ടുകളെയും പലതരം ചലനങ്ങളെയും വ്യാപകമായി ഉപയോഗിച്ചുകൊണ്ട് സീനുകളെ രൂപപ്പെടുത്തുന്ന ഈ രീതിയെ 'പുന്നപ്രവയലാർ' അതേപടി പിൻതുടരുന്നുണ്ട്. ഉദാഹരണത്തിന് ഒരു സീൻ ഷോട്ടുകളായി തിരിച്ച് വിശദമാക്കുന്നു.

**സീനിന്റെ ഉള്ളടക്കം**

പ്രഭാകരന്റെ വീടിന്റെ മുറ്റം, പകൽ

മുറ്റത്തുനിൽക്കുന്ന പ്രഭാകരന്റെ അമ്മയുടെയും സഹോദരി മാലതിയുടെയും അടുത്തേക്ക് പ്രഭാകരനെയും പിടിച്ചുവലിച്ചു കൊണ്ട് അച്ഛൻ കൊച്ചുനാണു വരുന്നു. പൊതുയോഗത്തിൽ പ്രസംഗിച്ചിരുന്ന പ്രഭാകരനെ അയാൾ ബലമായി പിടിച്ചുകൊണ്ടു വരികയാണ്. മാലതിയുടെയും അമ്മയുടെയും മുന്നിൽ പ്രഭാകരനെ കൊണ്ടു നിർത്തിയശേഷം കൊച്ചുനാണു അയാളെ വഴക്കു പറയുന്നു. യൂണിയൻ പ്രവർത്തനം നിർത്താൻ ആവശ്യപ്പെടുന്നു. അമ്മയും മാലതിയും പ്രഭാകരനോട് അതുതന്നെ പറയുന്നു. അല്ലാത്തപക്ഷം മാലതിയെ അച്ചുതൻ മുതലാളി ജോലിയിൽ നിന്നു പിരിച്ചുവിടുമെന്ന് അറിയിക്കുന്നു. പ്രഭാകരൻ തന്റെ ഉറച്ച നിലപാട് വ്യക്തമാക്കുന്നു. കൊച്ചുനാണു സങ്കടപ്പെടുന്നു. വിഷയം മാറ്റി പ്രഭാകരൻ വീടിനകത്തേക്ക് കയറുന്നു, പുറകേ അമ്മയും അനിയത്തിയും.

ഷോട്ട് വിഭജനം

| Shot No. | Type of Shot | Details |
|---|---|---|
| 1. | Mid shot | പടിക്കൽനിന്ന് കൊച്ചുനാണു പ്രഭാകരനെ പിടിച്ചുവലിച്ച് മാലതിക്കും അമ്മയ്ക്കും സമീപം വരുന്നു (ചെറിയ പാനിംഗ് ) പിന്നീട് സംഭാഷണം തുടങ്ങുന്നതോടെ ഷോട്ട് സ്റ്റാറ്റിക് ആവുന്നു. |
| 2. | Mid shot | നാലുപേർ നിരന്നു നിന്ന് സംസാരിക്കുന്നു. അമ്മ നാണു പ്രഭാകരൻ മാലതി |
| 3. | Mid shot | ഇടത്തേക്ക് പാൻ ചെയ്യുന്നു. (അമ്മ ഒഴികെ മൂന്നു പേരും ദൃശ്യത്തിൽ). സംഭാഷണം തുടരുന്നു. |
| 4. | Mid shot | നാലുപേർ നിരന്നുനിന്നു സംസാരിക്കുന്നു. ഇടയ്ക്ക് കൊച്ചു നാണു left out ആവുന്നു. |
| 5. | Close shot | മാലതിയുടെ സംഭാഷണം. ട്രാക്കിംഗ് മുന്നിലേക്ക് |
| 6. | Medium close shot | മാലതി/പ്രഭാകരൻ സംഭാഷണം |
| 7. | Close shot | മാലതിയുടെ സംഭാഷണം |

| | | |
|---|---|---|
| 8. | Medium close shot | മാലതി/പ്രഭാകരൻ സംഭാഷണം |
| 9. | Medium close shot | മാലതി : ട്രാക്കിംഗ് - മുന്നിലേക്ക്. |
| 10. | Medium close shot | മാലതി/പ്രഭാകരൻ സംഭാഷണം. ഷോട്ടിന്റെ അവസാനത്തിൽ ട്രാക്കിംഗ് - പ്രഭാകരന്റെ മുഖത്തേക്ക്. |
| 11. | Close shot | മാലതി 'ചേട്ടാ' എന്ന് ഉറക്കെ വിളിക്കുന്നു. |
| 12. | Medium close shot to Mid shot | മാലതി/പ്രഭാകരൻ മീഡിയം ക്ലോസിൽ ഷോട്ട് തുടങ്ങുന്നു. പിന്നീട് Left tracking ന് ഇടയിൽ ഷോട്ട് മിഡ് ആവുന്നു. കൊച്ചുനാണു left ൽ നിന്ന് enter ചെയ്യുന്നു. ഇപ്പോൾ ദൃശ്യത്തിൽ നാലുപേർ. |
| 13. | Medium close shot | കൊച്ചുനാണു/പ്രഭാകരൻ സംഭാഷണം |
| 14. | Mid shot | നാലുപേരും ദൃശ്യത്തിൽ. ഷോട്ടിന്റെ അവസാനത്തിൽ വീടിന്റെ വാതിൽക്കലേക്ക് ക്യാമറ പാൻ ചെയ്യുമ്പോൾ പ്രഭാകരനും മാലതിയും അമ്മയും നടന്ന് വീട്ടിലേക്ക് കയറുന്നു. |

മിഡ് ഷോട്ട് - 5, ക്ലോസ് ഷോട്ട് - 3, മീഡിയം ക്ലോസ് ഷോട്ട് - 5, മീഡിയം ക്ലോസ് ടു മിഡ് - 1

- മൂന്നിടത്ത് പാനിങ്ങും നാലിടത്ത് ട്രാക്കിങ്ങും ഉപയോഗിക്കുന്നു.

'പുന്നപ്രവയലാറി'ലെ ഏതു സീനും തയ്യാർ ചെയ്തിരിക്കുന്നത് ഈ വിധത്തിലാണ്. കുടുംബം, പ്രണയം, കോമഡി എന്നിവക്കു പുറമേ പോലീസ് മർദനം, പ്രകടനങ്ങൾ, ജന്മിയുടെ ഗൂഢാലോചന, പട്ടാളവുമായി തൊഴിലാളികൾ നടത്തുന്ന ഏറ്റുമുട്ടൽ തുടങ്ങിയ രാഷ്ട്രീയ സ്വഭാവമുള്ള സീനുകളെ കൈകാര്യം ചെയ്യുമ്പോഴും ദൃശ്യങ്ങളുടെ രൂപപ്പെടുത്തലിലും (making) സങ്കലനത്തിലും (editing) സാരമായ മാറ്റമൊന്നുമില്ല.

ചലച്ചിത്രത്തെ സംബന്ധിച്ച് ആഖ്യാനത്തിലെ സുപ്രധാന ഘടകം ദൃശ്യമാണ്. സംഭാഷണമുൾപ്പെടെയുള്ള ഇതരഘടകങ്ങൾ ദൃശ്യത്തിലൂടെയുള്ള സംവേദനത്തിന് പലതരത്തിലും സഹായകമായി വർത്തിക്കുയാണ് വേണ്ടത്. 'പുന്നപ്രവയലാറി'ൽ സംഭാ

ഷണം പലപ്പോഴും ദൃശ്യത്തെ പാർശ്വവത്കരിക്കുന്നു. 'പുന്നപ്രവ യലാറിന്റെ രാഷ്ട്രീയസൂചകമെന്ന്' വിളിക്കാവുന്ന അർത്ഥവത്തായ ഒരു ദൃശ്യംപോലും ചലച്ചിത്രത്തിലില്ല.

രാഷ്ട്രീയാവിഷ്കാരത്തിന്റെ ഗൗരവത്തിനു ചേരാത്തതായിട്ടുകൂടി കച്ചവട സിനിമ രൂപപ്പെടുത്തിയ ആഖ്യാനഘടനയിൽ മാറ്റം വരുത്താനും 'പുന്നപ്രവയലാറി'ന്റെ ശില്പികൾ തയ്യാറായില്ല. പ്രണയവും കോമഡിയും ഒഴിച്ചുകൂടാനാവാത്ത ഘടകങ്ങളായിരുന്ന ആ കാലഘട്ടത്തിൽ 'പുന്നപ്രവയലാർ' കോമഡിയെയും പ്രണയത്തെയും അമിതപ്രാധാന്യത്തോടെ തന്നെ പരിചരിക്കുന്നുവെന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. അതുകൊണ്ടു തന്നെ കഥപറച്ചിലിന്റെ ഘടനയിൽ കോമഡി സീനുകളും പ്രണയസീനുകളും ദോഷകരമായ ഇടപെടലുകൾ നടത്തുന്നു. ചിത്രത്തിന്റെ രാഷ്ട്രീയമായ ഏകാഗ്രതയെ നഷ്ടപ്പെടുത്തുന്നു. വയലാറിലെ തൊഴിലാളി സമരാവിഷ്കാരത്തിന്റെ ക്രമികതയിൽ കോമഡി/പ്രണയരംഗങ്ങളും പ്രണയഗാനങ്ങളും ഇടർച്ചകൾ സൃഷ്ടിക്കുന്നു. ഔചിത്യമില്ലാത്ത സന്ദർഭവിന്യാസം 'പുന്നപ്രവയലാറി'ന് അന്നത്തെ ഒരു തനി കമേഴ്സ്യൽ ചിത്രത്തിന്റ രൂപം നൽകുന്നു.

1928 മുതൽ 1969 വരെയുള്ള കാലത്തെ രാഷ്ട്രീയ നോവലും സിനിമയും പ്രമേയപരിചരണത്തിലും ആഖ്യാനതലത്തിലും രാഷ്ട്രീയലക്ഷ്യങ്ങളിലും വിരുദ്ധദിശയിലാണ് സഞ്ചരിച്ചത്. നോവലിൽ, രാഷ്ട്രീയപ്രമേയങ്ങൾ നിലനിൽക്കുന്ന മാധ്യമസങ്കല്പത്തിൽ ഇടപെടുന്നു. സിനിമയിൽ രാഷ്ട്രീയം നിലനിൽക്കുന്ന മാധ്യമബോധ്യങ്ങളാൽ ആവിഷ്കൃതമാവുന്നു. അടിസ്ഥാനപരമായ ഈ വൈരുദ്ധ്യം എല്ലാതലത്തിലും പ്രകടമാണ്. ഈ കാലത്തെ ഏതൊരു രാഷ്ട്രീയസിനിമയെയും നോവലിനെയും ചേർത്തുവച്ചാലും വിരുദ്ധജോഡിയാണ് ലഭിക്കുക.

**1. 2. സമാനജോഡി**

മരുഭൂമികൾ ഉണ്ടാകുന്നത് / ആനന്ദ് / നോവൽ / 1989
അമ്മ അറിയാൻ / ജോൺ എബ്രഹാം / സിനിമ / 1986

കലാസിനിമയുടെ ഭാഗമായ രാഷ്ട്രീയസിനിമകളും ആധുനികതയുടെ രണ്ടാമത്തെ അടരിലെ രാഷ്ട്രീയനോവലുകളും ദർശനത്തിലും പ്രമേയ/ആഖ്യാന സമീപനങ്ങളിലും ഒരേ പാതയിലൂടെ ഒരേ ദിശയിൽ സഞ്ചരിക്കുന്നു. ഇതിന്റെ നേർക്കാഴ്ചയായ സമാനജോഡിയാണ് 'മരുഭൂമികൾ ഉണ്ടാകുന്നതും' 'അമ്മ അറിയാനും'.

വ്യക്തിയെയും ജനതയെയും അധികാരത്തെയും പ്രതിരോധ ത്തെയും മുൻനിർത്തി, ചരിത്രത്തെയും സംസ്കാരത്തെയും വർത്തമാനത്തെയും വ്യാഖ്യാനിക്കുന്ന രാഷ്ട്രീയനോവലുകൾ ആധുനികതയുടെ രണ്ടാമത്തെ അടരിൽ ഉണ്ടായി. ഇവ രാഷ്ട്രീ യത്തെ ദാർശനികവത്കരിക്കുകയും ആഖ്യാനത്തെ വൈവിധ്യ പൂർണ്ണമാക്കുകയും ചെയ്തു. ഇക്കൂട്ടത്തിൽ ശ്രദ്ധേയമായ രചന യാണ് 'മരുഭൂമികൾ ഉണ്ടാകുന്നത്'. നവസിനിമ ചലച്ചിത്രത്തിന്റെ രൂപതലത്തിൽ വരുത്തിയ പരിണാമം ക്രമേണ പുതിയ ഭാവത ലത്തെ സൃഷ്ടിച്ചെടുത്തു. ഈ ഭാവതലത്തിന്റെ പ്രത്യേകത രാഷ്ട്രീയാഭിമുഖ്യമായിരുന്നു. പിന്നീടങ്ങോട്ട് കലാസിനിമയുടെ മുഖമുദ്രയായി നിന്നത് രാഷ്ട്രീയദർശനമാണ്. ശക്തമായ/ദുർബല മായ ആഖ്യാനങ്ങളിൽ രാഷ്ട്രീയം സുപ്രധാന ഘടകമായി മാറി. രാഷ്ട്രീയത്തിന്റെ ദർശനപരമായ ആവിഷ്കാരം സമാന്തരസിനിമ യുടെ നവീനമായ രൂപസങ്കല്പങ്ങളെ നിർണായകമായി സ്വാധീനി ച്ചിട്ടുണ്ട്. രാഷ്ട്രീയത്തിന്റെ ദാർശനികമായ ആഖ്യാനത്തിന് വ്യതി രിക്തമായ ദൃശ്യഭാഷ നൽകിയ ചിത്രമാണ് 'അമ്മ അറിയാൻ'. രാഷ്ട്രീയത്തെ ദർശനപരമായി സമീപിച്ച സമാന്തരസിനിമകളും ആധുനികതയുടെ രണ്ടാമടരിലെ രാഷ്ട്രീയനോവലുകളും പ്രമേയ പരിചരണത്തിലും ആഖ്യാനതലത്തിലും പുലർത്തുന്ന സമാന തയെ അടയാളപ്പെടുത്താൻ 'അമ്മ അറിയാനും' 'മരുഭൂമികൾ ഉണ്ടാകുന്നതും' തമ്മിലുള്ള താരതമ്യം സഹായകമാവും.

**1. 2. 1. പ്രമേയപരിചരണം**

അധികാരത്തിന്റെ അക്രമാസക്തിയെയും ഇരയുടെ ദൈന്യത്തെയും പ്രതിരോധത്തെയും അടിച്ചമർത്തലുകളെയും രാഷ്ട്രീയവ്യർത്ഥതയെയും പ്രത്യാശയെയും ദാർശനികമായി ആവിഷ്കരിക്കുന്ന സൃഷ്ടികളാണ് 'മരുഭൂമികൾ ഉണ്ടാകുന്നതും', 'അമ്മ അറിയാനും'. ഇവ പ്രമേയതലത്തെ 'കഥ'യായല്ല 'ദർശന' മായാണ് പരിചരിക്കുന്നത്. ദർശനത്തിന്റെ ആവിഷ്കാരത്തിനു വേണ്ടി നിർമ്മിച്ചെടുത്ത അന്തരീക്ഷത്തിന്റെ നിഗൂഢതയും ഗൗര വവും നോവലിന്റെയും സിനിമയുടെയും പ്രമേയതലത്തിൽ ഉടനീള മുണ്ട്. നോവലിൽ, രംഭാഗഡ് സുരക്ഷാപദ്ധതിയിലെ ലേബർ ഓഫീസറായി മരുഭൂമിയുടെ നടുവിലെ അപരിചിതമായ പട്ടണത്തി ലെത്തിയ കുന്ദൻ ആധുനിക ഭരണകൂടത്തിന്റെ ക്രൗര്യത്തിനു സാക്ഷിയും ഇരയുമാകേണ്ടിവരുന്നു. മാനവികതയെ സംബന്ധി ക്കുന്ന ലളിതമായ ചോദ്യങ്ങൾക്കുപോലും ഉത്തരം നിഷേധിക്കുന്ന വിധത്തിൽ ക്രൂരമായ സംഭവപരമ്പരകൾ അയാൾക്കു ചുറ്റും അര

ങ്ങേറുന്നു. സിനിമയിൽ, ഡൽഹിയിലേക്കുള്ള യാത്രമാറ്റിവെച്ച്, ആത്മഹത്യ ചെയ്തവന്റെ അമ്മയെ വിവരമറിയിക്കാൻ വയനാട്ടിൽ നിന്നു ഫോർട്ട് കൊച്ചിയിലേക്ക് സുഹൃത്തുക്കളോടൊപ്പം സഞ്ചരിക്കുന്ന 'പുരുഷൻ' ചരിത്രത്തെയും സംസ്കാരത്തെയും സമരങ്ങളെയും നിസ്വരായ ജനതയുടെ പക്ഷത്തുനിന്ന് തൊട്ടറിയുന്നുണ്ട്. കുന്ദന്റെയും പുരുഷന്റെയും യാത്രാവഴികൾ ഇരകളുടെ ദൈന്യത്തിലൂടെ വ്യവസ്ഥാപിതമായ അധികാരധാർഷ്ട്യങ്ങളെ വിമർശിക്കുന്നു.

അധികാരപ്രയോഗത്തിന്റെ ക്രൗര്യവും വ്യവസ്ഥയുടെ ജീർണതയും പ്രതിരോധങ്ങളും വിചിത്രമായ സംഭവഗതികളുടെ ഉചിതമായ പരിചരണത്തിലൂടെ നോവലിൽ വെളിപ്പെടുന്നു. ന്യൂമോണിയയുടെ മറവിൽ ക്രൂരമായി കൊലചെയ്യപ്പെടുന്ന ഡാനിയൽ, പശുപതിസിങ് എന്ന സർക്കാർ അനുകൂലിയ്ക്കു പകരം തടവുകാരനായി പദ്ധതിയിലെത്തുന്ന സുലൈമാൻ, പദ്ധതിയിൽ നിന്നു ഒളിച്ചോടുകയും, പിടിക്കപ്പെട്ടു തിരിച്ചെത്തുമ്പോൾ കലാപത്തിനു നേതൃത്വം നൽകിയതിന്റെ പേരിൽ ക്രൂരമായ പീഡനങ്ങൾക്കുശേഷം നാടുകടത്തപ്പെടുകയും ചെയ്യുന്ന ഭോല, ഇരകളുടെ നിര അങ്ങനെ നീളുമ്പോൾ കുന്ദനു മുന്നിൽ അധികാരപ്രയോഗത്തിന്റെ നിഗൂഢരഹസ്യങ്ങൾ ഒന്നൊന്നായി തെളിഞ്ഞുവരുന്നു. താനും സ്റ്റേറ്റിന്റെ പക്ഷങ്ങൾ നടപ്പാക്കാനുള്ള ഉപകരണം മാത്രമാണെന്ന ചിന്ത കുന്ദനെ അസ്വസ്ഥനാക്കുന്നു. സുരക്ഷാപദ്ധതിയിലെ മനുഷ്യത്വവിരുദ്ധമായ നടപടികൾക്കെതിരെ ചോദ്യമുന്നയിക്കുന്നതോടെ കുന്ദൻ വേട്ടയാടപ്പെടുന്നു. പീഡനങ്ങളിൽ നിന്നു കുതറിയോടാൻ ശ്രമിക്കുന്ന അയാൾക്കു ചുറ്റും ക്രൗര്യത്തിന്റെ നിഴലുകൾ പെരുകുന്നു, കുരുക്കുകൾ ഒന്നൊന്നായി മുറുകുന്നു. രക്ഷപ്പെട്ട് നഗരത്തിലെത്തുന്ന കുന്ദൻ സർക്കാർ സൃഷ്ടിക്കുന്ന ലഹളകൾ കാണുന്നു. അതിന്റെ തെളിവുകൾ പുറംലോകത്തെ അറിയിക്കാൻ ശ്രമിക്കുന്ന അയാൾ പരാജയപ്പെടുന്നു. വ്യക്തിയെ മാത്രമല്ല, ജനതയെ മുഴുവൻ ഭരണകൂടം അതിന്റെ സ്വാർത്ഥത്തിനായി ഉപയോഗിക്കുന്നതെങ്ങനെയെന്ന് കുന്ദൻ തിരിച്ചറിയുന്നു. കുന്ദന്റെ ചെറുത്തു നിൽപ്പിന്റെ പരാജയം സർക്കാരിന്റെ പീഡനത്തിന്റെ ഏജൻസികൾക്ക് സമൂഹത്തിലുള്ള വ്യാപ്തിയും ആഴവും അടയാളപ്പെടുത്തുന്നു. മരുഭൂമിയും നഗരവും നിഗൂഢമായ രംഭാഗഡ് പദ്ധതിയും മരുഭൂമിയിലെ മനുഷ്യരും തടവുകാരും തടവറകളിലെ പീഡനപർവ്വങ്ങളും അധികാരത്തിന്റെ പ്രയോഗരൂപങ്ങളായ ഉദ്യോഗസ്ഥന്മാരും ഇവക്കൊക്കെ ഇടയിലൂടെയുള്ള കുന്ദന്റെ യാത്രയും ദാർശനികമായ ചിന്തകളുമായി ചേർത്തു

നിർത്തി അവതരിപ്പിക്കുന്നു. വിചാരധാരകളുടെയും ചർച്ചകളുടെയും ദാർശനികപരിസരവും വിചിത്രമായ സംഭവഗതികളുടെ നിഗൂഢസൗന്ദര്യവും നോവലിന്റെ പ്രമേയപരിചരണത്തെ വേറിട്ടതാക്കുന്നു.

'അമ്മ അറിയാനി'ലും സമാനമായ ദാർശനിക പരിചരണരീതി കാണാം. അമ്മയോട് യാത്രപറഞ്ഞ് വീട്ടിൽ നിന്ന് ഡൽഹിയിലേക്ക് പുറപ്പെട്ട പുരുഷന്റെ യാത്ര അപ്രതീക്ഷിതമായാണ് വഴിമാറുന്നത്. ചുരം കയറുമ്പോൾ വഴിയിൽ കാണാനിടയായ ജഡം പരിചയമുള്ള ആരുടേതോ ആണെന്ന് അയാൾക്കു തോന്നുന്നു. അതാരാണെന്നറിയാൻ സുഹൃത്തുക്കളിൽ പലരേയും കൂട്ടി അയാൾ മെഡിക്കൽ കോളേജിന്റെ മോർച്ചറിയിലെത്തുന്നു. ഇത് സത്യജിത്തിന്റെ നാടകത്തിൽ തബല വായിക്കുന്ന പയ്യനല്ലേ/ഇതു നമ്മുടെ ഹരിയല്ലേ/എന്റെ നാടകത്തില് ഡ്രംസ് വായിക്കുന്ന ടോണിയല്ലേ ഇത്/അല്ല ഹരിയാ.. . സംശയങ്ങൾ പൂർണ്ണമായും ഒടുങ്ങുന്നില്ലെങ്കിലും ഹരിയാണെന്ന ഉറപ്പിൽ ഹരിയുടെ അമ്മയെ വിവരമറിയിക്കാൻ അവർ ഫോർട്ടുകൊച്ചിയിലേക്ക് തിരിക്കുന്നു. ബേപ്പൂർ, ഇരിങ്ങൽപ്പാറ, തൃശൂർ, കൊടുങ്ങല്ലൂർ, കോട്ടപ്പുറം, വൈപ്പിൻ ദ്വീപ് വഴി നീങ്ങുന്ന അവരുടെ യാത്ര ഫോർട്ടു കൊച്ചിയിലെത്തുന്നു. ഓരോ ഇടങ്ങളിലും വെച്ച് ഹരിയുടെ സുഹൃത്തുക്കളിൽ പലരെയും അവർ കാണുന്നു. ബാലേട്ടൻ, നാരായണൻകുട്ടി, സത്യൻ, അയ്യപ്പൻ, വാസു, ജോസ്, രാജപ്പൻ, ബഷീർ, നസീം അങ്ങനെ പലർ. നാരായണൻകുട്ടിയും വാസുവുമൊഴികെ എല്ലാവരും ഹരിയുടെ അമ്മയെ വിവരമറിയിക്കാനുള്ള യാത്രയിൽ ചേരുന്നു. അമ്മയെ കണ്ടെത്തുമ്പോഴേക്കും ആ സംഘം വലിയ ഒരു ആൾക്കൂട്ടമായി വളരുന്നുണ്ട്. യാത്രയുടെ ഓരോ ഇടങ്ങളിലും വെച്ച് വ്യത്യസ്ത തുറകളിലുള്ള ജനതയുടെ രാഷ്ട്രീയസമരങ്ങൾ പ്രമേയ തലത്തോട് ഇഴചേരുന്നു.

മെഡിക്കൽ വിദ്യാർത്ഥികൾ ആരോഗ്യവിദ്യാഭ്യാസ രംഗത്തെ സ്വകാര്യവത്കരണത്തിനെതിരായി നടത്തുന്ന സമരം, ബേപ്പൂർ തുറമുഖത്തുനടന്ന തൊഴിലാളി സമരം, കറുപ്പുസ്വാമിക്കു നീതിലഭിക്കുന്നതിനായി ഇരിങ്ങൽപ്പാറയിലെ പാറമടത്തൊഴിലാളികൾ നടത്തിയ സമരം, കരിഞ്ചന്തയ്ക്കും പൂഴ്ത്തിവെപ്പിനുമെതിരെ കോട്ടപ്പുറത്തെ തൊഴിലാളികൾ നടത്തിയ സമരം, ഫോർട്ട് കൊച്ചിയിലെ ഗോഡൗൺ തൊഴിലാളികൾ അന്യായമായ പിരിച്ചുവിടലിനെതിരെ നടത്തിയ സമരം, ഹരിയെക്കുറിച്ചുള്ള ഓർമ്മകളിൽ നിറഞ്ഞു നിൽക്കുന്ന സായുധവിപ്ലവ ശ്രമങ്ങൾ, വിപ്ലവകാരികൾ

നേരിട്ട കിരാത പീഡനങ്ങൾ, ഇതെല്ലാം ഹരിയുടെ അമ്മയെ തേടിയുള്ള യാത്രക്ക് സമാന്തരമായി രാഷ്ട്രീയ വ്യാഖ്യാനം നേടുന്നു. ഭരണകൂട താത്പര്യങ്ങൾക്കു കൂട്ടുനിൽക്കുന്നവരും ചെറുത്തുനിൽക്കുന്നവരും തമ്മിലുള്ള പോരാട്ടത്തിന്റെ അടയാളങ്ങളാണ് ഈ സമരങ്ങൾ ഓരോന്നും. വിജയിക്കുകയും പരാജയപ്പെടുകയും ചെയ്ത പ്രതിരോധശ്രമങ്ങൾക്കിടയിൽ അധികാരത്തിന്റെ ക്രൗര്യവും ജനതയുടെ ദൈന്യവും വെളിപ്പെടുന്നുണ്ട്. ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും ശേഷിപ്പുകൾ ഇവയ്ക്കു പശ്ചാത്തലമായി കടന്നു വരുന്നു. അമ്മയോട് ധരിപ്പിക്കുന്ന വിവരങ്ങളുടെയും വിചാരധാരകളുടെയും പ്രസംഗങ്ങളുടെയും ചർച്ചകളുടെയും കവിതവായനയുടെയുമൊക്കെ രൂപത്തിൽ രാഷ്ട്രീയ ചിന്തകൾ പ്രമേയതലത്തിൽ ഇടം നേടുന്നു.

രാഷ്ട്രീയതത്വചിന്തയെ മുൻനിർത്തുന്ന പ്രമേയ പരിചരണരീതി 'മരുഭൂമികൾ ഉണ്ടാകുന്നതിലും' 'അമ്മഅറിയാനി'ലും എല്ലാവിധ സൗന്ദര്യത്തോടെയും പ്രവർത്തനക്ഷമമാകുന്നു. ദാർശനികമായ പരിചരണം പ്രമേയത്തെ രാഷ്ട്രീയതത്വചിന്തനമായി പരിവർത്തിപ്പിക്കുന്നു. ഭരണകൂടം, ജനത, പ്രതിരോധം, പ്രത്യയശാസ്ത്രം തുടങ്ങി വിഭിന്ന രാഷ്ട്രീയഘടകങ്ങളെക്കുറിച്ചുള്ള ദാർശനികവിചാരങ്ങളാണു പ്രമേയതലത്തെ നിർമ്മിക്കുന്നത്. അഥവാ പ്രമേയതലത്തിൽ നാം വായിക്കുന്ന/കാണുന്ന സന്ദർഭങ്ങൾ രാഷ്ട്രീയവിചാരങ്ങളിലേക്ക് എത്തിച്ചേരാനുള്ള വഴികൾ മാത്രമാണ്. നോവലും സിനിമയും വ്യത്യസ്ത രാഷ്ട്രീയഘടകങ്ങളെക്കുറിച്ച് ഉന്നയിക്കുന്ന വിചാരങ്ങൾ ഇവയുടെ പ്രമേയതലത്തിലുടനീളമുണ്ട്.

ജനതയെ ചൂഴ്ന്നു നിൽക്കുന്ന ഭരണകൂട ഭീകരതയും അതിന്റെ ഇരകളാകാൻ വിധിക്കപ്പെട്ടവരുടെ നിസ്സഹായതയും നോവലും സിനിമയും അനുഭവപ്പെടുത്തുന്നു. ഈ അനുഭവം തീക്ഷ്ണമായ ചിന്തകളായി പ്രമേയതലത്തിൽ അവതരിപ്പിക്കുന്നു. 'മരുഭൂമികൾ ഉണ്ടാകുന്നതി'ൽ നിന്ന്: "ഇന്നലെ കണ്ട സിനിമയെയോ നാടകത്തെയോ വായിച്ച കവിതയെയോ കുറിച്ചു ചർച്ച ചെയ്യുന്ന ആ ചെറുപ്പക്കാർ, വായിൽ ഒരു വിരൽ വച്ച് ആ വീടിന്റെ വരാന്തയിൽ നിന്നും ലോകത്തിന്റെ നേരെ അത്ഭുതത്തോടെ നോക്കുന്ന കുട്ടി, തോട്ടത്തിൽ കുനിഞ്ഞിരുന്നു പണിയുന്ന വൃദ്ധനായ മാലി, അവരുടെയൊക്കെ നെറ്റിയിൽ എഴുതിവെച്ചിരിക്കുന്ന ഒരു വാക്ക് കുന്ദൻ കണ്ടു: കൺവിക്ട്. ഇക്കണ്ട മനുഷ്യരൊക്കെ മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ടവരാണ്. കടമെടുത്ത സമയത്തി

ലാണ് അവർ ജീവിക്കുന്നത്. '' 'അമ്മ അറിയാനി'ൽ നിന്ന്: ''എത്ര യെത്ര ദുർമരണങ്ങൾ. സ്വപ്നങ്ങൾ ഒടുങ്ങുന്നതിങ്ങനെയാണ്. തല ച്ചോറുകൾ ചിതറിത്തെറിക്കുന്നതും ഇങ്ങനെയാണ്. തുളവീണ ഒരു നെഞ്ച്. തോക്കിൽ പാത്തികളാൽ തകർക്കപ്പെടുന്ന പോരാട്ടങ്ങൾ. കഴുമരങ്ങൾക്കു മുകളിൽ കൈയടിച്ചാർക്കുന്ന കഴുകന്മാർ. ദുർമര ണങ്ങളുടെ ഈ ഘോഷയാത്രയിൽ നാം ആരെയാണ് കാത്തിരി ക്കുന്നത്. കുട്ടികൾ കൂടുതൽ നിർഭയരും ദീർഘദർശികളുമാണ്. ദുരിതങ്ങളാൽ, പീഡനങ്ങളാൽ, ഒരു ജനതയാകെ വഞ്ചിക്കപ്പെട്ടേ ക്കാം. ''

എഴുപതുകളിലെയും എൺപതുകളിലെയും ഇന്ത്യൻ രാഷ്ട്രീയ സാഹചര്യങ്ങളുടെ സൃഷ്ടിയായ പലതരം ആശങ്കകളെ നോവലും സിനിമയും പ്രമേയതലത്തിൽ സ്വാംശീകരിക്കുന്നു. മുഖ്യധാരാ രാഷ്ട്രീയചിന്തകളിൽ നിന്ന് മാറിനിൽക്കുന്ന രാഷ്ട്രീയബോധ്യങ്ങളെ അടയാളപ്പെടുത്തുന്നു; ബൗദ്ധികമായി പരിചരിക്കുന്നു.

**1. 2. 2. ആഖ്യാനതലം**

ആധുനികതയുടെ രണ്ടാമത്തെ അടരിലെ രാഷ്ട്രീയനോവ ലുകൾ മലയാള നോവലിന് ആഖ്യാനപരമായി വൈവിധ്യം നൽകു ന്നുണ്ട്. സമാന്തരസിനിമയിലെ ശക്തമായ രാഷ്ട്രീയാവിഷ്കാരങ്ങ ളിൽ രൂപപരമായ പരീക്ഷണങ്ങൾ കൂടുതൽ അർത്ഥവത്താകുന്നത് കാണാം. 'കബനീനദി ചുവന്നപ്പോൾ', 'ഉത്തരായനം', 'സംഘഗാ നം', 'മുഖാമുഖം', 'പിറവി', 'വാസ്തുഹാര' തുടങ്ങി നിരവധി രാഷ്ട്രീയ ചിത്രങ്ങൾ ഇതിന്റെ സാക്ഷ്യങ്ങളാണ്. ആഖ്യാനപര മായ പരീക്ഷണങ്ങളിൽ 'അമ്മ അറിയാൻ' സമാന്തര സിനിമയുടെ സൗന്ദര്യസങ്കല്പങ്ങളെ സ്വാംശീകരിച്ചുകൊണ്ട് തനതായ സ്വത്വം നിർമ്മിച്ചെടുക്കുന്നു. 'മരുഭൂമികൾ ഉണ്ടാകുന്നത്' ആധുനിക നോവലിന്റെ ആഖ്യാനബോധ്യങ്ങളെ വികസ്വരമാക്കുന്ന വിധ ത്തിൽ സ്വതന്ത്രമായ നോവൽ രൂപം പണിയുന്നു.

'ഭാഷ'യുടെ ഉപന്യാസ സമാനവും ആലങ്കാരികവുമായ ദാർശനികരൂപണം ആനന്ദിന്റെ നോവലുകളുടെ ആഖ്യാനതല ത്തിലെ സവിശേഷഘടകമാണ്. ഇത്തരം ദാർശനിക ഭാഷാപ്രയോ ഗത്തിന്റെ രാഷ്ട്രീയ ഉപയോഗം 'മരുഭൂമികൾ ഉണ്ടാകുന്നത്' ന്റെ ബൗദ്ധികമായ പ്രമേയ പരിചരണത്തെ ശക്തിപ്പെടുത്തുന്നുണ്ട്.

കുന്ദന്റെ ചിന്താധാരകളെയും ചർച്ചകളെയും സംവാദങ്ങളെയും വേറിട്ട അനുഭവമാക്കി മാറ്റുന്നത് ഈ ഭാഷാവിശേഷമാണ്. ഭാഷയുടെ ദാർശനികമായ ആലങ്കാരികതയിൽ നിന്നു രൂപമെടുക്കുന്ന, സവിശേഷമായ നിരവധി രാഷ്ട്രീയ പ്രസ്താവങ്ങൾ നോവലിൽ വ്യാപകമായി കാണാം. – "ജനാധിപത്യം പഴകുന്നതോടെ എന്തിനെയും ഒപ്പിയെടുക്കാനുള്ള കഴിവ് അതു നേടുന്നു", "വിപ്ലവത്തിന്റെ ആദ്യത്തെ നാമ്പുകൾ ഉയരുന്നത് മനുഷ്യർക്കുള്ളിലെ നിഴലുകൾ സ്വാതന്ത്ര്യം പ്രഖ്യാപിക്കുമ്പോഴാണ്.", "മനുഷ്യനെയും മനുഷ്യനെയും ബന്ധിപ്പിക്കുന്ന ഈർപ്പം ഇനിയും ഉറവകളിട്ടുവെന്നു വരാം. ഹൃദയങ്ങളിൽ അനുരണനങ്ങളുയർത്തുന്ന മൃദുലശബ്ദങ്ങൾ ധിക്കാരത്തിന്റെ മണലിന്റെ കിരുകിരുപ്പിനു മീതെ വീണ്ടും കേൾക്കായി എന്നു വരാം."

അധികാരത്തിന്റെ നിഗൂഢസ്ഥലികളിലൂടെയുള്ള കുന്ദന്റെ അന്വേഷണങ്ങളുടെ വൈചിത്ര്യത്തിന് പരഭാഗശോഭയേറ്റുന്ന വിധത്തിൽ കല്പനകളുടെ വിചിത്രമായ രൂപനിർമ്മിതിയും ഭാഷ സാധ്യമാക്കുന്നുണ്ട്: "അപ്പോൾ അയാളുടെ മനസ്സിൽ തെളിഞ്ഞുവന്ന സ്ത്രീയുടെ ചിത്രം, സ്വന്തം കുടുംബത്തെ രക്ഷിക്കുവാൻ വേണ്ടി ആരുടെയോ വധശിക്ഷ സ്വന്തം ശിരസ്സിലേറ്റി നടന്ന ഒരു മനുഷ്യന്റെ, ഭാരിച്ച ഒരു ഇരുമ്പുഗാർഡറിനു താഴെ ചതഞ്ഞു പൾപ്പായി മാറിയ തലച്ചോറിൽ അവസാനം വരെ ഇരുന്നതും ആ പൾപ്പിലൂടെ മാഞ്ഞു ദ്രവിച്ച് കരിഞ്ഞു മണ്ണായി മാറിയതുമായ ഒരു സ്ത്രീയുടെ ചിത്രമായിരുന്നു. "

'മരുഭൂമികൾ ഉണ്ടാകുന്നത്' നോവലിന്റെ ആഖ്യാനത്തിലെ അടിസ്ഥാനഘടകമായ ഭാഷാപ്രയോഗത്തിന്റെ ദാർശനികമായ ഉപയോഗത്തിലൂടെ/ക്രമപ്പെടുത്തലിലൂടെ പ്രമേയപരിചരണത്തിലെ ബൗദ്ധികതയെ പിൻതാങ്ങുമ്പോൾ, 'അമ്മ അറിയാൻ' ചലച്ചിത്രാഖ്യാനത്തിന്റെ അടിസ്ഥാനഘടകമായ 'ദൃശ്യ'ങ്ങളുടെ ദാർശനികമായ രൂപണത്തിലൂടെയും സങ്കലനത്തിലൂടെയും പരിചരണത്തിന്റെ ദർശനപരതയ്ക്ക് കരുത്തു നൽകുന്നു.

'അമ്മ അറിയാനി'ലെ ദൃശ്യങ്ങൾ കേവലമായ സെല്ലുലോയ്ഡ് പകർപ്പുകളല്ല; സിനിമയുടെ രാഷ്ട്രീയദർശനത്തെയും/അനുഭവത്തെയും അടയാളപ്പെടുത്തുന്ന ദൃശ്യവ്യാഖ്യാനങ്ങളാണ്. പൂഴ്ത്തിവെപ്പിനും കരഞ്ചന്തക്കുമെതിരായി നടന്ന സമരത്തിനൊടു

വിൽ പിടിച്ചെടുത്ത അരിയും പഞ്ചസാരയും വിതരണം ചെയ്യുന്നത് ആവിഷ്കരിക്കുന്നിടത്തെ 'ക്യൂവിന്റെ നീളമേറിയ ഹാൻഡ് ഹെൽഡ് ഷോട്ടുകൾ' (മുന്നിലേക്കും പിന്നിലേക്കും ചലിക്കുന്നത്) ജനത അനുഭവിക്കുന്ന ദാരിദ്ര്യത്തിന്റെ ഭീകരതയെ വെളിപ്പെടുത്തുന്നു. പോലീസ് സ്റ്റേഷനിലെ ഉരുട്ടൽ ചിത്രീകരിക്കുന്നിടത്ത് 'ഉരുട്ടലിനു വിധേയമായവന്റെ വിയർത്തുകുളിച്ച ശരീരത്തിലൂടെയുള്ള ക്ലോസ്പാനിങ് ഷോട്ട്' മർദ്ദനമുറകളുടെ ക്രൗര്യത്തെ മുഴുവനായും അനുഭവപ്പെടുത്തുന്നു. ഫോർട്ട് കൊച്ചിയിൽ മത്സ്യത്തൊഴിലാളികൾ തമ്മിൽ നടന്ന സംഘർഷത്തിനു പിന്നിലെ രാഷ്ട്രീയ പാർട്ടികളുടെ ഇടപെടലുകളെ പരാമർശിക്കുമ്പോൾ 'ചുവരിൽപതിച്ച കോൺഗ്രസ് പാർട്ടിയുടെ തിരഞ്ഞെടുപ്പു ചിഹ്നവും അതിനരികെ അമർന്ന്, ക്രമേണ താഴേക്കു തളർന്നു വീഴുന്ന ചോരപുരണ്ട കൈയും, അത് അവശേഷിപ്പിക്കുന്ന ചോരയുടെ നിറമുള്ള കൈപ്പത്തി അടയാളവും ഒറ്റദൃശ്യത്തിൽ നാം കാണുന്നു'. ശക്തമായ രാഷ്ട്രീയ പ്രസ്താവമാണ് ഈ ദൃശ്യം സാധ്യമാക്കുന്നത്.

ടിൽറ്റ് അപ്പ് ചെയ്ത് ഹൈ ആംഗിളിൽ നിന്ന് ഹരിയുടെ ശവത്തിന്റെ കണ്ണുകളിലേക്ക് അടുക്കുന്ന 'ശവക്കാഴ്ചയുടെ' ആദ്യദൃശ്യം, പോലീസിന്റെ ബൂട്ടുകൾ ചവിട്ടിയരച്ച വിരലുകൾ മുഖത്തിനു നേരെ ഉയർത്തുന്ന (മൃദംഗത്തിന്റെ ദ്രുതതാളത്തോടൊപ്പം) ഹരിയുടെ ദൃശ്യം (close), കൈനോട്ടക്കാരിയുടെ ഭൂതം/ഭാവിപറച്ചിലുകൾക്കൊപ്പം ചേർത്തു വച്ചിരിക്കുന്ന (ചേരാതെ നിൽക്കുന്ന) യുദ്ധക്കെടുതിയുടെയും കലാപഭീകരതയുടെയും പട്ടിണി മരണങ്ങളുടെയും സ്വേച്ഛാധിപത്യക്രൗര്യത്തിന്റെയും വിമോചനപോരാട്ടങ്ങളുടെയും നിശ്ചലചിത്രങ്ങളുടെ ക്ലോസ്ഷോട്ടുകൾ, തിരശീലയിൽ തെളിയുന്ന 'അമ്മ അറിയാൻ'ന്റെ അവസാന ദൃശ്യത്തിൽ നിന്ന് അമ്മയുൾപ്പെടെയുള്ള പ്രേക്ഷകരുടെ ഇടയിലേക്ക് പാൻ ചെയ്യുന്ന അവസാന ഷോട്ട് എന്നു തുടങ്ങി ദർശനവും അനുഭവവും സമന്വയിക്കുന്ന ദൃശ്യങ്ങളുടെ സമൃദ്ധിയിലാണ് 'അമ്മ അറിയാനി'ന്റെ ആഖ്യാനതലം നിർമ്മിക്കപ്പെട്ടിരിക്കുന്നത്. ഇത്തരം ദൃശ്യങ്ങൾ പരിചരണത്തിലെ ദാർശനികതയ്ക്ക് ഇണങ്ങുംവിധം സങ്കലനം ചെയ്തിരിക്കുന്നു. ഇതെല്ലാം വെളിപ്പെടുത്തുന്നത് 'മരുഭൂമികൾ ഉണ്ടാകുന്നത്', ഭാഷയെയും 'അമ്മ അറിയാൻ' ദൃശ്യങ്ങളെയും കൈകാര്യം ചെയ്തിരിക്കുന്ന രീതികളിലെ സമാനതയെയാണ്.

ആഖ്യാനഘടനയിലും 'മരുഭൂമികൾ ഉണ്ടാകുന്നതും', 'അമ്മ അറിയാനും' സമാനമായ രീതികൾ അവലംബിക്കുന്നു. കുന്ദന്റെ യാതനാപൂർണ്ണമായ അഭിയാനത്തിനും പുരുഷന്റെയും സുഹൃത്തുക്കളുടെയും യാത്രയ്ക്കും ഒരേസമയം നൈരന്തര്യവും ക്രമരാഹിത്യവുമുണ്ട്. രംഭാഗഡ് സുരക്ഷാപദ്ധതിയിലെ ലേബർ ഓഫീസറായെത്തി, സ്റ്റേറ്റിന്റെ അധികാര ക്രൗര്യത്തിന്റെ ഇരകളെ തിരിച്ചറിഞ്ഞ്, പീഡനത്തിന്റെ ഇടനാഴികളിൽ ഒറ്റയ്ക്കു പൊരുതി, നഗരത്തിലേക്ക് ഒളിച്ചോടി, പിടിക്കപ്പെട്ട്, പീഡനങ്ങളേറ്റുവാങ്ങി, ജയിൽ മോചിതനായി, അലയുന്ന കുന്ദന്റെ ജീവിതത്തിലെ വികാസപരിണാമങ്ങൾക്ക് ഒരർത്ഥത്തിൽ ക്രമികതയുണ്ട്. എന്നാൽ സംഭവഗതികളുടെ വികാസത്തിന് നേർരേഖാരൂപമില്ല. മരുഭൂമിയിലെ വിചിത്രമായ അനുഭവങ്ങളിലേക്കും മനുഷ്യരിലേക്കും അവരുടെ ജീവിതമന്വേഷിച്ചുള്ള യാത്രകളിലേക്കും റൂത്തയുടെ സാന്ത്വനത്തിലേക്കും അപരിചിതമായ രൂപങ്ങളിലേക്കും മാനസിക സംഘർഷങ്ങളിലേക്കും ചിന്തയുടെ സവിശേഷ രൂപകങ്ങളിലേക്കും ചർച്ചകളിലേക്കും സംവാദങ്ങളിലേക്കും ചരിത്രത്തിന്റെ വ്യാഖ്യാനങ്ങളിലേക്കും ആഖ്യാനഗതി വഴിപിരിഞ്ഞൊഴുകുന്നു; വ്യക്തമായ രാഷ്ട്രീയലക്ഷ്യങ്ങളോടെ. 'അമ്മ അറിയാനി'ൽ ആത്മഹത്യചെയ്ത ഹരിയുടെ അമ്മയെ വിവരമറിയിക്കാൻ വയനാട്ടിൽ നിന്ന് ഫോർട്ടുകൊച്ചിയിലേക്ക് പുരുഷനും സുഹൃത്തുക്കളും നടത്തുന്ന യാത്രയും, ഓരോ ഇടങ്ങളിലെയും സുഹൃത്തുക്കളും അമ്മമാരും, ഹരിയുടെ അമ്മയെ കണ്ടെത്തലും ആഖ്യാനഘടനയുടെ നൈരന്തര്യത്തെ സംരക്ഷിച്ചു നിർത്തുന്നു. എന്നാൽ ഓരോ ഇടങ്ങളിലെയും രാഷ്ട്രീയ സമരങ്ങളുടെ ആവിഷ്കാരത്തിലൂടെ/പരാമർശങ്ങളിലൂടെ, ഹരിയെക്കുറിച്ചുള്ള ഓർമ്മകളിലൂടെ, വിപ്ലവകാരികളായ ചെറുപ്പക്കാർ ഏൽക്കേണ്ടിവന്ന കൊടിയപീഡനങ്ങളിലൂടെ, ദേവീസ്തുതികളുടെ പ്രഭാമയമായ ആവർത്തനത്തിലൂടെ, ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും അടയാളപ്പെടുത്തലിലൂടെ, രാഷ്ട്രീയവിചാരങ്ങളിലൂടെ ആഖ്യാനഘടനയുടെ നൈരന്തര്യത്തെ ബോധപൂർവം തകർക്കുന്നു. ഇത് വ്യക്തമാക്കാൻ 'അമ്മ അറിയാനി'ലെ കുറച്ചു ഭാഗത്തെ സീൻ ഓർഡർ പരിശോധിക്കുന്നു:

ഹരിയുടെ സുഹൃത്തുക്കളിൽ ഒരുവനായ സത്യനെ വിവരം ധരിപ്പിക്കാൻ സുഹൃത്തുക്കളുടെ സംഘം അയാളുടെ വീട്ടിലെത്തുന്നു → സത്യൻ കടപ്പുറത്താണ് എന്നറിഞ്ഞ് അവർ കടപ്പുറത്തെത്തുന്നു. കടപ്പുറത്ത് കരാട്ടെ പരിശീലിപ്പിക്കുന്ന സത്യനെ

കണ്ട് വിവരം ധരിപ്പിക്കുന്നു → ക്വാറിയിലെ അപകടത്തിൽ കാലു നഷ്ടപ്പെട്ട കറപ്പുസ്വാമിയെ സുഹൃത്തുക്കളുടെ സംഘം കാണുന്നു. കറുപ്പുസ്വാമിക്ക് നീതി ലഭിക്കാൻ വേണ്ടി നടന്ന സമരകഥയുടെ ശബ്ദപശ്ചാത്തലത്തിൽ സമരം ആവിഷ്കൃതമാവുന്നു →യാത്രയിൽ മൗനിയായിരിക്കുന്ന പുരുഷന്റെ മാനസികതലത്തിലെന്നവണ്ണം അമ്മയും പാറുവും ഉൾപ്പെടുന്ന പ്രഭാമയമായ ദൃശ്യത്തിൽ ദേവീസ്തുതികൾ നിറയുന്നു. (പോരിൽ വിജയം തരണമെന്ന പ്രാർത്ഥന) → യാത്രയിൽ അയ്യപ്പനോടുള്ള ചോദ്യങ്ങളുടെയും ഉത്തരങ്ങളുടെയും ശബ്ദപശ്ചാത്തലത്തിൽ ഹോസ്റ്റൽ ദൃശ്യങ്ങൾ. ഹരിയുടെ മാനസികതലത്തിലെ ആശയക്കുഴപ്പവും വൈരുദ്ധ്യങ്ങളും വെളിപ്പെടുന്നു. അവൻ നക്സൽ മൂവ്മെന്റിൽ പങ്കെടുത്തിരുന്നു എന്ന സൂചന → ഉമ്മയോട് ഹരിയുടെ മരണവിവരമറിയിച്ച്, അമ്പതുരൂപ വാങ്ങി കൊച്ചിക്ക് പുറപ്പെടുന്ന സുഹൃത്ത് →യാത്രയിൽ, സായുധ വിപ്ലവകാരികളുടെ പോലീസ് സ്റ്റേഷൻ ആക്രമണത്തിന്റെ ഓർമ്മകളിലേക്ക്. →ഓർമ്മ–ഹരിയെയും കൂട്ടിവന്ന് ഒരു സുഹൃത്തിനെ പോലീസ് അറസ്റ്റുചെയ്യുന്നു.

യാത്രയിൽ പുരുഷന്റെ മാനസിക തലത്തിലെന്നവണ്ണം അമ്മയും പാറുവുമുൾപ്പെടുന്ന കാവിലെ ദൃശ്യത്തിൽ ദേവീസ്തുതികൾ. (യുദ്ധ തത്പരരേ. . . സർവ്വ ദുഷ്ടസംഹത്രീ. ശിവേ. . . . രക്തഭക്ഷണപ്രിയേ . . . മാംസഭക്ഷണലോലേ . . . തുടങ്ങിയ സ്തുതികൾ)

ആഖ്യാനഘടനയിലെ 'ഇടർച്ചകൾ' ശക്തമായ രാഷ്ട്രീയ വിവക്ഷകളെ ഉത്പ്പാദിപ്പിക്കുന്നുണ്ട്. മുകൾ സൂചിപ്പിച്ച ഭാഗങ്ങളിൽ, ആഖ്യാനം ദേവീസ്തുതികളിലേക്ക് വഴിമാറുന്ന സന്ദർഭങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. പാറമടയിലെ തൊഴിലാളിസമരത്തിൽ നിന്നും സായുധവിപ്ലവകാരികളുടെ പോലീസ് സ്റ്റേഷൻ ആക്രമണത്തിൽ നിന്നും കരിഞ്ചന്തക്കും പൂഴ്ത്തിവപ്പിനുമെതിരായ സമരാവേശത്തിൽ നിന്നും ആഖ്യാനം ദുഷ്ടനിഗ്രഹവുമായി/യുദ്ധവിജയവുമായി ബന്ധപ്പെട്ട ദേവീസ്തുതികൾ നിറയുന്ന ദൃശ്യങ്ങളിലേക്ക് ഗതിമാറിയൊഴുകുന്നു. അധികാരവർഗ്ഗത്തിന്റെ ചൂഷണങ്ങൾക്കെതിരായ ചൂഷിതരുടെ സമരങ്ങളെയും തിന്മയെ നിഗ്രഹിക്കുന്ന പാരമ്പര്യനിഷ്ഠമായ ദേവീസങ്കല്പത്തെയും യാത്രയുടെ നൈരന്തര്യത്തിൽ നിന്നുള്ള ഇടർച്ചയിൽ ചേർത്തുവെക്കുമ്പോൾ ആഖ്യാനഘടനയുടെ രാഷ്ട്രീയപ്രയോഗമായി അതിനെ തിരിച്ചറി

യേണ്ടതുണ്ട്. കൊടുങ്ങല്ലൂരമ്മയുടെ ഉറയുന്ന സ്മരണയുടെ പരാമർശത്തിൽ നിന്ന് വിപ്ലവാഭിമുഖ്യം നിറഞ്ഞുനിൽക്കുന്ന കവിതവായനയിലേക്കുള്ള ആഖ്യാനവ്യതിയാനവും ഘടനയുടെ രാഷ്ട്രീയ പ്രയോഗത്തെ സാധ്യമാക്കുന്നു. ദ്രാവിഡപാരമ്പര്യത്തിലെ നന്മ/തിന്മ ദ്വന്ദ്വങ്ങളും തിന്മയുടെ നിഗ്രഹവും വർത്തമാനവ്യവസ്ഥയുടെ ക്രൗര്യത്തിനെതിരായ പ്രതിരോധങ്ങളോടും ഉന്മൂലന സങ്കല്പങ്ങളോടും ചേർന്നു നിൽക്കുന്നു. വിശ്വാസപ്രമാണങ്ങളെ പാരമ്പര്യവുമായി കണ്ണിചേർക്കുന്നതിന് നിദാനമായി വർത്തിക്കുന്നത് ആഖ്യാനഘടനയാണ്. ഹരിയെക്കുറിച്ചുള്ള ഓർമ്മകളിലെ ആദ്യസീനിൽ നിറയുന്ന സംഹാരരുദ്രനായ ശിവന്റെ സ്തുതികളും ഇതിനോട് ചേർത്ത് വായിക്കേണ്ടതുണ്ട്. പ്രമേയപരിചരണത്തെ ദാർശനികമാക്കുന്നതിൽ ആഖ്യാനഘടനയുടെ രാഷ്ട്രീയ ഉപയോഗം നിർണായക പങ്കുവഹിക്കു7ന്നു; നോവലിലും സിനിമയിലും.

വ്യത്യസ്തമായ മാധ്യമങ്ങൾ എന്ന നിലയിൽ സിനിമയും നോവലും പുലർത്തുന്ന സമീപനങ്ങളിലെ സമാനതയ്ക്ക് വൈരുദ്ധ്യങ്ങളെക്കാൾ പ്രസക്തിയുണ്ട്. 1970 മുതൽ 1999 വരെയുള്ള കാലത്തിനിടയിൽ സിനിമയിലും നോവലിലുമുണ്ടായ മാധ്യമപരമായ സങ്കല്പവ്യതിയാനങ്ങൾക്കനുസൃതമായി രാഷ്ട്രീയാവിഷ്കാരങ്ങളുടെയും പ്രമേയ/ആഖ്യാനതലങ്ങളിൽ പരിണാമങ്ങൾ ഉണ്ടായിട്ടുണ്ട്. പലതരം രാഷ്ട്രീയാവിഷ്കാരങ്ങൾ രൂപമെടുക്കുകയും ചെയ്തു. ഇത്തരമൊരു സാഹചര്യത്തിൽ വൈരുദ്ധ്യങ്ങൾക്കു സാധ്യത ഏറെയാണ്. 'തലയോട്-പുന്നപ്രവയലാർ' ജോഡിക്കു സമാനമായ വിരുദ്ധജോഡികളെ ധാരാളമായി കണ്ടെത്താനാവും. സമാനജോഡികൾ അത്രയധികം ഉണ്ടെന്നു പറയാനാവില്ല. രാഷ്ട്രീയദർശനത്തിലും മാധ്യമസമീപനത്തിലും രണ്ടുമാധ്യമങ്ങൾ ഒരേ കാലത്തിൽ ഒരേ പാതയിലൂടെ ഒരേ ലക്ഷ്യത്തിലേക്ക് സഞ്ചരിച്ചു എന്നതിന്റെ ദൃഷ്ടാന്തമാണ് സമാനജോഡികൾ. മലയാളത്തിലെ രാഷ്ട്രീയ നോവലിലും സിനിമയിലും അത് സംഭവിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ആധുനികതയുടെ രണ്ടാമടരിലെ രാഷ്ട്രീയനോവലുകളെയും സമാന്തരസിനിമയിലെ ഗൗരവപൂർണമായ രാഷ്ട്രീയാഖ്യാനങ്ങളെയും ചേർത്തുവച്ച് ഇനിയും സമാനജോഡികളെ കണ്ടെത്താനാവും.

### 1. 3. സമാന്തരജോഡി

അധികാരം / വി. കെ. എൻ / നോവൽ / 1991
പഞ്ചവടിപ്പാലം / കെ. ജി. ജോർജ്ജ് / സിനിമ / 1984

നർമ്മത്തിന്റെ വ്യതിരിക്ത പ്രയോഗങ്ങളിലൂടെ രാഷ്ട്രീയ ആക്ഷേപം സാധ്യമാക്കുന്ന നോവലുകളും സിനിമകളും സമാനതകൾക്കും വൈരുദ്ധ്യങ്ങൾക്കുമപ്പുറം തനതായ സ്വത്വം നിലനിർത്തി സമാന്തരമായി നിലകൊള്ളുന്നതു കാണാം. ഇതു വെളിപ്പെടുത്തുന്ന 'സമാന്തര ജോഡി'യാണ് 'അധികാര'വും 'പഞ്ചവടിപ്പാല'വും. രാഷ്ട്രീയാവിഷ്കാരത്തിന് ആക്ഷേപഹാസ്യ സ്വഭാവം നൽകുന്ന സിനിമകളും നോവലുകളും മലയാളത്തിൽ അധികമില്ല. ആ ഗണത്തിൽപ്പെട്ട സിനിമകളെയും നോവലുകളെയും ചേർത്തു നിർത്തുമ്പോൾ അവ പ്രമേയപരിചരണത്തിലും ആഖ്യാനതലത്തിലും സമാനതകൾക്കും വൈരുദ്ധ്യങ്ങൾക്കുമുപരിയായി സമാന്തരനില കൈവരിക്കുന്നത് കാണാം. പ്രമേയപരിചരണത്തെ നിർണ്ണയിക്കുന്ന ആക്ഷേപഹാസ്യ സമീപനം ഇവയ്ക്ക് ദർശനപരമായ സമാനത നൽകുന്നുണ്ടെങ്കിലും പരിചരണത്തിന്റെയും ആഖ്യാനത്തിന്റെയും രീതികളിൽ അവ വ്യത്യസ്ത മാർഗങ്ങൾ അവംലബിക്കുന്നു. ദർശനപരമായ സമാനത നിലനിൽക്കുന്നതിനാൽ ഈ വ്യതിരിക്തത സിനിമയെയും നോവലിനെയും വിരുദ്ധദിശയിലേക്കല്ല നയിക്കുന്നത്; സമാന്തരമായ സാധ്യതകളിലേക്കാണ്. 'അധികാര'ത്തെയും 'പഞ്ചവടിപ്പാല'ത്തെയും മുൻനിർത്തി രാഷ്ട്രീയാവിഷ്കാരത്തിന്റെ സമാന്തരവഴികൾ കണ്ടെത്താം.

**1. 3. 1. പ്രമേയപരിചരണം**

വ്യവസ്ഥയുടെയും അധികാരപ്രയോഗത്തിന്റെയും അസംബന്ധത, പ്രസ്ഥാനങ്ങൾക്കു സംഭവിക്കുന്ന മൂല്യച്യുതി, വിഡ്ഢികളാക്കപ്പെടുന്ന ജനത എന്നു തുടങ്ങി രാഷ്ട്രീയരംഗത്തിന്റെ ന്യൂനതകളെ ഹാസ്യാത്മകമായി ആക്ഷേപിക്കുന്ന സമീപനരീതിയാണ് ഇത്തരം നോവലുകളും സിനിമകളും പിൻതുടരുന്നത്. 'ദർശനം' ഒന്നായിരിക്കെ തന്നെ വഴി രണ്ടാകുന്നു. 'സമാന്തരത' എന്നതുകൊണ്ട് അർത്ഥമാക്കുന്നതിതാണ്. പരിചരണത്തിലെ സമാന്തരതയ്ക്ക് നിദാനമായ ഘടകങ്ങൾ പലതാണ്. ആക്ഷേപഹാസ്യ രാഷ്ട്രീയനോവലുകൾ ദേശീയ രാഷ്ട്രീയത്തിന്റെയോ സംസ്ഥാന രാഷ്ട്രീയത്തിന്റെയോ വിശാലമായ പശ്ചാത്തലത്തിൽ പ്രമേയത്തെ വികസിപ്പിക്കുന്നു. 'ഹിരണ്യകശിപു'(കേരളം), 'ആരോഹണം' (ദൽഹി), 'സിൻഡിക്കേറ്റ്' (ഇന്ദ്രപ്രസ്ഥം, അതായത് ദൽഹി), 'ധർമ്മപുരാണം' (ധർമ്മപുരി ഭാരതത്തെ പ്രതിനിധീകരിക്കുന്നു), 'കേശവന്റെ വിലാപങ്ങൾ' (കേരളത്തിലെ കമ്മ്യൂണിസ്റ്റ് രാഷ്ട്രീയം) എന്നിങ്ങനെ 'അധികാര'വും അതിനു മുമ്പും

പിമ്പുമുള്ള ആക്ഷേപഹാസ്യ രാഷ്ട്രീയനോവലുകളും ഇതു സാക്ഷ്യപ്പെടുത്തുന്നു. സിനിമയാകട്ടെ പ്രാദേശികമായ കാഴ്ചകളിലൂടെയാണ് ആക്ഷേപം സാധ്യമാക്കുന്നത്. 'സ്ഥാനാർത്ഥി സാറാമ്മ'യും 'പഞ്ചവടിപ്പാല'വും 'കാഴ്ചക്കപ്പുറ'വും 'സന്ദേശ'വുമൊക്കെ ഒരു പ്രദേശത്തിന്റെ അതിരുകളിലേക്ക് ഒതുങ്ങി നിൽക്കുന്നു. വിശാലമായ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് പ്രമേയത്തെ പരിചരിക്കുമ്പോൾ കാലികമായ ദേശീയ/സംസ്ഥാന രാഷ്ട്രീയത്തിലെ സംഭവങ്ങൾ, രാഷ്ട്രീയ നേതൃത്വം, തുടങ്ങിയവയുടെ സൂചകങ്ങൾക്ക് പ്രമേയതലത്തിന്റെ രൂപപ്പെടുത്തലിൽ കൂടുതൽ പരിഗണന ലഭിക്കുന്നു. പ്രദേശത്തിന്റെ അതിരുകളിൽ നിൽക്കുന്ന സിനിമക്ക് കാലിക രാഷ്ട്രീയാവസ്ഥകൾ പ്രചോദനമാകുന്നുണ്ട്. പക്ഷേ ദേശീയ/സംസ്ഥാന രാഷ്ട്രീയരംഗത്തിന്റെ നേർസൂചകങ്ങൾ സിനിമ സൃഷ്ടിക്കുന്നില്ല.

'അധികാര'ത്തിന്റെ പശ്ചാത്തലം ദേശീയ രാഷ്ട്രീയമാണ്. 1984–ൽ ഇന്ദിരാഗാന്ധി കൊല്ലപ്പെട്ടപ്പോൾ രാഷ്ട്രീയത്തിൽ പ്രവർത്തന പരിചയമില്ലാതിരുന്ന മകൻ രാജീവ്ഗാന്ധിയെയാണ് പ്രധാനമന്ത്രിപദത്തിലേക്ക് കോൺഗ്രസ് നിശ്ചയിച്ചത്. രാജീവ് പ്രധാനമന്ത്രിയായ ശേഷമുള്ള രാഷ്ട്രീയ സാഹചര്യങ്ങളാണ് 'അധികാര'ത്തിലെ നിശിതമായ പരിഹാസത്തിന് ഊർജ്ജം നൽകിയത്. ദാരിദ്ര്യരേഖ (ദാരിദ്ര്യരേഖയെ തിരുമേനി രേഖാമൂലം കണ്ടിട്ടുണ്ടോ), പഞ്ചവത്സര പദ്ധതി (പഞ്ചവത്സരസൂത്രം), മൂന്നാം ലോകം (എന്നാൽ ഒരു രണ്ടാം ലോകത്തിന്റെ പേരുപറ), ചേരിചേരാനയം (ചേരിചേരാ മഞ്ഞച്ചേരകൾ), വിദേശ ബന്ധങ്ങൾ (സദാ ഒരു വിദേശഹസ്തം കാണുന്നതിന്റെ മറവിലാണല്ലോ എക്കാലവും നാം നിലനിൽക്കുനന്നത്/ഒരു ഫോറിൻ ചാത്തന്റെ കൈ കാണുന്നു എന്നാക്കണം). യുദ്ധം (അപ്പോൾ യുദ്ധം വേണം, സംഘർഷം കാറ്റടിച്ചുപോയി എന്ന പത്രക്കുറിപ്പ് പോരാ) എന്നു തുടങ്ങി ദേശീയവും അന്തർദേശീയവുമായ രാഷ്ട്രീയവിഷയങ്ങളെ അധികാരം ഹാസ്യാത്മകമായി പരിചരിക്കുന്നു. കഥാപാത്രങ്ങളിൽ ഭൂരിഭാഗവും അന്നത്തെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയരംഗങ്ങളിലെ പ്രമുഖരെ അനുസ്മരിപ്പിക്കുന്നു. പ്രധാനമന്ത്രിയും പ്രസിഡന്റുമായുണ്ടായിരുന്ന അഭിപ്രായവ്യത്യാസങ്ങൾ, ഭരണപരിചയം കുറവായിരുന്ന പ്രധാനമന്ത്രിയെ നിയന്ത്രിക്കാൻ പലരും നടത്തിയ ശ്രമങ്ങൾ, മന്ത്രിമാർ തമ്മിലുടലെടുത്ത പടലപ്പിണക്കങ്ങൾ ഉദ്യോഗസ്ഥരുടെ മുതലെടുപ്പു തന്ത്രങ്ങൾ തുടങ്ങിയ കാലിക സംഭവവികാസങ്ങളും പ്രച്ഛന്നമായ രീതിയിൽ പ്രമേയതലത്തിൽ ഇടപെടു

ന്നു. ഇങ്ങനെ കാലികമായ ദേശീയസാഹചര്യത്തിന്റെ നർമ്മപ്രധാനമായ വിമർശനത്തിലൂടെയാണ് 'അധികാരം' രാഷ്ട്രീയാക്ഷേപമെന്ന ധർമ്മം നിർവഹിക്കുന്നത്.

'പഞ്ചവടിപ്പാല'ത്തിൽ ഐരാവതക്കുഴി പഞ്ചായത്ത് എന്ന തികച്ചും പ്രാദേശികമായ സാങ്കല്പിക ഇടത്തിലെ സംഭവഗതികളിലൂടെയാണ് പ്രമേയം വികസിക്കുന്നത്. അറുപതുകളുടെ പകുതി മുതൽ നീണ്ട പതിനാറു വർഷത്തോളം കേരളത്തിലെ പഞ്ചായത്തുകളിൽ തിരഞ്ഞെടുപ്പ് നടന്നിരുന്നില്ല. ഒരു പ്രസിഡന്റും ഒരു ഭരണസമിതിയും തന്നെ ഇക്കാലമത്രയും തുടരുന്ന സ്ഥിതിയുണ്ടായി. ഇത് പ്രാദേശികഭരണസംവിധാനത്തിലെ അഴിമതിയും സ്വജനപക്ഷപാതവും പതിന്മടങ്ങ് വർദ്ധിപ്പിച്ചു. എൺപതുകളിലെ സംസ്ഥാന രാഷ്ട്രീയരംഗവും ആശാസ്യകരമായ പ്രവണതകളിലൂടെയല്ല കടന്നുപോയത്. അവസരവാദപരമായ രാഷ്ട്രീയ ബന്ധങ്ങൾ, രാഷ്ട്രീയനേതൃത്വത്തിൽ ജനതക്കുണ്ടായ വിശ്വാസത്തകർച്ച, അഴിമതിസംബന്ധമായ വിവാദങ്ങൾ, ജാതി/മത ശക്തികൾ രാഷ്ട്രീയത്തിൽ ചെലുത്തിയ സ്വാധീനം, മാഫിയകളുടെ രാഷ്ട്രീയബന്ധങ്ങൾ, ഇതെല്ലാം ചേർന്ന് ജനാധിപത്യത്തെത്തന്നെ പരിഹാസ്യമാക്കി. ഇത്തരമൊരു കാലികാവസ്ഥ 'പഞ്ചവടിപ്പാലം' എന്ന ചലച്ചിത്രത്തിന്റെ ആക്ഷേപഹാസ്യ സമീപനത്തിനു പ്രേരകമായിട്ടുണ്ട്. എന്നാൽ ജനാധിപത്യവ്യവസ്ഥക്കു വന്നു ചേർന്ന അപചയത്തെ ഹാസ്യാത്മകവും നിശിതവുമായി വിമർശിക്കുമ്പോൾ തന്നെ സമകാലികമായ രാഷ്ട്രീയ സംഭവവികാസങ്ങളെയോ നേതൃരൂപങ്ങളെയോ കണ്ടെടുക്കാവുന്ന സൂചകങ്ങൾ 'പഞ്ചവടിപ്പാല'ത്തിലില്ല. കാർട്ടൂണിനു സമാനമായ പ്രാദേശികാന്തരീക്ഷവും കഥാപാത്രങ്ങളും സംഭവഗതികളും 'പഞ്ചവടിപ്പാല'ത്തിന്റെ പ്രമേയപരിചരണത്തിന് വ്യതിരിക്തസ്വത്വം പ്രദാനം ചെയ്യുന്നു.

അഴിമതി, സ്വജനപക്ഷപാതം, ജാതി-മത ശക്തികളുടെ സ്വാധീനം, ഭരണപ്രതിപക്ഷങ്ങൾ നടത്തുന്ന അനുരഞ്ജന നാടകങ്ങൾ, സാമൂഹിക പ്രതിബദ്ധതയില്ലായ്മ, വ്യക്തിജീവിതത്തിലെ ആദർശച്യുതി എന്നിങ്ങനെ ജനാധിപത്യവ്യവസ്ഥ അഭിമുഖീകരിക്കുന്ന കാലികദുരന്തങ്ങളെയെല്ലാം 'പഞ്ചവടിപ്പാലം' പ്രാദേശികമായ കാഴ്ചകളിലൂടെ ലളിതവും സരസവുമായി ചർച്ച ചെയ്യുന്നു. നാടോടിക്കഥയുടെ ലാഘവത്വം സൂക്ഷിക്കുന്ന പരിചരണരീതി പ്രാദേശികമായ രാഷ്ട്രീയാവിഷ്കാരത്തിലെ ആക്ഷേപഹാസ്യത്തിനു ചാരുത നല്കുന്നു.

'പഞ്ചവടിപ്പാല'ത്തിലുടനീളം യാഥാർത്ഥ്യം അസ്വാഭാവികതയോട് ഇഴചേർന്നു നിൽക്കുന്നു. തനി കേരളീയമായ ഗ്രാമത്തിലെ മനുഷ്യർക്കു നൽകിയിരിക്കുന്ന പേരുകൾ ഇതിന് നിദർശനമാണ്. ദുശ്ശാസനക്കുറുപ്പ്, മണ്ഡോദരിയമ്മ, പാഞ്ചാലിക്കുട്ടി, ശിഖണ്ഡിപ്പിള്ള, വൈശ്രവണപ്പണിക്കർ, ജീമൂതവാഹനൻ, ജഹാംഗീർ താത്ത, അനാർക്കലി, പൂതന, ഇസ്ഹാക്ക് തരകൻ, യൂദാസ് കുഞ്ഞ്, പഞ്ചവടി റാഹേൽ, ധൂമകേതുപിഷാരടി, ബറാബാസ് എന്നിങ്ങനെ പേരിന്റെ ഒരു പകുതിക്ക് (കുറുപ്പ്, അമ്മ, കുട്ടി, പണിക്കർ, പിള്ള, തരകൻ, പിഷാരടി, കുഞ്ഞ്, താത്ത) യഥാതഥ ഗ്രാമീണ നാമങ്ങളോട് പൊരുത്തമുണ്ട്. മറ്റേ പകുതി ഹൈന്ദവ പുരാണേതിഹാസങ്ങളിൽ നിന്നും ബൈബിളിൽ നിന്നും ചരിത്രത്തിൽ നിന്നുമൊക്കെ അടർത്തിയെടുത്തവയാണ്. പ്രേക്ഷകന് അടുത്തു പരിചയമുള്ള സംഭവങ്ങളെയൊക്കെ അസ്വാഭാവികമായ ലാഘവത്വത്തോടെ അവതരിപ്പിക്കുന്നതും ഇതിനോട് ചേർത്തു വായിക്കാവുന്നതാണ്.

'അധികാര'വും യാഥാർത്ഥ്യത്തിന് അസ്വാഭാവിതകയുടെ കലർപ്പ് നൽകുന്നുണ്ട്. കിരീടധാരണചടങ്ങിന്റെ വർണ്ണനയിലും, യുദ്ധത്തെ ഗണപതിഹോമം, ഹനുമാൻപൂജ, പാറപൊട്ടിക്കൽ, വരുണ മന്ത്രം ചൊല്ലി വരുത്തുന്ന മഴ, കൃഷി തുടങ്ങിയവയിലൂടെ ആവിഷ്കരിക്കുമ്പോഴും, ദേശീയ/അന്തർദേശീയ പ്രശ്നങ്ങളെ അങ്ങേയറ്റത്തെ ലാഘവത്തോടെ അവതരിപ്പിക്കുമ്പോഴും, ഹൈജാക്കിങ്ങിനെ രാമൻ നമ്പൂതിരി നിസ്സാരമായി കൈകാര്യം ചെയ്യുമ്പോഴുമൊക്കെ ഈ സമീപനരീതിയാണ് വെളിപ്പെടുന്നത്. എന്നാൽ 'അധികാരം' ഇതിനൊപ്പം ലൈംഗികസൂചനകളെയും പരിചരണത്തിന്റെ ഭാഗമാക്കുന്നു. സാവിത്രിയിൽ നിന്ന് പ്രതിപക്ഷ കരടിന്റെ രഹസ്യം ചോർത്താൻ ശ്രമിച്ച് നാണ്വാര് പരാജയപ്പെട്ടത് വിവരിക്കുമ്പോൾ സംഭാഷണം ഇങ്ങനെ:

"രഹസ്യം തരായില്ലേ"

"ഇവിടുന്നു ക്ഷമിക്കണം അതിനുമുമ്പ് നാണുവിന്റെ യന്ത്രം ബ്രേക്ക്ഡൗണായി. "

പ്രസിഡന്റിന്റെ മുൻഗാമിയെക്കുറിച്ച് പറയുന്നിടത്ത്: "പണ്ടിവിടം വാണ വേദാന്തത്തിന്റെ ഒരു കടലാസുപുലി വിഭാര്യനായിരുന്നു. അതുകൊണ്ട് ആഴ്ചയിൽ മൂന്നുരാത്രിയെങ്കിലും നേരമ്പോക്ക് വേണ്ടിയിരുന്നു. "

ഇങ്ങനെ ഹാസ്യത്തിനൊപ്പം ലൈംഗികസൂചനകളെക്കൂടി ഇഴചേർക്കുന്ന പരിചരണരീതി നോവലിലുടനീളമുണ്ട്. 'അധികാര'ത്തിന്റെയും 'പഞ്ചവടിപ്പാല'ത്തിന്റെയും പ്രമേയപരിചരണത്തിന്റെ മാർഗങ്ങളെ സമാന്തരമായി നിലനിർത്തുന്നതിൽ ഇത് നിർണായക പങ്കുവഹിക്കുന്നു. ആക്ഷേപഹാസ്യ രാഷ്ട്രീയനോവലും സിനിമയും പ്രമേയപരിചരണത്തിൽ സ്വീകരിക്കുന്ന സമാന്തരമാർഗങ്ങളിൽ പലതും 'അധികാര'ത്തെയും 'പഞ്ചവടിപ്പാല'ത്തെയും ചേർത്തു നിർത്തുമ്പോൾ വെളിപ്പെടുന്നു.

**1. 3. 2. ആഖ്യാനതലം**

ഭാഷയുടെ കോമാളിരൂപണത്തെ വി. കെ. എന്നിന്റെ കൃതികളുടെ പ്രധാന സവിശേഷതയായി 'മാറുന്ന മലയാള നോവലി'ൽ കെ. പി. അപ്പൻ നിരീക്ഷിക്കുന്നുണ്ട്. 'ഘടകങ്ങളുടെ പൊരുത്തക്കേടിലൂടെ വാക്യങ്ങളെയും കല്പനകളെയും തലകീഴായി നിർത്തുന്നു. ചേർച്ചക്കേടിന്റെ ഉരസുന്ന ഭംഗിയെ അസന്നിഗ്ധമായൊരു തെളിവായി വായനക്കാരുടെ മനസ്സിൽ ആഞ്ഞുപ്പതിപ്പിക്കുന്നു . . . സാഹിത്യഭാഷയുടെയും പത്രഭാഷയുടെയും പ്രസംഗശൈലിയുടെയും പഴഞ്ചൊല്ലുകളുടെയും കോമാളിരൂപങ്ങൾ ഭാഷയുടെ നിർദ്ദിഷ്ട ചിട്ടകൾ അനുസരിക്കാതെ വി. കെ. എൻ അവതരിപ്പിക്കുന്നതു കാണാം. അത് തികഞ്ഞ ഹാസ്യത്തെ സൃഷ്ടിക്കുകയും ചെയ്യുന്നു. അങ്ങനെ വെറും ഭാഷാസൃഷ്ടിതന്നെ ഇവിടെ ഹാസ്യമായിത്തീരുന്നു. ' 'അധികാര'ത്തിലെയും രാഷ്ട്രീയാവിഷ്കാരതന്ത്രങ്ങളിൽ പ്രധാനം 'ഭാഷ'യുടെ കോമാളിരൂപണമാണ്. രാഷ്ട്രീയാക്ഷേപത്തിന്റെ കുന്തമുനയായി നിൽക്കുന്നത് കോമാളിരൂപമണിഞ്ഞ ഭാഷാപ്രയോഗങ്ങളാണ്. 'കിരീടത്തിന്റെ തെറ്റിദ്ധാരണ/ചേരിചോരായ്മയിൽ നിന്നു മതം മാറി ചേരൻമാർ പെരുമാളിനെപ്പോലും തള്ളിപ്പറഞ്ഞ് നാണ്യാര് പറയണ എട്ടടിമൂർഖനാവും അവൻ. . . . . . അത്തതിമു/ അപ്പോഴേക്കും പട്ടാളത്തലവൻമാർ മുറ്റത്ത് ശയനപ്രദക്ഷിണം ചെയ്യുന്ന വിവരം കിട്ടി.. . . നാവിക സേനാധ്യക്ഷൻ കൂമ്പാളത്തൊപ്പിയിട്ട് ഒരു മീൻപിടുത്തക്കാരനായി കൊതുമ്പുവള്ളം തുഴഞ്ഞ്/സാമ്പത്തികമായ ആശയവൈരുദ്ധ്യവും നാണയവീർപ്പും കഴിച്ച്, ദശാംശം പൂജ്യം ശതമാനം/കൂട്ടുമുതലാളിത്തപ്രമാണത്തിന്റെ പെരുങ്കായ സഞ്ചിയുമായി നടക്കുന്ന നമുക്ക് രണ്ടു പൂജ്യത്തിൽ നിരങ്ങാൻ കഴിഞ്ഞതു തന്നെ ഭാഗ്യം/നടപ്പു സാമ്പത്തികവർഷത്തിൽ വിദേശഹസ്തങ്ങൾ നമ്മുടെ അതിർത്തി എത്രതവണ ലംഘിച്ചു. എത്ര ബൗണ്ടറികളടി

ച്ചു. സിക്സറുകളെത്ര? കരവഴി, കടൽവഴി, കാവൽക്കാരില്ലാത്ത നീലാകാശം വഴി ഒരു മിക്സഡ് എക്കോണമിയിൽ ഇതെങ്ങനെ സംഭവിച്ചു/ലക്ഷ്മണ രേഖ (മക്മോഹൻ ലൈൻ) /ദി കൺട്രി ഈസ് ഇൻ പെറിൽ ഡിഫൻസ് ഇറ്റ് വിത്ത് ഓൾ യുവർമൈറ്റ് (രാജ്യത്തിന്റെ കാര്യം കഷ്ടാണ്. രാജാവിനെ ഒരരുക്കാക്കണം) /രാജാവിന്റെ മുഖമൊന്നു കറുക്കുന്നതുകൂടി വെളുക്കെ ചിരിച്ചാണ്/പിന്നെ, തന്നെ വരെ വന്നു കാണാതിരിക്കാൻ ഭരണഘടനയക്കു നാം സ്വാതന്ത്ര്യം കൊടുത്തിട്ടുണ്ട്/ചത്തവരുടെ അമാന്തം ഒഴിച്ചു നിർത്തിയാൽ ജീവിച്ചിരിക്കുന്നവരുടെ ഉന്മേഷം കലശലാണ്/രേഖയുടെ പൊട്ടും പൊടിയും വീണതിനടിയിൽപെട്ട് എത്ര ലക്ഷം ജനം സിദ്ധികൂടാനിരിക്കുന്നോ എന്നു പോലും നമുക്കറിയില്ല/ജനത, ദരിദ്രജനത, സമ്പന്നജനത, ഭാരതജനത, ഭാരതവിരുദ്ധജനത, മുസ്ലീം ജനത, പട്ടികജാതി ജനത എന്നിവറ്റയുടെ ഓരോ ജനതവീതമുണ്ടായിരുന്നു/കടലാസു സഹിതം പ്രതിഷേധക്കുറിപ്പ് നിരസിച്ചിരിക്കുന്നു/മൂന്നുമുറിഞ്ഞ അരിയാക്കി, നാലുകറിയും കൂട്ടി ഭക്ഷിച്ചോ, ഉണ്ടവൻ ഊക്കനാവും അവനു പിന്നെ യുദ്ധം-ചെയ്യുവാനും തോന്നില്ല/അവിടെ തരായില്ലെങ്കിൽ ഇവിടെ സുപ്രീം കോടതിയുടെ ഭരണഘടനാ ബെഞ്ചിനു മുന്നിൽ വാ നിന്നെ അതിൽ കയറ്റി നിർത്താം . . .' ഇങ്ങനെ നോവലിലെ ആഖ്യാനത്തിന്റെ അടിസ്ഥാനഘടകമായ 'ഭാഷ'ഹാസ്യാത്മകമായ രാഷ്ട്രീയാക്ഷേപത്തിനനുഗുണമായി രൂപാന്തരം നേടുന്നു.

ചലച്ചിത്രാഖ്യാനത്തിലെ അടിസ്ഥാനഘടകമായ ദൃശ്യങ്ങൾ 'പഞ്ചവടിപ്പാല'ത്തിൽ കോമാളീകരണത്തിന് വിധേയമാകുന്നുണ്ട്. എന്നാൽ രൂപാന്തരത്തിന്റെ വഴികൾ വ്യത്യസ്തമാണ്. ദൃശ്യത്തിന്റെ സമസ്തഘടകങ്ങളെയും ഹാസ്യാത്മകമായി പൊളിച്ചെഴുതാൻ ചലച്ചിത്രകാരൻ തയ്യാറാവുന്നില്ല. കോമാളിത്തത്തിന്റെ ആഘോഷമായി മാറുന്ന സന്ദർഭങ്ങൾ 'പഞ്ചവടിപ്പാല'ത്തിന്റെ പ്രമേയതലത്തിൽ ഉടനീളമുണ്ട്. എന്നാൽ 'അധികാരം' വാക്കുകളുടെ സമർത്ഥമായ വിന്യാസത്തിലൂടെ ഭാഷയുടെ വ്യാകരണസങ്കല്പങ്ങളെ മാറ്റിയെഴുതുന്നതുപോലെ ദൃശ്യങ്ങളുടെ രൂപണത്തെയും സംവിധാനത്തെയും 'പഞ്ചവടിപ്പാലം' ഹാസ്യാത്മകമായി പുനഃസംഘടിപ്പിക്കുന്നില്ല. ദൃശ്യങ്ങളെ 'പഞ്ചവടിപ്പാലം' കോമാളീകരിക്കുന്നത് കഥാപാത്രങ്ങളുടെ ശരീരഭാഷയിലൂടെയും സംഭാഷണങ്ങളിലൂടെയുമാണ്. ഭരത്ഗോപി അവതരിപ്പിക്കുന്ന ദുശാസനകുറുപ്പ് മുഖഭാവത്തിലും ശരീരചലനങ്ങളിലും കാർട്ടൂൺ

കഥാപാത്രത്തെ അനുസ്മരിപ്പിക്കുന്നു. പാലം പണിയുടെ ഉദ്ഘാടനത്തിനെത്തുന്ന മന്ത്രിയുടെ ചടുലമായ ചലനങ്ങളും ഭാവവും കോമാളിത്തം നിറഞ്ഞതാണ്. ശീർഷാസനസ്വാമിയും അയാളുടെ ആസനമുറകളും ചേഷ്ടകളും തികഞ്ഞ അസ്വാഭാവികത നിറഞ്ഞതാണ്. ആലുംമൂടന്റെ യൂദാസു കുഞ്ഞും ജഗതിയുടെ റാഹേൽ വക്കച്ചനും ലക്ഷണമൊത്ത കോമാളിരൂപങ്ങളാണ്. നിരന്തരം പദ്ധതികൾ ആസൂത്രണം ചെയ്യുകയും എല്ലാത്തിനും മുമ്പിൽ നിൽക്കുകയും സ്വകാര്യം പറച്ചിലിലൂടെയും ഒളിനോട്ടങ്ങളിലൂടെയും ദുശാസനക്കുറുപ്പിനെ നിയന്ത്രിക്കുകയും ചെയ്യുന്ന ശിഖണ്ഡിപ്പിള്ളയ്ക്കുമുണ്ട് രസമുണർത്തുന്ന ശരീരഭാഷ. മദ്യപിച്ചു നാലുകാലിൽ 'പാലത്തിന് ബലഷയണ്ട്' എന്നുപറയുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയറും ആരെ കണ്ടാലും എഴുന്നേറ്റു നിന്നു കൈനീട്ടുന്ന പ്യൂണും ആർക്കും വഴങ്ങാത്ത സൂത്രക്കാരനായ ബറാബാസും അവരുടെ ശരീരഭാഷയാലാണ് ചിരിയുണർത്തുന്നത്. തിലകന്റെ പരുക്കനായ ശരീരഭാഷയുടെ ചിരിപ്പിക്കുന്ന ഉപയോഗമാണ് ഇസ്ഹാക്ക് തരകനെന്ന കഥാപാത്രത്തിലൂടെ സാധ്യമാക്കുന്നത്. പഞ്ചവടി റാഹേലിന്റെ തന്റേടം നിറഞ്ഞ നോട്ടവും ചലനവും ഇടക്കിടെ പ്രത്യക്ഷപ്പെടുന്ന ശൃംഗാരഭാവങ്ങളും ദൃശ്യങ്ങളിൽ കോമാളിത്തം നിറക്കുന്നുണ്ട്.

സംഭാഷണങ്ങളുടെ അവതരണരീതിയും സ്ഥായീവ്യതിയാനങ്ങളും ഹാസ്യാത്മകമായ ഉള്ളടക്കവും കഥാപാത്രങ്ങളുടെ ശരീരഭാഷയോട് ചേരുമ്പോൾ സിനിമയിലെ ദൃശ്യങ്ങളുടെ കോമാളീകരണം പൂർത്തിയാവുന്നു. അനുമോദനയോഗത്തിൽ ദുശ്ശാസനക്കുറുപ്പിന്റെ നന്ദിപ്രകടന പ്രസംഗം ഉദാഹരണമായി പരിശോധിക്കാം: ''പ്രിയമുള്ള നാട്ടുകാരേ, അമ്മമാരേ.. . സഹോദരിമാരേ.. . കൊച്ചനുജന്മാരേ.. . . . . അനുജത്തിമാരേ. എനിക്കീ.. . അനുമോദനങ്ങളെന്നൊക്കെ കേട്ട് ശ്വാസംമുട്ടുന്നതുപോലെ തോന്നുന്നു (കാണികൾ കൂവുന്നു). ഒരു സന്തോഷവാർത്ത.. . (മൈക്ക് തിരിഞ്ഞ് എതിർവശത്തേക്ക് പോകുമ്പോൾ അതുപിടിച്ച് മുഖത്തിന് നേരെ നിർത്തിക്കൊണ്ട്) എനിക്കു നിങ്ങളെ അറിയിക്കാനുണ്ട്. ഈ നാടു നന്നാക്കാൻ തന്നെ.. . ഞാൻ തീരുമാനിച്ചിരിക്കുന്നു. (കാണികൾ കൂവുന്നു). നമ്മുടെ നാട്ടിൽ ഒരു പൊളിച്ചുപണി അത്യാവശ്യമായിരിക്കുകയാണ്.. . . ഈ പൊളിച്ചുപണിയുമായി (ചുമയ്ക്കുന്നു) മുന്നോട്ടു പോകാൻ തന്നെ.. . . . . ഞാനും എന്റെ പക്ഷക്കാരും തീരുമാനിച്ചിരിക്കുകയാണ്. നിങ്ങൾ എന്റെ കൂടെ ഉണ്ടായിരിക്കണം.. . ഞാൻ പഞ്ചായത്തിന്റെ പ്രസിഡന്റായിട്ട് പന്ത്രണ്ടു വർഷം

കഴിഞ്ഞിട്ടും തിരഞ്ഞെടുപ്പ് നടക്കാത്തത്.. . എന്റെയും.. . . നിങ്ങളുടെയും ഭാഗ്യം മാത്രമാണ് (കാണികൾ കൂവുന്നു). തിരഞ്ഞെടുപ്പിന്റെ കാര്യം അധികൃതർ മറന്നുകഴിഞ്ഞിരിക്കുന്നതിനാൽ വീണ്ടും അതേപ്പറ്റി അവരെ ഓർമ്മപ്പെടുത്തരുതേ, എന്ന അഭ്യർത്ഥനയോടെ.. . അപേക്ഷയോടെ. . . ഞാനെന്റെ പ്രസംഗം ഉപസംഹരിക്കുന്നു.. . നിങ്ങൾക്കെന്റെ വിനീതമായ കൂപ്പുകൈ''. വാക്കുകളുടെ ഉച്ചാരണത്തിൽ നീട്ടലും കുറുക്കലും വരുത്തിയും പ്രത്യേകമായി ചിലയിടത്ത് ഉറപ്പിച്ചു പറഞ്ഞും പ്രസംഗത്തിന്റെ അവതരണത്തിന് സവിശേഷമായ ഹാസ്യാത്മകത നൽകിയിരിക്കുന്നു. ഉള്ളടക്കത്തിന്റെ രസികത്വവും നടന്റെ ശരീരഭാഷയും ചേരുമ്പോൾ രാഷ്ട്രീയാക്ഷേപം സാധ്യമാക്കുന്ന കോമാളിത്തത്തിന്റെ ദൃശ്യരൂപം ഉണ്ടാകുന്നു.

ഇനി ഈ ഭാഗത്തെ **ദൃശ്യവിഭജനം** (shot division) നോക്കുക:

| Shot No. | Type of Shot | Details |
|---|---|---|
| 1. | മിഡ്ഷോട്ട് | വേദിയിലിരിക്കുന്ന എല്ലാവരും ഉൾപ്പെടുന്നു. (Low angle) ദുശ്ശാസനക്കുറുപ്പ് മൈക്കിനെ സമീപിച്ച് പ്രസംഗം തുടങ്ങുന്നു. (പ്രിയമുള്ള ... ശ്വാസം മുട്ടുന്നതുപോലെ തോന്നുന്നു) |
| 2. | മീഡിയം ക്ലോസ് ഷോട്ട് | യൂദാസുകുഞ്ഞും കൂട്ടരും കൂവുന്നു (High angle) |
| 3. | ക്ലോസ് ഷോട്ട് | കാർത്തവരായന്റെ മുഖഭാവം (High angle) |
| 4. | ക്ലോസ് ഷോട്ട് | ദുശ്ശാസനക്കുറുപ്പിന്റെ പ്രസംഗം (ഒരു സന്തോഷവാർത്ത.... നാടുനന്നാക്കാൻ തന്നെ ഞാൻ തീരുമാനിച്ചിരിക്കുന്നു) |
| 5. | മിഡ് ഷോട്ട് | കാണികളുടെ കൂവൽ (High angle) |
| 6. | ക്ലോസ് ഷോട്ട് | കാർത്തവരായന്റെ കൂവൽ (High angle) |
| 7. | ക്ലോസ് ഷോട്ട് | ദുശ്ശാസനക്കുറുപ്പിന്റെ പ്രസംഗം (നമ്മുടെ നാട്ടിൽ ഒരു പൊളിച്ചുപണി... ഭാഗ്യം മാത്രമാണ്) |
| 8. | മിഡ് ഷോട്ട് | കാണികളുടെ കൂവൽ (High angle) |
| 9. | മിഡ് ഷോട്ട് | വേദിയിലെ എല്ലാവരും ഉൾപ്പെടുന്ന ആദ്യഷോട്ടിനു സമാനം. കുറുപ്പിന്റെ പ്രസംഗം തുടരുന്നു. (തിരഞ്ഞെടുപ്പിന്റെ കാര്യം............ കൂപ്പുകൈ) |

ഇവിടെ ദൃശ്യങ്ങളുടെ രൂപണത്തിലോ ക്രമപ്പെടുത്തലിലോ യോജിപ്പിക്കലിലോ അസ്വാഭാവികതയൊന്നുമില്ല. 'പഞ്ചവടിപ്പാല' ത്തിലെ സീനുകളുടെ പൊതുവായ സ്വഭാവം ഇതുതന്നെയാണ്. ദൃശ്യങ്ങളുടെ കോൺ, ക്രമം, സങ്കലനം എന്നിവയുടെ സവിശേഷ പ്രയോഗത്തിലൂടെയല്ല. 'പഞ്ചവടിപ്പാലം' ദൃശ്യങ്ങളെ രാഷ്ട്രീയാ ക്ഷേപത്തിനനുഗുണമാക്കി തീർക്കുന്നത്. മറിച്ച് കഥാപാത്രങ്ങ ളുടെ ശരീരഭാഷയെയും സംഭാഷണങ്ങളെയും സമർത്ഥമായി ഉപ യോഗിച്ചുകൊണ്ടാണ്.

നോവലിലെ 'ഭാഷാപ്രയോഗങ്ങളെയും' സിനിമയിലെ 'ദൃശ്യങ്ങളെയും' ആഖ്യാനത്തിന്റെ അടിസ്ഥാനഘടകമായി പരിഗ ണിക്കുമ്പോൾ 'അധികാര'വും 'പഞ്ചവടിപ്പാല'വും ആഖ്യാനതല ത്തിൽ സമാന്തരമായ സമീപനമാണ് കൈക്കൊള്ളുന്നത് എന്നു കാണാം. മലയാളത്തിലെ എക്കാലത്തെയും മികച്ച ആക്ഷേപ ഹാസ്യ രാഷ്ട്രീയ സിനിമയാണ് 'പഞ്ചവടിപ്പാലം'. പിൽക്കാലത്തു ണ്ടായ അപൂർവ്വം ആക്ഷേപഹാസ്യസിനിമകൾ 'പഞ്ചവടിപ്പാല 'ത്തിന്റെ ആഖ്യാനരീതികളെത്തന്നെയാണ് പിൻപറ്റുന്നത്. ദൃശ്യങ്ങ ളുടെ രൂപണവും സംവിധാനവും ഹാസ്യാത്മക രാഷ്ട്രീയാക്ഷേപ ത്തിനുവേണ്ടി അടിസ്ഥാനപരമായി പുനഃസംഘടിപ്പിക്കുന്ന രീതി ഇന്നുവരെ മലയാളസിനിമയിലുണ്ടായിട്ടില്ല. നോവലിലാകട്ടെ 'അധികാര'ത്തിനു മുമ്പും പിമ്പുമുള്ള രാഷ്ട്രീയ ആക്ഷേപഹാസ്യ നോവലുകൾ പരിചരണവ്യതിയാനത്തിനനുസൃതമായി ഭാഷയെ അടിസ്ഥാനതലത്തിൽ മാറ്റിതീർക്കുന്നതുകാണാം.

മാധ്യമത്തിന്റെ സ്വത്വപരമായ വ്യതിരിക്തതകളാവാം ആഖ്യാനത്തിലെ കോമാളീകരണത്തിന്റെ വഴികളെ വ്യത്യസ്തമാ ക്കിയത്. വിവരണവും സംഭാഷണവുമടങ്ങുന്ന നോവലിന്റെ ആഖ്യാനത്തിൽ 'ഭാഷ'യുടെ അടിസ്ഥാനപരമായ മാറ്റിത്തീർക്കലി ല്ലാതെ രാഷ്ട്രീയാക്ഷേപഹാസ്യം വിജയപ്രദമായി കൈകാര്യം ചെയ്യാനാവില്ല. എന്നാൽ ചലച്ചിത്രത്തിൽ ദൃശ്യരൂപണത്തിന്റെ അടിസ്ഥാനസങ്കല്പങ്ങളെ നിലനിർത്തിക്കൊണ്ടുതന്നെ ദൃശ്യഭാഷ യുടെ സഹകാരികളായ കഥാപാത്രശരീരം/സംഭാഷണം എന്നിവ യുടെ മാറ്റിപ്പണിയലിലൂടെ രാഷ്ട്രീയാക്ഷേപത്തെ ഹാസ്യാത്മക മായി നിർമ്മിച്ചെടുക്കാനാവും. വൈരുദ്ധ്യമായോ, ഏതെങ്കിലു മൊരു മാധ്യമത്തിന്റെ സാധ്യതയായോ, പരിമിതിയായോ അല്ല ഇതിനെ കാണേണ്ടത്. വ്യത്യസ്ത മാധ്യമങ്ങൾ ആഖ്യാനതല

ത്തിൽ രൂപപ്പെടുത്തുന്ന സമാന്തര മാർഗ്ഗങ്ങളുടെ പ്രതിനിധാനമായാണ്.

മലയാള സിനിമയിലെയും നോവലിലെയും ആക്ഷേപഹാസ്യരാഷ്ട്രീയാവിഷ്കാരങ്ങളിൽ സമാന്തരജോഡികളെ എളുപ്പത്തിൽ തിരിച്ചറിയാനാവും. ഈ ധാരയിൽ അധികം നോവലുകളില്ല. സിനിമകൾ വിരലിലെണ്ണാനേയുള്ളൂ. ഉള്ളവയിൽ പലതിനെയും പരസ്പരം ചേർത്തുവെച്ചാൽ പലതരം സമാന്തരജോഡികളെ ലഭിക്കും. ഹാസ്യസ്വഭാവമില്ലാത്ത രാഷ്ട്രീയാവിഷ്കാരങ്ങളിൽ നിന്ന് സമാന/വിരുദ്ധ ജോഡികളെ നിർണയിക്കാൻ എളുപ്പമാണെങ്കിലും സമാന്തരസ്വഭാവം കണ്ടെത്തുക പ്രയാസകരമാണ്.

രാഷ്ട്രീയകാലത്തോടും മാധ്യമത്തിന്റെ പൊതുസ്വഭാവത്തോടുമുള്ള പാരസ്പര്യത്തെ അടിസ്ഥാനമാക്കിയാണ് ഇരുപതാംനൂറ്റാണ്ടിലെ രാഷ്ട്രീയനോവലുകളെയും സിനിമകളെയും വിശകലനത്തിനു വിധേയമാക്കിയത്. രാഷ്ട്രീയപ്രമേയത്തിന്റെ പരിചരണ/ആഖ്യാനതലങ്ങളെ മുൻനിർത്തിയാണ് പാരസ്പര്യത്തെ അന്വേഷിച്ചത്. അതുവഴി വ്യത്യസ്തകാലങ്ങളിൽ രണ്ടുമാധ്യമങ്ങളിലുമുണ്ടായ രാഷ്ട്രീയാവിഷ്കാരങ്ങളുടെ സവിശേഷതകളും അവ പരസ്പരം പുലർത്തുന്ന സമാനതകളും വൈരുദ്ധ്യങ്ങളും സമാന്തരരീതികളും വെളിപ്പെടുന്നു.

- 1928 മുതൽ 1969 വരെയുള്ള കാലത്ത് രാഷ്ട്രീയനോവലും സിനിമയും വിരുദ്ധഗതിയാണ് പുലർത്തുന്നത്. ഈ കാലഘട്ടത്തിലെ രാഷ്ട്രീയനോവലിനെ പ്രതിനിധീകരിക്കുന്നത് സോദ്ദേശ്യ രാഷ്ട്രീയാവിഷ്കാരങ്ങളാണ്. ഇവ മലയാളനോവലിലെ പ്രമേയപരിചരണരീതികളിലും ആഖ്യാനത്തിലും നിർണ്ണായകമായ ഇടപെടലുകൾ നടത്തി. അതുവരെ നിലനിന്നിരുന്ന സങ്കല്പനങ്ങളെ തിരുത്തുകയും നൂതനമായ നോവൽബോധം സൃഷ്ടിച്ചെടുക്കുകയും ചെയ്തു. എന്നാൽ രാഷ്ട്രീയസിനിമകൾക്ക് മലയാളസിനിമയുടെ പ്രമേയ/ആഖ്യാനതലങ്ങളിൽ സ്വാധീനം ചെലുത്താനായില്ല. ഈ കാലത്തെ സിനിമയുടെ പൊതുസ്വഭാവത്തെ നിർണ്ണയിച്ച കച്ചവടസിനിമയുടെ ഭാഗമായാണ് രാഷ്ട്രീയസിനിമകൾ രൂപമെടുത്തത്. വിപണന വിജയത്തിനുതകുന്ന ചേരുവവകളിലൊന്നായാണ് രാഷ്ട്രീയപ്രമേയം പരിചരിക്കപ്പെട്ടത്. ആഖ്യാനതലത്തിലും നൂതനമായ സങ്കല്പനങ്ങൾ മുന്നോട്ടുവക്കാൻ രാഷ്ട്രീയസിനിമക്കായില്ല. നിലനിന്നിരുന്ന സിനിമാ സങ്കല്പങ്ങൾക്ക് അവ പൂർണ്ണമായും കീഴ്പ്പെട്ടുനിന്നു.

- ഈ കാലഘട്ടത്തിലെ (1928-1969) രാഷ്ട്രീയനോവൽ സാമൂഹിക-രാഷ്ട്രീയ ചലനങ്ങളെ സ്വാംശീകരിക്കുകയും രാഷ്ട്രീയ കാലത്തോട് ക്രിയാത്മകമായി പ്രതികരിക്കുകയും ചെയ്തു. കാലികമായ ഇടപെടൽ സാധ്യമാക്കാനും എഴുത്തിന്റെ രാഷ്ട്രീയ പ്രയോഗപരൂപമായി മാറാനും നോവലിനു കഴിഞ്ഞു. സാമൂഹിക- രാഷ്ട്രീയ വികാസപരിണാമങ്ങളെ സൂക്ഷ്മമായി അടയാളപ്പെടുത്തുന്നതിലൂടെയും നോവലിന് രാഷ്ട്രീയമാനം കൈവന്നു. ചലച്ചിത്രം രാഷ്ട്രീയകാലത്തെ ഉപജീവിക്കുന്നുണ്ട്. എന്നാൽ രാഷ്ട്രീയകാലത്തോട് കാലികമായോ ക്രിയാത്മകമായോ പ്രതികരിക്കാൻ ചലച്ചിത്രത്തിനായില്ല. വിപണനവിജയം ലക്ഷ്യമിടുന്ന പരിചരണരീതികളും ആഖ്യാനതലത്തിലെ ന്യൂനതകളും രാഷ്ട്രീയസിനിമകളെ ദുർബലമാക്കി. രാഷ്ട്രീയ ചരിത്രത്തെയോ വർത്തമാനത്തെയോ ഗൗരവമായ ചർച്ചക്കു വിധേയമാക്കാൻ അവയ്ക്കായില്ല.
- 1970 മുതൽ 1999 വരെയുള്ള കാലയളവിൽ രണ്ടു മാധ്യമങ്ങളിലുണ്ടായ രാഷ്ട്രീയാവിഷ്കാരങ്ങളെ ചേർത്തുവെക്കുമ്പോൾ അവ സമാനവും വിരുദ്ധവും സമാന്തരവുമായി നിലകൊള്ളുന്നതു കാണാം. ആധുനികതയുടെ രണ്ടാമത്തെ അടരിലെ രാഷ്ട്രീയനോവലുകൾ കലാസിനിമകയിലെ ദാർശനിക രാഷ്ട്രീയാവിഷ്കാരങ്ങളോട് പലതരത്തിലും സാധർമ്മ്യം പുലർത്തുന്നു. രാഷ്ട്രീയചരിത്രത്തെയും വർത്തമാനത്തെയും ദാർശനികമായി ചർച്ചചെയ്യുക/ആവിഷ്കരിക്കുക, മാധ്യമത്തിന്റെ പൊതുസ്വഭാവത്തെ സ്വാധീനിക്കുക എന്നീ കാര്യങ്ങളിലാണ് സമാനതകൾ രൂപപ്പെട്ടത്. കാലിക രാഷ്ട്രീയസാഹചര്യത്തിൽ നിന്നു പ്രചോദനമുൾക്കൊണ്ട് ഇവ അധികാരം, ജനത, പ്രതിരോധം, പ്രത്യയശാസ്ത്രം തുടങ്ങിയവയെ മുൻനിർത്തി രാഷ്ട്രീയകാലത്തോട് ദാർശനികമായി സംവദിച്ചു. ആധുനികതയുടെ രണ്ടാമത്തെ അടരിലെ രാഷ്ട്രീയാവിഷ്കാരങ്ങൾ മലയാള നോവലിന്റെ പൊതുസ്വഭാവത്തെ നിർണ്ണായകമായി സ്വാധീനിച്ചതുപോലെ കലാസിനിമയെ നവീകരിക്കാൻ രാഷ്ട്രീയ ചിത്രങ്ങൾക്കായി. ഈ കാലയളവിലെ മലയാളസിനിമയുടെ പൊതുസ്വഭാവത്തിലെ ശക്തമായ ധാരകളിലൊന്നായ കലാസിനിമയുടെ പരിചരണപരവും ആഖ്യാനപരവുമായ ബോധ്യങ്ങളെ ഗുണപരമായി വികസിപ്പിച്ചത് ഈ ധാരയിലെ രാഷ്ട്രീയാവിഷ്കാരങ്ങളാണ്.

ആക്ഷേപഹാസ്യ രാഷ്ട്രീയ നോവലുകൾ സജീവമാകുന്നത് ഈ കാലത്താണ്. ആക്ഷേപഹാസ്യസിനിമകൾ അധികമൊന്നും ഉണ്ടായില്ലെങ്കിലും ഉള്ളവ സാന്നിദ്ധ്യമറിയിച്ചു. ഈ ഗണത്തിൽപ്പെടുന്ന രാഷ്ട്രീയ നോവലും സിനിമയും പരിചരണത്തിലും ആഖ്യാനത്തിലും സമാന്തരമായ വഴികൾ കണ്ടെത്തുന്നതുകാണാം. ആക്ഷേപഹാസ്യ സമീപനം അവയ്ക്ക് ദർശനപരമായ സമാനത നൽകുന്നുണ്ടെങ്കിലും പ്രമേയാവിഷ്കാരത്തിന് തിരഞ്ഞെടുക്കുന്ന ഭൂമിക, രാഷ്ട്രീയാക്ഷേപത്തിനു കണ്ടെത്തുന്ന വഴികൾ, നർമ്മത്തിന്റെ രൂപാന്തരം എന്നിവയിൽ അവ സമാന്തരമായി തുടരുന്നു.

കച്ചവടസിനിമയിൽ രാഷ്ട്രീയം വിപണനവിജയത്തിനുതകുന്ന ചേരുവയായി തുടർന്നു. സാങ്കേതികവിദ്യയിലുണ്ടായ പരിണാമങ്ങൾ കച്ചവടസിനിമയിലെ രാഷ്ട്രീയാഖ്യാനങ്ങളെ ചടുലമാക്കിത്തീർത്തു. ക്രമേണ പ്രമേയ/ആഖ്യാനതലങ്ങളിൽ അവ കരുത്താർജ്ജിച്ചു. രാഷ്ട്രീയചരിത്രത്തെയും വർത്തമാനത്തെയും വിപണി സമർത്ഥമായി ഉപയോഗിച്ചു. ഇക്കാലത്തും രാഷ്ട്രീയനോവലിന്റെയും സിനിമയുടെയും പ്രമേയ/ആഖ്യാനതലങ്ങൾക്കു തമ്മിൽ സമീപനപരമായ വൈരുദ്ധ്യങ്ങൾ രൂപപ്പെടുത്തിയത് കച്ചവടസിനിമയാണ്.

- മലയാളസിനിമയുടെ പിറവി മുതൽ 1999 വരെയുള്ള കാലത്തെ രാഷ്ട്രീയനോവലിന്റെ വികാസപരിണാമങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഒരു രൂപരേഖ നിർമ്മിച്ചെടുക്കാൻ കഴിയും. അത് സോദ്ദേശ്യ രാഷ്ട്രീയനോവലിൽ നിന്ന് ആധുനികതയുടെ രണ്ടാമത്തെ അടരിലെ രാഷ്ട്രീയനോവലുകളിലൂടെയും സവിശേഷ രാഷ്ട്രീയാഖ്യാനങ്ങളിലൂടെയും കടന്ന് പുതിയ കാലത്തിന്റെ നോവൽബോധ്യങ്ങളിലേക്കുള്ള പരിണാമത്തിന് കരുത്തുപകരുന്ന രാഷ്ട്രീയാഖ്യാനങ്ങളിലെത്തി നിൽക്കുന്നു. ഈ രൂപരേഖയ്ക്ക് മലയാളനോവലിലെ പ്രധാന രാഷ്ട്രീയാവിഷ്കാരങ്ങളെയൊക്കെ ഉൾക്കൊള്ളാനാവും. ഈ പ്രധാനഗതിയുടെ പ്രാന്തങ്ങളിൽ മറ്റ് രാഷ്ട്രീയാവിഷ്കാരങ്ങൾ നിലയുറപ്പിക്കുന്നു. എന്നാൽ പ്രധാനപ്പെട്ട രാഷ്ട്രീയസിനിമകളെ മുഴുവൻ ഉൾക്കൊള്ളുന്ന രീതിയിൽ ഇത്തരമൊരു രൂപരേഖ നിർമ്മിച്ചെടുക്കാനാവില്ല. കാരണം സിനിമയിലെ മൂന്ന് ധാരകളിലെയും (മുഖ്യധാര, സമാന്തരം, മധ്യവർത്തി) രാഷ്ട്രീയസിനിമകൾ സമാന്തരമായാണ് നിലകൊള്ളുന്നത്. ഓരോ ധാരയിലെയും രാഷ്ട്രീയാവിഷ്കാരത്തിന് പരിണാമം

സംഭവിക്കുന്നുണ്ട് എന്നുപറഞ്ഞാൽ അതും പൂർണ്ണമായി ശരിയാവില്ല. എൺപതുകളിലാണ് മധ്യവർത്തി രാഷ്ട്രീയാഖ്യാനങ്ങൾ ഉണ്ടാകുന്നത്. ഇതിന് തെളിമയാർന്ന തുടർച്ചയോ വികാസമോ പിൽക്കാലങ്ങളിലുണ്ടായിട്ടില്ല. കലാസിനിമയുടെ പ്രമേയ പരിചരണ/ആഖ്യാനതലങ്ങളിൽ കാലാനുസൃതമായ ചിലമാറ്റങ്ങൾ ചിലയിടത്ത് കാണാം. ഇതിനും നോവലിലേതുപോലൊരു ക്രമികതയില്ല. കച്ചവടസിനിമയിൽ മാത്രമാണ് ക്രമികമായ വികാസം കാണുന്നത്. കച്ചവടസിനിമയിലെ രാഷ്ട്രീയാഖ്യാനങ്ങൾ സാങ്കേതികവിദ്യയിലെ മാറ്റങ്ങളെ ഉപയോഗപ്പെടുത്തി കൂടുതൽ ചടുലമാവുന്നുണ്ട്. കച്ചവടസിനിമയിലുടലെടുത്ത ഗുണപരമായ മാറ്റങ്ങൾക്കനുസൃതമായി പ്രമേയപരിചരണത്തിലും ആഖ്യാനസമീപനത്തിലും ഇവയ്ക്ക് വ്യതിയാനം സംഭവിച്ചിട്ടുണ്ട്. ഇതിനൊരു ക്രമികതയുണ്ട്. 1928 മുതൽ 1969 വരെയുള്ള കാലത്തുനിന്ന് പിന്നീടുള്ള ഓരോ ദശകങ്ങളിലൂടെ അത് വികസിച്ചുവന്നു. രാഷ്ട്രീയനോവലിന്റെ പൊതുബോധത്തിന്റെ വികാസത്തിന് ഒരു നേർരേഖാ രൂപമുള്ളപ്പോൾ രാഷ്ട്രീയസിനിമയുടെ പൊതുബോധം ശിഖരങ്ങളായി പടർന്നു നിൽക്കുന്നു.

അതാത് മാധ്യമങ്ങളുടെ തനതായ വ്യത്യസ്തതകൾക്കും അതിലൂടെ കൈവരുന്ന സാധ്യതകൾക്കും /പരിമിതകൾക്കുമപ്പുറത്ത് മാധ്യമത്തോടുള്ള സമീപനമാണ് അവയുടെ പരസ്പരബന്ധത്തെ നിർണ്ണയിക്കുന്നത്. 'രാഷ്ട്രീയം' എന്ന പ്രമേയ ഘടകത്തിന് മലയാളനോവലും സിനിമയും നൽകുന്ന ആവിഷ്കാരത്തിലെ സമാനവും വിരുദ്ധവും സമാന്തരവുമായ പ്രവണതകൾ ഇതു സാക്ഷ്യപ്പെടുത്തുന്നു.

## References


അപ്പൻ, കെ. പി., *മാറുന്ന മലയാളനോവൽ*, ഇംപ്രിന്റ് ബുക്സ്, കൊല്ലം, 1997

ആനന്ദ്, *മരുഭൂമികൾ ഉണ്ടാകുന്നത്,* ഡി. സി. ബുക്സ്, കോട്ടയം, 2006.

തകഴി, *തലയോട്*, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്.

വി. കെ. എൻ., *അധികാരം*, ഡി. സി. ബുക്സ്, കോട്ടയം, 2006.

# ACTORS' AGE AND THE PRODUCTION OF MULTIPLE MASCULINITIES IN THE CONTEXT OF MALAYALAM CINEMA

**Shibu B**

***Abstract:*** *The role played by the actors' age in determining the social acceptability of their characters in films is an area less investigated. It is obvious that male heroes, cutting across major film industries, unlike their female counterparts, have been given the liberty of transcending their biological age to perform explicitly masculine characters. Though film industries, in general, have their share of young actors, more mature and relatively older heroes seem to have a greater fan following. What makes youngsters less acceptable a commodity than their much older counterparts in the particular context of the Malayalam film industry is the crucial question this article seeks to address. The transformations evident in the manner in which the mature and immature heroes performed by Mohanlal and Mammootty over the years are being probed to unravel the relationship between age and social acceptance of the male heroes. While doing so brief references are made on other film industries including Hollywood, Bollywood, and Kollywood. This article argues that the dominant notions of masculine qualities such as emotional maturity, mental strength, unwavering determination, perseverance, and stability influence the viewers' choice of relatively older actors. It is not femininity alone that is underrated by hegemonic masculinity but other lesser masculinities are also getting belittled. Apart from that the recurring presence of family in Malayalam films as a place of mature relationships dominated by the patriarchal 'family man' further endorses the place of mature heroes in the cinematic narratives.*

***Keywords:*** *Fluid heroes, Solid heroes, acceptable age, hegemonic masculinity, subordinate masculinity, perfect masculinity, complicit masculinity, hyper-masculinity, graded hierarchy*

The gender bias in terms of actors' age in cinema is a much-discussed topic. It is a known fact that female actors above forty in lead roles are a rarity in films. James Monaco observes that in the thirties and forties Hollywood had women

കവിഭാരതം ആദ്യ പതിപ്പ് രചിക്കപ്പെട്ട് ആറുവർഷം കഴിഞ്ഞാണ് അത് പരിഷ്കരിക്കാനുള്ള 'വിളംബരം' കുഞ്ഞിക്കുട്ടൻ പുറപ്പെടുവിച്ചത്. അതിനിടയ്ക്ക് കേരളത്തിൽ അനിതരസാധാരണമായ പല സംഭവങ്ങളും സമരങ്ങളും അരങ്ങേറിക്കഴിഞ്ഞിരുന്നു. 1888–ൽ അരുവിപ്പുറം പ്രതിഷ്ഠ, 1891–ൽ മലയാളി മെമ്മോറിയൽ, 1892–ൽ ജാതിചിന്തയ്ക്കെതിരായ സരസ്വതീവിജയം എന്ന നോവൽ, 1893–ൽ അയ്യങ്കാളിയുടെ വില്ലുവണ്ടിസമരം എന്നിവയായിരുന്നു അവ. ഒരുപോലെ പ്ലാൻ ചെയ്ത് നടപ്പിലാക്കിയ സംഭവങ്ങളല്ലെങ്കിലും കേരളത്തിൽ അന്നുണ്ടായിരുന്ന ജാതികേന്ദ്രീകൃതവ്യവസ്ഥയോടുള്ള പ്രതിഷേധമായിരുന്നു ഇവയുടെയെല്ലാം മർമ്മം. വിദ്യാഭ്യാസം കൊണ്ടും അല്ലാതെയും ആധുനികലോകവീക്ഷണം സ്വായത്താക്കിയ അവർണ്ണ സാഹിത്യകാരൻമാരും ജാതീയ വേർതിരിവിൽ അസഹിഷ്ണു ക്കളായിരുന്നു. സാഹിത്യമണ്ഡലത്തിൽ അത് പ്രകടിപ്പിക്കാനുള്ള, ജാതീയ വേർതിരിവിലെ അസഹിഷ്ണുതയെ പ്രയോഗമാക്കി മാറ്റാനുള്ള സന്ദർഭമായാണ് മൂലൂർ കുഞ്ഞിക്കുട്ടന്റെ അഭ്യർത്ഥ നയെ കണ്ടത്. പരവൂർ കേശവനാശാൻ പത്രാധിപരായിരുന്ന 'മിതവാദി'യിൽ മൂലൂർ തന്റെ ആവശ്യം അറിയിച്ചു. അന്നത്തെ പ്രസിദ്ധ കവികളായിരുന്ന പെരുനെല്ലി കൃഷ്ണൻവൈദ്യർ, വെളു ത്തേരിൽ കേശവൻ വൈദ്യർ, ശ്രീനാരായണ ഗുരു എന്നിവരെ കവിഭാരതത്തിൽ ചേർക്കണം. സാഹിത്യത്തിലും സമൂഹത്തിലും തിരുവായ്ക്ക് എതിർവായില്ലാത്ത കാലം തന്നെയായിരുന്നു അത്. അക്കാലത്താണ് തമ്പുരാൻ കവിയോട് അവർണ്ണനായ മൂലൂരിന്റെ പരസ്യമായ അഭ്യർത്ഥന. മലയാള സാഹിത്യചരിത്രത്തിൽ നടാടെയായിരുന്നു ഒരു അവർണ്ണന്റെ ഇത്തരമുള്ള ഇടപെടൽ. ഇങ്ങനെ ഈഴവൻമാരൊട്ടേറെയുണ്ടറിയുവാനവനീന്ദ്രമൗലേ'' (വി. ജയപ്രസാദ്, 2010: 135) എന്നാണ് മൂലൂർ കുഞ്ഞിക്കുട്ടനെ ഓർമ്മിപ്പിച്ചത്. സവർണ്ണരിൽ മാത്രമല്ല, അവർണ്ണരായ ഈഴവർക്കിടയിലും ഒട്ടേറെ കവികളുണ്ടെന്ന് അങ്ങ് അറിയണമെന്നും അവരിൽ ചിലരെയെങ്കിലും കവിഭാരതത്തിൽ ഉൾപ്പെടുത്ത

ണമെന്നുമായിരുന്നു മൂലൂർ പറഞ്ഞതിന്റെ സാരം. കുഞ്ഞിക്കുട്ടൻ അവകാശപ്പെട്ടതുപോലെ ''കവീന്ദ്രരെ മരിച്ചാലും സ്മരിച്ചീടു''ന്ന (ഉള്ളൂർ, 2015: 630) വിധത്തിൽ ചരിത്ര പുരുഷരാക്കുന്ന ഗ്രന്ഥമായിരിക്കും കവിഭാരതമെന്ന് മൂലൂർ മനസ്സിലാക്കിയിരുന്നു. അതുകൊണ്ടുതന്നെയാണ് അതിൽ തന്റെ സമുദായത്തിലുള്ള വരെയും പരിഗണിക്കണമെന്ന് മൂലൂർ ആവശ്യപ്പെട്ടത്. മലയാളസാഹിത്യചരിത്രത്തിൽ കീഴാളർക്കും പ്രാതിനിധ്യം നൽകണമെന്ന ആവശ്യം ആദ്യമായി ഉന്നയിക്കുകയായിരുന്നു മൂലൂർ. ചരിത്രരചനയിൽ കീഴാളരുടെ പ്രതിനിധാനത്തെ കുറിച്ചന്വേഷിക്കുന്ന കീഴാള പഠനങ്ങൾക്ക് (Subaltern Studies) 1980 കളിൽ തുടക്കംകുറിക്കുന്നതിനും ഒരു നൂറ്റാണ്ടുമുമ്പായിരുന്നു ഈ അഭ്യർത്ഥന എന്നതാണ് അതിന്റെ അനുപമത. കീഴാളപഠനങ്ങളുടെ ലക്ഷ്യമായി നാം മനസ്സിലാക്കുന്ന ''ചരിത്രരചനയിലുള്ള വരേണ്യപക്ഷപാതങ്ങളെ എതിരിടുക'' (ദീപേഷ് ചക്രവർത്തി, 2016: 219) എന്ന ദൗത്യമാണ് മൂലൂർ ഏറ്റെടുത്തത്. ചരിത്രം നിർമ്മിച്ച ചൂഷിതരെ (Exploited) നിഷ്കാസിതരാക്കി ചരിത്രം രചിക്കുന്ന പതിവ് സാഹിത്യലോകത്തെങ്കിലും ഇല്ലാതാക്കാൻ പ്രേരിപ്പിക്കുകയായിരുന്നു മൂലൂർ. അതുവരെ കവിനിരൂപണസംവാദം പരിഗണിക്കപ്പെട്ടവർ തമ്മിലുള്ള മത്സരമായിരുന്നെങ്കിൽ അവിടുന്നങ്ങോട്ട് അവഗണിക്കപ്പെട്ടവരുടെ സമരമായി മാറി. കേവലം വിനോദമെന്നമട്ടിൽ ആരംഭിച്ച കവിനിരൂപണകാവ്യപദ്ധതി വിഭാഗീയതയ്ക്കെതിരെയുള്ള സാഹിത്യപ്രയോഗമാക്കി മാറ്റി മൂലൂർ.

തന്റെ കാലത്തെ മിക്ക സവർണ്ണരെയും പോലെ ജാതിബോധത്തിന്റെ സ്വാഭാവികതയിൽ വിശ്വസിച്ച കുഞ്ഞിക്കുട്ടന്[3] മൂലൂരിന്റെ അഭ്യർത്ഥന ഇഷ്ടപ്പെട്ടതൊന്നുമില്ല. അദ്ദേഹത്തിന്റെ മറുപടി ഇപ്രകാരമായിരുന്നു: ''കാല്യശ്രീകലരും കവീന്ദ്രരെ മരിച്ചാലും സ്മരിച്ചീടുവാൻ/ ചൊല്ലും മത്ക്കവിഭാരതത്തിൽ വിവരിച്ചാശൗണ്ഡികന്മാരെയും /ചൊല്ലുമ്മാതിരി ചേർത്തിടാതെ വിടുമോ? മുമ്പേ കടന്നീവിധം/ സോല്ലാസം പറയുന്നതെന്തിന്ഭവാൻ, ഹേ, പത്മനാഭാധുനാ?'' (ഉള്ളൂർ, 2015: 630). അതൊക്കെ എനിക്കറിയാം, ചേർക്കേണ്ടവരെ ചേർക്കും, മൂലൂർ അധികപ്രസംഗം പറയേണ്ടെന്നു ചുരുക്കം. അതോടൊപ്പം മികച്ച കവിതകൾ എഴുതിയാലേ കവിഭാരതത്തിൽ സ്ഥാനം നൽകൂവെന്നും പത്രപംക്തികളിൽ സമസ്യാപൂരണക്കാരായ 'കഷ്ടിപിഷ്ടി' കവികളെ ഉൾപ്പെടുത്തുകയില്ലെന്നും കുഞ്ഞിക്കുട്ടൻ താക്കീത് നൽകി. കവിസമാജം നടത്തിയ രചനാമത്സരത്തിൽ തന്നോടൊപ്പം മത്സരിച്ച് പ്രശംസാ

പത്രം സ്വന്തമാക്കിയ പെരുനെല്ലിയുടെയും അഭിജ്ഞാനശാകുന്തള ത്തിന്റെയും അഷ്ടാംഗഹൃദയത്തിന്റെയും പരിഭാഷകൾ തയ്യാറാ ക്കിയ കേശവൻവൈദ്യരുടെയും മികവ് അറിയാത്തതുകൊണ്ടല്ല, അവർണ്ണരായ അവരെ അംഗീകരിക്കാനുള്ള മടികൊണ്ടായിരുന്നു കുഞ്ഞിക്കുട്ടൻ ഇടഞ്ഞത്. കവിഭാരതം ആദ്യപ്രതി തയ്യാറാക്കു മ്പോൾ മറ്റു വലിയ കവിതകളൊന്നും എഴുതാത്ത 'സമസ്യാപൂ രണക്കാരൻ' തന്നെയായിരുന്നു കുഞ്ഞിക്കുട്ടൻ എന്നറിയുമ്പോ ഴാണ് അവർണ്ണർക്ക ്മാത്രമായാണ് അദ്ദേഹം യോഗ്യതാമാർക്ക് വച്ചത് എന്ന് മനസ്സിലാക്കാനാവുക. 'കഷ്ടി പിഷ്ടി' കവികൾ കൂടിയല്ലാത്ത സവർണ്ണരെ കുഞ്ഞിക്കുട്ടൻ കവിഭാരതത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. അംഗീകരിക്കപ്പെടാൻ നിരന്തരം മികവ് തെളിയിച്ചു കൊണ്ടിരിക്കേണ്ട ബാധ്യത ഇന്നും കീഴാളർക്ക് നൽകുന്ന പൊതുബോധമായിരുന്നു അന്നും കുഞ്ഞിക്കുട്ടനിലൂടെ പ്രവർത്തിച്ചത്. താൻ നിർദ്ദേശിച്ച കവികളുടെ മികവ് സംശയലേ ശമില്ലാതെ വ്യക്തമാക്കിക്കൊണ്ടായിരുന്നു കുഞ്ഞിക്കുട്ടന് മൂലൂരി ന്റെ മറുപടി.

ഈ സംവാദത്തിന്റെ സത്ത ഉൾക്കൊണ്ട് കേരളീയ സമൂഹത്തിന്റെ നവീകരണ പ്രക്രിയയിൽ പങ്കാളിയാകാൻ കുഞ്ഞി ക്കുട്ടന് കഴിഞ്ഞില്ലെന്ന് വേണം കരുതാൻ. കവിഭാരതം പരിഷ്ക രിച്ച പതിപ്പിൽ അവർണ്ണകവികളിൽ ഒരാളെപ്പോലും അദ്ദേഹം ഉൾപ്പെടുത്തിയില്ല. ''പുനരാലോചനയിൽ അദ്ദേഹത്തിനു കവിഭാ രതത്തിന്റെ പരിഷ്കാരം ആശാസ്യകരമായി തോന്നിയില്ല'' (ഉള്ളൂർ, 2015: 630). അവർണ്ണരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള 'പരിഷ്കാര' മാണ് ജാത്യാഭിമാനിയായ കുഞ്ഞുക്കുട്ടന് ആശാസ്യകരമായി തോന്നാഞ്ഞത്. ആദ്യപതിപ്പിൽ ഉൾപ്പെടുത്താത്ത ഏഴ് സവർണ്ണ രെക്കൂടി ഉൾപ്പെടുത്തി കവിഭാരതം അദ്ദേഹം പരിഷ്കരി ക്കുകതന്നെചെയ്തു. പാണ്ഡവപക്ഷത്ത് 35 കവികളും കൗരവ പക്ഷത്ത് 20 കവികളും. ആകെ 55 കവികൾ. അവർണ്ണർ ആരുമില്ല. അഹിന്ദുക്കൾ ഇല്ല. സ്ത്രീകൾ ഇല്ല. അവർണ്ണരും അഹിന്ദുക്കളും സ്ത്രീകളുമടങ്ങിയ മലയാളസാഹിത്യസദസ്സ് വിഭാവന ചെയ്യാൻ തക്ക ജനാധിപത്യബോധം കുഞ്ഞിക്കുട്ടന് ഉണ്ടായിരുന്നില്ലെന്നു തന്നെയാണ് ഇതിൽനിന്ന് മനസ്സിലാക്കേണ്ടത്.

സവർണ്ണരല്ലാത്തവരെ അഭാവപ്പെടുത്തിക്കൊണ്ടുള്ള കുഞ്ഞിക്കുട്ടന്റെ പ്രവൃത്തിക്ക് മൂലൂർ നൽകിയ മറുപടിയാണ്കവി രാമായണം മണിപ്രവാളം(1894) എന്ന കൃതി. സവർണ്ണന്റെ അപ്രീതി അവർണ്ണന്റെ ജീവിതം അസഹ്യമാക്കുന്ന ആചാരശീല

ങ്ങൾക്ക് മേൽക്കൈയുണ്ടായിരുന്ന രാജഭരണകാലത്ത്, രാജകുലകവിയായ കുഞ്ഞിക്കുട്ടനെപ്പോലുള്ളവരെ വെല്ലുവിളിച്ച് കാവ്യം രചിക്കുക അത്ര നിസ്സാരകാര്യമായിരുന്നില്ല. ജാതിമേൽക്കോയ്മയ്ക്കെതിരെ പട പൊരുതിയ ആറാട്ടുപുഴ വേലായുധപ്പണിക്കർ[4] കൊല്ലപ്പെട്ടിട്ട് അക്കാലത്തേക്ക് ഇരുപതുവർഷമേ ആയിരുന്നുള്ളൂ എന്നും ഓർക്കണം. മൂലൂരിന്റെ അഭ്യുദയകാംക്ഷികളായ പലരും ഈ ഉദ്യമത്തിൽനിന്ന് പിൻമാറാൻ ഉപദേശിച്ചു. സുഹൃത്തായ കോമത്തു പണിക്കർ ''അങ്ങനെയൊരു കൃതി തീർത്താൽ അതു തമ്പുരാനും മറ്റും അഹിത കാരണമായിത്തീരാൻ ഇടയുള്ളതിനാൽ താൻ ഒരുമ്പെടുകയില്ലന്ന് പറഞ്ഞ് ഒഴിഞ്ഞു. ''(എൻ. കെ. ദാമോദരൻ, 2019: 16). എന്നാൽ അർഹതയുള്ളവരെ അവഗണിക്കുന്നതിനെതിരെയുള്ള പോരാട്ടത്തിൽനിന്ന് മൂലൂർ പിന്തിരിഞ്ഞില്ല. കവിരാമായണത്തിന്റെ രചനോദ്യമം തന്നെ വിപ്ലവകരമായ സാമൂഹികപരിഷ്കരണ പ്രക്രിയയായിരുന്നെന്ന് ചുരുക്കം. അവർണ്ണർക്ക് ആരാധിക്കാൻ ശ്രീനാരായണ ഗുരു പുഴയിൽ മുങ്ങിയെടുത്ത കല്ല് അരുവിപ്പുറത്തു പ്രതിഷ്ഠിച്ചതു പോലെ, സവർണ്ണർമാത്രം സഞ്ചരിച്ച വെങ്ങാനൂരെ നിരത്തിൽ മഹാത്മാ അയ്യങ്കാളി വില്ലുവണ്ടി ഓടിച്ചതുപോലെ ചരിത്രപ്രാധാന്യമുള്ള പ്രയോഗമായിരുന്നു അത്. ആ പ്രയോഗത്തിലൂടെ സവർണ്ണരെ മാത്രം ഉൾക്കൊണ്ട മലയാളസാഹിത്യമണ്ഡലത്തിൽ അവർണ്ണരെയും മൂലൂർ സ്ഥാനപ്പെടുത്തി. ''അവർണ്ണകവികളെ സാഹിത്യമണ്ഡപത്തിൽ പ്രവേശിപ്പിക്കുകയില്ലെന്ന സാഹിത്യപ്രഭുവായ തമ്പുരാന്റെ ശാഠ്യത്തെ ധിക്കരിച്ച് അവർണ്ണകവികളെ പ്രവേശിപ്പിച്ചുകൊണ്ട് മൂലൂർ നടത്തിയ നൂതന സൃഷ്ടിയാണ് കവിരാമായണം'' എന്ന് എൻ. കെ. ദാമോദരൻ (1990: 3) നിരീക്ഷിക്കുന്നു.

മലയാളത്തിൽ സാഹിത്യനവോത്ഥാനത്തിന്റെ ആരംഭശിലയായി കവിരാമായണ രചനയെ കാണാവുന്നതാണ്. ആധുനിക കേരളം രൂപികരിക്കപ്പെടുന്നതിന്റെ ഗതിവേഗം ഉൾക്കൊണ്ടാണ് മൂലൂർ കവിരാമായണം രചിച്ചത്. സ്വസമുദായത്തിലുള്ളവരെക്കൂടാതെ സവർണ്ണരെയും അഹിന്ദുക്കളെയും സ്ത്രീകളെയും കവിരാമായണത്തിൽ അദ്ദേഹം ഉൾപ്പെടുത്തി. സമുദായബോധത്തിന്റെ സങ്കുചിതത്വം കവികളുടെ തെരഞ്ഞെടുപ്പിൽ മൂലൂരിനെ ബാധിച്ചിട്ടില്ല. ''കുമാരനാശാനും സി. വി. കുഞ്ഞുരാമനും നൽകിയ 'ഗവയൻ', സാരണൻ എന്നീ അപ്രധാന സ്ഥാനങ്ങൾ തന്നെ ഇതു തികച്ചും വ്യക്തമാക്കുന്നുണ്ട്. പിൽക്കാലത്തു അനശ്വരത കൈവരിക്കാനായെങ്കിലും അന്നു

കവിതാരംഗത്ത് അവർ പിച്ചവച്ചു തുടങ്ങിയിട്ടേ ഉണ്ടായിരുന്നുള്ളൂ. മൂലൂരിന്റേത് യാഥാർത്ഥ്യബോധത്തോടെയുള്ള സമീപനവും നിഷ് പക്ഷമായ വിലയിരുത്തലും ആയിരുന്നു എന്നതിന് ഇത് തികഞ്ഞ ദൃഷ്ടാന്തമാണ്.'' (വി. ജയപ്രസാദ്, 2010: 159). മലയാളഭാഷ യോടുള്ള കൂറ് എന്ന അളവുകോൽ മാത്രമായിരുന്നു മൂലൂർ തിരഞ്ഞെടുപ്പിനായി ഉപയോഗിച്ചത്. ''ഏറ്റവും അപരിഷ്കൃത സ്ഥിതിയിൽ കിടക്കുന്ന നമ്മുടെ മലയാളഭാഷയെ പരിഷ്കരി ക്കുന്നതിലേക്ക് സർവ്വാത്മനാ പ്രോത്സാഹിപ്പിച്ചു പോരുന്ന പ്രസിദ്ധൻമാരും അപ്രസിദ്ധൻമാരുമായ കവികളെ'' യാണ് താൻ കവിരാമായണത്തിൽ ഉൾപ്പെടുത്തിയതെന്ന് മൂലൂർ പറയുന്നു (എം. സത്യപ്രകാശം, 1988: 89). 'ജാതിഭേദമോ മതദ്വേഷമോ ഇല്ലാതെ ഏവരും സോദരത്വേന വാഴുന്ന' ആദ്യത്തെ കവിനിരൂപണ ഗ്രന്ഥ മായിരുന്നു കവിരാമായണം. കവികളെ രാമായണ കഥാപാത്രമായി കല്പിച്ചു കൊണ്ടുള്ള രചനാരീതിയുടെ അപര്യാപ്തത മൂലൂരിന് അറിയാമായിരുന്നു. അതിലുണ്ടാകുന്ന കുഴപ്പങ്ങൾ തന്റെ അജ്ഞത കൊണ്ടാണെന്ന് തുറന്നു സമ്മതിക്കാനും അദ്ദേഹം മടി കാണിച്ചില്ല: ''ഇതിൽ ഓരോരുത്തർക്കും കൊടുത്തിട്ടുള്ള പേ രുകൾ യോഗ്യതയ്ക്ക് മതിയാകാതെയോ കവിഞ്ഞോ വന്നുപോ യിട്ടുണ്ടെങ്കിൽ അത് എനിക്ക് അവരോടുള്ള അപരിചിതത്വം കൊണ്ടു മാത്രമെന്നേ വരാൻ പാടുള്ളൂ''(ടി). തന്റെ കാലത്തെ കവിതാസാഹിത്യം സൂക്ഷ്മമായി ശ്രദ്ധിച്ചിരുന്നു മൂലൂർ. കവിരാ മായണത്തിൽ പിന്നീടുള്ള പതിപ്പുകളിൽ കാലോചിതമായ പരിഷ് കാരങ്ങൾ വരുത്തി പ്രസക്തരല്ലാത്തവരെ ഉപേക്ഷിച്ച് പുതിയവരെ ചേർക്കാൻ അദ്ദേഹം തയ്യാറാകുന്നുണ്ട്. മൂന്നാംപതിപ്പിലാണ് പണ്ഡിറ്റ് കറുപ്പന് സ്ഥാനം നൽകുന്നത്.

പാഠപരമായി അന്ന് മലയാളത്തിലുണ്ടായിരുന്ന നിയോ ക്ലാസിക് രചനാരീതി പിന്തുടരുന്ന കൃതിയായിരുന്നു കവിരാമാ യണം. രചനാരീതിയിൽ യാതൊരു വെല്ലുവിളിയും പുതുമയും ഇല്ലാത്ത കൃതി. ജാതിചിന്തയ്ക്കും അയിത്താചാരത്തിനുമെതിരെ മലയാളത്തിലുണ്ടായ കൃതികളുടെ പട്ടികയിൽ അതിന് സ്ഥാനമില്ല.5 എന്നാൽ അവർണ്ണർക്കും സ്ത്രീകൾക്കും പ്രാതി നിധ്യം നൽകിയതിലൂടെ സാമൂഹ്യജനാധിപത്യത്തിലേക്ക് മലയാള സാഹിത്യത്തെ ചലിപ്പിച്ചുവെന്ന അനന്യമായ പ്രസക്തി അതിനു ണ്ടായിരുന്നു. പ്രയോഗമായാണ് ഫലമായല്ല കവിരാമായണം മനസ്സിലാക്കപ്പെടേണ്ടത്. അരുവിപ്പുറത്തെ പാറക്കഷണത്തിന്റെ അമൂല്യതയല്ല; പ്രതിഷ്ഠിക്കുകയെന്ന പ്രയോഗമാണ്, വില്ലുവ ണ്ടിയുടെ മികവല്ല; ഓടിക്കുക എന്ന പ്രയോഗമാണ് നവോത്ഥാ

നത്തിന്റെ ചൂണ്ടുപലക. അതുപോലെ കവിരാമായണം എന്ന കൃതിയുടെ സാഹിത്യമൂല്യമല്ല, അതിന്റെ രചനയെന്ന പ്രയോഗമാണ് നവോത്ഥാനകർമ്മം. രണ്ടു തരത്തിലാണ് കവിരാമായണം മലയാള സാഹിത്യത്തിൽ നൂതനത്വം പുലർത്തിയത്. കവികളെ വിലയിരുത്തുന്ന ഉത്തരവാദിത്തം ഒരു അവർണ്ണകവി ഏറ്റെടുത്തുവെന്നതാണ് അതിൽ ഒന്നാമത്തേത്. അതോടെ, മലയാള സാഹിത്യത്തിൽ നിർണ്ണയാധികാരമുള്ള കർത്താവായി അവർണ്ണൻ ആദ്യമായി സ്ഥാനപ്പെട്ടു. രണ്ടാമത്തേത്, അവർണ്ണർക്കും സ്ത്രീകൾക്കും ഹൈന്ദവേതരർക്കും അതിൽ സ്ഥാനം നൽകിയെന്നതാണ്. അതോടെ വൈജാത്യങ്ങളെ അംഗീകരിക്കാൻ മലയാള സാഹിത്യം നിർബന്ധിതമായി. ഈ രണ്ടുക്രിയകളും സ്വാഭാവികമെന്നൊണം സ്വീകരിക്കാവുന്ന ജനാധിപത്യബോധമൊന്നും പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഒടുവിൽ കേരളം ആർജ്ജിച്ചിരുന്നില്ല. അതുകൊണ്ടു തന്നെയാണ് കവിരാമായണം ശക്തമായി വിമർശിക്കപ്പെട്ടത്. കവിനിരൂപണ രചനാപ്രസ്ഥാനത്തിലെ എന്നല്ല, മലയാളസാഹിത്യത്തിൽതന്നെ അതുവരെ ഒരു ഗ്രന്ഥവും നേരിടാത്ത വിമർശനം ഈ കൃതി നേരിട്ടു. ഒരു കവിത എഴുതിയതിന്റെ പേരിൽ ഇത്രയധികം പേരാൽ ഒരുമിച്ച് എതിർക്കപ്പെട്ട കവി മലയാളത്തിൽ വേറെയുണ്ടെന്ന് തോന്നുന്നില്ല. അത് കവിതയ്ക്കെതിരെയുള്ള വിമർശനമല്ലായിരുന്നു, അവർണ്ണരുടെ പ്രതിനിധാനത്തിന് എതിരെയുള്ള വിമർശനമായിരുന്നു.

കുഞ്ഞിക്കുട്ടൻ തന്നെയാണ് കവിരാമായണത്തെ വിമർശിച്ചുകൊണ്ട് ആദ്യം രംഗത്തു വന്നത്. മൂലൂരിന്റെ അജ്ഞതയും ഉൾപ്പെടുത്തിയ അവർണ്ണകവികൾക്ക് നൽകിയ സ്ഥാനവലിപ്പത്തിലെ അപാകവും ചൂണ്ടിക്കാട്ടിയായിരുന്നു കുഞ്ഞിക്കുട്ടന്റെ വിമർശനം. രാമായണം എന്ന് പേരിട്ട് ശിവഭൃത്യനായ നന്ദി എന്ന കഥാപാത്രത്തെ അവതരിപ്പിച്ചതാണ് മൂലൂരിന്റെ അജ്ഞതയായി കുഞ്ഞിക്കുട്ടൻ സൂചിപ്പിച്ചത്. പെരുനെല്ലി കൃഷ്ണന് ഹനുമാന്റെ സ്ഥാനം നൽകിയതും അദ്ദേഹത്തെ മുഷിപ്പിച്ചു. നന്ദി രാമായണത്തിലുമുണ്ടെന്ന് ചൂണ്ടിക്കാണിച്ച മൂലൂർ, കൃഷ്ണൻ ചെറുപ്പമായതാണോ തീയനായതാണോ ഹനുമാൻ സ്ഥാനത്തിനനർഹനായതെന്ന് തുറന്നു ചോദിച്ചു. മറുപടിയിൽ കുഞ്ഞിക്കുട്ടൻ മുലൂരിനെ ജാതീയമായി അധിക്ഷേപിക്കാൻ പോലും ഒരുങ്ങി. (എൻ. കൃഷ്ണപിള്ള, 1969: 35). അസാധാരണ വാക്പാടവമുണ്ടായിരുന്ന മൂലൂർ ഉചിതമായ മറുപടി നൽകി. തുടർന്ന കുഞ്ഞിക്കുട്ടൻ പുതിയ വാദമുഖങ്ങൾ തുറക്കാതെ താൽക്കാലികമായി പിൻമാറി. കുഞ്ഞിക്കുട്ടന്റെ പക്ഷം ഏറ്റെടുത്തു കൊണ്ട്

മറ്റുചില പ്രമുഖർ അപരനാമങ്ങളിൽ മൂലൂരിനെ നേരിടാനെത്തി. ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ (ഹനുമാൻ, പ്രഹ്ലാദൻ), ഉള്ളൂർ എസ്. പരമേശ്വരയ്യർ (ജാമദഗ്ന്യൻ), ചിറയിൻകീഴ് പി. ഗോവിന്ദ പിള്ള (നരസിംഹം), കെ. രാമകൃഷ്ണപിള്ള (ഭദ്രകാളി), ഏവൂർ വേലുപിള്ള (ത്രിവിക്രമൻ), പി. ഗോവിന്ദപിള്ള (അഹസ്കരൻ, വലിയ തോക്ക്) തുടങ്ങിയവരായിരുന്നു അവർ. ജാംബവാൻ, സിംഹളസിംഹം, കളകണ്ഠൻ, മാഢവ്യൻ, ബഡവാഗ്നി, സുദർ ശനം, വലിയ തോക്കിലെ ഉണ്ട, പാശുപതം എന്നീ പേരുകളിൽ മൂലൂർ ഒറ്റയ്ക്ക് ഇവരെ എതിരിട്ടു. മലയാളി, കേരളചന്ദ്രിക, മലയാളമനോരമ തുടങ്ങിയ പത്രങ്ങളിലൂടെയാണ് വാദപ്രതി വാദങ്ങൾ നടന്നത്.

കവിരാമായണത്തിനെതിരെ[6] വിമർശകർക്ക് പ്രധാനമായും രണ്ട് വിയോജിപ്പുകളാണുണ്ടായിരുന്നത്. മൂലൂർ ഇത്തരം കവിത രചിക്കാൻ ഉദ്യമിച്ചതിനെതിരെയുള്ള എതിർപ്പായിരുന്നു ഒന്നാമ ത്തേത്. ആ പ്രവൃത്തി അനൗചിത്യം നിറഞ്ഞതും മണ്ടത്ത രവുമായാണ് വിമർശകർ രേഖപ്പെടുത്തിയത്. അവർണ്ണൻ പരിമി തമായ തോതിലാണെങ്കിലും സാഹിത്യചരിത്രം രചിച്ചതിലുള്ള, ചരിത്രനിർമ്മാണപ്രയോഗം നടത്തിയതിനോടുള്ള എതിർപ്പ് തന്നെയായിരുന്നു ഇത്. രണ്ടാമത്തെ വിയോജിപ്പ് അവർണ്ണ കവികൾക്കു നൽകിയ സ്ഥാനവലിപ്പം സംബന്ധിച്ചുള്ളതായിരുന്നു. അർഹമായ പ്രാതിനിധ്യം അവർണ്ണർക്കു ലഭിക്കുന്നതിലെ അസിഹിഷ്ണുതയാണ് ഇതിലൂടെ പ്രകടമായത്. മലയാള സാഹിത്യത്തിൽ ഖണ്ഡനവിമർശനത്തിന് സി. പി. അച്യുത മേനോൻ എന്ന ഒറ്റവഴി മാത്രമുണ്ടായിരുന്ന കാലത്താണ് സവർണ്ണ വിമർശകർ മൂലൂരിനെതിരെ ഖണ്ഡനത്തിന്റെ പെരുവഴിവെട്ടിയത് എന്നോർക്കണം. സാഹിത്യത്തിൽ മേൽജാതിയുടെ ദന്തഗോപുരം തകരുന്നതിലെ ഉത്കണ്ഠയാണ് മൂലൂരിനെതിരെ പട പൊരുതാൻ അവരെ പ്രേരിപ്പിച്ചത്. മൂലൂരിനെ നേരത്തെ പ്രശംസിച്ച സവർ ണ്ണരും അവർണ്ണരുമായ ആരും തന്നെ അദ്ദേഹത്തെ പരസ്യമായി തുണയ്ക്കാൻ തയ്യാറായില്ലെന്നതും ശ്രദ്ധിക്കുക. സവർണ്ണ കവികളുടെ ജാതിഭള്ളിനെ യുക്തിയുക്തം നേരിടാൻ മൂലൂരിന് സാധിച്ചു. താൻ ആരംഭിച്ച വാദപ്രതിവാദം വ്യക്തിവിദ്വേ ഷത്തിലേക്ക് നീങ്ങുന്നതു കണ്ടപ്പോൾ കുഞ്ഞിക്കുട്ടൻ വീണ്ടും ഈ തർക്കത്തിൽ ഇടപെട്ടു. അദ്ദേഹത്തിന്റെ അഭ്യർത്ഥനയെത്തുടർന്ന് എല്ലാവരും വിവാദത്തിൽനിന്ന് പിൻമാറി. എങ്കിലും ജാതിവിദ്വേഷം മാറിയൊന്നുമില്ല. ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ, കവികളെ മൃഗങ്ങളായി ചിത്രീകരിച്ചുകൊണ്ട് രചിച്ച കവിമൃഗാവലി (1900)

എന്ന കൃതിയിൽ മൂലൂരിനോടുള്ള അനിഷ്ടം തെളിഞ്ഞു കാണമായിരുന്നു. ''അപ്പത്രപംക്തികൾ തകർത്തമരുന്ന മൂലൂർ/ പപ്പുപ്പണിക്കർതടിയൻ കിടിത്തന്നെ നൂനം'' എന്ന് തടിയൻ പന്നിയായാണ് മൂലൂരിനെ കല്പിച്ചത്. ഇതുമായി ബന്ധപ്പെട്ട വാദപ്രതിവാദത്തിലും ജാതി തന്നെയായിരുന്നു മുഖ്യം.

കവിമൃഗാവലിക്കു ശേഷം കവിനിരൂപണ കാവ്യസമ്പ്രദായത്തിൽ വേറെയും കൃതികളുണ്ടായി. മൂലൂർ തന്നെ നടമൃഗമാല, കവിതാരസ നിരൂപണം എന്നീ കൃതികൾ രചിച്ചു. കവിശാകുന്തളം, കവിമത്സ്യാവലി, കവിഭേഷജാവലി, കവിവൃക്ഷമാല, എന്നിവ ഈ പ്രസ്ഥാനത്തിലുണ്ടായ മറ്റു ചില കൃതികളാണ്. കോയിപ്പിള്ളി പരമേശ്വരക്കുറുപ്പ് രചിച്ച കവിപക്ഷിമാലയാണ് ഈ പ്രസ്ഥാനത്തിലെ അവസാനകൃതി.

അനീതിയിൽ അസ്ഥിവാരമുറപ്പിച്ച സംസ്കാരത്തിലെ സ്വീകരിക്കപ്പെട്ട പ്രയോഗങ്ങളെല്ലാം അനീതിയെ സാധൂകരിക്കുന്നതായിരിക്കും. നീതിയുടെ സങ്കല്പങ്ങൾ പ്രയോഗിക്കപ്പെടുമ്പോൾ അത്തരം പ്രയോഗങ്ങൾ പ്രശ്നവൽക്കരിക്കപ്പെടും. ജാതീയാനീതിയെ എതിരിടുന്ന കവിരാമായണവുമായി ബന്ധപ്പെട്ട് മേൽജാതിബോധം ഊട്ടിയുറപ്പിക്കുന്ന ഭാഷാപ്രയോഗം ചോദ്യം ചെയ്യപ്പെടുന്നുണ്ട്. ഭദ്രകാളി എന്ന പേരിൽ മൂലൂരിനെ വിമർശിച്ച കെ. രാമകൃഷ്ണപിള്ളയാണ് കവിരാമായണത്തിലെ സവർണ്ണ വിരുദ്ധ ഭാഷാപ്രയോഗത്തെ ആദ്യം വിമർശിച്ചത്. കുഞ്ഞിയമ്മ എന്ന കവയിത്രിയുടെ പേരിൽ നിന്ന് മൂലൂർ 'അമ്മ' സ്ഥാനം എടുത്തു കളഞ്ഞതായിരുന്നു രാമകൃഷ്ണപിള്ളയെ ചൊടിപ്പിച്ചത്. എന്നാൽ മൂലൂർ അത്തരം പ്രയോഗങ്ങളുടെ നിരർത്ഥകത എടുത്തു കാട്ടി രാമകൃഷ്ണപിള്ളയുടെ വാദത്തിന്റെ മുനയൊടിച്ചു. ഈ വാദപ്രതിവാദം സൂചിപ്പിച്ചു കൊണ്ട് പിന്നീട് നടുവത്തുമഹൻ, ''തന്നത്താനറിയാതെ തീയർ ചിലരിക്കാലത്തു ഗർവ്വിഷ്ഠരായ്/ നിന്നോതുന്നിതു 'ഗൗരി' 'ലക്ഷ്മി' ശിവനേ നംപൂരിയെന്നിത്തരം/എന്നാലങ്ങനെ ചൊല്ലുടിന്നതു കണക്കല്ലെന്നു ചൊല്ലുന്നൊരാ-/ധന്യന്മാരൊടു മല്ലിനെത്തുമതുതാൻ ചിന്തിക്കിൽ വൻദുർഘടം''[7] (എം. സത്യപ്രകാശം, 1988: 99) എന്ന ശ്ലോകം എഴുതി. നവോത്ഥാന പ്രസ്ഥാനങ്ങളുടെ ആത്മാവിനെ തൊടുന്ന മറുപടിയാണ് അതിന് മൂലൂർ നൽകിയത്. ''ആഹാരം, വസ്ത്രം മുതലായവ തന്നു ഞങ്ങളെ രക്ഷിക്കുന്ന ദൈവം മാത്രമാണ് ഞങ്ങളുടെ തമ്പുരാൻ അല്ലാതെ നായരും നമ്പൂതിരിയുമല്ല.'' (എം. സത്യപ്രകാശം, 1988: 100) സംബോധനാ സമരം എന്നറിയപ്പെട്ട ഈ

സംവാദത്തിലൂടെ ഭാഷാപ്രയോഗങ്ങളിൽ ഇന്ന് നാം അന്വേഷി ക്കുന്ന രാഷ്ട്രീയശരിയുടെ (Political Correctness) വഴിതെളിയിക്കാ നായിരുന്നു മൂലൂർ ശ്രമിച്ചത്. ജാതിമേൽക്കോയ്മയെ ഭാഷയിൽ ഇല്ലായ്മ ചെയ്യാൻ മൂലൂർ മറ്റു ചില സന്ദർഭങ്ങളിലും ശ്രമിക്കു ന്നുണ്ട്. അവർകൾവഴക്ക്[8], പണിക്കർ വാദം[9] എന്നിവയെല്ലാം ഭാഷാ പ്രയോഗത്തിലെ രാഷ്ട്രീയശരികൾക്കു വേണ്ടിയുള്ള അന്വേഷണ ങ്ങളായി മനസ്സിലാക്കണം. അങ്ങനെ നോക്കുമ്പോൾ ഭാഷയിൽ രാഷ്ട്രീയശരികൾക്കു വേണ്ടി വാക്സമരം നടത്തിയ ആദ്യ മലയാളകവിയും മൂലൂർ ആണ്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഒടുവിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലുമായി ധാരാളം സാഹിത്യവിവാദങ്ങൾ മലയാളത്തിലുണ്ടാകുന്നുണ്ട്. അതിൽ എന്തുകൊണ്ടും വേറിട്ട് നിൽക്കുന്നതാണ് കവിരാമായണവിവാദം. അതിന്റെ നവോത്ഥാ നപരമായ പ്രാധാന്യം മനസ്സിലാക്കാതെ മലയാള സാഹിത്യ മണ്ഡലത്തിലെ അന്തസ്സാരശൂന്യമായ തർക്കമായി തള്ളിക്കള ഞ്ഞാൽ (എസ്. കെ. വസന്തൻ, 2011: 281) അത് ചരിത്രത്തോട് ചെയ്യുന്ന അനീതിയാകും. കവിരാമായണവിവാദം തുറന്നു തരുന്ന വഴികൾ താഴെ ഉപസംഹരിക്കാം

മലയാളത്തിൽ ജാതീയാസമത്വത്തിനെതിരെയുള്ള സാഹി ത്യപ്രയോഗമായി കവിരാമായണം മനസ്സിലാക്കപ്പെടണം. ഈ കൃതി രചിക്കപ്പെടുന്നതിനു മുൻപുതന്നെ കവിനിരൂപണ കാവ്യ സമ്പ്രദായവുമായി ബന്ധപ്പെട്ട് വിവാദമുണ്ടാകുന്നുണ്ട്. ആദ്യഘട്ട ത്തിൽ കേവലം വിനോദ പ്രാധാന്യമേ ഈ തർക്കത്തിന് ഉണ്ടായി രുന്നുള്ളൂ. എന്നാൽ കവിരാമായണരചനയ്ക്ക് സാഹചര്യ മൊരുങ്ങിയ രണ്ടാംഘട്ടത്തിൽ ഈ സംവാദത്തിന് നവോത്ഥാ നപരമായ പ്രാധാന്യം കൈവന്നു. അതുവരെ കവിനിരൂപണ കാവ്യസംവാദം പരിഗണിക്കപ്പെട്ടവർ തമ്മിലുള്ള മത്സരമായിരുന്നെ ങ്കിൽ അവിടുന്നങ്ങോട്ട് അവഗണിക്കപ്പെട്ടവർക്കു വേണ്ടിയുള്ള സമരമായി മാറി. കേവലം വിനോദമെന്നമട്ടിൽ ആരംഭിച്ച കവിനിരൂപണകാവ്യപദ്ധതി വിഭാഗീയതയ്ക്കെതിരെയുള്ള സാഹി ത്യപ്രയോഗമാക്കി മൂലൂർ മാറ്റി.

അവഗണിക്കപ്പെട്ടവരുടെ പ്രതിനിധാനത്തിനു വേണ്ടിയുള്ള ശ്രമമാണ് കവിരാമായണ സംവാദത്തിന്റെ കാതൽ. അധ:സ്ഥിതന്റെ അഭാവചരിത്രം മലയാളസാഹിത്യത്തിൽ അസ്ഥിരപ്പെടുത്താൻ ശ്രമിക്കുകയായിരുന്നു ഈ കൃതി. ജാതീയാസമത്വത്തിനെതിരെ

എന്നും പ്രസക്തമായ പ്രയോഗമായാണ് കവിരാമായണ രചനോദ്യമം തിരിച്ചറിയപ്പെടേണ്ടത്.

മലയാളത്തിൽ സാഹിത്യ നവോത്ഥാനത്തിന്റെ ആരംഭശിലയായി കവിരാമായണ രചനയെ കാണാവുന്നതാണ്. ആധുനിക കേരളം രൂപീകരിക്കപ്പെടുന്നതിന്റെ ഗതിവേഗം ഉൾക്കൊണ്ടാണ് മൂലൂർ കവിരാമായണം രചിച്ചത്. നാനാജാതിമതസ്ഥരെയും സ്ത്രീകളെയും കവിരാമായണത്തിൽ അദ്ദേഹം ഉൾപ്പെടുത്തി.

പ്രയോഗമായാണ് ഫലമായല്ല കവിരാമായണത്തിന്റെ മൂല്യനിർണ്ണയം നടത്തേണ്ടത്. ആ കൃതിയുടെ സാഹിത്യ മികവമല്ല, അതിന്റെ രചനയെന്ന പ്രയോഗമാണ് നവോത്ഥാനകർമ്മം. കവികളെ വിലയിരുത്തുന്ന ഉത്തരവാദിത്തം ഒരു അവർണ്ണകവി ഏറ്റെടുത്തുവെന്നതും ജാതി-മത-ലിംഗ വേർതിരിവില്ലാതെ പ്രാതിനിധ്യം നൽകിയെന്നതുമാണ് കവിരാമായണത്തിന്റെ നൂതനത്വം. സാമൂഹ്യജനാധിപത്യത്തിലേക്ക് മലയാളസാഹിത്യത്തെ ചലിപ്പിച്ച ചുവടുകളായിരുന്നു ഇവ.

ചരിത്രരചനയിൽ കീഴാളരുടെ പ്രതിനിധാനത്തെ കുറിച്ചന്വേഷിക്കുന്ന കീഴാളപഠനങ്ങൾക്ക് (Subaltern Studies) 1980 കളിൽ തുടക്കം കുറിക്കുന്നതിനും ഒരു നൂറ്റാണ്ടുമുൻപു തന്നെ മൂലൂരിൽ അതിന്റെ സത്ത കാണാനാകുന്നുണ്ട്. കീഴാളപഠനങ്ങളുടെ ലക്ഷ്യമായി നാം മനസ്സിലാക്കുന്ന ചരിത്രരചനയിലുള്ള വരേണ്യപക്ഷപാതങ്ങളെ എതിരിടുക എന്ന ദൗത്യമാണ് മൂലൂർ ഏറ്റെടുത്തത്.

കവിത എഴുതിയതിന്റെ പേരിൽ മൂലൂരിനെപ്പോലെ എതിർക്കപ്പെട്ട കവി അക്കാലത്ത് മലയാളത്തിൽ വേറെയില്ല. അത് കവിതയ്ക്കെതിരെയുള്ള വിമർശനമല്ലായിരുന്നു, അവർണ്ണരുടെ പ്രതിനിധാനത്തിന് എതിരെയുള്ള വിമർശനമായിരുന്നു. സാഹിത്യത്തിൽ മേൽജാതിയുടെ ദന്തഗോപുരം തകരുന്നതിലെ ഉത്കണ്ഠയാണ് മൂലൂരിനും കവിരാമായണത്തിനുമെതിരെ പോരാടാൻ സവർണ്ണകവികളെ പ്രേരിപ്പിച്ചത്.

മൂലൂരിന്റെ നേതൃത്വത്തിൽ നടത്തിയ സംബോധനാസമരം, അവർകൾവഴക്ക്, പണിക്കർവാദം തുടങ്ങിയവ ഭാഷാപ്രയോഗത്തിലെ രാഷ്ട്രീയശരികൾക്കു വേണ്ടിയുള്ള അന്വേഷണങ്ങളായി മനസ്സിലാക്കണം. അങ്ങനെ നോക്കുമ്പോൾ ഭാഷയിൽ രാഷ്ട്രീയശരികൾക്കു വേണ്ടി വാക് സമരം നടത്തിയ ആദ്യമലയാള കവിയും മൂലൂർ ആണ്.

## Notes

1. കണിശമായ രീതിയിൽ കാലാനുസാരിയായ ഘട്ടവിഭജനമല്ല ഇത്, മറിച്ച് ഗുണാനുസാരിയാണ്. ''ഇത്തരം കൃതികൾ ചമയ്ക്കുമ്പോൾ കവികൾക്കു സ്ഥാനം നിർണ്ണയിക്കുന്നതിൽ അവശ്യം പുലർത്തേണ്ട ഔചിത്യബോധം വ്യക്തിപരമായ പക്ഷപാതങ്ങളിൽ'' കലുഷിതമായതു കൊണ്ട് കവികൾക്കുണ്ടാകുന്ന അതൃപ്തിയാണ് ഈ ഘട്ടത്തിൽ വിവാദമുണ്ടാക്കിയത്. കവിരാമായണരചനയോടെ പ്രാതിനിധ്യത്തിനു വേണ്ടിയുള്ള സമരമായി ഈ വിവാദം മാറി. അത് കെട്ടടങ്ങിയതിനു ശേഷം ഈ സമ്പ്രദായത്തിൽ ഉണ്ടായ കവിതകളുമായി ബന്ധപ്പെട്ട് ഒന്നാം ഘട്ടത്തിൽ ഉണ്ടായതു പോലെ സ്ഥാനവലിപ്പം ചൊല്ലി ചെറിയ കലഹങ്ങൾ ഉണ്ടായിട്ടുണ്ട്.

2. നൂറ്റാണ്ടുകളായുള്ള അടിച്ചമർത്തൽ കാരണം കീഴാളർ സ്വച്ഛന്ദമായ ആശ്രിതബോധത്തിന്റെ തടവിലാണെന്ന് കീഴാളപഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. വിദ്യാഭ്യാസത്തിലൂടെയും മറ്റും സ്വച്ഛന്ദമായ ആശ്രിതബോധത്തെ മറികടക്കുക കീഴാളരുടെ ആദ്യ വെല്ലുവിളിയാണ്. ''വരേണ്യ-കീഴാളബോധങ്ങൾ വ്യതിരിക്തവും സ്വച്ഛന്ദവുമാണ് എന്നതു പോലെ തന്നെ വാസ്തവമാണ് വരേണ്യബോധം മേൽക്കോയ്മാപരവും കീഴാളബോധം ആജ്ഞാനുവർത്തിയുമാണെന്ന കാര്യം. കീഴാളബോധം സ്വച്ഛന്ദമാണെങ്കിലും ആശ്രിതമാണെന്ന് സാരം''(പാർത്ഥോ ചാറ്റർജി, 2006: 29).

3. കുഞ്ഞിക്കുട്ടൻ ഉൾപ്പെടെയുള്ള പ്രമുഖ കവികളുടെ ജാതിബോധത്തെക്കുറിച്ച് കവിയൂർ മുരളി ദലിത് സാഹിത്യം എന്ന കൃതിയിൽ വിശദമായി പറയുന്നുണ്ട് (2001: 209). കവിരാമായണ വിവാദത്തിനു ശേഷംഎഴുതിയ ജാതിപഞ്ചകം എന്ന കൃതിയിലും കുഞ്ഞിക്കുട്ടന്റെ ജാതിബോധം വ്യക്തമായി കാണാം. അതിലെ ഒരു ശ്ലോകം ഇങ്ങനെയാണ്.

   ''നാനാജാതികളെപ്പിടിച്ചൊരു നിലയ്ക്കാക്കാൻ ശ്രമിച്ചീടിലും
   ജ്ഞാനാംശം ജളനും വിദഗ്ധനുമൊരേ മട്ടാക്കുവാൻ പറ്റുമോ?
   ഹീനാഹീനത പോയ്ദ്ദരിദ്ര ധനികൻമാരൊപ്പമായ് നിൽക്കുമോ?
   ഞാനാ നൂതന താർക്കികപ്പരിഷയിൽച്ചേരില്ലവല്ലെങ്കിലും.''

   (എം. സത്യപ്രകാശം, 1988: 107)

4. കേരള നവോത്ഥാന ചരിത്രത്തിലെ ആദ്യ രക്തസാക്ഷിയാണ് ആറാട്ടുപുഴ വേലായുധപ്പണിക്കർ. ജീവിതകാലം 1825-1874.

5. ജാതിചിന്തയ്ക്കും അയിത്താചാരത്തിനുമെതിരെ മലയാളത്തിൽ ആദ്യകാലത്ത് ഉണ്ടായ കൃതികളെ കവിയൂർ മുരളി പട്ടികപ്പെടുത്തുന്നുണ്ട്. അതിൽ കവിരാമായണം ഉൾപ്പെടുന്നില്ല. (2001: 208).

6. കവിരാമായണവുമായി ബന്ധപ്പെട്ട സംവാദം വിശദ രൂപത്തിൽ സാഹിത്യവിവാദങ്ങളിലൂടെ (വി. ജയപ്രസാദ്, 2010), സരസകവി മൂലൂർ എസ് പത്മനാഭപ്പണിക്കർ (എം. സത്യപ്രകാശം, 1988) തുടങ്ങിയ ഗ്രന്ഥങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

7. ''തങ്ങൾ താണജാതിക്കാരാണെന്നുള്ള കഥയറിയാതെ ചില തീയർ (ഈഴവർ) അങ്ങേയറ്റം അഹങ്കരിച്ച് നായർ സ്ത്രീകളെ 'ഗൗരി'

'ലക്ഷ്മി' എന്നിങ്ങനെ സംബോധന ചെയ്യുന്നു. ഭഗവാനേ ഭൂമിയിലെ ദേവന്മാരായ ബ്രാഹ്മണരെ വെറും നമ്പൂരിയെന്നു പരാമർശിക്കുന്നു. ഇങ്ങനെയൊക്കെ ജല്പിക്കുന്നതു ശരിയല്ലെന്നു താക്കീതു ചെയ്യുന്നവരെ എതിർക്കുകയും ചെയ്യുന്നു. അതാണ് അതിലും കഷ്ടം'' (എം. സത്യപ്രകാശം 1988: 99)

8. മാസികകളിൽ സവർണ്ണരുടെ കത്തുകൾ പ്രസിദ്ധീകരിക്കുമ്പോൾ അവർകൾ എന്ന് ചേർക്കുകയും അവർണ്ണരുടെ പേരിന്റെ കൂടെ അത് ചേർക്കാതിരിക്കുകയും ചെയ്യുന്നതിനെതിരെയുള്ള മൂലൂരിന്റെ പ്രതിഷേധമാണ് അവർകൾവഴക്ക് എന്ന് അറിയപ്പെടുന്നത്.

9. മൂലൂർ എഴുതിത്തുടങ്ങിയ കാലത്ത് ഈഴവ സമുദായക്കർ പേരിനൊപ്പം ശൗണ്ഡികൻ എന്ന് ചേർക്കുക പതിവായിരുന്നു. അതനുസരിച്ച് പത്മനാഭ ശൗണ്ഡികൻ എന്നാണ് ആദ്യം മൂലൂർ സ്വീകരിച്ച പേര്. എന്നാൽ അഭ്യുദയകാംക്ഷികളായ ചിലർ ശൗണ്ഡികൻ എന്ന് പേരിനോട് ചേർക്കുന്നതിൽ അ തൃപ്തി പ്രകടിപ്പിച്ചു. അവരുടെ അഭിപ്രായം മാനിച്ച് മൂലൂർ കുടുംബസിദ്ധമായ പണിക്കർ സ്ഥാനം പേരിനോടൊപ്പം ചേർത്തു. ഇത് സവർണ്ണരെ ചൊടിപ്പിച്ചു. മനോരമയിലെ കവിതാപംക്തി കൈകാര്യം ചെയ്തിരുന്ന പത്രാധിപർ, പണിക്കർ എന്നതിനു പകരം പണിക്കൻ എന്നാക്കി മാറ്റി. മൂലൂർ ഇതിൽ പ്രതിഷേധിച്ചു. ഈ വാദപ്രതിവാദമാണ് പണിക്കർവാദം എന്നറിയപ്പെടുന്നത്. .

# References


ഉള്ളൂർ എസ്. പരമേശ്വരയ്യർ, *കേരളസാഹിത്യചരിത്രം, പ്രകാശനവിഭാഗം*, കേരളസർവ്വകലാശാല, തിരുവനന്തപുരം, 2015.

കവിയൂർ മുരളി, *ദലിത് സാഹിത്യം,* കറന്റ് ബുക്സ്, തൃശ്ശൂർ, 2001.

കൃഷ്ണപിള്ള, എൻ. *'കവിരാമായണ സമരം',* സരസകവി മുലൂർ ജന്മസ്മാരകോപഹാരം, മൂലൂർ സെന്റിനറി സെലബ്രേഷൻ കമ്മിറ്റി, തിരുവനന്തപുരം, 1969.

ജയപ്രസാദ്, വി. *സാഹിത്യ വിവാദങ്ങളിലൂടെ*, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്, 2010.

ദാമോദരൻ, എൻ. കെ (സമ്പാ.) *'പ്രവേശകം', കവിരാമായണം*, സരസകവി മൂലൂർ സ്മാരക കമ്മിറ്റി, ഇലവുംതിട്ട. 2019.

ദീപേഷ് ചക്രവർത്തി, ന്യൂനപക്ഷ ചരിത്രങ്ങൾ കീഴാള ഭൂതകാലങ്ങൾ, സൂസി താരു(എഡി.), ഡി സി ബുക്സ്, കോട്ടയം. 2016.

പാർത്ഥോ ചാറ്റർജി, *'കീഴാള പഠനങ്ങളുടെ ചരിത്രം ചുരുക്കത്തിൽ'*, 2006.

ഭാസ്കരപിള്ള, കെ. *സാഹിത്യ സമരങ്ങൾ*, എൻ ബി എസ്, കോട്ടയം, 1970.

സത്യപ്രകാശം, എം. പ്രൊഫ. *സരസകവി മൂലൂർ എസ്. പത്മനാഭപ്പ ണിക്കർ,* കേരളസർക്കാർ സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, തിരുവനന്തപുരം. 1988.

സൂസി താരു (എഡി.), *കീഴാളപഠനങ്ങൾ*, ഡി സി ബുക്സ്, കോട്ടയം.

സാം, എൻ. ഡോ. (ജന. എഡി. ) *മലയാള സാഹിത്യ ചരിത്രം,* വാല്യം-2, കേരള സാഹിത്യ അക്കാദമി,, തൃശ്ശൂർ, 2016.

ലീലാവതി, എം. ഡോ. *മലയാള കവിതാ സാഹിത്യചരിത്രം,* കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ. 2011(1980).

വസന്തൻ, എസ്. കെ., *നമ്മൾ നടന്ന വഴികൾ*, മലയാള പഠനഗവേഷണകേന്ദ്രം, തൃശ്ശൂർ, 2011.

ശൂരനാട്ടു കുഞ്ഞൻപിള്ള, *'നിരൂപണരംഗത്തിലെ ഒരു വീരായോധനം',* സരസകവി മൂലൂർ ജന്മസ്മാരകോപഹാരം, മൂലൂർ സെന്റിനറി സെലബ്രേഷൻ കമ്മിറ്റി, തിരുവനന്തപുരം. 1969.

# SILENCING THE VOICES OF DISSENT: RELIGIOUS CENSORSHIP AND THE NARROW LINE BETWEEN BLASPHEMY AND ARTISTIC FREEDOM

**Smrithi M. Venugopal**
**Sheron K.P.R.**

***Abstract:*** *Censorship has been an ongoing phenomenon across the world. Printingbrought about momentous changes in the ways in which literature was composed, consumed, and interpreted. Religious institutions and governments were seen to regulate and control printing as early as the 1660s. Printingrevolutionised communication and book production, and was accompanied by the explosion of knowledge across social classes, which earlier was the monopoly of the religious groups and privileged classes. Tendencies of dissent and heresy began to be looked at as potential threats to the institutional order. Religious institutions were both positively and negatively affected by this remarkable invention. Doctrines, pamphlets, sermons etc, which were printed in large numbers and therefore cheap, enjoyed greater readership compared to their early manuscript counterparts. At the same time, religion also identified in printing one of the greatest perils, the seeds of blasphemy, a wild current that would shake the very foundations of a system of belief. The history of banning and religious censorship, performed upon charges of heresy and sacrilege dates back to as early as the invention of printing. The freedom of expression of artists was controlled by religious authorities on the basis of religious teachings. The paper aims to examine the complex relationship between religious censorship and artistic freedom mediated by printing.*

***Keywords***: *Artist, Ban, Censorship, Printing, Religion*

Censorship of art, in the form of works of literature, paintings, music, movies, drama and the like on religious, political and philosophical grounds is as old as history. Many of the world's major religious texts, including the *Bible*, the *Koran*, and others, have been suppressed, condemned, or proscribed at some point in time. Secular literature which touch

upon religious beliefs or reflect dissenting views have also been suppressed. Considering literature alone, works suppressed on various grounds include popular texts such as *Harry Potter* accused of promoting witchcraft and anti-family themes, Philip Pullman's *His Dark Materials* trilogy, Salman Rushdie's *Satanic Verses* and Dan Brown's *The Da Vinci Code* challenged for religious reasons, J. D. Salinger's *The Catcher in the Rhye*, S. E. Hilton's *The Outsiders*, D. H. Lawrence's *Lady Chatterley'sLover* for its can did portrayal of sex and violating the moral codes of the society. The list of works banned and burned in the past as well as in the present times is endless. Arthur Schlesinger, Jr., reminds us that throughout most of human history, authority, "fortified by the highest religious and philosophical texts, has righteously invoked censorship to stifle expression" (Foerstel xv).

Across the world, religion qualifies to be the most notorious agency which has both exploited art in terms of its utility and suppressed 'deviant' artists whose art does not conform to the existing religious codes. Right from the dawn of literature, religion has made use of the same in the propagation of religious ideals and morals. With the invention of the printing press, religion identified in literature the potential that could essentially carry forth religious teaching to the masses. According to Una M. Cadegan, in *All Good Books Are Catholic Books: Print Culture, Censorship and Modernity in Twentieth Century America*, "scripture not only provided the bedrock images on which Catholic understandings of literature were founded. It was also an inexhaustible source of references, comparisons, and titles" (28). Religion advocated the didactic values of art and literature.

Literature in conformity to religious codes served as the tool for its propagation. Literature that was didactic in

nature was well accepted and even promoted by religious groups. Aesthetics argued that art should be an end in itself and should have no particular use. This contrasted the idea of purpose proposed by the utilitarian philosophers. Aesthetics rejected the idea that art must essentially be didactic in nature thereby asserting the superiority of art. Strongly associated with the Aesthetic Movement which emphasised aesthetic values over socio-political themes in literature, Oscar Wildeis attributed with the formulation of the popular phrase, "art for art sake". Wilde advocated that art needed no justification nor should serve any purpose. In terms of its utility, art is not something to be used to achieve something else but is to be accepted and enjoyed as it is. Art need not express anything but itself. An artist is not obliged to cater to the demands of anyone but himself. An artist is not accountable to the public and artists need not seek approval of their art from the public nor create art for demand (Wilde xxiii).

Despite of the popular consensus on the superiority of art along with discourses on the autonomy of artists, art is banned and artists banished for not toeing the lines of the powerful and the privileged. Plato famously concludes in his book, *The Republic* that poets should be banished from his vision of the ideal society on charges that they tarnish the image of Gods and lie about them(102-110). Catholic writers firmly rejected the notion of "art for art's sake, " which gained in prominence in the early years of the century but persisted as a common trope for decades. As Cadegan points out, "from one angle, Catholics saw the idea as idolatrous, because it separated art from— and to some extent substituted it for—religion" (34).

Time after time, artists have always felt threatened from one direction or the other. History has witnessed

numerous episodes of books being banned and even burnt. Cultural, political and religious causes can motivate such actions. Censoring can be a result of contempt, anger, hatred, or even fear towards a text's author or its contents. Censorship has a long history as acting as a tool wielded by authorities to curb tendencies of dissent and suppress heretical views, which supposedly pose a threat to the existing order. Religious censorship is a form of regulation of the freedom of expression of artists by religious authority on the basis of religious teachings. The invention of the printing presswas an epic moment in the spread of ideas across Europe and beyond. Prior to its invention, the cost of production of books and other texts were relatively high. Manuscripts whose creation was intensely time consuming and laborious, were the only means of recording and storage. The materials required for the same, such as treated animal skin, were also expensive. Printing made copying and reproduction of materials faster and a lot cheaper. The earliest printed books were all religious in nature. *Bible* happens to be the most popular and ancient of all printed religious texts. Gutenburg's printing press facilitated people from all walks of life to access information and become learned. Until then, people's participation in the performances of organised religion was unanimous. Printing press spawned the possibilities of dissent by promoting critical reasoning and enquiry. People began to read religion as another discourse with its set of texts, biased and manipulated to cater to religious interests. It was this explosion of knowledge that paved the path for criticism towards religious institutions, dissent and eventually to reformation. The history of dissent is closely tied with the history of the invention of printing.

## Religion, Book Burning, Censorship

It is a fact beyond surprise that the first printed book was the *Bible*, given the influence of the Church in Europe then. In fact, a great number of the printed books were purely religious. The clergy embraced the press and substituted it over their age old methods of scriptoria. The press was looked upon as a god send gift which circulated theological materials to the clergymen and believers at a speed and ease like never before. European public enjoyed direct access to religious texts with the increase in literacy rates resulting in the formation of groups sharing common interests regarding the state and the church. Though the interpretation of the Bible was the privilege of select clergymen chosen by the Roman Catholic Church, the degree of access to knowledge provided impetus to the growth of a reformist movement in Europe. This movement was seen to question the authority of the Pope and accused clergy for the misuse of power.

A remarkable feature of the protestant movement was its focus on personal interpretations of scriptures and religious texts. Printing became the tool of both the catholic group and the reformist group in influencing the public with their ideologies. There was the proliferation of revolutionary theological texts by Protestants which were resisted by the Catholics through the printing of anti-reformation texts and pamphlets. Printing press removed control of written materials from the church and also made it difficult to control the circulation of printed texts rejected by the church.

In 1529, Henry VIII issued a proclamation forbidding the possession of certain works deemed heretical. Succeeding years witnessed a series of royal proclamations, decrees, and Acts of Parliament forbidding the printing and publication of

books until they had been licensed (approved), typically by a panel of governmental or ecclesiastical officials; religious works in particular were subjected to close scrutiny for the papal authorities to inhibit the spread of texts regarded as heretical (F. Cotter : 15).

According to Dirk Rohmann, there is evidence that some Roman emperors of the first century AD occasionally banned astrologers (and even philosophers) from Rome and Italy. However there is no firm evidence that books were burnt in these contexts before the late-imperial period (40). Prominent philosophers wrote anti-Christian treatises at the occasion of the Great Persecution in the early fourth century.

The fourth and fifth century are generally characterised by a number of religious conflicts due to ecclesiastical and social controversies at that time. As Rohmann puts it, "ecclesiastical dissent and Christian − pagan tensions often gave rise to factionalism, riots and street-fighting in the major cities of the Roman Empire. In this context, it has been assumed that Christians in Late Antiquity destroyed large libraries" (238).

Cadegan discusses the intellectual challenges posed by modernity to Catholicism in the 16th century with the reformations, which grew stronger with the wake of the Enlightenment in the 17th century. Cadegan observes, "By 1917 Roman Catholicism was into its fifth century of opposition to many elements constitutive of political and cultural modernity in the West" (3). According to him, "an even deeper rift between Catholic literary culture and intellectual modernity" seemed apparent in the most anomalous feature of Catholic print culture: censorship (18).

Most religious communities of the East also resented the printing press because of the difficulty to cast hundreds of individual characters on the movable type. As a result, the waves of comradeship and conflict between religion and literature were more visible in Europe and Christianity. Although nothing in the *Qur-an* explicitly imposes censorship, similar methodology has been carried out under Islamic theocracies, such as the fatwa ordering that the author be executed for blasphemy. In their quest for legitimacy, Islamic governments have also institutionalized an interpretation of Islam that frowns upon critical thinking, enforces blind obedience to the ruler as an Islamic duty, and ruthlessly silences dissent.

**The Heretics and their Blasphemous Letters**

It became a necessity for the religious institutions to curb the autonomy of writers who propagate ideas which deviated, conflicted, or even negated the doctrines of religion. Religious censorship as a form of regulation and suppression has its root in this context. The primary aim of this practice was to keep intact the belief systems cultivated and nourished across centuries by religious groups. An interpretation which do not toe the line of traditional belief, any other which questions the essence of a religion or one which criticises a particular aspect of a religion are considered to be discourses of sacrilege and their creators doomed as heretics. Religious censorship monitors all views contrary to that of an organised religion. The censored works are considered obscene and violating religious dogma. After complaints that it was offensive to Christianity, Dan Brown’s best sellernovel, *The Da Vinci Code* (2003), was banned in Lebanon in 2004. It was highly frowned upon by catholic leaders despite its popularity in book stores. Many other countries have also banned the

novel owing to its so called blasphemous content. For the author, any defence against the charges raised was near to impossible.

There have been instances in which the author had to flee the nation in order to save his/her life, from being killed by fanatics, who exhibit uncritical and obsessive devotion and belief in their religion. The Islamic jihad against free speech started in 1989, when Iran's tyrant Ayatollah Khomeini issued a *fatwa* calling for the murder of British novelist Salman Rushdie because the author supposedly blasphemed the Islamic religion in his novel *The Satanic Verses* (Totten 25-31). *Fatwa*, a religious judgement wherein the author of a blasphemous text is pronounced to be executed, is a similar Islamic theocracy that is used to regulate heresy in Islamic societies. Dozens of people connected with him, his book, and his publisher were attacked-some even killed- in countries as far away as Japan. Bookstores in the United Kingdom and United states were firebombed. The British government took the threat so seriously that it provided Rushdie with an around-the-clock armed security where he had to live in hiding under an assumed name for years. Taslima Nasrin's portrayal of the tension between the Hindus and the Muslims in Bangladesh after the Babri Masjid riots led to the banning of her novel, *Lajja* (1993) in Bangladesh, owing to the cause that the text has hurt nationalist feelings. In nations built upon religious beliefs, not just the religious groups but also the governments were seen to ban literature and even banish the author. "It is in the realms of religion rather than politics that the deepest problems lie, like the *fatwas* against Salman Rushdie and against TaslimaNasrin", observes Trevor Mostyn in *Censorship in Islamic Societies* (Mostyn, 2002). The book culminates in the

current political direction of religious censorship, and the control on the freedom of expression in Islamic societies.

There were also attempts to regulate and control printing. Book burnings became a common place thing. A classic example would be the burning of the infamous *The Wicked Bible*, which was published in 1631 at a time when people were beginning to grab a copy of the sacred text for their homes. This version of the *Bible* was doomed "wicked" because the word 'not' went missingin one of the Ten Commandments, "Thou Shalt Not Commit Adultery". On charges that it legitimised adultery, *TheWicked Bible* (also known as *Sinner's Bible* or *Adulterous Bible*) was rejected by the papacy. Therefore the 1631 version of the *King James Bible* was doomed wicked and the angry King Charles I ordered all one thousand copies to be burnt. Around eleven copies of the same still survive. Scholars of the present times reject the assumption that this mistake and others which appeared in the 1631 version, could not be dismissed as innocent mistakes. Rather, they were seen as deliberate attempts of sabotage in the past. The publishers, Robert Barker and Martin Lucas were stripped of the permission to work in the printing business, and were heavily penalised. Their reputations weretarnished and the duo ended up in prison. Across Europe, governments controlled printers and required them to possess licences to either print or trade printed books. Apart from the regulation on the production of printed texts, provisions were created by the state to unpack and inspect the contents of texts which were shipped to and fro, laws amended to guarantee death penalty to heretics and provisions were added to even burn people at stake for committing sacrilege.

The plight of women artists is even worse. Religious restrictions and traditions are a major cause of repeated

violation of the rights of many women artists across the globe, and countries like Iran, Saudi Arabia, Egypt, India and Pakistan. In many other countries, women as art producers, performers and spectators, suffer restrictions, bans, threats, prosecutions and unequal access to the opportunity to perform their arts publicly.

**The Boundaries of Artistic Expression**

It is noteworthy that book-burning and censorship in ancient societies were in many ways different from a modern notion of these acts where they are often associated with a totalitarian state. The threat to the unity of the religious order, caused primarily by heretical writings was the real driving factor. Not only were heretical writings perceived to threaten the religious peace, but also accused of creating disputes on the right understanding of religious principles leading to religious riots. Religious authorities were bent on stopping the circulation of the material in print and thereby instil fear in population.

We boast of being part of a society where artists are granted freedom to create environments that can challenge the status quo, raise their voice on sensitive issues and tackle societal taboos unafraid. However the system of belief of religious institutions is rooted in replication and repetition. Any discord can severely affect the harmony of this system. Hence religious authorities see to it that all tendencies of dissent are regulated. Such systems which thrive on sentimental values of the populist, beyond doubt, fail to provide free and secular creative spaces to artists. People fail to understand how a piece of art would affect the society. They fail to realise that a system like religion, which they fear might collapse through a single re-interpretation is a system not strong enough.

In key International Human Rights Laws, the Freedom of Artistic Expression and Creativity is recognised as a human right. While many enjoy this essential freedom, there are hundreds who are deprived of this, and even many who pay a price for exercising the same. At the heart of violations of artistic freedom across the globe, there is the effort to silence opposing or less preferred views and also the values of those in power, be it the political, religious or societal. This is mostly because of the fear of a possible change, undesirable by the power groups. They believe in the transformative effect of art and particular that this effect should not reach the masses. Religious authorities and often governments closely aligned with religion dominate the list of violators of artistic freedom. In our present times, artistic freedom of control seems to be a confusing space. Social media platforms blindly take down posts they consider indecent and violating guidelines. It is important that we stand for artists who are unjustly silenced, intimidated and censored around the world. There are hundreds of authors and artists who perform under the threat to freedom and their lives. As Albert Camus famously observes, "without freedom, (there is) no art; art lives only on the restraints it imposes on itself, and dies of all others. " In the absence of freedom, death tolls of art can be heard. The visibility which prints offers to art and ideas has always been crucial to the nurturing of this freedom. Violations and regulations imposed on printing and circulation can adversely affect the sensitive balance between the two. Attempts to ban information, such as removing or burning books that some find offensive can weaken a community. The healthy tendency to read and accept or read and reject is indispensible to promote tolerance and critical spirit in the readers and consumers of art. The choice

should come from the individual and not from a pressure group.

## References

Cadegan, Una M. *All Good Books Are Catholic Books: Print Culture, Censorship and Modernity in Twentieth Century America.* Cornell University Press, 2013.

F. Cotter, Thomas. *"Gutenburg's Legacy: Copyright, Censorship, and Religious Pluralism*". *California Law Review*, no. 2, 2003, p. 323.

Foerstel, Herbert N.. *Banned in the U. S. A.: A Reference Guide to Book Censorship in Schools and Public Libraries*, Greenwood Publishing Group, 2002.

Mostyn, Trevor. *Censorship in Islamic Societies*. Saqi, 2002.

Plato. *The Republic of Plato*. Trans. Francis MacDonald Conford, OUP, 1941.

Rohmann, Dirk. *Christianity, Book-Burning and Censorship in Late Antiquity: Studies in Text Transmission*, De Gruyter, Inc., 2016.

Totten, Michael J. *"Radical Islam's Global Reaction: The Push for Blasphemy Laws"*. *World Affairs*, vol. 175, no. 5, 2013, pp. 25-31.

Wilde, Oscar. *The Picture of Dorian Gray*. Penguin, 2003.

# ആറ്റൂർ കവിതകൾ: ബൃഹദ് വീക്ഷണത്തിൽ തെളിയുന്ന സാംസ്കാരിക രാഷ്ട്രീയം

**Rafiq Ibrahim**

**Abstract** : *പാഠങ്ങളെ ഒറ്റയായെടുക്കുകയും ആവിഷ്കരിക്കപ്പെട്ട കാലത്തിന്റെ ചരിത്രപശ്ചാത്തലവുമായി അവയെ ബന്ധപ്പെടുത്തുകയും ചെയ്യുക എന്നതാണ് രാഷ്ട്രീയവായന* (Political reading) *യുടെ മുഖ്യധാരാവഴി. സാമൂഹ്യസന്ദർഭത്തിന്റെ കേവല പ്രതിഫലനമായി കലയെ ചുരുക്കിക്കാണുന്ന ഒരു വീക്ഷണമാണത്. പാഠങ്ങളുടെ സംസ്കാരിക ചരിത്രത്തെ പുറത്തു കൊണ്ടുവരാൻ കഴിയാതെ പലപ്പോഴും അതടഞ്ഞു പോകാറാണ് പതിവ്. അതിൽ നിന്നു ഭിന്നമായി പാഠങ്ങൾ തമ്മിലുള്ള പരസ്പരബന്ധത്തെ വിശാലമായ ചരിത്രവ്യവഹാരത്തിനകത്ത് പ്രതിഷ്ഠിക്കുമ്പോഴാണ് കലയുടെ രാഷ്ട്രീയം വെളിവാകുക. മൂർത്ത സന്ദർഭത്തെ കൈവിടാതെ വിശാല ചരിത്രത്തെ പാഠവായനയ്ക്കായി ഉപയുക്തമാക്കുക എന്നത് ഫ്രഡറിക് ജയിംസൺ അവതരിപ്പിക്കാൻ ശ്രമിച്ച ആഖ്യാനവൃത്തി (interpretation) യുടെ അടിസ്ഥാനമാണ്. ആ നിലപാടിൽ നിന്നു കൊണ്ട് ആറ്റൂർ രവിവർമ്മയുടെ കവിതകളെ മുഴുവനായി പരിഗണിച്ചു അവയുടെ സംസ്കാരരാഷ്ട്രീയം കണ്ടെടുക്കാൻ ശ്രമിക്കുകയാണ് ഈ പ്രബന്ധം.*

Keywords: *സംസ്കാരരാഷ്ട്രീയം, ആധുനികതാവാദം, മൈനർ ലിറ്ററേച്ചർ.*

ആലപ്പുഴ നാട്ടുകാരി
കരിമണ്ണുനിറക്കാരി
കവിതയിൽ എഴുതുമ്പോൾ
'ജലം' എന്നാണെഴുതുന്നു!
കവി ആറ്റൂർ ചോദിച്ചു.
''വെള്ളം അല്ലേ നല്ലത്?''

ആറ്റൂർ രവിവർമ്മയ്ക്ക് പിൻതലമുറ നൽകിയ വലിയ ആദരങ്ങളിലൊന്ന് ഈ വരികളാണ്. ആറ്റൂർ, ജലത്തെ വെള്ളമെന്നു തിരുത്തുമെന്ന അനിതാതമ്പിയുടെ ഭാവന, ആറ്റൂരിന്റെ കാവ്യലോകത്തിന്റെ രാഷ്ട്രീയമുൾക്കൊള്ളുന്നുണ്ട്. വെള്ളം തൊണ്ടു ചീഞ്ഞ മണമുള്ള, ഉപ്പു ചേർന്ന രുചിയുള്ള, കടും ചായ നിറമുള്ള അനുഭവമാണ് കവിതയിൽ. ജലമാകട്ടെ തെക്കൻ നാട്ടിലെവിടെയോ പെയ്യുന്ന നിലം തൊടും മുൻപുള്ള തെളിനീരെന്ന അറിവ് മാത്രവും. അനുഭവത്തിന്റെ (ആലപ്പുഴ പൂഴിമണ്ണ് തിരളുന്നതാണ്

വെള്ളമെന്നു കവിത) ഭാഷയ്ക്ക് പര്യായങ്ങളില്ല എന്ന് ആദ്യമായി തിരിച്ചറിഞ്ഞ കവികളിലൊരാൾ ആറ്റൂരായിരുന്നിരിക്കണം. എസ്. ജോസഫ് ''വെള്ളം എത്ര ലളിതമാണെന്ന്'' മറ്റൊരിക്കലെഴുതി. അതിനുമെത്രേയോ മുൻപ്, ''ആറാട്ടിനിറങ്ങുമ്പോൾ വെയിലോളം വെട്ടുന്ന പുഴ''യെ നോക്കി വെള്ളം എന്ന പേരിൽ തന്നെ ആറ്റൂർ കവിതയെഴുതിയിരുന്നു. ആറ്റൂരിന്റെ കവിതകൾ ആകമാനം അരിച്ചു പെറുക്കിയാലും ജലം കണ്ടുകിട്ടാൻ സാധ്യതയില്ല. അതിലുടനീളം വെള്ളമാണ്. അനുഭവങ്ങളുടെ നാട്ടുറവകളിലേക്ക് വാക്കിനെ നയിക്കയാണ് ആറ്റൂർ ചെയ്യുന്നത്. അനുഭവത്തിന്റെ നേർസ്പർശവും ദേശത്തനിമയുടെ മുദ്രകളും ഉള്ളതാണ് തന്റെ വാക്കുകളെന്ന് ഓരോ പദത്തിലും ഓരോ വരിയിലും ഉറപ്പു വരുത്തിക്കൊണ്ടാണ് ആറ്റൂർ എഴുതിയതെന്ന് കെ. സി. നാരായണൻ (1995 : 24) വിലയിരുത്തുന്നുണ്ട്. ഈ നിരീക്ഷണത്തെ കവിതയാക്കുകയാണ് മറ്റൊരർത്ഥത്തിൽ അനിതാതമ്പി ചെയ്യുന്നതും. കൗതുകകരമായ ഒരു വൈരുധ്യമാണിത്. ആറ്റൂർ കവിതകളുടെ ഏറ്റവും വലിയ ശക്തി, രൂപപരമായി അതു പുലർത്തിയ ക്ലാസിക്കൽ അഭിരുചിയാണ്. പ്രത്യേകിച്ചും തമിഴ് ക്ലാസിക്കൽ കവിതയിലെ മിനിമലിസ്റ്റ് കാവ്യാദർശത്തോട് ആറ്റൂർ കവിതകൾ രൂപപരമായി ചേരുന്നുണ്ട്. പിൽക്കാലത്ത് ആറ്റൂർ, ''കവിതയിൽ കവിഞ്ഞൊരു കഴഞ്ച് ദേഹവും കവിതയിൽ സഹിക്കാത്ത കവി'' യെന്നു വിളിക്കപ്പെട്ടു. ആവശ്യത്തിൽ കുറവ് മാത്രമേ വാക്ക് പ്രയോഗിക്കാറുള്ളൂവെന്നു വിലയിരുത്തപ്പെട്ടു. മുഴച്ചു നിൽക്കാനൊരിടവുമനുവദിക്കാതെ ചെത്തി തീർത്ത സുഭഗശില്പങ്ങളായി ആറ്റൂർ കവിതകൾ മാറുന്നു. രൂപത്തിലെ ഈ കർശനത്വം, സാധാരണഗതിയിൽ ഭാഷാപരമായ ഒരയവിന് സാധ്യത നൽകാത്തതാണ്. ആറ്റൂർ പക്ഷേ, അവിടെ തൻവഴി വെട്ടി. മലയാളമോഡേണിസത്തിനകത്ത് മാറ്റൊലിയവാതെ, സ്വയമാകാനനുവദിക്കാതെ രൂപകർക്കശക്കാരനും വാക്കുകളിൽ പിശുക്കനുമായിരിക്കെത്തന്നെ, അനുഭവത്തിന്റെ ചെത്തും ചൂരും നാട്ടുറവയും നിറയുന്ന പര്യായങ്ങളില്ലാത്ത വാക്കിനായി കവിത തുറന്നു. ഒരുഭാഗത്ത് രൂപനിഷ്കൃഷ്ടതയുടെ അടയലും മറുഭാഗത്ത് ആനുഭവികഭാഷയുടെ തുറക്കലമായി, അനുകരണ സാധ്യമല്ലാത്ത ആറ്റൂർ സ്കൂൾ എന്നേക്കുമായി ഉറപ്പിക്കപ്പെട്ടു. എല്ലാ വീടും പടിഞ്ഞാട്ടു നോക്കുമ്പോൾ ആറ്റൂർ കവിതകൾ കിഴക്കോട്ടു നോക്കി. എല്ലാവരും വേഗത്തിൽ നടക്കുമ്പോൾ, അവ പതുക്കെ മാത്രം നടന്നു. അല്പം മാത്രമെഴുതി, അവ പക്ഷേ ഒരു പാട് ചെയ്തു. സാമൂഹികമായ അബോധത്തിലേക്ക് ആറ്റൂർ കുഴിച്ചു പോയത് വർത്തമാന സമൂഹവുമായി

സഫലമായി സംവദിക്കാനായിരുന്നെന്ന് സച്ചിദാനന്ദൻ (2011: 23) പിന്നീടെഴുതി. വാക്കിൽ പിശുക്കനായ കവി, വാക്കിന്റെ മഹാബലിയായ പി. കുഞ്ഞിരാമൻ നായരെക്കുറിച്ച് മേഘരൂപനെഴുതിയെന്നത് കൗതുകകരമായ മറ്റൊരു വൈരുധ്യം.

അൻപതുകളുടെ അവസാനമായിരുന്നു കാലം. 'ശ്യാമള കോമളഗോമൂത്ര' മെന്ന് എൻ. എൻ. കക്കാട് പരിഹസിച്ച (വിഷ്ണുനാരായണൻ നമ്പൂതിരി, 2002 : 18) വഴുവഴുപ്പൻ കാല്പനികതയ്ക്ക് പുതിയ സമസ്യകളെ അഭിസംബോധന ചെയ്യാൻ കഴിയുമായിരുന്നില്ല. പുതിയ രാഷ്ട്രീയന്യൂനമർദ്ദത്തിന്റെ വിക്ഷോഭം ആദ്യം അനുഭവിച്ചറിഞ്ഞ് പ്രതികരിച്ചത് മദിരാശിയിൽ നിന്നു മാധവൻ അയ്യപ്പത്താണ് (ബസ് സ്റ്റോപ്പിൽ : 1955), തുടർന്ന് തിരുവനന്തപുരത്തു നിന്ന് അയ്യപ്പപ്പണിക്കരുടെ ശബ്ദം പൊങ്ങി (കുരുക്ഷേത്രം: 1960), ചരടറ്റ പട്ടം ചതുപ്പിൽ വീണതുപോലെ കോഴിക്കോടെത്തിയ എൻ. എൻ. കക്കാടും അതിൽ പങ്കുകൊണ്ടു (പാതാളത്തിന്റെ മുഴക്കം : 1960), ബോംബെയിൽ നിന്ന് എം. എൻ. പാലൂരും ദില്ലിയിൽ നിന്ന് ചെറിയാൻ കെ. ചെറുയാനുമെത്തി. പതഞ്ഞുപൊങ്ങിയ ഈ നിഷേധാത്മക ഭാഷയിൽ പങ്കുകൊണ്ടാണ് ആറ്റൂർ രവിവർമ്മയും തുടങ്ങുന്നത്. ഒട്ടൊന്നു പതിഞ്ഞ താളത്തിലായിരുന്നു ആറ്റൂരിന്റെ വരവ്, അയ്യപ്പപ്പണിക്കരുടെ ശ്ലഥഭാഷയുടെ തീവ്രതയോ കക്കാടിന്റെ ആര്യപാതയുടെ ഗരിമയോ ആ വരവിലുണ്ടായിരുന്നില്ല. ഒട്ടും ജനപ്രിയവുമായിരുന്നില്ല. അയ്യപ്പപ്പണിക്കർ അക്കാദമിക് വൃന്ദങ്ങളിലും പുറത്തും നിറഞ്ഞു കത്തുമ്പോഴും, കക്കാട് കാല്പനികതയുടെ പഴയ പേലവശബ്ദത്താൽ പേർത്തും പേർത്തും ആലപിക്കപ്പെടുമ്പോഴും, കടമ്മനിട്ടയും സച്ചിദാനന്ദനും കെ ജി എസ്സും പല നിലയിൽ ആഘോഷിക്കപ്പെടുമ്പോഴും ആറ്റൂർ മന്ദസ്ഥായിയിൽ നിലകൊണ്ടു. പതിഞ്ഞ കാലത്തിൽ ഇടവിട്ടുവീഴുന്ന പഞ്ചാരിക്കൊലുപോലെ അവ സഞ്ചരിച്ചു. പക്ഷേ, പിൽക്കാലത്ത് തങ്ങളുടെ കാലത്തിന്റെ കവിതകളിൽ ആര് ബാക്കിയാവുമെന്ന ചോദ്യത്തിന് ആ കലാപത്തിന്റെ സ്ഥാപകൻ എൻ. എൻ. കക്കാട് സംശയരഹിതമായി പറഞ്ഞ ആദ്യ പേര് രവിവർമ്മയെന്നായിരുന്നു.

മോഡേണിസം (ഇനിയങ്ങോട്ട് ആധുനികതാവാദം എന്നെഴുതുന്നു) എന്ന ഭാവുകത്വ വിച്ഛേദത്തിന്റെ അമരക്കാരിലൊരാളായാണ് ആറ്റൂർ രവിവർമ്മ കവിതാചരിത്രത്തിൽ അടയാളപ്പെടുത്തപ്പെടുന്നത്. ചരിത്രം ആടിതീർത്ത ഒരു വേഷം എന്ന നിലയിൽ തിരിഞ്ഞു നോക്കുമ്പോൾ പ്രസ്ഥാനപരമായ ഒരേകതാനത ആധു

നികതാവാദത്തിനില്ലെന്ന് അതിന്റെ മുഖ്യപ്രതിനിധിയായിരുന്ന സച്ചിദാനന്ദൻ പിന്നീടെഴുതി (2011 : 47) ബഹുദിശാസൂചിയും ബഹുരൂപിയും ബഹുസ്വരവും ബഹുദർശനവുമായി ആ സൗന്ദര്യ വിഛേദത്തെ ഇന്നു നാം കാണുന്നു. പ്രമേയസ്വീകരണത്തിലെ ചില സാമാന്യതകളെയോ രൂപപരീക്ഷണങ്ങളിലെ സാമ്യതക ളെയോ അടിസ്ഥാനപ്പെടുത്തി ബഹുശിഖാരൂപിയായ ഒരു വടവൃ ക്ഷത്തെ ഒറ്റ സ്നാപ്പിലൊതുക്കാമെന്നല്ലാതെ, സൂക്ഷ്മമായ ഓരോ നോട്ടവും ശാഖകൾ തമ്മിൽ തമ്മിൽ, ഇനിയും ചൂഴ്ന്നാൽ ഇലകൾ തമ്മിൽ തമ്മിൽ പോലും വ്യതിരിക്തമായിരിക്കുന്നതു കാണാം. അയ്യപ്പപ്പണിക്കരും കക്കാടും കടമ്മനിട്ടയും കെ. ജി. എസ്സും സച്ചി ദാനന്ദനുമടക്കം ആധുനികതാവാദത്തിലെ മുഖ്യപ്രതിനിധിക ളെല്ലാം സഞ്ചരിച്ചെത്തിയത് ഭിന്നവഴികളിലാണ്. ഒരു കവി തന്നെ പലയിടങ്ങളിലെത്തുകയും മടങ്ങുകയും മറ്റൊരു ദിശയിൽ യാത്ര പുറപ്പെടുകയും ചെയ്തതിന്റെ ഉദാഹരണങ്ങളും എത്രയെങ്കിലും ചൂണ്ടിക്കാട്ടാം. താരതമ്യപരമായ ഒരപഗ്രഥനത്തിന് സാധുതയി ല്ലാത്ത വിധം വ്യത്യസ്തമായ സൂചകങ്ങളിലേക്ക് ആധുനികതാ വാദ കവിതകൾ നീങ്ങിക്കൊണ്ടേയിരിക്കുന്നു. ആ കാലത്തിന്റെ ഇതരപ്രതിനിധികളുമായി ആറ്റൂരിനെ താരതമ്യപ്പെടുത്തി മനസിലാ ക്കുന്നതിൽ രീതിശാസ്ത്രപരമായിത്തന്നെ ഒരു പിഴവുണ്ടെ ന്നർത്ഥം. എങ്കിലും ആറ്റൂരിനോളം ബൃഹത്തായ, നാനാവഴിയി ലേക്ക് പടർന്ന സഞ്ചാരം മറ്റാർക്കുമുണ്ടായിരുന്നില്ല എന്നത് നിസ്സം ശയമാണ്. അത്ഭുതപ്പെടുത്തുന്ന ഈ സഞ്ചാരവഴികളാണ് ആറ്റൂ രിനെ ഒറ്റയാനാക്കുന്നതും.

**ഒന്ന്**

ആധുനികതാവാദം പ്രത്യക്ഷപ്പെട്ടത്, അകമേ വിഘടി ക്കുന്ന വ്യക്തിയെ ചൊല്ലിയുള്ള ആശങ്കകളുമായായിരുന്നു. അസ്തിത്വവാദമെന്ന അഭൗതികദർശനത്താൽ അവ ചുരുക്കിവായി ക്കപ്പെട്ടെങ്കിലും യഥാർത്ഥത്തിൽ ചരിത്രത്തിലെ വ്യക്തിബോധ ത്തിന്റെ വിഛേദമായിരുന്നു അത്. ബൂർഷ്വാ മുതലാളിത്താധുനിക തയുടെ പൽച്ചക്രങ്ങൾക്കിടയിൽ, തൊഴിലാളിയും യന്ത്രവും തമ്മി ലുള്ള കൊടുക്കൽ വാങ്ങലുകൾക്കിടയിൽ പകച്ചു നിൽക്കുന്ന കോമാളി, ചാർളി ചാപ്ലിന്റെ ഹാസ്യസൃഷ്ടി മാത്രമല്ലല്ലോ. പുതിയ നാഗരികത സൃഷ്ടിക്കുന്ന ഈ യാന്ത്രികമനുഷ്യൻ അവനവനു ള്ളിലെ അപരമായി. എന്റെ അവന്മ (Otherness of me) കേവല മായ ഒരസ്തിത്വ പ്രശ്നമായിരുന്നില്ല. യന്ത്രസംസ്കൃതി രൂപപ്പെടു

ത്തിയ ആധുനിക നാഗരികത, വ്യക്തിബോധത്തിലുണ്ടാക്കിയ വിഘാടനമായിരുന്നു അത്. നവോത്ഥാന മാനവികതയുടെ ഭാവന മുൻപോട്ടു പോകാനാവാതെ സ്തംഭിക്കപ്പെട്ട ഈ ചരിത്രസന്ദിഗ്ധത തന്നെയാണ് ഇവിടെയും ആധുനികതാവാദത്തിന്റെ പശ്ചാത്തലമായത്. ദാർശനികമായ ഈ സമസ്യയിൽ നിന്നാണ് ആറ്റൂരും തുടങ്ങുന്നത്.

1956 ൽ ആറ്റൂർ നഗരവാസിയായ ഈ 'പുതിയ മനുഷ്യനെ' അവതരിപ്പിച്ചു. ''കല്ലുമുരുക്കും മണലും പുതിയൊരു/ കൂട്ടിൽ വാർത്തിട്ടത്രേ/ഷർട്ടും പാന്റും ഷൂസും മൂടി/ ക്കെട്ടിയ വേഷത്തോടെ / ഞാനിവിടത്തിൽ തീർക്കപ്പെട്ടു / ഞാനൊരു പുതിയ മനുഷ്യൻ / ആപ്പീസുകളിൽ, ബീച്ചിൽ, ടീബി/ഹോസ്പിറ്റലുകളിലെങ്ങും / പല വേഷത്തിലലഞ്ഞുനടപ്പൂ/ഞാനീ നഗരിയിലെല്ലാം.'' ആധുനിക മനുഷ്യന്റെ അന്യത്വബോധം ആറ്റൂർ കവിതകളുടെ ആദ്യഘട്ടത്തിൽ ഉടനീളം പ്രത്യക്ഷപ്പെടുന്നുണ്ട്. ഇടത്തരക്കാരന്റെ യാന്ത്രികനാഗരിക ജീവിതവും, ജൈവികമായ ഗൃഹാതുരബോധവും തമ്മിലുള്ള സംഘർഷസ്ഥലിയാണ് അവയുടെ ഉള്ളടക്കം. 'നഗരത്തിൽ ഒരു യക്ഷനും' 'അവൻ ഞാനല്ലോ' യും ഈ സംഘർഷത്തിന്റെ ഇരുപുറങ്ങൾ വ്യക്തമാക്കുന്നു. ഒരു ഗൃഹാതുരന്റെ ഗാനം എന്ന നിലയിൽ വായിക്കപ്പെട്ട നഗരത്തിൽ ഒരു യക്ഷൻ, ''നമ്മുടെ വാണിജ്യവ്യവസായ സമൂഹത്തിൽ ഒറ്റപ്പെട്ടു വരുന്നവരുടെ ജീവിതവിരസതയിൽ നിന്നു മോചനം തേടി പഴയബന്ധങ്ങളുടെ (മൂല്യങ്ങളുടെയും) നീരുറവകളിലേക്ക് കവിയാരംഭിക്കുന്ന യാത്രയുടെ ആദ്യഘട്ടം'' എന്നു വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട് (എം. ഗംഗാധരൻ, 1995 : 149). ഇതൊരു പരീക്ഷണഘട്ടമായിരുന്നു എന്നു ഇന്ന് നിസ്സംശയം പറയാൻ സാധിക്കും. ബൂർഷ്വാ ആധുനികത സൃഷ്ടിച്ച പുതിയ യാന്ത്രികജീവിതത്തെ, പാരമ്പര്യത്തെ മിഥോളജൈസ് ചെയ്തും ആദർശവത്കരിച്ചും നേരിടാമെന്ന മിഥ്യാധാരണയിലേക്ക് വഴുതി മാറാമായിരുന്നു. കാറും കോട്ടും ഷർട്ടും സഞ്ചിയുമില്ലാത്ത, തിയേറ്ററിൽ പോകുകയോ ഉദ്യാനവിരുന്നിൽ പങ്കുകൊള്ളുകയോ ചെയ്യാത്ത കാട്ടുമൃഗങ്ങളെക്കുറിച്ച് ചങ്ങമ്പുഴ കണ്ട കാലാപനിക ഭാവനയിൽ നിന്നും ഏറെയൊന്നും ഭിന്നമാകുമായിരുന്നില്ല അത്തരമൊരു പ്രതികരണം. മിക്ക ആധുനികതാവാദ കവികളും വഴുതി വീണ ഒരു ചതിക്കുഴിയായിരുന്നു അറുപതുകളുടെ ആദ്യഘട്ടത്തിലെ ഈ സന്ദിഗ്ധത.

എൻ. എൻ. കക്കാടിനും എം. എൻ. പാലൂരിനും ഇവിടെ അടി തെറ്റി. പാലൂരിലെ അതിദുർബലമായ സ്വത്വം ഔപനിഷദിക

മായ ആസ്തിക്യത്തിലേക്കു അദ്ദേഹത്തെ തിരിച്ചെത്തിച്ചു. നഗര ജീവിതത്തിന്റെ വ്യഥയറിയുമ്പോൾ പോലും പൂർണ്ണതയുടെ വജ്ര കുണ്ഡലം തേടിയുള്ള അതല യാത്രകളിലേർപ്പെട്ട കക്കാടിനാവട്ടെ സോഷ്യലിസത്തെപ്പോലും വൈദികമായ ഉഷസ്സിന്റെ പുനരാഗമന മായേ കാണാൻ കഴിഞ്ഞുള്ളൂ (സച്ചിദാനന്ദൻ, 2001 : 114). സംസ്കൃത ഭാഷയുടെ ജഡഗരിമയിലേക്ക് കൂടുതൽ ചേരാൻ കക്കാട് തയ്യാറാവുന്നത് ഈ ഘട്ടത്തിലാണ്. കവിയും ചിത്രകാര നുമായ പോൾ കല്ലാനോട് കക്കാടിനെ കാരിക്കേച്ചർ ചെയ്തതിനെ ക്കുറിച്ച് വിഷ്ണുനാരായണൻ നമ്പൂതിരി എഴുതിയിട്ടുണ്ട്. ഷർട്ടും ട്രൗസറുമിട്ട് മീതേ പൂണുനൂലണിഞ്ഞ കവി രൂപം ഇങ്ങനെ പറയു ന്നതായാണ് ചിത്രം : ‘‘എന്റെ കവിതയിൽ സംസ്കൃതത്തിന്റെ സ്വാധീനം അമിതമായിട്ടുണ്ട് എന്ന് ആളുകൾ പറയുന്നു. ഇത് ശരിയല്ല, നേരു പറഞ്ഞാൽ അല്പം മലയാളത്തിന്റെ സ്വാധീന മാണ് അതിലുള്ളത്.’’ ഇതിലെ രൂക്ഷഫലിതം കക്കാട് ആസ്വദിച്ചി രുന്നതായും വിഷ്ണുനാരായണൻ ചൂണ്ടിക്കാട്ടുന്നു (2002 : 18).

ആറ്റൂർ നേരിട്ട ആദ്യ രാഷ്ട്രീയ പരീക്ഷണം ഈ ഘട്ടത്തെ നേരിടലായിരുന്നിരിക്കണം. ഗ്രാമീണ ജീവിതത്തിന്റെ നൈർമല്യത്തെ ആദർശവത്കരിച്ച പി. കുഞ്ഞിരാമൻ നായരെന്ന അവധൂതവേഷം ഒരു ഭാഗത്ത്. പ്രാക്തന പ്രൗഢികളുടെ ഓർമ്മക ളിൽ ആശ്വാസം കൊള്ളാതെ പാരമ്പര്യത്തെ ചവിട്ടിമെതിക്കുന്ന എം. ഗോവിന്ദന്റെ വിപ്ലവവേഷം മറുഭാഗത്ത് (‘‘അനുജൻ കെട്ടിയ പെൺമണിമാരുടെ / അരികിൽ ചെന്നു രമിച്ചു / കവികുലവരഗുരു; നേരം പാതിര/ അമ്മയിരുന്നാളയൽ മുറിയിൽ/ ‘മകനേ, സർഗവി ലാസം കൊണ്ടീ/ രാജകുടുംബം പുലരട്ടെ/ രാജേന്ദ്രന്നില്ലിന്ദ്രിയ ശക്തി!’’ എന്നു മഹാഭാരതത്തിന്റെ കേമമായ ഉത്പത്തിക്കഥകളെ പരിഹാസ്യമാക്കുന്നു എം. ഗോവിന്ദൻ. ഇന്നോർക്കാൻ അല്പം ഭീതി തോന്നുന്നത്ര ശക്തമായി. രണ്ടുപേരും ആറ്റൂരിന് രണ്ടു നില യിൽ പ്രിയപ്പെട്ടവർ. രണ്ടു വഴിയും ഒരു പോലെ നിരസിച്ച് മൂന്നാമ തൊന്നിന്റെ വഴിവെട്ടാൻ ആറ്റൂരിനു കഴിഞ്ഞിടത്ത് ആറ്റൂർ സ്കൂളിന്റെ തറക്കല്ലിടപ്പെട്ടു. പാരമ്പര്യവുമായി പുലർത്തുന്ന വൈരുധ്യാത്മകബന്ധം എന്നു സംശയരഹിതമായി വിളിക്കാൻ പറ്റുന്ന ആറ്റൂർ വഴി. പ്രാചീന ഭാരതീയ കവിതയിലും നവീനയൂറോ പ്യൻ കവിതയിലും ഒരേപോലെ പ്രത്യക്ഷമാകുന്ന ക്ലാസിക്കൽ രൂപബോധത്തിലുറച്ചു നിന്ന് കൊണ്ടുതന്നെ വർത്തമാനത്തെ ഉൾക്കൊള്ളാൻ രവിവർമ്മയ്ക്കു കഴിഞ്ഞു. ഭൂതകാലസ്മൃതികളെ വർത്തമാനാനുഭവത്തിനു സ്ഥിരത നൽകാനും സംവേദനത്തിനു

മായി ഉപയോഗിക്കുക. അഥവാ പാശ്ചാത്യാധുനികതയുടെ വമ്പൻ സ്ഥാപനങ്ങൾക്കെതിരെ ആന്റികൊളോണിയലായ ഒരു വിമർശന പദ്ധതിയെ കണ്ടെടുക്കുക. ഇതു പുതിയതല്ല, നാരായണഗുരുവിന്റെ ഈഴവ ശിവനെന്ന വിചാര മാതൃക തന്നെയാണത്. ഇതിന്റെ പ്രകാശനമായി 'പേടി' 'അവൻ ഞാനല്ലോ' എന്നീ 1965 കളിലെ സൃഷ്ടികൾ.

ജൈവപ്രകൃതത്തിൽ നിന്നും അന്യവത്കരിക്കപ്പെട്ട യാന്ത്രിക നാഗരികൻ അനുഭവിക്കുന്ന സ്വത്വസംഘർഷമാണ് പേടിയെന്ന കവിതയിലെ പേടി. 'ആഫീസിൽ നിന്നും ക്ഷീണാത്മാവായ് ഞാൻ വരുന്നതും പാർത്ത്' വഴിവക്കിലൊളിഞ്ഞിരിക്കുന്ന, വേഗത്തിലും പതുക്കെയും നടക്കാൻ സമ്മതിക്കാതെ പിന്നാലെ കൂടുന്ന ഒഴിയാബാധ ആധുനിക മനുഷ്യന്റെ അന്യത്വമാണ്. ഒഴിഞ്ഞുമാറാനാവാതെ ആത്മത്തിനുള്ളിലെ അപരമായി ആദ്യകാല ആറ്റൂർ കവിതയിൽ ഈ അന്യത്വം കാണാം. ദൈവം മരിച്ച കാലത്തിന്റെ സ്വർഗ്ഗത്തിൽ നിന്നും മണ്ണിൽ പതിച്ചുപോയ മനുഷ്യന്റെ അസ്തിത്വസംഘർഷം. 'അവനെ' പുതിയ 'ഞാനു'മായി കണ്ണിച്ചേർക്കുന്നിടത്ത്, 'അവൻ ഞാനല്ലോ' യെന്ന തിരിച്ചറിയൽ കവിത മുതലിങ്ങോട്ട് ഈ സംഘർഷത്തിന്റെ വിഹ്വലതകളവസാനിക്കുന്നു. ഒരുതരം നിർമ്മമതയോടാണ്, പിന്നീട് ആറ്റൂർ കവിത അനും ഞാനുമായുള്ള സംവാദത്തെ കൈകാര്യം ചെയ്യുന്നത്. അർത്ഥപൂർണ്ണമായ അനുഭവങ്ങളൊന്നുമില്ലാതെ, വാണിജ്യധിഷ്ഠിതമായ നഗരജീവിതം നയിക്കുന്ന വ്യക്തിയാണ് 'അവൻ ഞാനല്ലോ' യിലെ ആഖ്യാതാവ്. വയസ്സ് മുപ്പത്തഞ്ചായതും ഇങ്ക്രിമെന്റുകൾ വാങ്ങിയതും മറ്റും വെറും ജീവിതപരിണാമങ്ങൾ മാത്രം. നിത്യം കടലെടുത്തു പോകുന്ന ഒരു തുരുത്തായി ജീവത്തെ അയാൾ കാണുന്നുവെങ്കിലും, ചുറ്റുമേകാന്തതയാണെങ്കിലും ഒരു പേടി സ്വപ്നത്തിനയാൾ ഒരല്പം കൗതുകത്തോടെയാണ് കവിതാന്തത്തിൽ കാത്തുകിടക്കുന്നത്. ഗ്രാമ്യതയുടെ ശീതളച്ഛായയിലേക്കു നീങ്ങാനോ നഗരജീവിതത്തിന്റെ ഒറ്റപ്പെടലിനെ എതിർത്തു തോൽപ്പിക്കാനോ നിൽക്കാതെ, തന്റെയുള്ളിൽ തന്നെയുള്ള മറ്റൊരു തന്നെ, കൗതകപൂർവ്വം നിരീക്ഷിക്കുന്ന ഈ മധ്യവർഗ്ഗനാഗരികൻ കാലത്തിന്റെ സ്പന്ദങ്ങളെ പേടിയും കൗതുകവും പൂണ്ട് കാത്തിരിക്കുന്നു. 'അവൻ ഞാനല്ലല്ലോ' എന്ന ശീർഷകം വരും കാല കവിതകളുടെ ദാർശനികാടിത്തറ സൃഷ്ടിക്കുകയാണ്. ഈ ശീർഷകം എം. ഗോവിന്ദനാണ് നിർദ്ദേശിച്ചതെന്നത് (ആറ്റൂർ രവിവർമ്മ, 1995:164) കാലത്തിന്റെ മറ്റൊരു വികൃതിയാവാം.

തൊട്ടടുത്ത വർഷമാണ് ആറ്റൂരിന്റെ പ്രസിദ്ധമായ കവിത മേഘരൂപൻ പുറത്തു വരുന്നത്. കാളിദാസനോട് ആറ്റൂരിനുള്ള ആഭിമുഖ്യം നഗരത്തിൽ ഒരു യക്ഷൻ, ക്ലാസ്സിൽ എന്നീ കവിതകളിലെല്ലാം കാണാവുന്നതാണ്. പി. കുഞ്ഞിരാമൻ നായർക്ക് സമർപ്പിക്കപ്പെട്ട ഈ കവിത മേൽപ്പറഞ്ഞ സ്വത്വസംഘർഷത്തിന്റെയും അതിന്റെ പരിഹാരാന്വേഷണങ്ങളുടെയും പശ്ചാത്തലത്തിൽ വായിച്ചെടുക്കൽ സാധ്യമാണ്. എം. ഗംഗാധരൻ ചൂണ്ടിക്കാട്ടിയതുപോലെ ഒന്നത്യം, ആർദ്രത, കുലീനത, ചിദാനന്ദം, സ്വച്ഛത, പ്രൗഢി, അക്ഷോഭ്യത, അജയ്യത, സൽതൃഷ്ണ ഇവയെല്ലാം ചേർന്ന ഒരു മൂർത്തരൂപമാണ് മേഘരൂപൻ എന്ന കവിത. (1995:153) ആന, മേഘം എന്നീ ബിംബങ്ങളെ പ്രത്യക്ഷത്തിലും കാളിദാസനെ പരോക്ഷത്തിലും പ്രതിഷ്ഠിച്ച് പി. യുടെ ശില്പം കൊത്തിയെടുക്കുകയാണ് കവിത. സ്ഥാപത്യകല എന്നത് വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. ഉയരം (സഹ്യനെക്കാൾ തലപ്പൊക്കം, ഉന്നതങ്ങളിൽ മേഘങ്ങളൊത്തു മേയുക), നിരാസം (പൊൻകോലം കേറ്റുവാൻ കുമ്പിട്ടീലല്ലോ നിന്റെ മസ്തകം, ഇരുമ്പുകൂച്ചാൽ ബന്ധിക്കപ്പെട്ടീലല്ലോ പദങ്ങളും) എന്നീ കാവ്യാനുഭൂതികൾക്കാവാം മുകളിൽ പറഞ്ഞ മൂന്നു ബിംബങ്ങളെ ആറ്റൂർ തിരഞ്ഞെടുത്തത്. പൈതൃകത്തോട് ചരിത്രത്തിന്റെ ആ പ്രത്യേക സന്ധിയിൽ താൻ സ്വീകരിക്കുന്ന നിലപാടെന്താണെന്നതിന്റെ സത്യവാങ്മൂലമായി ആ കവിതയെ കാണാം. പൈതൃകത്തിന്റെ വലുപ്പങ്ങളെ നിഷേധിക്കാൻ എം. ഗോവിന്ദനെപ്പോലെ ആറ്റൂരൊരുക്കമല്ല. ഉയരങ്ങളുടെ ലാവണ്യത്തിന്റെ ഒരംശം തനിക്ക് സ്വന്തമായെങ്കിലെന്ന (എനിക്കുകൊതി നിൻ വാലിൻ രോമം കൊണ്ടൊരു മോതിരം) കൊതിയിലാണ് കവിത അവസാനിക്കുന്നത്. അതേ സമയം തന്നെ കക്കാടിൽ നിന്നു ഭിന്നമായി നിരാസത്തിന്റെ, നിഷേധത്തിന്റെ, മെരുങ്ങായ്കയുടെ പാരമ്പര്യത്തെയാണ് താൻ മുന്നോട്ടു കൊണ്ടു പോവുകയെന്ന സൂചനയും കവിതയിൽ കാണാം. പുതിയ നാഗരികതയുടെ/ അധിനിവേശാധുനികതയുടെ സംഘർഷങ്ങൾക്കുള്ള ആറ്റൂരിയൻ പ്രശ്നപരിഹാരമായി മേഘരൂപൻ തലയുയർത്തി നിൽക്കുന്നു. പിന്നീട് ഇരുപത് വർഷങ്ങൾക്കു ശേഷം അകലമെന്ന കവിതയിൽ പ്രത്യക്ഷമായിത്തന്നെ ആറ്റൂരെഴുതി ''തുഞ്ചത്തെഴുത്തച്ഛനും ഞാനുമായ്/ മൂന്നാലു നൂറ്റാണ്ടു ദൂരം/ഇന്നലത്തേതും പരിചയമില്ലാത്തതായി മാറുമ്പോൾ/എനിക്കിതു ചെല്ലുവാൻ/വയ്യാത്ത ഭൂതം''. മേഘരൂപനടങ്ങുന്ന മുകളിൽ വിവരിച്ച മൂന്നു കവിതകളോടെ ആറ്റൂരിന്റെ കാവ്യ വിജ്ഞാപനങ്ങൾ ഒട്ടൊക്കെ പുറത്തു വന്നു. അവയുടെ പുതു

ക്കലോ ചെത്തിമിനുക്കലോ പുതുവഴി വെട്ടലോ ആണ് അവിടുന്നങ്ങോട്ട് ആറ്റൂർ ചെയതത്.

**രണ്ട്**

1970 കൾ മുതലിങ്ങോട്ട് ആധുനികതാവാദം രാഷ്ട്രീയമായ ഒരു ഭാവം പൂണ്ടു. പൊളിറ്റിക്കൽ മോഡേണിസം, ഹൈമോഡേണിസം എന്നൊക്കെ വിളക്കെപ്പെട്ടു ഈ പുതിയ ഘട്ടം. കോളനിയാനന്തര സമൂഹങ്ങൾ, പാശ്ചാത്യ മാതൃകകളിൽ നിന്നു വിട്ട്, സ്വയം കണ്ടെത്താനും നിർവചിക്കാനും ശ്രമവുമായി ആധുനികതാവാദത്തിന്റെ ഈ ഉൾപ്പിരിവിനെ എൻ. അജയകുമാർ ബന്ധപ്പെടുത്തുന്നുണ്ട് (2013: 98). വ്യക്ത്യനുഭവങ്ങളെ സമഗ്രമായ സാമൂഹികോപാധിക്കകത്തു വെച്ചു പരിശോധിക്കുന്ന യത്നങ്ങളായിരുന്നു അവ. സോഷ്യലിസ്റ്റ് റിയലിസത്തിന്റെ പ്രകടരാഷ്ട്രീയാവിഷ്കാരങ്ങളിൽ നിന്നു വിട്ടു മാറുകയും, തൊട്ടു മുൻപ് തങ്ങളവതരിപ്പിച്ച അന്യതാബോധത്തെ കാല്പനികതയിൽ തീർത്തും മുക്തമാക്കിയും രൂപപ്പെട്ട ഈ പുതിയ കലാപത്തിന് ക്രോധത്തിന്റെ ഭാവമാണുണ്ടായിരുന്നത്. അയ്യപ്പപ്പണിക്കരുടെ പരിഹാസ ശബ്ദവും കടമ്മനിട്ടയുടെ കത്തുന്ന ശബ്ദവും (കുറത്തി, കാട്ടാളൻ) സച്ചിദാനന്ദന്റെ പതിഞ്ഞതെങ്കിലും ഗാംഭീര്യം നിറഞ്ഞ ശബ്ദവും (പനി, ആശുപത്രി) കെ. ജി. എസ്സിന്റെ വലിഞ്ഞു മുറകിയ ശബ്ദവും (ബംഗാൾ) ഇക്കാലത്തിന്റെ മലയാളകവിതകളായി. രോഷത്തിന്റെ, പ്രതിഷേധത്തിന്റെ, മനുഷ്യനെ ജൈവാവസ്ഥയിൽ നിന്നടർത്തി മാറ്റുന്ന സ്ഥാപനങ്ങളുടെയെല്ലാം തച്ചുടക്കലിന്റെ (തെറിയുടെ ചീളുകൾ തെന്നിച്ചു നിങ്ങടെ നെറിയുടെ കൂറവലിച്ചിഴയ്ക്കുമെന്ന് കടമ്മനിട്ട) കവിതകൾ. അടിയന്തരാവസ്ഥയുടെ തൊട്ടും മുൻപും പിൻപും ജീവിത ഗന്ധിയായ കവിതയ്ക്ക് ആ രൂപമേ സ്വീകരിക്കാൻ കഴിയുമായിരുന്നുള്ളൂ.

ഭാവുകത്വത്തിന്റെ ഈ രൂപാന്തരീകരണത്തോടുള്ള പ്രതികരണം ആറ്റൂർ കവിതയെയും മാറ്റി. വിളംബകാലത്തിൽ വീണ തായമ്പകക്കോലുകൾ ആരോഹണത്തിന്റെ ഗതിയെ തെറ്റിച്ച് ദ്രുതകാലത്തിലേക്ക് പാഞ്ഞു കയറുന്നു ആറ്റൂർക്കവിതകളുടെ ഈ രണ്ടാം ഘട്ടത്തിൽ. ക്രൂരതയുടെയോ ഹിംസയുടെയോ തീക്ഷ്ണ ബിംബങ്ങൾ കവിതകളിൽ നിറഞ്ഞാടി. 1975 കാലത്ത്, അടിയന്തരാവസ്ഥയിൽ എഴുതിത്തുടങ്ങിയതും മുഴുമിക്കാത്തതുമായ ഒരു കവിതയെക്കുറിച്ച് കെ. സി നാരായണൻ സൂചിപ്പിക്കുന്നുണ്ട് (1995:15). ''ഒരായിരം കുരൽവെട്ടി/ക്കരൾ വെട്ടിത്തരാനുള്ള/കരവാളം തരിക

മ്മേയൂരകത്തമ്മേ'' എന്നായിരുന്നത്രേ അതിന്റെ തുടക്കം. ''ആഴി തൻ നിത്യമാം തേങ്ങൽ/ പൗർണ്ണമിക്കുള്ള പൂർണ്ണത!'' യെന്ന് മേഘരൂപനിലെഴുതിയ ആറ്റൂരിന്റെ ബിംബസ്വീകരണത്തിലെ ഈ വിഛേദം അളന്നെടുക്കാൻ പറ്റാത്തത്ര ബൃഹത്താണ്.

ഈ ദ്രുതകാലത്തിന്റെ ക്ലാസിക് സൃഷ്ടിയായാണ് സംക്രമണവും കാൻസറും ഉദാത്തവും നിൽക്കുന്നത്. ഒരു പെണ്ണിന്റെ ജഡമാണ് സംക്രമണത്തിലെ വക്താവിന്റെ മനസ്സിൽ കിടന്നളിയുന്നത്. തന്നിൽ തന്നെയാണ് ഈ ശവം കിടന്നു നാറുന്നതെന്ന തിരിച്ചറിവ് അയാൾക്കുണ്ട്. അളിഞ്ഞു നാറുന്ന ഈ ജഡത്തെ സംസ്കരിച്ചാലേ സ്വാതന്ത്ര്യം ലഭിക്കയുള്ളൂ. ഗതികിട്ടാതലയുന്ന അവളുടെ ആത്മാവിനെ എന്തു ചെയ്യുമെന്ന സങ്കീർണ്ണ ചോദ്യത്തിന് രവിവർമ്മ സ്വകീയമായ ഒരുത്തരം കണ്ടെത്തുന്നു, അതാണ് ഉച്ചാടനം. ഈ കവിത മന്ത്രവാദമെന്നും ആഭിചാരമെന്നും വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട് (ആർ. നരേന്ദ്രപ്രസാദ്, 2016:43). ഫ്രേസറുടെ ഗോൾഡൻ ബോയുടെ വായന സംക്രമണത്തിന്റെ രൂപസൃഷ്ടിക്കു പുറകിലുണ്ടെന്ന് കവി തന്നെ സമ്മതിച്ചിട്ടുണ്ടത്രേ. തന്റെയുള്ളിലെ ഈ അളിഞ്ഞുനാറ്റത്തെ മിത്തും ഫോക്‌ലോറും ഗോത്രസംസ്കൃതിയും ചേരുന്ന ഒരു പരിഹാരക്രിയയിലൂടെ മറികടക്കാനാണ് കവി ശ്രമിക്കുന്നത്. സചേതന-അചേതന വസ്തുക്കളിൽ, ഉച്ചാടനം ചെയ്യപ്പെട്ട ആത്മാവിന്റെ വിശേഷങ്ങളെ അടങ്കൽ ചെയ്യൽ പ്രാചീനമന്ത്രവാദത്തിന്റെ വഴികളിലൊന്നാണ്. അളിഞ്ഞുനാറുന്ന ജഡത്തെ, അതിന്റെ സ്വഭാവങ്ങളെ, കടുവയിലേക്കും ചെന്നായയിലേക്കും കാട്ടുതീയിലേക്കും സൂര്യതാപത്തിലേക്കും മന്ത്രവാദിയായ കവി സംക്രമിപ്പിക്കുന്നു. വിശപ്പുള്ളിടത്തോളം വരൾച്ചയുള്ളിടത്തോളം പ്രതികാരമുള്ളിടത്തോളം അവളിൽ നിന്നൊഴിഞ്ഞു മാറുക സാധ്യമല്ല. ഹിംസയുടെയും ക്രൂരതയുടെയും കവിത. രാഷ്ട്രീയാഭയങ്ങളെല്ലാം നശിച്ച പ്രത്യാശ നഷ്ടപ്പെട്ട ഒരു കാലത്തിന്റെ അഭിശപ്തതയായി ഈ ദുർമന്ത്രവാദം നിൽക്കുന്നു.

ഇത്ര ഹിംസാത്മകമല്ലെങ്കിലും കാൻസറും ദയയില്ലാത്ത കാലത്തിന്റെ ക്രൂരതയാണ്. ജുഗുപ്സ നിറയുന്ന ബിംബങ്ങളിലാണ് തുടക്കം. കോളേജിലേക്കുള്ള രണ്ടു വഴികൾ വായയും മലദ്വാരവും പോലെയെന്ന കവിതാരംഭം തന്നെ വിരുദ്ധബിംബങ്ങളിലാണൂന്നുന്നത്. വദനത്തിലൂടെയാമ് കുട്ടികൾ വരുന്നത്. മലദ്വാരത്തിലൂടെ വരുന്നതാരായിരിക്കാമെന്ന് കവിതയിൽ പ്രത്യക്ഷ്യസൂചനകളില്ല. 'ദുരധികാരം' എന്നതിനെ വിളിക്കാമെന്നു തോന്നുന്നു. വെള്ളയുടുപ്പിട്ട ഒരു മാന്യന്റേതുപോലെ കുന്നിൻ മുകളിൽ ആ

കെട്ടിടം ഉയർന്നു നിൽക്കുന്നുവെങ്കിലും, എന്തോ എവിടെയോ പിഴയ്ക്കുന്നുണ്ട്. തുടർച്ചയായ തലവേദനകൾ, വായുക്ഷോഭങ്ങൾ, ശരീരത്തിന്റെ താപനിലയുടെ മൂർച്ഛിപ്പ്. ചോദ്യങ്ങളെല്ലാം ചോർന്നുപോയി അർബുദം ബാധിച്ച കെട്ടിടത്തിന്റെ രോഗാവസ്ഥയുടെ പ്രതിവിധിയെന്ത്. സംക്രമണത്തിലെപ്പോലെ ദുർമന്ത്രവാദമല്ല, ശസ്ത്രക്രിയയാണ്. തിളങ്ങുന്ന മൂർച്ചയുള്ള ആയുധങ്ങൾ ശരീരത്തിൽ കടത്തിയെങ്കിലും രോഗം പരന്നു കഴിഞ്ഞിരുന്നു, പ്രതിവിധിയില്ലാത്ത വിധം.

ഈ രണ്ടു കവിതകളും പുറത്തു വന്നത് 1974 ലാണ് എന്നത് ശ്രദ്ധേയമാണ്. രണ്ടിലും എന്തോ അളിഞ്ഞു നാറുന്നുമുണ്ട്. സംക്രമണത്തിൽ കവിക്കറിയാം നാറ്റമെന്തിന്റെതാണെന്ന്, കാൻസറിൽ പക്ഷേ പ്രേതത്തിന്റെ പുലമ്പൽ മാത്രമാണ്. ''എന്തോ എവിടെയോ ചീഞ്ഞു നാറുന്നു'' എന്നത്. നാറ്റം പിടികിട്ടിയപ്പോഴേക്കും പ്രതിവിധിയില്ലാത്തവണ്ണം അതു വളർന്നിരുന്നു. അടിയന്തരാവസ്ഥയുടെ അഭിശപ്താന്തരീക്ഷവുമായി ഈ കവിതകളെ ചേർത്തു വായിക്കാമെന്നു തോന്നുന്നു. ഇരുണ്ട കാലത്തുള്ള ആറ്റൂരിന്റെ ഇരുണ്ടപാട്ടുകൾ. രണ്ടു കവിതയിലും ആവർത്തിക്കപ്പെടുന്ന സൂചകങ്ങൾ (നാറ്റം, പനി . . . ) രാഷ്ട്രീയ സന്ദിഗ്ധാവസ്ഥയുടേതു തന്നെയല്ലേ. ദുരധികാരം ക്യാൻസറിൽ പ്രതിവിധിയില്ലാത്ത ദുരന്തം സൃഷ്ടിക്കുന്നു. പാരമ്പര്യത്തിന്റെ പീഡനം സംക്രമണത്തിൽ അറപ്പും, രണ്ടാമത്തേതിനു പക്ഷേ, പരിഹാരമുണ്ട്. അത് പ്രാക്തനതയുടെ പുനരാവാഹനമാണ്. ആദ്യത്തേത് പക്ഷേ പരിഹാരമില്ലാത്തതാണ്. വംശനാശത്തിലേ അതൊടുങ്ങൂ.

പാരമ്പര്യത്തിന്റെ പീഡഭാവങ്ങളെ ഫോക് അംശങ്ങളെ വെച്ച് എതിരിടുന്ന സംക്രമണം മലയാളത്തിലെ പ്രതിസൗന്ദര്യശാസ്ത്രത്തിന്റെ നിർമ്മിതിയാവുന്നതായും അധികാരത്തിന്റെ ദുരയെ എതിരിടാൻ ഒരായുധവിമില്ലാത്ത ക്യാൻസർ അതിശക്തമായ സാമൂഹിക വിമർശനവുമാകുന്നതായി ആറ്റൂർ പഠിതാക്കൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതേ വർഷം തന്നെയാണ് ഉദാത്തമെന്ന കവിതയും രചിക്കപ്പെടുന്നത്. നമ്മുടെ സ്ഥാപനവൽക്കരിക്കപ്പെട്ട പാരമ്പര്യങ്ങളെ വിമർശനാത്മകമായി വിലയിരുത്താനൊരു സാംസ്കാരിക സ്ഥലം നിർമ്മിക്കുകയാണ് ഉദാത്തം ചെയ്യുന്നതെന്ന് ഇ. വി. രാമകൃഷ്ണൻ പറയന്നുണ്ട് (49: 2016). സാഹിത്യമെന്ന സ്ഥാപനത്തിന്റെ, വിശാലാർത്ഥത്തിൽ സൗന്ദര്യശാസ്ത്രത്തിന്റെ തന്നെ അപനിർമ്മിതിയാണ് ഉദാത്തത്തിൽ നടക്കുന്നത്. പാരമ്പര്യ മിഥ്യാബോധത്തിന്റെ പെരുംവാർപ്പ് തച്ചുടയ്ക്കാൻ ഉച്ചക്കഞ്ഞിപ്പാത്രവുമായി

വരുന്ന കിശോരകനോടുള്ള ആഹ്വാനത്തിലാണ് കവിത ചെന്നു നിൽക്കുന്നത്. പായസം ഫ്യൂഡലിസത്തിന്റെ മധുരമുള്ള സൗന്ദര്യ ബിംബമാണ് കവിതയിൽ. ആർക്കായിരുന്നു പക്ഷേ ആ മധുര മെന്ന മറുചോദ്യം പായസത്തെ കയ്പുള്ളതാക്കുന്നു. ആരുടേ താണ് സ്ഥാപനവൽക്കരിക്കപ്പെട്ട സൗന്ദര്യമെന്ന നിശിതമായ സാംസ്കാരിക ചോദ്യമാകുന്നു ഉദാത്തം. പൂന്താനം, ബ്രഹ്മശ്രീ നാരായണഭട്ടതിരി, നായന്മാരുടെ പന്തിയിൽ വള്ളത്തോൾ, പി. കുഞ്ഞിരാമൻ നായർ, ഇടശ്ശേരി മറ്റാർക്കാണത് മധുരിച്ചത്. ഒരു പക്ഷേ, സാഹിത്യമെന്ന ആധുനിക സ്ഥാപനത്തിന്റെ അധീശസൗ ന്ദര്യത്തെക്കുറിച്ച് മലയാളത്തിലെഴുതപ്പെട്ട ആദ്യ സാംസ്കാരിക വിമർശനം ഈ കവിതയാവാം. ഗദ്യം പിന്നീട് ചെയ്തത് ആറ്റൂ രിന്റെ കവിത മുന്നേ ചെയ്യുന്നു. കിശോരകന്റെ പൊക്കണത്തിലെ ഉച്ചക്കഞ്ഞിപ്പാത്രത്തിൽ പകരാൻ പായസമധുരത്തിൽ ഒട്ടും ബാക്കിയില്ല. ഇളയ കൈകളുയർത്തി കിശോരകനാ പെരുംവാർപ്പ് പൊക്കിയെറിഞ്ഞാൽ നൂറായി ചിതറിത്തെറിക്കാൻ മാത്രമുള്ള ബലമേ കൃഷ്ണനും ഗുരുവായൂരും നിവേദ്യപ്പായസവും എല്ലാം ചേർന്നുണ്ടാക്കിയ സൗന്ദര്യബോധത്തിനുള്ളൂ. തൊഴിലാളിവർഗ്ഗപ രവും കീഴാളജനകീയപരവുമായ പ്രതിഭാവനയുടെ ഉയിർപ്പ് തച്ചുട യ്ക്കാത്ത സ്ഥാപനമില്ലെന്നു കവിത പറഞ്ഞു വെക്കുന്നു.

സംക്രമണം, ക്യാൻസർ, ഉദാത്തം ഒരേ വർഷമെഴുതപ്പെട്ട ഈ മൂന്നു കവിതകൾ ഒരു ത്രികോണത്തിന്റെ മൂന്നു ബിന്ദുക്ക ളായി നിലകൊള്ളുന്നു. സംക്രമണം, അളിഞ്ഞു നാറുന്ന സംസ്കാരത്തിനെ ഉച്ചാടനം ചെയ്യേണ്ടുന്നതിന്റെ, ക്യാൻസർ ദുര ധികാരത്തിന്റെ സമകാലിക രാഷ്ട്രീയാവസ്ഥ എത്തിച്ചേരുന്ന കൊടിയഹിംസയെ പ്രതിരോധിക്കേണ്ടുന്നതിന്റെ, ഉദാത്തം ഉദാത്ത മായ സൗന്ദര്യബോധത്തെ അപനിർമ്മിക്കേണ്ടുന്നതിന്റെ ആവശ്യക തയിലേക്ക് ചൂണ്ടുപലകയാകുന്നു. ഇവ ചേർന്ന് സ്വാതന്ത്ര്യാനന്ത ര കേരളീയാവസ്ഥയുടെ സാംസ്കാരിക-രാഷ്ട്രീയ-സൗന്ദര്യവി മർശനത്തിന്റെ ശക്തമായ ഒരു ഭൂമിക ആറ്റൂർ നിർമ്മിച്ചെടുക്കുന്നു. ഏത് സംസ്കാരപഠിതാവിനെക്കാളുമാഴത്തിൽ, ഏത് രാഷ്ട്രീയനേ തൃത്വത്തോളവും ഉറപ്പിൽ, ഏത് സൗന്ദര്യചിന്തകനെക്കാളും പര പ്പിൽ. ആധുനികമലയാളിയുടെ രോഗാവസ്ഥയുടെ രാഷ്ട്രീയ ചികിത്സകനായി രണ്ടാം ഘട്ടത്തിലെ ആറ്റൂർ ദ്രുതകാലത്തിൽ നിൽക്കുമെന്നർത്ഥം.

## മൂന്ന്

തൊണ്ണൂറുകളോടെ ആറ്റൂർകവിത ദ്രവീഡിയൻ സൗന്ദ ര്യത്തെ പ്രകടമായിത്തന്നെ ഉൾക്കൊള്ളുന്നുണ്ട്. സുന്ദരരാമസ്വാമി യുടെ ജെ. ജെ. യിൻ കുറിപ്പുകൾ (1987) വിവർത്തനം ചെയ്യാനായി മൂന്നു വർഷക്കാലം തമിഴ് പഠിച്ചതോടെയാണ് ആറ്റൂരിലെ ഈ മാറ്റം പ്രത്യക്ഷപ്പെട്ടു തുടങ്ങുന്നത്. അതിനു മുൻപേ, ആറ്റൂരിന്റെ പാണ്ടി പുറത്തു വന്നു. വൈലൊപ്പിള്ളിയുടെ ആസ്സാം പണിക്കരു മായി ഈ കവിതയ്ക്കൊരു പാഠാന്തരബന്ധം കല്പിക്കാം. നാല്പ തുകളുടെ മധ്യത്തിൽ 'ജനിച്ച നാടുവിട്ടകലെയാസ്സാമിൽ പണിക്കു പോയിരുന്ന പരിഷകളു'ടെ തിരിച്ചുവരവാണ് പാണ്ടി. കവിതയാരം ഭിക്കുന്നു. 'മുപ്പതിറ്റാണ്ടിനു മുൻപ്/ കിഴക്കോട്ട് / മാവും പുളിയും പറമ്പും/ നിലാവുമിരുളും / കളഞ്ഞയാൾ പോയിരുന്നു.' മലയാളി യുടെ തൊഴിൽപ്രവാസ ജീവിതങ്ങളുടെ തുടക്കങ്ങളിൽ ആസ്സാം പണിക്കർ വന്നപ്പോൾ, മടക്കകളിൽ പാണ്ടി വരുന്നു എന്നർത്ഥം. പൊങ്കലുമിഡ്ഡലിയും, ശാപ്പാടും കവിതയിൽ വരുന്നതുകൊണ്ട് മദി രാശിയിൽ നിന്നാണീ മടക്കമെന്നൂഹിക്കാം. പാണ്ടിയെന്ന ശീർഷകം ആ ഊഹത്തിന് സാധുതയും നൽകുന്നു. മദിരാശി യിൽ നിന്ന് നാട്ടിലേക്കുള്ള ഈ മടക്കം തൊട്ടിങ്ങോട്ട് ആറ്റൂർക വിത ദ്രാവിഡച്ചൂരിൽ സംസാരിച്ചു തുടങ്ങി.

എൺപതുകളുടെ മധ്യത്തോടെ രാഷ്ട്രീയ ആധുനികവാദ ത്തിന്റെ വേലിയിറക്കം തുടങ്ങിയിരുന്നു. സഞ്ജയന്റെ സന്ദേഹ ങ്ങളും വ്യഥകളും ധൃതരാഷ്ട്രരിൽ പ്രതിധ്വനിക്കുന്ന രൂപത്തിൽ ബംഗാളിന് രണ്ടാം ഭാഗം കെ. ജി. എസ് വിഭാവനം ചെയ്തിരുന്നു വെങ്കിലും പൂർത്തിയാവാത്ത പ്രൊജക്ടായി രണ്ടാം ഭാഗം. ശ്രമി ച്ചു, പക്ഷേ പരാജയപ്പെട്ടു എന്നു കവി തന്നെ ഏറ്റു പറഞ്ഞു. 'ആധുനികതയുടെ ചുവന്നവാലിൽ' വിപ്ലവകാല്പനികതയുടെ അദൃശ്യനിയന്ത്രണമുണ്ടായിരുന്നതായി പിന്നീട് വിലയിരുത്തപ്പെട്ടു (കാവ്യഭാഷയെക്കുറിച്ചുള്ള ഒരു ചർച്ചയിൽ ഡോ. പ്രദീപൻ പാമ്പി രിക്കുന്ന് ''നെഞ്ചത്തൊരു പന്തം കുത്തി നിൽപ്പൂ കാട്ടാളനെന്ന'' വിജൃംബിത ഭാഷ എത്ര പെട്ടെന്ന് പേലവമാകുമെന്നത് ഉദാഹരിച്ചി രുന്നു. അതിങ്ങനെയാണ്, ''നെഞ്ചത്തൊരു പന്തം കുത്തി നിൽപ്പൂ കാട്ടാളൻ, സഖീ നിൽപ്പൂ കാട്ടാളൻ). വീട് വിട്ടുറങ്ങിയ ഉണ്ണികൾ തിരികെക്കയറിത്തുടങ്ങിയ കാലം ആറ്റൂർ മറ്റൊരു സൗന്ദര്യ നിർമ്മി തിയിലേർപ്പെടുകയായിരുന്നു. നിശ്ചയമായും ഈ കാലത്തിന്റെ പതിഞ്ഞ സ്വരം ആറ്റൂർക്കവിതകളിലും പ്രത്യക്ഷപ്പെടുന്നുണ്ട്. വിളംബത്തിൽ നിന്ന് ദ്രുതകാലത്തിലേക്കു ഒറ്റയടിക്ക് ചുവടുമാറ്റിയ

ആറ്റൂർ പാണ്ടിക്കു ശേഷം മധ്യമകാലത്തിലാണ് കൊട്ടിപ്പോയ തെന്ന് സാരം. ക്രമരഹിതമാണെങ്കിലും പടിപടിയായുള്ള അവരോഹണം.

ആദ്യഘട്ടത്തിൽ നിന്നാവഹിച്ചെടുത്ത ക്ലാസിക്കൽ രൂപബോധവും പാരമ്പര്യത്തോടുള്ള വൈരുധ്യാത്മകതയും രണ്ടാം ഘട്ടത്തിലെ സാംസ്കാരിക സമസ്യകളുടെ ഉത്തരം തേടലും മൂന്നാം ഘട്ടത്തിലെ ആറ്റൂരിന്റെ കവിതയെ രൂപപരവും ഭാവപരവുമായി നിർമ്മിച്ചെടുത്തു. അതിനുദാഹരണമായി മോക്ഷമു, നാട്ടിൽ പാർക്കാത്ത ഇന്ത്യക്കാരൻ എന്നിവയെ നമുക്ക് സ്ഥാനപ്പെടുത്താം.

തിരുച്ചിയിൽ, തഞ്ചാവൂരിൽ, കുംഭകോണത്തിൽ, തെന്നാഫ്രിക്കയിൽ, ശ്രീലങ്കയിൽ പല ദിക്കിലും കുടിയേറിയ തമിഴരുടെ പ്രവാസ ദു:ഖത്തിന്റെ അടയാളമായാണ് 'മോക്ഷമു' വിൽ കാവേരിയുടെ ഒഴുക്കിനെ സ്ഥാനപ്പെടുത്തുന്നത്. കാവേരി വിഭജനങ്ങളുടെയും ദേശാതിർത്തികളുടെയും ഇത്തിരിവട്ടങ്ങൾ കടന്ന് ദുരിതമനുഭവിക്കുന്ന ജനതയുടെ പുതിയൊരു ദേശഭൂപടത്തിന്റെ രൂപകമാവുന്നു. ഈ ദേശഭാവനയുടെ പൂരണം മറുവിളിയെന്ന കവിതയിൽ കാണാം. ഒരു കടലിടുക്കിനാൽ ഭരണകൂടാധികാരം വിഭജിച്ച ദേശരാഷ്ട്രത്തെ, മറികടന്നു പായുന്ന മനുഷ്യന്റെ ഇച്ഛാശക്തിയാവുന്നു മറുവിളി. ''ഒരേ കടലിന്റെ/ ഇരുവക്കിലും / നാം ബലിയിട്ടു/മുണ്ഡനം ചെയ്തു/ നാം കാണുന്നത് / ഒരേ ആഴം.'' ശ്രീലങ്കൻ തമിഴ് വിമോചനപ്പോരാട്ടത്തിൽ ഐക്യപ്പെട്ട് എഴുതിയ മറുവിളി മോക്ഷമുവിന്റെ പിന്നിൽ ചേർത്തു വായിക്കുമ്പോൾ ആറ്റൂരിന്റെ പുതിയ ദേശഭാവനയുടെ മിഴിവാർന്ന ചിത്രം കിട്ടും. അത് ആർഷഭാരതത്തിന്റെ അധീശത്വത്തെ ഉള്ളടരിൽ എതിരിടാൻ കെല്പുള്ള ദ്രാവിഡദേശമാണ്. ഈ പുതിയ ദേശത്തിന് പല പ്രത്യേകതകളും കാണാം, അതിലൊന്ന് അവിടെ വളരെ കുറച്ചു മാത്രമേ സംസ്കൃതം സംസാരിക്കപ്പെടുന്നുള്ളൂ എന്നതാണ് (കെ. സി. നാരായണൻ, 1995 : 25). ഇങ്ങനെ, സംക്രമണത്തിലും കാൻസറിലുമായി ആറ്റൂർ ആരംഭിച്ച സാംസ്കാരിക രാഷ്ട്രീയ ചോദ്യത്തിന് എൺപതുകളുടെ മധ്യത്തോടെ ഭാവനാത്മകമായ പരിഹാരമുണ്ടാവുന്നു. അതാണ് ദ്രവീഡിയനായ സൗന്ദര്യശാസ്ത്രവും കറുത്തവരുടെ, പീഡിതരുടെ അനുഭവദേശവും. കറുപ്പിന്റെ സൗന്ദര്യശാസ്ത്രം പിന്നീടെത്രയോ കഴിഞ്ഞാണ് മലയാളത്തിലെ സാംസ്കാരിക വിമർശകർ ചർച്ചയ്ക്കെടുത്തത് എന്നോർക്കുക.

ആറ്റൂരിനെക്കുറിച്ചുള്ള ഏത് ചർച്ചയിലും പ്രത്യക്ഷപ്പെടുന്ന ഈ ദ്രാവിഡസ്വത്വം സങ്കീർണ്ണമാണെന്നും ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതാണെന്നും ഉദയകുമാർ (2016 : 64) മുന്നറിയിപ്പ് നൽകുന്നുണ്ട്. ആര്യദേശീയതയെന്ന അധീശവ്യവഹാരത്തിനെതിരെ, ദ്രാവിഡദേശീയതെന്ന പ്രതിവ്യവഹാരം' എന്ന രാഷ്ട്രീയ ലളിതവൽക്കരണത്തിലേക്ക് കാഴ്ച്ച വഴുതാനുള്ള സാധ്യതയുള്ളതുകൊണ്ടു കൂടിയാവാമിത്. ഏതുതരം ദേശീയതാനിർമ്മിതിയും അകമേ പ്രവർജനങ്ങളുണ്ടാക്കുമെന്നതിനാൽ, പ്രതിബോധം അധീശത്വത്തിന്റെ കളത്തിൽ കരു മാറ്റി കളിക്കുന്നതിൽ യാതൊരു കാര്യവുമില്ല. ആറ്റൂരിലെ ദ്രവീഡിയൻ സൗന്ദര്യബോധത്തിന്റെ രാഷ്ട്രീയത്തെ അഴിച്ചെടുക്കേണ്ടതിന്റെ ആവശ്യകതയും അവിടെയാണ്. സംശയരഹിതമായും പിന്നീട് ആറ്റൂർ സംസ്കൃതത്തിന്റെ പദഘടനയെ വകവെച്ചിട്ടില്ല. എങ്കിലും, ഭാവപരമായി ദ്രാവിഡസൗന്ദര്യബോധത്തെ സ്ഥാപനവൽക്കരിക്കാൻ അനുവദിക്കുന്നില്ല എന്നിടത്താണ് ആറ്റൂരവതരിപ്പിക്കുന്ന വിമോചനസങ്കല്പം പ്രസക്തമാകുന്നത്. അത് സബാൾടേൺ ലിറ്ററേച്ചറാവാൻ ഒരുക്കമല്ല. തന്ത്രപരമായ സത്താവാദം (Strategic essentialism) എന്ന് വിളിക്കപ്പെട്ട യുദ്ധമുന്നണിയിലെ താത്കാലിക തന്ത്രത്തിലേക്ക്, പ്രതിവ്യവഹാരത്തെ സത്താപരമായി ഉറപ്പിക്കുന്നതിലേക്ക് നീങ്ങാതിരിക്കാൻ ആറ്റൂർ ജാഗ്രത പുലർത്തുന്നു. ദെല്യൂസിയൻ അർത്ഥത്തിൽ ന്യൂനധാരാസാഹിത്യ (Minor Literature) മാവുന്നു ആറ്റൂരിന്റെ ദ്രവീഡിയൻ കവിതകൾ. സൗന്ദര്യത്തെ ഡീടെറിറ്റോറിയലൈസ് ചെയ്യുകയും എന്നാൽ പുതിയ നിർമ്മിതി സ്ഥാപനമാവാതിരിക്കാൻ റീ ടെറിറ്റോറിയലൈസ് ചെയ്യുകയും ചെയ്തു കൊണ്ടേയിരിക്കുന്ന ഒരു സംഘർഷ ബിന്ദുവാണ് ആ കവിതകൾ. ആയിത്തീരലല്ല (Being) ആയിക്കൊണ്ടേയിരിക്കലാവുന്നു (Becoming) അവ, വിവൃതമായ പുതിയ വായനകൾക്കായി തുറന്നിടപ്പെട്ട, സഞ്ചരിച്ചു കൊണ്ടിരിക്കുന്ന പാഠം.

ഇതിന്റെ മൂർത്ത ഉദാഹരണമാണ് നാട്ടിൽ പാർക്കാത്ത ഇന്ത്യാക്കാരൻ. സംക്രമണത്തിനു സമാനമായി രണ്ടു ഭാഗങ്ങളാണ് ഈ കവിതയ്ക്കും. ആദ്യത്തെ ഭാഗം മൗനവും രണ്ടാമത്തെ ഭാഗം ശബ്ദപ്രളയവുമായാണ് സംക്രമമത്തെ സംവിധാനം ചെയ്തിട്ടുള്ളതെങ്കിൽ (ആർ. നരേന്ദ്ര പ്രസാദ്, 2016 : 37) നാട്ടിൽ പാർക്കാത്ത ഇന്ത്യാക്കാരനിൽ ഈ ക്രമം തിരിച്ചാവുന്നു. ആദ്യഭാഗത്തിലാണ് ശബ്ദം. കൂത്തരങ്ങലിക്കുപോകും കണങ്കാൽകളിൽ നിന്നേ കതാളകിലുക്കങ്ങൾ, കുഴൽക്കൊമ്പുകൊട്ടുതാളങ്ങൾ, ഒച്ചപ്പെരുക്കിയിൽ മംഗളവാദനം എന്നിങ്ങനെ ശബ്ദപ്രളയം ആദ്യഭാഗത്തു കാണാം. ('ഒച്ചപ്പെരുക്കി 'യെന്നു ദ്രാവിഡ പദസംയുക്തം

കെട്ടിയുണ്ടാക്കിയും 'ഒലിപ്പെരുക്കി' യെന്ന തമിഴ് പദത്തെ അതേ പടി ആവർത്തിച്ചും ആറ്റൂർ ലൗഡ്സ്പീക്കറിനെ മലയാളീകരിക്കാൻ ശ്രമം നടത്തിയതായി കാണുന്നു. രണ്ടാം ഭാഗമാവട്ടെ, അതിരില്ലാത്ത നിശബ്ദതയുടേതാണ്. ഭാവപരമായി സംക്രമണത്തിന്റെ പ്രതിപാഠമാണ് നാട്ടിൽ പാർക്കാത്ത ഇന്ത്യക്കാരൻ. ആഭിചാരത്തിന്റെ ക്രോധമല്ല, കോമാളിയും നിശബ്ദനും നിസ്സഹായനുമായി പ്രവാസശിവനിലാണ് കവിത നിൽക്കുന്നത്. തിരികെ മടക്കമില്ലെന്ന സന്ദേഹത്തിൽ നിശ്ചേതനനായ ജഡാവസ്ഥയിലായ മലയാളിയുടെ നിൽപ്പാണത്. അത് മുറുക്കത്തിലല്ല, ഒരു തരം നിസ്സംഗതയിലാണ് തീരുന്നത്. പ്രത്യക്ഷത്തിൽ ഭാഷ ദ്രവീഡിയനാകുമ്പോഴും ബിംബസ്വീകരണത്തിൽ ആര്യസൗന്ദര്യമവസാനിക്കുമ്പോഴും ഉദ്ധൃതമായ പുരുഷാകാരം ആ കവിത ഉൾക്കൊള്ളുന്നില്ല. പൗരുഷത്തിന്റെ മൂർത്തീഭാവമായ ശിവനാണ് നിസംഗനാവുന്നതെന്നോർക്കുക. തമിഴ് സൗന്ദര്യബോധത്തെ നിർമ്മിച്ചെടുക്കുമ്പോഴും പുരുഷത്വത്തിന്റെ അക്രമോത്സുകതയെന്നതിലേക്കു നീങ്ങാതിരിക്കാൻ ആ കവിത ശ്രദ്ധിക്കുന്നു. അഥവാ, പ്രതിസൗന്ദര്യം പ്രവർജനങ്ങളുണ്ടാക്കാതിരിക്കാനും ഉൾക്കൊള്ളലിന്റെ വിശാലആകാശമാകാനുമുള്ള ജാഗ്രത ദ്രവീഡിയൻ ആറ്റൂർ പുലർത്തുന്നു.

തുടക്കത്തിൽ പറഞ്ഞതുപോലെ, ആറ് പതിറ്റാണ്ടുകൊണ്ട് ഇത്ര വിശാലമായ ഭാവുകത്വപരിണാമങ്ങളിലേക്ക് സഞ്ചരിച്ച മറ്റൊരു കവിയെ നമുക്ക് കണ്ടെത്താൻ സാധ്യമല്ല. നൂറ്റമ്പതിൽ താഴെ മാത്രം വരുന്ന കവിതകൾ കൊണ്ടാണ് ആറ്റൂർ ഇത്ര ദൂരം സഞ്ചരിച്ചതെന്നോർക്കുക. അമ്പതുകൾക്ക് ശേഷമുള്ള മലയാളിയുടെ സാംസ്കാരികജീവിതത്തിന്റെ പരിണാമചരിത്രമാകുന്നു ആ അർത്ഥത്തിൽ ആറ്റൂർ കവിതകൾ. അഗാധമായി ചരിത്രപരവും അഗാധമായി രാഷ്ട്രീയവും സംസാരിക്കുന്നു. ഭൂതത്തിലേക്കും ഭാവിയിലേക്കും സഞ്ചരിച്ചു കൊണ്ടേയിരിക്കുന്ന വർത്തമാനങ്ങൾ, വർത്താനങ്ങൾ, കവിയുടെ തന്നെ ഭാഷയിൽ,

> ''നാം അകാലങ്ങളിലേക്ക്,
> കാണാത്ത പഴം കാലത്തിലേക്ക്,
> കാണാത്ത വരും കാലത്തിലേക്ക്,
> കൊതിച്ചും പേടിച്ചു
> മടിവയ്ക്കുന്നു.
> നമുക്കിറങ്ങാറായി,
> ഭാണ്ഡങ്ങൾ മുറുക്കുക.''

## References


അജയകുമാർ, എൻ., *ആധുനികത മലയാളകവിതയിൽ,* എസ്. പി. സി. എസ്, കോട്ടയം, 2013.

ഉദയകുമാർ, *രവിവർമ്മയുടെ യാത്രകൾ, ആറ്റൂർ വഴികൾ*, (എഡി. വി. യു. സുരേന്ദ്രൻ) ഗ്രീൻ ബുക്സ്, തൃശ്ശൂർ, 2016.

ഗംഗാധരൻ, എം., *ആഴത്തിന്റെ താളം,* ആറ്റൂർ രവിവർമ്മ, ആറ്റൂർ രവി വർമ്മയുടെ കവിതകൾ, ഡി. സി. ബുക്സ്, കോട്ടയം, 1995.

നരേന്ദ്രപ്രസാദ്, ആർ., 'കവിയുടെ പ്രതികാരം' *ആറ്റൂർ വഴികൾ,* (എഡി. വി. യു. സുരേന്ദ്രൻ), ഗ്രീൻ ബുക്സ്, തൃശ്ശൂർ, 2016.

നാരായണൻ, കെ. സി., *'സഹ്യനെക്കാൾ തലപ്പൊക്കം', ആറ്റൂർ രവിവർമ്മ. ആറ്റൂർ രവിവർമ്മയുടെ കവിതകൾ,* ഡി. സി. ബുക്സ്, കോട്ടയം, 1995.

രവിവർമ്മ ആറ്റൂർ, *ഇടവപ്പാതയിലൂടെ നിശബ്ദനായി,* ആറ്റൂർ രവിവർമ്മ, ആറ്റൂർ രവിവർമ്മയുടെ കവിതകൾ, ഡി. സി. ബുക്സ്, കോട്ടയം, 1995,

രാമകൃഷ്ണൻ, ഇ. വി., *സമൂഹതാളത്തിന്റെ നടുക്കങ്ങൾ,* ആറ്റൂർ വഴികൾ, (എഡി. വി. യു. സുരേന്ദ്രൻ), ഗ്രീൻ ബുക്സ്, തൃശ്ശൂർ, 2016.

വിഷ്ണു നാരായണൻ നമ്പൂതിരി, *പ്രവേശകം,* എൻ. എൻ. കക്കാട്, കക്കാടിന്റെ കൃതികൾ, കറന്റ് ബുക്സ്, തൃശ്ശൂർ, 2002.

സച്ചിദാനന്ദൻ, *മലയാള കവിതാപഠനങ്ങൾ,* മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2011.

# GENDERED SEXUALITY: TRAJECTORY OF WESTERN FEMINISM

**K.R. Ragi**

***Abstract:*** *This paper addresses the major theoretical trends that discuss issues related to gender and sexuality-its conceptualisation through different periods of time to the present. The chapter presents an overall view of what has been said of one's femininity and sexual desires by conventional theoreticians and how later trends dismantled these notions to have a more subjective and experiential truth of women by women.*

***Keywords:*** *Gender, Sexuality, Feminism, Body*

I did not know
Who I was when I did those things
Or who I said I was
Or whether I willed to feel
What I had read about
Or who in fact was there with me
Or whether I knew, even then
that there was doubt these things.

- Adrienne Rich, "Dialogue" (1972).

Sex and gender do not mean the same thing within feminist studies. The first moves in making this distinction were made in Second Wave feminist thinking. These moves also marked a shift from the biology-based arguments about male and female to a more socially-centred being. Feminist cultural theory calls for distinguishing between sex and gender. This chapter makes an attempt to trace a short history of gender and sexuality in various aspects. The chapter includes how the same had been treated across countries. Various ideologies and

movements in the theoretical history of the world have contributed to the evolution and understanding of gender and sexuality including Marxist feminist theory and psycho-analysis. Various feminists who have contributed in abundance to the perception of gender and sexuality are also discussed in this chapter. An important phase in feminist movements has been the ideological conflict between the 'Radical feminists' and that of 'libertarian of cultural feminists'. This bifurcation, although they complement each other in various aspects, have also led to the different opinions about the ideas on gender and sexuality. This chapter tries to gain an overall view of the perceptions on gender and sexuality to the contemporary period. The change is of course, perceptible in due course of changing thoughts and mutual criticisms.

Aristotle's biological theories revolved around the concept of heat. In the view of Aristotle, only those embryos that had sufficient heat could develop in to fully human form and the rest became female. This idea itself throws light upon the ancient notion of gender where imperfection was solely attributed to females. In Charles Darwin's writings one could see ideas about middle class woman's frailty. In his groundbreaking *On the Origin of Species* (1852), as a part of his theory of evolution, Darwin argued that males compete for sexual access to females, with only the fittest succeeding and reproducing. So, males continually evolve towards greater "perfection". Females, on the other of hand, need not compete for males and therefore are not subject to the so-called "perfection". Consequently, in any species, males are more evolved than females. Darwin thus argues that females must spend much energy in the process of reproduction that they retain only a little energy for either physical or mental development. As a result, women remain subject to their

emotions and passions with little or no sense of justice or morality. Rose Weitz says, "Darwin's theories meshed well with Victorian ideas about middle-class white women's sexuality, which depicted women as the objects of male desire, emphasised romance and downplayed female sexual desire, and reinforced a sexual double standard" (4). Darwin's theory gives an ample view of what would have been the notion of sexuality in that era, which to an extent continues in the present time also.

It can be undoubtedly said that we live in an active articulate male dominant society that dominates not only in all the public spheres but also in the private domain of human life. And the notion and understanding of gender and sexuality in general and female sexuality in particular are not free from the patriarchal dominant views. The common patriarchal notion has been to perpetuate the idea that sex and gender are not different. Patriarchy, in other words, had perpetuated this idea in order to sustain their power because biologically, men had to 'penetrate' into the woman and it is well known that the domination is not only ideological but also physical one too. By laying concrete the boundary of gender and sexuality, they could retain their absolute power. The central principle of feminist theory has been to recognise that gender differences are not fixed in the character of the species but arise from specific histories and from specific divisions of labour and power between the sexes.

Earlier feminists have been of the view that sex is biological, but the values and meanings associated with the female and male body are socially ascribed. Gender is this system of values and meanings. If sex and biology is nature, then gender is about the social and, therefore, culture. 'Female' and 'Male' refer to the biological (anatomical and

physiological) characteristics, while ‘feminine’ and ‘masculine’ refer to the social values assigned to them. Thus, feminists since the seventeenth century have argued on the concept of gender being influenced by ‘nurture’ rather than that of nature. Londa Schiebinger opines:

> In efforts to check the increasingly popular biological determinism, feminists in the 1960s introduced the term gender, distinguishing culturally specific forms of masculinity and femininity from biological ‘sex’, construed as anatomy, physiology, and chromosomes. The primary force of the body history ever since has been to show that universal, transhistorical masculine and feminine bodies do not exist apart from culture. (2)

However one major problem with this notion of gender as a social attribute and category is that it sees gender almost entirely as an imposition.

The advent of science brought drastic changes in the understanding of gender and sexuality. Since the eighteenth century, modern Western science has established itself as a body of knowledge that is rational, objective and supported by verifiable proofs. Conventional biology- an area of study dominated by male scientists, until recently viewed the sperm as the active factor in causing pregnancy. But once women started researching and writing on these matters, they saw an equally and sometimes more aggressive role for the female egg. Their close studies of the egg’s activity convinced them that the egg had been denied its rightful significance. In this sense, scientific language too is marked by history, of what people have thought and said over centuries. As long as this persists, the languages we use are bound to reproduce these differences.

Religion is a very important institution in our society for shaping attitudes and behaviours regarding genders and sexuality. Almost every organised religion specifies the appropriate forms of gendered and sexual relationships. It is thus clear that, society and all of its aspects have adhered in to explaining and exemplifying the way in which woman or the so called 'lesser' beings should perform as a social being. They have been prescribed with these social norms from time immemorial.

Doubts in gender and sexuality had arisen in the field of anthropology also. Although most of the world's cultures have a dichotomous view of gender, occasionally cultures developed a third or even a fourth gender. In some cultures, gender is determined by one's relationship to reproduction, so that adults are gendered male and female, but children and old people are regarded as different genders and in such cultures there is, thus, a fourth gender.

'Gender'–the term itself had been used interchangeably with sex. Along with this concept, comes another issue in the feministic study is the question of sexuality and the desire associated with it. Sexuality is different, for it became a topic of extensive historical enquiry only after the development of women's history. The notion of sexuality is also culturally variable. In some cultures, sexuality may be understood primarily as a gendered orientation – as desiring and having sexual relations with individuals who are regarded as one's own or the opposite sex. While in some other cultures, sexuality may be thought primarily in terms of the number or age of one's sexual partners, or the role one takes in sexual intercourse.

Conversely gender in many cultures is viewed as an outgrowth of sexuality. The history of perception of the term sexuality is evident from what Mary E. Wiesner Hanks says in her work *Gender in History:*

> The word "sexuality" – currently defined as "the constitution or life of the individual related to sex" or "the possession of exercise of sexual functions, desires, etc" – is itself quite new, coming in to English and most other Western languages in about 1800. At that point, new Ideas about the body, changes in marriage patterns, new concepts of gender differences, and new methods of controlling people's lives converged in Western countries to create what scholars usually call "modern sexuality". Some historians argue that this shift in thinking did not simply create modern sexuality, but sexuality itself, for people in earlier centuries did not think of themselves having"sexuality" or classify as sexual thing that to us seem obviously to be so. (208)

One of the ways in which gender and sexuality have been linked is that both were trivialized and viewed as questionable or marginal areas of scholarly enquiry. This attitude saw a drastic change with the advent of social history and women's studies during the 1970s. The history of women's bodies and sexual lives became a significant area of study within feminist scholarship, which often argued that sexual relationships in the past or present are power relationships, an idea that could be capsuled in the slogan 'the personal is political'. The understanding of the relationship between gender and sexuality is also a key issue in gay and lesbian studies, an academic discipline that originated in the 1970s and in queer theory, which began as a field in the 1990s. Queer

theorists often argue in favour of fluidity of both gender and sexuality.

In any society, sex is filtered through the culturally dominant codes that regulate the behaviour of men and women in what is acceptable or not. These codes not only look into the social relations of sexuality but also determine the social divisions between the sexes, the basis on which men and women are placed in mutually exclusive categories. To quote David Glover and Cora Kaplanfrom their work *Genders*:

> Sex and gender are therefore intimately related, but not because one is 'natural' while the other represents its transformation into 'culture'. Rather, both are inescapably cultural categories that refer to ways of describing and understanding human bodies and human relationships, our relationship to ourselves and to others. (XXV-XXVI)

Thus it could be understood that, sex and gender have been perceived in terms of biological distinctions in the past. Later, with the advent of feministic studies, they were taken from the biological realm to that of cultural. Here, it is argued that, the construct of gender and sexuality is purely psychological and some others are of the view that the relationship between them is that of production deriving Marxist ideas.

One of the most well known as exhaustively discussed theories on gender and sexuality has been that of Marxist theory. Gender and sexuality is not an isolated piece of reality and it has to be seen in relation to the social whole, to what Marxist refer to as 'totality'. Another important argument in Marxism is that human beings make their own lives and they do this through two interlinked material processes: production

and reproduction. Production comprises all those tasks and activities performed by members of a society to secure their basic needs. Reproduction refers to their specific task of bringing children in to this world and raising them to adjust to and accept the world they grow up in. Power which exists in the relationship between the producer and the labourer gives rises to a group who controls economic resources and they attain authority over those who do not possess anything but their labour power. This accumulation of wealth was a result of production, essentially a male activity. Domestic work and the house hold, where women had wielded authority over men and the group in general, lost its significance. Engels has expressed his views on the emergence of patriarchy and its consequences. In his opinion, “the historic defeat of the female sex and the emergence of patriarchy led to a devaluing of female tasks, roles and responsibilities and a consequent valorisation of male roles and functions. This also led to sexual hypocrisy in marriage and a chauvinist sexual ethic in society” (*Gender*, 59).

The production system inevitably went in to the exploitations of the subordinate beings. Women became objects and they lost access to their bodies and sexuality and lastly they were reduced to their reproductive worth. Patriarchy could be viewed in juxtaposition to economic exploitation, organizing male control over female sexuality and the sphere of reproduction. It could be seen that how Marxist theory has traced the subordination of female sexuality in term of production, where the active male force gain power over the female body and the whole concept of sexuality. Thus, heterosexuality itself becomes a construct of patriarchy because in order to retain the power exerted by it, production or reproduction should go on as a process and this is possible only

where the system is regulated by heterosexuality. It is here, a major turn in the understanding of gender and sexuality comes.

With the advent of theories on psychoanalysis, the concepts of gender and sexuality were taken in to a realm of psychological constructs. Psychoanalysis offers one of the most influential and thought provoking arguments about gender and sexuality. These arguments refer to the making of individual identity as individuals mature from infancy to childhood.

Freud observes that the process of repression is complex in the case of women. The desire in a girl for her father and the boy for his mother is forbidden. Monogamous marriage is the norm that society created to channelize the desire with an emphasis on female chastity and the enabling of male promiscuity. These norms existed in related to sexuality also. According to Freud the girls experienced penis envy and felt themselves incomplete and passive. Boys, looking to overcome penis envy, learn to feel themselves more powerful and feel empowered by sexual energy. This further leads to greater levels of repression in women and render them prone to all sorts of neurosis.

At another level, the institution of marriage generally disciplines erotic energies, deeming it legitimate only when it serves the purpose of biological reproduction. This is expressed through genital sexuality that leads to fragmentation of sexual energy; men substitute it through creative activities and women through mothering. For Freud, in case of bisexuality, it is convergence of two heterosexual desires within a single psyche. Masculine desire isn't for father and feminine desire isn't towards mother. In *Gender Trouble*, Judith Butler says that

> In repudiating the mother as an object of sexual love, the girl of necessity repudiates her masculinity and paradoxically, ‘fixes’ her femininity as a consequence. Hence, within Freud’s thesis of primary bisexuality, there is no homosexuality, and only opposites attract. (82)

According to Lacan, the phallus is symbolic of the law of the father or patriarchy that positions the boy or girl in distinctive ways in relation to desire. Lacan’s ideas imply that the historical making of masculinity and femininity are subject to specific sorts of patriarchal systems- each of them functions like signifiers in language, allowing the disciplining of the expression of desire and meaning. To ‘be’ phallus is to be the ‘signifier’ of the desire of the other. So, to be the Object or the Other of a heterosexualised subject, man itself reflects that desire. For women, to ‘be’ phallus means to reflect the power of phallus. This notion is the extended form of sexuality, that is, homosexuality came in to vogue as an alter desire to the norms laid out by patriarchy.

Freud’s descriptions of the evolution of masculine and feminine identities elicited a major counter response from his one time associate and later rival, Carl Gustav Jung. Jung argues that our inner life, what he calls as ‘psychic life’ cannot be defined solely in terms of sexual energy. He is of the view that a man intent on asserting his masculine identity consistently would deny the female self existing within him. Similarity women would banish male desires and fantasies to the shadowy realms of the unconscious, where they lie dormant, erupting when the stable articulate personality is beset by crisis. Jung views the individualist assumption of a gendered identity as a process that involves two equally valid categories, males and females unlike Freud who saw this in

combative terms. Jung assumed that one needs the other for resolving questions regarding one's individual self. This has been an overall view of gender and sexuality in the light of psychoanalysis by some of the towering figures of the theoretical movement.

It is not possible for a researcher to do away with Michel Foucault while discussing gender and sexuality. His three- volume magnum opus*History of Sexuality* provides an exhaustive view of sexuality from its past to the present. The sexual discourses listed by Foucault are astonishingly diverse, ranging from pedagogical discussions on how to teach and discipline children and minors, to medical and psychiatric case studies of disturbed individuals. Foucault argues that the univocal construct of "sex" is produced by social regulation and control of sexuality. The society tends to artificially unify and conceal unrelated and disparate sexual functions. He says that this construct of sexuality has an inner sense of pleasure and desire. According to Judith Butler in *Gender Trouble*:

> To be sexed, for Foucault, is to be subjected to a set of social regulations, to have the law that directs those regulations reside both as the formative principle of one's sex, gender, pleasures and desires and as the hermeneutic principle of self- interpretation. The category of sex is thus inevitably regulative and any analysis which makes that category presupposition uncritically extends and further legitimates that regulative strategy as a power/ knowledge regime. (130)

Foucault argues that sexuality is always situated within the boundaries of power, that it is always produced or constructed within specific historical practices, both discursive

and institutional. He says that recourse to sexuality before the law is an illusory conceit of emancipatory sexual politics. Nevertheless, Foucault failed to give enough importance to one of the momentous changes to occur within the modern sexual sciences, that is, the recognition that a person's sexual desires cannot be deduced solely from anatomical and juridical facts. So, Geoff Danaher, et al observe, ".. . Foucault would not reject modern sexuality because it was coercive. Although in some ways and for some people it certainly is coercive, it also provides us with techniques for living" (*Understanding Foucault*, 145).

The thesis focuses on the contemporary feminist movement as the basis of analysis of the text taken. Contemporary feminist theory has consistently argued that female sexuality has been marginalised as insignificant, mysterious or monstrous and that such representations of the women's body/desire/sexuality have been made by men. Adapting psychoanalytic theories, Euro- American feminists have developed new models of female sexuality that, they believe, empowers the woman. Dubbed as "radical feminists", these revolutionary feminists introduced intofeminist thought, the practice of consciousness rising. Women came together in small groups and shared with each other their personal experiences as women. They discovered that their individual experiences were not unique to them, but widely shared by many women. There arose two branches radical feminism - "radical- libertarian" feminisms and "radical cultural" feminism.

According to radical- libertarian feminist Gayle Rubin, the sex/gender system is a "set of arrangements by which a society transforms biological sexuality into products of human activity" (*Toward an Anthropology of Women*, 159). So in any

given society, sex too is filtered through the culturally dominant codes that regulate the behaviour acceptable in men and women. "Sex is sex, but what counts as sex is…culturally determined and obtained" (165), says Rubin. Sex and gender are therefore intimately related but, not because one is 'natural' while the other represents its transformation into 'culture'. Patriarchal society convinces itself its cultural constructions are somehow 'natural', and therefore that people's 'normality' depends on the ability to display whatever gender identities and behaviours are culturally linked with their biological sex. Rubin opts for a world free of gender or androgyny. In *What is a Woman,* Toril Moi says:

> In Rubin's Utopia, gender would disappear. There would be no social norms for correct sexual and sexed behaviour. Moving beyond the question of the oppression of women towards a vision of a society where all sexualities may be freely expressed, she embraces a Utopia that inspired many 1960s and 1970s critiques of stereotyped images of woman. (27)

From the late 1960s, the first years of the 'second wave' of the women's movement, American feminists such as Kate Millet led the assault on Freud's view of femininity. Being one among the radical libertarian feminists, Kate Millet insisted that the root of women's oppression is buried deep in patriarchy's sex/gender system. In *Sexual Politics* (1970), she opined that the male- female sex relationship is the paradigm for all power relationships. To eliminate male control, men and women have to eliminate gender- specifically sexual status, role and temperament- as all these have been patriarchal constructs. Rose Marie Tong says about Millet:

> Millet singled out authors D. H. Lawrence, Henry Miller, and Norman Mailer as some of the most articulate leaders of patriarchy’s 1930-1960 assault on feminist ideas. She claimed that because readers typically took Lawrence’s, Miller’s and Mailer’s descriptions of relationships in which women are sexually humiliated and abused by men as prescriptions for ideal sexual conduct, women tended to regard themselves as sexual failures, unable to emulate the sexual behaviour of the characters. (53)

Millet observed in contemporary feminism, a determined effort to destroy the male- female dichotomy and create an androgynous society.

Shulamith Firestone, another radical- libertarian feminist, claimed that the material basis of female submission was rooted in the reproductive roles of men and women. She didn’t regard Millet's solution, i. e., dual parenting system that gives fathers and mothers equal child-rearing responsibilities as adequate. Women have to be freed from their gender roles at the level of biology, i. e. reproduction. By this measure, women would no longer have to be passive, vulnerable and receptive allowing men to dominate, possess and penetrate them in order to keep the wheels of human procreation spinning. Instead men and women would be encouraged to mix and match feminine and masculine traits and behaviours in whatever combination they wished.

The views of radical cultural feminists on sexuality and gender are somewhat different from that of the radical libertarian feminists. Marilyn French, one of the radical cultural feminists, attributes male-female difference to biology (nature) than to socialization (nurture). Because French

believed that sexism is the model for all other 'isms', including racism and classicism, she sought to explain the differences between sexism's enslaving ideologies of "power over" others and an alternative, non-sexist libertine ideology of 'pleasure with' others. By being guided by the value of pleasure, French meant the ability of a group or a person to affirm or accommodate others in their many ways of being and doing. She viewed pleasure as a very broad and deep concept that included "all the enriching experiences we believe a full human person should have" (qtd. *Feminist Thought*, 58).

Mary Daly is a radical-cultural feminist denigrated traditional masculine trait. She rejected the 'Pluralist model of androgyny' that meant women and men to have separate but supposedly equal and complementary traits and the 'assimilation model of androgyny', according to which women and men exhibit feminine as well as masculine traits. As Rose Marie Tong puts it:

> According to Daly, plastic passions like guilt, anxiety, depression, hostility, bitterness, resentment, frustration boredom, resignation, and fulfilment are no substitute for genuine passions like love, desire, joy, hate, aversion, sorrow, hope, despair, fear and anger. Whereas genuine passions spur women to meaningful action, plastic passion enervate women. In Daly's estimation, the plastic passion of fulfilment, for example, is not to be confused with the genuine passion of joy. (65)

In her work *Feminist Thoughts,* Rose Mary Tong derives certain conclusions on the basis of Helen Ferguson's evaluation of gender and sexuality proposed by radical libertarian feminists and radical cultural feminists. According

to the radical libertarian feminists, heterosexual practices and other dominant sexual practices try to repress the sexual desires of the minority. They believe that the norms of patriarchal bourgeois sexuality should be abolished and all their moral judgements that stigmatize sexual minorities should be repudiated. A feminist should exert total control of the female sexuality and do whatever that gives pleasure and satisfaction. The ideal sexual relationship is between fully consenting equal partners. According to radical cultural feminists, heterosexual relations adhere to the ideology of sexual objectification. The patriarchal norms of sexuality normalize male sexual violence. A feminist should take control of female sexuality- which is more concerned with intimacy and less concerned with performance. Both the groups agree on the fact that the sexual relationship could be idealised only when the partners do not perform polarised roles.

Juliet Mitchell was one of the first feminists to explore the theory of female psychic process. An early and ground breaking study, her *Psychoanalysis and Feminism* (1974) argued that Freud's view of women was more suggestive and less reductive than that of other psychoanalysts of his time like Karen Horney and Ernest Jones who set out to correct Freud's misogynist ideas but ended up in positing female difference ever more distinctly as a separate and unequal identity on the concepts of instincts and desire. Mitchell argues that the laws of society and life are built in to the unconscious, or rather that "the unconscious mind is the way we acquire these laws" (XVI).

Mitchell explains four levels of control put on women-production, reproduction, socialization and sexuality. The sphere of production has to do with work; not only the sexual division of labour, but the assignment of different sorts of

productive work to men and women where women are restricted to service functions. Reproduction that consists of child-bearing and rearing, usually considered as women's work. It is directly and indirectly connected to production. Socialization refers to the many ways in which women and the family raise and prepare children to fit in with the demands of the world. This includes not only the sphere of production, but also the worlds of religion and culture, of community life and custom. Sexuality is usually subsumed in reproduction, but it has to be viewed as an integral experience over which women have little control and of which they have only a limited and habitual knowledge. Gender differences are, therefore, constructed in the contexts of the family and society as difference in genitals- one possessing one lacking. This, for Mitchell, is a social and cultural fantasy where the woman is, right from her girlhood made to believe that the male is complete and she is not. Mitchell thus proposed that femininity is "held in the heart and the head as well as in the home" (362).

Jacqueline Rose, in an important essay, "Femininity and its Discontents" (1986) points out that Freudian theory consistently queried those dominant interpretations of women's mental life that had become increasingly medicalized by the late nineteenth century. While feminists in the 1970s focused their debate on psychoanalysis around its concepts of sexual difference, Rose argues that they neglected the most important contribution of psychoanalysis to feminism- its theories of the unconscious. The work of Jacques Lacan, Rose continues, extended and deepened Freud's emphasis on a human psyche, "always and persistently divided against itself" (92). Rose therefore, suggests that psychoanalysis reveals the failure of social processes, identified with the 'ego' in Freud and the 'Symbolic Order' in Lacan, to impose identity. The

unconscious is the site of a resistance to identity. Rose argued that women, because of their unconscious, are always resistant to their psychically acquired feminine identity. This argument was one of the first moves towards the notion of a 'decentred' subject- a common theme in post structuralism. What Rose was suggesting, was a feminine subjectivity and identity that was not coherent or whole, but fractured and internally divided.

In her essay, Rose linked the sexual with the visual. The post modernist obsession with the image and stimulation is evident when Rose ponders over the implications of the same for feminine sexuality and representation. Rose suggests that since feminism is concerned with social norms and structures, it has to pay attention to cultural stereotypes. There is a need to look at the visual space in which feminine sexuality is represented to unravel the cultural ideologies behind these representations. That is, there is a close link between sexuality and the image- of woman, of man, and of sexual relations.

Monique Wittig explains how gender has become a contested term. Wittig targets what she calls "the straight mind", a way of thinking about the world that "cannot conceive of a culture, a society where heterosexuality would not order not only all human relationships but also its very production of concepts and all the processes which escape consciousness, as well" (28). She is of the opinion that the division of male and female sex suits the needs of heterosexuality. For Wittig, there is no distinction between sex and gender and the category called 'sex' itself is a gendered category which is essentially political and naturalized. Another claim that Wittig makes is that a lesbian is not a woman. She says that 'woman' exists only as a binary to a man, which is a heterosexual construct. A lesbian who refuses heterosexual system, can no longer be defined in the view of oppositional relation. A lesbian

transcends the binary of man and woman. Further, a lesbian has no sex or cannot be confined in to any categories of sex. Similar to what Simon de Beauvoir says in Second Sex that "one is not born a woman, but rather becomes one", Wittig might say that one is not born female, but one becomes one. If put rather radically, if one has the power to choose, one could become neither female nor male, neither woman nor man.

Luce Irigaray, like most French feminists, locates subjectivity within discourse and treats it as something shifting, contingent and fragmented. She proposes that the woman always lacks subjectivity because she is always constructed as the 'Other' of the man. The female is always nothing more than a deviation from the norm which is male. In *An Ethics of Sexual Difference,* she says, "And with a few exceptions, sexual practice today is often divided between two parallel worlds: the world of men and the world of women" (8). She further says that love for self in females is a "more complex experience" (54). It becomes even more difficult because she has always catered to the self love of man. Irigaray opines that had not women needed to procreate, they would have lived in love indefinitely or in "jouissance" to quote her term. A woman could find a fulfilment in herself because her sexuality "does not have to obey the imperatives and risks of erection and detumescence. In some sense, her jouissance is a result of indefinite touching" (55-56). But history and social norms keeps her away from this. Irigaray points out the theory of Freud on sexuality where he says that a woman has to do away with her love for mother and herself to love man. She has to elude from being loving herself in order to love a man who still would be loving himself. She says, "She has to renounce her mother and her auto eroticism in order not to love herself anymore" (56, 57).

One of the most towering feminists who talked about female body and sexuality is Judith Butler. In her important work *Gender Trouble* (1990), she argues that gender is a symbolic form of 'public action' whose recurrence allows for our recognition as desiring and desirable subjects. According to her, gender is fragile, provisional, unstable, the sum total of its appearances rather than the expressions of a unifying core. Her claim that gender is primarily an act of signification or representation mirrors the idea that gender is a matter of choice- of picking and discarding identities at one's own will. Butler develops a poststructuralist analysis of gender when she proposes that gender cannot be treated as an essence, but must be taken as a 'performative construct'. She says, "There is no gender identity behind the expressions of gender, that identity is performatively constituted by the very "expressions" that are said to be its results" (25). One arrives at an identity through the performance. Gender is a series of acts within specific discourses of law, medicine, religion, family. One cannot, Butler suggests, act or acquire an identity outside this system of discourses. What Butler proposes, in line with post structuralism, is that one 'does' an identity, a sequence of acts that is inevitable and repetitive. Post structural feminists do not agree with the way of understanding sex and gender of 1960s. They consider that the 1960s' perception of sex easily goes into "an ahistorical and curiously disembodied entity divorced from concrete historical and social meanings" (*What is a Woman*, 33). They are unhappy with the way sex and gender and its attributes are dichotomised as in the 1960s. Butler's aim is to make realise that sex is "as culturally constructed as gender" (*Gender Trouble*, 7).

In the same way does Donna Harraway, a Post-Structural feminist wants to historicise sex and place it in

relation to the other cultural and social factors. She adheres to the negation of the binary oppositions prevalent in sex, gender and the body. Complementing this idea, Toril Moi in her work *What is a Woman* (1990) says that, "All forms of sexual reductionism implicitly deny that a woman is a concrete, embodied human being (of a certain age, nationality, race, and class and with a wholly unique store of experience) and not just a human being sexed in a particular way" (35, 36).

Butler argues that when 'sex' is taken as a cultural construct, the traditional distinction between sex and gender gets null and void. Having become the construct of the same discourse, sex becomes the effect of gender. The binary constructs among sex and gender is the trick of heterosexualised dominant society, where the desire gets polarised to the male dominance. There, the differentiation of masculine and feminine desire becomes necessary and thus naturalisation of heterosexuality takes place. Women who fail to understand this are "potentially written off within the terms of that theory as 'male-identified' or "unenlightened" (*Gender Trouble*, 41).

*In Bodies That Matter* (1993), Butler tries to show by theoretical argument that the body is material and yet constructed. The work is an extension of what all have been postulated in *Gender Trouble*. According to her, the body has become an effect of regulatory norms, concretely material and historical. She says, "Construction not only takes place in time, but is itself a temporal process which operates through the reiteration of norms; sex is both produced and destabilized in the course of this reiteration" (*Bodies That Matter*, 10).

In 'The Laugh of Medusa', Helen Cixous means to convey the shattering of placid surface constituted by the

petrifying gaze and exposes the dialectic of same and other that happens in the axis of sexual difference. Cixous in her works, accounts for a return to the pre-Oedipal stage as a means of undoing the male-female binary. This would mean a return to the early stage of bisexuality. Bisexuality, for Cixous, is the means to collapse the unitary sexual identity. Cixous rejects any sexual essentialism arguing that each gender includes the 'Other'. There is no inside-outside, male-female. Each consists of the 'other'.

Naomi Wolf has extensively written about female 'bodies'. She says that the original sin did not originate in human sexuality as in the belief of Judeo-Christian belief. She says that the original sin was to deviate from female sexuality. In *Vagina* (2012), she says:

> In an instant, I realized that original sin did not, as the Jude-Christian tradition has it, originate in human sexuality. Our species' original sin was in deviating from our earliest tradition of reverence for the feminine and for female sexuality, and all that it represented for us. Our original sin lies in five thousand years of shaming it, stigmatizing it, controlling it, subduing it, splitting it off from women, from men, compartmentalizing it, insulting it and selling it. (269)

There are very notable American feminists who moved away from the earlier notion of femininity to be based on the production and reproduction process and rather concentrated on the experience of sexuality. These American feminists of 1960s and 70s produced a provocative and powerful description of the making of masculinity and femininity. Whether mandated and structured by particular modes of production, sexuality was fundamentally oppressive for women. Catharine Mackinnon,

an American feminist thinker and lawyer argues that sexuality to feminism is what work is to Marxism. By that she means that as the capitalists use the workers through work, sexuality is used to 'use' the female bodies. That is femaleness and femininity is both the result of a process of forcible theft of woman's sexuality. Susan Brownmiller writes in *Against Our Will: Men, Women and Rape* that men's sexual power over women and the violence with which they sought to exercise it constitute the basis of female subordination. Andrea Dworkin brings a different emphasis to the discussions of sexuality and sexual identity. She implies that sexual intercourse between men and women is a characteristically violent phenomenon. Pornography, for her, is the most blatant expression of male violence against women.

Adrienne Rich is one of the most influential feminist writers and theoreticians of the contemporary times. She opinionated that male sexual identity and culture as being indifferent to women. She looks critically at heterosexuality and suggests that it is neither natural nor inevitable. Rich goes on to argue that precisely because it is neither natural nor coercive, heterosexuality must be understood as a norm which imposes a certain kind of femininity on women, along with prescribing a valorous masculinity for men. This norm actively works to subsume her sexuality which, Rich's suggestion may be at home in what she describes as a 'lesbian continuum'. This continuum comprises a range of female intimacies and not merely those of a genital, sexual sort. It includes the sharing of rich, inner lives, the bonding against male tyranny, the giving and acceptance of female support and advice, the comradeship of work, and so on. She says that lesbian love is the most articulate expression of this inner life and has to be understood as a protest against heterosexuality and all that it implies, both

as a system and as a sexual practice. To Rich, masculinity and femininity are both social ideals developed within the matrix of what she calls 'compulsory heterosexuality'.

Despite the differences among feminists in ideology and tactics, they all share the goal of challenging accepted ideas about women's bodies and social position. All of them vehemently protest against the imposition of patriarchal norms in the realm of body, mind and identity. Gender and sexuality are an inevitable part of subjectivity that has been inflicted upon by the dominant systems that controls sexuality and gender. Alter sexualities are means to protest against the same coercive system. The juxtaposition of body and text is such a means which would be discussed in the next chapter. In *Gender Trouble*, Judith Butler says that the repetition of heterosexual constructs in a sexual culture may be the site of gay or straight sexualities as a part of the process of "denaturalization and mobilization of gender categories" (43). The replication of heterosexuality in non- heterosexual arena "brings in to relief" (43) the constructed status of "so-called heterosexual original". Butler says that "gay is too straight not as copy is too original, but rather, as copy is to copy" (43). Accepting every norm of sexuality is the level of society that could be idealised. To quote Naomi Wolf as for concluding- "Female sexuality was everywhere, doing nothing less than nurturing and sustaining the entire world; doing nothing less than nurturing and sustaining us, humanity"(*Vagina*, 270).

## References

Brownmiller, Susan. *Against Our Will: Men, Women and Rape*. Random HousePublishing, 1975.

Butler, Judith. *Bodies That Matter: On the Discursive Limits of 'Sex'*. Routledge, 1993.

---. *Gender Trouble: Feminism and the Subversion of Identity*. 1990. Routledge, 2006.

Cixous, Helene. "From the Scene of Subconscious to the Stage of History: A Writer's

Path. "*French Feminism: An Indian Anthology*, edited by Danielle Haase- Dubosc, et al. Sage Publications, 2003, pp. 87-103.

Danaher, Geoff., Tony Schirato, and Jew Webb. *Understanding Foucault*. Sage Publications, 2000.

Glover, David., and Cora Kaplan. *Genders*. Routledge, 2007.

Hanks, Mary E. Weisner. *Gender in History*. Blackwell Publishing, 2001.

Irigaray, Luce. *An Ethics of Sexual Difference*. Trans. Carolyn Burke and Gillian C. Gill. Continuum, 1993.

Mitchel, Juliet. *Psychoanalysis and Feminism: Freud, Reich, Laing, and Women*. Pantheon, 1974.

Moi, Toril. *What is a Woman and Other Essays*. OUP, 1999.

Rich, Adrienne. "Compulsory Heterosexuality and Lesbian Existence. " Desire: The Politics of *Sexuality*, edited by Ann Snitow, Christine Stansell and Sharon Thompson. Monthly Review Press, 1983.

Rose, Jacqueline. "Femininity and its Discontents. " *Sexuality in the Field of Vision*. Verso, 1986.

Rubin, Gayle. "The Traffic in Women: Notes on the 'Political Economy' of Sex. " *Toward an Anthropology of Women*, edited by Rayna R. Reiter, MonthlyReview Press, 1975, pp. 157-210.

Schiebinger, Londa. Introduction. *Feminism and Body*, OUP, 2001, pp. 1-21.

Tong, Rosemarie. *Feminist Thought: A More Comprehensive Introduction*. Westview Press, 2009.

Weitz, Rose, ed. *The Politics of Women's Bodies: Sexuality, Appearance and Behavior*. OUP, 2003.

Wittig, Monique. "The Mark of Gender. " *The Straight Mind and Other Essays*, Beacon Press, 1992, pp. 76-89.

Wolf, Naomi. *Vagina: A New Biography*. Harper Collins Publications Inc., 2012.

# ദലിത് ഭാവനയുടെ വിമർശനാത്മക എത്നോഗ്രാഫി

**Tholil Suresh**

***Abstract:*** *ലോകവ്യാപകമായി പുതു കാഴ്ചകളും വായന കളും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഓരോ സംഭവത്തിനും വ്യത്യസ്ത രീതികളുള്ള കാഴ്ചകളും പാരായണങ്ങളുമാണ് പ്രത്യക്ഷപ്പെടുന്നത്. കലാനിർമ്മിതി കളിൽ ജാതി ലിംഗ വർഗ്ഗ വ്യാകരണങ്ങൾ തെറ്റിച്ചാൽ ചോദ്യം ചെയ്യുന്ന മനസ്സാണ് ഇന്ത്യൻ കലാരംഗത്ത് ഇപ്പോഴും. ഇതിനെ അട്ടിമറിച്ചു കൊണ്ടാണ് ഇന്ത്യൻ സമകാലിക കലാരംഗത്ത് ദലിത് വിഭാഗങ്ങളിൽ നിന്നുള്ള കലാകാരന്മാർ ഉയർന്നു വന്നിട്ടുള്ളത്. ദക്ഷിണേഷ്യൻ സംസ്ക്കാരത്തിൽ ദലിത് എന്ന നിലയിലുള്ള സാമൂഹ്യ സാഹചര്യത്തെ സൃഷ്ടികളിൽ പ്രകടിപ്പിക്കുകയും ആ സാഹചര്യത്തിന്റെ അടിയന്തിര തയ്ക്കും ആഴത്തിനും ശക്തി കൂട്ടികൊണ്ടും ആണ് ഇന്ത്യൻ ചിത്രകലയിൽ ദലിത് സാന്നിദ്ധ്യത്തിന്റെ ചിഹ്ന വ്യവസ്ഥ രൂപപ്പെട്ടത്. ദളിത് അവബോധത്തെ മുൻനിർത്തി ഇന്ത്യൻ അവസ്ഥകളെ അടയാളപ്പെടുത്തിയ ചിത്രകാരന്മാരിൽ ശ്രദ്ധേ യനായ സവീന്ദർ സവർക്കറുടെ ചിത്രരചനകളുടെ രാഷ്ട്രീയ സവിശേഷതയിലേക്കുള്ള ചില നോട്ടങ്ങളാണ് പ്രബന്ധം ലക്ഷ്യമിടുന്നത്.*

***Keywords:*** *ദലിത്, ചിത്രകല, വിവേചനം, ദലിത് അവബോ ധം, സാംസ്കാരിക രാഷ്ട്രീയം*

1961 ൽ നാഗ്പൂരിലെ മഹർ ജാതിയിൽപ്പെട്ട കുടുംബ ത്തിലാണ് സവീന്ദർ സവർക്കർ ജനിച്ചത്. 1956 ൽ അംബേദ്ക്കറുടെ പാത പിന്തുടർന്ന് സവീന്ദർ സവർക്കറുടെ കുടുംബം ബുദ്ധമതത്തിലേക്ക് പരിവർത്തനം ചെയ്തു. നാഗ്പൂർ സർവകലാശാലയാണ് സവീന്ദർ സവർക്കർ ചിത്രകല പഠിക്കാൻ തിരഞ്ഞെടുക്കുന്നത്. പിന്നീട് വിവിധ സ്ഥാപനങ്ങളിലൂടെ തന്റെ കഴിവുകൾ അദ്ദേഹം വികസിപ്പി ച്ചെടുത്തു.

ക്യുറേറ്ററും കലാചരിത്രകാരനുമായ ഗാരി ടർട്ടക്കോവ് കുറേറ്റ് ചെയ്ത എക്സിബിഷനിലായിരുന്നു സവർക്കർ തന്റെ ചിത്രങ്ങൾ ആദ്യമായി പ്രദർശിപ്പിച്ചത്. പിന്നീട് അമേരിക്കൻ ഐക്യനാടുകളിലും യൂറോപ്യൻ ഗ്യാലറികളിലും ഓസ്ട്രി

യൻ കലാസംഘമായ വുഷൻ ക്ലൗസർ (Wochen Claausar) നടത്തുന്ന കലാ സാംസ്ക്കാരിക സാമൂഹിക ഇടപെടലുകളിലും സവീന്ദർ സവർക്കറുടെ സാന്നിദ്ധ്യം തുടർന്ന് വന്നു.

ആധിപത്യം, വിവേചനം, ലിംഗഭേദം എന്നിവയിലെ ഗുരുതര പ്രശ്നങ്ങളാണ് സവീന്ദർ സവർക്കറുടെ ചിത്രങ്ങളിൽ ശക്തമായി രൂപപ്പെട്ടിട്ടുള്ളത്. കാഴ്ചക്കാരുമായി ബന്ധപ്പെട്ടു വികസിക്കുന്നതാണ് കല എന്ന യാഥാർത്ഥ്യത്തെയാണ് ഇത് മുറുകെ പിടിക്കുന്നത്. സംവാദാ ത്മക വിനിമയം എങ്ങനെ നടക്കുന്നു എന്നതിനെ ആശ്രയിച്ചും അതുണ്ടാക്കുന്ന സാഹചര്യങ്ങളിലുമാണ് വിലയിരുത്തലിന്റെ സാധ്യത തെളിയുക. സൗന്ദര്യ ശാസ്ത്രവും അദ്ദേഹത്തിന്റെ കലയുടെ രാഷ്ട്രീയവും സവീന്ദർ സവർക്കറെ ഇന്നത്തെ ഏറ്റവും വെല്ലുവിളി നിറഞ്ഞ ദലിത് കലാകാരനാക്കുന്നു.

ഭൂതകാലത്തിലേയും വർത്തമാനകാലത്തിലേയും സാമൂഹിക ലോകങ്ങളുടെ സാന്ദ്രമായ വൈരുദ്ധ്യങ്ങളും തീവ്രമായ വിവേകശൂന്യതയും അദ്ദേഹത്തിന്റെ ചിത്രങ്ങളിൽ കാണാം. സവീന്ദർ സവർക്കറുടെ പ്രാതിനിധ്യങ്ങളുടെ വിമർശനാത്മക പരിവേക്ഷണങ്ങൾക്ക് അവ ഉളവാക്കുന്ന സന്ദർഭങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറാൻ കഴിയില്ല, മറിച്ച് ഒരു വ്യതിരിക്തമായ കലയുടെ ചരിത്രപരമായ നരവംശ ശാസ്ത്ര സൂചനകളിലേക്കാണവ വിരൽ ചൂണ്ടുന്നത്.

**പ്രമേയം**

സവീന്ദർ സവർക്കറുടെ ചിത്രങ്ങളുടെ പ്രമേയം മൂന്നു തരത്തിൽ പര്യവേക്ഷണം ചെയ്യപ്പെടുന്നു. ഒന്നാമതായി വിമർശനാത്മകവും സമകാലികവുമായ ദലിത് കലയുടെ മണ്ഡലത്തിലെ അസ്വസ്ഥമായ സൗന്ദര്യാത്മക/രാഷ്ട്രീയ അജണ്ട. രണ്ടാമതായി അംബേദ്ക്കറൈറ്റ് പ്രത്യയശാസ്ത്രത്തെ സ്വാധീനിക്കുന്ന ദലിത് എന്നതിന്റെ അസ്ഥിത്വത്തെ സംബന്ധിക്കുന്നതും വൈവിധ്യമാർന്ന ആവിഷ്ക്കാരവാദം ഉൾപ്പെടെയുള്ള പ്രാതിനിധ്യ വിഭവങ്ങൾ എന്നിവയിലൂടെ അത്തരം അജണ്ടകളുടെ വിപുലീകരണം. ഒടുവിലായി ദലിത് കലാപരമായ ഉൽപാദനത്തിന്റെ വ്യത്യസ്ഥ രീതികൾ കലാ

വിമർശനത്തിന്റെ സ്ഥാപിത നടപടിക്രമങ്ങൾക്ക് വെല്ലുവിളി ഉയർത്തുന്നു.

സവീന്ദർ സവർക്കറുടെ ഡ്രോയിംഗുകൾ, ഗ്രാഫിക് സുകൾ, പെയിന്റിംഗുകൾ എന്നിവ വ്യത്യസ്ത സ്വാധീനങ്ങൾ സംയോജിപ്പിക്കുന്നതാണ്. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ജർമ്മനിയിലെ എക്സ്പ്രഷണിസ്റ്റ് സംഭവവി കാസങ്ങളും 1960 കളിൽ വടക്കേ അമേരിക്കയിലേയും യൂറോ പ്പിലേയും കലാപ്രകടനങ്ങൾ മുതൽ കവി രബീന്ദ്രനാഥ ടാഗോറിന്റെ ഇരുപതുകളിലേയും മുപ്പതുകളിലേയും കാലഘട്ടങ്ങളിലെ വിമർശനാത്മക ചിത്രങ്ങൾ വരെ ഇവ വ്യാപകമാണ്. സൃഷ്ടിപരമായ ആവിഷ്ക്കാരത്തിന്റെ ഒരു നാഴികക്കല്ലാണ് ഇവ. ഇന്ത്യൻ കലയിലെ പാരമ്പര്യത്തേയും ആധുനികതയേയും കുറിച്ചുള്ള ചോദ്യങ്ങൾ പുനരവ ലോകനം ചെയ്ത എഴുപതുകളിലേയും എൺപതുകളി ലേയും സുപ്രധാന ആഖ്യാന പ്രസ്ഥാ നത്തിനും "ഈ പ്രവണതകളുടെ സമൂലമായ പുനർനിർമ്മാണത്തിനും, പ്രത്യേകിച്ച് കേരളത്തിലും ബറോഡയിലുമായി പ്രവർത്തി ച്ചിരുന്ന റാഡിക്കൽ ഗ്രൂപ്പിനും ഒരു പ്രധാന സ്ഥാനമുണ്ട്. ബുദ്ധമത സൗന്ദര്യാത്മകതയിലേക്കുള്ള സവീന്ദർ സവർക്ക റുടെ തുറസ്സുകളുമായി ചേർന്ന് സെൻ മാസ്റ്റേഴ്സിന്റെ അതിലോലമായ ബ്രഷ് സ്ട്രോക്സ് പോലെ. എന്നിരുന്നാലും ഡെറിവേറ്റായി മാറുന്നതിനെ സവീന്ദറുടെ കല 'ഭൂതകാലത്തെ കുറിച്ചുള്ള കടുത്ത ആശങ്കകളേയും ഇരുണ്ട ലോകത്തിന്റെ വർത്തമാനത്തേയും സമന്വയിപ്പിക്കുന്നു. പ്രശസ്ത ഇന്ത്യൻ കലാനിരൂപക ഗീതാ കപൂർ സവീന്ദർ സവർക്കറുടെ ചിത്രങ്ങളെ നിരീക്ഷിച്ചത് സമൂലമായ ഒരു കലയുടെയും ദലിത്ഭാവനയുടേയും പ്രതിരൂപമെന്നാണ്. ഈ പ്രതിരൂപത്തിന്റേയും ഭാവനയുടേയും കേന്ദ്രം ചരിത്രവും സമകാലികവുമായ പ്രാതിനിധ്യങ്ങളാണ്.

തൊട്ടുകൂടാത്തവർ നേരിടുന്ന കഴിവില്ലായ്മയെ കുറിച്ച് ഡോ. ബി. ആർ. അംബേദ്ക്കർ നയിച്ച രാഷ്ട്രീയ പ്രസ്ഥാനത്തിൽ രൂപപ്പെടുത്തിയ പട്ടികകൾ, ഒരു കലാകാരൻ, ഒരു ആക്ടിവിസ്റ്റ്, ദലിത് എന്നീ നിലകളിൽ സവീന്ദർ സവർക്ക

റുടെ സ്വന്തം അനുഭവങ്ങൾ, ന്യൂഡൽഹിയിലെ സ്റ്റാറ്റിസ്റ്റിക് ഇടങ്ങൾ മുതൽ ഗ്രാമീണ ഇന്ത്യയിലെ ലിംഗ, ജാതി പീഢനത്തിന്റെ വിദൂരസ്ഥലങ്ങൾ വരെ ഓരോ സഹചര്യത്തിലും സവീന്ദർ സവർക്കർ ഈ വ്യവഹാരവും അനുഭവപരവുമായ വിഭവങ്ങൾ പിടിച്ചെടുക്കുകയും ഒരു എക്സ്പ്രഷണിസ്റ്റ് കലയുടെ ശക്തിയിലൂടെ അവ നിർമ്മിച്ചെടുക്കകയും ചെയ്യുന്നു.

**ചിത്രപരിസരം**

സവീന്ദർ സവർക്കറുടെ ചിത്രപരിസരത്തെ നിരീക്ഷിക്കുമ്പോൾ അദ്ദേഹത്തിന്റെ കലയുടെ വ്യതിരിക്തമായ കോൺഫിഗറേഷൻ അനാവരണം ചെയ്യുന്നതിനുള്ള മാർഗ്ഗമായി കാൻവാസിലെ ഓം, സ്വസ്തിക എന്നിവയ്ക്കൊപ്പം മഞ്ഞ നിറമുള്ള പശ്ചാത്തലത്തിൽ കട്ടിയുള്ളതും വേഗതയുള്ളതുമായ ബ്രഷ് സ്ട്രോക്കുകൾ ഉപയോഗിച്ച് കറുത്ത നിറത്തിൽ തടിച്ചു കുറുകിയ രണ്ടു പേർ മൺകലങ്ങൾ വഹിച്ചു നില്ക്കുന്നു. ഒന്ന് 'ഓം' എന്ന വിശുദ്ധ ഹിന്ദു ചിഹ്നവും മറ്റൊന്ന് (ജാതി ഹിന്ദു) സ്വാസ്തികയുടെ ചിഹ്നവും. സവർണ ഭരണത്തിൻ കീഴിൽ, തൊട്ടുകൂടാത്തവരെ മൺകലങ്ങളിൽ തുപ്പുന്നതിന്നായി അവരുടെ ഉമിനീർ നിലത്തു വീഴാതിരിക്കാനും അബദ്ധവശാൽ ഒരു ഉയർന്ന ജാതിക്കാരനെ മലിനപ്പെടുത്താനുള്ള കഥകൾ ഈ പരാമർശങ്ങൾ നൽകുന്നു. അയിത്തജാതിക്കാർ, ബുദ്ധ സന്യാസിമാർ താഴ്ന്ന ജാതി ദേവദാസികൾ, ബ്രാഹ്മണർ, മത ചൂഷണവാദികൾ, രാഷ്ട്രീയ തീക്ഷ്ണതയുള്ളവർ എന്നിവരുടെ വൈവിധ്യമാർന്ന ചിത്രങ്ങൾ മതപരവും മതേതരവുമായ ശ്രേണിയിലെ കീഴ്‌വഴക്കം സവീന്ദർ സവർക്കറുടെ ചിത്രങ്ങളിലെ കേന്ദ്രബിന്ദുക്കളാണ്.

**കറുത്ത സൂര്യന് കീഴിലുള്ളത്**

സവീന്ദർ സവർക്കറുടെ ശ്രദ്ധേയമായ മറ്റൊരു ചിത്രമാണ് കറുത്ത സൂര്യന് കീഴിലുള്ളത്. മഞ്ഞ നിറത്തിന്റെ പശ്ചാത്തലത്തിൽ കറുത്ത സൂര്യന് കീഴിലുള്ള രണ്ട് മനുഷ്യരൂപങ്ങൾ തൊട്ടുകൂടാത്ത രണ്ട് സ്പെക്ട്രൽ സി ലൗട്ടുകളായി

റെൻഡർ ചെയ്യുന്നു. തൊട്ടുകൂടാത്ത ഒരു സ്റ്റാന്റ് ഒരു കളിമൺകലത്തിൽ ഒരു സ്വസ്ഥിക വരച്ച കഴുത്തിൽ നിന്ന് തൂക്കിയിട്ടിരിക്കുന്നു. വലതു കൈയിൽ മണികളുള്ള ഒരു വടി പിടിച്ചു കൊണ്ട് നിൽക്കുന്ന കറുത്ത രൂപത്തിനടുത്ത് മറ്റൊരാൾ നിലത്തിരിക്കുന്നു. കഴുത്തിൽ ഓം വരച്ച ഒരു കളിമൺകലം. അയാളുടെ തലയിൽ മതചിഹ്നങ്ങളുടെ മൂന്ന് അടയാളങ്ങളുണ്ട്. ഒരു വലിയ സ്റ്റാൻ കനത്തതായി തൂങ്ങി കിടക്കുന്നു. അതിനുള്ളിലെ മഞ്ഞ നിറത്തിൽ രണ്ടു കാക്ക കളെ തുരത്തുന്നതായി അടയാളപ്പെടുത്തുന്നു. ഈ അടയാളങ്ങൾ സൂര്യഗ്രഹണ സമയത്ത് ഗ്രാമങ്ങളിൽ ഭിക്ഷാടനത്തിന് പുറപ്പെടുന്ന ദലിത് ജാതിക്കാർക്ക് ഉയർന്ന ജാതിക്കാർ അനുവദിച്ച രീതിയെയാണ് സൂചിപ്പിക്കുന്നത്. തൊട്ടുകൂടായ്മയുടെ പ്രധാന കാഴ്ചയായ കാക്കകൾ മുതൽ ജാതിക്രമത്തിനുള്ളിലെ ഏറ്റവും താഴ്ന്ന ആചാരപരമായ പദവിയുടെ വ്യതിരിക്തമായ ചിഹ്നം വരെ, ഹിന്ദു മുസ്ലീം വിശ്വാസങ്ങൾക്കു മുന്നിൽ ദലിതരുടെ മതം എന്താണെ ന്നതിന്റെ അനിശ്ചിതത്വം വരെ ഒരു ഗ്രഹണ സമയത്ത് മാത്രം സൂര്യൻ കറുത്തവനല്ലന്ന് ഈ ക്യാൻവാസിലെ കാഴ്ചകൾ പ്രഖ്യാപിക്കുന്നു.

ഇന്ത്യയിൽ മാത്രമല്ല അതിനപ്പുറവും സവീന്ദർ സവർക്കറുടെ സൃഷ്ടി ഭൂതകാലത്തേയും വർത്തമാനത്തേയും കുറിച്ചുള്ള ഒരു ഡോക്യുമെന്റേഷൻ എന്നതിൽ കവിഞ്ഞ് സാമൂഹിക അടിച്ചമർത്തലിന്റെ കാഴ്ചകൾക്കപ്പുറത്തേക്ക് സഞ്ചരിക്കുന്നു.

**അധികാരത്തിന്റേയും വ്യത്യാസത്തിന്റേയും മാന്യമായ ചിത്രീകരണം**

ഇന്ത്യയിലെ ജാതിമത രൂപവൽക്കരണങ്ങൾ എപ്ര കാരം ചോദ്യം ചെയ്യപ്പെട്ടുവോ അതിനേക്കാൾ കൂടുതൽ സവീന്ദർ സവർക്കറുടെ ചിത്രങ്ങൾ അത്തരം ചോദ്യങ്ങളെ അഭിസംബോധന ചെയ്യുന്നുണ്ട്. വാസ്തവത്തിൽ അദ്ദേഹ ത്തിന്റെ ചിത്രങ്ങളുടെ നിർണ്ണായകമായ ഇടപെടൽ ഊർജ്ജ നിബന്ധനകളിലേക്കും വ്യത്യാസത്തിന്റെ നിർണ്ണയങ്ങ ളിലേക്കും ഉള്ള ഇരട്ട സ്വഭാവത്തിൽ നിന്നാണ്. അതേസമയം

കൃത്യമായി അധികാരത്തിന്റെയും വ്യത്യാസത്തിന്റേയും കേന്ദ്രീകൃതമായ ചിത്രീകരണം സാധ്യമാക്കുന്നു.

ഒരു ഏകീകൃത സ്ഥലം കൈവശപ്പെടുത്തുന്നതിനോ അല്ലങ്കിൽ ഒരു പ്രത്യേക ഭൂപ്രദേശം സൃഷ്ടിക്കുന്നതിനോ പകരം, അധികാരം ഇവിടെ നിർണ്ണായക ബഹുവചനമായി കാണപ്പെടുന്നു. ഇതിനർത്ഥം സവർക്കറുടെ കല അധികാര ത്തിന്റെ ആവിഷ്ക്കാരങ്ങളേയും രീതികളേയും ഏകോപിപ്പിച്ച ഛായാചിത്രങ്ങളായി കണക്കാക്കുന്നു. എന്നിട്ടും വിഘടിച്ച പ്രൊഫൈലുകൾ, ഇഫക്റ്റുകൾ, സെപ്കട്രൽ സാമ്പാൾട്ടേ ണിന്റേയും സ്പഷടമായ വ്യത്യാസത്തിന്റേയും ഭാരം വഹിക്കുന്നതിനെ ബാധിക്കുന്നു. ഈ സൂചകങ്ങൾ പ്രതിരോധശേഷിയുള്ള ഐഡന്റിറ്റികളുടെ പ്രണയവും സ്വയംഭരണ വിഷയത്തിന്റെ മയക്കവും പ്രഖ്യാപിക്കുന്നില്ല, അത് അധികാരത്തിൽ നിന്ന് വേർതിരിക്കപ്പെടുന്നു.

ഇന്ത്യയിലെ കലാകാരൻമാർ സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ കഴിയുന്നവരുടെ പ്രശ്നങ്ങൾ എടുക്കാൻ മടിക്കുമ്പോഴാണ് സാഹചര്യങ്ങൾക്കനുസരിച്ച് സങ്കീർണ്ണമായ പ്രശ്നങ്ങൾ സവീന്ദർ സവർക്കറെപോലുള്ള ദലിത് ചിത്രകാ രൻമാർ പൊതുവേദിയിലെത്തിക്കുന്നത്.

കലയെയും ജാതി രാഷ്ട്രീയത്തെയും കുറിച്ചുള്ള ഏത് സംഭാഷണവും സവർക്കർ എന്നറിയപ്പെടുന്ന സവീന്ദർ സവർക്കറിനെക്കുറിച്ച് പരാമർശിക്കാതെ അപൂർണ്ണമായിരി ക്കും. വർഷങ്ങളായി അദ്ദേഹം ആധുനിക ഇന്ത്യൻ കലാമേഖലയിലും ഗാലറികളിലും ദലിത് കലയ്ക്ക് ഒരു ഇടം സൃഷ്ടിച്ചു, രാജ്യത്തുടനീളം മാത്രമല്ല ലോകമെമ്പാടും.

ഒരു ദലിത് ആർട്ടിസ്റ്റ് എന്ന നിലയിൽ ബുദ്ധിമുട്ടുള്ള ചോദ്യങ്ങളും വേദനാജനകമായ യാഥാർത്ഥ്യങ്ങളും സവീന്ദർ സവർക്കറുടെ സൃഷ്ടികളെ മുൻനിരയിലേക്ക് കൊണ്ടുവരുന്നു. ജാതിവ്യവസ്ഥയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വിമർശനം വ്യക്തമാണ്. അത് അദ്ദേഹം ചിത്രീകരിക്കുന്ന ലളിതമായ ഇരയാക്കലല്ല, മറിച്ച് ഒരു ഇരുണ്ട ഭൂതകാലത്തിന്റെ സാംസ്

കാരിക രാഷ്ട്രീയ സാഹചര്യങ്ങളെ കാഴ്ചക്കാരിൽ അസ്വസ്ഥ തയുളവാക്കും വിധത്തിൽ ആവിഷ്ക്കരിക്കലാണ്.

**References**

*Dalit Text Aesthetics and politics Re imagined*, Oxford University Press, London, 2015.

Gary Tartakov, *Dalit Art and visual imagery,* Routledge, Newyork, 2013.

# മലബാറിലെ ഫോക്പാരമ്പര്യവും ദർശനവും: ദലിത് സമൂഹിക വീക്ഷണത്തിൽ

**Ravi. K. P.**

***Abstract:*** *മലബാറിലെ തദ്ദേശീയ ജനതയുടെ ജ്ഞാനവും പ്രതിരോധത്തിന്റെ രാഷ്ട്രീയവും അവരുടെ അനുഷ്ഠാന കലകളിൽ സന്നിഹിതമാണ്. ഫോക്‌ലോറിന്റെ ഭാഗമായി ഇവയെ സമീപിച്ചിട്ടുണ്ടെങ്കിലും ഈ ജനതയുടെ സമഗ്ര സാംസ്കാരിക-രാഷ്ട്രീയ പരിസരത്തു വെച്ച് പഠിക്കാനുള്ള ശ്രമങ്ങൾ ഏറെ നടന്നിട്ടില്ല. അടിമത്ത ജനതയുടെ ചരിത്രവും നീതിബോധവും ലോകവീക്ഷണവും സാംസ്കാരിക സമത്വദർശനത്തിന്റെ നിദർശനമായി മാറുന്നതെങ്ങനെയെന്ന് അന്വേഷിക്കുകയാണ് ഈ ലേഖനത്തിൽ.*

***Keywords:*** *ജാതി, അടിമത്തം, ജീവിതാധികാരം, പ്രതിരോധം, രാഷ്ട്രീയം, ഭരണകൂടം.*

കാടും കാവും കണ്ടൽകാടുകളും, കടൽത്തീരങ്ങളും ആവാസ വ്യവസ്ഥയായിട്ടുള്ള ജനതയുടെ കുന്നുകളിലെയും കണ്ടികളിലെയും കൈപ്പാടുകളിലെയും കടലോരത്തേയും ജൈവ ജീവനം മനുഷ്യാധ്വാനത്തിലധിഷ്ഠിതമായിരുന്നു. സ്വയം സമ്പൂർണ്ണവും സാംസ്കാരിക വൈവിധ്യവും ഭൗതികാടിത്തറയുമുള്ള ആത്മീയജീവിതത്തിന്റെ പ്രകാശനങ്ങളായിരുന്നു ഈ സ്ഥലരാശി. യാതൊരു ഭരണകൂടത്തിന്റെയും പിന്തുണയോ ഒത്താശയോ ലഭിക്കാതെയാണ് ഈ സാംസ്കാരിക ഭൂമിശാസ്ത്രത്തെ തങ്ങൾക്കനുകൂലമായി കഠിനാധ്വാനത്തിലൂടെ ഇവർ മാറ്റിയെടുത്തത്. ആ അർത്ഥത്തിൽ പ്രതിജനഭിന്നസർഗാത്മകതയുടെ ആഴം ഈ സംസ്കാരങ്ങൾക്കവകാശപ്പെടാനാവും. ജനജീവിതാവബോധത്തിന്റയും പാരിസ്ഥിതിക ലോകവീക്ഷണത്തിന്റെയും നാട്ടുസംസ്കാരത്തിന്റെ 'അറ'യാണ് (ധർമ്മം) തെയ്യമായും തിറയായും മറ്റ് അനുഷ്ഠാന കലകളായും സർഗ്ഗാത്മകമായത്. കാർഷികാധ്വാനത്തിന്റെ ചൂടും ചൂരും എങ്ങനെ കലകളായി, അനുഷ്ഠാനമായി മാറി എന്നത് വേണ്ടത്ര അന്വേഷണത്തിന് വിധേയമായിട്ടില്ല. ഫോക്ക്‌ലോറിന്റെ ഭാഗമായി ഇവയെ പഠനവിധേയമാക്കിയെങ്കിലും തദ്ദേശീയ ജനതയുടെ സമഗ്ര രാഷ്ട്രീയ പരിസരത്തു വച്ച് പരിശോധിച്ചിട്ടില്ല.

ഇന്ത്യൻ അവസ്ഥയെന്നത്, കേരളത്തിന്റേത് സവിശേഷമായും, എട്ടാം നൂറ്റാണ്ടിന് ശേഷം വർണാധിഷ്ഠിതമോ ജാത്യാധിഷ്ഠിതമോ ആയ സമൂഹമായി വിഭജിക്കപ്പെടുന്നുണ്ട്. സമത്വാധിഷ്ഠിതമായ ജൈന–ബുദ്ധ ജനജീവിതാധികാരത്തെ സാമൂഹികമായും പ്രത്യയശാസ്ത്രപരമായും ഉന്മൂലനം ചെയ്തുകൊണ്ടാണ് അസമത്വാധിഷ്ഠിത ബ്രാഹ്മണ്യാധികാരം സ്ഥാപിതമാകുന്നത്. ബ്രാഹ്മണ്യ പൗരോഹിത്യത്തിന്റെ ഭൗതികസുഖത്തിനും ഹിതത്തിനും അനുകൂലമായി സാമൂഹിക പ്രക്രിയയെ മാറ്റിയെഴുതിയത് ജാതി വ്യവസ്ഥയെ സ്ഥാപനവൽക്കരിച്ചു കൊണ്ടാണ്. അടിമത്ത സമ്പ്രദായം അതിന്റെ അതിക്രൂരവും ആഖ്യാനാതീതവുമായ ചൂഷണവ്യവസ്ഥയായിരുന്നു. മിഷണറിമാരുടെ നിരന്തര ശ്രമഫലമായി 1853–ൽ നിയമം മൂലം നിർത്തലാക്കുന്നതു വരെ കേരളത്തിൽ അടിമത്തം നിലനിന്നു. അതിനു ശേഷവും വ്യത്യസ്ത രീതികളിൽ കേരളത്തിൽ അടിമത്തം തുടരുന്നുണ്ട്. പഴയ തിരുവിതാംകൂർ ദേശരാഷ്ട്രമായി നിലനിന്നതു തന്നെ കാർഷികാടിമകളായ ജനതയുടെ ശാരീരികാധ്വാനത്തിന്റെ മുകളിലാണ്. ചരിത്രത്തിലുടനീളം ഈ ജനത ചൂഷണത്തിനടിപ്പെട്ടു. എങ്കിലും അവരുടെ ശാരീരികാധ്വാനത്തിന്റെ അഗ്നിസ്ഫുലിംഗങ്ങളിൽ നിന്ന് നാടൻകലകൾ ഉരുവായി. ആട്ടവും കൊട്ടും പാട്ടുമുണ്ടായി. ആട്ടുകൊട്ടുപാട്ട്ലാതൻമാരും കോതമാരുമുണ്ടായി.

**ഗോത്രകലകളുടെ നീതിബോധവും ലോകവീക്ഷണവും**

കാട് ആളുന്നവരുടെ, കാട്ടളരുടെ, ആദിമനിവാസികളുടെ ജീവിതാധികാരത്തിന്റെ പുരാവൃത്തലോകമാണ് ഗോത്രകലകളിലൂടെ പ്രതിനിധാനം ചെയ്യപ്പെട്ടത്. മേൽ ലോകത്താൽ കീഴ് ലോകം ചൂഷണവിധേയമാകുന്നതിന്റെയും ചൂഷണാധിഷ്ഠിത ലോകത്തെ മറിക്കടക്കുന്നതിന്റെയും വിശാല സ്വാതന്ത്ര്യഭാവനയുടെ പുരാവൃത്തങ്ങളായി ഗോത്രകലകൾ മാറുന്നു. കീഴ്പ്പെടുത്തപ്പെട്ടവരുടെ ചരിത്രവും നീതിബോധവും ലോകവീക്ഷണവും സാംസ്കാരികമായി സമത്വദർശനത്തിന്റെ നിദർശനമായി മാറുന്നതെങ്ങനെയെന്ന് ഗോത്രകലകൾ പറഞ്ഞു തരും. പ്രകൃതിയും പ്രകൃതി പ്രതിഭാസങ്ങളും മനുഷ്യരും ജന്തുജാലങ്ങളും സമ്യക്കായി ഇവിടെ ചുവടുറപ്പിക്കുന്നു. ജൈവപ്രകൃതിയുടെ താളലയങ്ങൾ അത്രമേൽ ഗോത്രകലകളിൽ അന്തർലീനമായിരിക്കുന്നു.

പുനം കൃഷിയിൽ നിന്ന് കോൾ കൃഷിയിലേക്കുള്ള ഇറക്കത്തോടൊപ്പം അടിമത്തവും ജാതി വ്യവസ്ഥയും സ്ഥാപനവൽക്കരിക്കപ്പെടുന്നുണ്ട് കേരളത്തിൽ. പരശുരാമൻ ഉപയോഗിച്ച മഴു

ഈയർത്ഥത്തിൽ കേരളത്തിന്റെ ജൈവ പരിസ്ഥിതിക്കു മേൽ ഉപയോഗിക്കപ്പെട്ട ആയുധം കൂടിയായിരുന്നു. ഈ മാറ്റം കേരള ത്തെ സംബന്ധിച്ചിടത്തോളം ബഹുജന ജീവിതാധികാരത്തിന്റെ മേലെയുള്ള വർണ ജാതി ഭരണകൂടാധിപത്യം കൂടിയാണ്. അധികാര രാഷ്ട്രീയത്തിന്റെ ഈ ആധിപത്യ വഴികൾ പ്രയോജന കരമായത് ബ്രാഹ്മണ്യപൗരോഹിത്യ സമൂഹത്തിനും ആ വ്യവസ്ഥയുമായി സാമൂഹിക ഉടമ്പടിയിലേർപ്പെട്ടവർക്കുമായിരുന്നു. തിരുവിതാംകൂർ രാജാക്കന്മാർ അധികാരാരോഹണ സമയത്ത് എടുക്കുന്ന പ്രധാന പ്രതിജ്ഞ ബ്രാഹ്മണരെയും പശുക്കളെയും സംരക്ഷിക്കുമെന്നായിരുന്നു. മാർത്താണ്ഡവർമ്മ ഒടുവിൽ പത്മനാഭ ദാസനായി മാറി ഹിന്ദുത്വഭരണകൂടത്തിന് തറക്കല്ലിട്ടു. അതിൽ നിന്ന് തദ്ദേശീയ ജനതയ്ക്ക് മോചനം നൽകാൻ അയ്യൻകാളിയും പൊയ്കയിൽ അപ്പച്ചനും ജനിക്കേണ്ടി വന്നു. പൊയ്കയിൽ അപ്പച്ചന്റെ അടിമപ്പാട്ടുകളാണ് തിരുവിതാംകൂറിലെ അടിത്തട്ടു ജനതയുടെ ചരിത്രാഖ്യാനങ്ങൾ. അടിമത്ത ജനതയുടെ നേരും നെറിയും ഉൾക്കൊള്ളുന്ന ആ ആഖ്യാനങ്ങൾ വർണ ജാതി സങ്കുചിതബോധത്തെ റദ്ദ്ചെയ്ത് പുതിയൊരു മലയാളിയെ സങ്കല്പിക്കുന്നതിന്റെ പ്രായോഗിക ചിത്രമാണ്.

**ഭരണകൂടവും ക്ലാസിക്ക് കലകളും**

കേരളത്തിലെ ക്ലാസിക്ക് കലകൾ ഈ ഭരണകൂട സ്ഥാപനവൽക്കരണത്തിന്റെ പരിലാളനയ്ക്കൊപ്പമാണ് വളർന്നു വികസിക്കുന്നത്. കഥകളി, ചാക്യാർകൂത്ത്, കൂടിയാട്ടം, എന്നീ കലകൾക്ക് കിട്ടിയ അതാതു കാലത്തെ ഭരണകൂട കേന്ദ്രീകൃതമായ സഹായം നിസ്സീമമായിരുന്നു. വളരെ ചെറിയൊരു ശതമാനം ക്ഷേത്ര ജനതയ്ക്കായി കൃത്രിമമായി ചിട്ടപ്പെടുത്തിയവയായിരുന്നു ഈ കലകൾ. കഥകളിയെന്ന കലാരൂപം പ്രകടമായി തന്നെ വർണ്ണവ്യവസ്ഥയും ജാതി വ്യവസ്ഥയും പരിപാലിക്കുന്നതാണ്. അതിലെ പച്ച, കത്തി വേഷങ്ങൾ പ്രത്യക്ഷമായും സവർണ ദൈവ സങ്കല്പങ്ങളെയും അസുര ഭൗതിക പരിസരത്തെയും പ്രതിനിധീക രിക്കുന്നവയാണ്. അസുര വീരനായകരെ അത്രയും ഹിംസാത്മ കമായി ഉന്മൂലനം ചെയ്യപ്പെടുന്നതിന്റെ ആഖ്യാനമാണ് കഥകളി. കേരളത്തിലെ അമ്പലവട്ടത്ത് മാത്രം കേന്ദ്രികരിക്കപ്പെട്ട ഈ കലാരൂപത്തിന് വള്ളത്തോൾ സ്ഥാപിച്ച കലാമണ്ഡലത്തിലൂടെ യാണ് പൊതുസമ്മതി ലഭിക്കുന്നത്. നിരന്തരം ഹിംസയെ ആഖ്യാനവൽക്കരിക്കുന്ന ഈ കലാരൂപത്തെയാണ് മലയാളിദേശീ യതയായി വ്യാഖ്യാനിക്കാൻ സാംസ്കാരിക നായകന്മാർ ഉണ്ടായ

ത്. പില്ക്കാലത്ത് ഇടതും വലതുമായ അക്കാദമിക് വരേണ്യർ ഈ കലയെ വിമർശനരഹിതമായി പിന്തുണയ്ക്കുകയുണ്ടായി.

അധ്വാനപരമായി ജ്ഞാനികളാണെങ്കിലും എല്ലാ അർത്ഥത്തിലും വിഭവ ദരിദ്രരായി തീർന്നവരായിരുന്നു കേരളത്തിലെ ജാതിവ്യവസ്ഥാനന്തര കാലത്തെ ബഹുജനങ്ങൾ. ജാതി വ്യവസ്ഥയും അതിന്റെ തീക്ഷ്ണരൂപമായ അടിമത്തവും ഇവരെ കൂടുതൽ വിഭവ ദരിദ്രരാക്കി. ബ്രഹ്മസ്വമെന്നും ദേവസ്വ മെന്നും ഉള്ള പേരിൽ ഇടനാടൻ ശുദ്ധ ജലവിഭവങ്ങളുള്ള ഇടങ്ങ ളെല്ലാം ബ്രാഹ്മണർ ജന്മം തീറാധാരമായി കൈവശപ്പെടുത്തി. ജൈനരും ബൗദ്ധരും കൊണ്ടു നടന്ന പ്രധാനപ്പെട്ട മുക്കാൽവട്ടങ്ങൾ ബ്രാഹ്മണ പൗരോഹിത്യത്തിന്റേതാക്കി. അല്ലാത്ത ജൈന ബൗദ്ധവിഹാരങ്ങൾ ഉപയോഗശൂന്യമായി മണ്ണടിഞ്ഞ് നശിച്ചു. നശിച്ചുപോയ പല വിഹാരങ്ങളും പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനവും ഇരുപതാം നൂറ്റാണ്ടിന്റെ ആദിയിലും കണ്ടെടുക്കപ്പെടുന്നവയാണ്.

**ബഹുജൻ ജീവിതാധികാരത്തിന്റെ പ്രതിരോധവും രാഷ്ട്രീയവും**

1891-ലെ സെൻസസ് പ്രകാരം ബ്രാഹ്മണരുടെ ജനസംഖ്യ 0.37% മാത്രമാണ്. ഈഴവർക്കും മറ്റ് ദലിത് ബഹുജന വിഭാഗങ്ങൾക്കും ക്ഷേത്രത്തിലേക്ക് പ്രവേശിക്കുന്നതു പോയിട്ട് അതിനു ചുറ്റുവട്ടത്തു കൂടി പോലും അന്ന് പ്രവേശനാനു മതിയുണ്ടായിരുന്നില്ല എന്നോർക്കണം. അഹിന്ദുക്കളായിരുന്നല്ലോ ഇവർ. ക്ഷേത്രത്തിലേക്ക് പ്രവേശിക്കേണ്ട ഒരു ഗതികേടും ഇവർക്കുണ്ടായിരുന്നില്ല എന്നതാണ് സാമൂഹിക യാഥാർത്ഥ്യം. ബ്രാഹ്മണ്യ പൗരോഹിത്യത്തെ ദലിത് ബഹുജനങ്ങൾ അംഗീക രിച്ചിരുന്നില്ല. അതിനേക്കാൾ ഭൗതികാടിത്തറയുള്ള ആത്മീയ പാരമ്പര്യം ഉൾവഹിച്ചവരായിരുന്നല്ലോ ദലിത് ബഹുജനങ്ങൾ. കാവ് പാരമ്പര്യം ദലിത് ബഹുജനങ്ങളുടെ ശക്തമായ ശാക്തേയ ഇടമായിരുന്നു. മരിച്ചുപോയ പിതൃക്കളെ അവർ ഇവിടെ കുടിയിരുത്തി ആരാധിച്ചു. മുത്തപ്പനും, ചാത്തനും, ഗുളികനും അമ്മദൈവങ്ങൾക്കും അവർ പ്രാധാന്യം നൽകി. ചത്തോറെ കോലങ്ങളെ വിളിച്ചുണർത്തി അവർ തോറ്റംപാട്ടുണ്ടാക്കി. നമ്മുടെ വാമൊഴി തോറ്റങ്ങൾ, നാടൻ പാട്ടുകൾ, മന്ത്രവാദങ്ങൾ, നാടൻ കളികൾ, യക്ഷി കഥകൾ, രംഗകലകൾ, നാട്ടുഭക്ഷണങ്ങൾ, കൈവേലകൾ, ഐതിഹ്യങ്ങൾ, പൊറാട്ടുകൾ, പുരാവൃത്തങ്ങൾ, കടങ്കഥകൾ, പഴഞ്ചൊല്ലുകൾ, കളമെഴുത്തുകൾ, കാളി നാടകങ്ങൾ ഇങ്ങനെ ബഹുജന സംസ്കാരത്തിന്റെ പ്രപഞ്ചമെന്നത്

വിശാലമായിരുന്നു. ബ്രാഹ്മണ പൗരോഹിത്യത്തെ ആശ്രയിക്കാതെ തന്നെ അതിവിശാലവും പരിസ്ഥിതിനിഷ്ഠവും സ്വയം സമ്പൂർണ്ണവുമായിരുന്നു ദലിത് ബഹുജൻ ജീവിതാധികാരമെന്ന് ഈ സംസ്കാരിക വൈവിധ്യം വെളിപ്പെടുത്തുന്നുണ്ട്. ജാതിയും അതിന്റെ ചൂഷണാധിഷ്ഠിത സാമൂഹികരൂപങ്ങളും രൂക്ഷമായിട്ടും സവർണജാതി സമഗ്രാധിപത്യത്തിന് ബഹുജന സംസ്കാരത്തിന് മേൽ അത്രമേൽ മേൽക്കോയ്മ സ്ഥാപിക്കാൻ കഴിഞ്ഞിരുന്നില്ല എന്നത് സാംസ്കാരിക യാഥാർത്ഥ്യമാണ്. അത്രമാത്രം വൈവിധ്യം സാംസ്കാരികമായി തദ്ദേശീയ ജനതയുടെ കലകൾക്കുണ്ട്, അനുഷ്ഠാനങ്ങൾക്കുണ്ട്.

പൊലിക പൊലിക കാട് പൊലിക.
പൊലിക പൊലിക നാട് പൊലിക
പൊലിക പൊലിക ദേശം പൊലിക
പൊലിക പൊലിക ലോകം പൊലിക

എന്നതായിരുന്നു ഇവരുടെ ദർശനം. കാടും നാടും ദേശവും പൊലിയുമ്പോൾ ലോകം മാറുന്നു എന്നത് അടിത്തട്ട് ജനതയുടെ ഭാവന മാത്രമല്ല; മറിച്ച് നീതിയുക്തമായൊരു സമൂഹനിർമിതിയുടെ പ്രായോഗികരാഷ്ട്രീയം കൂടിയായിരുന്നു.

കൊട്ടിവിളിച്ചു ഞാൻ പാടുന്ന നേരത്തു ഞെട്ടിയുണർന്നു പന്തലിൽ വാഴ്കയെന്നവർ പാടി. ഉടലെടുത്തു വരുന്ന നാടൻ ദേവതകളെ തോറ്റിയുണർത്തുന്ന സർഗ്ഗാവിഷ്ക്കാരമായി തോറ്റങ്ങൾ. വർണ-ജാതി- അടിമത്ത വ്യവസ്ഥക്കെതിരെ നിലകൊണ്ട വീരനായകരുടെ ജീവചരിത്രം കൂടിയാണ് തോറ്റങ്ങൾ. അതിൽ പെണ്ണും ആണും പെടും. കണ്ടി തെയ്യം തോറ്റങ്ങളും, ഭഗോതി തോറ്റങ്ങളും കീഴടങ്ങാൻ കൂട്ടാക്കാത്ത തദ്ദേശീയ ജനാവലിയുടെ സാംസ്കാരിക രാഷ്ട്രീയത്തിന്റെ ഈടുവെപ്പുകളാണ്. ആചാരത്തിൽ നിന്നും വിശ്വാസത്തിൽ നിന്നും സൂക്ഷമാർത്ഥത്തിൽ ഇളക്കിനോക്കിയാൽ അവയിൽ നിന്ന് ചോരപൊടിയുന്നതു കാണാം. ചെറുത്തുനിൽപ്പിന്റേയും പ്രതിരോധത്തിന്റെയും അതിജീവനത്തിന്റെയും ചോര.

എന്തു തന്റെ തീണ്ടലാണ് തമ്പുരാന്റെ തീണ്ടലെന്ന പൊട്ടൻ തെയ്യത്തിന്റെ ജ്ഞാനപരിസരം ജാത്യാധികാരത്തിന്റ സങ്കുചിതാവബോധത്തെ പരിഹസിക്കുക മാത്രമല്ല ബഹുജന സംസ്കാരത്തിന്റെ സമത്വദർശനത്തെയും നീതിബോധത്തെയും വാദിച്ചുറപ്പിക്കുന്നുണ്ട്. തദ്ദേശീയ ജനതയുടെ സാമൂഹിക

വിമർശാവബോധത്തിന്റെ അടിത്തറയായി അത് പരിണമിച്ചു. ഉത്തരകേരളത്തിലെ പുലിമറഞ്ഞതൊണ്ടച്ഛൻ നാടുവാഴിത്ത അസമ വ്യവസ്ഥയെക്കതിരെയുള്ള പ്രതിരോധവും രാഷ്ട്രീയവുമായി. ചത്തോറെ കോലങ്ങൾ ഭൗതിക യാഥാർത്ഥ്യമായി ജീവിച്ചു തീർക്കുന്നവർക്കിടയിൽ ഉറഞ്ഞു നിറഞ്ഞു. കുമ്മാട്ടി, പൂതനും തിറയും, കാളിക്കെട്ട്, മുടിയാട്ടം, മംഗലംകളി എന്നീ അനുഷ്ഠാന കലകൾ സാംസ്കാരിക വൈവിധ്യങ്ങളെ വെളിപ്പെടുത്തുന്ന തോടൊപ്പം അതിജീവനത്തിന്റെയും പ്രതിരോധത്തിന്റെയും രാഷ്ട്രീ യാവിഷ്ക്കാരം കൂടിയായി മാറിയതിന്റെ ചരിത്രമാണ് ബഹുജന കലകളുടേത്. ഇന്നും ഈ സാംസ്കാരിക തലമാണ് മലയാളിയുടെ ജനാധിപത്യ ബോധത്തെ ചലനാത്മകമാക്കി മാറ്റുന്നത്.

വൈവിധ്യമാർന്ന ഈ സാംസ്കാരിക ധാരകളെ ഏകശി ലാത്മക പ്രത്യയശാസ്ത്രത്തിലേക്ക് ഒതുക്കി അധികാര രാഷ്ട്രീയ ത്തിനുള്ള വഴി തേടുകയാണ് ഫാസിസ്റ്റു രാഷ്ട്രീയം. ബഹുജന സംസ്കാരത്തെ സ്വാംശീകരിച്ച് ഉന്മൂലനം ചെയ്യുക എന്നതാണ് ഇവരുടെ പ്രത്യയശാസ്ത്രതന്ത്രം. അതിനാൽ ഫാസിസത്തിനെ തിരെയുള്ള ജനാധിപത്യ രാഷ്ട്രീയമെന്നത് ബഹുജന സാംസ്കാരി കരാഷ്ട്രീയം കൂടിയാണ്. ബഹുജനങ്ങളുടെ തിരിച്ചറിവുകളാണ് ഇവിടെ രാഷ്ട്രീയായുധം. പ്രാന്തം മുഖ്യമാകുന്നതിന്റെ സാമൂഹിക രാഷ്ട്രീയ പരിസരമാണിത്.

## References


അജിത് കുമാർ. എൻ (ഡോ), കലാകേരളം, കേരള സാഹിത്യ അക്കാദമി, തൃശൂർ, 2012.

അനിൽ കെ. എം, ഫോക്/ക്ലാസ്സിക്കൽ: ജാതി യന്ത്രവും ജ്ഞാന രൂപീകരണവും, കേരളീയ രംഗകല ചരിത്രം വിചാരം വിമർശം (എഡി) സുനിൽ പി ഇളയിടം, കൈരളി ബുക്സ്, 2020.

അനിൽ കെ. എം, ഫോക് ലോർ ജനസംസ്കൃതിയുടെ വേരുകൾ, കേരള ഫോക് ലോർ അക്കാദമി, കണ്ണൂർ, 2018

കരിപ്പത്ത് ആർ. സി (ഡോ), മലബാറിലെ മാപ്പിളത്തെയ്യങ്ങൾ, ന്യു ബുക സ്, കണ്ണൂർ, 2014.

ഗിരീഷ് കുമാർ എസ് (ഡോ)അധികാരവും പ്രതിരോധവും അനുഷ്ഠാന കലകളിൽ, കേരള ഫോക് ലോർ അക്കാദമി, കണ്ണൂർ, 2019.

തമ്പാൻ എം. ആർ (ഡോ) അയ്യപ്പപ്പണിക്കരുടെ രംഗകലാപഠനങ്ങൾ, സാഹിത്യ പ്രവർത്തക സഹകരണ സംഘം, തിരുവനന്തപുരം, 2010.

ദിരാർ വി എച്ച്, ആദിവാസി ജീവിതം ഒരു സാംസ്കാരിക പഠനം, ഗ്രീൻ ബുക്സ്. തൃശൂർ, 2016.

പള്ളത്ത്. ജെ. ജെ, നാട്ടറിവ് ഒരു സമ്പൂർണ്ണ പഠനവും രീതിശാസ്ത്രവും, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2017.

പാനൂർ കെ, കേരളത്തിലെ ആഫ്രിക്ക, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1999.

ഭരതൻ കെ. എം (ഡോ) കുട്ടി ചാത്തൻ പഠനങ്ങൾ, കേ. ഭാ. ഇ. തിരുവനന്തപുരം, 2016.

ഭരതൻ കെ എം (ഡോ) നാട്ടു സംസ്കൃതിയുടെ നടവഴികൾ, കേ. ഭാ. ഇ. തിരുവനന്തപുരം, 2015.

മിനി. പി. വി, ഗോത്രകലകളുടെ ദൃശ്യ സംസ്കാരം, കേരള ലളിതകലാ അക്കാദമി, തൃശൂർ, 2011.

മുഹമ്മദ് അഹമ്മദ് ബി, മാപ്പിള ഫോക് ലോർ, സമയം പബ്ലിക്കേഷൻസ്, കണ്ണൂർ, 2009.

രാഘവ വാര്യർ, രാജൻ ഗുരുക്കൾ, മിത്തും സമൂഹവും, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 2013.

രാഘവൻ പയ്യനാട് (ഡോ) ഫോക് ലോർ, കേ. ഭാ. ഇ. തിരുവനന്തപുരം, 2019.

വിഷ്ണുനമ്പൂതിരി എം. വി (ഡോ) തോറ്റംപാട്ടുകൾ, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം, 2016.

സജിത കിഴിനിപ്പുറത്ത്, അനുഷ്ഠാനങ്ങളിലെ സ്ത്രീ രൂപം, കേ. ഭാ. ഇ. തിരുവനന്തപുരം, 2017.

# മാറുമറയ്ക്കൽ സമരത്തിലെ സ്വത്വ രാഷ്ട്രീയപാഠങ്ങൾ

**Beena K**

***Abstract*:** *കേരളത്തിലെ സ്ത്രീമുന്നേറ്റ ചരിത്രങ്ങളുടേയും സ്ത്രീപക്ഷവായനകളുടേയും ലിംഗസമത്വ, ലിംഗപദവി ചർച്ച കളുടേയും ചരിത്രം പരിശോധിച്ചാൽ പത്തൊമ്പതാംനൂറ്റാ ണ്ടിന്റെ പൂർവ്വാർദ്ധത്തിൽ ഇവിടെ നടന്ന മാറുമറയ്ക്കൽ സമര ത്തിന് നിർണ്ണായക സ്ഥാനമാണ് ഉള്ളതെന്ന് കാണാം. ഒരു ജനവിഭാഗത്തിന്റെ വിപ്ലവകരമായ മുന്നേറ്റചരിത്രവും ജാതിവി രുദ്ധ പോരാട്ടവും എന്നതിലുപരി അത് കേരളത്തിലെ സ്ത്രീ മുന്നേറ്റ ചരിത്രമാണ്. ചാന്നാർലഹള, മേൽശീലകലാപം, ശീല വഴക്ക്, മുലമാറാപ്പുവഴക്ക്, മേൽമുണ്ട് വിപ്ലവം, തോൾശീലസ മരം എന്നിങ്ങനെ വ്യത്യസ്ത പേരുകളിൽ രേഖപ്പെടുത്തപ്പെട്ട ഈ ജാതിവിരുദ്ധ പ്രക്ഷോഭത്തിന് വ്യത്യസ്ത ചരിത്ര പാഠങ്ങ ളാണ് ചരിത്രകാരൻമാർ നൽകിയിട്ടുള്ളത്. വർണപരവും, ലിംഗപരവും വംശപരവുമായ അധീശത്വങ്ങൾക്ക് വിധേയപ്പെ ട്ടുകൊണ്ട് ആചാരബദ്ധതയുടെ പേരിൽ വസ്ത്രധാരണ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട ഒരു ജനവിഭാഗത്തിന്റെ ആത്മാ ഭിമാനത്തിന് വേണ്ടിയുള്ള പോരാട്ടങ്ങളെ സ്ത്രീവാദപരമായ സമീപനത്തിലൂടെ വിശകലനം ചെയ്യാൻ ഉള്ള ശ്രമമാണ് ഈ പ്രബന്ധം. കൂടാതെ വ്യത്യസ്ത ചരിത്രപാഠങ്ങളിൽ ഈ സമരം രേഖപ്പെടുത്തപ്പെട്ടതിന്റെ പശ്ചാത്തലവും രാഷ്ട്രീയ പാഠങ്ങളും പ്രബന്ധം അന്വേഷണ വിധേയമാക്കുന്നു.*

***Keywords*:** *നവോത്ഥാനം, ജാതി, സവർണ്ണത, ലിംഗസമത്വം, സ്ത്രീ മുന്നേറ്റം.*

വസ്ത്രധാരണ സ്വാതന്ത്ര്യത്തിനുവേണ്ടി ഒരു ജനവിഭാഗം നടത്തിയ പ്രക്ഷോഭത്തിന് ചരിത്രകാരൻമാർ നൽകിയിരിക്കുന്ന വ്യത്യസ്ത പ്രയോഗങ്ങൾ അക്കാലത്തെ അധീശത്വ കല്പനകൾ ഉൾക്കൊള്ളുന്നുണ്ട്. ലഹള, വഴക്ക്, കലാപം, സമരം, വിപ്ലവം, പ്രക്ഷോഭം എന്നീ പദങ്ങളുടെ പ്രയോഗത്തിലെ അർത്ഥാന്തരം തന്നെ ഉദാഹരണമാണ്. മാറുമറയ്ക്കൽ കലാപത്തെ കേരളചരിത്ര ത്തിലെ സ്ത്രീസ്വത്വ രാഷ്ട്രീയത്തിന്റെ ആദ്യ പാഠങ്ങളായി സി. എസ്. ചന്ദ്രിക നിരീക്ഷിക്കുന്നുണ്ട്. ''തങ്ങളുടെ ശരീരത്തിന്റേയും നഗ്നതയുടേയും ലൈംഗികതയുടേയും സ്വകാര്യതയ്ക്കു മേൽ സ്വയം നിർണ്ണയാവകാശം സ്ഥാപിച്ചെടുക്കാൻ വേണ്ടി ജാത്യാധി കാരശാസനങ്ങളെ സ്ത്രീകൾ ചോദ്യം ചെയ്യുന്നതും ശക്തമായി എതിർക്കാൻ ശ്രമിക്കുന്നതുമായ സ്വത്വരാഷ്ട്രീയത്തിലെ ആദ്യപാഠ ങ്ങൾ പതിറ്റാണ്ടുകൾ നീണ്ടുനിന്ന മാറുമറയ്ക്കൽ, മേൽമുണ്ട് സമ

രചരിത്രത്തിലുണ്ട്. വസ്ത്രധാരണരീതികൾ മാത്രമല്ല ഭക്ഷണരീതികൾ, തൊഴിൽ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ തുടങ്ങി ജീവിതവും സമൂഹവുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും ജാതീയമായി നിർണ്ണയിക്കപ്പെടുന്ന പ്രബലമായ ജാതിവ്യവസ്ഥയ്ക്കുള്ളിൽ തങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് വസ്ത്രം ധരിക്കാൻ ഒരു വിഭാഗം സ്ത്രീകൾ നടത്തിയ നീക്കമാണ് മാറുമറയ്ക്കൽ, മേൽമുണ്ട് സമരത്തിൽ കാണാനാവുന്നത്'' (ചന്ദ്രിക സി. എസ്, 2017 : 20) നാടാർ, ഈഴവ സമുദായങ്ങളെ ചാന്നാർ എന്ന പദം കൊണ്ട് അക്കാലത്ത് സൂചിപ്പിച്ചിരുന്നു.

ക്രിസ്തുമത പരിവർത്തനം നടത്തിയ ചാന്നാർ വിഭാഗത്തിലെ സ്ത്രീകളെപ്പോലെ ജാക്കറ്റ് ധരിച്ച് പൊതുവീഥികളിൽ പ്രത്യക്ഷപ്പെട്ട ചാന്നാർ സ്ത്രീകളെ സവർണ്ണർ മർദ്ദിക്കുകയും വിവസ്ത്രരാക്കി അപമാനിക്കുകയും ചെയ്തതാണ് സംഘർഷത്തിന് ഇടയാക്കിയത്. ആദ്യകാല സമരങ്ങൾ നടക്കുന്നത് 1822-1829 കാലഘട്ടത്തിലാണ്. ക്രിസ്തുമതം മതപരിവർത്തിതർക്ക് അനുവദിച്ചു കൊടുത്ത വസ്ത്രധാരണ സ്വാതന്ത്ര്യം അംഗീകരിക്കാൻ സവർണ്ണർക്ക് കഴിഞ്ഞില്ല. അവരുടെ അസഹിഷ്ണുതയാണ് കലാപത്തിന് കാരണമായത്. മിഷനറിമാർ കോടതിവിധിയിലൂടെ വീണ്ടും ആ സ്വാതന്ത്ര്യം അവർക്ക് നേടിക്കൊടുത്തു. അവർണർ വീണ്ടും പരിഷ്കൃതരായി വേഷധാരണം നടത്തിയത് സവർണരെ പ്രകോപിപ്പിക്കുകയും കലാപം കൂടുതൽ രൂക്ഷമാകുകയും ചെയ്തു. അവർണർ കൂടുതൽ അപമാനിക്കപ്പെടുകയും മിഷണറി സ്കൂളുകൾ ആക്രമിക്കപ്പെടുകയും ചാന്നാർക്കുടിലുകൾ തീവച്ച് നശിപ്പിക്കപ്പെടുകയും ചെയ്തു. തുടർന്ന് അധികൃതരുടെ ഭാഗത്ത് നിന്നുണ്ടായ ഉത്തരവിൽ ക്രിസ്തുമതപരിവർത്തനം നടത്തിയ ചാന്നാർ സ്ത്രീകൾ ഒഴികെയുള്ളവർക്ക് മാറുമറയ്ക്കാനുള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടു. വസ്ത്രധാരണ സ്വാതന്ത്ര്യത്തിനുള്ള വഴി മതപരിവർത്തനം മാത്രമാണെന്ന തിരിച്ചറിവിൽ ചാന്നാർ സ്ത്രീകൾ എത്തിച്ചേരുകയും കലാപങ്ങൾ കുറേക്കാലത്തേയ്ക്ക് ഒഴിവാകുകയും ചെയ്തു.

1858- 1859 കാലഘട്ടമാണ് സമരത്തിന്റെ രണ്ടാംഘട്ടം. ഉത്രംതിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവായിരുന്ന കാലത്താണ് നാടാർ സമുദായം ശക്തമായ മുന്നേറ്റം നടത്തിയത്. വൈകുണ്ഠസ്വാമിയുടെ നേതൃത്വത്തിൽ രൂപംകൊണ്ട 'സമത്വസമാജം' മാറുമറയ്ക്കൽ സമരത്തിൽ വലിയ പങ്കു വഹിച്ചു. മതപരിവർത്തിത ചാന്നാർ സ്ത്രീകൾ ജാക്കറ്റിനൊപ്പം മേൽമുണ്ടു കൂടി

ധരിച്ച് പ്രത്യക്ഷപ്പെട്ടതായിരുന്നു രണ്ടാംഘട്ട കലാപത്തിന് കാരണം. നെയ്യാറ്റിൻകരയിലെ ചന്തയിൽ വച്ച് നാടാർ സ്ത്രീകളുടെ മേൽമുണ്ടും ജാക്കറ്റും സവർണർ വലിച്ചുകീറി. അപ്പോഴും ഭരണപക്ഷത്തു നിന്നും ചാന്നാർ സമുദായത്തിന് അനുകൂലമായി വിളംബരങ്ങൾ ഒന്നുമുണ്ടായില്ല. സർക്കാർ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ തന്നെ വീണ്ടും അവർണസ്ത്രീകൾ അപമാനിക്കപ്പെടുകയും പള്ളികളും കുടിലുകളും അഗ്നിക്കിരയാക്കുകയും ചെയ്തു. പ്രകോപിതരായ അവർണസമുദായത്തിന്റെ സംഘടിത പോരാട്ടങ്ങളായിരുന്നു പിന്നീട് നടന്നത്. തിരുവിതാംകൂർ മുഴുവൻ ലഹള വ്യാപിക്കുകയും പട്ടാളത്തിന്റെ സഹായം സവർണർക്ക് ലഭിക്കുകയും ചെയ്തു. പലയിടത്തും അവർണർ വിജയിച്ചപ്പോൾ അവരെ അറസ്റ്റു ചെയ്ത നടപടിയാണ് സർക്കാർ സ്വീകരിച്ചത്.

മദ്രാസ് ഗവർണറായ ലോർഡ് ഹാരിസിന്റെ ഇടപെടൽ മൂലമാണ് ചാന്നാർ സമുദായത്തിന് അനുകൂലമായ ഉത്തരവ് ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മയ്ക്ക് പുറപ്പെടുവിക്കേണ്ടി വന്നത്. "ചാന്നാട്ടികളുടെ മേൽശീല സംഗതികളെക്കുറിച്ച് 1004 മകരം 3-ാം തീയതിയിലെ വിളംബരം കൊണ്ട് സങ്കടമുള്ളതായി അറിയുന്നതിനാൽ മേലാൽ ചാന്നാട്ടിമാർ മേൽശീല ഇട്ടുകൊള്ളാനും ചാന്നാന്മാർ ഊഴിയ വേല ചെയ്യാതിരിക്കാനും അനുവദിച്ചിരിക്കുന്നു. പക്ഷേ നായർ സ്ത്രീകളെപ്പോലെ മേൽശീല ധരിക്കാൻ പാടില്ല" (സാം എൻ, 2008 : 129) എന്നതായിരുന്നു വിളംബരം. ചാന്നാർ സമുദായത്തിന് വസ്ത്രധാരണ സ്വാതന്ത്ര്യം ലഭിച്ചതിന് ശേഷം ആയില്യം തിരുനാൾ പുറപ്പെടുവിച്ച ഉത്തരവിൻ പ്രകാരം സവർണ ഹിന്ദുക്കൾക്കും ക്ഷേത്രത്തിലും കൊട്ടാരത്തിലും മാറുമറച്ച് നടക്കാനുള്ള സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടു. ആയില്യം തിരുനാളിന്റെ മറ്റൊരുത്തരവിൻ പ്രകാരം എല്ലാ അവർണ്ണ വിഭാഗം സ്ത്രീകൾക്കും മേൽശീല ഇടുന്നതിനുള്ള സ്വാതന്ത്ര്യം ലഭിച്ചു.

മാറുമറയ്ക്കൽസമരം ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ തന്നെ വ്യത്യസ്ത ചരിത്ര പാഠങ്ങൾ നിലനിൽക്കുന്നുണ്ട്. ഉദാഹരണമായി പി. ശങ്കുണ്ണി മേനോന്റെ രേഖപ്പെടുത്തൽ ഇപ്രകാരമാണ് "സവർണ്ണ ഹിന്ദു സ്ത്രീകൾ ധരിക്കുന്ന ഉടുപ്പുകൾ ചാന്നാർ സ്ത്രീകൾ ധരിക്കുവാൻ തുടങ്ങിയതിൽ നിന്നായിരുന്നു ഈ കുഴപ്പത്തിന്റെ ഉത്ഭവം. മതപരിവർത്തനം നടത്തപ്പെടുന്ന സമയം മുതൽ ഇവർ ഇതാചരിച്ചു പോന്നു. ഗൗരവമായ പ്രത്യാഘാതങ്ങൾ ഉളവാകുന്ന ഈ വാസനയെ നിരുത്സാഹപ്പെടുത്തുന്നതിന് പകരം മിഷനറി പ്രവർത്തകർ ഇവരെ പ്രോത്സാഹിപ്പിക്കുക

മാത്രമല്ല സവർണ ഹിന്ദുക്കളെ അധിക്ഷേപിക്കുന്ന വിധമാണ് പ്രവർത്തിച്ചിരുന്നത്'' (ശങ്കുണ്ണി മേനോൻ : 425) മിഷനറിമാരുടെ പ്രവർത്തനങ്ങളെ അധിക്ഷേപിക്കുക മാത്രമല്ല അവർണ മുന്നേറ്റ ങ്ങളെ പ്രതിരോധിക്കുക കൂടിയാണ്ഈ പ്രസ്താവമെന്ന് കാണാം.

ഇംഗ്ലണ്ടിലെപ്പോലെയുള്ള ജീവിതസമ്പ്രദായമാണ് മിഷന റിമാർ നടപ്പിലാക്കാൻ ശ്രമിക്കുന്നതെന്നു കൂടി അദ്ദേഹം സൂചിപ്പി ക്കുന്നു. ചരിത്രരചനയിലെ സവർണപക്ഷപാതിത്വം കൂടി ഇവിടെ വെളിപ്പെടുന്നുണ്ട്. തിരുവിതാംകൂർ സ്റ്റേറ്റ് മാന്വൽ, കേരളത്തിന്റെ സാംസ്കാരിക ചരിത്രം, എ. ശ്രീധരമേനോന്റെ കേരള ചരിത്രം എന്നിവയിലൊക്കെത്തന്നെ അവർണ്ണ മുന്നേറ്റത്തോട് പ്രതികൂല ഭാവത്തോടെയുള്ള ചരിത്രപരമായ രേഖപ്പെടുത്തലുകൾ കാണാവു ന്നതാണ്. അത്യന്തം പുരോഗമനപരമായ ഒരു ജനകീയപ്രക്ഷോ ഭത്തെ ഒരു'ലഹള'യെന്ന വിധത്തിലാണ് ടി. കെ. വേലുപിള്ള രേഖ പ്പെടുത്തുന്നത്. ''ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ട നാടാർ ജനത ഈ വിലക്ക് ലംഘിച്ച് സവർണ്ണ ജനതയെപ്പോലെ വസ്ത്രം ഉപയോഗിച്ച് തുടങ്ങിയത് സവർണ്ണ ഹിന്ദു സമുദായ ത്തിന് വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാക്കി. തുടർന്ന് ഇത് ലഹളയ്ക്ക് കാരണമായി തീർന്നു.'' (ടി. കെ. വേലുപ്പിള്ള : 458) എന്നാണ്. അന്തർജനങ്ങളൊഴികെ മറ്റു സ്ത്രീവിഭാഗക്കാരാരും തന്നെ മാറു മറച്ചിരുന്നില്ലെന്നും മറച്ചാൽ അത് ബഹുമാനക്കുറവും, ആചാരലം ഘനവും, ധിക്കാരവുമായി സവർണ സമുദായം കരുതിയിരുന്ന തായും 'പത്തൊമ്പതാം നൂറ്റാണ്ടിലെ കേരള' ത്തിൽ രേഖപ്പെടു ത്തിയിരിക്കുന്നു. (ഭാസ്ക്കരനുണ്ണി : 64). അക്കാലത്തെ ജാതി ഘട നയിലെ മേന്മ കല്പിക്കപ്പെട്ട വിഭാഗക്കാരായ ഗവൺമെന്റ് ഉദ്യോഗ സ്ഥൻമാരുടെ സവർണപക്ഷപാതമാണ് തിരുവിതാംകൂർ ഗവൺ മെന്റിന്റെ ഭാഗത്ത് നിന്നുണ്ടായതെന്ന് 'കേരളത്തിന്റെ സാംസ്കാ രിക ചരിത്രം' സൂചിപ്പിക്കുന്നുണ്ട്. എ. ശ്രീധരമേനോന്റെ കേരള ചരിത്രം രേഖപ്പെടുത്തുന്നതാകട്ടെ സവർണ്ണ ഹിന്ദുക്കളെ പോലെ വസ്ത്രധാരണം ചെയ്യാൻ വേണ്ടി ചാന്നാർ സ്ത്രീകൾ നടത്തിയ സമരമാണ് മാറുമറയ്ക്കൽ സമരം എന്ന രീതിയിൽ മാത്രമാണ്. ഈ സമരത്തിന്റെ യഥാർത്ഥ മുഖമോ സംഭവ ബാഹുല്യമോ ഇത് പില്കാല പൗരാവകാശ സമരങ്ങൾക്ക് പകർന്ന ആത്മബലമോ ആവേശമോ പ്രസക്തിയോ ഈ ചരിത്ര ഗ്രന്ഥങ്ങളിലൊന്നും തന്നെ പരാമർശിക്കപ്പെട്ടിട്ടില്ല.

വ്യത്യസ്ത ചരിത്ര പാഠങ്ങളുള്ള മാറുമറയ്ക്കൽ സമരത്തെ സ്ത്രീമുന്നേറ്റ ചരിത്രം എന്ന നിലയിലും സ്ത്രീ സ്വത്വ പ്രഖ്യാപനം എന്ന നിലയിലും പരിശോധിക്കാവുന്നതാണ്. അരയ്ക്ക് മുകളിലെ നഗ്നത മറച്ചതിനെ ലഹളയായും ശീലവഴക്കായും രേഖപ്പെടുത്തിയ സവർണ്ണ ചരിത്രകാരൻമാരുടെ ദൃഷ്ടിയിൽ അത് അവകാശ ലംഘനത്തിന്റെ മുഖമോ സ്ത്രീ സ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെ ചരിത്രമോ ആയി പ്രസക്തി നേടിയില്ല. ജാതിവിരുദ്ധ സമരമായി മാത്രം രേഖപ്പെടുത്തപ്പെട്ടു. സ്ത്രീവാദപരമായ സമീപനത്തിന് സാധുതയുള്ള ഈ ചരിത്ര സംഭവം സ്ത്രീത്വത്തിനെതിരേയുള്ള അപമാനങ്ങൾക്കുള്ള മറുപടി എന്ന നിലയിൽ നോക്കി കാണാവുന്നതാണ്. മേൽജാതിക്കാരോടുള്ള ബഹുമാനസൂചകമായി മാറിലെ വസ്ത്രം മാറ്റി അഭിവാദ്യം ചെയ്യേണ്ട ആചാരം സവർണ സ്ത്രീകൾക്കും ബാധകമായിരുന്നു. ജാതിശ്രേണിയിൽ ഔന്നത്യം കല്പിക്കപ്പെട്ടിരുന്ന നമ്പൂതിരി സ്ത്രീകൾ ദേവവിഗ്രഹത്തിന് മുന്നിൽ മാറിലെ വസ്ത്രം മാറ്റി തൊഴുത്നില്ക്കേണ്ടിയിരുന്നു. മാനസിക സംഘർഷത്തോടെ സ്ത്രീകൾ ആചരിച്ചിരുന്ന ഈ സംഗതി സവർണ മേലാളത്വത്തിന്റേയും പുരുഷ മേധാവിത്വത്തിന്റേയും നിർമ്മിതിയായിരുന്നു. ഇതേ ആചാരം എല്ലായ്പോഴും അനുഭവിച്ചിരുന്ന, മാറ്റികാണിക്കാൻ മാറിൽ വസ്ത്രം തന്നെയില്ലായിരുന്ന, മാറിടം വിവസ്ത്രമാക്കിത്തന്നെ എപ്പോഴും ഈ ആചാരം അനുവർത്തിക്കേണ്ടി വന്ന അധഃസ്ഥിത സ്ത്രീവർഗ്ഗം ഇതിനെതിരേ പ്രതികരിക്കാൻ തയ്യാറായി എന്നിടത്താണ് ഈ കലാപത്തിന്റെ സ്ത്രീവാദപരമായ പ്രസക്തി.

വസ്ത്രധാരണം സ്വാതന്ത്ര്യമായി പ്രഖ്യാപിച്ചു കൊണ്ട്, അധഃസ്ഥിത സ്ത്രീവർഗ്ഗം തങ്ങളുടെ സ്വത്വം ഉയർത്തി പിടിച്ചു കൊണ്ട് സവർണ പുരുഷ മേധാവിത്വത്തിനെതിരെ, അധീശത്വകല്പനകൾക്കെതിരേ നടത്തിയ പ്രതിഷേധമായിരുന്നു മാറുമറയ്ക്കൽ സമരം. അടിച്ചമർത്തപ്പെട്ട ആത്മാഭിമാനം ഉയർത്തിപ്പിടിക്കാനും വിമോചനത്തിനും വേണ്ടിയുള്ള സ്ത്രീവർഗ്ഗത്തിന്റെ നവോത്ഥാന ശ്രമമായിരുന്നു അത്. ക്രിസ്തുമത പരിവർത്തനവും വിദ്യാഭ്യാസ ലബ്ധിയും സൃഷ്ടിച്ച പുരോഗമന ചിന്തയാണ് അവകാശ ലംഘനങ്ങൾക്കെതിരേ പ്രതികരിക്കാൻ അധഃസ്ഥിത സ്ത്രീവർഗ്ഗത്തെ പ്രാപ്തരാക്കിയത്. വസ്ത്രധാരണം ഒരു സാംസ്കാരിക വ്യവഹാരമാണെന്നും ജാതിമേന്മയുടെ പേരിൽ ഊറ്റം കൊണ്ടിരുന്ന സവർണ്ണ മേലാളൻമാരോട് സംസ്കാരമാണ് പരിഷ്കാരമെന്നും ഉള്ള ബോധിപ്പിക്കലായിരുന്നു അവർ നടത്തിയ സാംസ്കാരിക മുന്നേറ്റം. മാനം കാക്കാൻ മാന്യമായി വസ്ത്രം ധരിച്ച

ചാന്നാർ, നാടാർ സ്ത്രീകളുടെ ജാക്കറ്റുകൾ പരസ്യമായി വലിച്ചു കീറിയ സവർണർക്കെതിരെയാണ് അവർ പ്രതികരിച്ചത്. സവർണ ഹിന്ദുക്കളെ പോലെ വസ്ത്രം ധരിക്കുക എന്നതിലുപരി അധഃസ്ഥിത സ്ത്രീ വർഗ്ഗത്തിൽ രൂപമെടുത്ത അഭിമാന സംരക്ഷണ ബോധമായിരുന്നു അവരുടെ പ്രതികരണത്തിനും പ്രതിഷേധത്തിനുമുള്ള പ്രേരണ. അധികാര വിഭജനങ്ങളുടേയും അധീശത്വ - വിധേയത്വ പ്രകടനങ്ങളുടേയും സൂചകങ്ങളായ അനാചാരത്തെ എതിർത്തു കൊണ്ട് അധഃസ്ഥിത വർഗ്ഗം നടത്തിയ വിമോചന സമരമായിരുന്നു മാറുമറയ്ക്കൽ സമരം. ജാതിപരമായ അസമത്വങ്ങളുടെ സൂചകമായ വസ്ത്രത്തിന്റെ ഉപയോഗം തന്നെ സമരമാർഗ്ഗമാക്കി കൊണ്ടാണ് അവർ സ്ത്രീ സ്വാതന്ത്ര്യം പ്രഖ്യാപിച്ചത്. മതപരിവർത്തനം ചെയ്യപ്പെട്ട സ്ത്രീകൾ അനുഭവിച്ച വസ്ത്രധാരണ സ്വാതന്ത്ര്യം അവരെ പ്രചോദിപ്പിച്ചു. മിഷനറിമാരുടെ പ്രവർത്തനങ്ങൾ ഇവരിൽ സൃഷ്ടിച്ച ചലനങ്ങളെ കെ. എൻ. ഗണേഷ് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. ''ചാന്നാർ ലഹള വ്യത്യസ്ത ജാതികളുടെ വഴക്കങ്ങളിലും ജീവിതരീതിയിലും മിഷനറിമാരുടെ ഇടപെടലിന്റെ ഫലമായിരുന്നു. മിഷനറിമാർ നടത്തിയ മതപരിവർത്തനം ജാതിമര്യാദകളുടെ ലംഘനത്തിലേക്ക് നയിച്ചു'' (കെ. എൻ. ഗണേഷ് : 178).

പതിനേഴ്, പതിനെട്ട് നൂറ്റാണ്ടുകളിൽ വസ്ത്രം ജാതിയുടെ ആവിഷ്കാര ചിഹ്നമായിരുന്നു. ഓരോ കാലത്തേയും അധീശത്വ താത്പര്യങ്ങൾ വസ്ത്രധാരണ രീതികളെ സ്വാധീനിച്ചിട്ടുമുണ്ട്. സ്വയം നിർണയാവകാശത്തേയും മനുഷ്യജീവിത ബന്ധങ്ങളേയും വിശകലനം ചെയ്യാൻ വസ്ത്രം ഉപയോഗിക്കപ്പെട്ടു. വസ്ത്രം എന്നത് സംസ്കാര പ്രകടനം മാത്രമായിരുന്നില്ല സ്വത്വത്തിന്റെ സാധൂകരണോപാധി കൂടിയാണ്. സവർണ- അവർണ, ശുദ്ധ- അശുദ്ധ സങ്കല്പങ്ങളേയും മേൽകീഴ് ബന്ധങ്ങളേയും പ്രത്യക്ഷീകരിച്ചു കൊണ്ട് നിലനിന്ന വസ്ത്രധാരണ രീതികൾ വിധേയത്വ-അധീശത്വ പ്രക്രിയകളേയും സാധൂകരിക്കാൻ ഉപയുക്തമായിരുന്നു. മനുഷ്യനെ ജാതിശരീരങ്ങളായി നിർവ്വചിക്കുകയും സാമൂഹിക പദവികളേയും ജീവിത ബന്ധങ്ങളേയും പ്രത്യക്ഷീകരിക്കുകയും ചെയ്യുന്ന ഒന്നായിരുന്നു കേരളത്തിലെ വസ്ത്രധാരണ രീതി. സാമൂഹിക അധികാരത്തെ നിർണ്ണയിക്കുകയും സാംസ്കാരിക വ്യവഹാര പ്രക്രിയയെ വ്യവസ്ഥപ്പെടുത്തുകയും ചെയ്തുകൊണ്ട് നൂറ്റാണ്ടുകളോളം വസ്ത്രധാരണ ഭിന്നതകളെ ഉപയോഗിക്കപ്പെട്ട സാംസ്കാരിക ചരിത്രമാണ് കേരളത്തിനുള്ളത്. വസ്ത്രധാരണവു

മായി ബന്ധപ്പെട്ട് നിലനിന്ന അനാചാരങ്ങൾക്കെതിരേയും സ്ത്രീസ്വത്വ ധ്വംസനത്തിനെതിരേയും നടന്ന സ്ത്രീ വിമോചന സമരമായിരുന്നു 19-ാം നൂറ്റാണ്ടിന്റെ ആദ്യപാദങ്ങളിൽ തെക്കൻ തിരുവിതാംകൂറിൽ നടന്ന മാറുമറയ്ക്കൽ സമരം.

## References


കുമാരാനാശാൻ, എൻ, *കുമാരനാശാന്റെ തെരഞ്ഞെടുത്ത ലേഖനങ്ങൾ,* പരിധി പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2017.

ഗണേഷ്, കെ. എൻ, *കേരളത്തിന്റെ ഇന്നലെകൾ*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2015.

ഗോപിനാഥപിള്ള വട്ടപ്പറമ്പിൽ, പ്രൊഫ. (എഡി.), *വിവേകോദയം ഏകാദശോത്തര ശതാബ്ദിപ്പതിപ്പ്*, കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, തോന്നയ്ക്കൽ, 2015.

ചന്ദ്രിക. സി. എസ്, *കേരളത്തിന്റെ സ്ത്രീ ചരിത്രങ്ങൾ*, സ്ത്രീ മുന്നേറ്റങ്ങൾ, ഡി. സി. ബുക്ക്സ്, കോട്ടയം, 2017.

ജോസഫ്സ്കറിയ, (എഡി.) *താപസം*, 2015 ജൂലൈ- 2016 ഏപ്രിൽ.

ഭാസ്കരനുണ്ണി, പി., *പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം*, കേരളസാഹിത്യ അക്കാദമി, തൃശൂർ, 1988.

മിനി. എസ്, ഡോ. *ഭക്ഷണം വസ്ത്രം ആചാരം നവോത്ഥാന ആത്മകഥകളിലെ കേരളചരിത്രം*, പാഠം ബുക്ക്സ്, കൊല്ലം, 2019.

ലതികാനായർ, ബി, പറവൂർ, ഡോ., *ഭാരതസ്ത്രീകൾ നൂറ്റാണ്ടുകളിലൂടെ*, മാതൃഭൂമിബുക്ക്സ്, കോഴിക്കോട്, 2012.

വേലുപ്പിള്ള. റ്റി. കെ, *തിരുവിതാംകൂർ സ്റ്റേറ്റ് മാന്വൽ (Vol. II)*, ഗവ. ഓഫ് കേരള, കേരളാഗസറ്റേഴ്സ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം 1996.

സാം, എൻ, ഡോ. (എഡി. ) *നാടാർചരിത്രം*, കാഞ്ഞിരംകുളം, കെ. കൊച്ചുകൃഷ്ണൻ നാടാർ സ്മാരക ചാരിറ്റബിൾ ട്രസ്റ്റ്, കാഞ്ഞിരംകുളം, 2008.

# പാട്ടബാക്കി : പാഠവും സംവേദനതലങ്ങളും

**Sobhitha Joy**

***Abstract***: *ചരിത്ര നിർമ്മിതിയിൽ കാര്യങ്ങളും കാഴ്ചകളും അവസ്ഥകളും മാത്രമല്ല കാരണങ്ങൾ കൂടിയുണ്ടന്നും അത് ഒരു എതിർ വ്യവഹാര നിർമ്മിതിയെ സ്ഥാപിച്ചെടു ക്കുമെന്നു മുള്ള ചിന്തയുടെ തലത്തിൽ പാട്ടബാക്കിയെ പഠനവിധേയമാ ക്കുന്നു. സാമൂഹ്യ ജീവിതത്തിലെ അസമത്വങ്ങൾക്കു നേർക്കുള്ള ആയുധമാക്കി നാടകത്തെ മാറ്റാമെന്ന രാഷ്ട്രീയ ചിന്ത മലയാളി തിരിച്ചറിഞ്ഞത് പാട്ടബാക്കിയിലൂടെയാണ്. വർഗ്ഗരാഷ്ട്രീയത്തിന്റെ സാധ്യതകളെ പ്രത്യയശാസ്ത്ര വത്കരിച്ച് സിദ്ധാന്തങ്ങൾക്ക് തെളിച്ചമുണ്ടാക്കുക എന്നതിനൊ പ്പം വർഗ്ഗപരമായ ഭിന്നതകളെയും അതിന്റെ കഷ്ടതകൾ അനുഭവിക്കുന്ന വർഗ്ഗത്തിന്റെ അവശതകളെയും പൊതു സമൂഹത്തിനു മുമ്പിൽ ബോധ്യപ്പെടുത്തി ക്കൊടുക്കുകയാ യിരുന്നു പാട്ടബാക്കി ചെയ്തത്.*

***Keywords***: *വ്യവഹാരനിർമ്മിതി, സാമൂഹിക പ്രതിനിധാനം, ഫ്യൂഡലിസം.*

കേരളീയ സമൂഹത്തെ സംബന്ധിച്ച് ഇരുപതാം നൂറ്റാണ്ടി ന്റെ ആദ്യ പകുതി വളരെ നിർണായകമാണ്. ഒരു സമൂഹമെന്ന നിലയിൽ നമ്മൾ 1950 കൾ വരെ ഒറ്റക്കെട്ടായി രൂപപ്പെട്ടിരുന്നില്ല. സാമൂഹികമായ ഏകീകരണത്തിൽ ഒരു പ്രദേശത്തിന്റെ ഭൂപടം നിവരുന്നതും ഒന്നിക്കുന്നതും താഴെപ്പറയുന്ന ഘടകങ്ങളുടെ സമാകലനത്തിലൂടെയാണ്. രാഷ്ട്രീയ സമൂഹം, സാമ്പത്തിക സമൂഹം, സാമൂഹിക സമൂഹം എന്നിവയാണ് പ്രസ്തുത ഘടകങ്ങൾ. കേരളീയ സാമൂഹിക അവസ്ഥയെ പരിശോധിക്കുമ്പോൾ കേരളീയ രാഷ്ട്രീയ സമൂഹത്തിന് ഏകതാനമായ ഒരു മുഖം ഉണ്ടായിരു ന്നില്ല. ജാതീയതയുടെ ശ്രേണീ ബന്ധങ്ങൾ ആയിരുന്നു കേരളത്തിലെ രാഷ്ട്രീയ സാമൂഹത്തെ നൂറ്റാണ്ടുകളോളമായി നിർണ്ണയിച്ചു പോന്നത്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ കേരളീയ ജനത നവോത്ഥാന പ്രക്രിയയുടെ ഭാഗമായി

വർഗപരമായി പുനക്രമീകരിക്കപ്പെട്ടു തുടങ്ങി. ഇവിടെയാണ് ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ രൂപപ്പെട്ടു വന്ന ഇടതുപക്ഷ പ്രത്യയ ശാസ്ത്രത്തിന്റെ ഇടപെടലിന്റെ പ്രസക്തി. ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് പ്രത്യയ ശാസ്ത്രങ്ങൾ ശ്രീനാരായണഗുരു മുന്നോട്ടുവെച്ച വർഗപരമായ സാമൂഹിക ബോധത്തിന്റെ വളർച്ചയുടെ ഭാഗമായി തന്നെയാണ് കേരളത്തിൽ പ്രവർത്തി ച്ചു തുടങ്ങുന്നത്. നാരായണഗുരുവിന് നേരിടാൻ ഉണ്ടായി രുന്നത് സവർണ്ണമേൽക്കോയ്മയെ ആയിരുന്നു. കേരളത്തിലെ നാട്ടു രാജാധികാരികളിലായിരുന്നു സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക അധികാരവും സവർണ്ണമേൽക്കോയ്മയും കേന്ദ്രീകരിച്ചിരുന്നത്. ഇതിനെ തന്നെയാണ് ഇടതുപക്ഷ പ്രത്യയശാസ്ത്ര അവബോധം ഫ്യൂഡൽ എന്ന് വ്യവഹരി ച്ചത്. 1930 കളിൽ ഏറെക്കുറെ ലോകമൊട്ടാകെ വീശിയടി ക്കുകയും യൂറോപ്പിലും ദക്ഷിണേഷ്യയിലും അവിടുത്തെ ചിന്താ മണ്ഡലത്തിൽ പ്രബലമായി ഇടപെടുകയും ചെയ്ത മാക്സിയൻ ചിന്താ പദ്ധതിക്ക് അനുകൂലമായി രൂപപ്പെട്ട ഇടതുപക്ഷ പ്രത്യയശാസ്ത്ര അവബോധമാണ് പാട്ടബാക്കി എന്ന നാടകത്തിന് അനുകൂല സാധ്യത മലയാള നാടകവേദിയിൽ സൃഷ്ടിച്ചത്.

തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ കേരളത്തിലെ രാഷ്ട്രീയ ഭൂപടം മൂന്നായി മുറിഞ്ഞു കിടക്കു മ്പോഴും കേരളം എന്ന ഒറ്റ ബോധത്തിലേക്ക് അന്നുതന്നെ മലയാളി വളർന്നതിന്റെ അടിസ്ഥാനകാരണം കേരളത്തിൽ സാർവത്രികമായി നിലനിന്നുപോന്ന ജന്മി കുടിയാൻ ബന്ധത്തിന്റെ സ്വാധീനതയായിരുന്നു. തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും സാമ്പത്തികക്രമങ്ങളും ദായ ക്രമങ്ങളും സാമ്പത്തിക വിനിമയരീതികളും വ്യത്യസ്തമാ യിരുവെങ്കിലും ജന്മി കുടിയാൻ വ്യവസ്ഥയുടെ ആഘാത ങ്ങളും പ്രത്യാഘാതങ്ങളും ഏറെക്കുറെ സമാനമായിരുന്നു. ജന്മികൾ ന്യൂനപക്ഷവും സവർണ്ണരും ആയിരിക്കുകയും കുടിയാന്മാരും കർഷകതൊഴിലാളികളും ഒരേ പോലെ അവർണ്ണരോ സവർണ്ണരിലെ ശൂദ്രരരോ ആയിരിക്കുകയും ചെയ്യുന്ന അവസ്ഥയായിരുന്നു അന്ന് ഉണ്ടായിരുന്നത് നവോ

ത്ഥാന സാഹിത്യം ഈ അവസ്ഥയെ പല രീതിയിൽ ചിത്രീകരിക്കാൻ ശ്രമിച്ചിട്ടുണ്ട്. സ്വാതന്ത്ര്യത്തിനു തൊട്ടുമുമ്പും സ്വാതന്ത്ര്യാനന്തരവും രൂപപ്പെട്ട സാമ്പത്തിക രൂപങ്ങളുടെ സൂക്ഷ്മമായ വകഭേദങ്ങൾ ആ കാലഘട്ടത്തിലെ സാഹിത്യത്തിൽ കാണാൻ സാധിക്കും. അവ അങ്ങേയറ്റം ജീവിതഗന്ധിയായിരുന്നുതാനും. അടിസ്ഥാനവർഗ്ഗത്തിന്റെ ജീവിതം ഉപരിവർഗത്തിന്റെ ജീവിതത്തോടൊപ്പം വളർന്നെത്തപ്പെടുന്ന ഒരു പുലരി, ഒരു ചുവന്ന പുലരി സ്വപ്നം കാണുന്നവർ ആയിരുന്നു അക്കാലത്തെ എഴുത്തുകാരിൽ നല്ലൊരുപങ്കും. കേരളത്തിൽ രൂപപ്പെട്ടു വന്ന സാഹിത്യ സംരംഭങ്ങൾ എഴുത്തും വായനയും അറിയുന്നവന്റെ മുന്നിലെ വായനാവിഭവങ്ങളായും ചർച്ചാവിഷയങ്ങളായും മാറിത്തീരുകയായിരുന്നു. കേരളമൊട്ടാകെയുള്ള ഭൂരിപക്ഷം വരുന്ന അവർണരും അടിസ്ഥാനവർഗ്ഗത്തിൽപ്പെടുന്നവരും ഇത്തരം കലാ സാഹിത്യ പ്രത്യയശാസ്ത്ര ചർച്ചകളിൽ ഭാഗഭാക്കായിരുന്നില്ല. ഈ കാലഘട്ടത്തിലാണ് നാടകമെന്ന ദൃശ്യകലയുടെ ശക്തി കേരളീയ നവോത്ഥാന സമൂഹം പാട്ടബാക്കിയിലൂടെ നേരിട്ട് അനുഭവിച്ചത്.

കെ. ദാമോദരനാണ് പാട്ടബാക്കിയുടെ രചയിതാവ്. കഥാഘടനയുടെ ലാളിത്യവും ഉള്ളടക്കത്തിന്റെ സത്യാവസ്ഥയും പാട്ടബാക്കിയെ മലയാളത്തിലെ വിജയകരമായ രാഷ്ട്രീയ നാടകമാക്കിതീർത്തു (സി. ജെ. തോമസ്, 2007: 55). ഫ്യൂഡൽ വ്യവസ്ഥയിൽ സാധാരണക്കാർക്ക് നേരെ ജന്മി ഉപയോഗിച്ച ഏറ്റവും കനപ്പെട്ട ക്രൂരമായ ആയുധമായിരുന്നു പാട്ടബാക്കി. ജന്മിയിൽ നിന്ന് പാട്ടം അഥവാ വാടകയ്ക്ക് നിലം/ പുരയിടം കയ്യേറി വാങ്ങുന്ന ആൾ, സ്വന്തം നിലയ്ക്ക് മറ്റു തൊഴിലാളികളെ ഉപയോഗിച്ചു കൃഷി അടക്കമുള്ള ഉല്പാദന രീതികൾ അനുയോജ്യമായ തരത്തിൽ ഒരുക്കി എടുത്തതിനുശേഷം ഉൽപാദനമാരംഭിച്ചു കഴിഞ്ഞാൽ ഏറ്റെടുത്ത കാലം മുതൽ ഒരു നിശ്ചിത കാലക്രമത്തിൽ ഉത്പാദിപ്പിക്കുന്ന കാർഷികോല്പന്നം ഇത്ര ശതമാനം ഇത്ര അളവ് നൽകിക്കൊള്ളാമെന്ന വ്യവസ്ഥയാണ് പാട്ടം നൽകുക എന്നതിന്റെ കാതൽ. കേരളത്തിൽ അക്കാലത്ത് ഉണ്ടായിരുന്നത് വ്യാപകമായ നെൽകൃഷിയായിരുന്നു.

അതുകൊണ്ടുതന്നെ ഒരു പൂവൽ കൃഷിയിൽ നെല്ല് വിളഞ്ഞാലുമില്ലങ്കിലും ഇത്ര പറ പാട്ടം എന്ന് ജന്മി നിജപ്പെടുത്തിയിട്ടുണ്ടായിരുന്നു. അക്കാലയളവിൽ പ്രകൃതിയുടെ രീതികൾക്കനുസരിച്ച് സ്വാഭാവിക കൃഷിരീതി അവലംബിച്ചിരുന്ന കർഷകർക്ക് പലപ്പോഴും പ്രകൃതിക്ഷോഭം കൊണ്ടോ വരൾച്ച കൊണ്ടോ മറ്റെന്തെങ്കിലും കാരണം കൊണ്ടോ വിചാരിച്ച അളവിൽ നെല്ല് ഉത്പാദിപ്പിക്കാൻ കഴിയാതെ വന്നു. അക്കാലത്ത് ജന്മി നിജപ്പെടുത്തിയ പാട്ടം സമയാസമയങ്ങളിൽ അളന്നു കൊടുക്കാൻ കഴിയാതെ വരുമ്പോൾ പാട്ടം ബാക്കിയാവുന്നു. ഈ പാട്ടബാക്കിയുടെ പേരിൽ കാലങ്ങളായി തങ്ങൾ ജീവിച്ചു വന്ന മണ്ണിൽ നിന്നും കുടിയിറക്കപ്പെടുകയും മണ്ണ് ജന്മി തിരിച്ചെടുക്കുന്നത് നിസ്സഹായരായി നോക്കി നിൽക്കേണ്ടി വരികയും ചെയ്ത ഒരു വിഭാഗമായിരുന്നു കേരളത്തിലെ കർഷകർ. ഒരു കാലഘട്ടത്തിലെ മനുഷ്യവിരുദ്ധമായ രാഷ്ട്രീയത്തിന്റെ ക്രൂരവും ദാരുണമായ നിരവധി ചിത്രങ്ങൾ ലിഖിത സാഹിത്യത്തിൽ നിർജ്ജീവമായി കിടന്നപ്പോൾ പാട്ടബാക്കി എന്ന നാടകം അരങ്ങിൽ എത്തുകയും പ്രേക്ഷകനോട് നേരിട്ട് സംവദിക്കുകയും ചെയ്തു. സാമൂഹ്യജീവിതത്തിലെ ഏറ്റവും തുടിപ്പാർന്ന ഒരു ഖണ്ഡം മൂന്നാമതൊരാളുടെ വ്യാഖ്യാന സഹായമില്ലാതെ നേരിട്ട് കാഴ്ചക്കാരന്റെ മനസ്സിലേക്ക് ഇറങ്ങി ചെല്ലുകയും നാടകം പ്രതിനിധീകരിക്കുന്ന ലോകത്തേയും സാമൂഹിക ജീവിതത്തേയും നേരായി അനുഭവിപ്പിക്കുകയും ചെയ്തു. കഴിഞ്ഞ ശതകത്തിന്റെ ആദ്യപകുതിയിൽ കേരള സാമൂഹ്യസ്ഥിതിയെ യഥാർത്ഥമായും നാടകീയമായും പാട്ടബാക്കി തൊട്ടുണർത്തുകയുണ്ടായി.

1937 ൽ പൊന്നാനി കർഷകസമ്മേളനത്തിൽ അഭിനയിക്കാൻ വേണ്ടിയാണ് കെ. ദാമോദരൻ പാട്ടബാക്കി രചിച്ചത്. കേരളമെങ്ങും തൊഴിലാളി വർഗ്ഗം ആവേശത്തോടെയാണ് ഈ നാടകം സ്വീകരിച്ചത് 'കല കലയ്ക്കു വേണ്ടി ' എന്ന ആശയധാരക്കുപകരം കല ജീവിതത്തിനു വേണ്ടി എന്ന ആശയത്തെ സ്വീകരിച്ചു കൊണ്ട് പുരോഗമനവാദികളായ ഒരു കൂട്ടം ആളുകൾ ഒന്നിച്ചുകൂടി ചുറ്റുപാടുമുള്ള മനുഷ്യജീവിതത്തെ യഥാർത്ഥമായി ചിത്രീകരിക്കണമെന്നും അസമത്വ

ത്തെയും അനീതികളെയും സാഹിത്യരചനകളിലൂടെ എതിർക്കണമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. കാർഷികാടിത്തറയുള്ള ഒരു സാമൂഹ്യക്രമത്തിൽ വ്യവസായ വിപ്ലവത്തിന്റെ ഫലമായി പെട്ടെന്ന് വന്നു ചേരുന്ന മാറ്റങ്ങൾ പാട്ടബാക്കിയിൽ പ്രതിഫലിക്കുന്നു. എന്തുവന്നാലും കുടിയാന്റെ പാട്ടം ബാക്കിയാവുന്ന സാമൂഹ്യ വ്യവസ്ഥിതിയോടുള്ള തീവ്ര പ്രതികരണമാണ് പാട്ടബാക്കി. ഒക്ടോബർ വിപ്ലവ സന്ദേശം ഉൾകൊണ്ടുള്ള ബോധപൂർവ്വമായ രചന കൂടിയാണ് പാട്ടബാക്കി.

## പാട്ടബാക്കിയിലെ കാർഷിക സാമൂഹ്യ പ്രതിനിധാനം

മലയാളിയുടെ സാമൂഹിക ബോധത്തിൽ രാഷ്ട്രീയം ഇടപെട്ടു നിർണയിക്കുന്നത് മലയാളി ഒരു മധ്യവർഗ്ഗ സമൂഹമായി രൂപപ്പെടുന്ന കാലത്താണ്. ഫ്യൂഡൽ വ്യവസ്ഥ ഉപരിവർഗ്ഗമെന്നും അധോ വർഗ്ഗമെന്നും വേർതിരിച്ച് രൂപപ്പെടുത്തി നിർത്തിയിടത്തുനിന്ന് സാമൂഹ്യ സ്വത്വത്തിന്റെ പ്രകടമായ പരിണാമം ഉണ്ടാകുന്നതും ഈ കാലയളവിലാണ്. കേരളത്തിൽ ഫ്യൂഡൽ വ്യവസ്ഥ കൊടിയഴിക്കുന്ന കാലത്താണ് ഉപരി / അധോ വർഗ്ഗങ്ങൾക്ക് അപ്പുറത്ത് മധ്യവർഗം എന്നൊരു സാമൂഹ്യ ശ്രേണി രൂപപ്പെടുന്നത്. 1950-കൾ ആകുമ്പോഴേക്കും ഈ വസ്തുത ഏറെക്കുറെ വ്യക്തമാവുകയും സാഹിത്യത്തിൽ അതിന്റെ അടയാളങ്ങൾ പ്രത്യക്ഷപ്പെടുകയും ചെയ്തു. എന്നാൽ മധ്യവർഗ്ഗ സമൂഹമെന്ന ഒന്നിനെ വ്യക്തമായ അതിർത്തിക്കുള്ളിൽ നിർത്തി ചൂണ്ടിക്കാണിക്കാൻ പാകത്തിന് ഒരു അവസ്ഥ രൂപപ്പെടാത്ത സാഹചര്യത്തിലാണ് കെ ദാമോദരൻ പാട്ടബാക്കി എഴുതുന്നത്. കേരളത്തിലെ രാഷ്ട്രീയ ഭൂമികയിൽനിന്ന് അതുവരെ തീർത്തും അന്യം നിന്ന മധ്യവർഗ്ഗക്കാരനെ ജീവിതത്തിന്റെ രാഷ്ട്രീയത്തിലേക്ക് വഴിനടത്തിയ ആദ്യത്തെ കൃതിയാണ് പാട്ടബാക്കി. കേരളീയ സമൂഹത്തിലെ ഭൂരിപക്ഷ രാഷ്ട്രീയമാണ് കേരളത്തിന്റെ രാഷ്ട്രീയത്തെ നിർണ്ണയിച്ചു പോന്നത്. മധ്യവർഗ്ഗത്തെ രാഷ്ട്രീയവത്കരിക്കുക എന്ന കൃത്യമായ ഉദ്ദേശ്യം പാട്ടബാക്കിയിൽ പ്രവർത്തിക്കുന്നു.

ഒരു ജനതയുടെ സമൂഹ്യ ജീവിതത്തിന്റെ ആത്മാവ് സചേതനമാകണമെങ്കിൽ സമൂഹചേതന രാഷ്ട്രീയവത്കരിക്കപ്പെടേണ്ടതുണ്ടെന്ന ബോധത്തെ പ്രതിനിധാനം ചെയ്യുന്ന സമൂഹമാണ് പാട്ടബാക്കിയിലുള്ളത്. ഇത്തരം സമൂഹം വർഗ്ഗരാഷ്ട്രീയത്തിന്റെ സംഘർഷങ്ങളിലേക്ക് അതു വഴി രൂപപ്പെടുന്ന ഒരു സാമ്പത്തിക ക്രമത്തിന്റെ അച്ചടക്കത്തിലേക്ക് വളർന്ന് വരേണ്ടതുണ്ടന്ന് കെ. ദാമോദരൻ കരുതുന്നുണ്ട്. ഇത്തരത്തിൽ ഒരു ചരിത്രവൽക്കരണത്തെയും രാഷ്ട്രീയവൽക്കരണത്തെയും പറ്റി ചിന്തിക്കാൻ പോലും കഴിയാത്ത ഒരു സാമൂഹിക കാലാവസ്ഥയിലാണ് പാട്ടബാക്കി രചിക്കപ്പെട്ടത്. വർഗ്ഗരാഷ്ട്രീയത്തിന്റെ സാധ്യതകളും അതിന്റെ സംഘർഷഭരിതമായ വൈരുദ്ധ്യങ്ങളും സിദ്ധാന്തവത്കരിച്ച് ബോധ്യപ്പെടുത്തുവാൻ പാകത്തിൽ പരുവപ്പെട്ട അവസ്ഥയിലല്ല ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ കേരളിയ സമൂഹം വർത്തിച്ചത്. വർഗ്ഗരാഷ്ട്രീയത്തിന്റെ സാധ്യതകളെ സമൂഹ മധ്യത്തിലെത്തിക്കാൻ കമ്മ്യൂണിസ്റ്റ് സൈദ്ധാന്തികനായിരുന്ന കെ ദാമോദരൻ നാടകം എന്ന മാധ്യമമാണ് തിരഞ്ഞെടുത്തത്. നാടകം പച്ച മനുഷ്യനോട് മുഖാമുഖം നിന്ന് പറയുന്ന വാക്കുകളും കർമ്മങ്ങളും നാടകത്തിനകത്തുണ്ട്. അടിസ്ഥാനവർഗ്ഗത്തിൽപ്പെട്ടവർ അനുഭവിച്ചു തീർക്കുന്ന സംഘർഷഭരിതമായ ജീവിതം നാടകത്തിൽ ആവിഷ്കരിച്ചിരിക്കുന്നു. സിദ്ധാന്തങ്ങളിലൂടെ ബോധവത്കരിക്കപ്പെടുന്നതിനേക്കാൾ തീവ്രമായിട്ടായിരിക്കും നാടകത്തിലൂടെ ബോധവത്കരിക്കപ്പെടുന്ന സമൂഹം സാമൂഹികമായ സർഗ്ഗാത്മക ധിക്കാരങ്ങളിലേക്ക് ഉയർത്തപ്പെടുക. പാട്ടബാക്കി എന്ന നാടകം ഇത്തരമൊരു സമൂഹത്തെ പ്രതിനിധീകരിക്കുന്നു. പാട്ടബാക്കി ഉന്നയിക്കുന്ന അടിസ്ഥാന പ്രശ്നം സാമ്പത്തിക അസമത്വത്തിന്റേതാണ്. അതുകൊണ്ടുതന്നെ പാട്ടബാക്കി പ്രതിനിധീകരിക്കുന്ന സമൂഹം സാമ്പത്തിക അസമത്വത്തിൽ നിന്നും വിശപ്പിൽ നിന്നും രൂപപ്പെടുന്നതാണ്. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യഘട്ടവും പിൽക്കാലവും ഈ പ്രമേയത്തെ നിരന്തരം ആവർത്തിച്ചിട്ടുള്ളതുകൊണ്ട് ഇന്ന് അതിന് വലിയ പുതുമ അവകാശപ്പെടാനില്ല. പാട്ടബാക്കി പ്രത്യക്ഷപ്പെട്ട കാലത്ത് അരങ്ങിൽ കത്തിക്കാളുന്ന

വിശപ്പിനെയാണ് അവതരിപ്പിക്കുന്നത്. വിശപ്പ് കാർന്നു തിന്നുന്ന സമൂഹത്തെയാണ് പ്രതിനിധീകരിച്ചത്. വിശപ്പിനെ മറികടക്കാനുള്ള എല്ലാ മാർഗ്ഗങ്ങളും അടയുമ്പോഴാണ് മനുഷ്യൻ അവന്റെ സംസ്കാര ജീവിതത്തെ തള്ളിപ്പറയുന്നത്. അത്തരമൊരവസ്ഥയിൽ അവൻ കള്ളനും കൊലപാതകിയും ആവുമെന്നും അവൾ തെരുവുവേശ്യയാകുമെന്നുമുള്ള ആത്യന്തിക സത്യം പാട്ടബാക്കിയാണ് ആദ്യം പറഞ്ഞുവച്ചത്. കടുത്ത സാമ്പത്തിക അസമത്വത്തിലൂടെ പട്ടിണിയും വിശപ്പും ദുരിതവും മാത്രം അനുഭവിക്കുന്ന ഒരു ജനത മാറ്റമില്ലാതെ തുടർന്നു പോരുന്ന അവസ്ഥയുണ്ടായാൽ മനുഷ്യൻ എന്ന സങ്കല്പത്തിന്റെ വിലയിടിഞ്ഞു പോകുമെന്ന് പാട്ടബാക്കി പ്രതിനിധികരിച്ച സമൂഹം വിളിച്ചു പറയുന്നു.

ഒരു നാടകം എന്ന അർത്ഥത്തിൽ പാട്ടബാക്കിയുടെ ബാഹ്യശില്പം അത്രയൊന്നും ഭദ്രമല്ല. ജീവിതം ഏൽപ്പിക്കുന്ന യാതനകളുടെയും സങ്കിർണ്ണതകളുടെയും മുന്നിൽ മനുഷ്യൻ ഇങ്ങനെയാണോ പെരുമാറുകയെന്ന് ഏറ്റവും പുതിയകാലത്തെ മനുഷ്യന് സന്ദേഹമുണ്ടാക്കുന്ന രീതിയിലാണ് പാട്ടബാക്കിയുടെ ശില്പവിന്യാസം. ഈ ശില്പവിന്യാസത്തിന്റെ ന്യൂനതകളെ പാട്ടബാക്കി പ്രതിനിധാനം ചെയ്യുന്ന സമൂഹം നിർമ്മിക്കുന്ന രാഷ്ട്രീയം മറികടന്നു.

നാടകത്തിൽ പ്രതിനിധീകരിക്കപ്പെടുന്ന സമൂഹം ഒരു രാഷ്ട്രീയം നിർമ്മിക്കുന്നുണ്ടോ എന്ന ചോദ്യം ഇവിടെ പ്രസക്തമാകുന്നു. എന്നാൽ പാട്ടബാക്കി എന്ന നാടകം സ്വയമേവ ഒരു രാഷ്ട്രീയപാഠമാവുകയും അത് ഒരു സമൂഹത്തെ പ്രതിരോധത്തിന്റെ പാഠങ്ങളിലേക്ക് നയിക്കുകയും ചെയ്യുന്നു. എങ്ങനെ പ്രതിരോധിക്കാം എന്നതിന്റെ രാഷ്ട്രീയത്തെയും രാഷ്ട്രീയ ബോധത്തെയും കടഞ്ഞെടുക്കുകയും അത്തരമൊരു സമൂഹം സൃഷ്ടിക്കപ്പെടുന്നത് സ്വപ്നം കാണുകയുമാണ് പാട്ടബാക്കി. അന്നത്തിനായി അരിമോഷ്ടിക്കുന്ന കിട്ടുണ്ണിയും, അന്നത്തിനു വേണ്ടി അന്യന്റെ കിടക്ക പങ്കിടുന്ന കുഞ്ഞിമാളുവും സഹോദരീസഹോദരന്മാരാണ് എന്നതിനപ്പുറം ഒരു വർഗ്ഗത്തിന്റെ രണ്ടു വശത്തു നിന്നുള്ള പ്രതിനിധികളാണ്.

പലതരത്തിലുള്ള വർഗ്ഗ സമരങ്ങൾ, ആശയ സംവാദങ്ങൾ, പ്രസിദ്ധീകരണങ്ങൾ, പൊതു പ്രസംഗങ്ങൾ എന്നിവ വഴിയുണ്ടാകുന്ന പുതിയ ഭൂമി, നിർണായക പ്രാധാന്യമുള്ളതാണ്. സാധാരണക്കാരുടെ, ഭൂമിയില്ലാത്ത കർഷകതൊഴിലാളികളുടെ, സ്ത്രീകളുടെ, പ്രാന്തവത്കൃതരുടെ മുന്നേറ്റമാണ് നവോത്ഥാനത്തിന്റെ ഭാഗമെന്ന് വിളിക്കേണ്ട പ്രവർത്തനത്തിന്റെ ഉള്ളടക്കം. ആത്മബോധവും, അവകാശബോധവും ആവിഷ്കരണത്വരയും സമരസന്നദ്ധതയുമുള്ള ഭൂരിപക്ഷ ജനതയുടെ നിർമ്മാണമാണത്. ആ ജനത പല മാനങ്ങളിൽ വരേണ്യാധിപത്യത്തിന്റെ അന്നത്തെ ജന്മി നാടുവാഴിത്ത പൗരോഹിത്യ ചർച്ചയുടെ യുക്തികളെയും ചിട്ടകളെയും അധികാര ആരോപണങ്ങളെയും വെല്ലുവിളിച്ചു. അതിന്റെ ഭാഗമായി കലയിലും സാഹിത്യത്തിലും ഇടപെട്ടു സ്വന്തം ആവിഷ്കാരങ്ങൾ സാധിച്ചതിന്റെ ഫലമാണ് പാട്ടബാക്കി എന്ന നാടകം.

ഇ. എം. എസ്. പറഞ്ഞതുപോലെ 'പാട്ടബാക്കിയിൽ കൃഷിക്കാരുടെ ജീവിതം ചിത്രീകരിക്കുന്നില്ല. കിട്ടുണ്ണിയെന്നല്ല ഒരാളും പാട്ടബാക്കിയിൽ കൃഷിക്കാരല്ല കിട്ടുണ്ണി നമ്പൂതിരിയുടെ പുരയിടത്തിലെ കുടികിടപ്പുകാരൻ മാത്രമാണ്. പാട്ടബാക്കി എന്ന സാമ്പത്തിക പദത്തിനപ്പുറം കൃഷിയുടെ ഉൽപാദനസംസ്കാരം ഇല്ല. ഇതൊരു നഷ്ടമായിട്ടില്ല നേട്ടമായിട്ടാണ് പ്രവർത്തിക്കുന്നത്. നാടകം കുറെക്കൂടി വലിയ ജീവിത സന്ദർഭമാണ് രേഖപ്പെടുത്തുന്നത്. പ്രവൃത്തി കൂടുതൽ കഠിനമാക്കുന്ന കുറഞ്ഞ കൂലി മാത്രം കൊടുക്കുന്ന ഫാക്ടറി മുതലാളിത്തം ജന്മിത്തം, രണ്ടിന്റെയും ജീർണ്ണമായ സംസ്കാരം, സ്ത്രീകളുടെ ദുരവസ്ഥ, കുട്ടികളുടെ പ്രശ്നങ്ങൾ എന്നിവ ഒരു വശത്തും സ്വന്തം ദുരിതങ്ങളിൽ നിന്നു പഠിച്ചെടുക്കുന്ന തൊഴിലാളികളുടെ വർഗ്ഗ ബോധത്തിന്റെയും അതിനെ സമാഹരിക്കാൻ ദത്ത ശ്രദ്ധമായ തൊഴിലാളി വർഗ്ഗ രാഷ്ട്രീയത്തിന്റെയും പ്രമേയങ്ങൾ മറുവശത്തും നിൽക്കുന്നു, (ഇ. എം. എസ്. നമ്പൂതിരിപ്പാട് : 92) ജന്മിക്ക് കാര്യസ്ഥൻ എന്ന പരമ്പരാഗത രൂപത്തെപ്പോലെ മുതലാളിക്ക് പോലീസ് ഇൻസ്പെക്ടർ എന്ന ആധുനിക രൂപം നാടകത്തിൽ പ്രവർത്തിക്കുന്നു ഭരണകൂടത്തിന്റെ ഇടപെടൽ

ഏതു ദിശയിലേക്കാണ് നടിക്കുന്നത് എന്ന് വ്യക്തമാക്കുന്ന പോലീസ് സ്റ്റേഷൻ, ജയിൽ എന്നീ സ്ഥാപനങ്ങളും നാടക ത്തിലുണ്ട്. എഴുത്ത് എന്ന ബുദ്ധിജീവി പ്രവർത്തനത്തെ പ്പോലും നാടകം പ്രശ്നവത്കരിക്കുന്നു. സ്വന്തം ജോലിയെ വർഗ്ഗേതരമായി കാണാൻ മടിക്കുന്ന അലസമായൊരു പരാമർശം മാത്രമാണെങ്കിലും പാട്ടബാക്കി നിലനിർത്തുന്ന സമൂഹത്തിന്റെ ചരിത്ര വ്യക്തിത്വത്തെ കാട്ടിത്തരുന്ന ഒന്നാണത്. ഇടതുപക്ഷ നാടകവേദിയുടെ ഒരു സ്വഭാവം തന്നെയായി സ്ഥാനപെട്ടിട്ടുള്ള ഗ്രാമീണതയെയും പാട്ട ബാക്കി മറികടക്കുന്നുണ്ട്. ജന്മിത്തത്തിന്റെ ക്ഷീണദശയെയും മുതലാളിത്തത്തിന്റെ ആരംഭദശയെയും പ്രകാശിപ്പിക്കുന്ന ഈ നാടകത്തിൽ ഗ്രാമത്തെക്കാളും നഗരമാണ് കടന്നു വരുന്നത്. കിട്ടുണ്ണിയുടെ വീടും നമ്പൂതിരിയുടെ വീടും ഒഴിവാക്കിയാൽ നഗരമോ നഗര സമീപത്തുള്ള സ്ഥലമോ ആണ് നാടകത്തിലുള്ളത്.

നാടകങ്ങളിൽ അക്കാലത്ത് വിരളമായിരുന്ന സമ കാലികമായ ഇതിവൃത്തമാണ് പാട്ടബാക്കിയിലുള്ളത് വർഗ്ഗ ബോധത്തിലേയ്ക്ക് ഉണരുന്ന ജനങ്ങൾ നേരിട്ട ഒരു വലിയ സാംസ്കാരിക പ്രശ്നം തങ്ങൾക്ക് ആശ്രയിക്കാവുന്ന ഒരു വർഗ്ഗ വ്യവസ്ഥയില്ല എന്നതായിരുന്നു. ഈ സാഹചര്യത്തിൽ ജനങ്ങൾക്ക് ഒരു സാംസ്കാരിക അടിത്തറ നൽകുകയെന്ന പ്രവർത്തനമാണ് ഇടതുപക്ഷ സാംസ്കാരിക പ്രവർത്തകർ ഏറ്റെടുത്തത്. ഭരണകൂട സ്ഥാപനങ്ങൾക്ക് ബദലായ ഒരു സാംസ്കാരിക വിദ്യാഭ്യാസമാണ് പാട്ടബാക്കി നടപ്പിലാ ക്കിയത്.

ഒരു എതിർ വ്യവഹാര നിർമ്മിതി എന്ന നിലയിലും പാട്ടബാക്കി നിലനിൽക്കുന്നുണ്ട്. ചരിത്രത്തിൽ കാഴ്ചകളും അവസ്ഥകളും മാത്രമല്ല ഉള്ളതെന്നും കാരണങ്ങൾ ഉണ്ടെ ന്നും അവ സമ്പദ് ബന്ധങ്ങളുടെയും സംസ്കാര വിനിമയ ങ്ങളുടെയും അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെടുന്നവയാണെ ന്നും പാട്ടബാക്കി എളുപ്പത്തിൽ ബോധ്യപ്പെടുത്തുന്നു. വ്യഭിചാരം, മോഷണം എന്നിവയെ ധാർമ്മികതയുടെ തലത്തിലല്ല വ്യവസ്ഥാ വിമർശനത്തിന്റെ തലത്തിലാണ്

പഠിക്കേണ്ടത് എന്ന സുപ്രധാനമായ ദർശനം നാടകം പ്രക്ഷേപിക്കുന്നുണ്ട്. ബാലന്റെ കരച്ചിലിന്റെ വിപുലമായ വിവക്ഷകളും പാരമ്പര്യവാദികൾ ചൂഷകവർഗ്ഗത്തിൽ മാത്രമല്ല നിസ്വവർഗ്ഗത്തിലുമുണ്ട് എന്ന് ദൈവ വിശ്വാസിയായ കിട്ടുണ്ണിയുടെ അമ്മയിലൂടെ സൂചിപ്പിക്കുന്നതിലുള്ള ശ്രദ്ധയും കേരളത്തിൽ രൂപപ്പെടുന്ന പൊതുമണ്ഡലത്തിന്റെ അരങ്ങുകളായ ചായക്കടകളെയും മറ്റും നാടകീകരിച്ച് കാണാനുള്ള ജാഗ്രതയും മുതലാളിത്തത്തിന്റെ ആത്മവൈരുദ്ധ്യങ്ങളെ ഒരു വീട്ടുമുറിയിൽ സംഗ്രഹിക്കാനുള്ള സാമർഥ്യവുമൊക്കെ ഇവിടെ കാണാം. ദുരിതബാധിതയായ സ്ത്രീ നേരിടുന്ന ഭാഷാ ശേഷിയുടെ അവതരണവും വ്യഭിചാരത്തെ ഒരു സദാചാര ഭ്രംശമായി കാണുന്ന സമീപനവും ചേർന്നുണ്ടാക്കുന്ന സമഗ്രാനുഭവം അക്കാലത്തെ രാഷ്ട്രീയ സ്ഥിതിയെ അപനിർമ്മിക്കാൻ പോന്നവയാണ്.

നാടകം പ്രശ്നങ്ങളുടെ കാഴ്ചയെയും കാരണങ്ങളുടെ മൂല്യത്തെയും അവതരിപ്പിക്കുന്നുണ്ടെങ്കിലും പ്രശ്നപരിഹാരത്തിലല്ല അവസാനിക്കുന്നത്. പ്രശ്നങ്ങളുടെ ഗൗരവം ബോധ്യപ്പെടുത്തിക്കഴിഞ്ഞ്, പരിഹാരം സാമൂഹികമായാണ് ആവേണ്ടത് എന്ന തരത്തിലാണ് നാടകം സമൂഹത്തിന്റെ യഥാർഥ്യവുമായി നേരിട്ട് ബന്ധം സ്ഥാപിക്കുന്നത്. അതു കൊണ്ടു തന്നെയാണ് പാട്ടബാക്കിയുടെത് തുറന്ന അവസാനമാണെന്ന് പറയുന്നത്.

നാടകത്തിൽ നാടകീയതയും ഔചിത്യവും നൽകുന്ന സംഭാഷണങ്ങൾ സാധ്യമാക്കുന്ന പുതിയ കാര്യങ്ങളടങ്ങിയ മലയാളം സ്വാഭാവിക ആവിഷ്ക്കാരമാർഗ്ഗമായിത്തീരുന്നുണ്ട്. നാടകപാഠം പ്രാധാന്യത്തോടെ അവതരിപ്പിക്കുന്നത് കുഞ്ഞിമാളുവിനെയാണ്. ചൂഷണ വ്യവസ്ഥയുടെ ഇര പെണ്ണാണ് ആണല്ലെന്നും പ്രകടനപരതയില്ലാതെ പാട്ടബാക്കി അവിഷ്കരിക്കുന്നുണ്ട്. ഭാഷയിലും സംസ്കൃതിയിലും നാടകം പഠനവിഷയമാകുമ്പോൾ ഭാഷാ സംസ്കൃതികൾ ഇടപെട്ട സമൂഹം പഠനവിഷയമാകുന്നുണ്ട്. വ്യാഖ്യാതാവിന്റെ ഇടപെടലോ സഹായമോ ഇല്ലാതെ നാടകത്തിന് സമൂഹത്തോട് സംവദിക്കാനാവുന്നു എന്ന മാധ്യമത്തിന്റെ സ്വാതന്ത്ര്യം

തന്നെയാണ് ഇതിന്റെ കാരണം. പാട്ടബാക്കി എന്ന നാടകം കേരളത്തിന്റെ പൊതു സാമൂഹ്യ ജീവിതത്തിന്റെ ചരിത്ര പരവും കലാപരവുമായ പ്രതിനിധാനം കൂടിയാണ്.

## References

ഗണേഷ് കെ. എൻ, *കേരള സമൂഹ പഠനങ്ങൾ,* പ്രസക്തി ബുക്ക് ഹൗസ് പത്തനംതിട്ട, 2002.

ഗംഗാധരൻ നായർ ജി, *മലയാള നാടകം ഗ്രന്ഥപാഠവും രംഗപാഠവും,* ഡി. സി ബുക്സ്, കോട്ടയം 1991.

തോമസ് കുട്ടി എൽ, *കറുത്ത ചിരിയുടെ അരങ്ങ്,* കറൻറ് ബുക്സ്, തൃശൂർ, 2000.

തോമസ് സി. ജെ, *ഉയരുന്ന യവനിക*, എൻ ബി എസ്, കോട്ടയം 1950.

നമ്പൂതിരിപ്പാട് ഇ. എം. എസ്, *ജാതിയും സമുദായവും രാഷ്ട്രീയവും യുഗങ്ങളിലൂടെ*, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 1968

നരേന്ദ്രപ്രസാദ് ആർ, *അരങ്ങും പൊരുളും*, കറന്റ് ബുക്സ്, തൃശൂർ, 1991.

രവീന്ദ്രൻ പി. പി, *സംസ്കാരപഠനം ഒരാമുഖം*, ഡി. സി ബുക്സ്, കോട്ടയം 2006.

# കുടുംബനിർമ്മിതിയും
# നവോത്ഥാനകാല കഥകളും

**Nimmi A. P.**

***Abstract***: *സാമൂഹികഘടനയുടെ അഴിച്ചുപണിയലാണ് നവോത്ഥാനം നടപ്പാക്കിയത്. സമൂഹത്തിന്റെ പ്രാഥമിക യൂണിറ്റായ കുടുംബഘടനയെയും നവോത്ഥാനമുന്നേറ്റങ്ങൾ സാരമായി ബാധിച്ചു. അത്തരം മാറ്റങ്ങളെ ആ കാലത്തെ സാഹിത്യം രേഖപ്പെടുത്തിയതെങ്ങനെ എന്ന് പരിശോധിക്കുന്നു പ്രബന്ധത്തിൽ.*

***Keywords*** **:** *നവോത്ഥാനം, കുടുംബം, അണുകുടുംബം*

കേരളത്തിന്റെ പ്രത്യയശാസ്ത്രമണ്ഡലങ്ങളിൽ വേരിട്ട അഴിച്ചുപണികൾ നടന്ന കാലമാണ് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനദശകം. ജാതീയമായ വിവേചനങ്ങൾക്കും അടിച്ചമർത്തലുകൾക്കും എതിരെയുള്ള നിരവധി നവോത്ഥാനപ്രവർത്തനങ്ങൾക്ക് കേരളീയ പൊതുമണ്ഡലം സാക്ഷ്യം വഹിച്ചു. മനുഷ്യരെ ജാതികളായി തിരിച്ച് ധർമ്മകർമ്മങ്ങൾ നിശ്ചയിച്ച് ഉച്ചനീചത്വശ്രേണികളിൽ നിരത്തുന്ന 'ജന്മഭേദ' വ്യവസ്ഥക്കെതിരെ 19-ാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിലെ കേരളീയ സമൂഹത്തിൽ കടുത്ത വിമർശനവും വെല്ലുവിളിയും ഉയർന്നുതുടങ്ങിയിരുന്നു. ഇതോടൊപ്പം തന്നെ ആധുനികവും പുരോഗമനപരവും സ്വാതന്ത്ര്യാധിഷ്ഠിതവുമായ ഒരു പുതുസമൂഹത്തിന്റെ നിർമ്മാണത്തെക്കുറിച്ചുള്ള വിചിന്തനങ്ങൾക്കും പ്രചാരമേറി. (ദേവിക ജെ, 2001: 1034)

പ്രൊട്ടസ്റ്റന്റ് മിഷണറിമാരുടെ പ്രവർത്തനങ്ങളും ബ്രിട്ടീഷ് ആധിപത്യത്തിന്റെ ഫലമായി ഉണ്ടായ ഇംഗ്ലീഷ് വിദ്യാഭ്യാസവും സാമൂഹിക നവോത്ഥാനദർശനങ്ങൾക്ക് അടിത്തറയൊരുക്കി. കോളോണിയൽ ആധിപത്യം കേരളത്തിലെ തറവാടുകളുടെയും കുലങ്ങളുടെയും സ്വഭാവത്തെ മാറ്റിമറിച്ചു. കേരളസമൂഹത്തിന്റെ പരമ്പരാഗതമായ ഘടനയുടെ സ്ഥാനത്ത് പാശ്ചാത്യ സമൂഹക്രമത്തിന്റെ ഭൗതികാടിത്തറ സ്ഥാപിച്ചെടുക്കാൻ മേൽപ്പറഞ്ഞ ആധിപത്യത്തിന് കഴിഞ്ഞു. ആചാരപരിഷ്ക്കരണത്തിനും വിവാഹപരിഷ്ക്കരണത്തിനും ദായക്രമം പരിഷ്ക്കരിക്കുന്നതിനും നിയമനിർമ്മാണങ്ങളുണ്ടായി. മരുമക്കത്തായ വ്യവസ്ഥയ്ക്ക് ശിഥിലീക

രണം സംഭവിക്കുകയും മക്കത്തായ സമ്പ്രദായത്തിലേക്ക് വഴിമാറുകയും ചെയ്തു. ആധുനിക സമൂഹം അതിന്റെ മൂല്യസങ്കല്പത്തിന് നിരക്കുന്ന ഒരു നവീന കുടുംബക്രമത്തിന് ജന്മം നൽകേണ്ടതുണ്ട് എന്ന തിരിച്ചറിവ് കേരളീയ നവോത്ഥാനപ്രവർത്തനങ്ങൾ നൽകുകയുണ്ടായി.

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യപാദം മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദംവരെയുള്ള കാലഘട്ടത്തിൽ കേരളത്തിൽ ഉടലെടുത്ത സാമൂഹികപരിഷ്ക്കരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ ഒരു പുതിയ സാമൂഹിക വ്യവസ്ഥയെ പുനഃക്രമീകരിച്ചെടുക്കുന്നതിൽ നിർണ്ണായക സ്വാധീനം ചെലുത്തി. ചട്ടമ്പി സ്വാമികൾ, ശ്രീനാരായണഗുരു, അയ്യങ്കാളി തുടങ്ങിയവർ നേതൃത്വം നൽകിയ നവോത്ഥാന പ്രവർത്തനങ്ങൾ കേരളീയ കുടുംബഘടനയുടെ പരിവർത്തന പ്രക്രിയക്ക് ആക്കം കൂട്ടി. സാമൂഹികമണ്ഡലത്തിലുണ്ടായ പരിവർത്തനങ്ങൾ നവോത്ഥാനകാലകഥകളിൽ എപ്രകാരം പ്രതിഫലിച്ചു എന്ന് പരിശോധിക്കലാണ് പ്രബന്ധോദ്ദേശ്യം.

ജീവിതത്തെ ഏറ്റവും സൂക്ഷ്മമായി രേഖപ്പെടുത്താൻ കഴിയുന്ന സാഹിത്യജനുസ്സാണ് ചെറുകഥകൾ. മലയാളി അനുഭവലോകത്തിന്റെ സംഘർഷങ്ങളും സന്ദേഹങ്ങളും പ്രത്യാശകളും നമ്മുടെ കഥകളിൽ പലമാതിരി ഊന്നലുകളോടെ അടയാളപ്പെടാറുണ്ട്. നവോത്ഥാനകാലം ഉണ്ടാക്കിയ ഒച്ചപ്പാടുകളെ സാഹിത്യം രേഖപ്പെടുത്തിയതിന്റെ പ്രത്യക്ഷതെളിവുകളാണ് വി. ടി. ഭട്ടതിരിപ്പാട്, മുത്തിരിങ്ങോട്ടു ഭവത്രാതൻ നമ്പൂതിരിപ്പാട്, എം. ആർ. ഭട്ടതിരിപ്പാട് എന്നിവരുടെ കൃതികൾ. നമ്പൂതിരി സമുദായം അനുഭവിച്ചിരുന്ന തീവ്രാനുഭവങ്ങളെ, അകത്തളങ്ങളിലെ അന്തർജ്ജനങ്ങളുടെ പീഢിതാനുഭവങ്ങളെ ചെറുകഥകളിലൂടെയും നാടകങ്ങളിലൂടെയും അവർ ആവിഷ്ക്കരിച്ചു. പരമ്പരാഗത കുടുംബവ്യവസ്ഥയുടെ സമ്മർദ്ദത്തെ ചെറുക്കാനുള്ള മനോധൈര്യം അന്തർജ്ജനങ്ങളിലുണ്ടാക്കാനുള്ള ശ്രമങ്ങൾ വി. ടി. യും കൂട്ടരും ഏറ്റെടുത്തു. സാപത്ന്യദുരിതം സഹിക്കാൻ കഴിയാതെ ജീവിതം അവസാനിപ്പിച്ച അന്തർജ്ജനത്തിന്റെ കഥ പറയുന്ന അതികഠിനം എന്ന കഥ വി. ടി. അവസാനിപ്പിക്കുന്നത് ഇപ്രകാരമാണ്.

''വെള്ളം കോരുന്ന കയർ കഴുത്തിൽ കെട്ടി തെക്കിനിയുടെ വിട്ടത്തിന്മേൽ തൂങ്ങിമരിച്ചു നിൽക്കുന്ന ആ ബീഭത്സവും ഭയാനകവുമായ യുവതിയുടെ മൃതശരീരം രണ്ടും മൂന്നും വിവാഹം കഴിക്കുന്ന ഗൃഹസ്ഥന്മാരെ കൊഞ്ഞനം കാണിക്കയല്ലെങ്കിൽ പല്ലിളിച്ചു കാട്ടുന്നതായിരിക്കാം. ഈ മരണ വർത്തമാനം കേട്ടാൽ അയ്യോ

അതികഠിനം എന്നു പറയാത്ത അന്തർജ്ജനങ്ങൾ ഇപ്പോഴും ഉണ്ടെങ്കിൽ അങ്ങനെയുള്ള സഹോദരികൾക്കു നമസ്കാരം. '' രജനീരംഗം എന്ന ആദ്യകഥാസമാഹാരം മുതൽ വി. ടിയുടെ രചനകൾ മൊത്തം സ്ത്രീപുരുഷബന്ധത്തെ ജനാധിപത്യപരമായി പുനഃസംഘടിപ്പിക്കുന്നതിന്റെ പ്രശ്നമാണ് കൈകാര്യം ചെയ്യുന്നത്. വിവാഹത്തെപോലും സ്ഥാപനവല്ക്കരിക്കാൻ മുപ്പതുകളിൽത്തന്നെ വി. ടിക്ക് കഴിഞ്ഞതും അതുകൊണ്ടാണ്. (കെ. ഇ. എൻ, 2016: 17)

സാപത്ന്യം ദുരിതമായി മാറിയ അന്തർജ്ജനത്തിന്റെ കഥ പറയുന്ന എം. ആർ. ബിയുടെ മറക്കുടയ്ക്കുള്ളിലെ മഹാനരകം, വിധവയുടെ ദയനീയ ജീവിതകഥ പറയുന്ന മുത്തിരിങ്ങോട്ട് ഭവത്രാതൻ നമ്പൂതിരിപ്പാടിന്റെ 'വിധവയുടെ വിധി' തുടങ്ങിയ കഥകളെല്ലാം തന്നെ ആ കാലത്തെ നമ്പൂതിരി ഇല്ലങ്ങളിലെ സ്ത്രീയനുഭവങ്ങളുടെ ദുരന്താവിഷ്ക്കാരങ്ങളാണ്. കൂട്ടുകുടുംബങ്ങളിലെ അതിരുകൾക്കുള്ളിൽ വീർപ്പുമുട്ടുന്ന അന്തർജ്ജനങ്ങൾക്ക് ഊർജ്ജമാകാൻ വി. ടിയെപോലുള്ളവരുടെ കൃതികൾക്കായിട്ടുണ്ട്.

ലളിതാംബിക അന്തർജ്ജനം തന്റെ സമുദായത്തിലെ സ്ത്രീയനുഭവങ്ങളുടെ നേർക്കാഴ്ചകളുമായി രംഗത്തുവരുന്നതും ഇക്കാലത്താണ്. അന്തർജ്ജനത്തിന്റെ മിക്ക കഥകളിലും സ്ത്രീജീവിതത്തെ തകർച്ചയിലേക്ക് നയിക്കുന്ന പ്രസ്ഥാനമാണ് കുടുംബം. പ്രതിധ്വനി, മൂടുപടത്തിൽ എന്നീ കഥകളിലെ അമ്മാത്തൽ, പാപ്പി എന്നിവർ കുടുംബത്തിന്റെ അതിരുകൾക്കുള്ളിൽ രക്തസാക്ഷികളാകേണ്ടിവന്നവരാണ്. അന്ധമായ ഭർത്തൃഭക്തി പുലർത്തുന്നവളാണ് 'പ്രതിധ്വനി'യിലെ അമ്മാത്തൽ. മരണാസന്നയായി കഴിയുന്ന അമ്മാത്തലിന്റെ ഒരേയൊരാഗ്രഹം ഭർത്താവിനെ അവസാനമായി ഒന്നു കാണണം എന്നാണ്. ഭർത്താവിന്റെ അവഗണനക്ക് വിധേയമായിട്ടും അവളിലെ ഭർത്തൃഭക്തിക്ക് ഒരു കുറവും വരുന്നില്ല. മൂടുപടത്തിലെ പാപ്പിയാകട്ടെ താൻ സ്നേഹിച്ചയാളെ കിട്ടില്ലെന്നറിഞ്ഞപ്പോൾ കുറ്റബോധത്തോടെ ഭർത്താവിന്റെ കാൽക്കൽ വീഴുന്നവളാണ്. എത്രമാത്രം ബുദ്ധിമുട്ടുകൾ ഉണ്ടാവുന്നുണ്ടെങ്കിലും കുടുംബവുമായി അനുരഞ്ജനപ്പെടാൻ തയ്യാറാവുന്ന കഥാപാത്രങ്ങളെയാണ് ലളിതാംബിക സൃഷ്ടിച്ചത്. പുരുഷാധികാരങ്ങളോട് അമർഷമുണ്ടെങ്കിലും കുടുംബിനികൾ ആയതിനാൽ അതിന് മുതിരാൻ അവർക്കാകുന്നില്ല.

സ്വകാര്യജീവിതവും സാഹിത്യജീവിതവും തമ്മിൽ ചേർക്കാൻ പെടാപാടുപെടുന്ന സ്ത്രീയനുഭവങ്ങളെ കഥയല്ല ഒരു കത്ത്, കഥാ

കർത്രിയുടെ കത്ത്, കഥയെങ്കിൽ കഥ എന്നീ രചനകളിൽ അന്തർജ്ജനം ചിത്രീകരിക്കുന്നുണ്ട്.

''അരി കഴുകുമ്പോഴും കൂട്ടാനിളക്കുമ്പോഴും തൊട്ടിലാട്ടുമ്പോഴും എല്ലാം ഒരേ ചിന്ത, എനിക്ക് എഴുതണം, എഴുതണം, എഴുതിയേ തിരൂ! അങ്ങനെ അടുക്കള അലമാരിയിലെ പലവ്യഞ്ജനപ്പെട്ടിയുടെ ഇടയിൽ ഉപ്പിന്റെയും മുളകിന്റെയും മഞ്ഞൾപ്പൊടിയുടെയും കൂട്ടത്തിൽ ഒരു കടലാസു പെൻസിലും കൂടി സ്ഥലം പിടിച്ചു. ''- കഥാകർത്രിയുടെ കത്തിലെ നായികയുടെ ഈ അനുഭവം കുടുംബം എന്ന സ്ഥാപനം സൃഷ്ടിച്ചു കൊടുക്കുന്ന അനുഭവമാണ്. സർഗ്ഗാത്മകഭാവനയും ജീവിതാവസ്ഥയും തമ്മിലുള്ള അനുരഞ്ജനത്തിലൂടെയെ സ്വസ്ഥമായ കുടുംബജീവിതം സാധ്യമാകൂ എന്നാണ് ലളിതാംബിക പറയാൻ ശ്രമിക്കുന്നത്.

അന്തർജ്ജനം മുന്നോട്ട് വെക്കുന്ന ഇത്തരം അനുരഞ്ജനങ്ങളെ സരസ്വതിയമ്മയുടെ കഥകളിൽ കാണാനാകില്ല. സ്ത്രീക്ക് സ്വന്തമായൊരു ഇടമുണ്ടെന്നും ആ ഇടത്തിൽ പരിപൂർണ്ണ സ്വതന്ത്രയായാണ് അവൾ ജീവിക്കേണ്ടതെന്നും സരസ്വതിയമ്മ വിശ്വസിക്കുന്നു. കൂട്ടുകുടുംബസമ്പ്രദായത്തിൽ നിന്ന് അണുകുടുംബത്തിലേക്ക് ക്രമേണ മാറ്റപ്പെട്ട കാലത്തെ പ്രതിനിധീകരിക്കുന്നവയാണ് സരസ്വതിയമ്മയുടെ കഥകൾ. പുരുഷാധിപത്യമൂല്യങ്ങൾക്ക് മുൻതൂക്കമുള്ള അണുകുടുംബം എന്ന സ്ഥാപനം സ്ത്രീക്ക് സ്വതന്ത്രജീവിതം നൽകുന്നതല്ല എന്ന തിരിച്ചറിവിൽ നിന്നാണ് കുടുംബമൂല്യങ്ങളുടെ സ്ത്രീവിരുദ്ധത തുറന്നുകാട്ടുന്ന കഥകളുമായി സരസ്വതിയമ്മ സാഹിത്യലോകത്തെത്തുന്നത്.

സരസ്വതിയമ്മയുടെ നോട്ടത്തിൽ ആധുനികകുടുംബമെന്നത് പാരമ്പര്യത്തിന്റെയും ആധുനികതയുടെയും പരസ്പരമുള്ള ഏറ്റുമുട്ടലിൽ ചിതറിയ തുണ്ടുകളുടെ അസമർത്ഥമായ മേളനത്തിൽ നിന്ന് പിറന്ന ഒരു സ്ഥാപനമാണ്. പുരുഷന്മാർക്ക് വളരെ അനുകൂലമായ ഒരു അധികാരബന്ധമാണ് അതിന്റെ ആണിക്കല്ല്. (ദേവിക. ജെ, 2001 : 1056). പുരുഷന്മാർക്ക് അനുകൂലമായ അധികാരവ്യവസ്ഥയോടാണ് സരസ്വതിയമ്മയുടെ കഥാപാത്രങ്ങൾ ഏറ്റുമുട്ടിയത്. കുടുംബത്തിനകത്തെ തന്റെ സ്ഥാനം തിരിച്ചറിഞ്ഞ് അതുപേക്ഷിച്ച് പോയവളാണ് 'വൈവിധ്യം വേണ്ടേ' എന്നതിലെ സുശീല. പുരുഷൻ പ്രയോഗിക്കുന്ന അധികാരം കൂടി സ്നേഹമായി ധരിപ്പിച്ചെടുക്കാൻ കുടുംബം സൗകര്യം നൽകുന്നതിനെയാണ് 'മധുരപലഹാരം' എന്ന കഥയിലൂടെ പറയുന്നത്. വ്യക്തിത്വമുള്ള സ്ത്രീക്ക്

അവൾ എത്ര ഗുണങ്ങൾ തികഞ്ഞവളാണെങ്കിലും കുടുംബം വാസയോഗ്യമല്ല എന്നാണ് 'ബഹുമാനപ്പെട്ട അമ്മ' എന്ന കഥയിലൂടെ വെളിവാക്കാൻ ശ്രമിക്കുന്നത്. കുടുംബം എന്ന സ്ഥാപനം വ്യക്തിയുടെ ഊർജ്ജത്തെ മുഴുവൻ അകത്തേക്ക് വലിക്കുമ്പോഴുണ്ടാകുന്ന അസ്വാരസ്യങ്ങളാണ് ചോലമരങ്ങൾ, വിലക്കപ്പെട്ട വഴി തുടങ്ങിയ കഥകൾ മുന്നോട്ട് വെക്കുന്നത്.

കുടുംബത്തിൽ പുരുഷനുള്ള പരമാധികാരം, സ്ത്രീയുടെ അധ്വാനവും ലൈംഗികതയും പ്രത്യുത്പാദനശേഷിയും കീഴടക്കാൻ അയാളെ പ്രാപ്തനാക്കുകയും പലവിധ ജീവിതസൗഭാഗ്യങ്ങൾക്ക് സ്വാദിഷ്ഠമായ ആഹാരം, പരിചരണം, വിശ്രമവേളകൾ, ലൈംഗിക അതൃപ്തി, നേരായ പിൻതുടർച്ചാവകാശികൾ - ഉടമയാക്കിത്തീർക്കുകയും ചെയ്യുന്നു. പുരുഷന്റെ ഈ അധികാരമാണ് പുരുഷാധിപത്യവ്യവസ്ഥയുടെ ഭൗതികമായ അടിത്തറ. അതിനാൽ സ്ത്രീയെ നിതാന്തമായ ഗാർഹികാടിമത്തത്തിൽ തളച്ചിടേണ്ടതുണ്ട്. ഇത് പുരുഷന്മാരുടെയൊക്കെ വർഗതാത്പര്യമായിത്തീരുന്നു. (രവീന്ദ്രൻ എൻ. കെ, 2010 : 80). കുടുംബത്തിനകത്തെ ഈ പുരുഷാധിപത്യ വർഗ്ഗതാത്പര്യത്തിനെതിരെയാണ് സരസ്വതിയമ്മയുടെ കഥാപാത്രങ്ങൾ സന്ധിയില്ലാതെ സമരം ചെയ്തത്. നവോത്ഥാനം മുന്നോട്ട് വെച്ച ആദർശകുടുംബ സങ്കല്പം, സ്ത്രീക്കേൽപ്പിക്കുന്ന പരിമിതികളെക്കുറിച്ച് കൃത്യമായി ചൂണ്ടിക്കാണിക്കുന്നുണ്ട് സരസ്വതിയമ്മയുടെ കഥകൾ. പിൻതിരിപ്പൻ കൂട്ടുകുടുംബസംവിധാനങ്ങൾക്കു പകരം വ്യക്തികളിലധിഷ്ഠിതവും പുരോഗമനപരവുമായ നവകുടുംബം ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യദശകങ്ങളോടെ ഇവിടെ സ്ഥാപിതമായി എന്ന പൊതുധാരണയെ വിമർശനബുദ്ധിയോടെ നോക്കിക്കാണേണ്ടതുണ്ട് എന്ന് ജെ. ദേവിക നിരീക്ഷിക്കുന്നുണ്ട്. (2001: 1062)

അണുകുടുംബരൂപങ്ങളിൽ സ്ത്രീകൾ ആശ്രിതകളായ വീട്ടുകാരാണ്. പാതിവ്രത്യം, മാതൃത്വം, വിധേയത്വം എന്നിവയെ സംബന്ധിച്ച പ്രത്യയശാസ്ത്രങ്ങളും സദാചാര നിയമങ്ങളും സ്ത്രീകളുടെ ചലനസ്വാതന്ത്ര്യങ്ങളെ നിയന്ത്രിച്ചു. പൊതുമണ്ഡലത്തിന്റെ വിശാലമായ സ്വതന്ത്രലോകം പുരുഷനും ഗാർഹിക ലോകം സ്ത്രീക്കും എന്നായിത്തീർന്നു. ഇതുണ്ടാക്കുന്ന അസ്വാരസ്യങ്ങൾ, ദാമ്പത്യപ്രശ്നങ്ങൾ നവോത്ഥാന കാഥികരുടെ കഥകളിലും പ്രമേയമായി. പി. കേശവദേവ്, തകഴി, ഉറൂബ്, വൈക്കം മുഹമ്മദ് ബഷീർ, പൊൻകുന്നം വർക്കി, കാരൂർ തുടങ്ങിയവരുടെ

കഥകൾ സ്ത്രീപുരുഷ ബന്ധങ്ങളുടെയും കുടുംബത്തെയും കുറിച്ചുള്ള നവീനമാനങ്ങൾ സൃഷ്ടിച്ചു.

വ്യക്തികളുടെ സ്വകാര്യ ലോകങ്ങളിലേക്കുള്ള പ്രവേശനങ്ങൾ പലപ്പോഴും ദേവിന്റെ കഥകളുടെ ലക്ഷ്യമല്ല. സാമ്പത്തികഞെരുക്കം അനുഭവിക്കുന്ന ഇടത്തരക്കാരുടെ പ്രശ്നങ്ങളെയാണ് ദേവ് ഉന്നം വെയ്ക്കുന്നതെങ്കിലും പരോക്ഷമായി സാമ്പത്തിക സ്വാതന്ത്ര്യം നേടാത്ത സ്ത്രീയനുഭവങ്ങളുടെ രേഖപ്പെടുത്തലും കൂടിയായി ദേവിന്റെ കഥകൾ പരിണമിക്കുന്നുണ്ട്. 'ബസ്സ്യാത്ര' പോലുള്ള കഥകൾ ഉദാഹരണമാണ്. ഭർത്താവിന്റെ സാമ്പത്തികസ്ഥിതിക്കനുസരിച്ച് സ്വന്തം വീട്ടിലേക്കുള്ള പോക്കുവരവ് നിശ്ചയിക്കുന്നവളാണ് 'മരച്ചീനി'യിലെ രാജമ്മ. ഗവൺമെന്റുദ്യോഗസ്ഥനായ ഭർത്താവിന് കുടുംബചെലവുകൾ രണ്ടറ്റം എത്തിക്കാൻ പ്രയാസപ്പെടേണ്ടിവരുന്നു. ഇടത്തരക്കാരന്റെ ദയനീയതയെ ആവിഷ്ക്കരിക്കുന്നതിനൊപ്പം കുടുംബത്തിനകത്തെ തെളിയാതെ പോകുന്ന സ്ത്രീയവസ്ഥകളുടെ അടയാളപ്പെടുത്തലും കൂടിയാവുന്നു ഇത്തരം കഥകൾ. പുരുഷനും സ്ത്രീയും ഒരേ സാമ്പത്തിക സ്വാശ്രയത്വം നേടുന്നതിലൂടെ മാത്രമേ അണുകുടുംബങ്ങളിൽ നിലനിൽക്കുന്ന അസമത്വങ്ങളെ നീക്കം ചെയ്യാനാകൂ എന്ന ബോധ്യത്തെ ഇത്തരം കഥകൾ ഉറപ്പിക്കുന്നുണ്ട്.

കുടുംബബന്ധങ്ങളുടെ തീവ്രതയെ അതിസൂക്ഷ്മമായി ആഖ്യാനം ചെയ്യുന്നവയാണ് തകഴിയുടെ കഥകൾ. അച്ഛൻ, മകൻ ബന്ധത്തിന്റെ ആഴം വ്യക്തമാക്കുന്ന തഹസിൽദാരുടെ അച്ഛൻ, പരസ്പര വിശ്വാസത്തിലൂന്നി ജീവിതയാത്രയിലുടനീളം താങ്ങായി മാറുന്ന ദാമ്പതിമാരുടെ ചിത്രം അവതരിപ്പിക്കുന്ന ദീർഘയാത്ര, വ്യക്തി, കുടുംബം, സമൂഹം എന്നീ സ്ഥാപനങ്ങൾ തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്ന പട്ടാളക്കാരൻ, നിത്യകന്യക തുടങ്ങിയ കഥകളെല്ലാം തന്നെ 'കുടുംബം' എന്ന സ്ഥാപനത്തിലെ പ്രശ്നങ്ങളെയാണ് ചർച്ച ചെയ്യുന്നത്.

ഇരുപതാം നൂറ്റാണ്ടിന്റെ മധ്യദശകങ്ങളോടെ സ്ഥാപനവത്ക്കരിക്കപ്പെട്ട ആധുനിക കുടുംബം എന്ന സ്ഥാപനത്തെ വിമർശക ദൃഷ്ടിയോടെ സമീപിച്ചവരാണ് കാരൂരും ഉറൂബും. കുടുംബിനിയും ആദർശഭാര്യയും പതിവ്രതയും ഒക്കെ ആയി മാറുന്ന വാർപ്പു സ്ത്രീ സങ്കൽപ്പങ്ങളെ നിരാകരിക്കുന്നവരാണ് ഉറൂബിന്റെയും കാരൂരിന്റെയും കഥാപ്രപഞ്ചത്തിലെ നായികമാർ. ഉറൂബിന്റെ രാച്ചിയമ്മ മലയാള ചെറുകഥാലോകം കണ്ട ഏറ്റവും കരുത്തുറ്റ കഥാപാത്രമാണ്. വീടിനടുത്ത് താമസിക്കാൻ വന്ന അയൽപ

ക്കകാരനോട് തോന്നുന്ന സൗഹൃദം സാഹോദര്യത്തിലേക്കും പ്രണയത്തിലേക്കും നീണ്ട കാത്തിരിപ്പിലേക്കും വഴിമാറുന്നു. പ്രതിസന്ധികൾക്ക് മുന്നിൽ തളരാൻ അവൾ തയ്യാറാകുന്നില്ല. സ്ത്രീസ്വഭാവത്തിന്റെ സൂക്ഷ്മവും വിദഗ്ധവുമായ ആവിഷ്കാരങ്ങളെ പ്രതിപാദിക്കുന്നവയാണ് രണ്ടു കുരുക്കഴിച്ച ഒരു കയ്യ്, ചെല്ലമ്മാളുടെ കഥ എന്നിവ.

നവോത്ഥാനകഥാലോകം അതുവരെ കാണാതിരുന്ന സ്ത്രീമാതൃകയെയാണ് കാരൂർ മരപ്പാവകളിലൂടെ സൃഷ്ടിച്ചത്. വിവാഹത്തിന്റെ പാരതന്ത്ര്യത്തിന് കീഴടങ്ങാൻ വിസമ്മതിക്കുന്ന ആശാരിപ്പറമ്പിൽ നളിനി വിവാഹസ്ഥാപനത്തിന്റെ സ്ത്രീവിരുദ്ധ സ്വഭാവത്തെ തിരിച്ചറിഞ്ഞവളാണ്. ആദർശകുടുംബിനിക്ക് സാധ്യമല്ലാത്ത സർഗ്ഗാത്മക ജീവിതത്തെ നെയ്തെടുക്കാനാണ് നളിനി ശ്രമിക്കുന്നത്.

''ഇപ്പോൾ എനിക്കാരേം പേടിയില്ല, ഞാനല്ലാതെ ആരെങ്കിലും ഉണ്ടെന്നു തന്നെ എനിക്കു വിചാരമില്ല''- എന്യൂമറേറ്ററുടെ ചോദ്യത്തിനുള്ള നളിനിയുടെ ഈ മറുപടി പൊതുസമൂഹത്തോടുള്ള മറുപടികൂടിയാണ്.

സ്ഥാപനവത്ക്കരിക്കപ്പെട്ട ലൈംഗികതയിലൂടെയാണ് സ്ത്രീകൾ തങ്ങളുടെ ലൈംഗികാഭിലാഷത്തെ പ്രകാശിപ്പിക്കുന്നതെന്നും സ്ത്രീകളുടെ ലൈംഗികാനുഭവങ്ങളെ നിർവചിക്കുന്നത് സമൂഹത്തിലെ അധീശപ്രത്യയശാസ്ത്രമാണെന്നും വെൻഡി ഫോക്നർ നിരീക്ഷിക്കുന്നുണ്ട്. (രവീന്ദ്രൻ എൻ. കെ, 2010 : 164) കാരൂരിന്റെ പൂവമ്പഴത്തിലെ വിധവയായ അന്തർജ്ജനം ഈ നിരീക്ഷണത്തെ സാധൂകരിക്കുന്ന കഥാപാത്രമാണ്. പുരുഷാധിപത്യമൂല്യങ്ങളെ സംരക്ഷിക്കുന്ന കുടുംബമെന്ന സ്ഥാപനം പുരുഷന്റെ ലൈംഗികാവകാശങ്ങളെ മാത്രമെ സംരക്ഷിക്കൂ. സ്ത്രീക്ക് അത്തരം ആഗ്രഹങ്ങളോ അവകാശങ്ങളോ അനുവദനീയമല്ല എന്ന ധാരണയെ 'പൂവമ്പഴ'ത്തിലൂടെ കാരൂർ വിമർശിക്കുന്നുണ്ട്.

കുടുംബം നിഷ്കർഷിക്കുന്ന ആദർശഭാര്യാസങ്കൽപ്പത്തെ ചോദ്യം ചെയ്യുന്നവളാണ് പൊൻകുന്നം വർക്കിയുടെ 'ഭാര്യ'യിലെ ഭാനുമതിയമ്മ. തന്റേടമുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നവരായി സ്ത്രീകൾ മാറേണ്ടതുണ്ട് എന്നും, സഹനത്തിന്റെ അവസാനവാക്ക് ആകേണ്ടവളല്ല സ്ത്രീയെന്നും ഭാനുമതിയമ്മയിലൂടെ കഥാകൃത്ത് ഉറപ്പിച്ച് പറയുന്നു.

കുടുംബത്തെ സംബന്ധിക്കുന്ന മാറിവരുന്ന പ്രത്യയശാസ്ത്രധാരണകളെ കൃത്യമായി ആലേഖനം ചെയ്യുന്ന രചനകളാണ് വൈക്കം മുഹമ്മദ് ബഷീറിന്റേത്. ദാമ്പത്യജീവിതത്തിലെ അസ്വാരസ്യങ്ങളെ നർമ്മബോധത്തോടാണ് ബഷീർ നോക്കികാണുന്നത്. പൂവമ്പഴം, സ്വർണ്ണമാല തുടങ്ങിയ കഥകൾ ഇത്തരത്തിൽ എഴുതപ്പെട്ടവയാണ്.

പരമ്പരാഗതമായ സാമാന്യബോധവും നവോത്ഥാനം സൃഷ്ടിച്ച സാംസ്കാരികബോധവും തമ്മിലുള്ള വൈരുദ്ധ്യത്തെ രചനാവേളയിൽ മറികടന്നവരാണ് മേൽപരിശോധിച്ച നവോത്ഥാനകാല എഴുത്തുകാർ എല്ലാം തന്നെ എന്ന് അവരുടെ കഥകൾ സൂചിപ്പിക്കുന്നു. മനുഷ്യർക്ക് ചിന്തിക്കാനുള്ള സ്വാതന്ത്ര്യം നൽകിയ നിർണ്ണായകവും സമ്പന്നവുമായൊരു യുഗത്തിന്റെ അടയാളപ്പെടുത്തലുകളാണ് നവോത്ഥാനകാഥികരുടെ കഥാലോകത്തിന്റേത്. സ്ത്രീ–പുരുഷബന്ധങ്ങളെക്കുറിച്ചും കുടുംബത്തെക്കുറിച്ചുമൊക്കെ അതുവരെ നിലനിന്നുപോന്ന ആദർശസങ്കൽപ്പങ്ങളെയെല്ലാം ചോദ്യംചെയ്താണ് ആ കഥകൾ മുന്നോട്ടുപോയത്. കൂട്ടുകുടുംബ സംവിധാനങ്ങളിൽ നിന്ന് വ്യക്തികളിലധിഷ്ഠിതവും പുരോഗമനപരവും എന്ന് കരുതുന്ന അണുകുടുംബരൂപങ്ങളെ വിമർശനാത്മകമായി ആ കഥകൾ വിലയിരുത്തുന്നു.

## References

കെ. ഇ. എൻ., *കേരളീയ നവോത്ഥാനത്തിന്റെ ചരിത്രവും വർത്തമാനവും*, 2016.

ദേവിക ജെ., *കുലടയ്ക്കും കുലീനയ്ക്കുമപ്പുറം; ലിംഗഭേദവിചാരം സരസ്വതിയമ്മയുടെ കൃതികളിൽ*, 2001.

രവീന്ദ്രൻ എൻ. കെ., *പെണ്ണെഴുതുന്ന ജീവിതം*, 2010.

# ഭാഷയുടെ പരിമിതികളും സാധ്യതകളും: മേതിൽ ഭാഷയെ മുൻനിർത്തി ചില പര്യാലോചനകൾ

**Abdu Sammed K. T.**

***Abstract***: *മലയാളസാഹിത്യത്തിന്റെ ആധുനിക/ ഉത്തരാധുനിക ഘട്ടങ്ങളിൽ എഴുതുകയും എന്നാൽ എഴുത്തിന്റെ പൊതു പ്രവണതകളിൽ നിന്ന് മാറി സഞ്ചരിക്കുകയും ചെയ്ത എഴുത്തുകാരനാണ് മേതിൽ രാധാകൃഷ്ണൻ. ഭാഷാതലത്തിലും സമകാലികരിൽനിന്ന് വ്യത്യസ്തമായ പുതുമകൾ മേതിൽ സൃഷ്ടിച്ചിട്ടുണ്ട്. അവ ഭാഷയുടെ പരിമിതികളും സാധ്യതകളുമായി മാറുന്നതെങ്ങനെയെന്ന് പരിശോധിക്കുകയാണ് പ്രബന്ധം.*

***Keywords***: പ്രതിഭാഷ, ഗൂഢഭാഷ, സാഹിത്യ പ്രയോഗം, ആഖ്യാനം, പ്രതീകഭാഷ.

### മേതിലിന്റെ ഭാഷ

മേതിൽ രാധാകൃഷ്ണന്റെ രചനകളിൽ സുലഭമായ ആഖ്യാനപരമായ സവിശേഷതകളിൽ ഒന്നായാണ് ഭാഷാപരീക്ഷണങ്ങളെയും കാണാനാവുക. തന്റെ രചനകളുടെ വിനിയമത്തിനുതകുന്ന അതിവിശാലമായ ഭാവനകളെ സാഹിതീകരിക്കാൻ നിലവിലെ ഭാഷ മതിയാകില്ലെന്ന് അദ്ദേഹം കരുതി. അതിനാൽതന്നെ വ്യവസ്ഥാപിത ഭാഷ തോറ്റുപോകുന്ന പ്രമേയസന്ദർഭങ്ങളിലെല്ലാം ചിഹ്നങ്ങളെയും പ്രതീകങ്ങളെയും ആശയസംവേദനത്തിനായി ഉപയോഗിച്ചു. ഇംഗ്ലീഷ് വാക്കുകൾ കൂടി ഉപയോഗിച്ചുള്ള പുതുപ്രയോഗങ്ങൾ, വാക്കുകളുടെ നിഷ്പത്തി വിവരണം, പ്രതിഭാഷ, ഗൂഢഭാഷ തുടങ്ങിയവയെല്ലാം മേതിൽകൃതികളിൽ ആവർത്തിച്ചു കാണുന്ന ഭാഷാപരീക്ഷണങ്ങളാണ്.

### പുതുപ്രയോഗങ്ങൾ

നിലനിൽക്കുന്ന വാക്കുകൾക്ക് നിറവും വീര്യവും നഷ്ടപ്പെട്ടെന്നും പുതിയ വാക്കുകൾ വേണമെന്നും അഭിപ്രായപ്പെട്ടുകൊണ്ടാണ് 'സൂര്യവംശം' കടന്നുവരുന്നത്. 'യമുന' എന്ന കഥാപാത്രനാമം പോലും പുതിയതാണെന്ന് ആഖ്യാതാവ് സൂചിപ്പിക്കുന്നു. പ്രസാദും മായയും തമ്മിലെ കാമുകീ-കാമുക സല്ലാപത്തിനിട

യ്ക്കാണ് നിലവിലെ ഭാഷയുടെ പരാധീനതകൾ ആഖ്യാതാവ് പങ്കുവെക്കുന്നത്. അവർക്കിരുവർക്കുമിടയിലെ പരസ്പരസ്ഥാനവും ഇരുവരുടെയും മനസ്സിൽ തങ്ങളുടെ പ്രണേതാക്കൾക്കുള്ള സ്ഥാനവും നിർണ്ണയിച്ച് വിവരിക്കാൻ നിലനിൽക്കുന്ന അക്ഷരങ്ങളോ ഭാഷയോ മതിയാകില്ല. പ്രണയത്തിന്റെ ഉന്നതാവസ്ഥയെ സൂചിപ്പിക്കുന്നതോടൊപ്പം തന്നെ ഉത്തമ മനുഷ്യവികാരങ്ങളെ പ്രകടിപ്പിക്കാൻ വ്യവസ്ഥാപിത ഭാഷയ്ക്കുള്ള പരിമിതിയെ കൂടി ഈ സൂചനകളിലൂടെ മേതിൽ പ്രശ്നവൽക്കരിക്കുന്നു.

ഭാഷയിലെ വ്യവസ്ഥാപിത പ്രയോഗങ്ങളോടും നോവലിസ്റ്റ് കലഹിക്കുന്നതായി കാണാം. യമുനയുടെ ഇന്നലകളെ ജയദേവ് മനസ്സിലാക്കിയെന്നറിഞ്ഞ യമുനയ്ക്ക് ‘‘ജയദേവനോട് നന്ദി, സന്തോഷം എന്നൊക്കെ പഴയ രീതിയിൽ പറയാൻ തോന്നിയെങ്കിലും അങ്ങനെ പറയുന്നില്ല. പകരം ഒരു ചോദ്യം ഉന്നയിക്കുകയാണ്. ജയദേവന്റെ ഔപചാരിക പൊള്ളത്തരങ്ങൾ തുറന്നുകാണിക്കുന്ന സന്ദർഭമാണിത്. എല്ലായ്പ്പോഴും ക്ഷമയും നന്ദിയും പടച്ചുവിട്ടുകൊണ്ടേയിരിക്കുന്ന പാശ്ചാത്യസ്വാധീന മലയാളികളുടെ അനുഭവപരിസരങ്ങളാണ് ഇവിടെ വിചാരണ ചെയ്യപ്പെടുന്നത്. ഇംഗ്ലീഷ്ഭാഷയെ കൂടെക്കൂട്ടി പുതിയ വാക്സംയുക്തങ്ങൾക്കും ചുരുക്കെഴുത്തുകൾക്കും മേതിൽ മുതിരുന്നത് ഭാഷയുടെ പരാധീനതയെ മറികടക്കാനാണ്.

**ചുരുക്കെഴുത്തുകൾ, പുതുവാക്ക് സംയുക്തങ്ങൾ**

ഭാഷയുടെ ആദേശത്തിന് പുതിയ വ്യാഖ്യാനങ്ങൾ നൽകാൻ ഉതകുംവിധമാണ് മേതിലിൽ ചില ഇംഗ്ലീഷ് വാക്കുകൾ പ്രവർത്തിക്കുന്നത്. 'ചുവന്ന വിദൂഷകരുടെ അഞ്ചാംപത്തി'യിൽ നരവംശശാസ്ത്രജ്ഞനായ ഡോക്ടർ ഗ്രീനിനെ ഒരുതവണ മാത്രമാണ് 'ഡോക്ടർ ഗ്രീൻ' എന്ന് വിളിക്കപ്പെടുന്നത്. (മേതിൽ രാധാകൃഷ്ണൻ, 1977: 76) പിന്നെ എല്ലാ സമയത്തുമുള്ള വിശേഷണം 'ഡോക്ക് ഗ്രീൻ' (Doc green) എന്നാണ്. 'ബ്രാ' യിലും 'ഡോക്ക് ഷേണായി' ആണ് ഉള്ളത്. ഇംഗ്ലീഷ് ഭാഷയുടെ ചുരുക്കെഴുത്ത് രൂപത്തെ മേതിൽ ബോധപൂർവ്വം മലയാളത്തിലേക്ക് കൂട്ടിക്കൊണ്ടുവരുന്നു. ഭാഷകളുടെ ഒരു അന്തർദേശീയ വഴക്കത്തിന്റെ സൂചനകളായി ഇത്തരം രൂപങ്ങൾ സൃഷ്ടിക്കപ്പെടുന്നു. 2016-ലെ നോവലെറ്റായ ‘‘സൂര്യമത്സ്യത്തെ വിവരിക്കലിൽ ഘടനാശിൽപ്പത്തിൽ ആദ്യന്തം നിറഞ്ഞു നിൽക്കുന്ന ’ഡോക്ക്’ എന്ന കഥാപാത്രമുണ്ട്.

ഇംഗ്ലീഷിൽ 'etc. etc. . . . . . ' എന്ന സ്ഥിരമായുള്ള പ്രയോഗത്തിന് പകരം മേതിൽ 'മറ്റും മറ്റും' എന്ന് പ്രയോഗിക്കുന്നു. 'യക്ഷിയുടെ ചൂലി'ൽ വേലക്കാരിയുടെ പ്രവൃത്തികളാൽ മടുത്ത ആഖ്യാതാവിനെ അമ്മ സമാധാനിപ്പിക്കുന്നിടത്ത് 'അവൾ അത്രയ്ക്കായോ? മറ്റും മറ്റും' (മേതിൽ രാധാകൃഷ്ണൻ, 2013: 94) എന്ന് പറയുന്നു. 'ജൂലൈ ഓഗസ്റ്റ് സെപ്റ്റംബർ' എന്ന കഥയിലും സമാനപ്രയോഗം കാണാം. വർഷങ്ങൾക്കുശേഷം കണ്ടുമുട്ടുന്ന സഹപാഠികളായിരുന്ന രോഹനും അഗതയും പരിചയപ്പെടുന്നിടത്താണിത്. 'ഞാനിപ്പോൾ ഒരു ഓപ്ടിമെറ്റ്റിസ്റ്റ്, കണ്ണടവ്യാപാരി, മറ്റും മറ്റും' (ടി. പു: 359) എന്നാണ് അഗത തന്റെ ജോലിയെ രോഹന് പരിചയപ്പെടുത്തിക്കൊടുക്കുന്നത്. ഇംഗ്ലീഷിലെ പ്രചുരപ്രചാരമായ ഒരു പ്രയോഗത്തെ സമാനാർത്ഥത്തിൽ തന്നെ പരിഭാഷപ്പെടുത്തി ഉപയോഗിക്കുകയാണ് ഇവിടെ ചെയ്യുന്നത്.

'ചുവന്ന വിദൂഷകരുടെ അഞ്ചാംപത്തി'യിൽ ഭാഷയിലെ നിലവിലെ പ്രയോഗങ്ങളെ മാറ്റി പകരം പുതിയ വാക്കുകളെ നിയോഗിക്കുന്നത് കാണാം. ബ്ലൂപ്രിന്റർ എന്ന പരസ്യസ്ഥാപനത്തിൽ 'ഓ!', 'ഹാ'!, 'ഹോ!' തുടങ്ങി എല്ലാ ആശ്ചര്യങ്ങൾക്കും പകരമായി 'ഷൂ!' എന്നാണ് ഉപയോഗിക്കേണ്ടതെന്ന് നോവലിന്റെ തുടക്കത്തിൽ തന്നെ പറയുന്നു. (മേതിൽ രാധാകൃഷ്ണൻ, 1977: 18) മറ്റൊരു തലത്തിലും അർത്ഥസംവേദനക്ഷമമല്ലാത്ത അത്തരമൊരു പ്രയോഗത്തിന്, 'ചുവന്ന വിദൂഷകരുടെ അഞ്ചാംപത്തി'യിൽ സവിശേഷാർത്ഥം കൈവരുന്നു. പുതുമ തേടിയുള്ള അന്വേഷണത്തിന്റെ പൂർത്തീകരണം മാത്രമാണ് ഇത്തരമൊരു ബോധപൂർവ്വമായ പകരം വെപ്പിനെ കാണാനാവുക. അതിന് സവിശേഷമായ അർത്ഥം ആരോപിക്കപ്പെടുകയും കൈവരുകയും ചെയ്യുന്നു.

തോക്ക് എന്നതിന് പകരം ഒറ്റക്കണ്ണ് എന്നാണ് 'ചുവന്ന വിദൂഷകരുടെ അഞ്ചാംപത്തി'യിൽ ഉപയോഗിക്കപ്പെടുന്നത്. തോക്ക്/gun എന്ന പദം ഒറ്റക്കണ്ണിനെ സൂചിപ്പിക്കുന്നില്ല എന്നതിനാൽ ആ വാക്കിന്റെ ഉൽപ്പത്തിചരിത്രം കൂടി വിശദീകരിക്കപ്പെടുന്നു. 'gun' ഉണ്ടായത് 'guigner' എന്ന ഫ്രഞ്ച് വാക്കിൽ നിന്നാണ്. 'ഒറ്റക്കണ്ണുകൊണ്ട് ഉന്നം നോക്കുക' എന്നർത്ഥം. ഇതിൽ നിന്ന് 'guigneur' (ഒറ്റക്കണ്ണുകൊണ്ട് ഉന്നം നോക്കുന്നൊരാൾ) എന്ന

വാക്കും അതിൽ ‘gunener’ എന്നവാക്കും രൂപപ്പെടുന്നു. അങ്ങനെ ആ പ്രയോഗത്തിന്റെ സാധുത വ്യക്തമാക്കപ്പെടുന്നു. 'ബ്രാ'യിലും ഇത്തരമൊരു രീതി അവലംബിച്ചിട്ടുള്ളതായി കാണാം. 'ഫെബ്രുവരി' എന്ന വാക്കിന്റെ ഉറവിടം, 'ഫെബ്രുവാരിയസ്’ (പാപപരിഹാര മാസം), 'ഫെബ്രുവ്യ' (പാപപരിഹാരവിരുന്ന്) എന്നീ ലാറ്റിൻ വാക്കുകളിൽ നിന്നാണെന്ന് വിശദീകരിക്കപ്പെടുന്നു.

'നോർഡിക്ലിനിക്കൽ’ എന്ന വാക്കിന്റെ സന്ധി പിരിച്ചെടുത്ത് 'ചുവന്ന വിദൂഷകരുടെ അഞ്ചാം പത്തിയിൽ പ്രയോഗിക്കുന്നു. നോർഡിക്ക്, ക്ലിനിക്കൽ എന്നീ പദങ്ങൾ കൂട്ടിച്ചേർന്നാണ് നോർഡിക്ലിനിക്കൽ ഉണ്ടായത്. നോവലിൽ മറ്റൊരിടത്ത് രേതസ് ഹഷീഷിന്റെ വെളുത്ത കയ്യുറകൾ 'ക്ലിനിക്കൽ' എന്ന് വിശേഷിപ്പിക്കപ്പെടുന്നു. ഇംഗ്ലീഷ് ഭാഷയിലെ ഏറ്റവും പ്രസരിപ്പുള്ള വാക്കായും ‘ക്ലിനിക്കലി’നെ വിലയിരുത്തുന്നു. പുതിയ കാലത്ത് ഫുട്ബോൾ കമന്ററിയിലും ഗോൾഫ് കമന്ററിയിലും ‘ക്ലിനിക്കൽ ടച്ച്’ എന്ന് വ്യാപകമായി ഉപയോഗിക്കുന്നതിനെ ഇതിനോട് കൂട്ടിവായിക്കാവുന്നതാണ്. കാലത്തിന് മുമ്പെ നടന്ന നോവലിസ്റ്റിന്റെ ക്രാന്തദർശിത്വമാണിത്. ഏറ്റവും ഗംഭീരമായി, വിശദമായി കളിയിൽ ഇടപെടുന്നതിനെയാണ് ആ വിശേഷണം ഇന്നർത്ഥമാക്കുന്നത്. എഴുപതുകളിൽ തന്നെ അത്തരമൊരു ചിന്ത മേതിൽ മുന്നോട്ടു വെച്ചു. ‘ജിറാഫുകൾ കഴുത്തുനീട്ടുമ്പോൾ’ എന്ന കഥയിൽ യാന്ത്രിക ഭാഷയോടുള്ള സന്ദേശം മേതിൽ വ്യക്തമാക്കുന്നു. കമ്പ്യൂട്ടർ പ്രോഗ്രാമിംഗ് ഭാഷകളായ ‘പാസ്കൽ’, ’സി’ എന്നിവയാണ് ഇഷ്ടപ്പെട്ട ഭാഷകളെന്ന് അദ്ദേഹം പറയുന്നു. കമ്പ്യൂട്ടർ ഭാഷകളിൽ എഴുതപ്പെട്ട കവിതകളെക്കുറിച്ചും അദ്ദേഹം വിഭാവനം ചെയ്യുന്നു. ഇങ്ങനെയുള്ള മറ്റൊരു സന്ദർഭത്തെയും ഉദാഹരിക്കാനാകും. ‘ചിക്ക്ബൊക്ക് റെയിലേ’യിൽ മാർക്കറ്റിംഗ് സ്ഥാപനത്തിന്റെ അധികാരി ‘ഡിറക്റ്റർ എന്നാണ് വിളിക്കപ്പെടുന്നത്. സ്വനിമവിജ്ഞാനം ഒരു പഠനശാഖയായി മലയാളത്തിന് പരിചിതമാകുന്നത് വരെ ‘ഡയറക്റ്റർ’ (Director) എന്ന് ഇംഗ്ലീഷ് പഠിതാക്കളടക്കം പറഞ്ഞിരുന്നിടത്താണ് മേതിലിൽ അത് ആദ്യമേ വരുന്നത്. ഇങ്ങനെ നിലവിലെ ഭാഷയുടെ പരിമിതികളെ മറികടക്കാൻ പുതുവഴികൾ തേടുന്നതോടൊപ്പം തന്നെ ഭാഷയിലെ പ്രശ്നങ്ങളെ വിമർശനാത്മകമായി സമീപിക്കാനും മേതിൽ ശ്രമിക്കുന്നുണ്ട്.

**പ്രതിഭാഷ**

നിലനിന്ന ഭാഷ തന്റെ ഭാവനാപൂർത്തീകരണത്തിനുതകില്ല എന്ന ബോധ്യത്തോടൊപ്പം തന്നെ അവയിൽ ഉൾക്കൊണ്ടിട്ടുള്ള പ്രശ്നങ്ങളെയും മേതിൽ തുറന്നു കാണിച്ചു. 'ചുവന്ന വിദൂഷകരുടെ അഞ്ചാംപത്തി', 'ബ്രാ' എന്നീ നോവലുകളിലെ ഒന്നോ രണ്ടോ ചോദ്യങ്ങൾ ഭാഷയുടെ ചില ആധിപത്യങ്ങൾക്ക് നേരെയുള്ളതായിരുന്നു. ഗൗരവമായ ഭാഷാലോചനയ്ക്ക് സാധ്യത തുറന്നിട്ടാണ് അത്തരം ചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടത്.

ഭാഷയുടെ സവർണ്ണവൽക്കരണത്തെ 'ചുവന്ന വിദൂഷകരുടെ അഞ്ചാംപത്തി'യിൽ മേതിൽ തുറന്നു കാണിക്കുകയും അതിനെ പരിഹസിക്കുകയും ചെയ്യുന്നു. 'തീപ്പെട്ടു' എന്ന വാക്കിനെ മുൻനിർത്തിയാണ് അത്തരമൊരാലോചനയെ മേതിൽ കൃതിയിലേക്ക് കൊണ്ടുവരുന്നത്. രാജാവ് വെള്ളം കുടിച്ച് മുങ്ങിച്ചത്താലും 'തീപ്പെട്ടു' എന്നു പറയുന്നത് ഒരു റോയലിസ്റ്റ്-ഫ്യൂഡലിസ്റ്റ് ജനാധിപത്യവ്യവസ്ഥയുടെ ഉൽപ്പന്നമാണെന്ന് നോവൽ പറയുന്നു. 'ഭാഷയിൽ ധാരാളം പദപ്രയോഗങ്ങൾ സവർണ്ണതയെ സൂചിപ്പിക്കാനായി മാത്രം ഇപ്പോഴും നിലനിൽക്കുന്നുണ്ട്. പത്രങ്ങളിലെയും ടെലിവിഷൻ ചാനലുകളിലെയും ഓൺലൈൻ മാധ്യമങ്ങളിലെയും വാർത്താവിനിമയ വിവരണത്തിൽപോലും അത്തരം പ്രയോഗങ്ങൾ ഇന്നും കടന്നുകൂടുന്നു. ഇതിനോടുള്ള തന്റെ പ്രതികരണവും വ്യത്യസ്തമായ രീതിയിൽ മേതിൽ നോവലിൽ രേഖപ്പെടുത്തുന്നുണ്ട്. ഫയൽഗാർഡുകൾ തമ്മിൽ സംസാരിക്കുന്നിടത്ത് ഒരു തെറി ഉപയോഗിക്കുന്നതിനെ അരക്കു കീഴ്പ്പോട്ടുള്ളൊരു വാക്കു വിളിച്ചു പറഞ്ഞു (വാക്ക് സ്ത്രൈണമായിരുന്നു) (ടി. പു: 136) എന്ന് മാത്രം പറയുന്നു. തെറിപദത്തെ അതേപടി ഉപയോഗിക്കുന്നില്ല. സമൂഹത്തിന്റെ സവർണ്ണമനോഭാവങ്ങളിൽ നിന്ന് രൂപമെടുത്തതാണ് മിക്ക തെറികളുമെന്ന അർത്ഥത്തിൽ ഈ പ്രയോഗം ഒട്ടേറെ സാധുതകൾ തുറന്നുവെക്കുന്നു.

ചില വാക്കുകളുടെ നിരർത്ഥകതയെ കുറിച്ചും പരസ്പരബന്ധമില്ലായ്മയെക്കുറിച്ചും 'ബ്രാ' ചർച്ച ചെയ്യുന്നു. 'കുഴിയാന' എന്ന പേരിനെ മുൻനിർത്തിയാണ് അത്തരമൊരു ആലോചന മേതിൽ നടത്തുന്നത്. ആനയും കുഴിയാനയും തമ്മിൽ യാതൊരു ബന്ധവുമില്ല. കുഴിയാന എന്ന പേര് അസംബന്ധമാണ്. കുതിരയുടെ സമുദ്രികപതിപ്പല്ലാതിരുന്നിട്ടും കടൽക്കുതിര എന്ന മത്സ്യത്തെ അങ്ങനെ വിളിക്കുന്നതിലും ഇത്തരമൊരു വിരോധാഭാ

സത്തിന്റെ അംശമുണ്ടെന്ന് മേതിൽ കൂട്ടിച്ചേർക്കുന്നു. ഹിപ്പൊപ്പൊട്ടോമസ്സിനെ നീരാന എന്ന് വിളിക്കേണ്ട കാര്യമില്ലെന്നത് പോലെ തന്നെയാണിതും. കുഴിയാനയെ ബെബ്രാ എന്നോ പിമ്മിലി എന്നോ ഷീവതൻഗവാ എന്നോ മറ്റോ ആണ് വിളിക്കേണ്ടത്. കുഴിയാന എന്ന പദത്തിന് മാത്രമാണ് പ്രചുര പ്രചാരമെന്നതിനാൽ ആ ജീവിയെ 'കുഴിയാന' എന്ന ഒരേയൊരു പേര് മാത്രമാണ് വിളിക്കുന്നതെന്നതിനാൽ നോവലിൽ തുടർന്നും കുഴിയാന എന്ന് തന്നെ വിളിക്കപ്പെടുന്നു. പേരും വസ്തുവും തമ്മിലുള്ള വൈരുധ്യം പ്രകൃതിയിൽ എല്ലായിടത്തും ധാരാളമായി കാണാനാകും. ഈ പ്രശ്നത്തെയാണ് 'ബ്രാ' യിലൂടെ മേതിൽ മുന്നോട്ടുവെച്ചത്. ഭാഷയുടെ ഇത്തരം പ്രശ്നങ്ങളെ മുന്നോട്ടുവെക്കുമ്പോൾ തന്നെ, മറവിൽ കിടക്കുന്ന ഭാഷാതലങ്ങളെ കൃതികളിലുപയോഗിക്കുന്നതിൽ മേതിൽ തൽപ്പരനായിരുന്നു എന്നും കാണേണ്ടതുണ്ട്.

**ഗൂഢഭാഷ**

ഭാഷയോടൊപ്പം ഗൂഢഭാഷക്കും മേതിൽ പ്രാധാന്യം നൽകുന്നു. അധോലോകസംഘങ്ങളുടെയും ഗുണ്ടാസംഘങ്ങളുടെയും വിനിമയചിഹ്നങ്ങൾ കൂടി അടങ്ങിയതാണ് ഭാഷ എന്ന നിലയിൽ ഗൂഢഭാഷയെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നു. ഗൂഢഭാഷ കൃതിയിലുടനീളം കാണാനാവുന്നത് 'ചുവന്ന വിദൂഷകരുടെ അഞ്ചാംപത്തി' എന്ന നോവലിലാണ്. നോവലിനെയാകെ തന്നെ നിഗൂഢതകളുടെ ഉള്ളിൽ നിർത്താൻ അതിൽ മേതിൽ ഉപയോഗിച്ച സവിശേഷ ഭാഷാരീതിക്കാകുന്നുണ്ട്.

രേതസ് ഹഷീഷ് എന്ന കഥാപാത്രത്തെ കേന്ദ്രമാക്കിയാണ് ഗൂഢഭാഷ നോവലിലേക്ക് വരുന്നത്. ഇന്ദ്രജിത്തും ഹിൽഡയും എല്ലാം ഉൾപ്പെട്ട് കഥ മുന്നേറിയതിന് ശേഷമാണ് രേതസ് ഹഷീഷ് കടന്നുവരുന്നത്. ചൂടുള്ള കൈകൾക്ക് പുറത്ത് വെളുത്ത കയ്യുറകൾ ധരിച്ച് നടക്കുന്ന രേതസ് ഹഷീഷിനെ 'തന്റെ ഡ്രാക്കുള പ്രഭു' എന്നാണ് ഹിൽഡ വിളിക്കുന്നത്. അതിന്റെ ന്യായീകരണം ആഖ്യാതാവ് നൽകുന്നു. ഡ്രാക്കുളയുടെ കൊട്ടാരത്തെ ചുഴലുന്ന രാത്രികളിൽ നിലാവിലെ മഞ്ഞിന്റെ ചുഴലികളിൽ നിന്ന് ഉരുവം തിരിഞ്ഞുവരുന്നൊരു സാന്നിധ്യം ഹഷീഷ് അനുഭവിപ്പിക്കുന്നുണ്ട്. ബി ബി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന, രേതസ് ഹഷീഷ് സ്ഥാപിച്ച ബ്ലഡ് ബ്രദേഴ്സ് എന്ന സംഘടന കൊലപാതകങ്ങളുടെ പരമ്പരയുമായി നോവലിൽ പ്രത്യക്ഷപ്പെടുന്നു. ശിശുഹത്യ 12, സ്ത്രീഹത്യ 3, ആകെ നരഹത്യ 21, മൃഗഹത്യ

39 എന്നിങ്ങനെ വിശദീകരിക്കപ്പെടുന്ന കണക്ക് ബ്ലഡ് ബ്രദേഴ്സിലെ ഒരാളുടെ മാത്രം കുറ്റങ്ങളുടെ ലിസ്റ്റിലുള്ളതാണ്.

കൊലപാതകങ്ങൾ അധോലോക സംഘടനകളുടെ ആശയവിനിമയത്തിനനുസൃതമായ വിധത്തിലാണ് വിശദീകരിക്കപ്പെടുന്നത്. ബിലഹരി ഒരു തുന്നൽക്കാരനെ കഴുത്തിൽ കുരുക്ക് മുറുക്കി ശ്വാസം മുട്ടിച്ച് കൊന്നതിനെ, ബിലഹരി തന്നെ പറയുന്നത് 'താനൊരു തുന്നൽക്കാരന്റെ കുപ്പായക്കോളറിന്റെ കൃത്യമായ അളവെടുത്തു' (മേതിൽ രാധാകൃഷ്ണൻ, 1977: 70) എന്നാണ്. ടയർ കയറ്റി കൊല്ലുമ്പോൾ പോക്കാച്ചിത്തവളകളും പട്ടിത്തലച്ചികളും ടയറിനിടയിൽ ചതഞ്ഞരഞ്ഞു എന്നാണ് വിശദീകരിക്കപ്പെടുന്നത്. അതിന്റെ കാരണം വിശദീകരിക്കപ്പെടുന്നത്, 'കാറിന്റെ മുൻടയറുകളിൽ നിന്ന് രണ്ട് സമാന്തരമായ ചുവന്ന നാട പിൻടയറുകളിൽ ചുരുളുന്നത് ആക്സിലേറ്ററിലൂടെ സ്പർശിച്ചറിയാനുള്ള പരീക്ഷണങ്ങൾ' (ടി. പു: 70) എന്ന രീതിയിലാണ്. അധോലോക/ഗുണ്ടാ സംഘങ്ങൾക്ക് മാത്രം തോന്നാവുന്ന വിചിത്രവും ക്രൂരവുമായ ആനന്ദാനുഭവത്തിന്റെ ചിത്രീകരണമാണിത്.

അധോലോക സംഘടനകളുടെ പരസ്പര വിദ്വേഷത്തിന്റെയും കുടിപ്പകയുടെയും സൂചനയെന്ന രീതിയിലുള്ള ഒരു സംഭവവും നോവലിൽ കടന്നുവരുന്നു. ബ്രഡ് ബ്രദേഴ്സിന്റെ ആദ്യ ഔദ്യോഗിക കെട്ടിടം ഉൽഘാടനം ചെയ്ത ചിത്തരഞ്ജൻ സിൻഹ പിന്നീട് ബ്ലഡ് ബ്രദേഴ്സിലെ ഒരംഗത്തിന്റെ കയ്യാൽ തന്നെ തീവണ്ടി മുറിയിൽ വെച്ച് കുത്തേറ്റ് കൊല്ലപ്പെടുന്നു. 'സിൻഹയുടെ വെളുത്ത ജുബ്ബയുടെ ഇറക്കം അളന്നുകൊണ്ട് ചോരയുടെ ചുവന്ന അളവുനാടകൾ ചുവട്ടിലേക്ക് ചുരുളഴിഞ്ഞു വീണു; ഒപ്പം സിൻഹയും പതിച്ചു.' കൊലപാതകദൃശ്യത്തിന്റെ വിവരണമാണിത്. അധോലോകത്തിന്റെ ഇരുണ്ട സ്വഭാവങ്ങളും നോവലിൽ വിശദീകരിക്കപ്പെടുന്നു. ലൈംഗികതയിലെ വിചിത്രമായ പരീക്ഷണങ്ങളും ഹഷീഷ്, ചരസ്, മരിജുവാന, കറുപ്പ്, ഭാംഗ് മുതലായ ലഹരികളും 'അതീന്ദ്രിയധ്യാന'വും എല്ലാം ഉൾക്കൊള്ളുന്ന വിശദീകരണം നൽകുന്നു.

ഗൂഢഭാഷയുടെ ഉപയോഗം കുറെക്കൂടി മികച്ച നിലയിൽ കാണുന്നത് എലിസബത്ത് ടേലർ റോഡിൽ തീപിടുത്തമുണ്ടാകുമെന്ന് അജ്ഞാതൻ അഗ്നിശമനവകുപ്പിൽ വിളിച്ചറിയിക്കുമ്പോഴാണ്. വിളിച്ചയാളോട് അഗ്നിശമന വകുപ്പിലെ ഉദ്യോഗസ്ഥൻ അങ്ങോട്ട് വിവരങ്ങൾ ചോദിച്ചു എന്ന സൂചന കിട്ടുന്ന രീതിയിൽ. . . . 'ചോദിക്കരുത്, ശ്രദ്ധിക്കാൻ അഭ്യർത്ഥിക്കുന്നു' (ടി. പു: 72)

എന്ന പ്രതികരണമുണ്ടാകുന്നു. വീണ്ടും അത് ആവർത്തിക്കപ്പെടുന്നു. അധോലോകസംഘങ്ങളുടെ, അജ്ഞാതസന്ദേശങ്ങളുടെ പൊതുചിഹ്നമാണിത്. ഇങ്ങനെ നോവലിനകത്ത് നിരന്തരമായി അധോലോക/ഗുണ്ടാസംഘങ്ങളും അവരിലൂടെയുള്ള ഗൂഢഭാഷയും പരാമർശിക്കപ്പെടുന്നു.

'സംഗീതം ഒരു സമയകലയാണ്' എന്ന കഥയുടെ ആദ്യഭാഗങ്ങളിലും ഇതിന്റെ സാന്നിധ്യമുണ്ട്. ബസവയെ സിനിമയിലഭിനയിപ്പിക്കാനെന്ന പേരിൽ കടത്തിക്കൊണ്ടുപോകുന്ന ബോസും ആംബറും ദുരൂഹതകളുടെ അന്തരീക്ഷം ഉണ്ടാക്കുകയും അതിനു യോജിക്കുന്ന രീതിയിലുള്ള സംസാരശൈലി സ്വീകരിക്കുന്നതായും കാണാം. മറ്റു കൃതികളിൽ ഇത്തരം പ്രമേയത്തെയോ ഭാഷാരീതിയെയോ മേതിൽ സ്വീകരിക്കുന്നില്ല. എങ്കിലും കഥാഘടനയിലാകെ തന്നെ നിഗൂഢതയും ഭീതിയും നിറഞ്ഞുനിൽക്കുന്ന രീതിയിൽ മറ്റു ചില രചനകളും അദ്ദേഹം എഴുതിയിട്ടുണ്ട്. വരമ്പിൽ ഒരു കൊറ്റി, ശ്വാനദിനങ്ങളുടെ ചരിത്രരേഖ, ആൽഫ്രഡ് ഹിച്ച്കോക്കിന്റെ പ്രേമഗാനം തുടങ്ങിയ കഥകളും 'ബ്രാ' എന്ന നോവലും അത്തരത്തിൽ പെട്ടതാണ്. ഇവയിലെല്ലാം അധോലോക/ഗുണ്ടാസംഘങ്ങളും അവരിലൂടെയുള്ള ഗൂഢഭാഷയും പരാമർശിക്കപ്പെടുന്നു.

ഇങ്ങനെ ഭാഷയെ നിരന്തരം ചോദ്യംചെയ്യുകയും നവീകരിക്കുകയും ചിലയിടങ്ങളിൽ നിരാകരിക്കുകയും വഴി പുതുക്കിപ്പണിതാണ് മേതിൽ രാധാകൃഷ്ണൻ തന്റെ രചനകളിൽ ഉപയോഗിക്കുന്നത്. സാമ്പ്രദായിക രീതികളെയൊന്നും മേതിൽ സ്വീകരിക്കുന്നില്ല. സാമ്പ്രദായിക ഭാഷയുടെ പരിമിതികൾ വ്യക്തമാവുന്ന കഥാസന്ദർഭങ്ങളിൽ ചിഹ്നങ്ങളുപയോഗിച്ച് ആഖ്യാനത്തിന് പൂർണ്ണത നൽകാൻ മേതിൽ ശ്രദ്ധിച്ചിരുന്നു. നിലനിൽക്കുന്ന വാക്കുകൾക്ക് നിറവും വീര്യവും നഷ്ടപ്പെട്ടെന്നും പുതിയ വാക്കുകൾ വേണമെന്നുമുള്ള 'സൂര്യവംശ'ത്തിലെ പ്രസ്താവന മേതിലിന്റെ ഭാഷാദർശനം കൂടിയാണ്. ഇംഗ്ലീഷ് പ്രയോഗങ്ങളെ മലയാളീകരിച്ചും ഇംഗ്ലീഷ് വാക്കുകളെകൂടി ഉപയോഗിച്ച് പുതുപ്രയോഗങ്ങൾ നടത്തിയും വാക്കുകളുടെ നിഷ്പത്തി വിവരണത്തിലൂടെ തന്റെ പ്രയോഗങ്ങൾക്ക് സാധുത നൽകിയും കൃതികളിലെ സവിശേഷഭാഷയെ മേതിൽ നിരന്തരം പരിഷ്കരിക്കുന്നുണ്ട്. ഭാഷയുടെ സവർണ്ണവൽക്കരണം, വാക്കുകളുടെ നിരർത്ഥകത, പരസ്പര ധാരണയില്ലായ്മ എന്നിവ ചൂണ്ടിക്കാണിക്കുകയും അവ മറികടക്കാനുള്ള ഉപാധിയായി പ്രതിഭാഷ ഉപയോഗിക്കുകയും ചെയ്യുന്നു. അധോലോകസംഘങ്ങളുടെ ഗൂഢഭാഷയും സവിശേഷതലമായി

കൃതികളിൽ ഇടം നേടിയിട്ടുള്ളതായി കാണാം. ഇങ്ങനെ പാരമ്പര്യ ത്തിൽനിന്നുള്ള കുതറി മാറലിന് സഹായകരമാകുന്ന ഘടനാ നിർമ്മിതിയിൽ മേതിലിന്റെ ഭാഷ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

## References


അപ്പൻ, കെ. പി., *കെ. പി. അപ്പന്റെ തെരഞ്ഞെടുത്ത കൃതികൾ വാല്യം ഒന്ന്*, കോഴിക്കോട്, ഹരിതം ബുക്സ്, 2006.

രാധാകൃഷ്ണൻ ഇളയിടത്ത്, *ആധുനികതാവാദങ്ങൾ*. കോഴിക്കോട്, പ്രോഗ്രസ്സ് ബുക്സ്, 2016.

രാധാകൃഷ്ണൻ, മേതിൽ. *ചുവന്ന വിദൂഷകരുടെ അഞ്ചാംപത്തി*, കോഴിക്കോട്, പൂർണ്ണ പബ്ലിക്കേഷൻസ്, 1977.

ബ. ബ്രാ. കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്, 1977.

_ _ _., *മേതിൽ കഥകൾ,* കോഴിക്കോട്, മാതൃഭൂമി ബുക്സ്, 2013.

_ _ _., *സൂര്യവംശം*, കോട്ടയം, ഡി. സി. ബുക്സ്, 1999.

സുനിൽ പി. ഇളയിടം, *ദമിതം*. തിരുവനന്തപുരം, കേരള ഭാഷാ ഇൻസ്റ്റി റ്റ്യൂട്ട്, 2009.

# സദാചാരത്തിന്റെ പെൺനോട്ടങ്ങൾ

**Deepa C. K**

***Abstract***: *വിമതലൈംഗികതയെ പരിഗണിക്കുന്നതിലും മനസ്സിലാക്കുന്നതിലും വലിയ പരിമിതികൾ പ്രകടിപ്പിക്കുന്ന ഒരു സമൂഹമാണ് നമ്മുടെത്. ലൈംഗികമായ ഭിന്ന താല്പര്യങ്ങളെ പരമ്പരാഗത സദാചാരത്തിന്റെ പുക ക്കണ്ണടയിലൂടെ മാത്രം കാണുവാൻ ശീലിച്ച ഒരു സമൂഹത്തെ ഞെട്ടിക്കുന്ന പ്രമേയവും ആഖ്യാനവുമാണ് സംഗീത ശ്രീനിവാസന്റെ ആസിഡ് എന്ന നോവലിൽ. ആസിഡിലെ വിമതലൈംഗികജീവിതം വ്യക്തിയിലും കുടുംബത്തിലും സമൂഹത്തിലും സൃഷ്ടിക്കുന്ന വിസ്ഫോടനങ്ങളെ സമകാലിക കേരളീയ സാഹചര്യത്തെ മുൻനിർത്തി പഠിക്കുകയാണ് പ്രബന്ധത്തിൽ.*

***Keywords***: *ലൈംഗികത, വിമതലൈംഗികത, ഫെമിനിസം, ലിംഗതുല്യത, ആഖ്യാനം, ശരീരം*

കാലം മാറുന്നതിനനുസരിച്ച് അർത്ഥം മാറുന്ന ഒരു സംജ്ഞയാണ് സദാചാരം. ഓരോരോ കാലത്തും അധികാരി വർഗ്ഗങ്ങളോട് സമരസപ്പെട്ടുകൊണ്ടാണ് അതിന്റെ നിലനിൽപ്പു തന്നെ. വിമർശനങ്ങളും ചോദ്യശരങ്ങളും കൊണ്ട് കാലാകാലങ്ങ ളായി പൊളിച്ചെഴുതപ്പെട്ട ഒരു ചരിത്രം തന്നെയാണ് സമൂഹത്തിൽ സദാചാരം എന്ന സംജ്ഞ മുന്നോട്ടു വെക്കുന്നത്. അതുകൊണ്ടു തന്നെ സദാചാരമെന്ന വാക്കിന് വ്യാഖ്യാനങ്ങൾ പലതുണ്ടാവുക സ്വാഭാവികം. പരമ്പരാഗത മൂല്യസങ്കല്പങ്ങളിലധിഷ്ഠിതമായ ജീവിത രീതി എന്നാണ് പൊതുസമൂഹം അതിനെ നിർവചിക്കു ന്നത്. വ്യക്തിയുടെയും സമൂഹത്തിന്റെയും അഭിവൃദ്ധിക്കുവേണ്ടി രൂപം കൊണ്ട ആചാരങ്ങൾ, അതതു കാലങ്ങളിലെ അധീശവർഗം സ്വന്തം താല്പര്യങ്ങൾക്കനുസരിച്ച് പരുവപ്പെടുത്തിയെടുത്തപ്പോൾ, ആ മൂല്യങ്ങൾ വളച്ചൊടിക്കപ്പെടുകയും കാലക്രമേണ അതിന്റെ ആധികാരികത ചോദ്യം ചെയ്യപ്പെടുകയും ചെയ്തു. അതുകൊണ്ടു തന്നെ, സദാചാരമൂല്യങ്ങളെ പൂർണ്ണമായുൾക്കൊള്ളാനോ തള്ളിക്കളയാനോ മനുഷ്യന് ഒരിക്കലും കഴിഞ്ഞിട്ടില്ല.

സാമൂഹ്യജീവിയായ മനുഷ്യന്റെ ഏറ്റവും വലിയ ലഹരി സ്വാതന്ത്ര്യമാണ്. വിലക്കുകളില്ലാതാവുന്നിടത്താണ് യഥാർത്ഥ ആനന്ദം ജനിക്കുന്നത്. എന്നാൽ ഇതിന്റെ പ്രായോഗികത വളരെ

സങ്കീർണമാണ്. സമൂഹം നിശ്ചയിക്കുന്ന സദാചാരബോധം സ്വാതന്ത്ര്യത്തിനു വിഘ്നമാകുമ്പോൾ, മനുഷ്യൻ അതിനെ മറികടക്കാൻ ശ്രമിക്കുക സ്വാഭാവികം. കൂട്ടുകുടുംബങ്ങളിൽ നിന്ന് അണുകുടുംബങ്ങളിലേക്കും ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്കും മനുഷ്യജീവിതം മാറിയപ്പോൾ ആ മാറ്റങ്ങൾക്കനുസരിച്ച് ആചാര ങ്ങളിലും മൂല്യസങ്കല്പങ്ങളിലും പൊളിച്ചെഴുത്തുകൾ അനിവാര്യ മായി. ബഹുഭാര്യാത്വം, ശൈശവ വിവാഹം, അസ്പൃശ്യത, ജാതി വ്യവസ്ഥ തുടങ്ങിയ പല മൂല്യങ്ങളും കാലഹരണപ്പെടുകയും അതോടൊപ്പം പുതിയ കാലഘട്ടത്തിനനുയോജ്യമായ പല പുതിയ മൂല്യങ്ങളും ഉയർന്നു വരികയും ചെയ്തു. ഈ മൂല്യങ്ങൾ തമ്മിലുള്ള നിരന്തര സംഘർഷമാണ് സദാചാരം എന്ന വാക്കിന്റെ സാമൂഹിക പ്രസക്തി നിർണ്ണയിക്കുന്ന ഏറ്റവും വലിയ ഘടകം എന്നു പറയാം.

നാലു വർഷം മുമ്പ് പുറത്തിറങ്ങിയ, സംഗീതാ ശ്രീനിവാസ ന്റെ നോവലാണ് ആസിഡ്. പേരിൽത്തന്നെ, സമൂഹത്തെ ഒന്നു പൊള്ളിക്കാൻ പര്യാപ്തമായ ഒരു വിഷയമാണ് താൻ പറയാൻ പോകുന്നതെന്ന സൂചന നോവലിസ്റ്റ് നൽകുന്നുണ്ട്. ലെസ്ബിയൻ പ്രണയത്തിന്റെ അമ്ലലഹരിയെന്ന പരസ്യവാചകം മുന്നോട്ടു വെക്കുന്നതും അതുതന്നെ. എന്നാൽ, കവർ പേജിൽ തന്നെ സൂചിപ്പിക്കുന്ന ലെസ്ബിയനിസത്തിനും മയക്കു മരുന്നു ലഹരിക്കു മപ്പുറം നമ്മുടെ സദാചാര സങ്കല്പങ്ങൾക്കും അവയ്ക്കു പിന്നിലെ മാനുഷിക തലങ്ങൾക്കും മുൻഗണന നൽകി എഴുതപ്പെട്ട നോവലാണിതെന്നു കാണാം.

വിവാഹശേഷം, ഭർത്താവായ മാധവനെ പ്രണയിക്കാൻ തനിക്കു കഴിയില്ലെന്നു തിരിച്ചറിയുന്ന, അഭ്യസ്ഥവിദ്യയും ഉന്നതോ ദ്യോഗസ്ഥയുമായ കമലയാണ് നോവലിലെ കേന്ദ്രകഥാപാത്രം. തനിക്ക് താൽപര്യമില്ലാത്തതൊക്കെ നിഷേധിക്കാനും കൂടുതൽ പുതുമകൾ അന്വേഷിച്ചു പോവാനും അസാധാരണ ധൈര്യം കാണിക്കുന്ന കമലയ്ക്ക്, അതിന്റെ പേരിൽ നേരിടേണ്ടി വരുന്ന സംഘർഷങ്ങൾ നിരവധിയാണ്. ഭർത്താവിനോടൊപ്പം സെക്സും ജീവിതവും സാധ്യമാണെങ്കിലും പ്രണയം സാധ്യമല്ല എന്നു മനസ്സിലാക്കിയ കമല, തനിക്കൊരു സ്ത്രീയെ മാത്രമേ പ്രണയിക്കാൻ കഴിയൂ, സ്ത്രീയോടൊത്തുള്ള ശാരീരിക വേഴ്ചകൾ മാത്രമേ സന്തോഷം പ്രദാനം ചെയ്യു എന്ന തിരിച്ചറിയുന്നുണ്ട്. അതിനെ സമൂഹം മാത്രമല്ല, സ്വന്തം അമ്മ, ഭർത്താവ്, കുട്ടികൾ എന്നിവർ എങ്ങനെ കാണുന്നുവെന്നതു കൂടി നിസ്സാരമായി

തള്ളിക്കളയാനുള്ള ധൈര്യം അവർ കാണിക്കുന്നുണ്ട്. തന്റെ ജീവിതം താൻ നിശ്ചയിക്കുന്നിടത്താണ് എന്ന കമലയുടെ ഉറച്ച വിശ്വാസം ആധുനിക സ്ത്രീയുടെ സ്വാതന്ത്ര്യ പ്രഖ്യാപനം തന്നെയാണ്.

പൊതുവെ പെണ്ണെഴുത്തുകാർ മുന്നോട്ടു വെക്കുന്നത് അവഹേളിക്കപ്പെടുന്ന സ്ത്രീത്വത്തെക്കുറിച്ചുള്ള പൊതുധാരണ യാണ്. അന്തർജ്ജനവും സരസ്വതിയമ്മയും ഗ്രേസിയും സാറാജോസഫുമെല്ലാം മുറുകെപ്പിടിച്ചത് അതിലാണ്. എന്നാൽ സംഗീതയുടെ സ്ത്രീകൾ സ്വതന്ത്രരാണ്. തീർത്തും സ്വതന്ത്രരായ ഒരു പറ്റം സ്ത്രീകളെ അവതരിപ്പിക്കുന്നതിലൂടെ പെണ്ണെഴുത്തിന്റെ ഏറ്റവും പുതിയ സമകാലിക മുഖം തന്നെയാണ് ചർച്ചയ്ക്കു വിഷയമാവുന്നത്. സ്വന്തം ഉടലിന്റെ അവകാശി താൻ തന്നെയാ ണെന്നും തന്റെ ലൈംഗികാനുഭവം തന്റെ സ്വകാര്യതയാണെന്നും സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്ന കരുത്തുറ്റ സ്ത്രീത്വമാണ് ആസിഡിന്റെ കേന്ദ്രപ്രമേയം. അതോടൊപ്പം സമൂഹത്തിൽ സ്വാഭാ വികമായും നടമാടുന്ന സ്ത്രീവിരുദ്ധതയോടു സമരസപ്പെടാൻ സാധിക്കാത്ത ഒരു തലം കൂടി അത് മുന്നോട്ടു വെക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ, സ്വവർഗ്ഗലൈംഗികതയിലൂടെയും അതിന്റെ മാനുഷികമൂല്യങ്ങളിലൂടെയും നടത്തുന്ന സ്വത്വസ്ഥാപനമാണ് ആസിഡ് എന്ന നോവൽ.

ഭർത്താവായ മാധവനോട് കമലയ്ക്കുണ്ടായിരുന്നത് ഒരു തരം വീരാരാധനയാണെന്ന് നോവലിൽ പരാമർശമുണ്ട്. യാഥാസ്ഥിതിക കേരളീയസമൂഹം സ്ത്രീയിൽ നിന്നാവശ്യ പ്പെടുന്നതും അതു തന്നെയാണ്. വീരപുരുഷനായ ഭർത്താവി നെയും അയാളിലുണ്ടാകുന്ന കുഞ്ഞുങ്ങളെയും പരിപാലിച്ചു കഴിയാനുള്ളതാണ് സ്ത്രീയുടെ ജീവിതം എന്ന പരമ്പരാഗത സങ്കല്പത്തിന് ഇന്നും വലിയ മാറ്റമൊന്നും വന്നിട്ടില്ല. കൂട്ടുകുടുംബ വ്യവസ്ഥയിൽ വിവാഹമെന്നത് സ്ത്രീകളുടെ വ്യക്തിത്വഹത്യ തന്നെയാണെന്ന് നോവൽ അടിവരയിടുന്നുണ്ട്. സമ്പത്ത്, പാരമ്പര്യം തുടങ്ങി ഒരുപാട് ഘടകങ്ങൾ ഇതിനു പിന്നിൽ പ്രവർത്തിക്കുന്നുണ്ട്. അത്തരത്തിൽ, കെട്ടുറപ്പുള്ള കുടും ബത്തിനാധാരമായ സ്ത്രീ-പുരുഷബന്ധങ്ങളുടെ പൊളിച്ചെഴുത്ത് ഇവിടെ കാണാം.

കുടുംബവും സമൂഹവും സ്ത്രീയിൽ നിന്നാവശ്യ പ്പെടുന്നത് അനുസരണയും ത്യാഗവുമാണ്. അത്തരത്തിലുള്ള വാർപ്പു മാതൃകകളെയാണ് നമ്മുടെ സിനിമകളും സാഹിത്യ

വുമെല്ലാം ഏറ്റവുമധികം കൊണ്ടാടിയിട്ടുള്ളത്. അതിനപ്പുറം, പ്രതികരിക്കുന്ന പെൺശബ്ദങ്ങൾ വിരൽ ചൂണ്ടുന്നത്, ഈയൊരു വ്യവസ്ഥയുടെ പോരായ്മയിലേക്കു തന്നെയാണ്. എന്നാൽ, ഇത്തരം പ്രതികരണങ്ങളോട് യാഥാസ്ഥിതിക സമൂഹം വെച്ചു പുലർത്തുന്ന മനോഭാവം തീരെ ആശാസ്യമല്ല. അതുകൊണ്ടു തന്നെ വളരെയധികം വെല്ലുവിളികൾ നിറഞ്ഞ ഒരു മേഖലയാണിത്. എന്താണ് സന്തോഷം എന്ന വലിയ ചോദ്യം ആസിഡ് മുന്നോട്ടു വെക്കുന്നുണ്ട്. പരമ്പരാഗത സദാചാരമൂല്യങ്ങളനുസരിച്ച് ജീവിച്ചാലും അതിനെ ചോദ്യം ചെയ്താലും പൊളിച്ചെഴുതാൻ ശ്രമിച്ചാലും സംതൃപ്തി, സന്തോഷം, എന്നീ വാക്കുകളുടെ അകന്നു പോക്ക് ആധുനിക സമൂഹം ഭീകരമായി നേരിടുന്നതാണ്.

യാഥാസ്ഥിതിക കേരളീയ സമൂഹം പ്രണയത്തെ അംഗീകരിക്കുന്നില്ല. അസ്വാഭാവികമായെന്തോ സംഭവിക്കുന്നതുപോലെയാണ് നാം പ്രണയത്തെ നോക്കിക്കാണുന്നത്. സാഹിത്യവും സിനിമയും പോലുള്ള മുഖ്യധാരാ മാധ്യമങ്ങളുടെ ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു ഘടകമായി വർത്തിക്കുമ്പോൾപ്പോലും ജീവിതത്തിൽ അത് നിഷേധിക്കപ്പെടേണ്ട ഒന്നാണെന്ന നിലപാടിൽ മാറ്റം വരുത്താൻ സമൂഹം തയ്യാറാകുന്നില്ല. അതുകൊണ്ടു തന്നെ ഭർത്താവിനെ പ്രണയിക്കാൻ കഴിയുന്നില്ലെന്ന ഒരു സ്ത്രീയുടെ തുറന്നുപറച്ചിൽ ഉൾക്കൊള്ളാൻ കഴിയുന്ന രീതിയിലേക്ക് നമ്മുടെ സമൂഹം വളർന്നിട്ടില്ല. വ്യക്തികൾ, സമൂഹം സൃഷ്ടിച്ചെടുത്ത ചട്ടക്കൂടിലൊതുങ്ങാതെ വരുമ്പോൾ, സമൂഹം അവരെ നോക്കിക്കാണുന്നതിന്റെ രാഷ്ട്രീയം കൂടി ആസിഡിൽ വായിച്ചെടുക്കാം.

സമൂഹം അറപ്പോടെയും വെറുപ്പോടെയും മാത്രം നോക്കിക്കാണുന്ന ഒരു ബന്ധത്തിനുള്ളിൽ കമലയും ഷാലിയും എത്രമാത്രം സംതൃപ്തരാണെന്നതാണ് നോവൽ മുന്നോട്ടു വെക്കുന്ന മറ്റൊരു ഘടകം. സമൂഹത്തിന്റെ ദൃഷ്ടിയിൽ തെറ്റ് എന്നു തോന്നുന്നതെല്ലാം യഥാർത്ഥത്തിൽ തള്ളിക്കളയേണ്ടതല്ല എന്നതിനാണ് ഇവിടെ ഊന്നൽ കൊടുക്കുന്നത്. സമൂഹത്തിന്റെ ദൃഷ്ടിയിൽ സദാചാര ലംഘനമാകുന്ന ഒരു ബന്ധം തന്നെയാണ് കമലയുടെ ജീവിതത്തിൽ അത്താണിയാകുന്നതും അവളുടെ കുട്ടികൾക്ക് ആശ്വാസമേകുന്നതും. അതുപോലെ, ചെറുപ്പം മുതൽ അന്യഥാത്വം മാത്രം അനുഭവിച്ചു വളർന്ന ഷാലി എന്ന പെൺകുട്ടിയോട് കമലയെപ്പോലൊരു സ്ത്രീ കാണിക്കുന്ന സൗഹൃദവും കരുതലും പ്രണയവും അവളെ അന്നുവരെ അപരിചിതമായിരുന്ന ഒരു പുതു ലോകത്തിലേക്ക് കൊണ്ടെത്തിക്കുന്നു. സ്വവർഗ്ഗാനുരാഗം ചെറുപ്പം

മുതൽ കണ്ടു വളരുന്ന കമലയുടെ കുട്ടികളിൽ അതൊരു തെറ്റാണെന്ന ബോധം ഉണ്ടാവുന്നില്ല എന്നത്, സമൂഹത്തിന്റെ മാറി വരുന്ന കാഴ്ച്ചപ്പാട് തന്നെയാണ് സൂചിപ്പിക്കുന്നത്. അതേ സമയം സാധാരണ ജീവിതം വിലക്കപ്പെട്ട ഏതാനും വ്യക്തികളുടെ അതിജീവനത്തിന്റെ കഥയാണ് ആസിഡ്.

ജനനമോ പാരമ്പര്യമോ അല്ല മനുഷ്യന്റെ വ്യക്തിത്വ വികാസത്തിലേക്കുള്ള വഴി എന്ന് നോവൽ അടിവരയിടുന്നു. പാരമ്പര്യ നിഷേധത്തിലേക്കുള്ള ഒരു ചുവടുവെപ്പായി ഇതിനെ കാണാം. മാതാപിതാക്കളുടെ കരുതലറിയാതെ, ലോകം കാണാതെ വളർന്നതിനാൽ അതിന്റെ എല്ലാ പരിമിതികളും കമലയുടെ മക്കളായ ആദിയും ശിവയും അനുഭവിക്കുന്നുണ്ട്. ശിവയുടെ തളർന്ന ശരീരത്തിലും തഴച്ചു വളരുന്ന ആഗ്രഹങ്ങൾ തിരിച്ചറിയുന്നതിൽ പരാജയപ്പെട്ട മാതൃത്വമാണ് കമലയുടേത്. എല്ലാ പ്രായത്തിലും അവനെ തൃപ്തിപ്പെടുത്താൻ ഇലക്ട്രോണിക് ഗെയിമുകൾ മാത്രം മതിയെന്നവൾ തെറ്റിദ്ധരിച്ചു. അല്ലെങ്കിൽ അതിനപ്പുറത്തുള്ള അവന്റെ ആഗ്രഹങ്ങൾ അവൾ കണ്ടില്ലെന്നു നടിച്ചു. സ്വന്തം സ്വാതന്ത്ര്യവും താൽപര്യവും ഉയർത്തിപ്പിടിക്കുമ്പോൾ അനിവാര്യമാകുന്ന നഷ്ടങ്ങളെക്കുറിച്ച് ഇത് സൂചിപ്പിക്കുന്നു. ആദിയുടെ വീടുവിട്ടു പോക്കും, താനില്ലാത്തപ്പോൾ ഷാലി, ശിവയ്ക്ക് അത്താണിയാവുമെന്ന വിശ്വാസത്തിനു വന്ന തകർച്ചയും ഇനിയൊരു തിരിച്ചു വരവില്ലാത്തവിധം കമലയെ വിഷാദരോഗത്തിലാഴ്ത്തി. അതോടെ അൽപ്പാൽപ്പമായി വിഴുങ്ങിക്കൊണ്ടിരുന്ന ആസിഡ് എന്ന ലഹരി അവളെ മുഴുവനായും വിഴുങ്ങി.

പൗരുഷവും സ്ത്രൈണതയും കേവലം ലിംഗത്തിൽ മാത്രം ഒതുങ്ങുന്നതല്ല. അത് ഒരു ശാരീരിക-മാനസിക പ്രക്രിയയാണ്. മനുഷ്യരിൽ ഏറിയും കുറഞ്ഞും കാണപ്പെടുന്ന സ്ത്രൈണ-പൗരുഷ പ്രവണതകൾ തന്നെയാണ് ഒരാളുടെ വ്യക്തിത്വം നിർണ്ണയിക്കുന്നത്. എന്നാൽ സ്വവർഗ്ഗാനുരാഗികൾ ജീവിതത്തെ നേരിടുന്നതിൽ വൻ പരാജയമാണെന്ന് ഈ നോവൽ അടിവരയിടുന്നു. പ്രകൃതിദത്തമായ ചോദനകളെ അതേപടി ആവിഷ്ക്കരിക്കാൻ നോവലിസ്റ്റ് ശ്രമിച്ചിട്ടുണ്ട്. അതിന് സമൂഹവുമായി ഏറ്റുമുട്ടേണ്ടി വരുമ്പോഴുണ്ടാകുന്ന നിരന്തര സംഘർഷങ്ങളാണ് നോവലിന്റെ ക്രിയാംശത്തെ മുന്നോട്ടു കൊണ്ടുപോകുന്നത്. അതുപോലെ അടക്കിവെക്കപ്പെട്ട ലൈംഗികതയും തുറന്ന ലൈംഗികതയും തമ്മിലുള്ള സംഘർഷം ഇതിന്റെ മുഖ്യപ്രമേയമാണ്. പുരുഷാധിപത്യ പ്രവണതകൾക്കു കീഴ്പെട്ടു ജീവിക്കുന്ന

സ്ത്രീത്വത്തെ നോവൽ ചോദ്യം ചെയ്യുന്നു. അധികാര വ്യവസ്ഥകളോടുള്ള നിരന്തരകലഹം ഇതിന്റെ അടിയൊഴുക്കാണ്. അതുകൊണ്ടുതന്നെ പുരുഷ നിർമ്മിത ഭാഷയുടെ നിരാസം ആസിഡിൽ കാണാം. പരസ്പര ബഹുമാനമുള്ള സ്ത്രീ സമൂഹ ത്തിന്റെ ഭാഷയാണിതിൽ സ്വീകരിച്ചിരിക്കുന്നത്. സ്വത്വബോധമുള്ള സ്ത്രീകളാണ് ആസിഡിന്റെ മറ്റൊരു പ്രത്യേകത.

പുരോഗമനപരമായ ആശയങ്ങൾ എന്നു തുടക്കത്തിൽ തോന്നാമെങ്കിലും അത് അവസാനം വരെ ഉയർത്തിപ്പിടിക്കുന്നതിൽ നോവലിസ്റ്റ് പരാജയപ്പെടുന്നുണ്ട്. സ്വന്തം സ്വാതന്ത്ര്യത്തിനു വേണ്ടി ഏതറ്റം വരെ പോകാനും മടികാണിക്കാത്ത കമലയ്ക്ക് അതേ സ്വാതന്ത്യം മറ്റുള്ളവർ പ്രകടിപ്പിക്കുന്നത് കണ്ടു നിൽക്കാൻ കഴിയുന്നില്ല. തളർന്നു കിടക്കുന്ന ശിവയ്ക്ക് മറ്റൊരു ലൈംഗി കാനുഭവം സാധ്യമല്ലെന്ന തിരിച്ചറിവിലും, ഷാലി യുമായുള്ള അവന്റെ ബന്ധം ഉൾക്കൊള്ളാൻ കമലയ്ക്കു കഴിയുന്നില്ല. അത് നേരിടേണ്ടി വരുന്ന സാഹചര്യത്തിൽ അവൾ തളർന്നുപോകു ന്നുണ്ട്. ആ തളർച്ച അവളെ കൊണ്ടെത്തിച്ചത് വിഷാദരോഗ ത്തിലേക്കും മരണത്തിലേക്കുമാണ്. സദാചാര മൂല്യങ്ങൾക്ക് കേരളീയ സമൂഹത്തിലുള്ള പ്രസക്തിയെ ചോദ്യം ചെയ്യുന്ന നോവലിസ്റ്റിന് ഇവിടെ താനുയർത്തിപ്പിടിച്ച ആശയങ്ങളിൽ ധീരമായുറച്ചു നിൽക്കാൻ കഴിയുന്നില്ലെന്നു കാണാം.

## References


ജയകൃഷ്ണൻ, എൻ. (എഡി.) *പെണ്ണെഴുത്ത്,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2002.

ജയകൃഷ്ണൻ, എൻ. (എഡി.) *ഫെമിനിസം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011.

ബുവ്വ ദി സിമോൺ, *സെക്കന്റ് സെക്സ്,* വിവ: പത്മകുമാർ, മുഞ്ഞിനാട്, പാപ്പിറസ് ബുക്സ്, കോട്ടയം, 2015.

സംഗീത ശ്രീനിവാസൻ, *ആസിഡ്,* ഡി. സി. ബുക്സ് കോട്ടയം, 2016.

ഷാൻ പി. എ., *സ്വവർഗാനുരാഗം*, താമര പബ്ലിക്കേഷൻ, കോട്ടയം, 2016.

# നീലക്കുയിലിലെ ജാതിയും ജീവിതവും: കേരളീയ നവോത്ഥാനത്തിന്റെ ശീർഷാസനങ്ങൾ

**Stalin Das**

***Abstract:*** *മലയാള ചലച്ചിത്ര ചരിത്രം പരിശോധിക്കുമ്പോൾ ആദ്യകാലത്തെ ശ്രദ്ധേയമായ ചലച്ചിത്രങ്ങളിലൊന്നാണ് നീലക്കുയിൽ എന്നു കാണാനാവും. ദേശീയ പുരസ്കാരം നേടിയ ആദ്യ സിനിമ എന്ന സ്ഥാനലബ്ധിക്കപ്പുറം നീലക്കുയിലിന് മലയാള ചലച്ചിത്ര ചരിത്രത്തിൽ നിസ്തുലമായ സ്ഥാനമുണ്ട്.*

*സ്വാതന്ത്ര്യാനന്തര ദശകത്തിൽ രാഷ്ട്ര നിർമ്മാണത്തിന്റെ മൂലക്കല്ലുകളായി ഗണിക്കപ്പെട്ട ജാതി വിരുദ്ധത, ദേശീയബോധം, മതേതരത്വം, സാമൂഹിക തുല്യത തുടങ്ങിയ മൂല്യങ്ങളുടെ ആവിഷ്കാരം നീലക്കുയിൽ നിറവേറിയതായി പൊതുധാരണകൾ നിലവിലുണ്ട്. പ്രസ്തുത ധാരണകളെ ജാതിയെന്ന സാമൂഹിക നിർമ്മിതിയെ പരിഗണനാ കേന്ദ്രമായിക്കണ്ട് വിശകലനം ചെയ്യുകയാണ് പ്രബന്ധം.*

***Keywords:*** *നവോത്ഥാനം, ആധുനികത, ദേശീയത, ജാതീയത, ചലച്ചിത്രപാഠം*

രാഷ്ട്രീയ സ്വാതന്ത്ര്യം, മതേതരത്തിലും ജനാധിപത്യത്തിലും തുല്യതയിലും അടിസ്ഥാനപ്പെടുത്തിയ പൗരത്വം, അധ്വാന വർഗ്ഗങ്ങൾക്ക് മുൻഗണനയുള്ള സാമ്പത്തിക ക്രമം, ജാതീയവും മതപരവും ലിംഗപരവുമായ വിവേചനങ്ങളിൽ നിന്നുള്ള മോചനം, ദേശീയതയിലധിഷ്ഠിതമായ രാഷ്ട്രസങ്കല്പം തുടങ്ങിയ നവീന മൂല്യങ്ങളും ആദർശങ്ങളും ലക്ഷ്യങ്ങളും പ്രക്ഷുബ്ധമാക്കിയ കാലഘട്ടമായിരുന്നു ഇന്ത്യയെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യ പകുതി.

ദേശീയപ്രസ്ഥാനവും ജാതി-മത നവീകരണ സംഘടനകളും ഇടതുപക്ഷ-കർഷകത്തൊഴിലാളി മുന്നേറ്റങ്ങളും ഐക്യകേരള പ്രസ്ഥാനവും കേരള രാഷ്ട്രീയത്തെ സംഘർഷഭരിതമായക്കിയ അക്കാലത്താണ് കവിയും ഗാനരചയിതാവും ചലച്ചിത്രപ്രവർത്തകനുമായി പിൽക്കാലത്ത് സ്ഥാനപ്പെട്ട പി. ഭാസ്കരന്റെ രാഷ്ട്രീയവും സർഗ്ഗാത്മകവുമായ വ്യക്തിത്വ രൂപീകരണം നടക്കുന്നത്. ഭാസ്കരനിലെ എഴുത്തുകാരനെയും ചലച്ചിത്രകാരനെയും മാധ്യമ പ്രവർത്തകനെയുമൊക്കെ രൂപപ്പെടുത്തുന്നതിൽ അദ്ദേഹം കടന്നുപോന്ന ദേശീയ സമരത്തിന്റെയും കമ്മ്യൂണിസ്റ്റ് ഭൂതകാലത്തിന്റെയും മൂല്യബോധത്തിന് വലിയ പങ്കുണ്ട്.

ഇന്ത്യയുടെ ദേശീയ സ്വാതന്ത്ര്യസമരം വേഗമാർജ്ജിച്ച തൊള്ളായിരത്തി നാല്പതുകളിലാണ് തിരുവിതാംകൂർ, കൊച്ചി, മലബാർ എന്ന് മൂന്നായി വിഭജിക്കപ്പെട്ടു കിടന്നിരുന്ന കേരളത്തെ രാഷ്ട്രീയമായി ഏകീകരിക്കുക എന്ന് ലക്ഷ്യമാക്കിയ ഐക്യകേരള പ്രസ്ഥാനം സജീവമാകുന്നത്. ഐക്യകേരള പ്രസ്ഥാന പ്രവർത്തകരെ ആവേശഭരിതരാക്കിയ ഐക്യകേരളഗാന[1]മെന്ന സമരഗാനമെഴുതിക്കൊണ്ട് കേരളത്തിന്റെ സാംസ്കാരിക രാഷ്ട്രീയ മണ്ഡലത്തിലേക്ക് ഭാസ്കരൻ കടന്നുവരുമ്പോൾ 'പദം പദം ഉറച്ചു നാം പാടിപ്പാടിപ്പോവുക' എന്നു തുടങ്ങുന്ന ഐക്യകേരളഗാനം ഏറ്റുപാടിയ ആയിരങ്ങളിൽ ഭൂരിപക്ഷത്തിനും അതെഴുതിയ കവി ആരെന്നുപോലും അറിയുമായിരുന്നില്ലയെന്ന് ഒ. എൻ. വി. കുറുപ്പ് അനുസ്മരിക്കുന്നുണ്ട്.

തന്റെ രാഷ്ട്രീയ ജീവിതത്തിനിടയിൽ ഭാസ്കരൻ ദേശീയ സമരം, ഐക്യകേരളപ്രസ്ഥാനം, വിദ്യാർത്ഥി സംഘടനാ പ്രവർത്തനം, യുദ്ധവിരുദ്ധപ്രസ്ഥാനം, ഇടതുപക്ഷ മുന്നേറ്റങ്ങൾ എന്നിവയുടെയൊക്കെ ഭാഗമായിത്തീരുന്നതു കാണാം. സർഗ്ഗാത്മക ജീവിതവും രാഷ്ട്രീയ ജീവിതവും ഒന്നു തന്നെയായി മാറിയ കാലമായിരുന്നു ഭാസ്കരനെ സംബന്ധിച്ചിടത്തോളം തൊള്ളായിരത്തി നാല്പതുകൾ. വില്ലാളി, പല്ലക്കുചുമക്കുന്നവർ, ഓടക്കുഴലും ലാത്തിയും, വയലാർ ഗർജ്ജിക്കുന്നു തുടങ്ങിയ സമരോത്സുക കവിതകൾ ഇക്കാലത്തേതാണ്. ദേശാഭിമാനിയും ജയകേരളവും പോലെ കേരളത്തെ രാഷ്ട്രീയവൽക്കരിക്കുകയും ധൈഷണികമായി ചലനാത്മകമാക്കുകയും ചെയ്ത പ്രസിദ്ധീകരണങ്ങളുടെ നേതൃസ്ഥാനങ്ങളിലേക്കും ഇക്കാലത്ത് ഭാസ്കരൻ കടന്നുവരികയുണ്ടായി. മദ്രാസിൽ നിന്നു പുറത്തു വന്നിരുന്ന 'ജയകേരള'ത്തിന്റെ സഹപത്രാധിപരായി ജോലി ചെയ്യുമ്പോഴാണ് ഭാസ്കരൻ 'ചന്ദ്രലേഖ' എന്ന തമിഴ് സിനിമയിൽ മലയാള ഗാനരചന നടത്തിക്കൊണ്ട് ചലച്ചിത്ര രംഗത്തേക്ക് പ്രവേശിക്കുന്നത്. ചലച്ചിത്ര പ്രവേശനത്തിനുശേഷം വളരെ കുറഞ്ഞ കാലംകൊണ്ടു തന്നെ ഭാസ്കരൻ മലയാള സിനിമയുടെ ഗാനരചനാമേഖലയിൽ ഒഴിച്ചുനിർത്താനാവാത്ത സാന്നിധ്യമായി. വൈകാതെ 1954 ൽ രാമുകാര്യാട്ടിനൊപ്പം നീലക്കുയിൽ സംവിധാനം ചെയ്തുകൊണ്ട് ചലച്ചിത്ര സംവിധാനരംഗത്ത് തുടക്കം കുറിക്കുകയും ചെയ്തു.

സംവിധായകനായി മലയാള സിനിമയിൽ രംഗപ്രവേശം ചെയ്ത ഭാസ്കരൻ തന്റെ ആദ്യ സിനിമകളായ നീലക്കുയിൽ

(1954) രാരിച്ചൻ എന്ന പൗരൻ (1956) എന്നീ സിനിമകളിലൂടെ തന്നെ നയിച്ച രാഷ്ട്രീയാദർശങ്ങളുടെ ആവിഷ്കാരത്തിനൊരു മ്പെടുന്നതായി കാണാം. ദേശീയ സ്വാതന്ത്ര്യസമരത്തെയും സ്വാതന്ത്ര്യാനന്തര രാഷ്ട്രനിർമ്മാണത്തെ നിർണ്ണയിച്ച മൂല്യങ്ങളെയും ആദർശങ്ങളെയും വലിയ അളവിൽ പിൻപറ്റുന്നതാണ് ഭാസ്കരന്റെ ആദ്യ രണ്ടു സിനിമകളും. രാഷട്രനിർമ്മാണത്തിന്റെ ആസന്നകാലത്ത് ദേശീയത, പൗരത്വം, ജാതിബന്ധങ്ങൾ, സ്ത്രീപുരുഷ തുല്യത, സമത്വബോധം, മതേതരത്വം തുടങ്ങിയ മൂല്യങ്ങളുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന നിരവധി സന്ദേഹങ്ങളും സംഘർഷങ്ങളും ആന്തര വൈരുധ്യങ്ങളും നീലക്കുയിലിലും രാരിച്ചൻ എന്ന പൗരനിലും കാണാനാവും.

ഭാസ്കരനെ ഭരിച്ച നവോത്ഥാനാശയങ്ങളുടെയും രാഷ്ട്രനിർമ്മിതിക്കുപയുക്തമെന്ന് കരുതപ്പെട്ട മൂല്യങ്ങളുടെയും പ്രത്യക്ഷങ്ങൾ ഈ രണ്ടു ചലച്ചിത്രങ്ങളിലും ഏറ്റക്കുറച്ചിലുകളോടെ കാണാമെങ്കിലും അവയിൽ നൂറ്റാണ്ടുകളായി നമ്മുടെ രാഷ്ട്ര ഭാഗധേയത്തെ പ്രതിലോമകരമായി നിർണ്ണയിച്ച ജാതി എന്ന സാമൂഹിക നിർമ്മിതിയെ സവിശേഷമായി സംബോധന ചെയ്യുന്ന ചലച്ചിത്രപാഠമാണ് നീലക്കുയിലിന്റേത്. കേരളീയാധുനികത അമ്പതുകളുടെ ചരിത്ര സന്ദർഭത്തിൽ അഭിസംബോധന ചെയ്യേണ്ടിവന്ന ജാതിശ്രേണീ ബന്ധങ്ങളുടെ സാമൂഹിക വിശകലനത്തിന് ഉപയോഗിക്കപ്പെടുത്താവുന്ന ഒന്നാണ് നീലക്കുയിലിന്റെ പാഠവും പാഠാന്തര ബന്ധങ്ങളും. നീലക്കുയിലിനെയും രാരിച്ചൻ എന്ന പൗരനെയും മുൻനിർത്തിയുണ്ടായ പഠനങ്ങളിലും നിരൂപണങ്ങളിലും ആവർത്തിച്ചുവരുന്ന ഒന്ന് ആ സിനിമകൾ വിഭാവനം ചെയ്ത ജാതിമതാതീതമായ ദേശരാഷട്ര ഭാവനയായിരുന്നു. ഫ്യൂഡൽ/കൊളോണിയൽ മൂല്യങ്ങളിൽ നിന്ന് ജനാധിപത്യത്തിലധിഷ്ഠിതമായ ആധുനിക ജീവിതക്രമത്തിലേക്ക് ഭാരതീയ ജനത പ്രവേശിക്കുന്ന അന്തരാള ഘട്ടത്തിലാണ് നീലക്കുയിൽ (1954) പുറത്തു വരുന്നത്. ദേശീയ സ്വാതന്ത്രസമരകാലത്തെ ആദർശങ്ങളുടെ അടിത്തറയിൽ നിന്നുകൊണ്ട് രാഷ്ട്രനിർമ്മാണത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങളും സങ്കല്പങ്ങളും നീലക്കുയിൽ പങ്കുവെക്കുന്നുണ്ട്. നവോത്ഥാനകാലകേരളം മർമ്മപ്രധാനമായി കരുതിയ ആദർശങ്ങളുടെ പ്രയോഗങ്ങൾ നീലക്കുയിലിൽ ചലച്ചിത്രം പ്രക്ഷേപിക്കുന്ന സന്ദേശം തന്നെയായി ഉപരിതലത്തിൽ കാണാം. മുപ്പതുകളിലും നാല്പതുകളിലുമായി തിരുവനന്തപുരം, കൊച്ചി, മലബാർ പ്രദേശങ്ങളിൽ നടന്ന ജനകീയ സമരങ്ങൾ നീലക്കുയിലിനെ ഘടനീകരിച്ചിട്ടുണ്ടെന്ന് നിരീക്ഷണങ്ങളുണ്ടായിട്ടുണ്ട്. (പി. എസ്. രാധാകൃ

ഷ്ണൻ: 2016). ജാതി വിവേചനത്തിനെതിരെ പത്തൊൻപതാം നൂറ്റാണ്ടുമുതൽ സജീവമായിത്തുടങ്ങിയ പ്രക്ഷോഭങ്ങൾ, കൊളോണിയൽ ആധുനികത പകർന്നു നല്കിയ ആധുനിക ജീവിത സങ്കല്പങ്ങൾ, ഭാസ്കരനടക്കമുള്ള ഇടതുപക്ഷപ്രവർത്തകർ പകർന്നു നല്കാൻ ശ്രമിച്ച ഇടതുപക്ഷ മൂല്യങ്ങൾ നെഹ്റുവിയൻ യുഗം രൂപപ്പെടുത്തിയ രാഷ്ട്ര സങ്കല്പങ്ങൾ എന്നിവയെല്ലാം ചേർന്നു മെനഞ്ഞെടുത്ത സംഘർഷാത്മകവും അതേസമയം പ്രതീക്ഷാനിർഭരവുമായ അന്തരീക്ഷത്തിലാണ് നീലക്കുയിൽ പിറവിയെടുക്കുന്നത്.

ഭാസ്കരന്റെ സാഹിത്യ ജീവിതത്തിന്റെ ആദ്യനാളുകളിൽ അദ്ദേഹത്തെ ഗാഢമായി ആവേശിച്ച ആദർശലോകത്തിന്റെ ആവിഷ്കാരം അദ്ദേഹത്തിന്റെ കവിതകളിലെന്ന പോലെ പ്രകടമാവുന്നതാണ് നീലക്കുയിലിന്റെ ആഖ്യാന ഘടനയും. മലയാള കഥാസാഹിത്യത്തിന്റെ നവോത്ഥാന ഘട്ടത്തിലെ പ്രമുഖ എഴുത്തുകാരനായ ഉറൂബാണ് നീലക്കുയിലിന്റെ കഥാകൃത്ത് എന്നത് ശ്രദ്ധേയമാണ്. മാനവിക മൂല്യങ്ങളിൽ പതറാത്ത പ്രതീക്ഷയർപ്പിച്ചിരുന്ന എഴുത്തുകാരനായിരുന്ന ഉറൂബിന്റെ കൃതികളിൽ മതേതരവും ജാതിരഹിതവുമായ ആധുനികലോക ക്രമത്തെക്കുറിച്ചുള്ള പ്രമേയങ്ങൾ നിരന്തരം ആവർത്തിക്കുന്നതു കാണാം. ഉമ്മാച്ചു, സുന്ദരികളും സുന്ദരന്മാരും തുടങ്ങിയ പ്രധാന കൃതികളൊക്കെ മത രഹിതസമൂഹം, ലിംഗതുല്യത, അടിത്തട്ടിലെ ജീവിതങ്ങളോടുള്ള സഹാനുഭൂതി, ജനാധിപത്യബോധം തുടങ്ങിയവ പ്രധാനാദർശങ്ങളായി കടന്നുവരുന്നവയാണ്. മതേതരവും ജാതിരഹിതവുമായ ആധുനിക ലോകത്തെക്കുറിച്ച് സ്വപ്നം കാണുമ്പോൾ തന്നെ ഉറൂബ് യാഥാസ്ഥിതിക ഇടതുപക്ഷ സാഹിത്യാവബോധത്തോട് പുറം തിരിഞ്ഞു നിന്നയാളായിരുന്നു[2] എന്നത് ഭാസ്കരനുമായി അദ്ദേഹത്തിനുണ്ടായിരുന്ന ചാർച്ചയിലെ പ്രധാന വസ്തുതയായി കാണാവുന്നതാണ്.

പരസ്പര പൂരകവും വിരുദ്ധവുമായ അനേകം സാംസ്കാരിക-രാഷ്ട്രീയ ധാരകളുടെയും ഉപദേശീയതകളുടെയും മേൽകീഴ്ക്രമങ്ങളുടെയും അടരുകളുള്ള ഒന്നാണ് ഇന്ത്യൻ ദേശീയത. ജാതിയെന്ന സാമൂഹിക സ്ഥാപനത്തിന്റെ സൈദ്ധാന്തികവും പ്രായോഗികവുമായ അടിത്തറയിലാണ് നൂറ്റാണ്ടുകളായി അതിന്റെ നിലനില്പ്.

കൊളോണിയൽ ആധുനിക യുക്തികളും നവോത്ഥാന ആശയങ്ങളുടെ ഇടപെടലും ജാതിവ്യവസ്ഥയുടെ ഏകശിലാഘട

നയെ സമീപഭൂതകാല ശതകങ്ങളിൽ വളരെ പതിയെ ഇളക്കിത്തുട ങ്ങിയതായി കാണാം. ജാതികേന്ദ്രിത ജീവിത വ്യവസ്ഥയുടെ കടും കെട്ടുകളെ അഴിച്ചെടുക്കാനുള്ള ശ്രമങ്ങൾ പത്തൊൻപതാം നൂറ്റാ ണ്ടിന്റെ രണ്ടാം പകുതി മുതൽ കേരളത്തിൽ സജീവമാകുന്നുണ്ട്. ദേശീയപ്രസ്ഥാനത്തിന്റെയും ജാതിനവീകരണ പ്രസ്ഥാനങ്ങളു ടെയും നവോത്ഥാന പ്രവർത്തകരുടെയും മുൻകയ്യിൽ കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ തന്നെ ജാതിക്കും മതത്തിനും അതീതമായ ജീവിതം സാധ്യമാക്കാൻ കേരളം ശ്രമിച്ചു തുടങ്ങുന്നു ണ്ട്. സാമൂഹിക വിവേചനങ്ങൾക്കുപരിയായി മാനവിക മൂല്യങ്ങ ളെയും തുല്യതയെയും അടിസ്ഥാനപ്പെടുത്തിയുള്ള മുന്നേറ്റങ്ങളെ ത്വരിതപ്പെടുത്തുന്നതിൽ പിൽക്കാല കേരളത്തിൽ പ്രചാരം നേടിയ ഇടതുപക്ഷ ആശയലോകത്തിന് വലിയ പങ്കുണ്ട്. സാമൂഹിക നീതിയെ അടിസ്ഥാനപ്പെടുത്തിയുള്ള ഇടതുപക്ഷ പ്രത്യയശാസ്ത്ര പ്രചാരകനും പ്രവർത്തകനുമായിരുന്ന ഭാസ്കരൻ തന്റെ കൂടി മുൻകയ്യാൽ സാക്ഷാത്കരിക്കപ്പെട്ട നീലക്കുയിലിൽ ജാതി-വർഗ്ഗ ബന്ധങ്ങളെക്കുറിച്ചുള്ള പ്രഖ്യാപിത ഇടതുപക്ഷ പുരോഗമന നില പാടുകളെ പിന്തുടരുന്നതു കാണാം. എന്നാൽ മനുഷ്യവിരുദ്ധമായ സവർണ്ണബോധത്തിനെതിരെ പുരോഗമനാശങ്ങൾ ഉൾക്കൊള്ളുന്ന നീലക്കുയിൽ മുന്നോട്ടുപോവുന്നത് ജാതിവിരുദ്ധതയെ അടിസ്ഥാ നപ്പെടുത്തിയുള്ള പ്രഖ്യാപിത നിലപാടുകളിൽ നിന്നു മാറിക്കൊ ണ്ടാണ് എന്ന് പുതിയ പഠനങ്ങൾ സൂചിപ്പിക്കുന്നുണ്ട്. (ജോസ് തങ്ക ച്ചൻ: 2019).

ജാതി വിരുദ്ധതയും മനുഷ്യ സമത്വത്തെക്കുറിച്ചുള്ള പുരോഗമന നിലപാടുകളും ഉയർത്തിപ്പിടിക്കുന്നു എന്ന് ചലച്ചിത്ര ത്തിന്റെ ഉപരിതല ആഖ്യാനത്തിൽ അനുഭവിപ്പിക്കുന്ന നീലക്കു യിൽ ചലച്ചിത്ര്യാഖ്യാനത്തിന്റെ വിടവുകളിൽ സൂക്ഷ്മമായി അത് നിഷ്കാസനം ചെയ്യാൻ ശ്രമിച്ച വരേണ്യജാതിയുക്തികളെ പുനഃസ്ഥാപിക്കാൻ ശ്രമിക്കുന്നത് കാണാം. സാമൂഹികമായ മർദ്ദ നോപകരണമെന്ന നിലയിൽ നൂറ്റാണ്ടുകൾകൊണ്ട് സംഘാടനം ചെയ്യപ്പെട്ട ജാതിവ്യവസ്ഥയുടെ വിവേചനയുക്തികളെ ലഘൂകരി ക്കുന്ന ജാത്യേതര പ്രണയത്തിന്റെ ആഖ്യാനമാണ് നീലക്കുയിൽ. സവർണ്ണ ശൂദ്രപുരുഷനായ ശ്രീധരൻനായരെന്ന അധ്യാപകനും പുലയ കർഷകത്തൊഴിലാളിയായ നീലിയും തമ്മിലുള്ള പ്രണയ ത്തിന്റെയും അതിന്റെ അനിവാര്യമായ ദുരന്താന്ത്യത്തിന്റെയും അവർക്കു ജനിക്കുന്ന മോഹനനെന്ന കുഞ്ഞിന്റെ സംഘർഷഭരിത മായ ബാല്യകാല ജീവിതത്തിന്റെയും കഥയാണ് ലളിതഭാഷയിൽ നീലക്കുയിൽ. ശ്രീധരൻ നായരും നീലിയും തമ്മിൽ കാറും

കോളും നിറഞ്ഞ ഒരു രാത്രിയിൽ അപ്രതീക്ഷിതമായി ശ്രീധരൻ നായരുടെ വീട്ടിൽ വെച്ചുണ്ടാകുന്ന ശാരീരിക ബന്ധത്തെ സൂചിപ്പിച്ചുകൊണ്ടാണ് ചിത്രം ആരംഭിക്കുന്നത്. അവിചാരിതമായി സംഭവിച്ചുപോയ വേഴ്ചയുടെ തുടർച്ചകൾ വീണ്ടുമുണ്ടാകുന്നു. ശ്രീധരൻ നായരിൽ നിന്ന് നീലി ഗർഭിണിയാവുന്നു. അപവാദ ഭയത്താൽ ശ്രീധരൻ നായർ അവളെ കയ്യൊഴിയുന്നു.

ചലച്ചിത്രത്തിൽ ആവിഷ്കരിക്കപ്പെടുന്ന ശ്രീധരൻ – നീലി പ്രണയത്തെ സൂക്ഷ്മമായി വിശകലനം ചെയ്യുമ്പോൾ നീലിയുടെ മുൻകയ്യിലും താല്പര്യത്തിലുമുണ്ടായ ഒരു ബന്ധവും അതിന്റെ തുടർച്ചയുമാണ് ചലച്ചിത്രം ആഖ്യാനം ചെയ്യാൻ ശ്രമിക്കുന്നതെന്ന് കാണാം. സാമ്പ്രദായിക ജാതി/സദാചാര വ്യവസ്ഥയുടെ അതിരുകളെ പരിഗണിക്കാതെ ശ്രീധരൻ നായരുമായി നീലി സ്ഥാപിച്ചെടുക്കുന്ന ലൈംഗികതയിലധിഷ്ഠിതമായ ബന്ധത്തെയാണ് അവൾ പ്രണയമെന്ന് വായിച്ചെടുക്കുന്നത്. അഥവാ നീലക്കുയിലിന്റെ ആഖ്യാനത്തിൽ ശ്രീധരൻ നായർ നടത്തുന്ന പ്രണയവഞ്ചനയുടെ പാപഭാരം ശ്രീധരൻ നായരിൽ നിന്ന് നീലിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നത് കാണാം. കോരിച്ചൊരിയുന്ന മഴയിൽ, ഏകാന്തതയിൽ സ്വൈര്യമായി പുസ്തകപാരായണം നടത്തുന്ന സവർണ്ണ യുവാവിനെ ശാരീരിക പ്രലോഭനത്തിന്റെ കെണിയിൽപ്പെടുത്തുന്നവളാണ് നീലിയെന്ന് സിനിമ തുടക്കത്തിലെ സ്ഥാപിച്ചെടുക്കുന്നു. നമ്മുടേതുപോലുള്ള ഒരു സമുദായത്തിൽ ഒരു സവർണ്ണപുരുഷൻ ഒറ്റക്കു താമസിക്കുന്നയിടത്ത് രാത്രിയിൽ ഏകയായി കടന്നുവരുന്ന അവർണ്ണസ്ത്രീയുടെ സാധ്യത തികച്ചും അയഥാർത്ഥമാണെന്ന് ജെനി റൊവീന നിരീക്ഷിക്കുന്നുണ്ട് (ജെനി റൊവീന: 2011).

കേരളീയ ജീവിതയാഥാർത്ഥ്യങ്ങളെ പൊടിപ്പും തൊങ്ങലുമില്ലാതെ ആവിഷ്കരിച്ച ആദ്യമലയാള സിനിമയെന്ന കീർത്തി നേടിയ ഒരു ചിത്രത്തിലാണ് ഇത്തരത്തിൽ ഒരു തുടക്കമുണ്ടാവുന്നത് എന്ന നീലക്കുയിലിന്റെ ആഖ്യാനത്തിൽ തുടർന്ന് സംഭവിക്കാൻ പോവുന്ന വൈരുദ്ധ്യങ്ങളിലേക്കുള്ള ചൂണ്ടു പലകയാവുന്നു. (ജിനേഷ് കുമാർ എരമം: 2018).

മാന്യനും സദാചാര വരമ്പുകളെ മറികടക്കാൻ ശ്രമിക്കാത്തവനുമായ ശ്രീധരൻ നായരെ അങ്ങോട്ടു കയറിച്ചെന്ന് വലയിൽ അകപ്പെടുത്തുന്നവളായാണ് സിനിമ നീലിയെ അടയാളപ്പെടുത്തുന്നത്. എല്ലായ്പ്പോഴും അയാളുടെ വീട്ടിൽ അവൾ എത്തിച്ചേർന്നാണ് അവരുടെ സംഗമങ്ങൾ സാധ്യമായിത്തീർന്നത്. അവളാണ് കളിയായും ചിരിയായും അയാളെ സദാ പിന്തുടരുന്നത്.

അവൾ ആഗ്രഹിക്കുന്ന, നേടിയെന്ന് കരുതുന്ന പ്രണയത്തിൽ അയാൾ ഒരിക്കലും പ്രവേശിക്കുന്നതേയില്ല. 'ആടാനും വരില്ല ഞാൻ, പാടാനും വരില്ല ഞാൻ പാടത്തിൻ പച്ചക്കിളിയേ' എന്നയാൾ മുൻപേ തന്നെ അവളെ ഓർമ്മിപ്പിക്കുന്നുണ്ട്. അനർഹമായ ഒരിടത്തുകയറിപ്പറ്റിയിരിക്കാൻ ശ്രമിച്ച ഒരാളായി നീലി ആഖ്യാനത്തിലുടനീളം സ്ഥാനപ്പെടുത്തുന്നതു കാണാം. അന്യന്റെ കൂട്ടിൽ മുട്ടയിടുന്ന പരഭൃതം എന്നുകൂടി പേരുള്ള കുയിലിനെ 'നീലക്കുയിൽ' എന്ന തലക്കെട്ട് ഓർമ്മയിൽ കൊണ്ടുവരുന്നുവെന്ന നിരീക്ഷണമുണ്ട് (ജെനി റൊവീന: 2011) അനർഹമായ ഒന്നിനെ കയ്യടക്കുവാൻ ശ്രമിച്ച ഒരാൾക്കുണ്ടാവുന്ന അനിവാര്യ ദുരന്തമായി നീലിയുടെ ജീവിതകഥ മാറുകയും ചെയ്യുന്നു. ഇപ്രകാരം നീലിയുടെ ജീവിത ദുരന്തത്തിന്റെ നിർവ്വാഹക സ്ഥാനം ചലച്ചിത്രം അവളിൽ തന്നെ സ്ഥാപിച്ചെടുക്കുന്നു.

സാമൂഹികാപവാദ ഭയത്താൽ നീലിയെ ഉപേക്ഷിക്കുന്ന ശ്രീധരൻ നായർ അവളിൽ തനിക്കു ജനിച്ച കുഞ്ഞിനെ ആഖ്യാനത്തിന്റെ ഒടുവിൽ സ്വീകരിക്കുവാൻ തയ്യാറാവുന്നുണ്ട്. നീലിയുടെ അസാന്നിധ്യം കൊണ്ടു മാത്രമേ പുലയ ജന്മം മോഹനിലേല്പിക്കുന്ന അധഃകൃത ജീവിതഭാരത്തെ ലഘൂകരിച്ചെടുക്കാൻ ആഖ്യാനത്തിന്റെ സവർണ്ണയുക്തിക്കാകൂ. ശ്രീധരൻ നായരും ഭാര്യ നളിനിയുമടങ്ങുന്ന സവർണ്ണ കുടുംബത്തിലേക്ക് ദത്തെടുക്കപ്പെടുന്ന പുലയിയുടെ മകനായ മോഹനന് ആധുനിക ദേശീയ പൗരനാവാൻ ശ്രീധരൻ നായരുടെയും നളിനിയുടെയും ദത്തുപുത്രൻ ആവാതെ തരമില്ല. തന്റെ കീഴാള കർതൃത്വം ഉപേക്ഷിച്ചു മാത്രമേ ആധുനിക കേരളം ജാതിമത ഭേദമെന്യെ സ്വീകരിച്ച സവർണ്ണതയിലേക്കും പ്രച്ഛന്ന ആധുനികതയിലേക്കും കടന്നുവരാൻ മോഹനനാവൂ. ഈ വിധത്തിൽ കേരളാധുനികതയിൽ പൗരത്വം എന്നത് സവർണ്ണതയിലേക്കുള്ള ആരോഹണത്താൽ മാത്രം സാധ്യമാവുന്ന ഒന്നായി സ്ഥാനപ്പെടുന്നു. സവർണ്ണ പ്രത്യയ ശാസ്ത്രത്തിന്റെ സ്വീകരണമാണ് ആധുനികതയെന്ന നിഷേധാത്മകമായ ബോധത്തെ നീലക്കുയിൽ പുരോഗമന പക്ഷത്തുനിന്ന് ആവിഷ്കരിക്കുന്നുവെന്നത് അത്യന്തം ഗുരുതരമായ ഒന്നായി മാറുന്നു. ദലിത്/പിന്നോക്ക ജീവിതത്തെ പൊതുധാരയിലേക്ക് സമീകരിക്കാനാണ് നീലക്കുയിൽ ശ്രമിക്കുന്നതെന്ന അഭിപ്രായങ്ങൾ ഈയർത്ഥത്തിൽ ശ്രദ്ധിക്കത്തക്കതായിത്തീരുന്നു. (പി. എസ്. രാധാകൃഷ്ണൻ: 2016).

ദലിത് ജീവിതാനുഭവങ്ങളെ സത്യസന്ധമായി പിന്തുടരുന്നു എന്ന് ഉദ്ഘോഷിക്കപ്പെട്ട ഒരു സിനിമ ഒരിക്കൽപ്പോലും നായികയായ പുലയിയുടെ വീടിനകത്തേക്ക് ക്യമാറയെ പ്രവേശിപ്പിക്കുന്നില്ല എന്നത് ജെനിറോവീന സൂചിപ്പിക്കുന്നുണ്ട് (ജെനിറൊവീന: 2011). അതേ സമയം അനർഹമായി അവൾ കയറിപ്പറ്റുന്ന കാമുകന്റെ ഗൃഹത്തിന്റെ ഉൾത്തടങ്ങൾ പോലും സിനിമയിൽ വിശദമായി സ്ഥാനം പിടിക്കുന്നുണ്ട്.

നീലക്കുയിലിൽ ആഖ്യാനം ചെയ്യപ്പെടുന്നുവെന്ന് കേരളീയ പൊതുബോധം ധരിച്ച ആശയലോകം യാഥാർത്ഥ്യത്തിൽ ആധുനിക ദേശീയ മൂല്യങ്ങളിലും ഇടതുപക്ഷ ആശയങ്ങളിലും പടുത്തുയർത്തപ്പെട്ട ആദർശങ്ങളാണ്. പി. ഭാസ്കരനെയും രാമു കാര്യാട്ടിനെയും ഉറൂബിനെയും പോലുള്ള കേരളാധുനികതയുടെ സാംസ്കാരിക വക്താക്കളാണ് നീലക്കുയിലിന്റെ നിർവ്വഹണ സ്ഥാനത്തുള്ളത്. പുരോഗമനാധിഷ്ഠിതവും നവകേരള നിർമ്മാണോദ്യുക്തവുമായ ആശയങ്ങളുടെ പ്രചാരകനും സൂചകവുമായി ചലച്ചിത്രത്തിൽ പ്രത്യക്ഷപ്പെടുന്നത് ശങ്കരൻ നായർ എന്ന പോസ്റ്റ് മാസ്റ്ററാണ്. നായകനായ ശ്രീധരൻ നായരെക്കാളും നായികയായ നീലിയെക്കാളും പി. ഭാസ്കരനടങ്ങുന്ന ചലച്ചിത്ര നിർവ്വാഹകർ വിനിമയം ചെയ്യാൻ ആഗ്രഹിച്ച ആശയ ലോകത്തിന്റെ വക്താവ് ശങ്കരൻ നായരാണ്.

മാനവിക ബോധത്തിലടിസ്ഥാനപ്പെട്ട നെഹ്റുവിയൻ യുഗത്തിന്റെ അടിക്കല്ലുകളായ സോഷ്യലിസ്റ്റ് മൂല്യങ്ങൾ, ജാതി വിരുദ്ധത, മത നിരപേക്ഷത, സാമൂഹിക തുല്യത, പൗരത്വാവകാശങ്ങൾ തുടങ്ങിയവയുടെയൊക്കെ വക്താവായി ശങ്കരൻ നായർ ചലച്ചിത്രത്തിലുടനീളം കാണപ്പെടുന്നു.

സാമ്പ്രദായിക ഇടതുപക്ഷ-ദേശീയ മൂല്യങ്ങളുടെ പ്രയോഗം ദളിതരടക്കമുള്ള അവശജനവിഭാഗങ്ങളുടെ ജീവിതങ്ങളുടെ മുകൾത്തട്ടിൽ മാത്രമേ ചലനങ്ങൾ സൃഷ്ടിച്ചിട്ടുള്ളൂവെന്ന് സാമൂഹിക യാഥാർത്ഥ്യങ്ങൾ ബോധ്യപ്പെടുത്തുന്നു. സമൂഹത്തിലെ എല്ലാ തട്ടുകളിലും ജാതിയുമായി ബന്ധപ്പെട്ട സങ്കല്പനങ്ങളും പ്രയോഗ രീതികളും കാതലായ മാറ്റങ്ങളില്ലാതെ തുടരുന്നുണ്ട്. അതിനർത്ഥം മാനവികതയിലും തുല്യതയിലും അടിസ്ഥാനപ്പെടുത്തിയതെന്ന് പ്രക്ഷേപണം ചെയ്യപ്പെട്ട ദേശീയ/ഇടതുപക്ഷ മൂല്യങ്ങളുടെ വിനിമയത്തിലും പ്രയോഗത്തിലും കാര്യമായ നിരപ്പുകേടുകൾ സംഭവിച്ചു എന്നതാണ്.

ജാതിരഹിതവും ആധുനികവുമായ ഒരു ലോകക്രമത്തിന്റെ വക്താവും പ്രചാരകനുമായി നീലക്കുയിലിൽ പ്രത്യക്ഷപ്പടുന്ന ശങ്കരൻനായരുടെ ആഖ്യാനത്തിൽ ഒളിഞ്ഞിരിക്കുന്ന സൂക്ഷ്മാംശങ്ങളുടെ വിശകലനം മേൽപ്പറഞ്ഞ നിരപ്പുകേടുകളുടെ വേരുകളിലേക്ക് ചില സൂചനകൾ നല്കും.

നീലിയുമായുള്ള ബന്ധത്തിൽ നിന്ന് ലോകാപവാദം ഭയന്ന് ഒഴിഞ്ഞുമാറുന്ന ശ്രീധരൻ നായരെ ശങ്കരൻ നായർ കാണുവാനെത്തുന്ന ഒരു സന്ദർഭം നീലക്കുയിലിലുണ്ട്. അവിവാഹിതനായ മാസ്റ്ററെ വിവാഹം കഴിപ്പിക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയുള്ള ഇടപെടലാണ് ശങ്കരൻ നായർ നടത്തുന്നത്. അധ്യാപകനെന്ന നിലയിലും സവർണ്ണൻ എന്ന നിലയിലും അധികാര ഘടനയുടെയും വരേണ്യതയുടെയും ഭാഗമായ ശ്രീധരൻ നായർക്ക് ഏറ്റവും അനുയോജ്യമായ സവർണ്ണ ഫ്യൂഡൽ പാരമ്പര്യമുള്ള കുടുംബത്തിൽ നിന്നു തന്നെയാണ് ശങ്കരൻ നായർ വധുവിനെ കണ്ടെത്തുന്നത്. ശ്രീധരൻ നായരുമായുള്ള പ്രണയത്തിലൂടെ ജാതിക്കതീതമായ ലോകത്തിലേക്കുള്ള വാതിൽ വലിച്ചു തുറന്ന നീലിയുടെ വിപ്ലവകരമായ നിലപാടിനെ ആഖ്യാനത്തിൽ മുന്നോട്ടു കൊണ്ടുപോകേണ്ട ദൗത്യമുള്ള ശങ്കരൻ നായർ ജാത്യാധിഷ്ഠിത പാരമ്പര്യമൂല്യങ്ങളുടെ സംരക്ഷകനും നടത്തിപ്പുകാരനുമായി പരിണമിക്കുന്ന കാഴ്ചയാണിത്. മധ്യവർഗ്ഗ സവർണ്ണ കുടുംബ വ്യവസ്ഥയെ ആദർശ കുടുംബമായി സ്ഥാപിച്ചെടുക്കുന്നതിൽ നീലക്കുയിലിൽ കാണപ്പെടുന്ന ശ്രീധരൻ നായരുടെയും നളിനിയുടെയും ദാമ്പത്യ ചിത്രങ്ങൾക്ക് വലിയ പങ്കുണ്ട്. സവർണ്ണ ഫ്യൂഡൽ തറവാടുകളുടെ സാമ്പത്തിക തകർച്ചയെ മലയാളി ആകമാനം ഗൃഹാതുരബോധത്തോടെ ഏറ്റെടുക്കാൻ തുടങ്ങുന്നതിന്റെ ആദ്യ ദൃശ്യങ്ങൾ നീലക്കുയിലിൽ കാണാം. കൃഷ്ണവിഗ്രഹത്തിനു മുന്നിൽ നിമീലിതാക്ഷിയായി അടക്കവും ഒതുക്കവുമുള്ള കുലീന സ്ത്രീയായി കാണപ്പെടുന്ന നളിനിയിലും തറവാടിന്റെ സുകൃത ക്ഷയത്തെക്കുറിച്ചോർത്ത് വിലപിക്കുന്ന അമ്മയിലും പിൽക്കാല മലയാള സിനിമയിലെ മധ്യവർഗ്ഗ സവർണ്ണ കുടുംബത്തിന്റെ വാർപ്പുമാതൃകകളെ കാണാനാകും.

ദളിത്/ആദിവാസി ജിവിതം പിൽക്കാലത്ത് മലയാള ചിത്രങ്ങളിൽ കടന്നുവന്നപ്പോഴൊക്കെ മാതൃകയായി മാറിയ ചില അസംബന്ധങ്ങളുടെ ആദ്യരൂപങ്ങൾ നീലക്കുയിലിൽ കാണാം. സിനിമയുടെ ആഖ്യാനത്തിന്റെ തുടക്കത്തിൽ കർഷകത്തൊഴിലാളികളുടെ ഒരു സംഘനൃത്തം കാണാം. ഭാസ്കരനെഴുതി കെ. രാഘവനും

സംഘവും ആലപിച്ച 'ജിഞ്ചക്കം താരോ' എന്നാരംഭിക്കുന്ന ഒരു ഗാനമാണ് ആ രംഗത്ത് ഉപയോഗിക്കപ്പെടുന്നത്. കർഷകത്തൊഴിലാളികളായ അടിയാളർ ആണും പെണ്ണും ഇടകലർന്ന് നടത്തുന്ന ഒരു നൃത്തം. പിൽക്കാലത്ത് ദലിത്/ആദിവാസി ജീവിതങ്ങളുടെ ചലച്ചിത്രാഖ്യാനങ്ങളിൽ പലപ്പോഴും നീലക്കുയിലിലെ ജിഞ്ചകം താരോയുടെ ആവർത്തനങ്ങൾ കാണാം. അടിയാള സംസ്കൃതിയുടെ ഭാഗമാണ് പാട്ടും നൃത്തവുമെങ്കിലും നീലക്കുയിലടക്കമുള്ള ചിത്രങ്ങളിൽ അവ ആവിഷ്ക്കരിക്കപ്പെട്ടത് തികച്ചും ജഗുപ്സാവഹമായി യാഥാർത്ഥ്യവുമായി പുലബന്ധമില്ലാത്ത കാഴ്ചാവിഭവങ്ങൾ എന്ന നിലക്കു മാത്രമാണ്.

നീലക്കുയിലിലെ പുരോഗമനവാദത്തിന്റെ ചുരുളഴിയുന്നത് ശങ്കരൻ നായരുടെ കഥാപാത്രത്തിലൂടെയാണ്. ജാതിക്കതീതമായ ജീവിതം സ്വപ്നം കാണുന്ന നീലിയും ജ്യാത്യാതീതമായ ആദർശലോകത്തെക്കുറിച്ചുള്ള പുരോഗമന വാദങ്ങൾ മുഴക്കുകയും - പുലയിയുടെ മകനെ "പുലയക്കുഞ്ഞ് മനുഷ്യനല്ലേ നാളത്തെ പൗരനാണവൻ, ഈ രാജ്യം ഭരിക്കേണ്ടവനാണ്" എന്നു പറഞ്ഞ് സ്വീകരിക്കുകയും ചെയ്യുന്ന ശങ്കരൻ നായരും ഭാസ്കരൻ ലക്ഷ്യമിടുന്ന ആധുനിക കേരളത്തിന്റെ പക്ഷത്തുതന്നെയാണെങ്കിലും ആഴത്തിൽ പരിശോധിക്കുമ്പോൾ നീലിയും ശ്രീധരൻ നായരും തമ്മിലുള്ള ജാതിവരമ്പുകളെ ലംഘിക്കുന്ന പ്രണയവുമായി ബന്ധപ്പെട്ട ശങ്കരൻ നായരുടെ നിലപാടുകൾ സംശയാസ്പദമാണെന്നു കാണാം. ശ്രീധരൻ നായർക്ക് വിവാഹാലോചനയുമായി വരുന്ന ശങ്കരൻ നായർ ഏകനായി ജീവിക്കാതെ ഒരു വിവാഹം കഴിച്ച് അപവാദം വരുത്തിവെക്കാതെ ജീവിക്കണമെന്ന് ശ്രീധരനെ ഉപദേശിക്കുന്നതു കാണാം. നീലിയുമായുള്ള ബന്ധത്തിൽ നിന്ന് സമൂഹത്തിന്റെ അപവാദ ഭയത്തെ തുടർന്ന് പിൻവാങ്ങുന്ന ശ്രീധരൻ നായർ തന്നെക്കുറിച്ച് ഇപ്പോൾ അപവാദമുണ്ടോയെന്ന് ഭയത്തോടെ തിരക്കുന്നുണ്ട്. അപവാദമുണ്ടെന്നുള്ള വ്യക്തമായ സൂചന നല്കാതെ വ്യംഗമായി അതിനു മറുപടി നൽകുകയാണ് ശങ്കരൻ നായർ.

'കല്യാണം കഴിച്ചാൽ അപവദാങ്ങളൊക്കെ ഒഴിയും'

ശങ്കരൻ നായരുട പ്രസ്താവങ്ങളിൽ നിന്ന് ശ്രീധരൻ നായരെക്കുറിച്ച് പരന്നുകൊണ്ടിരിക്കുന്ന അപവാദത്തെക്കുറിച്ചുള്ള സൂചന തെളിയുന്നുണ്ട്. നീലക്കുയിലിൽ ആഖ്യാനം ചെയ്യപ്പെടുന്ന പ്രദേശം അങ്ങേയറ്റം ഗ്രാമ്യസ്വഭാവമുള്ള ഒന്നാണ്. അവിടെ ജാതി

ക്കതീതമായ ഒരു പ്രണയത്തെ ഏറെ നാൾ ഒളിച്ചു പിടിക്കാനാവില്ല. അതിനാൽ നീലിയും ശ്രീധരനും തമ്മിലുള്ള ബന്ധം ശങ്കരൻ നായർക്കറിയാമെന്നു തന്നെ അദ്ദേഹത്തിന്റെ മുനവെച്ചുള്ള ഭാഷണങ്ങളിൽ നിന്നു തെളിയും. ഇങ്ങനെ തനിക്കറിയാവുന്ന ഒരു അപകടകരമായ ബന്ധത്തിൽ നിന്ന്, ജാതിക്കതീതമായ പ്രണയത്തിൽ നിന്ന് ജാതിവ്യവസ്ഥയുടെ പാരമ്പര്യ പ്രമാണങ്ങളെ ഇളക്കി പ്രതിഷ്ഠിക്കാവുന്ന പ്രകോപനപരമായ ഒരു ബന്ധത്തിൽ നിന്ന് ശ്രീധരൻ നായരെന്ന സവർണ്ണയുവാവിനെ രക്ഷപ്പെടുത്തി, അപരിഷ്കൃതവും ദളിതയുമായ ഒരുവളിൽ നിന്ന് വേർപെടുത്തി യുക്തയായ സവർണ്ണ യുവതിയിലേക്ക്, സവർണ്ണതയുടെ വരേണ്യ പാരമ്പര്യത്തിലേക്ക് ശ്രീധരൻ നായരുടെ വഴി തെളിച്ചെടുക്കുകയാണ് വിവാഹാലോചനയിലൂടെ ശങ്കരൻ നായർ ചെയ്യുന്നത്.

ശ്രീധരൻ നായരുമൊരുമിച്ചുള്ള നീലിയെ ചലച്ചിത്രാഖ്യാനത്തിൽ നിന്ന് പുറം തള്ളുന്നതുവഴി ആദർശ കുടുംബം പോലുള്ള ആധുനിക മൂല്യങ്ങൾക്ക് പാകമാവാത്തവരാണ് ദലിതരെന്ന പരോക്ഷ സൂചന കൂടി നീലക്കുയിലിൽ കാണാം. നീലി സ്വപ്നം കണ്ട, ജാതിയെ മറികടക്കുന്ന കുടുംബത്തെ നിഷ്കാസനം ചെയ്തശേഷം നീലക്കുയിൽ സ്ഥാപിച്ചെടുക്കുന്നത് സവർണ്ണ ഫ്യൂഡൽ പശ്ചാത്തലത്തിലുള്ള ആൺ കോയ്മയെ കൃത്യമായി അടയാളപ്പെടുത്തുന്ന മാതൃകാ മധ്യവർഗ്ഗ കുടുംബത്തെയാണെന്നത് പിൽക്കാലത്തെ കേരളത്തിന്റെ സാമൂഹിക ചരിത്രം പരിശോധിക്കുമ്പോൾ വെളിപ്പെട്ടു വരുന്ന യാഥാർത്ഥ്യമാണ്.

കീഴാള ജീവിതാനുഭവങ്ങളെയും മൂല്യബോധത്തെയും അധീശസ്ഥാനത്തുനിന്ന് വീക്ഷിക്കുന്ന നീലക്കുയിൽ നീലിയുടെ ദളിതാവസ്ഥയെ സ്വാഭാവികസ്ഥാനമായി കാണുകയും ശ്രീധരൻനായരുടെ മാനസാന്തരത്തെ ത്യാഗമായി ആദർശവല്ക്കരിക്കുകയും ചെയ്യുന്നു. ചലച്ചിത്രാഖ്യാനത്തിൽ നിന്ന് മരണത്തിലൂടെ നീലി പുറത്താക്കപ്പെട്ട ശേഷം മകനായ മോഹനനെ സ്വന്തമാക്കാനായി ശ്രീധരൻ നായർ അനുഭവിക്കുന്ന യാതന താൻ വഞ്ചിച്ചവളോടുള്ള പ്രായശ്ചിത്തമായി കരുതാൻ സിനിമ നമ്മെ നിർബന്ധിക്കുന്നുണ്ട് (പി. എസ്. രാധാകൃഷ്ണൻ: 2013). സവർണ്ണ സാമൂഹിക വ്യവസ്ഥയുടെ പ്രായോജകരും പ്രതിനിധാക്കളുമായവരുടെ അധാർമ്മിക പ്രവർത്തികളെ, വിവേചനാധിഷ്ഠിതമായ ലോകനീതിയെ സാധൂകരിക്കുകയും വെള്ളപൂശുകയുമാണ് ഇതുവഴി ചലച്ചിത്രം ചെയ്യുന്നത്. കീഴാള സ്ത്രീയായ നീലിയുടെ ദാരുണ

ജീവിതമുയർത്തുന്ന ചോദ്യങ്ങൾ അവഗണിക്കപ്പെടുകയും ചലച്ചിത്രത്തിന്റ രണ്ടാം പകുതി ഏറെക്കുറെ മുഴുവനായും ശങ്കരൻ നായരിലൂടെയും ശ്രീധരൻ നായരിലൂടെയും സവർണ്ണവല്കരിക്കപ്പെട്ട് ആധുനിക കേരളത്തിനു പാകപ്പെടുന്ന മോഹനന്റെ ജീവിതത്തെ ചുറ്റിപ്പറ്റിയുള്ളതാവുകയും ചെയ്യുന്നു. അനാഥനും അനുകമ്പാർഹനുമായ നീലിയുടെ മകനോടുള്ള വികാരവായ്പിൽ നീലിയുടെയും അവളുടെ വംശത്തിന്റെയും ദുരിത ജീവിതം നീലക്കുയിലിന്റെ പരിഗണനക്കു പുറത്താവുകയാണെന്ന് പി. എസ് രാധാകൃഷ്ണൻ സൂചിപ്പിക്കുന്നു (പി. എസ് രാധാകൃഷ്ണൻ: 2013).

ശ്രീധരൻ നായരും ഭാര്യ നളിനിയുമടങ്ങുന്ന സവർണ്ണ പരമ്പരയിലേക്ക് ദത്തെടുപ്പിലൂടെ ശുദ്ധീകരിക്കപ്പെട്ട് മോഹനൻ കണ്ണിചേർക്കുമ്പോൾ ദലിത് ജീവിതങ്ങളുടെ ദയനീയാനുഭവങ്ങളെ മുൻനിർത്തി നീലക്കുയിലിൽ തുടങ്ങിവെച്ച ആഖ്യാനം വഴിമാറി സവർണവല്കരണം വഴി ദലിത് സ്വത്വം വിമലീകരിക്കപ്പെടുന്നതിന്റെ ആഖ്യാനമായി പരിണമിക്കുന്നു. ഇപ്രകാരം സവർണ സംസ്കാരവുമായി കണ്ണിചേരുമ്പോഴേ കേരളീയാധുനികതയുടെ ഭാഗമാവാൻ കീഴാളർക്കും മറ്റു പിന്നോക്കക്കാർക്കും സാധ്യമാവൂ എന്ന് സ്ഥാപിച്ചെടുക്കാൻ നീലക്കുയിലിനാവുന്നു. ദത്തെടുക്കലിനെ കീഴ്ജാതികൾക്കും അപര സമുദായങ്ങൾക്കും സവർണ പ്രത്യയ ശാസ്ത്രത്തിലേക്ക് പ്രവേശിക്കാനുള്ള ആഹ്വാനമായാണ് കാണേണ്ടത് എന്ന നിരീക്ഷണം സംഗതമാവുന്നത് ഇവിടെയാണ് (ജെനി റൊവീന: 2011). നവോത്ഥാന മൂല്യങ്ങളെ അടയാളപ്പെടുത്താൻ ശ്രമിച്ച നീലക്കുയിലിലും രാരിച്ചൻ എന്ന പൗരനിലും സംവിധായക ജിവിതത്തിനു തുടക്കമിട്ട ഭാസ്കരന്റെ ഒടുവിലത്തെ സിനിമകൾ ശ്രീമദ് ഭഗവത് ഗീത (1977), ജഗദ്ഗുരു ആദിശങ്കരൻ (1977), ശ്രീ ഗുരുവായൂർ മാഹാത്മ്യം (1984) എന്നിവയായിരുന്നുവെന്നത് കേരളീയ നവോത്ഥാനത്തിന്റെ ശീർഷാസന സൂചകങ്ങളായി കാണാം.

സവർണാനുഷ്ഠാനങ്ങളിലേക്കും സവർണ സംസ്കാരാനുകരണങ്ങളിലേക്കും പ്രവേശനം ലഭിക്കപ്പെട്ട് ഒരു ജനത മുഴുവൻ പ്രച്ഛന്ന സവർണരായി പരിണമിച്ചതിന്റെ അടയാളങ്ങൾ ആദ്യമായി മലയാള ചലച്ചിത്രങ്ങളിൽ രേഖപ്പെടുന്ന ചിത്രങ്ങളിലൊന്നാണ് നീലക്കുയിൽ. യഥാർത്ഥത്തിൽ ദലിത് വിമോചന സ്വപ്നങ്ങളല്ല, സവർണതയുടെ സ്വാംശീകരണവും മാനകീകരണവുമാണ് നീലക്കുയിൽ നിറവേറ്റുന്നത്.

സമത്വാധിഷ്ഠിത സാമൂഹിക മൂല്യങ്ങളുടെയും ഇടതുപക്ഷാദർശങ്ങളുടെയും മൂശയിൽ ഉരുവപ്പെട്ടതെന്ന് ഘോഷിക്കപ്പെട്ട ഒരു ചിത്രം (ജിനേഷ് കുമാർ എരമം: 2018) സൂക്ഷ്മാനുഭവത്തിൽ കീഴാളവിരുദ്ധവും സവർണാധുനികതയുടെ പ്രകീർത്തനവുമായി മാറുന്നത് നവോത്ഥാന–ഇടതുപക്ഷ മൂല്യബോധം കീഴാളജീവിത സന്ദർഭങ്ങളിൽ ധനാത്മകമായി ഇടപെട്ടതിനെക്കുറിച്ചുള്ള വാഴ്ത്തുപാട്ടുകളെ വിചാരണക്കെടുക്കാവാൻ സഹായകരമാവും.

## Notes

1. തിരുവിതാംകൂർ, കൊച്ചി, മലബാർ എന്ന് മൂന്നായി വിഭജിക്കപ്പെട്ടു കിടന്നിരുന്ന കേരളത്തെ രാഷ്ട്രീയമായി ഏകീകരിക്കുവാൻ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങൾ മുതൽ ശ്രമങ്ങൾ ഉണ്ടാവുന്നുണ്ട്. 1928 ഏപ്രിലിൽ എറണാകുളത്തുകൂടിയ നാട്ടുരാജ്യപ്രജാ സമ്മേളനത്തിൽ ഐക്യകേരള പ്രമേയം അതവതരിപ്പിക്കപ്പെടുന്നുണ്ട്. തൊള്ളായിരത്തി നാല്പതുകളിൽ ഇന്ത്യൻ സ്വാതന്ത്ര്യസമരം ശക്തിയാർജ്ജിച്ചപ്പോൾ സ്വാതന്ത്ര്യസമര സേനാനികളുടെ മുൻകയ്യിൽ സജീവമായിത്തീർന്നു ഐക്യകേരള പ്രസ്ഥാനം. പ്രസ്തുത പ്രസ്ഥാനത്തിന്റെ സമരഗാനമായി കേരളമെമ്പാടും അലടയിക്കപ്പെട്ട ഗാനമാണ് ഭാസ്കരനെഴുതിയ 'പദം പദം ഉറച്ചു നാം പാടിപ്പാടിപ്പോവുക' എന്നാരംഭിക്കുന്ന ഐക്യകേരള ഗാനം.

2. ഇന്ത്യൻ പ്രോഗ്രസീവ് റൈറ്റേഴ്സ് അസോസിയേഷനായിരുന്നു പിൽക്കാലത്ത് കേരളമുൾപ്പെടെയുള്ള പ്രദേശങ്ങളിൽ വ്യത്യസ്ത പേരുകളിലറിയപ്പെട്ട പുരോഗന സാഹിത്യസംഘടനകളുടെയെല്ലാം ആദിബീജം – കേരളത്തിൽ രൂപീകരിക്കപ്പെട്ട ജീവത്സാഹിത്യ സംഘവും അതിന്റെ തുടർച്ചയായ പുരോഗമന സാഹിത്യ പ്രസ്ഥാനവും ഇടതുപക്ഷാദർശങ്ങൾ ഉൾക്കൊണ്ട എഴുത്തുകാരുടെ കൂട്ടായ്മകളായിരുന്നു. തൊള്ളായിരത്തി നാല്പതുകളിൽ എഴുത്തുകാർ സ്വീകരിക്കേണ്ട രാഷ്ട്രീയവും സാമൂഹികവുമായ ഉത്തരവാദിത്തങ്ങളെക്കുറിച്ചുള്ള ചർച്ചകൾ പുരോഗമനസാഹിത്യ പ്രസ്ഥാനത്തെ പിടിച്ചു കുലുക്കുകയുണ്ടായി. ഉറൂബും ഭാസ്കരനുമടക്കമുള്ള എഴുത്തുകാർ പാർട്ടി തിട്ടൂരങ്ങൾ ഉപേക്ഷിച്ചുള്ള സർഗ്ഗാത്മക ജീവിതത്തെ സ്വീകരിക്കാൻ തീരുമാനിക്കുകയും വർഗ്ഗവഞ്ചകരെന്ന് ഭർത്സിക്കപ്പെടുകയും ചെയ്യുന്നുണ്ട്. സംഘടനയിൽ നിന്നു പുറത്തുവന്ന ശേഷം ഭാസ്കരനെഴുതിയ 'ഓർക്കുക വല്ലപ്പോഴും' എന്ന കവിതാസമാഹാരത്തിന് ഉറൂബെഴുതിയ മുഖവുരയിൽ ഭാസ്കരനെ പാർട്ടികളുടെ തിട്ടൂരം വലിച്ചെറിഞ്ഞ എഴുത്തുകാരനായി കാണുന്നുണ്ട്.

## References


ജിനേഷ് കുമാർ എരമം, *നവോത്ഥാന മൂല്യങ്ങളും മലയാള സിനിമയും*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2018

ജെനി റൊവീന, *തെമ്മാടികളും തമ്പുരാക്കന്മാരും*, സബ്ജക്റ്റ് ആൻഡ് ലാംഗേജ് പ്രസ്സ്, കോട്ടയം, 2011.

ജോസ് തങ്കച്ചൻ, *ഫ്യൂഡലിസം ചരിത്രവും ചലച്ചിത്രവും*, ലോഗോസ്ബുക്സ്, പാലക്കാട്, 2019.

ഭാസ്കരൻ. പി, *ഓർക്കുക വല്ലപ്പോഴും,* മാളുബൻ പബ്ലിഷേഴ്സ്, തിരുവനന്തപുരം, 1997.

മനോജ്, എം. ഡി. (എഡി.), *പി. ഭാസ്കരൻ, സംഗീത സ്മൃതികൾ,* ഒലിവ്, കോഴിക്കോട്, 2008.

രാധാകൃഷ്ണൻ പി. എസ്, *ദൃശ്യഹർഷത്തിന്റെ സമയരേഖകൾ,* സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, 2013.

രാധാകൃഷ്ണൻ പി. എസ്, *സാംസ്കാരിക ദേശീയതയുടെ ചലച്ചിത്രപാഠങ്ങൾ*, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2016.

രാമചന്ദ്രൻ ജി. പി, *മലയാള സിനിമ: ദേശം, ഭാഷ, സംസ്കാരം,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2009.

**Review**

# കേരളം/മലയാളം:
# ജൂതർ ഉയർത്തുന്ന ചോദ്യങ്ങൾ

**സ്കറിയാ സക്കറിയ, (സമ്പാദനം) 2019.**
**കാർകുഴലി: ജൂതരുടെ മലയാളം പെൺപാട്ടുകൾ. തിരുവനന്തപുരം :**
**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്,**


## Sajeev P. V.


കേരളചരിത്രത്തിലും മലയാളഭാഷാ/ സാഹിത്യചരിത്ര ത്തിലും പല നിലകളിൽ പ്രധാനപ്പെട്ട ഒന്നാണ് ഇവിടെ അധിവ സിച്ചിരുന്ന ജൂത സമൂഹത്തെക്കുറിച്ചുള്ള അന്വേഷണങ്ങൾ. വർത്തകപ്രമാണിയായ ജോസഫ്റമ്പാന് ചില അവകാശാധികാരങ്ങൾ ലഭിച്ചു എന്ന് കരുതപ്പെടുന്ന AD 1000–ത്തിലെ ജൂത ശാസനവും അതിനെ മുൻനിർത്തിയുള്ള ഡിബേറ്റുകളും മുതൽ നമ്മുടെ ചരിത്രാഖ്യാനങ്ങളിൽ ജൂതരുടെ സാന്നിധ്യം പല നിലകളിൽ ഇടം പിടിച്ചിട്ടുണ്ട്.

വ്യാപാരത്തിലൂടെ കേരളത്തിലെ സാമ്പത്തിക ഘടനയിലും ജാതി അധിഷ്ഠിത സാമൂഹിക ഘടനയിലും അവർ നേടിയ മേൽക്കൈയും കേരളീയ സാമൂഹിക ജീവിതത്തിൽ അവർ വഹിച്ച പങ്കും ഇത്തരം ചർച്ചകളിൽ ഉയർന്നു വന്നിട്ടുണ്ട്. എന്നാൽ കേരളീയ സമൂഹത്തിൽ നടന്ന സാമുദായികവും സാംസ്കാരികവുമായ വിനിമയങ്ങളെ പറ്റി മനസ്സിലാക്കാൻ പുതിയ ചില ഉപാദാനങ്ങൾ മുന്നോട്ടു വെക്കുകയാണ് കേരളത്തിലെ ജൂതപ്പാട്ടുകളുടെ സമാഹരണത്തിലൂടെയും വിശകലനത്തിലൂടെയും ഡോ.സ്കറിയാ സക്കറിയ കാർകുഴലി എന്ന പുസ്തകത്തിലൂടെ ചെയ്യുന്നത്.

കേരളീയ ജൂതസ്ത്രീകൾ പാടിയിരുന്ന പെൺപാട്ടുകളിൽ നിന്ന് തിരഞ്ഞെടുത്ത അമ്പത്തൊന്ന് പാട്ടുകളെ അക്കാദമികമായ ശ്രദ്ധയോടെയും നിഷ്ഠയോടെയും സമാഹരിക്കാനുള്ള ശ്രമമാണ് ഡോ.സ്കറിയാ സക്കറിയ ഇവിടെ നടത്തിയിരിക്കുന്നത്. ജൂതരുടെ ചരിത്രവും വിജ്ഞാനവും മിത്തുകളും വംശീയമായ സ്വത്വബോധവും

നിറഞ്ഞ ജൂതപ്പാട്ടുകളിൽ നിന്ന് തിരഞ്ഞെടുത്ത പാട്ടുകളാണ് ഇതിൽ ഉൾപ്പടുത്തിയിരിക്കുന്നത്. ക്രിസ്തുവിന് മുമ്പ് തന്നെ കേരളത്തിൽ കുടിയേറിയ ജൂതർക്ക് യാതനാപൂർണ്ണമായ പ്രവാസ ജീവിതത്തിന്റെ ദീർഘമായ അനുഭവ സ്മരണകളുണ്ട്. രണ്ടായിരം വർഷത്തെ പ്രവാസജീവിതം നയിച്ചതായി കേരളത്തിലെ ജൂതർ സ്വയം കരുതുന്നു. അവരുടെ പാട്ടുകളിൽ അതിന്റെ അടയാളങ്ങൾ കടന്നു വരുന്നുണ്ട്. പ്രവാസി ബോധവും പ്രയാണ ബിംബവും ജൂതത്തനിമയുടെ മുദ്രകളായി സ്കറിയാ സക്കറിയ നീരീക്ഷിക്കുന്നുണ്ട്. ജറുസലമിൽ ഒത്തുകൂടുക എന്നത് അവരുടെ മഹാസ്വപ്നമായിരുന്നു. (ആമുഖം, P. 19) കേരളീയ ജൂതരുടെ ഉല്പത്തി, ഗോത്രം, ജൂതത്തം, പുരാണം, ശരീര ബോധം, പെണ്മ തുടങ്ങി ജൂതപെൺ പാട്ടുകളുടെ വ്യാവഹാരികലോകം വിപുലമാണ്. ബൈബിളും ജൂതപുരാണവും കൂടിക്കലർന്ന പാട്ടുകൾക്കൊപ്പം വാഗ്ദത്ത രാജ്യത്തിന്റെ സ്മൃതികൾ സൂക്ഷിക്കുന്ന സയണിസ്റ്റ് ആശയങ്ങൾ പ്രകടമായ പാട്ടുകളും ഉണ്ട്. എന്നാൽ അത്തരം ഗാനങ്ങളെ ഈ സമാഹാരത്തിൽ നിന്നും സമ്പാദകൻ ഒഴിച്ചു നിർത്തിയിട്ടുണ്ട്. സാമുദായികവും സാംസ്കാരിക വുമായ ജീവിതത്തോടൊപ്പം തദ്ദേശീയ സംസ്കൃതിയും പ്രതിഫലിക്കുന്ന പാട്ടുകളാണ് ജൂതസ്ത്രീകളുടെ പെൺ പാട്ടുകൾ.

ഒരു പുസ്തകം എന്ന നിലയിൽ മലയാളത്തിലെ പുസ്തക പ്രസാധന ചരിത്രത്തിൽ തന്നെ കാർകുഴലി വേറിട്ടു നിൽക്കുന്നു. വൈജ്ഞാനികമായി അതിന്റെ നിലയാണ് ആദ്യം സൂചിപ്പിക്കേണ്ടത്. സ്കറിയ സക്കറിയയാണ് പുസ്തകത്തിന്റെ എഡിറ്റർ എങ്കിലും പുസ്തകം രൂപപ്പെട്ട വഴികളെക്കുറിച്ച് ദീർഘമായി തന്നെ ആമുഖത്തിൽ അദ്ദേഹം പറയുന്നുണ്ട്. മലയാളം, ഹീബ്രു, ഇംഗ്ലീഷ്, ജർമ്മൻ ഭാഷകളിലുള്ള പരസ്പര സഞ്ചാരം മാത്രമല്ല വലിയ തോതിലുള്ള വൈജ്ഞാനിക സഹവർത്തിത്വവും അതിന്റെ പിന്നിലുണ്ട്. ഡേവിഡ് ഷൂൾമാൻ, ഒഫീറ ഗംലിയേൽ, ബാർബറാ ജോൺസൻ, മാർസിയ വാലർസ്റ്റീൻ തുടങ്ങി അക്കാദമിക പണ്ഡിതരും ഗവേഷകരും മുതൽ പാട്ട് വാമൊഴിയായി സൂക്ഷിച്ച സ്ത്രീകൾവരെയുള്ള വിപുലമായ വൈജ്ഞാനിക വഴികൾ പുസ്തകത്തിന് പിറകിലുണ്ട്.

അതുവരെ കേരളത്തിന്റെ നിത്യജീവിതത്തിൽ വിലയിച്ചു നിന്ന ഒരു ജനത 1948–ൽ ഇസ്രയേൽ രാഷ്ട്രം സ്ഥാപിതമാകുന്നതോടെ അവർ അടക്കം ചെയ്തു സൂക്ഷിച്ചിരുന്ന വംശസ്മൃതിയിലേക്കും വാഗ്ദത്ത രാജ്യത്തിലേക്കും മടങ്ങുന്നു. അവർ പാടിയിരുന്നതും നോട്ട് ബുക്കിൽ എഴുതി സൂക്ഷിച്ചിരുന്നതുമായ പാട്ടുകൾ പിന്തുടർന്ന് ഒരു സാംസ്കാരിക ചരിത്രം രചിക്കാനാകുമോ, അതിന്റെ സാധ്യതകൾ എന്ത് എന്ന ആലോചനകളാണ് ഇത്തരം സമാഹരണ/ വിശകലന ശ്രമങ്ങൾക്ക് പിന്നിലുള്ളത്. കേരളചരിത്രത്തിൽ പല കാലങ്ങളിൽ പുറത്തു നിന്നു കടന്നുവന്ന സമൂഹങ്ങൾ സൃഷ്ടിച്ച സാംസ്കാരിക കലർപ്പുകൾ ചരിത്രത്തിൽ വിലയം പ്രാപിച്ചു പോയെങ്കിൽ കേരളീയ ജീവിതത്തോട് ഇണങ്ങി നിന്നപ്പോഴും സവിശേഷമായ സ്വത്വബോധം ഉള്ളിൽ സൂക്ഷിച്ചിരുന്ന സമൂഹമായാണ് ജൂതർ നിലകൊണ്ടത്. 1948–ൽ ഇസ്രയേൽ രൂപീകരിക്കപ്പെട്ടതോടെ ജൂതരുടെ തിരിച്ചു പോക്ക് സംഭവിക്കുന്നു. വൈലോപ്പിള്ളി ഈ മടക്കത്തെ ഒരു കവിതയിൽ (കേരളത്തിലെ യഹൂദർ ഇസ്രയേലിലേക്ക്) ആവിഷ്ക്കരിക്കുന്നുണ്ട്).

ജൂതപ്പാട്ടുകളുടെ പഠനം ഹീബ്രു സർവ്വകലാശാലയിലും അന്താരാഷ്ട്ര തലത്തിൽ തന്നെയും ഇന്ന് സജീവമാണ്. മലയാളത്തിലെ അക്കാദമികലോകത്തിന് പരിചിതയായ ഒഫീറ ഗംലിയേലാണ് ജൂതപ്പാട്ടുകളുടെ സമാഹരണത്തിലും പഠനത്തിലും പുതിയ വഴി തുറന്നത്. ബാർബറാ ജോൺസൺ, വാലർ സ്റ്റൈൻ തുടങ്ങിയ തന്റെ മുൻഗാമികളിൽ നിന്നും സമകാല സംസ്ക്കാരപഠനത്തിൻ്റെ ദിശയിലേക്ക് ജൂതപ്പാട്ടുകളെ കുറിച്ചുള്ള പഠനത്തെ നയിച്ചത് അവരുടെ ഗവേഷണമാണ്. (സ്കറിയാ സക്കറിയാ, ആമുഖം P.29) ഇന്ന് അന്താരാഷ്ട്ര തലത്തിൽ നടക്കുന്ന ജൂതപ്പാട്ടുകളുടെ പഠനങ്ങളിൽ മലയാളം ജൂതപ്പാട്ടുകളുടെ പഠനം കേരളത്തിന്റെ ചരിത്ര/ സംസ്കാരപഠനങ്ങളിൽ പുതിയ വഴികൾ തുറക്കുന്ന ഒന്നായിരിക്കും. വൈജ്ഞാനികമായ സഹവർത്തിത്വം ഇത്തരം സമീപനത്തിൽ അനിവാര്യമായ ഒന്നാണ്. ഡോ. സ്കറിയാ സക്കറിയ അത്തരമൊരു മാതൃകയാണ് ഈ പുസ്തകത്തിലൂടെ മുന്നോട്ട് വെക്കുന്നത്.

കേരളീയജൂതരെ കുറിച്ച് മലയാളത്തിലെ ചരിത്രാഖ്യാനങ്ങൾ പൊളിച്ചെഴുതാനുള്ള വിവരങ്ങൾ ഇത്തരം പാട്ടുകളുടെ പഠനത്തിലൂടെ സാധ്യമാകും. അത് ശ്രമകരമായ ഒരു ദൗത്യമായിരിക്കുമെന്ന് ആമുഖപഠനത്തിൽ സ്കറിയാ സക്കറിയ സൂചിപ്പിക്കുന്നുണ്ട്. കാരണം പാട്ടുകളുടെ പാഠാപഗ്രഥനത്തിന് ഭാഷാശാസ്ത്രം, സമകാലീന സംസ്കാരപഠനം ,ഫോക് പാരമ്പര്യത്തെ വായിച്ചെടുക്കാനുതകുന്ന പരിശീലനം, അന്താരാഷ്ട്ര തലത്തിൽ ജൂതപ്പാട്ടുകളെ മുൻനിർത്തിയുള്ള പഠനങ്ങളുടെ അഭിമുഖീകരണം ഇതൊക്കെ അനിവാര്യമാണ്. പാട്ടുകളുടെ സങ്കീർണമായ ഘടനയെ, അതിലെ മതവിജ്ഞാന പാരമ്പര്യത്തെ, തദ്ദേശീയമായ കൊടുക്കൽ വാങ്ങലുകളെ പുതിയ മട്ടിൽ അപഗ്രഥനത്തിന് വിധേയമാക്കുമ്പോൾ പുതിയ തുറവികൾ രൂപപ്പെടും എന്നത് നിസ്സംശയമാണ്.

2005ൽ കാർകുഴലി (യെഫേഫിയ്യ) എന്ന പേരിൽ ജറുസലേമിലെ ബെൻസ്വി ഇൻസ്റ്റിറ്റ്യൂട്ട് ഹീബ്രു തർജമയോടെ പ്രസിദ്ധീകരിച്ചിരുന്ന ഈ പുസ്തകം ഇപ്പോൾ കേരളീയരായ വായനക്കാർക്കു വേണ്ടിയാണ് ഈ രൂപത്തിൽ പുറത്തിറക്കുന്നത്. ആമുഖത്തിൽ ഇക്കാര്യം പ്രസ്താവിക്കുന്നുണ്ട്. ഹീബ്രു ഭാഷയിൽ യെ ഫേഫിയ്യ (അതിസുന്ദരി) എന്ന വാക്കിന്റെ തർജമയായാണ് കാർകുഴലി എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. പുസ്തകത്തിന്റെ പേരു പോലെ തന്നെ മനോഹരമായ രൂപകല്പനയും എടുത്തു പറയേണ്ടതാണ്. ജർമ്മൻ ചിത്രകാരനായ റെയ്നർ സ്കോഡർ വരച്ച ചിത്രങ്ങൾ ഇതിന് മാറ്റ് കൂട്ടുന്നു. സ്കറിയാ സക്കറിയ തന്നെ നിർവ്വഹിച്ച ദീർഘമായ ആമുഖപഠനം, സൂചനകൾ, വ്യാഖ്യാനക്കുറിപ്പുകൾ, ഹീബ്രു പദകോശം, ഗ്രന്ഥസൂചി, പദസൂചി എന്നിവ പുസ്തകത്തെ കൂടുതൽ സമഗ്രമാക്കുന്നു.

**Review**

## ‘ഛപ്പർ’ നോവലിലെ ദളിത് ബോധം

Jayaprakash Kardam
Chappar
Radhakrishan Prakashan
New Delhi, 2017



## Ida Manuel



സാഹിത്യ രചനകളിൽ ജീവിതത്തിന്റെ തനതായ പ്രതിഫലനം സംഭവിക്കുന്നു. ദളിത് സാഹിത്യം വായനക്കാരനും ശ്രോതാവുമായി സംവദിക്കുന്നു. വളരെ ആഴത്തിൽ വായനക്കാരന്റെ ബോധത്തെയും ധാരണയെയും ബാധിക്കുന്ന സാഹിത്യമാണ് ദളിത് സാഹിത്യം. മനുഷ്യമനസ്സിന്റെ എല്ലാ അവസ്ഥകളും ഇതിൽ ദൃശ്യമാകുന്നു. കലയിൽ നിന്നോ സാഹിത്യ ത്തിൽ നിന്നോ സാമൂഹിക ഉത്തരവാദിത്തം ഉയർത്തുന്നതിലൂടെ സമൂഹത്തിന്റെ ഉയർച്ചയാണെന്ന് ദളിത് സാഹിത്യം അവകാശപ്പെ ടുന്നു. ഈ അർഥത്തിൽ ദളിത് സാഹിത്യം ശുദ്ധമായ ഒരു കലയല്ല, മറിച്ച് ഒരു സാമൂഹിക പ്രസ്ഥാനമാണ്.

ചരിത്രം പരിശോധിച്ചാൽ. രാജ്യത്തിന്റെയും സമൂഹത്തി ന്റെയും ശിഥിലീകരണത്തിൽ പ്രധാന പങ്ക് വഹിച്ച നിരവധി സംഭവങ്ങൾ നടന്നിട്ടുണ്ട്. പുറത്തുനിന്നുള്ള അധിനിവേശക്കാരു മായി രാജ്യത്തിന് കൂട്ടിമുട്ടേണ്ട ആവശ്യമുള്ളപ്പോഴെല്ലാം, ജാതി-ഭിന്നിച്ച സമൂഹത്തിന് ഒന്നിച്ച് ചേരാനാകാതെ നിരന്തരം തോൽവികൾ നേരിടേണ്ടി വരികയും ചെയ്തു. ഈ തോൽവി കളിൽ നിന്ന് ഉയർത്തെഴുന്നേൽക്കപ്പെട്ട ഒരു സാഹിത്യമാണ് ദളിത് സാഹിത്യം.

മർദ്ദിതന്റെ വിമോചനത്തിനായി ജീവിതം ഉഴിഞ്ഞുവെച്ച രാഷ്ട്രീയ നായകൻ, നിയമജ്ഞൻ, സാമ്പത്തിക വിദഗ്ധൻ, സാമൂ ഹിക പരിഷ്കർത്താവ് എല്ലാറ്റിനും അപ്പുറത്ത് ജാതിവിരുദ്ധ പോരാട്ടത്തിനും ദലിത് രാഷ്ട്രീയത്തിനും സൈദ്ധാന്തിക അടിത്തറ യൊരുക്കിയ ചിന്തകൻ എന്നീ നിലകളിൽ പ്രശസ്തനായ ബാബാ സാഹെബ് ബീംറാവു അംബേദ്കറെന്ന ഇതിഹാസത്തിന്റെ

പഠിക്കുക, പോരാടുക, സംഘടിക്കുക എന്നീ മുദ്രാവാക്യങ്ങളെ മുൻനിർത്തി രചിക്കപ്പെട്ട ഹിന്ദി ദലിത് സാഹിത്യത്തിൽ വളരെയധികം പ്രശസ്തി നേടിയ ആദ്യത്തെ ക്ലാസിക്കൽ നോവലാണ് ഛപ്പർ. സാമൂഹ്യഘടനയുടെ പരിധിയിൽ നിന്നുകൊണ്ട് സമൂഹത്തെ തുറന്നു കാട്ടുക മാത്രമല്ല, അതിൽ മറഞ്ഞിരിക്കുന്ന അപാകതകൾ ചൂണ്ടിക്കാട്ടി പരിഷ്കരിക്കാനും ശ്രമിച്ച് ഇന്നത്തെ വിപ്ലവകരമായ മുന്നേറ്റത്തിലെത്തിയ സമകാലിക ദളിത് സാഹിത്യത്തിന്റെ ഒരു പ്രതിനിധി രേഖയാണ് ഈ നോവൽ. ദളിത് സമൂഹത്തെ ഉണർത്തുകയാണ് നോവലിന്റെ ലക്ഷ്യം.

ഡോ. ജയപ്രകാശ് കർദം ഹിന്ദി ദളിത് സാഹിത്യലോകത്തെ മികച്ച സാഹിത്യചിന്തകനാണ്. ചെറുപ്പകാലത്ത് ഒരു കുടുംബത്തെ വളർത്താനുള്ള ഒരു വലിയ ഉത്തരവാദിത്തം തനിക്കുണ്ടായിരുന്നു. കോളേജിൽ പോകാതെ ഒരു ദിവസം അഞ്ച് രൂപയ്ക്ക് ജോലിക്ക് പോകുമായിരുന്നു. മടങ്ങിവന്നതിനുശേഷം രാത്രിയിൽ സഹപ്രവർത്തകരോട് ചോദിച്ച് പഠിക്കും. വേതനം ലഭ്യമല്ലാത്തപ്പോൾ സ്കൂളിൽ പോകും. ധാരാളം ചെറിയ ജോലികൾ ചെയ്തു വളരെ പ്രയാസകരമായി ആ കാലഘട്ടം തള്ളിനീക്കി. ഈ പോരാട്ടം തന്നെയാണ് ഛപ്പർ എന്ന നോവലിൽ കാണുന്നത്.

ജീവിതത്തിലും സമൂഹത്തിലും നിലനിൽക്കുന്ന പൊരുത്തക്കേടുകൾക്കെതിരായ പോരാട്ടത്തിൽ വിജയിക്കാനുള്ള ഏറ്റവും മാരകവും ശക്തവുമായ ആയുധമാണ് വിദ്യാഭ്യാസം. ഈ ആയുധം നൂറ്റാണ്ടുകളായി സമൂഹത്തിന്റെ ദുരിതവും പിന്നോക്കാവസ്ഥയും മാറ്റുവാൻ എങ്ങനെ ഉപയോഗിക്കുന്നു എന്ന് ഛപ്പർ എന്ന നോവലിലൂടെ പറയാൻ ശ്രമിക്കുന്നു.

നോവലിന്റെ നായക കഥാപാത്രമായ ചന്ദ്രന്റെയും കുടുംബത്തിന്റെയും കഥ സമൂഹത്തിലെ ഏറ്റവും പിന്നോക്ക വിഭാഗത്തിന്റേതാണ്. ഉത്തർപ്രദേശിലെ മാതാപൂർ എന്ന ചെറിയ ഗ്രാമത്തിന്റെ പശ്ചാത്തലത്തിൽ എഴുതിയ ഈ നോവലിന്റെ നായകനായ ചന്ദൻ ഗ്രാമത്തിൽ നിന്ന് പഠനത്തിനായി നഗരത്തിലേക്ക് പോകുന്നു. അവൻ ഒരു മികച്ച ഉദ്യോഗസ്ഥനാകണമെന്ന് മാതാപിതാക്കൾ ആഗ്രഹിക്കുന്നു. നഗരത്തിലെത്തുമ്പോൾ ചന്ദൻ നഗരത്തിന്റെ സത്യം മനസ്സിലാക്കുന്നു. നൂറ്റാണ്ടുകളായി അജ്ഞതയുടെയും പിന്നോക്കാവസ്ഥയുടെയും ഇരുളിൽ കഴിയുന്ന ദളിത് സമൂഹത്തെ ഉണർത്തുകയാണ് ചന്ദന്റെ ലക്ഷ്യം. അവൻ കോളേജിൽ പഠിക്കുമ്പോഴും ഒരു സ്കൂൾ നടത്തുകയും ചെറിയ കുട്ടികളെ

പഠിപ്പിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസം നൽകുന്ന സമൂഹത്തിന്റെ ഉന്നമനത്തിനും വികാസത്തിനും ഒരു സാംസ്കാരിക വിപ്ലവം അനിവാര്യമാണ്. ഈ അറിവ് അവൻ ദളിത് സമൂഹത്തിന്റെ ഉയർച്ചക്കായി ഉപയോഗിക്കുന്നു. ഈ രചനയിലൂടെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം അടിവരയിടാൻ നോവലിസ്റ്റ് ശ്രമിക്കുന്നു.

ഗ്രാമത്തിലെ ബ്രാഹ്മണരും ഉന്നത കുലരും പുരോഹിതന്മാരും ഛപ്പർ എന്ന നോവലിൽ പ്രമുഖരാണ്. ബ്രാഹ്മണരുടെ ഗൂഢാലോചനകളുടെ ഇരയാണ് സുഖയുടെ കുടുംബം. ജീവിതകാലം മുഴുവൻ അവരുടെ ഗൂഢാലോചനകൾ സഹിക്കുന്നു. വളരെ അപമാനകരമായ സാഹചര്യത്തിലാണ് സുഖയും ഭാര്യ രമ്യയും ജീവിതം നയിക്കുന്നത്. ഒരു ചെറിയ സ്ഥലവും എരുമയും കൂടാതെ, സുഖയ്ക്ക് ഒന്നുമില്ല, അവന്റെ സമ്പത്ത് ചന്ദനാണ്. മകൻ ചന്ദൻ നഗരത്തിൽ പഠിക്കാൻ പോകുമ്പോൾ ഗ്രാമത്തിലെ ഉയർന്ന ജാതിക്കാർ അദ്ദേഹത്തെ എതിർക്കുന്നു. അവനെ തിരികെ പഞ്ചായത്തിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുന്നു. എന്നാൽ സുഖ സമ്മതിക്കുന്നില്ല. കാരണം ''ഒരു ദിവസം, നിങ്ങളുടെ കുട്ടികൾ നിങ്ങളോട് ചോദിക്കും, നിങ്ങൾ ഞങ്ങളെ എന്തിനാണ് സൃഷ്ടിച്ചത് – നിങ്ങൾക്ക് യുദ്ധം ചെയ്യാൻ കഴിയുന്നില്ലെങ്കിൽ, നിങ്ങളുടെ അവകാശങ്ങൾക്കായി പോരാടാൻ കഴിയുന്നില്ലെങ്കിൽ. . . . ''

ഒരു സമൂഹത്തെയും സംസ്കാരത്തെയും മാറ്റുന്നതിൽ വിദ്യാഭ്യാസത്തിന്റെ ഉത്തരവാദിത്തമെന്തെന്ന് കാണിക്കുന്നതിന് ഉന്നത കുലീനയായ, താക്കൂറിന്റെ മകളായ നോവലിലെ ഊർജ്ജസ്വലയായ കഥാപാത്രമായ രജനിയെ രചയിതാവ് അവതരിപ്പിച്ചിരിക്കുന്നു. അവൾ ചൂഷണത്തിനും വംശീയതയ്ക്കും എതിരെ പോരാടുന്നതിൽ പ്രതിജ്ഞാബദ്ധയാണ്. നോവലിൽ ഉടനീളം അവൾ നീതിക്കായി പോരാടുന്നു. ഗ്രാമീൺ–റാംപാരി, ചന്ദൻ–രജനി–കമൽ, രാംഹേത്–നന്ദലാൽ–രത്തൻ, താക്കു ഹർനം സിംഗ്–കാന, പണ്ഡിറ്റ് സേത്ത് ദുർഗദാസ് തുടങ്ങിയവർ ദലിത്, ഉയർന്ന ജാതി സമൂഹത്തിൽ പെട്ടവരാണെങ്കിലും സാമൂഹിക മാറ്റം അംഗീകരിക്കുന്നു. രജനി പറയുന്നു – ഭരണഘടനയനുസരിച്ച് രാജ്യത്തെ ഓരോ പൗരനും അന്തസ്സോടെയും ആത്മാഭിമാനത്തോടെയും ജീവിക്കാൻ അവകാശമുണ്ട്. വായിക്കാനും എഴുതാനും ചന്ദന് ആഗ്രഹമുണ്ടെങ്കിൽ അത് അദ്ദേഹത്തിന്റെ ഭരണഘടനാപരമായ അവകാശമാണ്, ആരെങ്കിലും

ഇതിനെ എതിർക്കുന്നത് എന്തുകൊണ്ട്? ഗ്രാമം മുഴുവൻ ഇക്കാര്യത്തിൽ അഭിമാനിക്കണം. വയറു മുറിച്ച് മകനെ പഠിക്കാൻ സുഖ ആഗ്രഹിക്കുന്നുവെങ്കിൽ, അവനെ അങ്ങനെ ചെയ്യുന്നതിൽ നിന്ന് തടയുന്നതെന്തിന്?. മറ്റ് ആളുകളും തങ്ങളുടെ കുട്ടികളെ സുഖയെപ്പോലെ കഴിവുള്ളവരാക്കുന്നതിൽ ശ്രദ്ധിക്കുന്നില്ലെങ്കിൽ, രാജ്യമോ സമൂഹമോ ഉയരുകയില്ല. ആധുനിക സ്ത്രീയിലും സ്വതന്ത്ര ഇന്ത്യയുടെ ഭരണഘടനയിലും പ്രതീക്ഷിച്ച സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, മതേതരത്വം സവർണ സമൂഹത്തിലെ രജനികളിലൂടെ വ്യക്തമാണ്.

രജനിയുടെ പ്രണയവുമായി ബന്ധപ്പെട്ട സാമൂഹിക ബാധ്യതകൾ ചന്ദനെ സ്വാധീനിക്കുന്നില്ല. ഇവരുടെ ചർച്ചകളിൽ സാമൂഹിക വ്യവസ്ഥയുടെ തിരുത്തലിന് ആവശ്യമായ സാമൂഹിക വിപ്ലവത്തിന് ഊന്നൽ നല്കിയിട്ടുണ്ട്.

ദളിതർ എന്നും അതിക്രമങ്ങൾ, ചൂഷണം, ബലാത്സംഗം, വിവേചനം തുടങ്ങിയവ അനുഭവിക്കേണ്ടിവന്നു. അവരോടുള്ള ഉടമയുടെ പെരുമാറ്റം എല്ലായ്പ്പോഴും മൃഗങ്ങളെക്കാൾ മനുഷ്യത്വരഹിതമായിരുന്നു. പെൺമക്കളെ ഭൂവുടമകളും ഗുണ്ടകളും കൂട്ടബലാത്സംഗം ചെയ്യുന്നതിന്റെ ചിത്രീകരണവും നോവലിൽ ഉണ്ട്. 'ഹരിയ'യുടെയും മകൾ കമലയുടെയും സംഭവം ഇത് സൂചിപ്പിക്കുന്നു.

ദളിതർ പഠിക്കരുതെന്നതാണ് സവർണരുടെ മാനസികാവസ്ഥ. ചന്ദൻ ഇത് വിശദീകരിക്കുന്നു – അവർ ബംഗ്ലാവുകളിൽ താമസിക്കുന്നവരും, കാറുകളിൽ സഞ്ചരിക്കുന്നവരുമാണ്. നിങ്ങളുടെ കഠിനാധ്വാനത്തിന് പകരമായി നിങ്ങൾക്ക് ന്യായമായ വേതനം പോലും നൽകാത്തവർ. ദലിത് സമൂഹത്തിലെ ആളുകൾ വായിക്കുകയും ഉയർന്ന പദവികളിലെത്താൻ തുടങ്ങുകയും ചെയ്യുമെന്ന് താക്കൂർ സാഹിബ് വിശ്വസിക്കുന്നു. താക്കൂർ ഹർനം സിംഗ് തന്റെ മകൾ രജനിക്ക് വിശദീകരിക്കുന്നത് – 'ഈ ആളുകൾ ആത്മാഭിമാനം ഉള്ള ജീവിതം നയിക്കാൻ തുടങ്ങിയാൽ, നമ്മുടെ പ്രാധാന്യം എന്തായിരിക്കും?' ചരിത്രവും പാരമ്പര്യവും സമൂഹത്തിൽ നമ്മെ സ്വാധീനിച്ചു. ഞങ്ങളുടെ ഐഡന്റിറ്റി ഇതിൽ ഉണ്ട്. സ്വത്വമില്ലാതെ മനുഷ്യന് ജീവിക്കാൻ കഴിയില്ല. എല്ലാ കൂലിവേലക്കാരും വായിക്കാനും എഴുതാനും തുടങ്ങിയാൽ, എല്ലാവരും പുറത്തുപോയി ജോലി ചെയ്യാൻ തുടങ്ങിയാൽ, നാളെ

നമ്മുടെ വയലുകളിലും വീടുകളിലും ആരാണ് പ്രവൃത്തിക്കുക? . . . . . – പഞ്ചായത്തിന്റെ മാനസികാവസ്ഥ ഇതാണ്.

സുപ്രധാന മാറ്റങ്ങൾ കൈവന്നിട്ടും, സാമൂഹിക, സാഹിത്യരംഗത്തെ മാറ്റങ്ങളുടെ പ്രക്രിയയ്ക്ക് ഇപ്പോഴും അതിന്റെ പൂർണ്ണരൂപത്തിൽ എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല. എങ്കിലും പതുക്കെ പതുക്കെ ജനനത്തിന്റെ അടിസ്ഥാനത്തിൽ ഒരു വ്യക്തിയെ ശ്രേഷ്ഠനോ താഴ്ന്നവനോ ആയി കണക്കാക്കുന്ന രീതി അപ്രത്യ ക്ഷമാകുന്നതായി മനസ്സിലാക്കാം. ചന്ദന്റെ നേതൃത്വത്തിൽ സമൂഹം ഒരു മാറ്റത്തിലേക്ക് നീങ്ങുന്നു. പ്രതികരണങ്ങൾ വ്യാപിക്കുന്നു. സുഖയെ ബഹിഷ്കരിക്കാൻ പഞ്ചായത്ത് തീരുമാനിക്കുന്നു. പു ണ്യം, യോഗ്യത തുടങ്ങിയവയാണ് ഒരു വ്യക്തിയെ ശ്രേഷ്ഠനോ താഴ്ന്നവനോ ആക്കുന്നമാനദണ്ഡങ്ങൾ. ഈ സന്ദേശം ഛപ്പർ നോവലിലൂടെ അവതരിപ്പിച്ചിരിക്കുന്നു.

## Note on Contributors


- V. Muzafer Ahamed
  Mehfil
  Venus Road
  Perinthalmanna
  Malappuram

- Dr. Sanil M Neelakandan
  Assistant Professor
  Department of law
  SRM University
  Sonepat
  Hariyana

- Sreejith E
  Assistant Professor
  Department of History
  Govt. College, Koyilandy

- Dr. S. Gopu
  Assistant Professor
  Department of Malayalam
  Govt.college, Nilambur

- Dr. Shibu B.
  Assistant Professor
  Department of English
  NMSM Govt. College
  Kalpetta

- Dr. Sunil V.V.
  HSST- Malayalam
  GHSS, Villadam
  Thrissur

- Smrithi M Venugopal
  Research Scholar
  Post Graduate and Research Department of English
  St. Joseph's College, Devagiri
  Kozhikode

- Dr. Sheron K P R
  Sreelakam
  Devathiyal
  Puthoor Pallikkal
  Malappuram

- Rafiq Ibrahim
  Research Scholar
  Department of Malayalam
  Sree Sankaracharya University of Sanskrit
  Kalady

- Ragi K R
  Assistant Professor
  Department of English
  Govt. Arts & Science College
  Kozhikode

- Tholil Suresh
  Pariyapuram
  Thanur
  Malappuram

- Ravi K. P.
  Associate Professor
  Department of Malayalam
  Govt. Arts & Science College
  Kozhikode

- Beena K
  Assistant Professor
  Department of Malayalam
  SNGS College, Pattambi

- Dr. Sobhitha Joy
  Assistant Professor
  Little flower College
  Guruvayur

- Nimmi A. P.
  Assistant Professor
  Department of Malayalam
  Govt. Arts & Science College
  Kozhikode.

- Dr. Abdu Sammed K. T.
  Koonari Thoombath
  Olakara
  Malappuram

- Deepa C. K.
  Research Scholar
  Department of Malayalam
  Maharajas College
  Ernakulam

- Dr. Stalin Das Padinhare Purakkal
  Assistant Professor
  Department of Malayalam
  Govt. Arts & Science College
  Kozhikode.

- Dr. Sajeev P. V.
  Assistant Professor
  Department of Malayalam
  Govt. Arts & Science College
  Kozhikode

- Dr. Ida Manuel
  Assistant Professor
  Department of Hindi
  Govt. Arts & Science college
  Kozhikode